കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# ഇൻഡ്യൻ പിൻതുടർച്ച ആക്റ്റ്, 1925

(1925-ലെ 39-ാം നമ്പർ ആക്റ്റ്)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.

1977

വില:

# ഇൻഡ്യൻ പിൻതുടർച്ച ആക്റ്റ്, 1925

(1925-ലെ 39)

## വകുപ്പുകളുടെ വിന്യാസം


വകുപ്പുകൾ

ഭാഗം I

പ്രാരംഭികം

1 ചുരുക്കപ്പേര്.
2 നിർവ്വചനങ്ങൾ.
3 സ്റ്റേററിലെ ഏതെങ്കിലും വംശത്തേയോ മതവിഭാഗത്തേയോ ഗോത്ര വർഗ്ഗത്തേയോ ആക്റ്ററിന്റെ പ്രവർത്തനത്തിൽ നിന്ന് ഒഴിവാക്കുവാൻ സ്റ്റേററ് ഗവൺമെൻറിനുള്ള അധികാരം.

ഭാഗം II

അധിവാസത്തെക്കുറിച്ച്

4 ഭാഗത്തിന്റെ ബാധകത.
5 മരിച്ചുപോയ ആളുടെ, യഥാക്രമം സ്ഥാവര വസ്തുവിനും ജംഗമ വസ്തുവിനും ഉള്ള പിൻതുടർച്ച ക്രമപ്പെടുത്തുന്ന നിയമം.
6 ഒററ അധിവാസം മാത്രമേ ജംഗമവസ്തുവിനുള്ള പിൻതുടർച്ചയെ ബാധിക്കുന്നുള്ളുവെന്ന്.
7 നിയമാനുസൃത വേഴ്ചയിൽ ജനിച്ച ആളുടെ മൂലാധിവാസം.
8 നിയമവിരുദ്ധ വേഴ്ചയിലുണ്ടായ കുട്ടിയുടെ മൂലാധിവാസം.
9 മൂലാധിവാസം തുടരുന്നത്.
10 പുതിയ അധിവാസം ആർജ്ജിക്കുന്നത്.
11 ഇൻഡ്യയിൽ അധിവാസം ആർജ്ജിക്കുവാനുള്ള പ്രത്യേക സമ്പ്രദായം.
12 വിദേശ ഗവൺമെൻറിന്റെ പ്രതിനിധിയായോ അയാളുടെ കുടുംബത്തിലെ അംഗമായോ ഉള്ള താമസത്താൽ അധിവാസം ആർജ്ജിക്കപ്പെടുന്നില്ലെന്ന്.
13 പുതിയ അധിവാസം തുടരുന്നത്.
14 മൈനറുടെ അധിവാസം.
15 വിവാഹത്തോടെ സ്ത്രീ ആർജ്ജിക്കുന്ന അധിവാസം.
16 വിവാഹം നിലവിലുള്ളപ്പോൾ ഭാര്യയുടെ അധിവാസം.
17 മൈനർ പുതിയ അധിവാസം ആർജ്ജിക്കുന്നത്.
18 ചിത്തഭ്രമമുള്ള ആൾ പുതിയ അധിവാസം ആർജ്ജിക്കുന്നത്.
19 മറെറാരിടത്ത് അധിവാസം തെളിയിക്കപ്പെടാത്തപ്പോൾ ഇൻഡ്യയിലെ ജംഗമ വസ്തുവിനുള്ള പിൻതുടർച്ച.

## ഭാഗം III

### വിവാഹം

20 അവകാശങ്ങളും അധികാരവും വിവാഹം വഴി ആർജ്ജിക്കപ്പെടുകയോ നഷ്ടപ്പെടുകയോ ചെയ്യുന്നതല്ലെന്ന്.
21 ഇൻഡ്യയിൽ അധിവാസമുള്ള ആളും അധിവാസമില്ലാത്ത ആളും തമ്മിലുള്ള വിവാഹത്തിന്റെ പ്രഭാവം.
22 വിവാഹം വിഭാവനം ചെയ്തുകൊണ്ടുള്ള മൈനറുടെ വസ്തു സംബന്ധിച്ച ധനനിശ്ചയം.

## ഭാഗം IV

### രക്തബന്ധത്തെക്കുറിച്ച്

23 ഭാഗത്തിന്റെ ബാധകത.
24 കുലബന്ധം അല്ലെങ്കിൽ രക്തബന്ധം.
25 പരമ്പരാ രക്തബന്ധം.
26 പാർശ്വിക രക്തബന്ധം.
27 പിൻതുടർച്ചയുടെ ആവശ്യത്തിന് മരിച്ചുപോയ ആളുമായി സദൃശ നിലയിൽ ചാർച്ചക്കാരായി വിചാരിക്കപ്പെടുന്നവർ.
28 കുലബന്ധത്തിന്റെ ഡിഗ്രികൾ കണക്കുകൂട്ടുന്ന സമ്പ്രദായം.

## ഭാഗം V

### മരണശാസനം കൂടാതെയുള്ള പിൻതുടർച്ച

#### അദ്ധ്യായം I

#### പ്രാരംഭികം

29 ഭാഗത്തിന്റെ ബാധകത.
30 ഏത് വസ്തു സംബന്ധിച്ചാണ് മരിച്ചുപോയ ആൾ മരണശാസനം കൂടാതെ മരിച്ചതായി പരിഗണിക്കപ്പെടുന്നതെന്ന്.

#### അദ്ധ്യായം II

#### പാഴ്സികളല്ലാത്ത ആളുകൾ മരണശാസനം കൂടാതെ മരിക്കുന്നവരുടെ സംഗതികളിലെ ചട്ടങ്ങൾ

31 ഈ അദ്ധ്യായം പാഴ്സികൾക്ക് ബാധകമല്ലെന്ന്.
32 അങ്ങനെയുള്ള വസ്തുവിന്റെ സംക്രമണം.
33 മരണശാസനം കൂടാതെ മരിച്ചയാൾക്ക് വിധവയും അവരോഹണ പരമ്പരയിലെ സന്തതികളും ഉണ്ടായിരിക്കുകയോ, അല്ലെങ്കിൽ വിധവയും കുലബന്ധമുള്ളവരും മാത്രം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ, വിധവ ഉണ്ടായിരിക്കുകയും കുലബന്ധമുള്ളവർ ഇല്ലാതിരിക്കുകയും ചെയ്യുകയോ, ചെയ്യുന്നിടത്ത്.

വകുപ്പുകൾ

33 ക മരണശാസനം കൂടാതെ മരിച്ച ആൾക്ക് വിധവയുണ്ടായിരിക്കുകയും എന്നാൽ അവരോഹണ പരമ്പരയിലെ സന്തതികൾ ഇല്ലാതിരിക്കുകയും ചെയ്യുന്നിടത്തെ പ്രത്യേക വ്യവസ്ഥ.

34 മരണശാസനം കൂടാതെ മരിച്ച ആൾക്ക് വിധവ ഇല്ലാത്തിടത്തും കുലബന്ധമുള്ളവർ ഇല്ലാത്തിടത്തും.

35 മൃതഭാര്യന്റെ അവകാശങ്ങൾ.

36 വീതിക്കലിനുള്ള ചട്ടങ്ങൾ.

37 മരണശാസനം കൂടാതെ മരിച്ചയാൾക്ക്, കുട്ടിയോ കുട്ടികളോ മാത്രം ഉള്ളിടത്ത്.

38 മരണശാസനം കൂടാതെ മരിച്ച ആൾക്ക് കുട്ടിയില്ലാതിരിക്കുകയും എന്നാൽ പേരക്കുട്ടിയോ പേരക്കുട്ടികളോ ഉണ്ടായിരിക്കുകയും ചെയ്യുന്നിടത്ത്.

39 മരണശാസനം കൂടാതെ മരിക്കുന്ന ആൾക്ക് പേരക്കുട്ടിയുടെ കുട്ടികൾ മാത്രമോ അല്ലെങ്കിൽ കൂടുതൽ അകന്ന സന്തതികൾ മാത്രമോ ഉള്ളിടത്ത്.

40 മരണശാസനം കൂടാതെ മരിച്ച ആൾക്ക് അവരോഹണ പരമ്പരയിലെ സന്തതികൾ ഉണ്ടായിരിക്കുകയും അവർ എല്ലാം അയാളുമായി ഒരേ ഡിഗ്രിയിൽ കുലബന്ധമുള്ളവരല്ലാതിരിക്കുകയും, കൂടുതൽ അകന്നവർ ആരിലൂടെയാണോ സന്തതികൾ ആയിരിക്കുന്നത്, അവർ മരിച്ചിരിക്കുകയും ചെയ്യുന്നിടത്ത്.

41 മരണശാസനം കൂടാതെ മരിച്ച ആൾക്ക് അവരോഹണ പരമ്പരയിലെ സന്തതികളില്ലെങ്കിൽ വീതിക്കലിനുള്ള ചട്ടങ്ങൾ.

42 മരണശാസനം കൂടാതെ മരിച്ച ആളുടെ പിതാവ് ജീവിച്ചിരിക്കുന്നിടത്ത്.

43 മരണശാസനം കൂടാതെ മരിച്ച ആളുടെ പിതാവ് മരിച്ചിരിക്കുകയും, എന്നാൽ അയാളുടെ മാതാവും സഹോദരൻമാരും സഹോദരികളും ജീവിച്ചിരിക്കുകയും ചെയ്യുന്നിടത്ത്.

44 മരണശാസനം കൂടാതെ മരിച്ച ആളുടെ പിതാവ് മരിച്ചിരിക്കുകയും, മാതാവും ഒരു സഹോദരനും അല്ലെങ്കിൽ ഒരു സഹോദരിയും മരിച്ചുപോയ ഏതെങ്കിലും സഹോദരന്റേയോ സഹോദരിയുടേയോ കുട്ടികളും ജീവിച്ചിരിക്കുകയും ചെയ്യുന്നിടത്ത്.

45 മരണശാസനം കൂടാതെ മരിച്ച ആളുടെ പിതാവ് മരിച്ചിരിക്കുകയും, മാതാവും മരിച്ചുപോയ ഏതെങ്കിലും സഹോദരന്റേയോ സഹോദരിയുടേയോ കുട്ടികളും ജീവിച്ചിരിക്കുകയും ചെയ്യുന്നിടത്ത്.

46 മരണശാസനം കൂടാതെ മരിച്ച ആളുടെ പിതാവ് മരിച്ചിരിക്കുകയും, എന്നാൽ മാതാവ് ജീവിച്ചിരിക്കുകയും സഹോദരനോ സഹോദരിയോ സഹോദരന്റേയോ സഹോദരിയുടേയോ പുത്രനോ പുത്രിയോ ഇല്ലാതിരിക്കുകയും ചെയ്യുന്നിടത്ത്.

47 മരണശാസനം കൂടാതെ മരിച്ച ആൾക്ക് അവരോഹണ പരമ്പരയിലെ സന്തതികളോ പിതാവോ മാതാവോ ഇല്ലാത്തിടത്ത്.

48 മരണശാസനം കൂടാതെ മരിച്ച ആൾക്ക് അവരോഹണപരമ്പരയിലെ സന്തതികളോ മാതാപിതാക്കൻമാരോ സഹോദരനോ സഹോദരിയോ ഇല്ലാത്തിടത്ത്.

49 കുട്ടികൾക്കുള്ള, ഓഹരി പ്രതീക്ഷിച്ചുള്ള മുൻകൂറുകൾ ഭാഗിക്കാനുള്ള മട്ടാകെ മുതലിൽ ഉൾപ്പെടുത്തുന്നതല്ലെന്ന്.

അദ്ധ്യായം III

## മരണശാസനം കൂടാതെ മരിച്ച പാർട്ടികൾക്കുള്ള പ്രത്യേക ചട്ടങ്ങൾ

വകുപ്പുകൾ
50 മരണശാസനം കൂടാതെയുള്ള പിൻതുടർച്ച സംബന്ധിച്ച സാമാന്യ തത്വങ്ങൾ.
51 മരണശാസനം കൂടാതെ മരിച്ച പുരുഷന്റെ വസ്തു അയാളുടെ വിധവയ്ക്കും കുട്ടികൾക്കും മാതാപിതാക്കൻമാർക്കും ഇടയിൽ വിഭജിക്കുന്നത്.
52 മരണശാസനം കൂടാതെ മരിച്ച സ്ത്രീയുടെ വസ്തു അവളുടെ മൃത ഭാര്യനും കുട്ടികൾക്കുമിടയിൽ വിഭജിക്കുന്നത്.
53 അവരോഹണ പരമ്പരയിലെ സന്തതികൾ ഉണ്ടായിരിക്കെ മരണശാസനം കൂടാതെ മരിച്ചയാൾക്ക് മുമ്പേ മരിച്ച കുട്ടിയുടെ ഓഹരി വിഭജിക്കുന്നത്.
54 മരണശാസനം കൂടാതെ മരിച്ച ആൾക്കു അവരോഹണ പരമ്പരയിലെ സന്തതികൾ ആരും ഇല്ലാതിരിക്കുകയും, എന്നാൽ വിധവയോ മൃതഭാര്യനോ അവരോഹണ പരമ്പരയിലെ ഏതെങ്കിലും സന്തതിയുടെ വിധവയോ ഉണ്ടായിരിക്കുകയും ചെയ്യുന്നിടത്ത് വസ്തു വിഭജിക്കുന്നത്.
55 മരണശാസനം കൂടാതെ മരിച്ചയാൾക്ക് അവരോഹണ പരമ്പരയിലെ സന്തതിയോ വിധവയോ മൃതഭാര്യനോ, അവരോഹണ പരമ്പരയിലെ ഏതെങ്കിലും സന്തതിയുടെ വിധവയോ ഇല്ലാതിരിക്കുന്നിടത്ത് വസ്തു വിഭജിക്കുന്നത്.
56 ഈ അദ്ധ്യായത്തിലെ മററ് വ്യവസ്ഥകൾക്ക് കീഴിൽ പിൻതുടർച്ച കിട്ടാൻ അവകാശപ്പെട്ട യാതൊരു ചാർച്ചക്കാരനും ഇല്ലാത്തിടത്ത് വസ്തു വിഭജിക്കുന്നത്.

ഭാഗം VI

## മരണശാസനപ്രകാരമുള്ള പിൻതുടർച്ച

അദ്ധ്യായം I

### അവതാരകം

57 ഹിന്ദുക്കൾ മുതലായവർചെയ്ത തരം മരണശാസനങ്ങൾക്ക്, ഈ ഭാഗത്തിലെ ചില വ്യവസ്ഥകളുടെ ബാധകത.
58 ഈ ഭാഗത്തിന്റെ സാമാന്യ ബാധകത.

അദ്ധ്യായം II

### മരണശാസനങ്ങളേയും കോഡിസിലുകളേയും കുറിച്ച്

59 മരണശാസനമുണ്ടാക്കാൻ സമർത്ഥതയുള്ള ആൾ.
60 മരണശാസനപ്രകാരമുള്ള രക്ഷാകർത്താവ്.
61 വഞ്ചനയോ ബലാൽക്കരണമോ കെഞ്ചി സൈ്വരംകെടുത്തലോവഴി നേടുന്ന മരണശാസനം.
62 മരണശാസനം പിൻവലിക്കുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യാമെന്ന്.

### അദ്ധ്യായം III

## പ്രത്യേകാവകാശപ്രകാരമുള്ളതല്ലാത്ത മരണശാസനങ്ങൾ ഒപ്പിട്ടു പൂർത്തീകരിക്കുന്നതിനെക്കുറിച്ച്

വകുപ്പുകൾ

63 പ്രത്യേകാവകാശപ്രകാരമുള്ളതല്ലാത്ത മരണശാസനങ്ങൾ ഒപ്പിട്ടു പൂർത്തീകരിക്കുന്നത്.

64 പരാമർശംവഴി രേഖകൾ ഭാഗമാക്കുന്നത്.

### അദ്ധ്യായം IV

## പ്രത്യേകാവകാശപ്രകാരമുള്ള മരണശാസനങ്ങളെക്കുറിച്ച്

65 പ്രത്യേകാവകാശപ്രകാരമുള്ള മരണശാസനങ്ങൾ

66 പ്രത്യേകാവകാശപ്രകാരമുള്ള മരണശാസനങ്ങൾ ഉണ്ടാക്കുന്ന സംപ്രദായവും ഒപ്പിട്ടു പൂർത്തീകരിക്കാനുള്ള ചട്ടങ്ങളും.

### അദ്ധ്യായം V

## മരണശാസനങ്ങളുടെ സാക്ഷ്യപ്പെടുത്തലിനേയും പിൻവലിക്കലിനേയും വ്യത്യാസപ്പെടുത്തലിനേയും പുനരുജ്ജീവിപ്പിക്കലിനേയുംകുറിച്ച്

67 സാക്ഷ്യപ്പെടുത്തുന്ന സാക്ഷികൾക്കുള്ള ദാനത്തിൻെറ പ്രഭാവം.

68 മരണശാസനത്തിൽ അവകാശമുണ്ടെന്നതിനാലോ അതിൻെറ എക്സിക്യൂട്ടറാണെന്നതിനാലോ സാക്ഷി അയോഗ്യനാകുന്നതല്ലെന്ന്.

69 മരണശാസനകർത്താവിൻെറ വിവാഹത്താൽ മരണശാസനം പിൻവലിക്കപ്പെടുന്നത്.

70 പ്രത്യേകാവകാശപ്രകാരമുള്ളതല്ലാത്ത മരണശാസനമോ കോഡിസിലോ പിൻവലിക്കുന്നത്.

71 പ്രത്യേകാവകാശപ്രകാരമുള്ളതല്ലാത്ത മരണശാസനത്തിലെ മായിച്ചുകളയലിൻേറയോ ഇടയ്ക്കു തിരുത്തി ചേർക്കലിൻേറയോ വ്യത്യാസപ്പെടുത്തലിൻേറയോ പ്രഭാവം.

72 പ്രത്യേകാവകാശപ്രകാരമുള്ള മരണശാസനമോ കോഡിസിലോ പിൻവലിക്കുന്നത്.

73 പ്രത്യേകാവകാശപ്രകാരമുള്ളതല്ലാത്ത മരണശാസനം പുനരുജ്ജീവിപ്പിക്കുന്നത്.

### അദ്ധ്യായം VI

## മരണശാസനങ്ങളുടെ അർത്ഥകല്പനത്തെക്കുറിച്ച്

74 മരണശാസനത്തിലെ വാക്പ്രയോഗം.

75 മരണശാസനത്തിന് പാത്രമായ ആളേയും അതിലെ വിഷയവസ്തുവും സംബന്ധിച്ച പ്രശ്നങ്ങൾ തീരുമാനിക്കാനുള്ള അന്വേഷണ വിചാരണകൾ.

76 പാത്രത്തെ തെററായി പേർ പറയുകയോ തെററായി വിവരിക്കുകയോ ചെയ്യുന്നത്.

വകുപ്പുകൾ

77 വാക്കുകൾ എപ്പോൾ കൂട്ടിച്ചേർക്കാമെന്ന്.
78 വിഷയവസ്തുവിന്റെ വിവരണത്തിലുള്ള പിശകായ വിവരങ്ങൾ തിരസ്ക്കരിക്കുന്നത്.
79 പിശക് എന്ന നിലയിൽ വിവരണത്തിന്റെ ഭാഗം എപ്പോൾ തിരസ്ക്കരിക്കപ്പെടാവുന്നതല്ലെന്ന്.
80 അന്തർലീനമായ സന്ദിഗ്ദ്ധാർത്ഥകതയുടെ സംഗതികളിൽ ബാഹ്യമായ തെളിവ് തെളിവിൽ സ്വീകാര്യമാണെന്ന്.
81 പ്രത്യക്ഷമായ സന്ദിഗ്ദ്ധാർത്ഥകതയോ ഊനതയോ ഉള്ള സംഗതിയിൽ ബാഹ്യമായ തെളിവ് തെളിവിൽ സ്വീകാര്യമല്ലെന്ന്.
82 ഖണ്ഡത്തിന്റെ അർത്ഥം മുഴുവൻ മരണശാസനത്തിൽ നിന്നുമായി ശേഖരിച്ചെടുക്കണമെന്ന്.
83 വാക്കുകൾ പരിമിതമായ അർത്ഥത്തിൽ മനസ്സിലാക്കാവുന്നത് എപ്പോൾ ആണെന്നും, സാധാരണമായതിലും വിപുലമായ അർത്ഥത്തിൽ മനസ്സിലാക്കാവുന്നത് എപ്പോഴാണെന്നും.
84 സാദ്ധ്യമായ രണ്ടു അർത്ഥകല്പനകളിൽ ഏതിന് മുൻഗണ കിട്ടുമെന്ന്.
85 യാതൊരു ഭാഗവും, അതിന് ന്യായമായി അർത്ഥം കല്പിക്കാമെങ്കിൽ തിരസ്ക്കരിക്കപ്പെടുന്നതല്ലെന്ന്.
86 മരണശാസനത്തിന്റെ വ്യത്യസ്തഭാഗങ്ങളിൽ ആവർത്തിക്കപ്പെടുന്ന വാക്കുകളുടെ വ്യാഖ്യാനം.
87 മരണശാസനകർത്താവിന്റെ ഉദ്ദേശ്യം സാദ്ധ്യമാകുന്നിടത്തോളം ഫലത്തിൽ കൊണ്ടുവരേണ്ടതാണെന്ന്.
88 പരസ്പരം അസംഗതമായ രണ്ടു ഖണ്ഡങ്ങളിൽ ഒടുവിലത്തേതിന് അധിപ്രഭാവമുണ്ടായിരിക്കുമെന്ന്.
89 മരണശാസനമോ ഒസ്യത്തോ അനിശ്ചിതത്വത്താൽ ശൂന്യമാണെന്ന്.
90 വിഷയവസ്തു വിവരിക്കുന്ന വാക്കുകൾ, മരണശാസനകർത്താവിന്റെ മരണസമയത്ത് വിവരണവുമായി യോജിക്കുന്ന വസ്തുവിനെ പരാമർശിക്കുന്നതാണെന്ന്.
91 സാമാന്യ ഒസ്യത്തുവഴി നിർവ്വഹിക്കപ്പെടുന്ന നിയോഗാധികാരം.
92 നിയോഗാധികാരത്തിന്റെ പാത്രങ്ങൾക്ക് വ്യംഗ്യമായ ദാനമുണ്ടെന്ന്.
93 വിശേഷിപ്പിക്കുന്ന പദങ്ങൾ കൂടാതെ ഒരു പ്രത്യേക ആളുടെ ''അനന്തരാവകാശികൾ'' മുതലായവർക്കുള്ള ഒസ്യത്ത്.
94 ഒരു പ്രത്യേക ആളുടെ ''പ്രതിനിധികൾ'' മുതലായവർക്കുള്ള ഒസ്യത്ത്.
95 പരിമിതിപ്പെടുത്തുന്ന വാക്കുകൾ കൂടാതെയുള്ള ഒസ്യത്ത്.
96 ആനുകല്പികമായി ഒസ്യത്ത് ചെയ്യുന്നത്.
97 ഒരു ആൾക്കുള്ള ഒസ്യത്തിനോട് ഒരു വർഗ്ഗത്തെ വിവരിക്കുന്ന വാക്കുകൾ കൂട്ടിച്ചേർക്കുന്നതിന്റെ ഫലം.
98 സാമാന്യമായ വിവരണത്തിൻ കീഴിൽ മാത്രമായി ആളുടെ വർഗ്ഗത്തിലുള്ള ഒസ്യത്ത്.
99 പദങ്ങളുടെ അർത്ഥകല്പനം.
100 ചാർച്ച പ്രകടമാക്കുന്ന വാക്കുകൾ നിയമാനുസൃത വേഴ്ചവഴിയുള്ള ചാർച്ചക്കാരേയോ അങ്ങനെയുള്ളവരില്ലെങ്കിൽ നിയമാനുസൃത വേഴ്ചവഴിയുള്ളവരാണെന്ന കേൾവിയുള്ള ചാർച്ചക്കാരേയും മാത്രം കുറിക്കുന്നതാണെന്ന്.
101 മരണശാസനം ഒരേ ആൾക്ക് രണ്ടു ഒസ്യത്തുകൾ ചെയ്തുകൊടുക്കുന്നതായി കരുതപ്പെടാവുന്നിടത്ത്, അർത്ഥകല്പനത്തിനുള്ള ചട്ടങ്ങൾ.
102 അവശേഷത്തിന്റെ ഒസ്യത്തവകാശിയെ നിയമിക്കുന്നത്.
103 അവശേഷത്തിന്റെ ഒസ്യത്തവകാശിക്ക് അവകാശമുള്ള വസ്തു.

വകുപ്പുകൾ


104 സാമാന്യമായി പറഞ്ഞുകൊണ്ടുള്ള ഒസ്യത്തു മുതൽ നിക്ഷിപ്തമാകുന്ന സമയം.
105 ഒസ്യത്തു മുതൽ ലാപ്സാകുന്നത് ഏത് സംഗതിയിലെന്ന്.
106 രണ്ട് കൂട്ടു-ഒസ്യത്തവകാശികളിൽ ഒരാൾ മരണശാസന കർത്താവിന് മുമ്പ് മരിക്കുന്നുവെങ്കിൽ, ഒസ്യത്ത് ലാപ്സാകുന്നതല്ലെന്ന്.
107 വെവ്വേറെയുള്ള ഓഹരികൾ നല്കാനുള്ള മരണശാസന കർത്താവിന്റെ ഉദ്ദേശ്യം കാണിക്കുന്ന വാക്കുകളുടെ പ്രഭാവം.
108 ലാപ്സായ ഓഹരി വിനിയോഗം ചെയ്തിട്ടില്ലാത്തതെന്നപോലെ ചെല്ലുന്നതെപ്പോഴെന്ന്.
109 മരണശാസനകർത്താവിന്റെ കുട്ടിക്കോ അവരോഹണപരമ്പരയിലെ സന്തതിക്കോ ഉള്ള ഒസ്യത്ത്, അയാൾ മരണശാസനകർത്താവിന്റെ ജീവിതകാലത്ത് മരിക്കുന്നതിൻമേൽ ലാപ്സാകാത്തത് എപ്പോഴെന്ന്.
110 ഖ യുടെ ഗുണത്തിനായി ക യ്ക്കുള്ള ഒസ്യത്ത് ക യുടെ മരണത്താൽ ലാപ്സാകുന്നതല്ലെന്ന്.
111 വിവരിക്കപ്പെട്ട വർഗ്ഗത്തിലുള്ള ഒസ്യത്തിന്റെ സംഗതിയിലെ അതിജീവിതം.


## അദ്ധ്യായം VII

## ശൂന്യമായ ഒസ്യത്തുകളെക്കുറിച്ച്


112 മരണശാസന കർത്താവിന്റെ മരണസമയത്ത് അസ്തിത്വത്തിലില്ലാത്ത പ്രത്യേക വിവരണത്തിലുള്ള ആൾക്ക് ഒസ്യത്ത്.
113 മരണശാസനകർത്താവിന്റെ മരണസമയത്ത് അസ്തിത്വം ഇല്ലാതിരുന്ന ആൾക്ക് മുൻ ഒസ്യത്തിന് വിധേയമായുള്ള ഒസ്യത്ത്.
114 ശാശ്വതയ്ക്ക് എതിരായ ചട്ടം.
115 113-ം 114-ം വകുപ്പുകളിലെ ചട്ടങ്ങളിൻകീഴിൽ വരാവുന്ന ചിലർ ഉൾപ്പെടുന്ന ഒരു വർഗ്ഗത്തിനുള്ള ഒസ്യത്ത്.
116 മുൻഒസ്യത്ത് നിഷ്ഫലമാകുമ്പോൾ ഫലത്തിൽ വരേണ്ട ഒസ്യത്ത്.
117 ഈട്ടം കൂട്ടാനുള്ള നിദേശത്തിന്റെ പ്രഭാവം.
118 മതപരമോ ധർമ്മപരമോ ആയ ഉപയോഗങ്ങൾക്കുള്ള ഒസ്യത്ത്.


## അദ്ധ്യായം VIII

## ഒസ്യത്തുമുതലുകൾ നിക്ഷിപ്തമാകുന്നതിനെക്കുറിച്ച്


119 പണം കൊടുക്കുന്നതോ കൈവശം കിട്ടുന്നതോ നീട്ടിവയ്ക്കുമ്പോൾ ഒസ്യത്തു മുതൽ നിക്ഷിപ്തമാകുന്ന തീയതി.
120 ഒസ്യത്തു വിനിർദ്ദിഷ്ടമായ അനിശ്ചിത സംഭവത്തെ സമാശ്രയിച്ചിരിക്കുമ്പോൾ, നിക്ഷിപ്തമാകുന്ന തീയതി.
121 ഒരു വർഗ്ഗത്തിലെ ഒരു പ്രത്യേക പ്രായം തികയുന്ന അംഗങ്ങൾക്കുള്ള ഒസ്യത്തിലെ അവകാശം നിക്ഷിപ്തമാകുന്നത്.


## അദ്ധ്യായം IX

## ഭാരസഹിതമായ ഒസ്യത്തുകളെക്കുറിച്ച്


122 ഭാരസഹിതമായ ഒസ്യത്തുകൾ.
123 ഒരേ ആൾക്കുള്ള വെവ്വേറെയുള്ളതും, ഒന്നൊന്നിനെ ആശ്രയിക്കാത്തതുമായ രണ്ട് ഒസ്യത്തുകളിൽ ഒന്ന് പ്രയോഗിക്കുകയും മററത് നിരസിക്കുകയും ചെയ്യാമെന്ന്.

വകുപ്പുകഠം

## അദ്ധ്യായം X

### സമാശ്രിതമായ ഒസ്യത്തിനെക്കുറിച്ച്


124 വിനിർദ്ദിഷ്ടമായ അനിശ്ചിത സംഭവത്തെ സമാശ്രയിച്ചുള്ള ഒസ്യത്ത്, സംഭവം നടക്കുന്നതിന് സമയം പറഞ്ഞിട്ടില്ലാതിരിക്കെ.
125 ചില ആളുകളിൽ വിനിർദ്ദേശിക്കാത്ത ഏതെങ്കിലും കാലാവധിയിൽ അതിജീവിച്ചിരിക്കുന്നവർക്കുള്ള ഒസ്യത്ത്.


## അദ്ധ്യായം XI

### സോപാധികമായ ഒസ്യത്തുകളെക്കുറിച്ച്


126 അസാദ്ധ്യമായ ഉപാധിയിൻമേലുള്ള ഒസ്യത്ത്.
127 നിയമവിരുദ്ധമായതോ അസാന്മാർഗ്ഗികമായതോ ആയ ഉപാധിയിന്മേലുള്ള ഒസ്യത്ത്.
128 ഒസ്യത്തു മുതൽ നിക്ഷിപ്തമാകുന്നതിനുള്ള പൂർവ്വോപാധി നിറവേററൽ സംബന്ധിച്ച്.
129 ക യ്ക്കും, മുൻഒസ്യത്ത് ദുർബ്ബലമാകുന്നതിന്മേൽ ഖ യ്ക്കും ഉള്ള ഒസ്യത്ത്.
130 ഒസ്യത്ത് നിഷ്ഫലമാകുന്നതിന്മേൽ രണ്ടാമത്തെ ഒസ്യത്ത് ഫലത്തിൽ വരാത്തത് എപ്പോഴെന്ന്.
131 വിനിർദ്ദിഷ്ടമായ അനിശ്ചിത സംഭവം നടക്കുകയോ നടക്കാതിരിക്കുകയോ ചെയ്യുന്നത് ഉപാധിയാക്കിയുള്ള അനന്തര ഒസ്യത്ത്.
132 ഉപാധി കണിശമായും നിറവേററപ്പെടണമെന്ന്.
133 രണ്ടാമത്തെ ഒസ്യത്തിന്റെ അസാധുത മൂല-ഒസ്യത്തിനെ ബാധിക്കുന്നതല്ലെന്ന്.
134 വിനിർദ്ദിഷ്ടമായ ഒരു അനിശ്ചിത സംഭവം നടക്കുകയോ നടക്കാതിരിക്കുകയോ ചെയ്യുകയാണെങ്കിൽ ഒസ്യത്തിന് ഫലമില്ലാതായിത്തീരുമെന്ന ഉപാധിയിന്മേലുള്ള ഒസ്യത്ത്.
135 അങ്ങനെയുള്ള ഉപാധി 120-ാം വകുപ്പിൻ കീഴിൽ അസാധുവായിരിക്കരുതെന്ന്.
136 ഏതു കൃത്യമാണോ അതിന് സമയം വിനിർദ്ദേശിച്ചിട്ടില്ലാത്തതും അതു നിർവഹിക്കാതിരിക്കുന്നതിന്മേൽ വിഷയവസ്തു വേറെ ആഠക്ക് പോകുന്നതും ആയിരിക്കുന്നത്, അങ്ങനെയുള്ള കൃത്യം ഒസ്യത്തവകാശി അസാദ്ധ്യമാക്കിത്തീർക്കുകയോ അനിശ്ചിതമായി നീട്ടുകയോ ചെയ്യുന്നതിന്റെ ഫലം.
137 വിനിർദ്ദിഷ്ട സമയത്തിനുള്ളിൽ പൂർവ്വോപാധിയുടേയോ ഉത്തരോപാധിയുടേയോ നിർവഹണം വഞ്ചനയുടെ സംഗതിയിൽ കൂടുതൽ സമയം.


## അദ്ധ്യായം XII

### വിനിയോഗമോ അനുഭവമോ സംബന്ധിച്ച നിദേശങ്ങളോടുകൂടിയ ഒസ്യത്തുകളെക്കുറിച്ച്


138 ഏതെങ്കിലും ആഠക്കോ ആയാളുടെ ഗുണത്തിനോ ആയുള്ള ഫണ്ടിന്റെ പൂർണ്ണാവകാശത്തോടുകൂടിയ ഒസ്യത്തിനെ തുടർന്ന് അത് പ്രത്യേക രീതിയിൽ വിനിയോഗിക്കണമെന്ന നിദേശം.

വകുപ്പുകൾ

139 ഒസ്യത്തവകാശിക്ക് വിനിർദ്ദിഷ്ടമായ ഗുണം സംപ്രാപ്തമാക്കുന്നതിന്, പൂർണ്ണാവകാശത്തോടുകൂടിയ ഒസ്യത്തിന്റെ അനുഭവസംപ്രദായം പരിമിതിപ്പെടുത്തണമെന്ന നിദേശം.
140 ആവശ്യങ്ങളിൽ ചിലത് നിറവേററാൻ കഴിയാത്തപ്പോൾ അവയ്ക്ക് ഫണ്ട് ഒസ്യത്തു ചെയ്യുന്നത്.

## അദ്ധ്യായം XIII

## എക്സിക്യൂട്ടർക്കുള്ള ഒസ്യത്തുകളെക്കുറിച്ച്

141 എക്സിക്യൂട്ടറായി പേർ പറയപ്പെടുന്ന ഒസ്യത്തവകാശിക്ക് എക്സിക്യൂട്ടറായി പ്രവർത്തിക്കാനുള്ള ഉദ്ദേശ്യം കാണിക്കാത്ത പക്ഷം എടുക്കാൻ കഴിയുന്നതല്ലെന്ന്.

## അദ്ധ്യായം XIV

## വിനിർദ്ദിഷ്ടമായ ഒസ്യത്തുകളെക്കുറിച്ച്

142 വിനിർദ്ദിഷ്ടമായ ഒസ്യത്ത്-നിർവചനം.
143 ഒരു പ്രത്യേക തുകയുടെ ഒസ്യത്ത്, തുക നിക്ഷേപിച്ചിട്ടുള്ള സ്ററാക്കുകൾ മുതലായവ വിവരിച്ചിട്ടുള്ളിടത്ത്.
144 സ്ററാക്കുകളുടെ ഒസ്യത്ത് മരണശാസനത്തീയതി മരണശാസനകർത്താവിന് അതേ തരത്തിലുള്ള തുല്യമോ അതിൽ കൂടുതലോ സ്ററാക്ക് ഉണ്ടായിരുന്നിടത്ത്.
145 പണത്തിന്റെ ഒസ്യത്ത്, അത് മരണശാസനകർത്താവിന്റെ വസ്തുവിന്റെ ഒരു ഭാഗം ഒരു പ്രത്യേകവിധത്തിൽ വിനിയോഗം ചെയ്യുന്നതുവരെ കൊടുക്കേണ്ടതല്ലാത്തിടത്ത്.
146 എണ്ണിപറയുന്ന സാധനങ്ങൾ വിനിർദ്ദിഷ്ടമായി ഒസ്യത്ത് ചെയ്യപ്പെട്ടവയായി കരുതപ്പെടാത്തത് എപ്പോഴെന്ന്.
147 പല ആളുകൾക്ക് അനുക്രമമായുള്ള വിനിർദ്ദിഷ്ടമായ ഒസ്യത്തിന്റെ രൂപം നിലനിറുത്തുന്നത്.
148 രണ്ടോ അതിലധികമോ ആളുകൾക്ക് ആനുക്രമമായി ഒസ്യത്ത് ചെയ്യുന്ന വസ്തു വില്ക്കുകയും വിററു കിട്ടുന്നത് നിക്ഷേപിക്കുകയും ചെയ്യുന്നത്.
149 ഒസ്യത്തു മുതലുകൾ കൊടുക്കാൻ ആസ്തികൾ കമ്മിയായിരിക്കുന്നിടത്ത്, വിനിർദ്ദിഷ്ട ഒസ്യത്ത് സാമാന്യമായ ഒസ്യത്തുകളോടൊപ്പം ഉപശമിക്കുന്നതല്ലെന്ന്.

## അദ്ധ്യായം XV

## നിദർശക ഒസ്യത്തുകളെക്കുറിച്ച്

150 നിദർശക ഒസ്യത്ത്-നിർവ്വചനം.
151 വിനിർദ്ദിഷ്ട ഒസ്യത്തിന് വിധേയമായ ഫണ്ടിൽ നിന്ന് ഒസ്യത്തു മുതൽ കൊടുക്കാൻ നിദേശിക്കുന്നിടത്ത്, കൊടുക്കുന്നതിന്റെ ക്രമം.

## അദ്ധ്യായം XVI

### ഒസ്യത്തുകളുടെ പ്രത്യാഹരണത്തെക്കുറിച്ച്

152 പ്രത്യാഹരണം-വിശദീകരണം.

153 നിർദേശക ഒസ്യത്തു പ്രത്യാഹരിക്കപ്പെടാതിരിക്കൽ.

154 മൂന്നാം കക്ഷിയിൽ നിന്ന് വല്ലതും കിട്ടാനുള്ള അവകാശത്തിന്റെ വിനിർദ്ദിഷ്ട ഒസ്യത്ത് പ്രത്യാഹരിക്കപ്പെടുന്നത്.

155 വിനിർദ്ദിഷ്ട ഒസ്യത്തു ചെയ്യുന്ന മുഴുവൻ സാധനത്തിന്റേയും ഭാഗം മരണശാസനകർത്താവിന് കിട്ടുന്നതുവഴി അത്രത്തോളമുള്ള പ്രത്യാഹരണം.

156 ഒരു ഭാഗം വിനിർദ്ദിഷ്ടമായി ഒസ്യത്തു ചെയ്തിട്ടുള്ള മുഴുവൻ ഫണ്ടിന്റേയും ഒരു ഭാഗം മരണശാസനകർത്താവിന് കിട്ടുന്നതുവഴി അത്രത്തോളമുള്ള പ്രത്യാഹരണം.

157 ഫണ്ടിന്റെ ഭാഗം ഒരു ഒസ്യത്തവകാശിക്ക് വിനിർദ്ദിഷ്ടമായി ഒസ്യത്തു ചെയ്യുകയും, മറ്റൊരു ഒസ്യത്തവകാശിക്ക് അതേ ഫണ്ടിൻമേൽ ഒസ്യത്തു മുതൽ ചാർജ്ജാക്കുകയും മരണശാസനകർത്താവിന് ആ ഫണ്ടിന്റെ ഭാഗം കിട്ടിയിരിക്കെ ബാക്കിയുള്ളത് രണ്ട് ഒസ്യത്തു മുതലുകളും കൊടുക്കാൻ മതിയാകാതെവരികയും ചെയ്യുന്നിടത്ത്, കൊടുക്കുന്നതിന്റെ ക്രമം.

158 വിനിർദ്ദിഷ്ടമായി ഒസ്യത്തു ചെയ്ത സ്ററാക്ക് മരണശാസനകർത്താവ് മരിക്കുമ്പോറം നിലവിലില്ലാത്തിടത്ത്, പ്രത്യാഹരണം.

159 വിനിർദ്ദിഷ്ടമായി ഒസ്യത്തു ചെയ്ത സ്ററാക്ക് മരണശാസനകർത്താവ് മരിക്കുമ്പോറം ഭാഗികമായി മാത്രം നിലവിലുള്ളിടത്ത്, നിലവിലില്ലാത്തിടത്തോളമുള്ള പ്രത്യാഹരണം.

160 ഒരു പ്രത്യേകസ്ഥലവുമായി ബന്ധപ്പെട്ടതായി വിവരിക്കപ്പെടുന്ന സാമാനങ്ങളുടെ വിനിർദ്ദിഷ്ടമായ ഒസ്യത്തു നീക്കം ചെയ്യൽ കാരണമായി പ്രത്യാഹരിക്കപ്പെടാതിരിക്കൽ.

161 ഒസ്യത്തു ചെയ്തത് നീക്കം ചെയ്യുന്നത് പ്രത്യാഹരണമാകാത്തത് എപ്പോഴെന്ന്.

162 ഒസ്യത്തു ചെയ്യപ്പെട്ടത്, മരണശാസനകർത്താവിന് മൂന്നാമതൊരാളിൽ നിന്ന് കിട്ടേണ്ട വിലപിടിപ്പുള്ള സാധനമായിരിക്കുകയും അത് മരണശാസനകർത്താവിന് തന്നെയോ അയാളുടെ പ്രതിനിധിക്കോ കിട്ടിയിരിക്കുകയും ചെയ്യുമ്പോറം.

163 വിനിർദ്ദിഷ്ട ഒസ്യത്തിന്റെ വിഷയവസ്തുവിന് മരണശാസന തീയതിക്കും മരണശാസനകർത്താവിന്റെ മരണത്തിനും ഇടയ്ക്കു നിയമത്തിന്റെ പ്രവർത്തനത്താലുള്ള മാററം.

164 മരണശാസനകർത്താവിന്റെ അറിവോടുകൂടിയല്ലാതെ വിഷയവസ്തുവിനുള്ള മാററം.

165 വിനിർദ്ദിഷ്ടമായി ഒസ്യത്തു ചെയ്തിട്ടുള്ള സ്ററാക്ക് പകരം വയ്ക്കണമെന്ന ഉപാധിയിൻമേൽ മൂന്നാം കക്ഷിക്ക് കടം കൊടുക്കുന്നത്.

166 വിനിർദ്ദിഷ്ടമായി ഒസ്യത്തു ചെയ്ത സ്ററാക്ക് വില്ക്കുകയും, എന്നാൽ അതിനുപകരം വയ്ക്കുകയും മരിക്കുമ്പോറം അത് മരണശാസനകർത്താവിന് അവകാശപ്പെട്ടിരിക്കുകയും ചെയ്യുന്നത്.

## അദ്ധ്യായം XVII

### ഒസ്യത്തിൻെറ വിഷയവസ്തു സംബന്ധിച്ചുള്ള ബാദ്ധ്യതകരം കൊടുത്തുതീർക്കുന്നതിനെക്കുറിച്ച്

167 വിനിർദ്ദിഷ്ട ഒസ്യത്തിൻെറ ഒസ്യത്തവകാശികളെ ബാദ്ധ്യതയിൽ നിന്ന് ഒഴിവാക്കാൻ എക്സിക്യൂട്ടർക്ക് ബാദ്ധ്യതയില്ലെന്ന്.

168 ഒസ്യത്തു ചെയ്ത സാധനങ്ങരംക്കുള്ള മരണശാസനകർത്താവിൻെറ ഉടമാവകാശം പൂർത്തീകരിക്കുന്നത് അയാളുടെ എസ്റേററിൻെറ ചെലവിലായിരിക്കണമെന്ന്.

169 ഒസ്യത്തവകാശിയുടെ, ആനുകാലികമായി ഭൂമിക്കരമോ പാട്ടമോ വാടകയോ കൊടുക്കേണ്ട സ്ഥാവരവസ്തുവിനെ ബാദ്ധ്യതയിൽനിന്ന് ഒഴിവാക്കൽ.

170 ജായിൻറ് സ്ററാക്ക് കമ്പനിയിൽ വിനിർദ്ദിഷ്ട ഒസ്യത്തിൻെറ ഒസ്യത്തവകാശിക്കുള്ള സ്ററാക്ക് ബാദ്ധ്യതയിൽ നിന്ന് ഒഴിവാക്കുന്നത്.

## അദ്ധ്യായം XVIII

### സാമാന്യമായി പറഞ്ഞുകൊണ്ടു വിവരിക്കുന്ന സാധനങ്ങളുടെ ഒസ്യത്തുകളെക്കുറിച്ച്

171 സാമാന്യമായി പറഞ്ഞുകൊണ്ട് വിവരിക്കുന്ന സാധനത്തിൻെറ ഒസ്യത്ത്.

## അദ്ധ്യായം XIX

### ഒരു ഫണ്ടിൻെറ പലിശയുടേയോ ഉത്പന്നത്തിൻേറയോ ഒസ്യത്തുകളെക്കുറിച്ച്

172 ഫണ്ടിൻെറ പലിശയുടേയോ ഉത്പന്നത്തിൻേറയോ ഒസ്യത്ത്.

## അദ്ധ്യായം XX

### വർഷാശനങ്ങളുടെ ഒസ്യത്തുകളെക്കുറിച്ച്

173 മരണശാസനപ്രകാരം വ്യത്യസ്തമായ ഉദ്ദേശ്യം കാണാത്തപക്ഷം, മരണശാസനംവഴി സൃഷ്ടിക്കുന്ന വർഷാശനം ആജീവനാന്തം മാത്രം കൊടുക്കേണ്ടതാണ്.

174 മരണശാസനം, ഒരു വർഷാശനം വസ്തുവിൻെറ ഉത്പന്നത്തിൽ നിന്ന് സമ്പാദിച്ചുകൊടുക്കേണ്ടതാണെന്ന് നിദേശിക്കുകയോ വസ്തുവിൽനിന്ന് സമ്പാദിച്ചുകൊടുക്കണമെന്ന് സാമാന്യമായി നിദേശിക്കുകയോ ചെയ്യുന്നിടത്തോ, അല്ലെങ്കിൽ വർഷാശനം വിലയ്ക്കുവാങ്ങുന്നതിനായി നിക്ഷേപിക്കുന്നതിന് പണം ഒസ്യത്തു ചെയ്യുന്നിടത്തോ അവകാശം നിക്ഷിപ്തമാകുന്ന കാലം.

175 വർഷാശനത്തിൻെറ ഉപശമനം.

176 വർഷാശനദാനവും അവശേഷദാനവും ഉള്ളിടത്ത് വർഷാശനം മുഴുവൻ ആദ്യം കൊടുത്തുത്തീർക്കണമെന്ന്.

## അദ്ധ്യായം XXI

## ഉത്തമർണ്ണൻമാർക്കും ഓഹരിക്കാർക്കുമുള്ള ഒസ്യത്തുകളെക്കുറിച്ച്

177 ഉത്തമർണ്ണന് പ്രഥമദൃഷ്ട്യാ ഒസ്യത്തുമുതലിനും കടത്തുകയ്ക്കും അവകാശമുണ്ടെന്ന്.
178 കുട്ടിക്ക് പ്രഥമദൃഷ്ട്യാ ഒസ്യത്തുമുതലിനും ഓഹരിക്കും അവകാശമുണ്ടെന്ന്.
179 ഒസ്യത്തവകാശിക്കുള്ള പിൻവകയിരുത്തൽവഴി ഒസ്യത്തു പ്രത്യാഹരിക്കപ്പെടുന്നതല്ലെന്ന്.

## അദ്ധ്യായം XXII

## വരണത്തെക്കുറിച്ച്

180 ഏതു പരിതഃസ്ഥിതികളിലാണ് വരണം ഉണ്ടാകുന്നതെന്ന്.
181 ഉടമസ്ഥൻ വിട്ടുകൊടുക്കുന്ന അവകാശത്തിന്റെ സംക്രമണം.
182 തന്റെ ഉടമസ്ഥതയെക്കുറിച്ച് മരണശാസനകർത്താവിനുള്ള വിശ്വാസം സാരമായതല്ലെന്ന്.
183 ഒരാളുടെ ഗുണത്തിനുവേണ്ടിയുള്ള ഒസ്യത്ത് വരണത്തിന്റെ ആവശ്യത്തിന് എങ്ങനെ പരിഗണിക്കുമെന്ന്.
184 നേരിട്ടല്ലാതെ ഗുണം സിദ്ധിക്കുന്ന ആൾ വരണം ചെയ്യാൻ നിർബദ്ധനല്ലെന്ന്.
185 വ്യക്തിപരമായ നിലയിൽ മരണശാസന പ്രകാരമുള്ളത് എടുക്കുന്ന ആൾക്ക്, മററാരു നിലയിൽ മരണശാസനത്തിന് എതിരായി എടുക്കാൻ വരണം ചെയ്യാമെന്ന്.
186 ഒടുവിലത്തെ ആറു വകുപ്പുകളിലെ വ്യവസ്ഥകൾക്കുള്ള അപവാദം.
187 മരണശാസനം നല്കുന്ന ഗുണം പ്രതിഗ്രഹിക്കുന്നത് മരണശാസനത്തിൻ കീഴിൽ കൊടുക്കാനുള്ള വരണമായിത്തീരുന്നത് എപ്പോഴെന്ന്.
188 അറിവോ വേണ്ടെന്നുവയ്ക്കലോ അനുമാനിക്കുകയോ നിഗമനം ചെയ്യുകയോ ചെയ്യാവുന്ന പരിതഃസ്ഥിതികൾ.
189 മരണശാസനകർത്താവിന്റെ പ്രതിനിധികൾക്ക് എപ്പോൾ ഒസ്യത്തവകാശിയോട് വരണം നടത്താൻ ആവശ്യപ്പെടാമെന്ന്.
190 അവശതയുടെ സംഗതിയിൽ വരണം നീട്ടി വയ്ക്കൽ.

## അദ്ധ്യായം XXIII

## മരണപ്രതീക്ഷയോടെയുള്ള ദാനങ്ങളെക്കുറിച്ച്

191 മരണപ്രതീക്ഷയോടെ ചെയ്യുന്ന ദാനംവഴി വസ്തു കൈമാററം ചെയ്യാമെന്ന്.

വകുപ്പുകൾ

ഭാഗം VII

മരിച്ചുപോയ ആളുടെ വസ്തുവിൻെറ രക്ഷണം

192 മരിച്ചുപോയ ആളുടെ വസ്തു പിൻതുടർച്ചവഴി അവകാശപ്പെടുന്ന ആൾക്ക് അന്യായമായ കൈവശത്തിനെതിരായി നിവൃത്തിക്ക് അപേക്ഷിക്കാമെന്ന്.
193 ജഡ്ജി ചെയ്യുന്ന അന്വേഷണ വിചാരണ.
194 നടപടിക്രമം.
195 നടപടി നിലവിലുള്ള കാലത്തേക്ക് ക്യുറേറററെ നിയമിക്കുന്നത്.
196 ക്യുറേറർക്ക് നല്കാവുന്ന അധികാരങ്ങൾ.
197 ക്യുറേറർമാർ ചില അധികാരങ്ങൾ പ്രയോഗിക്കുന്നതിൻെറ നിരോധനം. ക്യുറേറർക്ക് കടങ്ങൾ മുതലായവ കൊടുക്കുന്നത്.
198 ക്യുറേറർ ജാമ്യം നല്കേണ്ടതും, അയാൾക്ക് വേതനം വാങ്ങാവുന്നതും ആണെന്ന്.
199 എസ്റേററിൽ ഭൂമിക്കരം കൊടുക്കുന്ന ഭൂമി ഉൾപ്പെടുന്നിടത്ത്, കളക്ടറിൽ നിന്നുള്ള റിപ്പോർട്ട്.
200 വ്യവഹാരങ്ങൾ കൊടുക്കുന്നതും പ്രതിവാദം ചെയ്യുന്നതും.
201 ക്യുറേററുടെ കസ്ററഡി നിലവിലുള്ളപ്പോൾ ഉടമസ്ഥരായിക്കാണപ്പെടുന്നവർക്കുള്ള അലവൻസുകൾ.
202 ക്യുറേറർ ഫയൽ ചെയ്യേണ്ട കണക്കുകൾ.
203 കണക്കുകളുടെ പരിശോധനയും തത്പരകക്ഷികൾക്ക് ഡ്യൂപ്ലിക്കേററ് വച്ചുപോരാനുള്ള അവകാശവും.
204 ഒരേ വസ്തുവിന് രണ്ടാമത് ഒരു ക്യുറേറററെ നിയമിക്കുന്നതിനുള്ള തടസ്സം.
205 ക്യുറേറർ വേണമെന്ന അപേക്ഷയ്ക്കുള്ള കാലഹരണ സമയം.
206 പബ്ലിക് ധനനിശ്ചയത്തിനോ മരിച്ചുപോയ ആളുടെ നിദേശങ്ങൾക്കോ എതിരായി ഈ ഭാഗം പ്രാവർത്തികമാക്കുന്നതിനുള്ള തടസ്സം.
207 കോർട്ട് ആഫ് വാർഡ്സിൻെറ അധികാരിതയ്ക്ക് അധീനമായ വസ്തു ഉള്ള മൈനറുടെ സംഗതിയിൽ കോർട്ട് ആഫ് വാർഡ്സിനെ ക്യുറേററായി നിയമിക്കേണ്ടതാണെന്ന്.
208 വ്യവഹാരം കൊണ്ടുവരാനുള്ള അവകാശം ഒഴിവാക്കൽ.
209 സമറി നടപടിയുടെ തീരുമാനത്തിൻെറ പ്രഭാവം.
210 പബ്ലിക് ക്യുറേറർമാരുടെ നിയമനം.

ഭാഗം VIII

പിൻതുടർച്ചയിൻമേൽ, മരിച്ചുപോയ ആളുടെ വസ്തുവിന് പ്രാതിനിധ്യാത്മകമായ ഉടമാവകാശം

211 എക്സിക്യൂട്ടറുടേയോ അഡ്മിനിസ്ട്രേററുടെയോ ആ നിലയിലുള്ള സ്വഭാവവും വസ്തുവും.
212 മരണശാസനംകൂടാതെ മരിച്ച ആളുടെ വസ്തുവിനുള്ള അവകാശം.
213 എക്സിക്യൂട്ടറായോ ഒസ്യത്തവകാശിയായോ ഉള്ള അവകാശം സ്ഥാപിക്കപ്പെടുന്നത് എപ്പോഴെന്ന്.

വകുപ്പുകൾ

214 മരിച്ചുപോയ ആളുകളുടെ അധമർണ്ണരിൽനിന്നുള്ള കടങ്ങൾ കോടതികൾ മുഖാന്തരം വസൂലാക്കുന്നതിന് പ്രാതിനിധ്യാത്മകമായ ഉടമാവകാശം തെളിയിക്കൽ ഒരു പൂർവ്വോപാധിയാണെന്ന്.
215 പിന്നീടുള്ള പ്രൊബേററിനോ അഡ്മിനിസ്ട്രേഷൻ പത്രത്തിനോ സർട്ടിഫിക്കററിൻമേലുള്ള പ്രഭാവം.
216 പ്രൊബേററോ അഡ്മിനിസ്ട്രേഷൻ പത്രമോ പിൻവലിക്കുന്നതുവരെ അത് അനുദാനം ചെയ്യപ്പെട്ട ആൾ മാത്രമാണ് വ്യവഹാരം ബോധിപ്പിക്കുക മുതലായവ ചെയ്യേണ്ടതെന്ന്.

## ഭാഗം IX

## പ്രൊബേററും അഡ്മിനിസ്ട്രേഷൻ പത്രവും മരിച്ചു പോയ ആളുടെ ആസ്തികളുടെ അഡ്മിനിസ്ട്രേഷനും

217 ഈ ഭാഗത്തിന്റെ ബാധകത.

### അദ്ധ്യായം 1

### പ്രൊബേററിന്റേയും അഡ്മിനിസ്ട്രേഷൻ പത്രത്തിന്റേയും അനുദാനത്തെക്കുറിച്ച്

218 മരിച്ചുപോയ ആൾ ഹിന്ദുവോ മുഹമ്മദീയനോ, ബുദ്ധമതക്കാരനോ സിക്കുകാരനോ ജൈനനോ ഒഴിവാക്കപ്പെട്ട ആളോ ആയിരിക്കുന്നിടത്ത് അഡ്മിനിസ്ട്രേഷൻ അനുദാനം ചെയ്യപ്പെടാവുന്നത് ആർക്കാണെന്ന്.
219 മരിച്ചുപോയ ആൾ ഹിന്ദുവോ, മുഹമ്മദീയനോ, ബുദ്ധമതക്കാരനോ സിക്കുകാരനോ, ജൈനനോ ഒഴിവാക്കപ്പെട്ട ആളോ അല്ലാത്തിടത്ത്.
220 അഡ്മിനിസ്ട്രേഷൻ പത്രത്തിന്റെ പ്രഭാവം.
221 അഡ്മിനിസ്ട്രേഷൻ സാധുവാക്കാത്ത കൃത്യങ്ങൾ.
222 പ്രൊബേററ് നിയമിതനായ എക്സിക്യൂട്ടർക്ക് മാത്രം.
223 ഏതാളുകൾക്കാണ് പ്രൊബേററ് അനുദാനം ചെയ്യുവാൻ പാടില്ലാത്തതെന്ന്.
224 പല എക്സിക്യൂട്ടർമാർക്ക് ഒരേ സമയത്തായോ വ്യത്യസ്ത സമയങ്ങളിലായോ ഉള്ള പ്രൊബേററിന്റെ അനുദാനം.
225 പ്രൊബേററിന്റെ അനുദാനത്തിനുശേഷം കണ്ടുപിടിക്കപ്പെടുന്ന കോടിസിന് വേറെയുള്ള പ്രൊബേററ്.
226 പ്രാതിനിധ്യം അതിജീവിക്കുന്ന എക്സിക്യൂട്ടർമാർക്ക് സിദ്ധിക്കുന്നത്.
227 പ്രൊബേററിന്റെ പ്രഭാവം.
228 വിദേശത്ത് തെളിയിക്കപ്പെട്ട മരണശാസനത്തിന്റെ പ്രമാണീകൃത പ്പകർപ്പിന്റെ പകർപ്പ് അനുബന്ധമാക്കിക്കൊണ്ടുള്ള അഡ്മിനിസ്ട്രേഷൻ.
229 എക്സിക്യൂട്ടർ പരിത്യജിച്ചിട്ടില്ലാത്തിടത്ത് അഡ്മിനിസ്ട്രേഷന്റെ അനുദാനം
230 അഡ്മിനിസ്ട്രേറർ പദവിയുടെ പരിത്യജനത്തിന്റെ രൂപവും പ്രഭാവവും.
231 എക്സിക്യൂട്ടർ പരിത്യജിക്കുകയോ പരിമിതിപ്പെടുത്തിയിട്ടുള്ള സമയത്തിനുള്ളിൽ സ്വീകരിക്കാതിരിക്കുകയോ ചെയ്യുന്നിടത്തുള്ള നടപടിക്രമം.

വകുപ്പുകൾ

232 സർവ്വസ്വത്തിന്റെ ഒസ്യത്തവകാശിക്കോ അവശേഷത്തിന്റെ ഒസ്യത്തവകാശിക്കോ ഉള്ള അഡ്മിനിസ്ട്രേഷന്റെ അനുദാനം.
233 മരിച്ചുപോയ, അവശേഷത്തിന്റെ ഒസ്യത്തവകാശിയുടെ പ്രതിനിധിക്ക് അഡ്മിനിസ്ട്രേഷനുള്ള അവകാശം.
234 എക്സിക്യൂട്ടറോ അവശേഷത്തിന്റെ ഒസ്യത്തവകാശിയോ, അങ്ങനെയുള്ള ഒസ്യത്തവകാശിയുടെ പ്രതിനിധിയോ ഇല്ലാത്തിടത്തുള്ള അഡ്മിനിസ്ട്രേഷന്റെ അനുദാനം.
235 സർവ്വസ്വത്തിന്റെ ഒസ്യത്തവകാശിയോ അവശേഷത്തിന്റെ ഒസ്യത്തവകാശിയോ അല്ലാത്ത ഒസ്യത്തവകാശിക്ക് ഉള്ള അഡ്മിനിസ്ട്രേഷന്റെ അനുദാനത്തിനുമുൻപുള്ള സൈറേഷൻ.
236 ആർക്കാണ് അഡ്മിനിസ്ട്രേഷൻ അനുദാനം ചെയ്യാൻ പാടില്ലാത്തതെന്ന്.

അദ്ധ്യായം II

പരിമിതിപ്പെടുത്തിയ അനുദാനങ്ങളെക്കുറിച്ച്

പരിമിതിപ്പെടുത്തിയ അനുദാനം

237 നഷ്ടപ്പെട്ട മരണശാസനത്തിന്റെ പകർപ്പിന്റേയോ കരടിന്റേയോ പ്രൊബേറ്റ്.
238 നഷ്ടപ്പെട്ടതോ നശിപ്പിക്കപ്പെട്ടതോ ആയ മരണശാസനത്തിന്റെ ഉള്ളടക്കത്തിന്റെ പ്രൊബേറ്റ്.
239 അസ്സൽ ഉള്ളപ്പോൾ പകർപ്പിന്റെ പ്രൊബേറ്റ്.
240 മരണശാസനം ഹാജരാക്കുന്നതുവരെ അഡ്മിനിസ്ട്രേഷൻ.

അവകാശമുള്ള മററുള്ളവരുടെ ഉപയോഗത്തിനും ഗുണത്തിനും വേണ്ടിയുള്ള അനുദാനങ്ങൾ

241 സന്നിഹിതനല്ലാത്ത എക്സിക്യൂട്ടറുടെ അററാർണിക്ക് മരണശാസനാനുബദ്ധമായ അഡ്മിനിസ്ട്രേഷൻ.
242 അസന്നിഹിതനും, സന്നിഹിതനാണെങ്കിൽ അഡ്മിനിസ്ററർ ചെയ്യാൻ അവകാശമുണ്ടാകുന്നവനുമായ ആളുടെ അററാർണിക്ക് മരണശാസനാനുബദ്ധമായ അഡ്മിനിസ്ട്രേഷൻ.
243 അസന്നിഹിതനും മരണശാസനം കൂടാതെ മരിച്ചാലത്തെ സ്ഥിതിയുടെ സംഗതിയിൽ അഡ്മിനിസ്ററർ ചെയ്യാൻ അവകാശമുള്ളവനും ആയ ആളുടെ അററാർണിക്കുള്ള അഡ്മിനിസ്ട്രേഷൻ.
244 അനന്യനായ എക്സിക്യൂട്ടറുടേയോ അവശേഷത്തിന്റെ ഒസ്യത്തവകാശിയുടേയോ മൈനാറിററിക്കാലത്തുള്ള അഡ്മിനിസ്ട്രേഷൻ.
245 പല എക്സിക്യൂട്ടർമാരുടേയോ അവശേഷത്തിന്റെ പല ഒസ്യത്ത് അവകാശികളുടേയോ മൈനാറിററിക്കാലത്തുള്ള അഡ്മിനിസ്ട്രേഷൻ.
246 ഭ്രാന്തന്റേയോ മൈനറുടേയോ ഉപയോഗത്തിനും ഗുണത്തിനും വേണ്ടിയുള്ള അഡ്മിനിസ്ട്രേഷൻ.
247 വ്യവഹാരം നിലവിലിരിക്കെയുള്ള അഡ്മിനിസ്ട്രേഷൻ.

പ്രത്യേക ആവശ്യങ്ങൾക്കുള്ള അനുദാനങ്ങൾ

248 മരണശാസനത്തിൽ വിനിർദ്ദേശിക്കുന്ന ആവശ്യത്തിനായി പരിമിതിപ്പെടുത്തിയ പ്രൊബേററ്.
249 പ്രത്യേക ആവശ്യത്തിനായി പരിമിതിപ്പെടുത്തിയ മരണശാസനാനുബദ്ധമായ അഡ്മിനിസ്ട്രേഷൻ.

വകുപ്പുകൾ

250 ഒരാൾക്ക് ഗുണാനുഭവാവകാശബന്ധമുള്ള വസ്തുവിനായി പരിമിതിപ്പെടുത്തിയ അഡ്മിനിസ്ട്രേഷൻ.
251 വ്യവഹാരത്തിനായി പരിമിതിപ്പെടുത്തിയ അഡ്മിനിസ്ട്രേഷൻ.
252 അഡ്മിനിസ്ട്രേറ്റർക്ക് എതിരായി കൊണ്ടുവരാനുള്ള വ്യവഹാരത്തിൽ കക്ഷിയാകുന്ന ആവശ്യത്തിനായി പരിമിതിപ്പെടുത്തിയ അഡ്മിനിസ്ട്രേഷൻ.
253 മരിച്ചുപോയ ആളുടെ വസ്തു ശേഖരിക്കുന്നതിനും സംരക്ഷിക്കുന്നതിനും ആയി പരിമിതിപ്പെടുത്തിയ അഡ്മിനിസ്ട്രേഷൻ.
254 സാധാരണ പരിതഃസ്ഥിതികളിൽ അഡ്മിനിസ്ട്രേഷന് അവകാശം ഉണ്ടാകുന്ന ആളല്ലാത്ത ഒരാളെ അഡ്മിനിസ്ട്രേറ്ററായി നിയമിക്കുന്നത്.

## അപവാദത്തോടുകൂടിയ അനുദാനങ്ങൾ

255 അപവാദത്തിന് വിധേയമായ പ്രൊബേറ്റോ മരണശാസനാനുബദ്ധമായ അഡ്മിനിസ്ട്രേഷനോ.
256 അപവാദത്തോടുകൂടിയ അഡ്മിനിസ്ട്രേഷൻ.

## ബാക്കിയുള്ള അനുദാനങ്ങൾ

257 ബാക്കിയുള്ളതിന്റെ പ്രൊബേറ്റോ അഡ്മിനിസ്ട്രേഷനോ.
258 അഡ്മിനിസ്റ്റർ ചെയ്യപ്പെടാത്ത മുതലുകളുടെ അനുദാനം.
259 അഡ്മിനിസ്റ്റർ ചെയ്യപ്പെടാത്ത മുതലുകളുടെ അനുദാനം സംബന്ധിച്ച ചട്ടങ്ങൾ.
260 പരിമിതിപ്പെടുത്തിക്കൊണ്ടുള്ള അനുദാനം അവസാനിക്കുകയും എസ്റ്റേററിന്റെ വല്ല ഭാഗവും പിന്നെയും അഡ്മിനിസ്റ്റർ ചെയ്യപ്പെടാതിരിക്കുകയും ചെയ്യുമ്പോഴുള്ള അഡ്മിനിസ്ട്രേഷൻ.

## അദ്ധ്യായം III

## അനുദാനങ്ങൾ വ്യത്യാസപ്പെടുത്തലും പിൻവലിക്കലും

261 ഏതു തെററുകൾ കോടതിക്ക് തിരുത്താമെന്ന്.
262 മരണശാസനാനുബദ്ധമായ അഡ്മിനിസ്ട്രേഷന്റെ അനുദാനത്തിനുശേഷം കോഡിസിൽ കണ്ടുപിടിക്കപ്പെടുന്നിടത്തുള്ള നടപടിക്രമം.
263 നീതിപൂർവ്വകമായ കാരണത്തിന് പിൻവലിക്കുകയോ പ്രഭാവശൂന്യമാക്കുകയോ ചെയ്യുന്നത്.

## അദ്ധ്യായം IV

## പ്രൊബേററുകളും അഡ്മിനിസ്ട്രേഷൻ പത്രങ്ങളും അനുദാനം ചെയ്യുന്നതിനും പിൻവലിക്കുന്നതിനും ഉള്ള പതിവിനെക്കുറിച്ച്

264 പ്രൊബേററുകൾ മുതലായവ അനുദാനം ചെയ്യുന്നതിനും പിൻവലിക്കുന്നതിനും ഉള്ള ജില്ലാ ജഡ്ജിയുടെ അധികാരിത.
265 തർക്കമില്ലാത്ത കേസ്സുകൾ കൈകാര്യം ചെയ്യാൻ ജില്ലാ ജഡ്ജിയുടെ ഡെലിഗേററിനെ നിയമിക്കാനുള്ള അധികാരം.
266 പ്രൊബേററും അഡ്മിനിസ്ട്രേഷനും അനുദാനം ചെയ്യുന്നത് സംബന്ധിച്ചുള്ള ജില്ലാ ജഡ്ജിയുടെ അധികാരങ്ങൾ.

വകുപ്പുകൾ

267 ജില്ലാ ജഡ്ജിക്ക്, മരണശാസനമാകുന്ന കടലാസ്സുകൾ ഹാജരാക്കാൻ ഏതെങ്കിലും ആളോട് ഉത്തരവുചെയ്യാമെന്ന്.
268 പ്രൊബേററും അഡ്മിനിസ്ട്രേഷനും സംബന്ധിച്ച് ജില്ലാ ജഡ്ജിയുടെ കോടതിയിലെ നടപടികൾ.
269 വസ്തുവിൻെറ സംരക്ഷണത്തിനായി ജില്ലാ ജഡ്ജിക്ക് ഇടപെടേണ്ടത് എപ്പോൾ, എങ്ങനെ എന്ന്.
270 ജില്ലാ ജഡ്ജിക്ക് പ്രൊബേററോ അഡ്മിനിസ്ട്രേഷനോ അനുദാനം ചെയ്യാവുന്നത് എപ്പോഴെന്ന്.
271 മരിച്ചുപോയ ആൾക്ക് സ്ഥിരവസതി ഇല്ലാതിരുന്ന ജില്ലയിലെ ജഡ്ജിക്ക് കൊടുക്കുന്ന അപേക്ഷയുടെ തീർപ്പ്.
272 പ്രൊബേററും അഡ്മിനിസ്ട്രേഷൻ പത്രവും ഡെലിഗേററിനാൽ അനുദാനം ചെയ്യപ്പെടാമെന്ന്.
273 പ്രൊബേററിൻേറയും അഡ്മിനിസ്ട്രേഷൻ പത്രത്തിൻേറയും നിശ്ചായകത.
274 273-ാം വകുപ്പിലെ പരിമിതിവ്യവസ്ഥയിൻകീഴിലെ അനുദാനങ്ങളുടെ സർട്ടിഫിക്കററ് ഹൈക്കോടതികളിലേക്ക് അയച്ചുകൊടുക്കുന്നത്.
275 പ്രൊബേററിനോ അഡ്മിനിസ്ട്രേഷൻ പത്രത്തിനോ ഉള്ള അപേക്ഷ ശരിയായവിധം കൊടുത്തിട്ടുള്ളതും സത്യബോധപ്പെടുത്തിയിട്ടുള്ളതുമാണെങ്കിൽ, അതിൻെറ നിശ്ചായകത.
276 പ്രൊബേററിനുള്ള ഹർജി.
277 ഏതെല്ലാം സംഗതികളിലാണ് മരണശാസനത്തിൻെറ തർജ്ജമ ഹർജിയോട് അനുബദ്ധമാക്കേണ്ടതെന്ന്. കോടതിത്തർജ്ജമക്കാരനല്ലാത്ത ആളുടേതായ തർജ്ജമയുടെ സത്യബോധപ്പെടുത്തൽ.
278 അഡ്മിന് സ്ട്രേഷൻ പത്രത്തിനുള്ള ഹർജി.
279 ചില സംഗതികളിൽ പ്രൊബേററിനോ അഡ്മിനിസ്ട്രേഷൻ പത്രത്തിനോ ഉള്ള ഹർജി മുതലായവയിലെ പ്രസ്താവനയിൽ കൂട്ടിച്ചേർക്കൽ.
280 പ്രൊബേററ് മുതലായവയ്ക്കുള്ളഹർജി ഒപ്പിടുകയും സത്യബോധപ്പെടുത്തുകയും ചെയ്യണമെന്ന്.
281 പ്രൊബേററിനുള്ളഹർജിമരണശാസനത്തിലെ ഒരു സാക്ഷി സത്യബോധപ്പെടുത്തുന്നത്.
282 ഹർജിയിലോ പ്രഖ്യാപനത്തിലോ ഉള്ള വ്യാജപ്രസ്താവനയ്ക്കുള്ള ശിക്ഷ.
283 ജില്ലാ ജഡ്ജിയുടെ അധികാരങ്ങൾ.
284 പ്രൊബേററിൻേറയോ അഡ്മിനിസ്ട്രേഷൻ പത്രത്തിൻേറയോ അനുദാനത്തിന് എതിരായ കാവിയററുകൾ.

കാവിയററിൻെറ ഫാറം.

285 കാവിയററ്, സമക്ഷത്തിൽ വയ്ക്കപ്പെട്ടതിനുശേഷം, കാവിയററുകാരന് നോട്ടീസ് നല്കിക്കഴിയുന്നതുവരെ ഹർജിയിൻമേൽ യാതൊരു നടപടിയും എടുക്കുന്നതല്ലെന്ന്.
286 ജില്ലാ ഡെലിഗേററ് പ്രൊബേററോ അഡ്മിനിസ്ട്രേഷൻ പത്രമോ അനുദാനം ചെയ്യാൻ പാടില്ലാത്തത് എപ്പോഴെന്ന്.
287 തർക്കമില്ലാത്തിടത്ത് സംശയമുള്ള സംഗതികളിൽ സ്റേററ്മെൻറ് ജില്ലാ ജഡ്ജിക്ക് അയച്ചുകൊടുക്കുവാനുള്ള അധികാരം.
288 തർക്കമുണ്ടായിരിക്കുകയോ തൻെറ കോടതിയിൽ പ്രൊബേററോ അഡ്മിനിസ്ട്രേഷൻ പത്രമോ നിരസിക്കേണ്ടതാണെന്ന് ജില്ലാ ഡെലിഗേററിന് തോന്നുകയോ ചെയ്യുന്നിടത്തെ നടപടിക്രമം.

വകുപ്പുകൾ
289 പ്രൊബേററിന്റെ അനുദാനം കോടതിയുടെ മുദ്രവച്ചതായിരിക്കണമെന്ന്.
290 അഡ്മിനിസ്ട്രേഷൻ പത്രത്തിന്റെ അനുദാനം കോടതിയുടെ മുദ്ര വച്ചതായിരിക്കണമെന്ന്.
291 അഡ്മിനിസ്ട്രേഷൻ ബാണ്ട്.
292 അഡ്മിനിസ്ട്രേഷൻ ബാണ്ടിന്റെ തീറ്.
293 പ്രൊബേററും അഡ്മിനിസ്ട്രേഷനും അനുദാനം ചെയ്യുന്നതിനുള്ള സമയം.
294 ഏത് അസൽ മരണശാസനങ്ങളുടെ പ്രൊബേററോ മരണശാസനാനുബദ്ധമായ അഡ്മിനിസ്ട്രേഷനോ ആണ് അനുദാനം ചെയ്യുന്നത്, ആ മരണശാസനങ്ങൾ ഫയൽ ചെയ്യുന്നത്.
295 തർക്കമുള്ള കേസ്സുകളിലെ നടപടിക്രമം.
296 പിൻവലിക്കപ്പെടുന്ന പ്രൊബേററോ അഡ്മിനിസ്ട്രേഷൻ പത്രമോ വിട്ടുകൊടുക്കുന്നത്.
297 പ്രൊബേററോ അഡ്മിനിസ്ട്രേഷനോ പിൻവലിക്കുന്നതിനു മുമ്പ് എക്സിക്യൂട്ടർക്കോ അഡ്മിനിസ്ട്രേററർക്കോ പണം കൊടുക്കുന്നത്.
298 അഡ്മിനിസ്ട്രേഷൻ പത്രം നിരസിക്കാനുള്ള അധികാരം.
299 ജില്ലാ ജഡ്ജിയുടെ ഉത്തരവുകളിൽനിന്നുള്ള അപ്പീലുകൾ.
300 ഹൈക്കോടതിയുടെ സമവർത്തിയായ അധികാരം.
301 എക്സിക്യൂട്ടറേയോ അഡ്മിനിസ്ട്രേററേയോ നീക്കം ചെയ്യുന്നതും പിൻഗാമിക്ക് വ്യവസ്ഥ ചെയ്യുന്നതും.
302 എക്സിക്യൂട്ടർക്കോ അഡ്മിനിസ്ട്രേററർക്കോ ഉള്ള നിദേശങ്ങൾ.

## അദ്ധ്യായം V

### തങ്ങളുടെ സ്വന്തം അപകൃത്യത്താലുണ്ടായ എക്സിക്യൂട്ടർമാർ

303 തന്റെ സ്വന്തം അപകൃത്യത്താലുണ്ടായ എക്സിക്യൂട്ടർ.
304 തന്റെ സ്വന്തം അപകൃത്യത്താൽ ഉണ്ടായ എക്സിക്യൂട്ടറുടെ ബാദ്ധ്യത.

## അദ്ധ്യായം VI

### എക്സിക്യൂട്ടറുടേയോ അഡ്മിനിസ്ട്രേററുടേയോ അധികാരങ്ങളെക്കുറിച്ച്

305 മരിച്ചുപോയ ആളെ അതിജീവിക്കുന്ന വ്യവഹാര കാരണങ്ങളേയും അയാളുടെ മരണസമയത്തുള്ള കടങ്ങളേയും സംബന്ധിച്ച്.
306 മരിച്ചുപോയ ആൾക്കുള്ളതോ അയാൾക്കെതിരായുള്ളതോ ആയ ഡിമാൻഡുകളും വ്യവഹരിക്കാനുള്ള അവകാശങ്ങളും എക്സിക്യൂട്ടർക്കുള്ളതോ അയാൾക്കെതിരായുള്ളതോ ആയി അതിജീവിക്കുമെന്ന്.
307 വസ്തു വ്യയനം ചെയ്യാൻ എക്സിക്യൂട്ടർക്കോ അഡ്മിനിസ്ട്രേററർക്കോ ഉള്ള അധികാരം.
308 അഡ്മിനിസ്ട്രേഷനുള്ള സാമാന്യാധികാരങ്ങൾ.
309 കമ്മീഷൻ ചാർജ്ജുകളോ ഏജൻസി ചാർജ്ജുകളോ.
310 എക്സിക്യൂട്ടറോ അഡ്മിനിസ്ട്രേററോ മരിച്ചുപോയ ആളുടെ വസ്തു വിലയ്ക്കു വാങ്ങുന്നത്.
311 പല എക്സിക്യൂട്ടർമാരുടെയൊ അഡ്മിനിസ്ട്രേററർമാരുടേയോ അധികാരങ്ങൾ ഒരുവന് പ്രയോഗിക്കാമെന്ന്.

വകുപ്പുകൾ


312 പല എക്സിക്യൂട്ടർമാരിലോ അഡ്മിനിസ്ട്രേററർമാരിലോ ഒരുവൻ മരിക്കുന്നതിൻമേൽ അധികാരങ്ങൾ അതിജീവിക്കുന്നത്.
313 അഡ്മിനിസ്ററർ ചെയ്യപ്പെടാത്ത മുതലുകളുടെ അഡ്മിനിസ്ട്രേററർക്കുള്ള അധികാരങ്ങൾ.
314 മൈനാററിററിക്കാലത്തെ അഡ്മിനിസ്ട്രേററർക്കുള്ള അധികാരങ്ങൾ.
315 വിവാഹിതയായ എക്സിക്യൂട്രിക്സിൻേറയോ അഡ്മിനിസ്ട്രേററിക്സിൻേറയോ അധികാരം.


## അദ്ധ്യായം VII

## എക്സിക്യൂട്ടറുടേയോ അഡ്മിനിസ്ട്രേററുടേയോ കർത്തവ്യങ്ങളെക്കുറിച്ച്


316 മരിച്ചുപോയ ആളുടെ ശവസംസ്ക്കാരത്തെക്കുറിച്ച്.
317 ഇൻവൻററിയും കണക്കും.
318 ഇൻവെൻററി ചില സംഗതികളിൽ ഇൻഡ്യയിലെ ഏതുഭാഗത്തുമുള്ള വസ്തു ഉൾക്കൊള്ളണമെന്ന്
319 മരിച്ചുപോയ ആളുടെ വസ്തുവും അയാൾക്ക് ചെല്ലാനുള്ള കടങ്ങളും സംബന്ധിച്ച്.
320 എല്ലാ കടങ്ങൾക്കും മുമ്പ് കൊടുക്കേണ്ട ചെലവുകൾ.
321 അങ്ങനെയുള്ള ചെലവുകൾക്കുശേഷം അടുത്തതായി കൊടുക്കേണ്ട ചെലവുകൾ.
322 അടുത്തതായി ചില സേവനങ്ങൾക്കുള്ള കൂലിയും പിന്നീട് മററു കടങ്ങളും കൊടുക്കേണ്ടതാണെന്ന്.
323 മുൻപറഞ്ഞതൊഴികെ, എല്ലാ കടങ്ങളും സമമായും ആനുപാതികമായും തിരിയെ കൊടുക്കേണ്ടതാണെന്ന്.
324 അധിവാസം ഇൻഡ്യയിലല്ലാത്തിടത്ത്, കടങ്ങൾ തിരിയെ കൊടുക്കാൻ ജംഗമവസ്തു വിനിയോഗിക്കുന്നത്.
325 കടങ്ങൾ ഒസ്യത്തുമുതലുകൾക്കു മുമ്പ് തിരിയെ കൊടുക്കേണ്ടതാണെന്ന്.
326 നഷ്ടോത്തരവാദംകൂടാതെ ഒസ്യത്തുമുതൽ കൊടുക്കാൻ എക്സിക്യൂട്ടറോ അഡ്മിനിസ്ട്രേററോ ബാദ്ധ്യസ്ഥനല്ലെന്ന്.
327 സാമാന്യ ഒസ്യത്തുമുതലുകളുടെ ഉപശമനം.
328 ആസ്തികൾ കടങ്ങൾ തിരിയെകൊടുക്കുവാൻ മതിയായിരിക്കുമ്പോൾ വിനിർദ്ദിഷ്ടമായ ഒസ്യത്തു മുതൽ ഉപശമിക്കാതിരിക്കുന്നത്.
329 ആസ്തികൾ കടങ്ങളും, ആവശ്യകമായ ചെലവുകളും കൊടുക്കുന്നതിന് മതിയായിരിക്കുമ്പോൾ, നിദർശക ഒസ്യത്തിൻ കീഴിലുള്ള അവകാശം
330 വിനിർദ്ദിഷ്ടമായ ഒസ്യത്തുമുതലുകളുടെ ആനുപാതികമായ ഉപശമനം.
331 ഉപശമനാവശ്യത്തിന് സാമാന്യമെന്ന് പരിഗണിക്കപ്പെടുന്ന ഒസ്യത്തുകൾ.


## അദ്ധ്യായം VIII

## എക്സിക്യൂട്ടറോ അഡ്മിനിസ്ട്രേററോ ഒസ്യത്തിന് അനുമതി നല്കുന്നതിനെക്കുറിച്ച്


332 ഒസ്യത്തവകാശിയുടെ ഉടമാവകാശം പൂർത്തിയാക്കാൻ അനുമതി ആവശ്യമാണെന്ന്.
333 വിനിർദ്ദിഷ്ടമായ ഒസ്യത്തിന് എക്സിക്യൂട്ടർ അനുമതി നല്കുന്നതിൻെറ പ്രഭാവം.

വകുപ്പുകൾ

334 സോപാധികമായ അനുമതി.
335 തനിക്കുതന്നെയുള്ള ഒസ്യത്തിന് എക്സിക്യൂട്ടറുടെ അനുമതി.
336 എക്സിക്യൂട്ടറുടെ അനുമതിയുടെ പ്രഭാവം.
337 എക്സിക്യൂട്ടർ ഒസ്യത്തുമുതലുകൾ നല്കേണ്ടത് എപ്പോഴെന്ന്.

## അദ്ധ്യായം IX

## വർഷാശനങ്ങളുടെ പണം കൊടുക്കലും വീതിക്കലും

338 മരണശാസനാസമയം നിശ്ചയിച്ചിട്ടില്ലാത്തപ്പോൾ വർഷാശനത്തിന്റെ പ്രാരംഭം.
339 ത്രൈമാസികമായോ പ്രതിമാസമായോ പണം കൊടുക്കേണ്ട വർഷാശനത്തിന് ആദ്യമായി പണം കൊടുക്കാനുള്ളതായിത്തീരുന്നത് എപ്പോഴെന്ന്.
340 ആദ്യത്തെ തവണയിലെ പണം ഒരു വിനിർദ്ദിഷ്ട സമയത്തിനുള്ളിലോ ഒരു നിശ്ചിത ദിവസമോ കൊടുക്കേണ്ടതാണെന്ന് നിദേശിച്ചിട്ടുള്ളപ്പോൾ അനുക്രമമായ തവണകളിലെ പണം കൊടുക്കേണ്ട തീയതികൾ, പണം കൊടുക്കാനുള്ള തീയതിക്കുമുൻപ് വർഷാശനക്കാരന്റെ മരണം.

## അദ്ധ്യായം X

## ഒസ്യത്തുമുതൽ നല്കുന്നതിന് ഏർപ്പാട് ചെയ്യാൻ പണം നിക്ഷേപിക്കുന്നത്

341 വിനിർദ്ദിഷ്ടമായതല്ലാത്ത ഒസ്യത്ത് ആജീവനാന്തമായി നല്കിയിട്ടുള്ളിടത്ത്, ഒസ്യത്ത് ചെയ്ത തുക നിക്ഷേപിക്കുന്നത്.
342 ഭാവിയിൽ ഒരു സമയത്ത് കൊടുക്കേണ്ട സാമാന്യ ഒസ്യത്തിന്റെ തുക നിക്ഷേപിക്കുന്നത് : ഇടക്കാലത്തെ പലിശയുടെ വിനിയോഗം.
343 വർഷാശനത്തിന് യാതൊരു ഫണ്ടും ചാർജ്ജാക്കുകയോ നീക്കിവയ്ക്കുകയോ ചെയ്യാത്തപ്പോഴുള്ള നടപടിക്രമം.
344 സമാശ്രിത ഒസ്യത്ത് അവശേഷിക്കുന്ന ഒസ്യത്തവകാശിക്ക് കൈമാററം ചെയ്യുന്നത്.
345 പ്രത്യേക ഈടുകളിൽ നിക്ഷേപിക്കാനുള്ള നിദേശം കൂടാതെ ആജീവനാന്തമായി ഒസ്യത്തു ചെയ്യുന്ന അവശേഷം നിക്ഷേപിക്കുന്നത്.
346 പ്രത്യേകമായ ഈടുകളിൽ നിക്ഷേപിക്കാനുള്ള നിദേശത്തോടുകൂടി ആജീവനാന്തമായി ഒസ്യത്തുചെയ്യുന്ന അവശേഷം നിക്ഷേപിക്കുന്നത്.
347 മാററുകയും നിക്ഷേപിക്കുകയും ചെയ്യുന്നതിന്റെ സമയവും രീതിയും.
348 ഒസ്യത്ത് ചെയ്തതിന്റെ പണമോ കൈവശമോ ഉടനെ കിട്ടാൻ മൈനർക്ക് അവകാശമുണ്ടായിരിക്കുകയും അയാൾക്ക് വേണ്ടി ഒരാൾക്ക് പണം കൊടുക്കാൻ നിദേശം ഇല്ലാതിരിക്കുകയും ചെയ്യുന്നിടത്തേ നടപടിക്രമം

## അദ്ധ്യായം XI

## ഒസ്യത്തുമുതലുകളുടെ ഉൽപന്നത്തേയും പലിശയേയുംകുറിച്ച്

349 വിനിർദ്ദിഷ്ടമായ ഒസ്യത്തു മുതലിന്റെ ഉൽപന്നത്തിന് ഒസ്യത്തവകാശിക്കുള്ള അവകാശം.
350 അവശേഷ ഫണ്ടിന്റെ ഉത്പന്നത്തിന് അവശേഷത്തിന്റെ ഒസ്യത്തവകാശിക്കുള്ള ഉടമാവകാശം.
351 സാമാന്യഒസ്യത്തു മുതൽ കൊടുക്കാൻ സമയം നിജപ്പെടുത്തിയിട്ടില്ലാത്തപ്പോഴത്തെ പലിശ.

വകുപ്പുകൾ

352 സമയം നിജപ്പെടുത്തിയിട്ടുള്ളപ്പോഴത്തെ പലിശ.
353 പലിശനിരക്ക്.
354 മരണശാസനകർത്താവിന്റെ മരണത്തിനുശേഷമുള്ള ആദ്യത്തെവർഷത്തിനുള്ളിലുള്ള വർഷാശനക്കുടിശ്ശികയിന്മേൽ പലിശയില്ലെന്ന്.
355 ഒരു വർഷാശനം ഉണ്ടാക്കാനായി നിക്ഷേപിക്കേണ്ട തുകയിന്മേലുള്ള പലിശ.

## അദ്ധ്യായം XII

## ഒസ്യത്തുമുതൽ റീഫണ്ടുചെയ്യുന്നതിനെക്കുറിച്ച്

356 കോടതിയുടെ ഉത്തരവുകൾക്ക് കീഴിൽ കൊടുത്തിട്ടുള്ള ഒസ്യത്തുമുതലിന്റെ റീഫണ്ട്.
357 സ്വേച്ഛയാ കൊടുത്തിട്ടുള്ളതാണെങ്കിൽ റീഫണ്ടില്ലെന്ന്.
358 ഒസ്യത്തുമുതൽ 137-ാം വകുപ്പിൻകീഴിൽ അനുവദിക്കുന്ന കൂടുതൽ സമയത്തിനുള്ളിൽ ഉപാധി നിർവ്വഹിക്കുന്നതിന്മേൽ കൊടുക്കാനുള്ളതായിത്തീർന്നിട്ടുള്ളപ്പോഴത്തെ റീഫണ്ട്.
359 ഓരോ ഒസ്യത്തവകാശിയും അനുപാതികമായി റീഫണ്ട് ചെയ്യാൻ നിർബന്ധിക്കപ്പെടാവുന്നത് എപ്പോഴെന്ന്.
360 ആസ്തികൾ വീതിക്കൽ.
361 ഉത്തമർണ്ണന് ഒസ്യത്തവകാശിയോട് റീ ഫണ്ട് ചെയ്യാൻ ആവശ്യപ്പെടാമെന്ന്.
362 കൊടുത്തുതീർക്കപ്പെടാത്തവനോ, 361-ാം വകുപ്പിൻ കീഴിൽ റീഫണ്ട് ചെയ്യാൻ നിർബന്ധിക്കപ്പെട്ടവനോ ആയ ഒസ്യത്തവകാശിക്ക് മുഴുവൻ പണവും കിട്ടിയ ഒരു ഒസ്യത്തവകാശിയെ റീ ഫണ്ട് ചെയ്യാൻ എപ്പോൾ ബാദ്ധ്യസ്ഥനാക്കാവുന്നതല്ലെന്ന്.
363 കൊടുത്തുതീർക്കപ്പെടാത്ത ഒസ്യത്തവകാശി എക്സിക്യൂട്ടർ കടം വീട്ടാൻ കഴിവുള്ളവനാണെങ്കിൽ എപ്പോൾ അയാൾക്കെതിരായി ആദ്യം നടപടി എടുക്കണമെന്ന്.
364 ഒരു ഒസ്യത്തവകാശി മററാരു ഒസ്യത്തവകാശിക്ക് റീഫണ്ട്ചെയ്യുന്നതിന്റെ പരിധി.
365 റീഫണ്ട് ചെയ്യുന്നത് പലിശകൂടാതെ ആണെന്ന്.
366 സാധാരണ കൊടുക്കാറുള്ളത് കൊടുത്തു കഴിഞ്ഞുള്ള അവശേഷം അവശേഷത്തിന്റെ ഒസ്യത്തവകാശിക്ക് കൊടുക്കേണ്ടതാണെന്ന്.
367 ഇൻഡ്യയിൽനിന്ന് ആസ്തികൾ, വീതിക്കാനായി, അധിവാസരാജ്യത്തിലെ എക്സിക്യൂട്ടർക്കോ അഡ്മിനിസ്ട്രേററർക്കോ കൈമാററം ചെയ്യുന്നത്.

## അദ്ധ്യായം XIII

## നാശമുണ്ടാക്കൽ സംബന്ധിച്ച് എക്സിക്യൂട്ടറുടേയോ, അഡ്മിനിസ്ട്രേറററുടേയോ ബാദ്ധ്യതയെക്കുറിച്ച്

368 നാശമുണ്ടാക്കൽ സംബന്ധിച്ച് എക്സിക്യൂട്ടറുടേയോ അഡ്മിനിസ്ട്രേറററുടേയോ ബാദ്ധ്യത.
369 വസ്തുവിന്റെ ഏതെങ്കിലും ഭാഗം ശേഖരിക്കുവാൻ ഉപേക്ഷവരുത്തുന്ന എക്സിക്യൂട്ടറുടേയോ അഡ്മിനിസ്ട്രേററുടേയോ ബാദ്ധ്യത.

## ഭാഗം X

## പിന്തുടർച്ച സർട്ടിഫിക്കററുകഠം

വകുപ്പുകഠം

370 ഈ ഭാഗത്തിൻ കീഴിൽ സർട്ടിഫിക്കററ് അനുദാനം ചെയ്യുന്നതിന് മേലുള്ള പരിമിതി.
371 സർട്ടിഫിക്കററ് അനുദാനം ചെയ്യാൻ അധികാരിതയുള്ള കോടതി.
372 സർട്ടിഫിക്കററിനുള്ള അപേക്ഷ.
373 അപേക്ഷയിന്മേലുള്ള നടപടിക്രമം.
374 സർട്ടിഫിക്കററിൻെറ ഉള്ളടക്കം.
375 സർട്ടിഫിക്കററ് അനുദാനം ചെയ്യപ്പെടുന്ന ആളിൽനിന്ന് ജാമ്യം ആവശ്യപ്പെടുന്നത്.
376 സർട്ടിഫിക്കററ് വ്യാപകമാക്കൽ.
377 സർട്ടിഫിക്കററിൻേറയും വ്യാപകമാക്കിയ സർട്ടിഫിക്കററിൻേറയും ഫാറങ്ങഠം.
378 ഈടുപത്രങ്ങളെ സംബന്ധിക്കുന്ന അധികാരങ്ങഠം സംബന്ധിച്ച് സർട്ടിഫിക്കററ് ഭേദഗതി ചെയ്യുന്നത്.
379 സർട്ടിഫിക്കററുകളിന്മേൽ കോർട്ട് ഫീസ് പിരിക്കുന്ന സമ്പ്രദായം.
380 സർട്ടിഫിക്കററിൻെറ തദ്ദേശവ്യാപ്തി.
381 സർട്ടിഫിക്കററിൻെറ പ്രഭാവം.
382 വിദേശരാജ്യത്തിലെ ഇൻഡ്യൻ പ്രതിനിധിയാലും, മററുചില സംഗതികളിലും അനുദാനം ചെയ്യുകയോ വ്യാപകമാക്കുകയോ ചെയ്യുന്ന സർട്ടിഫിക്കററിൻെറ പ്രഭാവം.
383 സർട്ടിഫിക്കററ് പിൻവലിക്കുന്നത്.
384 അപ്പീൽ.
385 സർട്ടിഫിക്കററിന്മേൽ, മുൻപേയുള്ള സർട്ടിഫിക്കററിനോ പ്രൊബേററിനോ, അഡ്മിനിസ്ട്രേഷൻ പത്രത്തിനോ ഉള്ള പ്രഭാവം.
386 അസാധുവായ സർട്ടിഫിക്കററിൻെറ ധാരകന്, ഉത്തമവിശ്വാസപൂർവ്വം ചില തുകകഠം നല്കുന്നതിനെ സാധൂകരിക്കുന്നത്.
387 ഈ ഭാഗത്തിൻകീഴിലെ തീരുമാനങ്ങളുടെ പ്രഭാവവും, അതിൻകീഴിലെ സർട്ടിഫിക്കററിൻെറ ധാരകൻെറ ബാദ്ധ്യതയും.
388 ഈ ആക്ററിൻെറ ആവശ്യങ്ങഠംക്ക് താഴ്ന്നകോടതികളിൽ ജില്ലാക്കോടതിയുടെ അധികാരിതയുടെ നിക്ഷേപണം.
389 ദുർബ്ബലപ്പെടുത്തിയതും അസാധുവായതും ആയ സർട്ടിഫിക്കററുകഠം വിട്ടുകൊടുക്കുന്നത്.
390 1827-ലെ VIII-ാം ബോംബെ റെഗുലേഷൻ പ്രകാരമുള്ള സർട്ടിഫിക്കററുകഠം സംബന്ധിച്ച വ്യവസ്ഥകഠം.

## ഭാഗം XI

## പലവക

391 ഒഴിവാക്കൽ.
392 റദ്ദാക്കപ്പെട്ടു.

## പട്ടികകൾ

പട്ടിക I—രക്തബന്ധത്തിന്റെ പട്ടിക

പട്ടിക II—

ഭാഗം I—54-ാം വകുപ്പിൽ പരാമർശിച്ച, മരണശാസനംകൂടാതെ മരിക്കുന്ന പാഴ്സികളുടെ സംഗതിയിലെ കുലബന്ധുവിന്റെ ക്രമം.

ഭാഗം II—55-ാം വകുപ്പിൽ പരാമർശിച്ച, മരണ ശാസനംകൂടാതെ മരിക്കുന്ന പാഴ്സികളുടെ സംഗതിയിലെ കുലബന്ധുവിന്റെ ക്രമം.

പട്ടിക III—VI-ാംഭാഗത്തിലെ വ്യവസ്ഥകൾ, 57-ാം വകുപ്പിൽ വിവരിച്ചിട്ടുള്ള ചില മരണശാസനങ്ങൾക്കും കോഡിസിലുകൾക്കും ബാധിക്കുമെന്ന്.

പട്ടിക IV—സർട്ടിഫിക്കററിന്റെ ഫാറം.

പട്ടിക V—കാവിയററിന്റെ ഫാറം.

പട്ടിക VI—പ്രൊബേററിന്റെ ഫാറം.

പട്ടിക VII—അഡ്മിനിസ്ട്രേഷൻ പത്രത്തിന്റെ ഫാറം.

പട്ടിക VIII—സർട്ടിഫിക്കററിന്റേയും വ്യാപകമാക്കുന്ന സർട്ടിഫിക്കററിന്റേയും ഫാറങ്ങൾ.

പട്ടിക IX (റദ്ദാക്കപ്പെട്ടു)

---

# ഇൻഡ്യൻ പിൻതുടർച്ച ആക്റ്റ് 1925 (1925-ലെ 39)

മരണശാസനം കൂടാതെയുള്ളതും മരണപത്രപ്രകാരമുള്ളതും ആയ പിൻതുടർച്ചയ്ക്കു ബാധകമായ നിയമം സഞ്ചയിക്കുവാനുള്ള ആക്റ്റ്

[1925 സെപ്റ്റംബർ 30]

മരണശാസനം കൂടാതെയുള്ളതും മരണപത്രപ്രകാരമുള്ളതും.... ആയ പിൻതുടർച്ചയ്ക്ക് ബാധകമായ നിയമം സഞ്ചയിക്കുന്നത് സമീചീനമായിരിക്കയാൽ, താഴെപറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു.

ഭാഗം I

## പ്രാരംഭികം

1. ചുരുക്കപ്പേര്.—ഈ ആക്റ്റിന് ഇൻഡ്യൻ പിൻതുടർച്ച ആക്റ്റ്, 1925 എന്ന് പേർ പറയാവുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, വിഷയത്തിലോ സന്ദർഭത്തിലോ വിരുദ്ധമായി എന്തെങ്കിലും ഇല്ലാത്തപക്ഷം,—

(ക) ''അഡ്മിനിസ്ട്രേറ്റർ'' ക്ക്, മരിച്ചുപോയ ആളുടെ എസ്റ്റേറ്റ് അഡ്മിനിസ്റ്റർ ചെയ്യാൻ എക്സിക്യൂട്ടർ ഇല്ലാത്ത സംഗതിയിൽ, ക്ഷമതയുള്ള അധികാരസ്ഥാനം നിയമിക്കുന്ന ആൾ എന്ന് അർത്ഥമാകുന്നു.

(ഖ) ''കോഡിസി'' ന്, ഒരു മരണശാസനം സംബന്ധിച്ച് ഉണ്ടാക്കിയതും അതിലെ വിന്യാസങ്ങൾ വിശദീകരിക്കുകയോ വ്യത്യാസപ്പെടുത്തുകയോ അവയോടുകൂട്ടിച്ചേർക്കുകയോ ചെയ്യുന്നതും ആയ പ്രമാണം എന്ന് അർത്ഥമാകുന്നതും, അത് മരണശാസനത്തിന്റെ ഭാഗമായി കരുതപ്പെടുന്നതും ആകുന്നു.

(ഖഖ) ''ജില്ലാജഡ്ജി'' യ്ക്ക്, ആദ്യാധികാരിതയുള്ള പ്രിൻസിപ്പൽ സിവിൽ കോടതിയിലെ ജഡ്ജി എന്ന് അർത്ഥമാകുന്നു.

(ഗ) ''എക്സിക്യൂട്ടർ'' ക്ക്, മരിച്ചുപോയ ആളുടെ ഒടുവിലത്തെ മരണശാസനത്തിന്റെ എക്സിക്യൂഷൻ മരണശാസനകർത്താവിന്റെ നിയമനം വഴി ഏല്പിച്ചുകൊടുക്കുന്ന ആൾ എന്നർത്ഥമാകുന്നു.

(ഗഗ) ''ഇൻഡ്യ'' യ്ക്ക്, ഇൻഡ്യയുടെ ജമ്മു-കാശ്മീർ സ്റ്റേറ്റ് ഒഴികെയുള്ള രാജ്യക്ഷേത്രം എന്ന് അർത്ഥമാകുന്നു.

(ഘ) "ഇൻഡ്യൻ ക്രിസ്ത്യാനിക്ക്" സങ്കരമല്ലാത്ത ഏഷ്യൻ പരമ്പരയിലുള്ളവനായിരിക്കുകയോ ഉള്ളവനാണെന്നു ഉത്തമവിശ്വാസപൂർവ്വം അവകാശപ്പെടുകയോ ചെയ്യുന്നവനും, ഏതെങ്കിലും രൂപത്തിലുള്ള ക്രിസ്തുമതത്തിൽ വിശ്വാസം പ്രകടിപ്പിക്കുന്നവനുമായ ഇൻഡ്യൻനാട്ടുകാരൻ എന്നർത്ഥമാകുന്നു.

(ങ) "മൈനർ" ക്ക്, ഇൻഡ്യൻ മെജാറിററിആക്ററ്, 1875 (1875 ലെ 9) ന് വിധേയനായതും അതിൻെറ അർത്ഥത്തിൽ മേജർ ആയിട്ടില്ലാത്തതും ആയ ഏതെങ്കിലും ആളും, പതിനെട്ടുവയസ്സ് പൂർത്തിയായിട്ടില്ലാത്ത മറേറതെങ്കിലും ആളും എന്ന് അർത്ഥമാകുന്നതും, "മൈനറാറിററി" യ്ക്ക്, അങ്ങനെയുള്ള ഏതെങ്കിലും ആളുടെ സ്ഥിതി എന്ന് അർത്ഥമാകുന്നതും ആണ്.

(ച) "പ്രൊബേററി" ന്, മരണശാസന കർത്താവിൻെറ എസ്റേററിനുള്ള അഡ്മിനിസ്ട്രേറഷൻെറ അനുബന്ധ സഹിതം ഉള്ളതും, ക്ഷമതയോടുകൂടിയ അധികാരിതയുള്ള ഒരു കോടതി മുദ്രവച്ചു സർട്ടിഫൈ ചെയ്തതുമായ മരണശാസനപ്പകർപ്പ് എന്ന് അർത്ഥമാകുന്നു.

(ഛ) "സ്റേററി"ൽ, ഇൻഡ്യയിലെ അവസാനത്തേതെന്ന നിലയിൽ പ്രാപ്യമായ ഒരു കോടതി ഉള്ള ഏതെങ്കിലും ഡിവിഷൻ ഉൾപ്പെടുന്നു.

(ജ) "മരണശാസന"ത്തിന്, മരണശാസന കർത്താവിൻെറ മരണശേഷം അയാളുടെ വസ്തുസംബന്ധിച്ച് നടപ്പിലാക്കപ്പെടണമെന്ന് അയാൾ ആഗ്രഹിക്കുന്ന, അയാളുടെ ഉദ്ദേശ്യത്തെപ്പററിയുള്ള നിയമാനുസൃതമായ പ്രഖ്യാപനം എന്ന് അർത്ഥമാകുന്നു.

3. <u>സ്റേററിലെ ഏതെങ്കിലും വംശത്തേയോ മതവിഭാഗത്തേയോ ഗോത്രവർഗ്ഗത്തേയോ ആക്ററിൻെറ പ്രവർത്തനത്തിൽനിന്ന് ഒഴിവാക്കുവാൻ സ്റേററ് ഗവൺമെൻറിനുള്ള അധികാരം.</u>—(1) സ്റേററ് ഗവൺമെൻറിന്, ഈ ആക്ററിലെ താഴെപ്പറയുന്ന ഏതെങ്കിലും വ്യവസ്ഥകളുടെ, അതായത് 5 മുതൽ 49, 58 മുതൽ 191, 212, 213, 215 മുതൽ 369 എന്നീ വകുപ്പുകളുടെ പ്രവർത്തനത്തിൽ നിന്ന് സ്റേററിലെ അങ്ങനെയുള്ള വ്യവസ്ഥകളോ അവയിൽ ഉത്തരവിൽ പ്രസ്താവിക്കുന്ന ഏതെങ്കിലുമോ ബാധകമാക്കുന്നത് അസാദ്ധ്യമാണെന്നോ സമീചീനമല്ലെന്നോ സ്റേററ് ഗവൺമെൻറ് കരുതുന്ന ഏതെങ്കിലും വംശത്തിലേയോ മതവിഭാഗത്തിലേയോ ഗോത്രവർഗ്ഗത്തിലേയോ അംഗങ്ങളെ, ഔദ്യോഗികഗസററിൽ വിജ്ഞാപനംവഴി 1865 മാർച്ച് 16-ാംദിവസം മുതൽപിൻകാലപ്രാബല്യത്തോടുകൂടിയോ മുൻകാലപ്രാബല്യത്തോടുകൂടിയോ ഒഴിവാക്കാവുന്നതാണ്.

(2) സ്റേററ് ഗവൺമെൻറിന്, സദൃശവിജ്ഞാപനം വഴി, അങ്ങനെയുള്ള ഏതൊരുത്തരവും പിൻവലിയ്ക്കാവുന്നതും എന്നാൽ അത്, പിൻവലിക്കലിന് പിൻകാലപ്രാബല്യമുള്ളവിധം ആയിരിക്കാൻ പാടില്ലാത്തതുമാകുന്നു.

(3) ഈ വകുപ്പിൻകീഴിൽ ഒഴിവാക്കിയിട്ടുള്ളവരോ അല്ലെങ്കിൽ ഇൻഡ്യൻ പിന്തുടർച്ചാ ആക്ററ്, 1865 (1865 ലെ 10)-ലെ വ്യവസ്ഥകളിൽ ഏതിൻേറയെങ്കിലും പ്രവർത്തനത്തിൽനിന്ന്, ആ ആക്ററിലെ 332-ാം വകുപ്പിൻകീഴിൽ ഒഴിവാക്കിയിട്ടുള്ളവരോ ആയ ആളുകൾ ഈ ആക്ററിൽ "ഒഴിവാക്കപ്പെട്ട ആളുകൾ" ആയി പരാമർശിക്കപ്പെട്ടിരിക്കുന്നു.

ഭാഗം II

അധിവാസത്തെക്കുറിച്ച്

4. <u>ഭാഗത്തിൻെറ ബാധകത.</u>—മരിച്ചുപോയആൾ ഹിന്ദുവോ, മുഹമ്മദീയനോ, ബുദ്ധമതക്കാരനോ, സിക്കുകാരനോ, ജൈനനോആയിരുന്നുവെങ്കിൽ ഈ ഭാഗം ബാധകമാകുന്നതല്ല.

5. മരിച്ചുപോയ ആളുടെ, യഥാക്രമം സ്ഥാവരവസ്തുവിനും ജംഗമവസ്തുവിനും ഉള്ള പിൻതുടർച്ച ക്രമപ്പെടുത്തുന്ന നിയമം.—(1) മരിച്ചുപോയ ആളുടെ ഇൻഡ്യയിലെ സ്ഥാവര വസ്തുവിനുള്ള പിൻതുടർച്ച, അയാൾക്കു തന്റെ മരണസമയത്ത് തന്റെ അധിവാസം എവിടെത്തന്നെയുണ്ടായിരുന്നാലും, ഇൻഡ്യയിലെ നിയമത്താൽ ക്രമപ്പെടുത്തപ്പെടുന്നതാകുന്നു.

(2) മരിച്ചുപോയ ആളുടെ ജംഗമവസ്തുവിനുള്ള പിൻതുടർച്ച, അയാളുടെ മരണസമയത്ത് അയാൾക്ക് അധിവാസമുണ്ടായിരുന്ന രാജ്യത്തിലെ നിയമത്താൽ ക്രമപ്പെടുത്തപ്പെടുന്നതാകുന്നു.

### ദൃഷ്ടാന്തങ്ങൾ

(i) ക, ഇൻഡ്യയിൽ അധിവാസമുണ്ടായിരിക്കെ, ഫ്റാൻസിൽ ജംഗമവസ്തുവും, ഇംഗ്ലണ്ടിൽ ജംഗമവസ്തുവും, ഇൻഡ്യയിൽ ജംഗമവസ്തുവും സ്ഥാവരവസ്തുവും വിട്ടുംവച്ചു്, ഫ്റാൻസിൽ വച്ചു മരിക്കുന്നു, മുഴുവൻ വസ്തുവിനും ഉള്ള പിൻതുടർച്ച ഇൻഡ്യയുടെ നിയമത്താൽ ക്രമപ്പെടുത്തപ്പെടുന്നതാണ്.

(ii) ഇംഗ്ലീഷ്കാരനായ ക, ഫ്റാൻസിൽ അധിവാസം ഉണ്ടായിരിക്കെ ഇൻഡ്യയിൽവച്ച് മരിക്കുകയും ഇൻഡ്യയിൽ ജംഗമവസ്തുവും സ്ഥാവരവസ്തുവും വിട്ടുപോവുകയും ചെയ്യുന്നു. ജംഗമവസ്തുവിലുള്ള പിന്തുടർച്ച ഫ്റാൻസിൽ അധിവാസം ഉണ്ടായിരിക്കെ മരിക്കുന്ന ഒരു ഇംഗ്ലീഷുകാരന്റെ ജംഗമവസ്തുവിലുള്ള പിൻതുടർച്ചയെ ഫ്റാൻസിൽ അനുശാസിക്കുന്ന ചട്ടങ്ങളാൽ ക്രമപ്പെടുത്തപ്പെടുന്നതും, സ്ഥാവരവസ്തുവിന്റെ പിൻതുടർച്ച ഇൻഡ്യയുടെ നിയമത്താൽ ക്രമപ്പെടുത്തപ്പെടുന്നതും ആകുന്നു.

6. ഒററ അധിവാസംമാത്രമെ ജംഗമവസ്തുവിനുള്ള പിൻതുടർച്ചായെ ബാധിക്കുന്നുള്ളുവെന്ന്.—ഒരാൾക്ക്, തന്റെ ജംഗമവസ്തുവിനുള്ള പിൻതുടർച്ചയുടെ ആവശ്യത്തിന് ഒററ അധിവാസം മാത്രമേ ഉണ്ടായിരിക്കാനാവുകയുള്ളു.

7. നിയമാനുസൃതവേഴ്ചയിൽ ജനിച്ച ആളുടെ മൂലാധിവാസം.—നിയമാനുസൃതവേഴ്ചയിൽ ജനിച്ച ഏതൊരാളുടേയും മൂലാധിവാസം, അയാളുടെ ജനനസമയത്ത് അയാളുടെ പിതാവിന് അധിവാസമുണ്ടായിരുന്ന രാജ്യമോ, അല്ലെങ്കിൽ അയാൾ, പിതാവ് മരിച്ചതിനുശേഷം ജനിച്ച കുട്ടിയാണെങ്കിൽ, പിതാവിന്റെ മരണസമയത്ത് പിതാവിന് അധിവാസമുണ്ടായിരുന്ന രാജ്യമോ ആകുന്നു

### ദൃഷ്ടാന്തം

ക യുടെ ജനനസമയത്ത്, അയാളുടെ പിതാവിന് ഇംഗ്ലണ്ടിൽ അധിവാസം ഉണ്ടായിരുന്നു; ക ജനിച്ചത് ഏതു രാജ്യത്തായിരുന്നാലും അയാളുടെ മൂലാധിവാസം ഇംഗ്ലണ്ടിലാകുന്നു

8 നിയമവിരുദ്ധ വേഴ്ചയിലുണ്ടായ കുട്ടിയുടെ മൂലാധിവാസം.—നിയമവിരുദ്ധ വേഴ്ചയിലുണ്ടായ കുട്ടിയുടെ മൂലാധിവാസം, അയാളുടെ ജനനസമയത്ത് അയാളുടെ മാതാവിന് അധിവാസമുണ്ടായിരുന്ന രാജ്യത്താകുന്നു

9. മൂലാധിവാസം തുടരുന്നത്.—പുതിയ അധിവാസം ആർജ്ജിക്കുന്നതുവരെ മൂലാധിവാസം നിലവിൽ ഉണ്ടായിരിക്കുന്നതാണ്.

10 പുതിയ അധിവാസം ആർജ്ജിക്കുന്നത്.—ഒരാൾ തന്റെ മൂലാധിവാസത്തിന്റേതല്ലാത്ത ഒരു രാജ്യത്ത് സ്ഥിരനിവാസമാക്കുന്നതുവഴി ഒരു പുതിയ അധിവാസം ആർജ്ജിക്കുന്നു.

വിശദീകരണം.—ഒരാൾ, ഇൻഡ്യയിൽ ഗവൺമെന്റിന്റെ സിവിൽ സർവ്വീസിലോ കര-നാവിക-വൈമാനിക സർവ്വീസിലോ ആയോ അല്ലെങ്കിൽ ഏതെങ്കിലുംവൃത്തിയിലോ ജീവികയിലോ ഏർപ്പെട്ടുകൊണ്ടോ താമസിക്കുന്നു എന്നകാരണത്താൽ മാത്രം അയാൾ അവിടെ സ്ഥിരനിവാസം ആക്കിയിട്ടുള്ളതായികരുതപ്പെടുന്നതല്ല.

## ദൃഷ്ടാന്തങ്ങൾ

(i) മൂലാധിവാസം ഇംഗ്ലണ്ടിലായിട്ടുള്ള ക, ഇൻഡ്യയിലേക്ക് പുറപ്പെടുകയും, തന്റെ ബാക്കി ജീവിതകാലം അവിടെ താമസിക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ട് ഒരു ബാരിസ്റ്ററായോ കച്ചവടക്കാരനായോ അവിടെ വാസമുറപ്പിക്കുകയും ചെയ്യുന്നു. അയാളുടെ അധിവാസം ഇപ്പോൾ ഇൻഡ്യയിലാണ്.

(ii) അധിവാസം ഇംഗ്ലണ്ടിലായിട്ടുള്ള ക ആസ്ട്രിയായിലേക്ക് പോവുകയും, ആസ്ട്രിയൻ സർവ്വീസിൽ തുടർന്നുപോകണമെന്ന് ഉദ്ദേശിച്ചുകൊണ്ട് ആ സർവ്വീസിൽ പ്രവേശിക്കുകയും ചെയ്യുന്നു. ക, ആസ്ട്രിയായിൽ അധിവാസം ആർജ്ജിച്ചിരിക്കുന്നു.

(iii) മൂലാധിവാസം ഫ്രാൻസിലായിട്ടുള്ള ക, കേന്ദ്രഗവൺമെന്റുമായി ഏതാനുംവർഷത്തേക്കുള്ള ഒരു ഉടമ്പടിക്ക് കീഴിൽ ഇൻഡ്യയിൽ താമസിക്കുവാൻ വരുന്നു. ആ കാലാവധിയുടെ അവസാനം ഫ്രാൻസിലേയ്ക്ക് മടങ്ങാനാണ് അയാളുടെ ഉദ്ദേശ്യം. അയാൾ ഇൻഡ്യയിൽ അധിവാസം ആർജ്ജിക്കുന്നില്ല.

(iv) അധിവാസം ഇംഗ്ലണ്ടിലായിട്ടുള്ള ക, വിഘടനം ചെയ്യപ്പെട്ട ഒരു പങ്കാളിത്തത്തിന്റെ കാര്യങ്ങൾ സമാപിപ്പിക്കുന്ന ആവശ്യത്തിനായും, ആ ആവശ്യം നിർവ്വഹിച്ച ഉടൻ ഇംഗ്ലണ്ടിലേയ്ക്ക് മടങ്ങണമെന്ന ഉദ്ദേശ്യത്തോടുകൂടിയും ഇൻഡ്യയിൽ താമസിക്കാനായി പോകുന്നു. അങ്ങനെയുള്ള താമസം എത്രതന്നെ നീണ്ടിരുന്നാലും, ആ താമസംവഴി അയാൾ ഇൻഡ്യയിൽ അധിവാസം ആർജ്ജിക്കുന്നില്ല.

(v) തൊട്ടുമുമ്പിലത്തെ ദൃഷ്ടാന്തത്തിൽ പ്രസ്താവിച്ച പരിത:സ്ഥിതികളിൽ, ഇൻഡ്യയിൽ താമസിക്കാനായി പോയിരിക്കെ ക, പിന്നീട് തന്റെ ഉദ്ദേശ്യം വ്യത്യാസപ്പെടുത്തുകയും ഇൻഡ്യയിൽ സ്ഥിരനിവാസമാക്കുകയും ചെയ്യുന്നു. ക ഇൻഡ്യയിൽ അധിവാസം ആർജ്ജിച്ചിരിക്കുന്നു

(vi) അധിവാസം ചന്ദ്രനഗർ ഫ്രഞ്ച് സെററിൽമെന്റിൽ ആയിട്ടുള്ള ക, രാഷ്ട്രീയസംഭവങ്ങളാൽ കൽക്കട്ടയിൽ അഭയം തേടുവാൻ നിർബദ്ധനായിത്തീരുകയും, തനിക്ക് ചന്ദ്രനഗറിലേക്ക് സുരക്ഷിതമായി മടങ്ങുവാൻ കഴിവുണ്ടാക്കുന്ന രാഷ്ട്രീയ മാററങ്ങൾ ഉണ്ടാകുമെന്നുള്ള ആശയിൽ അനേക വർഷം കൽക്കട്ടയിൽ താമസിക്കുകയും ചെയ്യുന്നു. അങ്ങനെയുള്ള താമസത്താൽ അയാൾ ഇൻഡ്യയിൽ അധിവാസം ആർജ്ജിക്കുന്നില്ല.

(vii) തൊട്ടുമുമ്പിലത്തെ ദൃഷ്ടാന്തത്തിൽ, പ്രസ്താവിച്ച പരിത:സ്ഥിതികളിൽ കൽക്കട്ടയിൽ വന്നിരിക്കെ ക, തനിക്ക് ചന്ദ്രനഗറിലേക്ക് സുരക്ഷിതമായി മടങ്ങുവാൻ കഴിവുണ്ടാക്കുന്ന രാഷ്ട്രീയ മാററങ്ങൾ ഉണ്ടായതിനുശേഷം അവിടെ താമസിക്കുന്നത് തുടരുകയും, കൽക്കട്ടയിലെ തന്റെ താമസം സ്ഥിരമായിരിക്കണമെന്ന് ഉദ്ദേശിക്കുകയും ചെയ്യുന്നു. ക ഇൻഡ്യയിൽ അധിവാസം ആർജ്ജിച്ചിരിക്കുന്നു.

11. ഇൻഡ്യയിൽ അധിവാസം ആർജ്ജിക്കുന്നതിനുള്ള പ്രത്യേക സമ്പ്രദായം.—ഏതെങ്കിലും ആറാൾക്ക്, ഇൻഡ്യയിൽ അധിവാസം ആർജ്ജിക്കുവാനുള്ള തന്റെ ആഗ്രഹത്തെപ്പററി, താൻ ഒപ്പുവച്ച ലിഖിതമായ ഒരു പ്രഖ്യാപനം സ്റേററ് ഗവൺമെൻറ് ഈ ആവശ്യത്തിലേയ്ക്കു നിശ്ചയിക്കുന്ന ഇൻഡ്യയിലെ ഏതെങ്കിലും ആഫീസിൽ വച്ച് ചെയ്യുകയും, അവിടെ നിക്ഷേപിക്കുകയും ചെയ്യുന്നതുവഴി അങ്ങനെയുള്ള അധിവാസം ആർജ്ജിക്കാവുന്നതാണ്;

എന്നാൽ, അതിന് അങ്ങനെയുള്ള പ്രഖ്യാപനം ചെയ്യുന്ന സമയത്തിനുതൊട്ടുമുമ്പുള്ള ഒരു വർഷം അയാൾ ഇൻഡ്യയിൽ താമസിച്ചിരുന്നിരിക്കണം.

12. വിദേശഗവൺമെൻറിന്റെ പ്രതിനിധിയോ അയാളുടെ കുടുംബത്തിലെ അംഗമായോ ഉള്ള താമസത്താൽ അധിവാസം ആർജ്ജിക്കപ്പെടുന്നില്ലെന്ന്.—ഒരു രാജ്യത്തെ ഗവൺമെൻറിനാൽ, അതിന്റെ മറെറാരു രാജ്യത്തിലെ അംബാസഡറോ കാൺസലോ മററ് പ്രതിനിധിയോ ആയി നിയമിക്കപ്പെട്ടിട്ടുള്ള ഒരാൾ, തന്റെ നിയമനത്തിന് അനുസൃതമായി ആ മറെറ രാജ്യത്ത് താമസിക്കുന്നു എന്ന കാരണത്താൽമാത്രം അതിൽ അധിവാസം ആർജ്ജിക്കുന്നില്ല; മററ് എതെങ്കിലും ആളും ആദ്യംപറഞ്ഞ ആളുടെകൂടെ, അയാളുടെ കുടുംബത്തിലെ അംഗമായോ ഭൃത്യനായോ താമസിക്കുന്നു എന്ന കാരണത്താൽമാത്രം അങ്ങനെയുള്ള അധിവാസം ആർജ്ജിക്കുന്നില്ല.

13. പുതിയ അധിവാസം തുടരുന്നത്.—പുതിയ അധിവാസം മുമ്പിലത്തെ അധിവാസം പുനരാരംഭിക്കുകയോ മറെറാന്ന് ആർജ്ജിക്കുകയോ ചെയ്യുന്നതുവരെ തുടരുന്നതാകുന്നു.

14. മൈനറുടെ അധിവാസം.—മൈനറുടെ അധിവാസം, അയാൾക്ക് മൂലാധിവാസം സിദ്ധിച്ചത് ഏത് പിതാവിൽനിന്നോ മാതാവിൽനിന്നോ ആണോ, ആ പിതാവിന്റേയോ മാതാവിന്റേയോ അധിവാസത്തെ അനുവർത്തിക്കുന്നതാകുന്നു.

അപവാദം.—ഒരു മൈനറുടെ അധിവാസം, മൈനർ വിവാഹിതനായിരിക്കുകയോ ഗവൺമെൻറ് സർവ്വീസിൽ ഏതെങ്കിലും ഉദ്യോഗമോ നിയോജനമോ വഹിക്കുകയോ അല്ലെങ്കിൽ പിതാവിന്റെ സമ്മതത്തോടുകൂടി ഏതെങ്കിലും പ്രത്യേകബിസിനസ് ആരംഭിച്ചിരിക്കുകയോ ചെയ്യുന്നുവെങ്കിൽ, പിതാവിന്റെ അധിവാസത്തോടൊപ്പംമാറുന്നതല്ല.

15. വിവാഹത്തോടെ സ്ത്രീ ആർജ്ജിക്കുന്ന അധിവാസം.—വിവാഹം വഴി ഒരു സ്ത്രീ തന്റെ ഭർത്താവിന്റെ അധിവാസം മുമ്പേ തനിക്ക് അതേ അധിവാസം ഉണ്ടായിരുന്നില്ലെങ്കിൽ, ആർജ്ജിക്കുന്നു.

16. വിവാഹം നിലവിലുള്ളപ്പോൾ ഭാര്യയുടെ അധിവാസം.—ഭാര്യയുടെ അധിവാസം വിവാഹം നിലവിലുള്ളപ്പോൾ തന്റെ ഭർത്താവിന്റെ അധിവാസത്തെ അനുവർത്തിക്കുന്നതാകുന്നു.

അപവാദം :—ക്ഷമതയുള്ള ഒരു കോടതിയുടെ ശിക്ഷാവിധിയാൽ ഭാര്യാഭർത്താക്കന്മാർ വേർപെടുത്തപ്പെട്ടിട്ടുണ്ടെങ്കിലോ, ഭർത്താവ് നാടുകടത്തലിനുള്ള ശിക്ഷാവിധി അനുഭവിച്ചുകൊണ്ടിരിക്കുന്നുവെങ്കിലോ, ഭാര്യയുടെ അധിവാസം ഭർത്താവിന്റെ അധിവാസത്തെ തുടർന്നു അനുവർത്തിക്കുന്നതല്ല.

17. മൈനർ പുതിയ അധിവാസം ആർജ്ജിക്കുന്നത്.—ഈ ഭാഗത്തിൽ ഇതിനുമുമ്പ് മററുവിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള വിധമൊഴികെ, ഒരാൾക്ക് മൈനറായിരിക്കുന്ന കാലത്ത് ഒരു പുതിയ അധിവാസം ആർജ്ജിക്കുവാൻ കഴിയുന്നതല്ല.

18. ചിത്തഭ്രമമുള്ള ആൾ പുതിയ അധിവാസം ആർജ്ജിക്കുന്നത്.—ചിത്തഭ്രമമുള്ള ഒരാൾക്ക് തൻെറ അധിവാസം മറെറാരാളുടെ അധിവാസത്തെ അനുവർത്തിക്കുന്നതു വഴിയല്ലാത്ത മറേറതെങ്കിലും വഴിയിലൂടെ ഒരു പുതിയ അധിവാസം ആർജ്ജിക്കാൻ കഴിയുന്നതല്ല.

19. മറെറാരിടത്ത് അധിവാസം തെളിയിക്കപ്പെടാത്തപ്പോൾ ഇൻഡ്യയിലെ ജംഗമവസ്തുവിനുള്ള പിൻതുടർച്ച.— ഒരാൾ ഇൻഡ്യയിൽ ജംഗമസ്വത്ത് വിട്ടുംവച്ചു മരിക്കുന്നു വെങ്കിൽ, മറെറാരിടത്ത് ഏതെങ്കിലും അധിവാസം തെളിയിക്കപ്പെടാത്തപ്പോൾ ആ വസ്തുവിനുള്ള പിൻതുടർച്ച ഇൻഡ്യയുടെ നിയമത്താൽ ക്രമപ്പെടുത്തപ്പെടുന്നതാകുന്നു.

## ഭാഗം III

## വിവാഹം

20. അവകാശങ്ങളും അധികാരങ്ങളും വിവാഹം വഴി ആർജ്ജിക്കപ്പെടുകയോ നഷ്ടപ്പെടുകയോ ചെയ്യുന്നതല്ലെന്ന്.—(1) യാതൊരാളും, വിവാഹംവഴി താൻ വിവാഹംകഴിക്കുന്ന ആളുടെ വസ്തുവിൽ ഏതെങ്കിലും അവകാശം ആർജ്ജിക്കുകയോ അല്ലെങ്കിൽ തൻെറ സ്വന്തംവസ്തു സംബന്ധിച്ചു വിവാഹം കഴിച്ചിട്ടില്ലായിരുന്നുവെങ്കിൽ തനിക്ക് ചെയ്യുവാൻ കഴിയുമായിരുന്ന ഏതെങ്കിലും കൃത്യം ചെയ്യാൻ അസമർത്ഥതയുള്ള ആളായിത്തീരുകയോ ചെയ്യുന്നതല്ല.

(2) ഈ വകുപ്പ്.—

(ക) 1866 ജനുവരി ഒന്നാം ദിവസത്തിനു മുമ്പ് നടന്ന ഏതെങ്കിലും വിവാഹത്തിന് ബാധകമാകുന്നതല്ലാത്തതും;

(ഖ) വിവാഹത്തിലെ കക്ഷികളിൽ ഒരാളോ ഇരുവരുമോ വിവാഹ സമയത്ത് ഹിന്ദുമതത്തിലോ, ക്രിസ്തുമതത്തിലോ മുഹമ്മദുമതത്തിലോ ജൈനമതത്തിലോ വിശ്വാസം പ്രകടിപ്പിച്ചിരിക്കുന്ന ആൾ ആയിരുന്ന ഒരു വിവാഹത്തിന് ബാധകമാകുന്നതല്ലാത്തതും,. ഒരിക്കലും ബാധകമായിരുന്നില്ലെന്ന് കരുതപ്പെടുന്നതും, ആകുന്നു.

21. ഇൻഡ്യയിൽ അധിവാസമുള്ള ആളും അധിവാസമില്ലാത്ത ആളും തമ്മിലുള്ള വിവാഹത്തിൻെറ പ്രഭാവം.—അധിവാസം ഇൻഡ്യയിലല്ലാത്ത ഒരാൾ അധിവാസം ഇൻഡ്യയിൽ ആയിട്ടുള്ള ഒരാളെ ഇൻഡ്യയിൽ വച്ച് വിവാഹം കഴിക്കുന്നുവെങ്കിൽ, ആ വിവാഹം വഴി ഇരുകക്ഷികളിൽ ആരും വിവാഹത്തിന് മുൻപ് ഉണ്ടാക്കപ്പെട്ട ഒരു ധനനിശ്ചയത്തിൽ അടങ്ങിയതല്ലാത്ത, മറേറ കക്ഷിയുടെ ഏതെങ്കിലും വസ്തുസംബന്ധിച്ചു വിവാഹസമയത്ത് ഇരുവർക്കും ഇൻഡ്യയിൽ അധിവാസം ഉണ്ടായിരുന്നു വെങ്കിൽ താൻ ആർജ്ജിക്കാത്ത ഏതെങ്കിലും അവകാശം ആർജ്ജിക്കുന്നില്ല.

22. വിവാഹം വിഭാവനം ചെയ്തുകൊണ്ടുള്ള മൈനറുടെ വസ്തു സംബന്ധിച്ച ധനനിശ്ചയം.—(1) വിവാഹം വിഭാവനം ചെയ്തുകൊണ്ട് ഒരു മൈനറുടെ വസ്തു സംബന്ധിച്ചു ധനനിശ്ചയം ഉണ്ടാക്കാവുന്നതാണ്;

എന്നാൽ ആ ധനനിശ്ചയം മൈനർ, മൈനറുടെ പിതാവിന്റെ അംഗീകാരത്തോടുകൂടിയോ, പിതാവ് മരിച്ചുപോയിരിക്കുകയോ ഇൻഡ്യയിൽ ഇല്ലാതിരിക്കുകയോ ചെയ്യുന്നുവെങ്കിൽ ഹൈക്കോടതിയുടെ അംഗീകാരത്തോടുകൂടിയോ, ഉണ്ടാക്കിയതായിരിക്കണം.

(2) ഈ വകുപ്പിലേയോ 21-ാം വകുപ്പിലേയോ യാതൊന്നും, 1866 ജനുവരി ഒന്നാംദിവസത്തിനുമുമ്പ് ചെയ്ത ഏതെങ്കിലും മരണശാസനത്തിനോ ആ ദിവസത്തിനുമുമ്പ് ഉണ്ടാകുന്നതും മരണശാസനം കൂടാതെ മരിച്ചാലുള്ളതുമായ സ്ഥിതിയ്ക്കോ, അല്ലെങ്കിൽ ഏതെങ്കിലും ഹിന്ദുവിന്റേയോ മുഹമ്മദീയന്റേയോ ബുദ്ധമതക്കാരന്റേയോ സിക്കുകാരന്റേയോ ജൈനന്റേയോ വസ്തുവിനുള്ള മരണശാസനം കൂടാതെയുള്ളതോ മരണപത്രപ്രകാരമുള്ളതോ ആയ പിൻതുടർച്ചയ്ക്കോ ബാധകമാകുന്നതല്ല.

## ഭാഗം IV

## രക്തബന്ധത്തെക്കുറിച്ച്

23. ഭാഗത്തിന്റെ ബാധകത.—ഈ ഭാഗത്തിലെ യാതൊന്നും, 1866 ജനുവരി ഒന്നാംദിവസത്തിന് മുമ്പ്ചെയ്ത ഏതെങ്കിലും മരണശാസനത്തിനോ, ആ ദിവസത്തിന് മുമ്പ് ഉണ്ടാകുന്നതും മരണശാസനം കൂടാതെ മരിച്ചാലുള്ളതുമായ സ്ഥിതിക്കോ അല്ലെങ്കിൽ ഏതെങ്കിലും ഹിന്ദുവിന്റേയോ മുഹമ്മദീയന്റേയോ ബുദ്ധമതക്കാരന്റേയോ സിക്കുകാരന്റേയോ ജൈനന്റേയോ വസ്തുവിനുള്ള മരണശാസനംകൂടാതെയുള്ളതോ, മരണപത്രപ്രകാരമുള്ളതോ ആയ പിൻതുടർച്ചയ്ക്കോ ബാധകമാകുന്നതല്ല.

24. കുലബന്ധം അല്ലെങ്കിൽ രക്തബന്ധം.—കുലബന്ധം അല്ലെങ്കിൽ രക്തബന്ധം ഒരേ കുലത്തിൽ നിന്നോ ഒരു പൊതുപൂർവ്വീകനിൽ നിന്നോ ഉള്ള സന്തതികൾ തമ്മിലുള്ള ബന്ധമോ ചാർച്ചയോ ആകുന്നു.

25. പരമ്പരാ രക്തബന്ധം.—(1) പരമ്പരാരക്തബന്ധം, ഒരു മനുഷ്യനും, അയാളുടെ പിതാവ് പിതാമഹൻ പ്രപിതാമഹൻ മാതാമഹൻ മാതാമഹന്റെയോ മാതാമഹിയുടേയോ പിതാമഹന്റേയോ പിതാമഹിയുടേയോ പിതാവ് എന്നിങ്ങനെ മേല്പോട്ട് നേരെയുള്ള ആരോഹണപരമ്പരയിലുള്ളവരും തമ്മിലോ, അല്ലെങ്കിൽ ഒരു മനുഷ്യനും, അയാളുടെ പുത്രൻ, പൗത്രൻ ദൗഹിത്രൻ[പൗത്രന്റെയോ പൗത്രിയുടേയോ ദൗഹിത്രന്റേയോദൗഹിത്രിയുടെയോ പുത്രൻ] എന്നിങ്ങനെതാഴോട്ട് നേരെയുള്ള അവരോഹണപരമ്പരയിലുള്ളവരും തമ്മിലോ ഉള്ളതു പോലെ, ഒരാൾ മററാളിൽ നിന്നു നേരെയുള്ള അവരോഹണപരമ്പരയിൽ പെടുന്നവിധമുള്ള രണ്ടാളുകൾ തമ്മിൽ നിലവിലുള്ള രക്തബന്ധം ആകുന്നു.

(2) ഏതൊരു തലമുറയും ആരോഹണപരമ്പരയിലേയോ, അവരോഹണപരമ്പരയിലേയോ ഒരു ഡിഗ്രിയാകുന്നു.

(3) ഒരാളുമായി, അയാളുടെ പിതാവും, അതുപോലെതന്നെ അയാളുടെ പുത്രനും 1-ാം ഡിഗ്രിയിലും, അയാളുടെ പിതാമഹൻ (മാതാമഹൻ) പൗത്രൻ (ദൗഹിത്രൻ) എന്നിവർ 2-ാം ഡിഗ്രിയിലും, അയാളുടെ പ്രപിതാമഹൻ പ്രപൗത്രർ [മാതാമഹന്റേയോമാതാമഹിയുടേയോ പിതാമഹന്റേയോ പിതാമഹിയുടെയോ പിതാവ്, പൗത്രന്റെയോ പൗത്രിയുടേയോ ദൗഹിത്രന്റെയോ ദൗഹിത്രിയുടെയോ പുത്രൻ] എന്നിവർ 3-ാംഡിഗ്രിയിലും, അങ്ങനെ തുടർച്ചയായും ചാർച്ചക്കാരായിരിക്കുന്നതാണ്.

26. പാർശ്വികരക്തബന്ധം.—(1) പാർശ്വികരക്തബന്ധം, ഒരേകുലത്തിൽ നിന്നോ പൂർവ്വികനിൽനിന്നോ ഉള്ള സന്തതികളായവരും, എന്നാൽ അവരിൽ ഒരാളും മറേറ ആളിൽനിന്ന് നേർപരമ്പരയിലെ സന്തതിയല്ലാത്തവരും ആയ രണ്ടാളുകൾ തമ്മിൽ നിലവിലുള്ള രക്തബന്ധം ആകുന്നു.

(2) ഏതെങ്കിലും പാർശ്വികചാർച്ചക്കാരന് മരിച്ചുപോയ ഒരാളുമായി എത്ര ഡിഗ്രി രക്തബന്ധം ഉണ്ടെന്ന് തിട്ടപ്പെടുത്തുന്നതിന്, മരിച്ചുപോയ ആൾ തൊട്ട് കൂടസ്ഥനിലേക്ക് മുകളിലേയ്ക്കും, അവിടെനിന്ന് താഴോട്ട് പാർശ്വികചാർച്ചക്കാരനിലേക്കും, ആരോഹണത്തിലേയും അവരോഹണത്തിലേയും ഓരോ ആൾക്കും ഒരു ഡിഗ്രി അനുവദിച്ചുകൊണ്ട് കണക്കാക്കുന്നത് ആവശ്യകമാകുന്നു.

27. പിൻതുടർച്ചയുടെ ആവശ്യത്തിന് മരിച്ചുപോയ ആളുമായി സദൃശനിലയിൽ ചാർച്ചക്കാരായി വിചാരിക്കപ്പെടുന്നവർ.—പിൻതുടർച്ചയുടെ ആവശ്യത്തിന്,—

(ക) മരിച്ചുപോയ ആളുമായി, അയാളുടെ പിതാവ് വഴി ചാർച്ചക്കാരായവരും മാതാവ് വഴി ചാർച്ചക്കാരായവരും തമ്മിലോ ; അല്ലെങ്കിൽ

(ഖ) മരിച്ചുപോയ ആളുമായി പൂർണ്ണരക്തത്താൽ ചാർച്ചക്കാരായവരും അർദ്ധരക്തത്താൽ ചാർച്ചക്കാരായവരും തമ്മിലോ; അല്ലെങ്കിൽ

(ഗ) മരിച്ചുപോയ ആളുടെ ജീവിതകാലത്ത് യഥാർത്ഥത്തിൽ ജനിച്ചവരും അയാളുടെ മരണത്തീയതി ഗർഭസ്ഥർ മാത്രമായിരിക്കുകയും, എന്നാൽ പിന്നീട് ജീവനോടെ ജനിക്കുകയും ചെയ്തവരും തമ്മിലോ;

യാതൊരു വ്യത്യാസവും ഉണ്ടായിരിക്കുന്നതല്ല.

28. കുലബന്ധത്തിന്റെ ഡിഗ്രികൾ കണക്ക്കൂട്ടുന്ന സമ്പ്രദായം.—കുലബന്ധത്തിന്റെ ഡിഗ്രികൾ 1-ാം പട്ടികയിൽ കൊടുത്തിട്ടുള്ള കുലബന്ധപ്പട്ടികയിൽ കാണിച്ച രീതിയിൽ കണക്കുകൂട്ടുന്നതാകുന്നു.

## ദൃഷ്ടാന്തങ്ങൾ

(i) ആരുടെ ചാർച്ചക്കാരെയാണോ കണക്കാക്കേണ്ടത്, അയാളും അയാളുടെ കസിൻജർമ്മൻ അഥവാ 1-ാം കസിൻആയ ആളും (പിതാവിന്റേയോ മാതാവിന്റേയോ സഹോദരസന്താനവും) പിതാവിലേയ്ക്ക് ഒരു ആരോഹണ ഡിഗ്രിയും പൊതു പൂർവീകനായ പിതാമഹനിലേക്കോ മാതാമഹനിലേക്കോ മറെറാന്നും, അയാളിൽ നിന്ന് പിതൃവ്യനിലേക്കോ മാതുലനിലേക്കോ ഒരു അവരോഹണ ഡിഗ്രിയും കസിൻജർമ്മനിലേക്ക് മറെറാന്നും കൂടി ആകെ നാലുഡിഗ്രി ആയിരിക്കുകയാൽ, കുലബന്ധപ്പട്ടികയിൽ കാണിച്ചത് പോലെ നാലാം ഡിഗ്രിയിൽ ചാർച്ചക്കാരാകുന്നു.

(ii) സഹോദരന്റെ പൗത്രനും, അല്ലെങ്കിൽ ദൗഹിത്രനും പിതൃവ്യന്റേയോ മാതുലന്റേയോ പുത്രനും അവരിൽ ഓരോരുത്തനും നാലു ഡിഗ്രി അകന്നവർ ആയിരിക്കുകയാൽ ഒരേ ഡിഗ്രിയിൽ ഉള്ളവരാണ്.

(iii) കസിൻ ജർമ്മന്റെ പൗത്രൻ, അല്ലെങ്കിൽ ദൗഹിത്രൻ പിതാവിന്റേയോ മാതാവിന്റേയോ പിതൃവ്യനോ മാതുലനോ ആയ ആളുടെ പൗത്രൻ അല്ലെങ്കിൽ ദൗഹിത്രൻ ആയി ഒരേ ഡിഗ്രിയിലാണ്; കാരണം അവർ രണ്ടുപേരും ആറാമത്തെ ഡിഗ്രിയിലുള്ള കുലബന്ധത്തിലാണ്.

ഭാഗം V

## മരണശാസനം കൂടാതെയുള്ള പിൻതുടർച്ച

### അദ്ധ്യായം I

### പ്രാരംഭികം

29. ഭാഗത്തിന്റെ ബാധകത.—(1) ഈ ഭാഗം 1866 ജനുവരി ഒന്നാം ദിവസത്തിന് മുമ്പ് ഉണ്ടാകുന്നതും മരണശാസനം കൂടാതെ മരിച്ചാലുള്ളതുമായ സ്ഥിതിയ്ക്കോ, അല്ലെങ്കിൽ ഏതെങ്കിലും ഹിന്ദുവിന്റേയോ മുഹമ്മദീയന്റേയോ ബുദ്ധമതക്കാരന്റേയോ സിക്കുകാരന്റേയോ ജൈനന്റേയോ വസ്തുവിനോ ബാധകമാകുന്നതല്ല.

(2) (1)-ാം ഉപവകുപ്പിലോ, തൽസമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്തിലോ വ്യവസ്ഥ ചെയ്തിട്ടുള്ളവിധമൊഴികെ, ഈ ഭാഗത്തിലെ വ്യവസ്ഥകൾ മരണശാസനം, കൂടാതെ മരിച്ചാലുള്ള സ്ഥിതിയുടെ എല്ലാസംഗതികളിലും ഇൻഡ്യയിലെ നിയമമായിരിക്കുന്നതാണ്.

30. ഏതു വസ്തുസംബന്ധിച്ചാണ് മരിച്ചുപോയ ആൾ മരണശാസനം കൂടാതെ മരിച്ചതായി പരിഗണിക്കപ്പെടുന്നതെന്ന്.—താൻ മരണപത്രപ്രകാരമുള്ളതും പ്രഭാവത്തിൽ വരാൻ സമർത്ഥമായതുമായ ഒരു വിന്യാസം ചെയ്തിട്ടില്ലാത്ത എല്ലാ വസ്തു സംബന്ധിച്ചും ഒരാൾ മരണശാസനം കൂടാതെ മരിച്ചതായി കരുതപ്പെടുന്നതാകുന്നു.

### ദൃഷ്ടാന്തങ്ങൾ

(i) ക, മരണശാസനം കൂടാതെ മരിക്കുന്നു. അയാൾ തന്റെ മുഴുവൻ വസ്തു സംബന്ധിച്ചും മരണശാസനം കൂടാതെ മരിച്ചിരിക്കുന്നു.

(ii) ക, മരണശാസനം ചെയ്തു മരി ക്കുകയും, അതുപ്രകാരം ഖ യെ തന്റെ എക്സിക്യൂട്ടറായി നിയമിക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ മരണശാസനത്തിൽ മററു യാതൊരു വ്യവസ്ഥയും അടങ്ങിയിട്ടില്ല. ക, തന്റെ വസ്തുവിന്റെ വീതിക്കൽ സംബന്ധിച്ച് മരണശാസനം കൂടാതെ മരിച്ചിരിക്കുന്നു.

(iii) ക, തന്റെ മുഴുവൻ വസ്തുവും നിയമവിരുദ്ധമായ ഒരു ആവശ്യത്തിനായി മരണശാസനംവഴി നല്കുന്നു. ക തന്റെ വസ്തുവിന്റെ വീതിക്കൽ സംബന്ധിച്ച് മരണശാസനം കൂടാതെ മരിച്ചിരിക്കുന്നു.

(iv) ക, 1000 രൂപ ഖ യ്ക്കും, 1000 രൂപ ഗ യുടെ മൂത്ത പുത്രനും മരണശാസനം വഴി നല്കുകയും, മറെറാന്നും മരണശാസനംവഴി നല്കാതിരിക്കുകയും, 2000 രൂപ വിട്ടുംവച്ചും, മററു വസ്തുവൊന്നും വയ്ക്കാതേയും മരിക്കുന്നു. ഗ, ഒരിക്കലും പുത്രനുണ്ടാകാതെ ക യ്ക്ക് മുമ്പ് മരിക്കുന്നു. ക 1000 രൂപയുടെ വീതിക്കൽ സംബന്ധിച്ച് മരണശാസനം കൂടാതെ മരിച്ചിരിക്കുന്നു.

അദ്ധ്യായം II

## പാഴ്സികരം അല്ലാത്ത മരണശാസനം കൂടാതെ മരിക്കുന്നവരുടെ സംഗതികളിലെ ചട്ടങ്ങരം

31. ഈ അദ്ധ്യായം പാഴ്സികരംക്ക് ബാധകമല്ലെന്ന്.—ഈ അദ്ധ്യായത്തിലെ യാതൊന്നും പാഴ്സികരംക്ക് ബാധകമാകുന്നതല്ല.

32. അങ്ങനെയുള്ള വസ്തുവിൻെറ സംക്രമണം.—മരണശാസനം കൂടാതെ മരിക്കുന്ന ഒരാളുടെ വസ്തു ഭാര്യയ്ക്കോ ഭർത്താവിനോ, അല്ലെങ്കിൽ മരിച്ചുപോയ ആളുടെ കുലബന്ധത്തിൽപ്പെട്ടവർക്കോ ഈ അദ്ധ്യായത്തിൽ ഇതിനുശേഷം അടങ്ങിയ ക്രമത്തിനും ചട്ടങ്ങരം അനുസരിച്ചും സംക്രമിക്കുന്നതാകുന്നു.

വിശദീകരണം.—ഒരു വിധവയ്ക്ക്, അവരം തൻെറ വിവാഹത്തിനുമുമ്പ് ഉണ്ടായ സാധുവായ കാൺട്രാക്ററ് പ്രകാരം തൻെറ ഭർത്താവിൻെറ എസ്റേററ് വീതിക്കുമ്പോഴത്തെ ഓഹരിയിൽനിന്ന് ഒഴിച്ചു നിറുത്തപ്പെട്ടിട്ടുണ്ടെങ്കിൽ, ഇതുപ്രകാരം അവരംക്ക് വ്യവസ്ഥചെയ്തുവച്ചിട്ടുള്ളതിന് അവകാശമുണ്ടായിരിക്കുന്നതല്ല.

33. മരണശാസനം കൂടാതെ മരിച്ചയാരംക്ക് വിധവയും അവരോഹണ പരമ്പരയിലെ സന്തതികളും ഉണ്ടായിരിക്കയോ, അല്ലെങ്കിൽ വിധവയും കുലബന്ധമുള്ളവരും മാത്രം ഉണ്ടായിരിക്കുകയോ, അല്ലെങ്കിൽ വിധവ ഉണ്ടായിരിക്കുകയും കുലബന്ധമുള്ളവർ ഇല്ലാതിരിക്കുകയും ചെയ്യുകയോ, ചെയ്യുന്നിടത്ത്.—മരണശാസനം കൂടാതെ മരിച്ചയാരംക്ക് വിധവയുണ്ടായിരിക്കുന്നിടത്ത്—

(ക) അയാരംക്ക് അവരോഹണപരമ്പരയിലെ ഏതെങ്കിലും സന്തതികരം കൂടിയുണ്ടെങ്കിൽ, അയാളുടെ വസ്തുവിൻെറ മൂന്നിലൊരുഭാഗം, അയാളുടെ വിധവയ്ക്ക് അവകാശപ്പെട്ടിരിക്കുന്നതും, ബാക്കിയുള്ള മൂന്നിൽ രണ്ടു ഭാഗം ഇതിൽ ഇതിനുശേഷം അടങ്ങിയ ചട്ടങ്ങരം അനുസരിച്ച് അയാളുടെ അവരോഹണ പരമ്പരയിലെ സന്തതികരംക്ക് പോകുന്നതും ;

(ഖ) 33 ക വകുപ്പുവ്യവസ്ഥ ചെയ്യുന്നവിധമൊഴികെ, അയാരംക്ക് അവരോഹണപരമ്പരയിലെ സന്തതികരം ഇല്ലാതിരിക്കുകയും, എന്നാൽ താനുമായി കുലബന്ധമുള്ളവർ ഉണ്ടായിരിക്കുകയും ചെയ്യുന്നുവെങ്കിൽ, അയാളുടെ വസ്തുവിൻെറ പകുതി, അയാളുടെ വിധവയ്ക്ക് അവകാശപ്പെട്ടിരിക്കുന്നതും, മറേറ പകുതി ഇതിൽ ഇതിനുശേഷം അടങ്ങിയ ക്രമത്തിലും ചട്ടങ്ങരം അനുസരിച്ചും അയാളുമായി കുലബന്ധമുള്ളവർക്ക് പോകുന്നതും ;

(ഗ) അയാരംക്ക് താനുമായി കുലബന്ധമുള്ളവർ ആരുമില്ലെങ്കിൽ, അയാളുടെ മുഴുവൻ വസ്തുവും അയാളുടെ വിധവയ്ക്ക് അവകാശപ്പെട്ടിരിക്കുന്നതും,

ആകുന്നു.

33 ക. മരണശാസനം കൂടാതെ മരിച്ചയാരംക്ക് വിധവയുണ്ടായിരിക്കുകയും എന്നാൽ അവരോഹണപരമ്പരയിലെ സന്തതികരം ഇല്ലാതിരിക്കയും ചെയ്യുന്നിടത്തെ പ്രത്യേക വ്യവസ്ഥ.—(i) മരണശാസനം കൂടാതെ മരിച്ച ആരംക്ക് വിധവയുണ്ടായിരിക്കുകയും, എന്നാൽ അവരോഹണപരമ്പരയിലെ സന്തതികരം ഇല്ലാതിരിക്കുകയും, അയാളുടെ വസ്തുവിൻെറ അററവില അയ്യായിരം രൂപയിൽ കവിയാതിരിക്കുകയും ചെയ്യുന്നിടത്ത്, അയാളുടെ മുഴുവൻ വസ്തുവും വിധവയ്ക്ക് അവകാശപ്പെട്ടിരിക്കുന്നതാകുന്നു.

(2) വസ്തുവിൻെറ അററവില അയ്യായിരം രൂപയിൽ കവിയുന്നിടത്ത്, വിധവയ്ക്ക് അതിൽ അയ്യായിരം രൂപയ്ക്ക് അവകാശം ഉണ്ടായിരിക്കുകയും, ആ അയ്യായിരം രൂപയ്ക്കും; അതിന്മേൽ മരണശാസനം കൂടാതെ മരിക്കുന്ന ആളുടെ മരണത്തീയതി മുതൽ പണം കൊടുക്കുന്നതുവരെ നാലുശതമാനം പലിശയ്ക്കും, അങ്ങനെയുള്ള മുഴുവൻ വസ്തുവിൻമേൽ ചാർജ്ജ് ഉണ്ടായിരിക്കുകയും ചെയ്യുന്നതാകുന്നു.

(3) വിധവയ്ക്ക് ഈ വകുപ്പു വ്യവസ്ഥ ചെയ്തുവയ്ക്കുന്നത് മുൻപറഞ്ഞ അയ്യായിരം രൂപ മുൻപറഞ്ഞവിധമുള്ള പലിശ സഹിതം കൊടുത്തുകഴിഞ്ഞ് മരണശാസനംകൂടാതെ മരിച്ച ആളുടെ എസ്റേററിൽ ബാക്കിയുള്ള അവശേഷത്തിൽ അവർക്കുള്ള അവകാശത്തിനും ഓഹരിക്കും പുറമേയും, ഭംഗം വരാതെയും ഉള്ളതായിരിക്കുന്നതും, അങ്ങനെയുള്ള അവശേഷം, അത് മരണശാസനം കൂടാതെ മരിച്ച ആളുടെ മുഴുവൻ വസ്തു ആയിരുന്നാലെന്നപോലെ 33-ാം വകുപ്പിലെ വ്യവസ്ഥകളനുസരിച്ച് വീതിക്കേണ്ടതും ആകുന്നു.

(4) വസ്തുവിൻെറ അററവില, അതിൻെറ മൊത്ത വിലയിൽനിന്ന് മരിച്ചുപോയ ആളുടെ എല്ലാ കടങ്ങളും ശവസംസ്ക്കാരച്ചെലവുകളും അഡ്മിനിസ്ട്രേഷൻ ചെലവുകളും നിയമാനുസൃതമായ മററ് ഏതു ബാദ്ധ്യതകൾക്കും ചാർജ്ജുകൾക്കും ആണോ വസ്തു വിധേയമായിട്ടുള്ളത്, ആ ബാദ്ധ്യതകളും ചാർജ്ജുകളും കിഴിവ് ചെയ്ത് തിട്ടപ്പെടുത്തുന്നതാകുന്നു.

(5) ഈ വകുപ്പ —

(ക) (i) ഏതെങ്കിലും ഇൻഡ്യൻ ക്രിസ്ത്യാനിയുടേയോ,

(ii) ഇൻഡ്യൻ ക്രിസ്ത്യാനി ആയിരിക്കുന്നതോ മരണസമയത്ത് ആയിരുന്നതോ ആയ പുരുഷനായ ഏതെങ്കിലും ആളുടെ ഏതെങ്കിലും കുട്ടിയുടെയോ പേരക്കുട്ടിയുടേയോ,

(iii) ഹിന്ദുമതത്തിലോ ബുദ്ധമതത്തിലോ സിക്കുമതത്തിലോ ജൈനമതത്തിലോ വിശ്വാസം പ്രകടിപ്പിക്കുന്നതും, ആരുടെ വസ്തുവിലുള്ള പിൻതുടർച്ചയാണോ പ്രത്യേക വിവാഹ ആക്ററ്, 1872 (1872-ലെ 3) 24-ാം വകുപ്പിൻകീഴിൽ ആ ആക്ററിലെ വ്യവസ്ഥകളാൽ ക്രമപ്പെടുത്തപ്പെട്ടിട്ടുള്ളത്, അങ്ങനെയുള്ളതുമായ ഏതെങ്കിലും ആളുടേയോ, വസ്തുവിന് ബാധകമാവുകയോ ;

(ഖ) മരിച്ചുപോയ ആൾ അയാളുടെ എല്ലാ വസ്തുവും സംബന്ധിച്ച് മരണശാസനം കൂടാതെ മരിച്ചുപോകാത്തപക്ഷം ബാധകമാവുകയോ,

ചെയ്യുന്നതല്ല.

34. <u>മരണശാസനം കൂടാതെ മരിച്ച ആൾക്ക് വിധവ ഇല്ലാത്തിടത്തും കുലബന്ധമുള്ളവർ ഇല്ലാത്തിടത്തും.</u>— മരണശാസനം കൂടാതെ മരിച്ച ആൾക്ക് വിധവ ഇല്ലെങ്കിൽ അയാളുടെ വസ്തു അയാളുടെ അവരോഹണപരമ്പരയിലെ സന്തതികൾക്കോ, അല്ലെങ്കിൽ അവരോഹണ പരമ്പരയിലെ സന്തതികളല്ലാതെ അയാളുമായി കുലബന്ധമുള്ളവർക്കോ, ഇതിൽ ഇതിനുശേഷം അടങ്ങിയ ചട്ടങ്ങൾ പ്രകാരം പോകുന്നതും, അയാൾക്ക് കുലബന്ധമുള്ളവർ ആരുമില്ലെങ്കിൽ ഗവൺമെൻറിന് പോകുന്നതും, ആകുന്നു.

35. <u>മൃതഭാര്യൻെറ അവകാശങ്ങൾ.</u>—ഭാര്യ മരണശാസനം കൂടാതെ മരിക്കുന്നുവെങ്കിൽ, അവളെ അതിജീവിക്കുന്ന ഭർത്താവിന് അവളുടെ വസ്തു സംബന്ധിച്ച ഭർത്താവ് മരണശാസനം കൂടാതെ മരിക്കുന്നുവെങ്കിൽ അയാളുടെ വസ്തു സംബന്ധിച്ച് വിധവയ്ക്കുള്ള അതേ അവകാശമുണ്ടായിരിക്കുന്നതാണ്.

## അവരോഹണപരമ്പരയിൽ സന്തതികൾ ഉള്ളിടത്ത് വീതിക്കൽ

36. വീതിക്കലിനുള്ള ചട്ടങ്ങൾ.—മരണശാസനം കൂടാതെ മരിച്ച ആളുടെ വസ്തു (അയാൾക്ക് വിധവയുണ്ടെങ്കിൽ, വിധവയുടെ ഓഹരി കിഴിവ് ചെയ്തതിനുശേഷം) അയാളുടെ അവരോഹണപരമ്പരയിലെ സന്തതികൾക്കിടയിൽ വീതിക്കുന്നതിനുള്ള ചട്ടങ്ങൾ 37 മുതൻ 40 വരെയുള്ള വകുപ്പുകളിൽ അടങ്ങിയവയായിരിക്കുന്നതാണ്.

37. മരണശാസനം കൂടാതെ മരിച്ചയാൾക്ക്, കുട്ടിയോ, കുട്ടികളോ മാത്രം ഉള്ളിടത്ത്.—മരണശാസനം കൂടാതെ മരിച്ച ആൾക്ക്, അയാളെ അതിജീവിക്കുന്ന ഒരു കുട്ടിയോ കുട്ടികളോ ഉണ്ടായിരിക്കുകയും, എന്നാൽ മരിച്ചുപോയ ഒരു കുട്ടി വഴിയുള്ള അവരോഹണപരമ്പരയിലെ, അതിലും അകന്ന സന്തതിയില്ലാതിരിക്കുകയും ചെയ്യുന്നിടത്ത്, വസ്തു ഒരു കുട്ടിമാത്രമേ അതിജീവിക്കുന്നുള്ളു എങ്കിൽ, ആ കുട്ടിക്ക് അവകാശപ്പെട്ടിരിക്കുകയോ അല്ലെങ്കിൽ അതിജീവിക്കുന്ന എല്ലാ കുട്ടികൾക്കും ഇടയിൽ സമമായി വിഭജിക്കപ്പെടുകയോ ചെയ്യുന്നതാകുന്നു.

38. മരണശാസനം കൂടാതെ മരിച്ച ആൾക്ക് കുട്ടിയില്ലാതിരിക്കുകയും, എന്നാൽ പേരക്കുട്ടിയോ പേരക്കുട്ടികളോ ഉണ്ടായിരിക്കുകയും ചെയ്യുന്നിടത്ത്.—മരണശാസനം കൂടാതെ മരിച്ച ആൾക്ക്, അയാളെ അതിജീവിക്കുന്ന ഏതെങ്കിലും കുട്ടി ഇല്ലാതിരിക്കുകയും, എന്നാൽ ഒരു പേരക്കുട്ടിയോ പേരക്കുട്ടികളോ ഉണ്ടായിരിക്കുകയും, മരിച്ചുപോയ ഒരു പേരക്കുട്ടി വഴി അതിലും അകന്ന സന്തതി ഇല്ലാതിരിക്കുകയും ചെയ്യുന്നിടത്ത്, വസ്തു ഒരു പേരക്കുട്ടി മാത്രമേ അതിജീവിക്കുന്നുള്ളുവെങ്കിൽ, ആ പേരക്കുട്ടിക്ക് അവകാശപ്പെട്ടിരിക്കുകയോ അല്ലെങ്കിൽ അതിജീവിക്കുന്ന എല്ലാ പേരക്കുട്ടികൾക്കുമിടയിൽ സമമായി വിഭജിക്കപ്പെടുകയോ ചെയ്യുന്നതാകുന്നു.

### ദൃഷ്ടാന്തങ്ങൾ

(i) കയ്ക്ക് ജോൺ, മേരി, ഹെൻറി എന്ന് മൂന്നു കുട്ടികൾ ഉണ്ട്. വേറെ ഇല്ല. അവരെല്ലാം പിതാവിനുമുമ്പെ ജോണിന്, രണ്ടു കുട്ടികളും മേരിയ്ക്ക് മൂന്നു കുട്ടികളും ഹെൻറിക്ക് നാലു കുട്ടികളും ഉണ്ടായിരിക്കെ മരിക്കുന്നു. പിന്നീട് ക ആ ഒമ്പത് പേരക്കുട്ടികൾ ഉണ്ടായിരിക്കെയും മരിച്ചുപോയ ഏതെങ്കിലും പേരക്കുട്ടിയുടെ യാതൊരു സന്തതിയും ഇല്ലാതിരിക്കെയും മരണശാസനം കൂടാതെ മരിക്കുന്നു. അയാളുടെ ഓരോ പേരക്കുട്ടിയ്ക്കും ഒൻപതിൽ ഒന്ന് കിട്ടുന്നതാണ്.

(ii) എന്നാൽ ഹെൻറി കുട്ടികളില്ലാതെ മരിച്ചിട്ടുണ്ടെങ്കിൽ, മുഴുവനും, ജോണിന്റെയും മേരിയുടേയും കുട്ടികളായ മരണശാസനം കൂടാതെ മരിച്ചയാളുടെ അഞ്ച് പേരക്കുട്ടികൾക്കും ഇടയിൽ സമമായി വിഭജിക്കുന്നതാണ്.

39. മരണശാസനം കൂടാതെ മരിക്കുന്ന ആൾക്ക് പേരക്കുട്ടിയുടെ കുട്ടികൾ മാത്രമോ അല്ലെങ്കിൽ കൂടുതൽ അകന്ന അവരോഹണപരമ്പരയിലെ സന്തതികൾ മാത്രമോ ഉള്ളിടത്ത്.—അതേ രീതിയിൽ, അവരോഹണപരമ്പരയിലെ, അതിജീവിക്കുന്ന സന്തതികൾ എല്ലാവരും മരണശാസനം കൂടാതെ മരിച്ച ആളുമായി പേരക്കുട്ടിയുടെ ഡിഗ്രിയിൽ ആയിരിക്കുകയോ, അല്ലെങ്കിൽ അവർ എല്ലാവരും കൂടുതൽ അകന്ന ഒരു ഡിഗ്രിയിലുള്ളവരായിരിക്കുകയോ ചെയ്യുന്നിടത്ത്, വസ്തു അവരിൽ അയാളുമായി ഡിഗ്രിയിൽ ഏററവും അടുത്തവർക്ക് പോകുന്നതാകുന്നു.

40. മരണശാസനം കൂടാതെ മരിച്ച ആൾക്ക് അവരോഹണ പരമ്പരയിലെ സന്തതികൾ ഉണ്ടായിരിക്കുകയും അവർ എല്ലാം അയാളുമായി ഒരേ ഡിഗ്രിയിൽ കുലബന്ധമുള്ളവരല്ലാതിരിക്കുകയും, കൂടുതൽ അകന്നവർ ആരിലൂടെയാണോ സന്തതികൾ ആയിരിക്കുന്നത്, അവർ മരിച്ചിരിക്കുകയും ചെയ്യുന്നിടത്ത്.— (1) മരണശാസനം കൂടാതെ മരിച്ച ആൾക്ക് അവരോഹണപരമ്പരയിലെ സന്തതികൾ ഉണ്ടായിരിക്കുകയും, അവർ എല്ലാം അയാളുമായി ഒരേ ഡിഗ്രിയിൽ കുലബന്ധമുള്ളവരല്ലാതിരിക്കുകയും കൂടുതൽ അകന്നവർ ആരിലൂടെയാണോ അയാളുടെ സന്തതികൾ ആയിരിക്കുന്നത്, അവർ മരിച്ചിരിക്കുകയും ചെയ്യുന്നുവെങ്കിൽ, വസ്തു, അയാളുടെ മരണസമയത്ത് അയാളുമായി ഏററവും അടുത്ത ഡിഗ്രിയിൽ കുലബന്ധം ഉണ്ടായിരിക്കുന്നവരോ അല്ലെങ്കിൽ സദൃശഡിഗ്രിയിൽ അയാളുമായി കുലബന്ധം ഉണ്ടായിരിക്കെ, അയാൾക്കു മുൻപ് മരിച്ചുപോയവരോ ആയ അയാളുടെ അവരോഹണ പരമ്പരയിലെ സന്തതികളുടെ എണ്ണം വരുന്ന സമ ഓഹരികളായി വിഭജിക്കപ്പെടുന്നതാണ്.

(2) അങ്ങനെയുള്ള ഓഹരികളിൽ ഒന്നു വീതം അവരോഹണപരമ്പരയിലെ സന്തതികളിൽ, മരണശാസനം കൂടാതെ മരിച്ച ആളുടെ മരണസമയത്ത് അയാളുമായി ഏററവും അടുത്ത ഡിഗ്രിയിൽ കുലബന്ധം ഉണ്ടായിരുന്ന ഓരോരുത്തനും നീക്കിവയ്ക്കുകയും, അങ്ങനെയുള്ള ഓഹരികളിൽ ഒന്നു വീതം അവരോഹണ പരമ്പരയിലെ മരിച്ചുപോയ അങ്ങനെയുള്ള സന്തതികളിൽ ഓരോരുത്തനേയും സംബന്ധിച്ച് നീക്കിവയ്ക്കുകയും ചെയ്യേണ്ടതാണ്; അവരോഹണപരമ്പരയിലെ മരിച്ചുപോയ അങ്ങനെയുള്ള സന്തതികളിൽ ഓരോരുത്തനെ സംബന്ധിച്ചും നീക്കിവയ്ക്കുന്ന ഓഹരി, അതതു സംഗതിപോലെ, അയാളെ അതിജീവിക്കുന്ന കുട്ടിയ്ക്കോ കുട്ടികൾക്കോ അവരോഹണ പരമ്പരയിലെ കൂടുതൽ അകന്ന സന്തതികൾക്കോ അവകാശപ്പെട്ടിരിക്കുന്നതും; അത് എപ്പോഴും അങ്ങനെ അതിജീവിക്കുന്ന കുട്ടിയോ കുട്ടികളോ അവരോഹണപരമ്പരയിലെ കൂടുതൽ അകന്ന സന്തതികളോ, യഥാക്രമം അവൻേറയോ അവരുടേയോ മാതാപിതാക്കൻമാർക്കോ അവരിൽ ഒരാൾക്കോ താൻ മരണശാസനം കൂടാതെ മരിച്ച ആളെ അതിജീവിച്ചിരുന്നുവെങ്കിൽ അവകാശപ്പെടുമായിരുന്ന ഓഹരി എടുക്കത്തക്കവിധം ആയിരിക്കുന്നതും ആണ്.

## ദൃഷ്ടാന്തങ്ങൾ

(i) ക യ്ക്ക് ജോൺ, മേരി, ഹെൻറ്റി എന്നീ മൂന്നു കുട്ടികൾ ഉണ്ടായിരുന്നു; ജോൺ നാലു കുട്ടികളുണ്ടായിരിക്കെയും മേരി ഒരു കുട്ടിയുണ്ടായിരിക്കെയും മരിക്കുകയും ഹെൻറ്റി മാത്രം പിതാവിനെ അതിജീവിക്കുകയും ചെയ്യുന്നു. ക, മരണശാസനം കൂടാതെ മരിക്കുന്നതിന്മേൽ മൂന്നിലൊന്ന് ഹെൻറ്റിക്കും, മൂന്നിലൊന്ന് ജോണിൻെറ നാലു കുട്ടികൾക്കും, ബാക്കിയുള്ള മൂന്നിലൊന്ന് മേരിയുടെ ഏക സന്താനത്തിനും നീക്കിവയ്ക്കുന്നതാകുന്നു.

(ii) ക യ്ക്ക്, മരിക്കുമ്പോൾ കുട്ടിയുണ്ടായിരുന്നില്ല, എന്നാൽ എട്ടു പേരക്കുട്ടികളും മരിച്ചുപോയ ഒരു പേരക്കുട്ടിയുടെ രണ്ടു കുട്ടികളും ഉണ്ടായിരുന്നു. വസ്തു ഒമ്പതു ഭാഗമായി വിഭജിച്ച്, അതിൽ ഒന്ന് ഓരോ പേരക്കുട്ടിക്കും നീക്കിവയ്ക്കുകയും ബാക്കിയുള്ള ഒമ്പതിലൊന്ന് പേരക്കുട്ടിയുടെ രണ്ടു കുട്ടികൾക്കിടയിൽ സമമായി വിഭജിക്കുകയും ക ചെയ്യുന്നതാണ്.

(iii) ക യ്ക്ക് ജോൺ, മേരി, ഹെൻറ്റി എന്നീ മൂന്നു കുട്ടികൾ ഉണ്ട്, ജോൺ നാലു കുട്ടികൾ ഉണ്ടായിരിക്കെ മരിക്കുകയും, ജോണിൻെറ ഒരു കുട്ടി രണ്ടു കുട്ടികളുണ്ടായിരിക്കെ മരിക്കുകയും ചെയ്യുന്നു. മേരി ഒരു കുട്ടിയുണ്ടാ

യിരിക്കെ മരിക്കുന്നു. ക പിന്നീട്, മരണശാസനം കൂടാതെ മരിക്കുന്നു. അയാളുടെ വസ്തുവിൻെറ മൂന്നിലൊന്ന് ഹെൻറ്റിക്കും, മൂന്നിലൊന്ന് മേരിയുടെ കുട്ടിക്കും നീക്കിവയ്ക്കുകയും മൂന്നിലൊന്ന് നാലു ഭാഗമായി വിഭജിച്ച് അവയിൽ ഒന്നുവീതം, ജോണിൻെറ അതിജീവിക്കുന്ന മൂന്നു കുട്ടികളിൽ ഓരോരുത്തർക്കും നീക്കിവയ്ക്കുകയും, ബാക്കിയുള്ള ഭാഗം ജോണിൻെറ രണ്ടു പേരക്കുട്ടികൾക്ക് ഇടയിൽ സമമായി വിഭജിക്കുകയും ചെയ്യുന്നതാകുന്നു.

(iv) കയ്ക്ക് ജോൺ, മേരി എന്നീ രണ്ടു കുട്ടികൾ ഉണ്ട്, വേറെ ഇല്ല; ജോൺ ഗർഭവതിയായ ഭാര്യയുണ്ടായിരിക്കെ തൻെറ പിതാവിനു മുമ്പ് മരിക്കുന്നു. പിന്നീട് ക, മേരി അയാളെ അതിജീവിച്ചിരിക്കെ മരിക്കുകയും, ജോണിന് യഥാസമയം ഒരു കുട്ടി ജനിക്കുകയും ചെയ്യുന്നു. കയുടെ വസ്തു മേരിക്കും, പിതാവിൻെറ മരണശേഷം ജനിച്ച കുട്ടിക്കും ഇടയിൽ സമമായി വിഭജിക്കുന്നതാകുന്നു.

## അവരോഹണപരമ്പരയിലെ സന്തതികൾ ഇല്ലെങ്കിലുള്ള വീതിക്കൽ

41. മരണശാസനം കൂടാതെ മരിച്ച ആൾക്ക് അവരോഹണപരമ്പരയിലെ സന്തതികളില്ലെങ്കിൽ വീതിക്കലിനുള്ള ചട്ടങ്ങൾ.— മരണശാസനം കൂടാതെ മരിച്ച ആൾക്ക് അവരോഹണ പരമ്പരയിലെ സന്തതികളില്ലെങ്കിൽ അയാളുടെ വസ്തു (അയാൾക്ക് വിധവയുണ്ടെങ്കിൽ, വിധവയുടെ ഓഹരി കിഴിവു ചെയ്തതിനുശേഷം) വീതിക്കുന്നതിനുള്ള ചട്ടങ്ങൾ, 42 മുതൽ 48 വരെയുള്ള വകുപ്പുകളിൽ അടങ്ങിയവയായിരിക്കുന്നതാണ്.

42. മരണശാസനം കൂടാതെ മരിച്ച ആളുടെ പിതാവ് ജീവിച്ചിരിക്കുന്നിടത്ത്.— മരണശാസനം കൂടാതെ മരിച്ച ആളുടെ പിതാവ് ജീവിച്ചിരിക്കുന്നുണ്ടെങ്കിൽ, അയാൾക്ക് വസ്തുവിന് പിൻതുടർച്ച കിട്ടുന്നതാണ്.

43. മരണശാസനം കൂടാതെ മരിച്ച ആളുടെ പിതാവ് മരിച്ചിരിക്കുകയും, എന്നാൽ അയാളുടെ മാതാവും സഹോദരന്മാരും സഹോദരികളും ജീവിച്ചിരിക്കുകയും ചെയ്യുന്നിടത്ത്.— മരണശാസനം കൂടാതെ മരിച്ച ആളുടെ പിതാവ് മരിച്ചിരിക്കുകയും, എന്നാൽ മാതാവ് ജീവിച്ചിരിക്കുകയും ജീവിച്ചിരിപ്പുള്ള സഹോദരന്മാരോ സഹോദരികളോ കൂടി ഉണ്ടായിരിക്കുകയും, മരിച്ചുപോയ ഏതെങ്കിലും സഹോദരൻേറയോ സഹോദരിയുടേയോ ഒരു കുട്ടിയും ജീവിച്ചിരിക്കാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ, മാതാവിനും ജീവിച്ചിരിക്കുന്ന ഓരോ സഹോദരനും സഹോദരിയ്ക്കും സമ ഓഹരികളായി വസ്തുവിന് പിൻതുടർച്ച കിട്ടുന്നതാകുന്നു.

### ദൃഷ്ടാന്തം

ക, തൻെറ അമ്മയും ജോൺ, ഹെൻറി എന്നീ പൂർണ്ണരക്തബന്ധമുള്ള രണ്ട് സഹോദരന്മാരും തൻെറ മാതാവിൻെറ പുത്രിയായവളും, എന്നാൽ തൻെറ പിതാവിൻെറ പുത്രിയല്ലാത്തവളും ആയ മേരി എന്ന ഒരു സഹോദരിയും അതിജീവിച്ചിരിക്കെ, മരണശാസനം കൂടാതെ മരിക്കുന്നു. മാതാവ് നാലിലൊന്നും, ഓരോ സഹോദരനും നാലിലൊന്നു വീതവും അർദ്ധരക്തബന്ധമുള്ള സഹോദരി മേരി നാലിലൊന്നും എടുക്കുന്നു.

44. മരണശാസനം കൂടാതെ മരിച്ച ആളുടെ പിതാവ് മരിച്ചിരിക്കുകയും, മാതാവും ഒരു സഹോദരനും അല്ലെങ്കിൽ സഹോദരിയും മരിച്ചുപോയ ഏതെങ്കിലും സഹോദരന്റേയോ സഹോദരിയുടേയോ കുട്ടികളും ജീവിച്ചിരിക്കുകയും ചെയ്യുന്നിടത്ത്.— മരണശാസനം കൂടാതെ മരിച്ച ആളുടെ പിതാവ് മരിച്ചിരിക്കുകയും, എന്നാൽ മാതാവ് ജീവിച്ചിരിക്കുകയും, ഏതെങ്കിലും സഹോദരനും, അല്ലെങ്കിൽ സഹോദരിയും മരണശാസനം കൂടാതെ മരിച്ച ആളുടെ ജീവിതകാലത്ത് മരിച്ചിട്ടുണ്ടാകാവുന്ന ഏതെങ്കിലും സഹോദരന്റെയോ സഹോദരിയുടേയോ കുട്ടിയും, അല്ലെങ്കിൽ കുട്ടികളും കൂടി ജീവിച്ചിരിക്കുകയും ചെയ്യുന്നുവെങ്കിൽ, വസ്തു, മാതാവിനും ജീവിച്ചിരിക്കുന്ന ഓരോ സഹോദരനും അല്ലെങ്കിൽ സഹോദരിക്കും മരിച്ചുപോയ ഓരോ സഹോദരന്റേയോ സഹോദരിയുടേയോ ജീവിച്ചിരിക്കുന്ന കുട്ടിക്കും അല്ലെങ്കിൽ കുട്ടികൾക്കും, സമമായ ഓഹരിയായി അവകാശപ്പെട്ടിരിക്കുന്നതും, അത്, അങ്ങനെയുള്ള കുട്ടികൾ (ഒന്നിലധികം ഉണ്ടെങ്കിൽ) അവരുടെ യഥാക്രമമുള്ള മാതാപിതാക്കന്മാർ മരണശാസനം കൂടാതെ മരിച്ച ആളുടെ മരണസമയത്ത് ജീവിച്ചിരുന്നുവെങ്കിൽ എടുക്കുമായിരുന്ന ഓഹരികൾ മാത്രം സമമായ ഓഹരികളായി എടുക്കത്തക്കവിധം ആയിരിക്കുന്നതും ആണ്.

## ദൃഷ്ടാന്തം

മരണശാസനം കൂടാതെ മരിച്ച ക യ്ക്ക് മരിക്കുമ്പോൾ മാതാവും, ജോൺ, ഹെൻറി എന്നീസഹോദരന്മാരും, കൂടാതെ മേരി എന്ന മരിച്ചസഹോദരിയുടെ ഒരു കുട്ടിയും, തന്റെ പിതാവിന്റെ പുത്രനല്ലാത്തവനും മാതാവിന്റെ പുത്രനല്ലാതിരിക്കുന്നവനും ആയ ജോർജ്ജ് എന്ന അർദ്ധരക്തബന്ധമുള്ള മരിച്ചുപോയ സഹോദരന്റെ രണ്ടു കുട്ടികളും, ഉണ്ട്. മാതാവ് അഞ്ചിലൊന്നും ജോണും ഹെൻറിയും അഞ്ചിലൊന്നു വീതവും എടുക്കുകയും, മേരിയുടെ കുട്ടി അഞ്ചിലൊന്നു എടുക്കുകയും ബാക്കിയുള്ള അഞ്ചിലൊന്ന് ജോർജ്ജിന്റെ രണ്ടു കുട്ടികൾ തമ്മിൽ സമമായി വിഭജിക്കുകയും ചെയ്യുന്നു.

45. മരണശാസനം കൂടാതെ മരിച്ച ആളുടെ പിതാവ് മരിച്ചിരിക്കുകയും, മാതാവും മരിച്ചുപോയ ഏതെങ്കിലും സഹോദരന്റേയോ സഹോദരിയുടേയോ കുട്ടികളും ജീവിച്ചിരിക്കുകയും ചെയ്യുന്നിടത്ത്.— മരണശാസനം കൂടാതെ മരിച്ച ആളുടെ പിതാവ് മരിച്ചിരിക്കുകയും, എന്നാൽ മാതാവ് ജീവിച്ചിരിക്കുകയും സഹോദരി സഹോദരന്മാർ എല്ലാം മരിച്ചിരിക്കുകയും, എന്നാൽ അവരെല്ലാവർക്കും അല്ലെങ്കിൽ അവരിലാർക്കെങ്കിലും മരിച്ചുപോയ ആളെ അതിജീവിച്ച കുട്ടികൾ ഉണ്ടായിരിക്കുകയും ചെയ്യുന്നുവെങ്കിൽ, വസ്തു, മാതാവിനും മരിച്ചു പോയ ഓരോ സഹോദരന്റേയോ സഹോദരിയുടേയോ കുട്ടിയ്ക്കും അല്ലെങ്കിൽ കുട്ടികൾക്കും സമമായ ഓഹരികളായി അവകാശപ്പെട്ടിരിക്കുന്നതും, അത്, അങ്ങനെയുള്ള കുട്ടികൾ, (ഒന്നിലധികം ഉണ്ടെങ്കിൽ) അവരുടെ യഥാക്രമമുള്ള മാതാപിതാക്കന്മാർ മരണശാസനം കൂടാതെ മരിച്ച ആളുടെ മരണസമയത്ത് ജീവിച്ചിരുന്നുവെങ്കിൽ എടുക്കാമായിരുന്ന ഓഹരികൾ മാത്രം സമമായ ഓഹരികളായി എടുക്കത്തക്കവിധം ആയിരിക്കുന്നതുമാണ്.

## ദൃഷ്ടാന്തം

മരണശാസനം കൂടാതെ മരിച്ച ക യ്ക്ക് മരിക്കുമ്പോൾ സഹോദരനോ സഹോദരിയോ ഇല്ലാതിരിക്കുകയും എന്നാൽ മാതാവും, മരിച്ചുപോയ സഹോദരിയായ മേരിയുടെ ഒരു കുട്ടിയും, മരിച്ചുപോയ സഹോദരനായ ജോർജ്ജിന്റെ

രണ്ടു കുട്ടികളും ഉണ്ടായിരിക്കുകയും ചെയ്യുന്നു. മാതാവ് മൂന്നിലൊന്നും മേരിയുടെ കുട്ടി മൂന്നിലൊന്നും എടുക്കുകയും ബാക്കിയുള്ള മൂന്നിലൊന്ന് ജോർജ്ജിന്റെ കുട്ടികൾ സമമായി വീതിക്കുകയും ചെയ്യുന്നു.

46. മരണശാസനം കൂടാതെ മരിച്ച ആളുടെ പിതാവ് മരിച്ചിരിക്കുകയും, എന്നാൽ മാതാവ് ജീവിച്ചിരിക്കുകയും സഹോദരനോ സഹോദരിയോ സഹോദരന്റേയോ സഹോദരിയുടേയോ പുത്രനോ പുത്രിയോ ഇല്ലാതിരിക്കുകയും ചെയ്യുന്നിടത്ത്.— മരണശാസനം കൂടാതെ മരിച്ച ആളുടെ പിതാവ് മരിച്ചിരിക്കുകയും, എന്നാൽ മാതാവ് ജീവിച്ചിരിക്കുകയും, സഹോദരനോ സഹോദരിയോ, സഹോദരന്റേയോ സഹോദരിയുടേയോ കുട്ടിയോ ഇല്ലാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ, വസ്തു മാതാവിന് അവകാശപ്പെട്ടിരിക്കുന്നതാണ്.

47. മരണശാസനം കൂടാതെ മരിച്ച ആൾക്ക് അവരോഹണ പരമ്പരയിലെ സന്തതികളോ പിതാവോ മാതാവോ ഇല്ലാത്തിടത്ത്.— മരണശാസനം കൂടാതെ മരിച്ച ആൾക്ക്, അവരോഹണപരമ്പരയിലെ സന്തതികളോ പിതാവോ മാതാവോ ഇല്ലാത്തിടത്ത്, വസ്തു സഹോദരന്മാർക്കും സഹോദരിമാർക്കും, അവരിൽ അയാൾക്ക് മുമ്പ് മരിച്ചിട്ടുണ്ടാകാവുന്നവരുടെ കുട്ടിയ്ക്കും അല്ലെങ്കിൽ കുട്ടികൾക്കും ഇടയിൽ സമമായി വിഭജിക്കപ്പെടുന്നതും, അത് അങ്ങനെയുള്ള കുട്ടികൾ (ഒന്നിലധികം ഉണ്ടെങ്കിൽ) യഥാക്രമമുള്ള അവരുടെ മാതാപിതാക്കന്മാർ മരണശാസനം കൂടാതെ മരിച്ച ആളുടെ മരണ സമയത്ത് ജീവിച്ചിരുന്നുവെങ്കിൽ എടുക്കുമായിരുന്ന ഓഹരികൾ മാത്രം സമമായ ഓഹരികളായി എടുക്കത്തക്കവിധം ആയിരിക്കുന്നതുമാകുന്നു.

48. മരണശാസനം കൂടാതെ മരിച്ച ആൾക്ക് അവരോഹണ പരമ്പരയിലെ സന്തതികളോ മാതാപിതാക്കന്മാരോ സഹോദരനോ സഹോദരിയോ ഇല്ലാത്തിടത്ത്,— മരണശാസനം കൂടാതെ മരിച്ച ആൾക്ക് അവരോഹണ പരമ്പരയിലെ സന്തതികളോ മാതാപിതാക്കന്മാരോ സഹോദരനോ സഹോദരിയോ ഇല്ലാത്തിടത്ത് അയാളുടെ വസ്തു, അയാളുമായി ഏററവും അടുത്ത ഡിഗ്രിയിൽ കുലബന്ധമുള്ള ചാർച്ചക്കാർക്കിടയിൽ സമമായി വിഭജിക്കുന്നതാകുന്നു.

ദൃഷ്ടാന്തങ്ങൾ

(i) മരണശാസനം കൂടാതെ മരിച്ച കയ്ക്ക് പിതാമഹനും അല്ലെങ്കിൽ മാതാമഹനും, പിതാമഹിയും അല്ലെങ്കിൽ മാതാമഹിയും ഉണ്ടായിരിക്കുകയും താനുമായി അതേ ഡിഗ്രിയിലോ കൂടുതൽ അടുത്ത ഡിഗ്രിയിലോ കുലബന്ധമുള്ള മററ് ചാർച്ചക്കാർ ആരുമില്ലാതിരിക്കുകയും ചെയ്യുന്നു. അവർക്ക്, വസ്തു, തങ്ങൾ രണ്ടാമത്തേ ഡിഗ്രിയിലുള്ളവരാകയാൽ, ഏതെങ്കിലും പിതൃവ്യനേയും മാതുലനേയും പിതൃസഹോദരിയേയും മാതൃസഹോദരിയേയും, അവർ മൂന്നാമത്തെ ഡിഗ്രിയിലുള്ളവരാകയാൽ ഒഴിച്ചുനിറുത്തിക്കൊണ്ട്, സമമായ ഓഹരികളായി അവകാശപ്പെട്ടിരിക്കുന്നതാകുന്നു.

(ii) മരണശാസനം കൂടാതെ മരിച്ച കയ്ക്ക്, മാതാമഹന്റെയോ മാതാമഹിയുടേയോ പിതാമഹന്റേയോ പിതാമഹിയുടേയോ പിതാവും അല്ലെങ്കിൽ മാതാവും, പിതൃവ്യന്മാരും അല്ലെങ്കിൽ മാതുലന്മാരും, പിതൃസഹോദരികളും അല്ലെങ്കിൽ മാതൃസഹോദരികളും ഉണ്ടായിരിക്കുകയും, താനുമായി അതേ ഡിഗ്രിയിലോ കൂടുതൽ അടുത്ത ഡിഗ്രിയിലോ കുലബന്ധമുള്ള മററ് ചാർച്ചക്കാർ ആരും ഇല്ലാതിരിക്കുകയും ചെയ്യുന്നു. ഇവരെല്ലാം മൂന്നാമത്തെ ഡിഗ്രിയിലുള്ളവരാകയാൽ സമമായ ഓഹരികൾ എടുക്കുന്നതാണ്.

(iii) മരണശാസനം കൂടാതെ മരിച്ച ക യ്ക്ക് മാതാമഹന്റേയോ മാതാമഹിയുടേയോ പിതാമഹന്റേയോ പിതാമഹിയുടേയോ പിതാവും, ഒരു പിതൃവ്യനും അല്ലെങ്കിൽ മാതുലനും, സഹോദരന്റേയോ സഹോദരിയുടേയോ ഒരു പുത്രനും ഉണ്ടായിരിക്കുകയും, എന്നാൽ താനുമായി കൂടുതൽ അടുത്ത ഡിഗ്രിയിൽ കുലബന്ധമുള്ള മററ് ചാർച്ചക്കാർ ആരുമില്ലാതിരിക്കുകയും ചെയ്യുന്നു. ഇവരെല്ലാം മൂന്നാമത്തെ ഡിഗ്രിയിലുള്ളവരാകയാൽ സമമായ ഓഹരികൾ എടുക്കുന്നതാണ്.

(iv) മരണശാസനം കൂടാതെ മരിച്ച ആളുടെ ഒരു സഹോദരന്റേയോ സഹോദരിയുടേയോ പത്തു കുട്ടികളും, മറെറാരു സഹോദരന്റേയോ സഹോദരിയുടേയോ ഒരു കുട്ടിയും ആണ് അയാളുമായി ഏററവും അടുത്ത ഡിഗ്രിയിൽ കുലബന്ധമുള്ള തരം ചാർച്ചക്കാർ. അവർ ഓരോരുത്തരും വസ്തുവിന്റെ പതിനൊന്നിൽ ഒന്ന് എടുക്കേണ്ടതാണ്.

49. <u>കുട്ടികൾക്കുള്ള, ഓഹരി പ്രതീക്ഷിച്ചുള്ള മുൻകൂറുകൾ, ഭാഗിക്കാനുള്ള ഒട്ടാകെ മുതലിൽ ഉൾപ്പെടുത്തുന്നതല്ലെന്ന്.</u>—മരണശാസനം കൂടാതെ മരിച്ചയാളുടെ വസ്തുവിൽ, അയാളുടെ കുട്ടിയോ കുട്ടിയുടെ ഏതെങ്കിലും സന്തതിയോ, വീതിക്കുമ്പോഴത്തെ ഒരു ഓഹരി അവകാശപ്പെടുന്നിടത്ത്, മരണശാസനം കൂടാതെ മരിച്ചയാളുടെ ജീവിതകാലത്ത്, ഏതു കുട്ടിയോ കുട്ടിയുടെ സന്തതിയോ ആണോ ആ അവകാശം ഉന്നയിച്ചിട്ടുള്ളത്, ആ കുട്ടിക്കോ ആ കുട്ടിക്ക് ഓഹരിപ്രതീക്ഷിച്ചുള്ള മുൻകൂറിനായോ, കൊടുക്കുകയോ ധനനിശ്ചയം ചെയ്തുവയ്ക്കുകയോ ചെയ്തിരിക്കാവുന്ന യാതൊരുപണവും അല്ലെങ്കിൽ മററു വസ്തുവും അങ്ങനെയുള്ള വീതിക്കുമ്പോഴത്തെ ഓഹരി മതിക്കുന്നതിൽ കണക്കിലെടുക്കുന്നതല്ല.

## അദ്ധ്യായം III

## മരണശാസനം കൂടാതെ മരിച്ച പാഴ്സികൾക്കുള്ള പ്രത്യേക ചട്ടങ്ങൾ

50. <u>മരണശാസനം കൂടാതെയുള്ള പിൻതുടർച്ച സംബന്ധിച്ച സാമാന്യതത്വങ്ങൾ.</u>—പാഴ്സികളുടെ ഇടയിലുള്ള മരണശാസനം കൂടാതെയുള്ള പിൻതുടർച്ചയുടെ ആവശ്യത്തിന്—

(ക) മരിച്ചുപോയ ആളുടെ ജീവിതകാലത്ത് യഥാർത്ഥത്തിൽ ജനിച്ചവരും, അയാളുടെ മരണത്തീയതി ഗർഭസ്ഥർ മാത്രമായിരിക്കുകയും, എന്നാൽ പിന്നീട് ജീവനോടെ ജനിക്കുകയും ചെയ്തവരും തമ്മിൽ യാതൊരു വ്യത്യാസവും ഇല്ലാത്തതും ;

(ഖ) മരണശാസനം കൂടാതെ മരിച്ചയാളുടെ അവരോഹണപരമ്പരയിലെ സന്തതിയായിരിക്കുകയും മരണശാസനം കൂടാതെ മരിച്ചയാളുടെ ജീവിതകാലത്ത് വിധവയോ മൃതഭാര്യനോ അവരോഹണപരമ്പരയിലെ ഏതെങ്കിലും സന്തതിയോ അവരോഹണപരമ്പരയിലെ ഏതെങ്കിലും സന്തതിയുടെ വിധവയോ ഇല്ലാതിരിക്കെ മരിച്ചുപോയിരിക്കുകയും ചെയ്യുന്ന ആളെ, മരണശാസനം കൂടാതെ മരിച്ച ആൾ ഏതു വസ്തുസംബന്ധിച്ചാണോ മരണശാസനം കൂടാതെ മരിച്ചിട്ടുള്ളത്, ആ വസ്തു വിഭജിക്കേണ്ടരീതി നിശ്ചയിക്കുന്നതിൽ കണക്കിലെടുക്കുന്നതല്ലാത്തതും ;

(ഗ) മരണശാസനം കൂടാതെ മരിച്ച ഒരാളുടെ ഏതെങ്കിലും ചാർച്ചക്കാരന്റെ വിധവ മരണശാസനം കൂടാതെ മരിച്ച ആളുടെ ജീവിതകാലത്ത്, പുനർവിവാഹം ചെയ്തിട്ടുള്ളിടത്ത്, അവർക്ക്, മരണശാസനം കൂടാതെ

മരിച്ചയാൾ ഏത് സ്വത്ത് സംബന്ധിച്ചാണോ മരണശാസനം കൂടാതെ മരിച്ചിട്ടുള്ളത്, ആ വസ്തുവിന്റെ ഏതെങ്കിലും ഓഹരി കിട്ടാൻ അവകാശമുണ്ടായിരിക്കുന്നതല്ലാത്തതും, അവൾ മരണശാസനം കൂടാതെ മരിച്ച ആളുടെ മരണസമയത്ത് ഉണ്ടായിരുന്നില്ലെന്നു കരുതപ്പെടുന്നതും,

ആകുന്നു.

51. മരണശാസനം കൂടാതെ മരിച്ച പുരുഷന്റെ വസ്തു അയാളുടെ വിധവയ്ക്കും കുട്ടികൾക്കും മാതാപിതാക്കൻമാർക്കും ഇടയിൽ വിഭജിക്കുന്നത്.—(1) (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഏത് വസ്തുസംബന്ധിച്ചാണോ ഒരു പാഴ്സി പുരുഷൻ മരണശാസനം കൂടാതെ മരിക്കുന്നത്, ആ വസ്തു

(ക) അയാൾ വിധവയും കുട്ടികളും ഉണ്ടായിരിക്കെ മരിച്ചിട്ടുള്ളിടത്ത്, വിധവയ്ക്കും കുട്ടികൾക്കും ഇടയിൽ ഓരോ പുത്രന്റേയും വിധവയുടേയും ഓഹരി, ഓരോ പുത്രിയുടേയും ഓഹരിയുടെ ഇരട്ടിയായിരിക്കത്തക്ക വിധമോ,

(ഖ) അയാൾ കുട്ടികളുണ്ടായിരിക്കെയും എന്നാൽ വിധവയില്ലാതിരിക്കെയും മരിച്ചിട്ടുള്ളിടത്ത്, കുട്ടികൾക്കിടയിൽ ഓരോ പുത്രന്റേയും ഓഹരി, ഓരോ പുത്രിയുടേയും ഓഹരിയുടെ ഇരട്ടിയായിരിക്കത്തക്കവിധമോ

വിഭജിക്കുന്നതാകുന്നു.

(2) ഒരു പാഴ്സി പുരുഷൻ. കുട്ടികൾക്കും അല്ലെങ്കിൽ വിധവയ്ക്കും കുട്ടികൾക്കും പുറമെ, മാതാപിതാക്കൻമാർ രണ്ടുപേരുമോ അവരിൽ ഒരാളോ ഉണ്ടായിരിക്കെ മരിക്കുന്നിടത്ത്, ഏതു വസ്തുസംബന്ധിച്ചാണോ അയാൾ മരണശാസനം കൂടാതെ മരിക്കുന്നത്, ആ വസ്തു, പിതാവിന്, ഒരു പുത്രന്റെ ഓഹരിയുടെ പകുതി കിട്ടത്തക്കവിധവും മാതാവിന് ഒരു പുത്രിയുടെ ഓഹരിയുടെ പകുതി കിട്ടത്തക്കവിധവും വിഭജിക്കുന്നതാകുന്നു.

52. മരണശാസനം കൂടാതെ മരിച്ച സ്ത്രീയുടെ വസ്തു അവളുടെ മൃതഭാര്യനും കുട്ടികൾക്കിടയിൽ വിഭജിക്കുന്നത്.—ഏത് വസ്തു സംബന്ധിച്ചാണോ ഒരു പാഴ്സി സ്ത്രീ മരണശാസനം കൂടാതെ മരിക്കുന്നത്, ആ വസ്തു,

(ക) അവൾ മൃതഭാര്യനും കുട്ടികളും ഉണ്ടായിരിക്കെ മരിച്ചിട്ടുള്ളിടത്ത് മൃതഭാര്യനും കുട്ടികൾക്കും ഇടയിൽ മൃതഭാര്യനും ഓരോ കുട്ടിക്കും സമമായ ഓഹരി കിട്ടത്തക്കവിധമോ;

(ഖ) അവൾ കുട്ടികൾ ഉണ്ടായിരിക്കെയും, എന്നാൽ മൃതഭാര്യൻ ഇല്ലാതിരിക്കെയും മരിക്കുന്നിടത്ത്, കുട്ടികൾക്കിടയിൽ സമമായ ഓഹരികളായോ,

വിഭജിക്കുന്നതാകുന്നു.

53. അവരോഹണപരമ്പരയിലെ സന്തതികൾ ഉണ്ടായിരിക്കെ മരണശാസനം കൂടാതെ മരിച്ചയാൾക്ക് മുമ്പേ മരിച്ച കുട്ടിയുടെ ഓഹരി വിഭജിക്കുന്നത്.—ഒരു പാഴ്സി, അവരോഹണപരമ്പരയിലെ ഏതെങ്കിലും സന്തതി ഉണ്ടായിരിക്കെ മരിക്കുന്ന എല്ലാ സംഗതികളിലും, അങ്ങനെ മരണശാസനം കൂടാതെ മരിച്ചയാളുടെ ഏതെങ്കിലും കുട്ടി അയാളുടെ ജീവിതകാലത്ത് മരിച്ചിട്ടുണ്ടെങ്കിൽ, ഏതു വസ്തു സംബന്ധിച്ചാണോ അയാൾ മരണശാസനം കൂടാതെ മരിച്ചിട്ടുള്ളത്, ആ വസ്തുവിൽ അയാളുടെ മരണസമയത്ത് ജീവിച്ചിരുന്നെങ്കിൽ ആ കുട്ടി എടുക്കുമായിരുന്ന ഓഹരി വിഭജിക്കുന്നത്, താഴെ പറയുന്ന ചട്ടങ്ങൾ അനുസരിച്ചായിരിക്കുന്നതാണ്. അതായത്

(ക) അങ്ങനെയുള്ള മരിച്ചുപോയ കുട്ടി പുത്രനായിരുന്നു എങ്കിൽ. അയാളുടെ വിധവയും കുട്ടികളും, അയാരം, മരണശാസനം കൂടാതെ മരിച്ച ആരം, മരിച്ച ഉടൻതന്നെ മരിച്ചിട്ടുണ്ടായിരുന്നാലെന്നപോലെ ഈ അദ്ധ്യായത്തിലെ വ്യവസ്ഥകരം അധുസരിച്ചു ഓഹരികരം എടുക്കുന്നതാണ് :

എന്നാൽ, അങ്ങനെയുള്ള മരിച്ചുപോയ പുത്രന് മരിക്കുമ്പോരം വിധവയോ, അവരോഹണപരമ്പരയിലെ ഒരു സന്തതിയുടെ വിധവയോ ഉണ്ടായിരിക്കുകയും, എന്നാൽ അവരോഹണപരമ്പരയിലെ സന്തതി ആരും ഇല്ലാതിരിക്കുകയും ചെയ്യുന്നിടത്ത്, അയാളുടെ ഓഹരിയിൽ അങ്ങനെയുള്ള വീതികൾ കഴിഞ്ഞുള്ള അവശേഷം മരണശാസനം കൂടാതെ മരിച്ച ആരം. ഏതു വസ്തുസംബന്ധിച്ചാണോ മരണശാസനം കൂടാതെ മരിച്ചിട്ടുള്ളത്, ആ വസ്തു എന്നപോലെ ഈ അദ്ധ്യായത്തിലെ വ്യവസ്ഥകരം അനസരിച്ച്, വിഭജിക്കുന്നതും അങ്ങനെയുള്ള അവശേഷം വിഭജിക്കുന്നതിൽ, മരണശാസനം കൂടാതെ മരിച്ച ആളുടെ മുൻപറഞ്ഞ മരിച്ചുപോയ പുത്രനെ കണക്കിലെടുക്കുന്നതല്ലാത്തതും ആകുന്നു.

(ഖ) അങ്ങനെയുള്ള മരിച്ചുപോയ കുട്ടി പുത്രിയായിരുന്നുവെങ്കിൽ, അവളുടെ ഓഹരി അവളുടെ കുട്ടികരംക്കിടയിൽ സമമായി വിഭജിക്കുന്നതാകുന്നു.

(ഗ) അങ്ങനെയുള്ള മരിച്ചുപോയ കുട്ടിയുടെ ഏതെങ്കിലും കുട്ടികൂടി മരണശാസനം കൂടാതെ മരിച്ച ആളുടെ ജീവിതകാലത്ത് മരിച്ചിട്ടുണ്ടെങ്കിൽ അവനോ അവളോ മരണശാസനം കൂടാതെ മരിച്ച ആളുടെ മരണസമയത്ത് ജീവിച്ചിരുന്നുവെങ്കിൽ എടുക്കുമായിരുന്ന ഓഹരി സദൃശരീതിയിൽ, അതതുസംഗതിപോലെ, (ക) ഖണ്ഡമോ (ഖ) ഖണ്ഡമോ അനുസരിച്ച് വിഭജിക്കുന്നതാകുന്നു.

(ഘ) മരണശാസനം കൂടാതെ മരിച്ചയാളുടെ അവരോഹണപരമ്പരയിലെ കൂടുതൽ അകന്ന ഒരു സന്തതി അയാളുടെ ജീവിതകാലത്ത് മരിച്ചിട്ടുള്ളിടത്ത്. അവനോ അവരംക്കോ. മരണശാസനം കൂടാതെ മരിച്ചയാളുടെ മരണസമയത്ത് ജീവിച്ചിരുന്നെങ്കിൽ തനിക്കും മരണശാസനം കൂടാതെ മരിച്ച ആരംക്കും നേരേ ഇടയിലെ മരണശാസനം കൂടാതെ മരിച്ചയാളുടെ അവരോഹണപരമ്പരയിലെ സന്തതികരം എല്ലാവരുടേയും മുമ്പേയുള്ള മരണം കാരണം അവകാശപ്പെടുമായിരുന്ന ഏതെങ്കിലും ഓഹരിയുടെ വിഭജനത്തിന് (ഗ) ഖണ്ഡത്തിലെ വ്യവസ്ഥകരം ആവശ്യകമായ ഭേദഗതികളോടെ ബാധകമാകുന്നതാണ്.

54. <u>മരണശാസനം കൂടാതെ മരിച്ച ആരംക്ക് അവരോഹണപരമ്പരയിലെ സന്തതികരം ആരും ഇല്ലാതിരിക്കുകയും, എന്നാൽ വിധവയോ മൃതഭാര്യനോ അവരോഹണപരമ്പരയിലെ ഏതെങ്കിലും സന്തതിയുടെ വിധവയോ ഉണ്ടായിരിക്കുകയും ചെയ്യുന്നിടത്ത്, വസ്തു വിഭജിക്കുന്നത്.</u>—ഒരു പാഴ്സി അവരോഹണപരമ്പരയിലെ സന്തതികരം ആരുമില്ലാതിരിക്കെ മരിക്കുന്നിടത്ത്, ഏതു വസ്തു സംബന്ധിച്ചാണോ മരണശാസനം കൂടാതെ മരിച്ച ആരം, മരണശാസനം കൂടാതെ മരിക്കുന്നത്, ആ വസ്തു താഴെ പറയുന്ന ചട്ടങ്ങരം അനുസരിച്ച് വിഭജിക്കുന്നതാണ്, അതായത് ;

(ക) മരണശാസനം കൂടാതെ മരിച്ച ആരംക്ക് വിധവയോ മൃതഭാര്യനോ ഉണ്ടായിരിക്കുകയും, എന്നാൽ അവരോഹണപരമ്പരയിലെ സന്തതിയുടെ വിധവ ഇല്ലാതിരിക്കുകയും ചെയ്യുന്നവെങ്കിൽ. വിധവയോ മൃതഭാര്യനോ മേൽപറഞ്ഞ ആ വസ്തുവിൻെറ പകുതി എടുക്കുന്നതാകുന്നു ;

(ഖ) മരണശാസനം കൂടാതെ മരിച്ചയാൾക്ക് വിധവയോ മൃതഭാര്യനോ ഉണ്ടായിരിക്കുകയും, കൂടാതെ അവരോഹണപരമ്പരയിലെ ഏതെങ്കിലും സന്തതിയുടെ വിധവകൂടി ഉണ്ടായിരിക്കുകയും ചെയ്യുന്നുവെങ്കിൽ, മരണശാസനം കൂടാതെ മരിച്ചയാളുടെ വിധവയ്ക്കോ മൃതഭാര്യന്നോ മുൻപറഞ്ഞ വസ്തുവിന്റെ മൂന്നിലൊന്നു കിട്ടുന്നതും, അവരോഹണപരമ്പരയിലെ ഏതെങ്കിലും സന്തതിയുടെ വിധവയ്ക്ക് മറ്റൊരു മൂന്നിലൊന്നു കിട്ടുന്നതും, അങ്ങനെയുള്ള ഒന്നിലധികം വിധവകളുണ്ടെങ്കിൽ, ഒടുവിൽ പറഞ്ഞ മൂന്നിലൊന്ന് അവരുടെ ഇടയിൽ സമമായി വിഭജിക്കുന്നതും ആകുന്നു.

(ഗ) മരണശാസനം കൂടാതെ മരിച്ച ആൾക്ക് വിധവയോ മൃതഭാര്യനോ ഇല്ലാതിരിക്കുകയും, എന്നാൽ അവരോഹണപരമ്പരയിലെ സന്തതിയുടെ വിധവയായി ഒരാൾ ഉണ്ടായിരിക്കുകയും ചെയ്യുന്നുവെങ്കിൽ, അവൾക്ക് മുൻപറഞ്ഞ വസ്തുവിന്റെ മൂന്നിലൊന്ന് കിട്ടുന്നതോ, അല്ലെങ്കിൽ മരണശാസനം കൂടാതെ മരിച്ച ആൾക്ക് വിധവയോ മൃതഭാര്യനോ ഇല്ലാതിരിക്കുകയും, എന്നാൽ അവരോഹണപരമ്പരയിലെ സന്തതിയുടെ വിധവയായി ഒന്നിലധികം പേർ ഉണ്ടായിരിക്കുകയും ചെയ്യുന്നുവെങ്കിൽ, മുൻ പറഞ്ഞ വസ്തുവിന്റെ മൂന്നിൽരണ്ട് ആ വിധവകൾക്കിടയിൽ സമമായ ഓഹരികളായി വിഭജിക്കുന്നതോ ആകുന്നു.

(ഘ) (ക) ഖണ്ഡത്തിലോ (ഖ) ഖണ്ഡത്തിലോ (ഗ) ഖണ്ഡത്തിലോ വിനിർദ്ദേശിച്ച വിഭജനം ചെയ്തു കഴിഞ്ഞുള്ള അവശേഷം മരണശാസനം കൂടാതെ മരിച്ചയാളുടെ ചാർച്ചക്കാർക്കിടയിൽ പട്ടികII ഭാഗം I-ൽ വിനിർദ്ദേശിച്ച ക്രമത്തിൽ വീതിക്കുന്നതാകുന്നു. ആ പട്ടികയിലെ ഭാഗം I-ൽ ഒന്നാമതായി നില്ക്കുന്ന ഏറ്റവും അടുത്ത കുലബന്ധുവിന് രണ്ടാമതായി നിലക്കുന്ന ആളെ അപേക്ഷിച്ചും, രണ്ടാമന് മൂന്നാമനെ അപേക്ഷിച്ചും, അങ്ങനെ തുടർച്ചയായും മുൻഗണന ലഭിക്കുന്നതാണ്; എന്നാൽ, വസ്തു ഓരോ പുരുഷനും അതേ ഡിഗ്രി കുലബന്ധുത്വത്തിൽ നില്ക്കുന്ന ഓരോ സ്ത്രീയുടേയും ഓഹരിയുടെ ഇരട്ടിയെടുക്കത്തക്കവിധം വീതിക്കുന്നതാകുന്നു.

(ങ) (ഘ) ഖണ്ഡത്തിൻകീഴിൽ അവശേഷത്തിന് അവകാശമുള്ള ചാർച്ചക്കാർ ആരും ഇല്ലെങ്കിൽ, അവശേഷം മുഴുവനും ഈ വകുപ്പിൻ കീഴിൽ വിനിർദ്ദേശിച്ച ഓഹരികളുടെ അനുപാതത്തിൽ വീതിക്കുന്നതാകുന്നു.

55. <u>മരണശാസനം കൂടാതെ മരിച്ചയാൾക്ക് അവരോഹണപരമ്പരയിലെ സന്തതിയോ വിധവയോ മൃതഭാര്യനോ, അവരോഹണപരമ്പരയിലെ ഏതെങ്കിലും സന്തതിയുടെ വിധവയോ ഇല്ലാതിരിക്കുന്നിടത്ത് വസ്തു വിഭജിക്കുന്നത്.</u>— ഒരു പാഴ്സി അവരോഹണപരമ്പരയിലെ സന്തതികളോ വിധവയോ മൃതഭാര്യനോ, അവരോഹണപരമ്പരയിലെ ഏതെങ്കിലും സന്തതിയുടെ വിധവയോ ഇല്ലാതിരിക്കെ മരിക്കുന്നതായാൽ, അവനോ അവളോ, ഏതു വസ്തു സംബന്ധിച്ചാണോ മരണശാസനം കൂടാതെ മരിച്ചത്, ആ വസ്തുവിന് മുഴുവനുമുള്ള പിൻതുടർച്ച കിട്ടാൻ അവന്റേയോ അവളുടേയോ ഏറ്റവും അടുത്ത കുലബന്ധുവിന് പട്ടിക II- ഭാഗം II-ൽ കാണിച്ചിട്ടുള്ള ക്രമത്തിൽ അവകാശമുണ്ടായിരിക്കുന്നതാണ്. ആ പട്ടികയിലെ ഭാഗം II- ൽ ഒന്നാമതായി നില്ക്കുന്ന ഏറ്റവും അടുത്ത കുലബന്ധുവിന് രണ്ടാമതായി നില്ക്കുന്ന ആളെ അപേക്ഷിച്ചും, രണ്ടാമന് മൂന്നാമനെ അപേക്ഷിച്ചും, അങ്ങനെ തുടർച്ചയായും മുൻഗണന ലഭിക്കുന്നതാണ്; എന്നാൽ വസ്തു ഓരോ പുരുഷനും അതേ ഡിഗ്രിയിൽ കുലബന്ധുത്വത്തിൽ നില്ക്കുന്ന ഓരോ സ്ത്രീയുടേയും ഓഹരിയുടെ ഇരട്ടി എടുക്കത്തക്കവിധം വീതിക്കുന്നതാകുന്നു.

56. ഈ അദ്ധ്യായത്തിലെ മററു വ്യവസ്ഥകരംക്ക് കീഴിൽ പിൻതുടർച്ച കിട്ടാൻ അവകാശപ്പെട്ട യാതൊരു ചാർച്ചക്കാരനും ഇല്ലാത്തിടത്ത് വസ്തു വിഭജിക്കുന്നത്.—ഏതു വസ്തുസംബന്ധിച്ചാണോ ഒരു പാഴ്സി മരണശാസനം കൂടാതെ മരിച്ചിട്ടുള്ളത്, ആ വസ്തുവിന്, ഈ അദ്ധ്യായത്തിലെ മററു വ്യവസ്ഥകരംക്ക് കീഴിൽ പിൻതുടർച്ച കിട്ടാൻ അവകാശപ്പെട്ട യാതൊരു ചാർച്ചക്കാരും ഇല്ലാത്തിടത്ത്, ആ വസ്തു മരണശാസനം കൂടാതെ മരിച്ച ആളുടെ ചാർച്ചക്കാരിൽ അയാളുമായി ഏററവും അടുത്ത ഡിഗ്രിയിൽ കുലബന്ധമുള്ളവർക്കിടയിൽ സമമായി വിഭജിക്കുന്നതാകുന്നു

## ഭാഗം VI

## മരണശാസന പ്രകാരമുള്ള പിൻതുടർച്ച

### അദ്ധ്യായം I

### അവതാരകം

57. ഹിന്ദുക്കരം മുതലായവർ ചെയ്ത തരം മരണശാസനങ്ങരംക്ക്, ഈ ഭാഗത്തിലെ ചില വ്യവസ്ഥകളുടെ ബാധകത.— പട്ടിക III-ൽ കൊടുത്തിട്ടുള്ള ഈ ഭാഗത്തിലെ വ്യവസ്ഥകരം, ആ പട്ടികയിൽ വിനിർദ്ദേശിക്കുന്ന പരിമിതികരംക്കും രൂപഭേദങ്ങരംക്കും വിധേയമായി—

(ക) 1870 സെപ്ററംബർ ഒന്നാം ദിവസമോ, അതിനുശേഷമോ, ആ തീയതി ബങ്കാരം ലെഫ്ററനൻറ് ഗവർണ്ണറുടെ അധീനതയിലായിരുന്ന രാജ്യക്ഷേത്രങ്ങളിലോ, അല്ലെങ്കിൽ മദ്രാസിലേയും ബോംബയിലേയും ഹൈക്കോടതികളുടെ സാധാരണ സിവിൽ ആദ്യാധികാരിതയുടെ പ്രാദേശികാതിർത്തികരംക്കുള്ളിലോ വച്ച്, ഏതെങ്കിലും ഹിന്ദുവോ, ബുദ്ധമതക്കാരനോ, സിക്കുകാരനോ ജൈനനോ ഉണ്ടാക്കിയ എല്ലാ മരണശാസനങ്ങരംക്കും കോഡിസിലുകരംക്കും;

(ഖ) ആ രാജ്യക്ഷേത്രങ്ങരംക്കോ അതിർത്തികരംക്കോ ഉള്ളിൽ സ്ഥിതിചെയ്യുന്ന സ്ഥാവരവസ്തു സംബന്ധിച്ചിടത്തോളം, ആ രാജ്യക്ഷേത്രങ്ങളുടേയോ അതിർത്തികളുടേയോ പുറത്ത് വച്ച് ഉണ്ടാക്കിയ എല്ലാ മരണശാസനങ്ങരംക്കും കോഡിസിലുകരംക്കും;

(ഗ) 1927 ജനുവരി ഒന്നാം ദിവസമോ അതിനുശേഷമോ, ഏതെങ്കിലും ഹിന്ദുവോ, ബുദ്ധമതക്കാരനോ, സിക്കുകാരനോ, ജൈനനോ ഉണ്ടാക്കിയതും (ക) (ഖ) ഖണ്ഡങ്ങളാൽ ആ വ്യവസ്ഥകരം ബാധകമാക്കപ്പെടാത്തതും ആയ എല്ലാ മരണശാസനങ്ങരംക്കും കോഡിസിലുകരംക്കും,

ബാധകമായിരിക്കുന്നതാണ്:

എന്നാൽ, വിവാഹം അങ്ങനെയുള്ള ഏതെങ്കിലും മരണശാസനത്തേയോ കോഡിസിലിനേയോ പിൻവലിക്കുന്നതല്ല.

58. ഈ ഭാഗത്തിൻെറ സാമാന്യ ബാധകത.— (1) ഈ ഭാഗത്തിലെ വ്യവസ്ഥകരം ഏതെങ്കിലും മുഹമ്മദീയൻെറ വസ്തുവിന് മരണശാസനപ്രകാരമുള്ള പിൻതുടർച്ചയ്ക്കോ, 57-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള വിധമൊഴികെ, ഏതെങ്കിലും ഹിന്ദുവിൻേറയോ ബുദ്ധ

മതക്കാരന്റേയോ, സിക്കുകാരന്റേയോ, ജൈനന്റേയോ വസ്തുവിന് മരണ ശാസന പ്രകാരമുള്ള പിൻതുടർച്ചയ്ക്കോ, 1866 ജനുവരി ഒന്നാം ദിവസത്തിന് മുമ്പ് ഉണ്ടാക്കിയ ഏതെങ്കിലും മരണശാസനത്തിനോ ബാധകമായിരിക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിലോ തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്താലോ വ്യവസ്ഥ ചെയ്തിട്ടുള്ള വിധമൊഴികെ, ഈ ഭാഗത്തിലെ വ്യവസ്ഥകൾ മരണശാസനപ്രകാരമുള്ള പിൻതുടർച്ചയുടെ എല്ലാ സംഗതികളിലും ഇൻഡ്യയുടെ നിയമമായിരിക്കുന്നതാണ്.

## അദ്ധ്യായം II

## മരണശാസനങ്ങളേയും കോഡിസിലുകളേയും കുറിച്ച്

59. മരണശാസന മുണ്ടാക്കാൻ സമർത്ഥതയുള്ള ആൾ.— സ്വസ്ഥചിത്തനായ ഏതൊരാൾക്കും മൈനറല്ലാതിരിക്കെ, തന്റെവസ്തു മരണശാസനംവഴി വിനിയോഗം ചെയ്യാവുന്നതാണ്.

വിശദീകരണം 1.— വിവാഹിതയായ സ്ത്രീക്ക്, തന്റെ ജീവിതകാലത്ത് തന്റെ സ്വന്തം കൃത്യത്താൽ തനിക്ക് അന്യാധീനപ്പെടുത്താൻ കഴിയുന്ന ഏതു വസ്തുവും മരണശാസനംവഴി വിനിയോഗം ചെയ്യാവുന്നതാണ്.

വിശദീകരണം 2.— മരണശാസനം ഉണ്ടാക്കുന്നതുവഴി തങ്ങൾ ചെയ്യുന്നത് എന്താണെന്ന് അറിയാൻ കഴിവുണ്ടെങ്കിൽ ബധിരരോ മൂകരോ കുരുടരോ ആയ ആളുകൾ, അക്കാരണത്താൽ മരണശാസനം ഉണ്ടാക്കുന്നതിന് അസമർത്ഥരാകുന്നതല്ല.

വിശദീകരണം 3.— സാധാരണമായി ചിത്തഭ്രമമുള്ളവനായ ഒരാൾക്ക്, താൻ സ്വസ്ഥചിത്തനായിരിക്കുന്ന ഇടവേളയിൽ മരണശാസനം ഉണ്ടാക്കാവുന്നതാണ്.

വിശദീകരണം4.— ഏത് മാനസികാവസ്ഥയിലാണോ, അത് ലഹരിയിൽനിന്നോ, രോഗത്തിൽനിന്നോ മറ്റേതെങ്കിലും കാരണത്തിൽ നിന്നോ ഉദ്ഭവിക്കുന്നതായാലും, ഒരാൾ താൻ ചെയ്യുന്നത് എന്താണെന്ന് അറിയാതിരിക്കുന്നത്, അങ്ങനെയുള്ള മാനസികാവസ്ഥയിലായിരിക്കുമ്പോൾ യാതൊരാൾക്കും മരണശാസനം ഉണ്ടാക്കാൻ കഴിയുന്നതല്ല.

### ദൃഷ്ടാന്തങ്ങൾ

(i) ക യ്ക്ക് തന്റെ തൊട്ടുസമീപത്ത് നടന്നുകൊണ്ടിരിക്കുന്നത് എന്താണെന്ന് ഗ്രഹിക്കാനും, സാധാരണ ചോദ്യങ്ങൾക്ക് മറുപടി പറയാനും കഴിയുകയും, എന്നാൽ തന്റെ വസ്തുവിന്റെ പ്രകൃതത്തെക്കുറിച്ചോ താനുമായി കലബന്ധമുള്ള ആളുകളെക്കുറിച്ചോ, താൻ ആരുടെ പേർക്ക് മരണശാസനം ഉണ്ടാക്കുന്നതാണോ ഉചിതമായിരിക്കുക എന്നതിനെക്കുറിച്ചോ തക്ക ഗ്രഹണശക്തി ഇല്ലാതിരിക്കുകയും ചെയ്യുന്നു. ക യ്ക്ക് സാധുവായ മരണശാസനം ഉണ്ടാക്കാൻ കഴിയുന്നതല്ല.

(ii) ക, തന്റെ മരണശാസനമാണെന്ന് കരുതപ്പെടുന്ന ഒരു പ്രമാണം ഒപ്പിട്ടുപൂർത്തീകരിക്കുന്നു.; എന്നാൽ അയാൾ പ്രമാണത്തിന്റെ പ്രകൃതമോ അതിലെ വ്യവസ്ഥകളുടെ പ്രഭാവമോ മനസ്സിലാക്കുന്നില്ല. ഈ പ്രമാണം സാധുവായ മരണശാസനമല്ല.

(iii) ക വളരെ ദുർബലനും ക്ഷീണിതനും, എന്നാൽ തൻെറ സ്വത്തു വിനിയോഗം ചെയ്യേണ്ട ശരിയായ സം്രപദായത്തെക്കുറിച്ച് ന്യായാന്യായവിവേചനം ചെയ്യാൻ കഴിവുള്ളവനും ആയിരിക്കെ മരണശാസനം ഉണ്ടാക്കുന്നു. ഇത് സാധുവായ മരണശാസനമാണ്.

60. മരണശാസന്രപകാരമുള്ള രക്ഷാകർത്താവ്.— പിതാവിന്, തൻെറ വയസ്സ് എത്രതന്നെയായിരുന്നാലും, തൻെറ കുട്ടിയ്ക്ക് മൈനറായിരിക്കുന്ന കാലത്തേക്ക് രക്ഷാകർത്താവിനേയോ രക്ഷാകർത്താക്കൻമാരേയോ മരണശാസനംവഴി നിയമിക്കാവുന്നതാണ്.

61. വഞ്ചനയോ ബലാൽക്കരണമോ കെഞ്ചി സൈ്വരം കെടുത്തലോ വഴി നേടുന്ന മരണശാസനം.— ഏതു മരണശാസനമോ മരണശാസനത്ത്രിൻെറ ഏതെങ്കിലും ഭാഗമോ ഉണ്ടാക്കുന്നതാണോ, വഞ്ചനയോ ബലാൽക്കരണമോ, മരണശാസനകർത്താവിൻെറ സ്വത്രന്തമായ ്രപവർത്തനശേഷി ഇല്ലാതാക്കുന്ന കെഞ്ചിസൈ്വരം കെടുത്തലോ വഴി സംഭവിച്ചിട്ടുള്ളത്, ആ മരണശാസനമോ മരണശാസനത്തിൻെറ ഭാഗമോ ശൂന്യമായിരിക്കുന്നതാണ്.

## ദൃഷ്ടാന്തങ്ങൾ

(i) ക മരണശാസനകർത്താവിനെ, അയാളുടെ ഏകസന്താനം മരിച്ചുപോയി എന്നോ, അനുസരണയില്ലാത്ത ഏതോ കൃത്യം ചെയ്തിട്ടുണ്ടെന്നോ വ്യാജമായും ബോധപൂർവ്വകമായും ധരിപ്പിക്കുകയും, അതുവഴി തൻെറ പേർക്ക് മരണശാസനം ഉണ്ടാക്കുവാൻ ്രപചോദിപ്പിച്ച് അതിനിടയാക്കുകയും ചെയ്യുന്നു. അങ്ങനെയുള്ള മരണശാസനം വഞ്ചനയാൽ നേടിയിട്ടുള്ളതും അസാധുവായിട്ടുള്ളതും ആകുന്നു.

(ii) ക വഞ്ചനയും കബളിപ്പിക്കലുംവഴി, തൻെറ പേർക്ക് ഒരു ഒസ്യത്തുമുതൽ, ഒസ്യത്തുവഴി നല്കാൻ ഒസ്യത്ത് കർത്താവിനെ പറഞ്ഞു സമ്മതിപ്പിക്കുന്നു. ഒസ്യത്ത് ശൂന്യമാണ്.

(iii) നിയമാനുസൃതമായ ്രപാധികാര്രപകാരം തടവുകാരനായിരിക്കെ, ക തൻെറ മരണശാസനം ഉണ്ടാക്കുന്നു. തടവിലാണെന്ന കാരണത്താൽ മരണശാസനം അസാധുവല്ല.

(iv) ഗ യുടെ പേർക്ക് ഒസ്യത്ത് ചെയ്യാത്ത പക്ഷം ഖ യെ വെടിവയ്ക്കുമെന്നോ, അയാളുടെ വീട് തീവയ്ക്കുമെന്നോ, അയാളെ ്രകിമിനൽ ചാർജ്ജിൻമേൽ അറസ്റ്റുചെയ്യിക്കുമെന്നോ ക ഭീഷണിപ്പെടുത്തുന്നു. തൽഫലമായി ഖ ഗ യുടെ പേർക്ക് ഒസ്യത്തുചെയ്യുന്നു. ഒസ്യത്ത് ചെയ്യിച്ചത് ബലാൽക്കരണത്താലാകയാൽ ഒസ്യത്തു ശൂന്യമാണ്

(v) മരണശാസനം ഉണ്ടാക്കുവാൻ മാറുള്ളവരുടെ സ്വാധീനംകൊണ്ട് വിഘ്നം ഉണ്ടാവുന്നില്ലെങ്കിൽ, മതിയായ ബുദ്ധിയുണ്ടായിരിക്കുകയും എന്നാൽ, താൻ സ്വത്രന്തമായ ്രപവർത്തനശേഷി ഉള്ളവനല്ലാതിരിക്കത്തക്കവണ്ണം ഖ യുടെ നിയ്രന്തണത്തിൽ ആയിരിക്കുകയും ചെയ്യുന്ന ക, ഖ ആജ്ഞാപിച്ച ്രപകാരം ഒരു മരണശാസനം ഉണ്ടാക്കുന്നു. ക യെ ഭയപ്പെടുത്തിയിരുന്നില്ലെങ്കിൽ ക മരണശാസനം ഉണ്ടാക്കുമായിരുന്നില്ലെന്ന് കാണപ്പെടുന്നു. മരണശാസനം അസാധുവാണ്.

(vi) ക, കെഞ്ചി സൈ്വരം കെടുത്തൽ ചെറുക്കാൻ കഴിവില്ലാത്തവിധം അ്രത ദുർബലമായ ആരോഗ്യസ്ഥിതിയിലായിരിക്കെ ഒരു ്രപത്യേക സ്വാർത്ഥത്തോടുകൂടിയ ഒരു മരണശാസനം ഉണ്ടാക്കാൻ ക യുടെ മേൽ ഖ സമ്മർദ്ദം ചെലുത്തുകയും, ക സമാധാനം കൈവരുത്താൻ മ്രാതവും ഖ യ്ക്കു വഴങ്ങിക്കൊണ്ടും അ്രപകാരം ചെയ്യുകയും ചെയ്യുന്നു. മരണശാസനം അസാധുവാണ്.

(vii) ക, തൻെറ സ്വന്തം ന്യായാന്യായവിവേചനവും ഇച്ഛാശക്തിയും പ്രയോഗിക്കാൻ കഴിവുള്ള ആരോഗ്യസ്ഥിതിയിലായിരിക്കെ, ഖ ഒരു പ്രത്യേക സാരാർത്ഥത്തോടുകൂടിയ ഒരു മരണശാസനം ഉണ്ടാക്കാൻ ക യെ പ്രചോദിപ്പിക്കാനായി പ്രേരകാത്മകമായ അഭ്യർത്ഥനയും അനുനയവും പ്രയോഗിക്കുന്നു. ക ആ അഭ്യർത്ഥനയുടേയും അനുനയത്തിൻേറയും ഫലമായി, എന്നാൽ തൻെറ ന്യായാന്യായ വിവേചനവും ഇച്ഛാശക്തിയും സ്വതന്ത്രമായി പ്രയോഗിച്ചുകൊണ്ട്, ക ഖ ശിപാർശ ചെയ്ത രീതിയിൽ മരണശാസനം ഉണ്ടാക്കുന്നു. ക യുടെ അഭ്യർത്ഥനയും അനുനയവും മരണശാസനത്തെ അസാധുവാക്കിത്തീർക്കുന്നില്ല.

(viii) ഖ യിൽ നിന്ന് ഒരു ഒസ്യത്ത് മുതൽ നേടണമെന്ന ലക്ഷ്യത്തോടെ ക അയാളോട് ഉപചാരം കാണിക്കുകയും മുഖസ്തുതി പറയുകയും അതുവഴി അയാളിൽ ക യോട് യുക്തിഹീനമായ പക്ഷപാതം ഉളവാക്കുകയും ചെയ്യുന്നു. ഖ, ഉപചാരത്തിൻേറയും മുഖസ്തുതിയുടേയും ഫലമായി ക യ്ക്ക്, ഒരു ഒസ്യത്ത് മുതൽ കൊടുക്കുന്ന മരണശാസനം ഉണ്ടാക്കുന്നു. ക യുടെ ഉപചാരവും മുഖസ്തുതിയും ഒസ്യത്ത് അസാധുവാക്കിത്തീർക്കുന്നില്ല.

62. <u>മരണശാസനം പിൻവലിക്കുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യാമെന്ന്.</u>— മരണശാസനം, അതുണ്ടാക്കിയ ആരാക്, മരണശാസനം വഴി തൻെറ വസ്തു വിനിയോഗം ചെയ്യാൻ ക്ഷമതയുള്ള ഏതു സമയത്തും പിൻവലിക്കുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യാവുന്നതായിരിക്കുന്നതാണ്.

## അദ്ധ്യായം III

## പ്രത്യേകാവകാശ പ്രകാരമുള്ളതല്ലാത്ത മരണശാസനങ്ങരം ഒപ്പിട്ടുപൂർത്തീകരിക്കുന്നതിനെക്കുറിച്ച്

63. <u>പ്രത്യേകാവകാശപ്രകാരമുള്ളതല്ലാത്ത മരണശാസനങ്ങരം ഒപ്പിട്ടുപൂർത്തീകരിക്കുന്നത്.</u>— ഒരു യുദ്ധസംരംഭത്തിൽ നിയോജിക്കപ്പെട്ടിട്ടുള്ളവനോ യഥാർത്ഥ യുദ്ധനടപടിയിൽ ഏർപ്പെട്ടിരിക്കുന്നവനോ ആയ സൈനികനോ, അല്ലെങ്കിൽ അപ്രകാരം നിയോജിക്കപ്പെട്ടിട്ടുള്ളവനോ ഏർപ്പെട്ടിരിക്കുന്നവനോ ആയ വൈമാനികനോ, അല്ലെങ്കിൽ കടലിലായിരിക്കുന്ന നാവികനോ അല്ലാത്ത ഏതൊരു മരണശാസനകർത്താവും തൻെറ മരണശാസനം താഴെ പറയുന്ന ചട്ടങ്ങരം അനുസരിച്ച് ഒപ്പിട്ടുപൂർത്തീകരിക്കേണ്ടതാകുന്നു.—

(ക) മരണശാസനത്തിൽ മരണശാസനകർത്താവ് ഒപ്പിടുകയോ തൻെറ അടയാളം പതിക്കുകയോ ചെയ്യേണ്ടതോ, അല്ലെങ്കിൽ, അത് അയാളുടെ സാന്നിദ്ധ്യത്തിലും നിദേശപ്രകാരവും മററ് വല്ല ആളും ഒപ്പിടേണ്ടതോ ആകുന്നു.

(ഖ) മരണശാസനകർത്താവിൻെറ ഒപ്പോ അടയാളമോ അല്ലെങ്കിൽ അയാരംക്കുവേണ്ടി ഒപ്പിടുന്ന ആളുടെ ഒപ്പോ, അതിനാൽ ആ ലിഖിതത്തിന് ഒരു മരണശാസനമെന്ന നിലയിൽ പ്രഭാവം നല്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതായിരുന്നുവെന്ന് കാണത്തക്കവിധമുള്ള സ്ഥാനത്ത് വയ്ക്കേണ്ടതാകുന്നു.

(ഗ) മരണശാസനം രണ്ടോ അതിലധികമോ സാക്ഷികരം സാക്ഷ്യപ്പെടുത്തേണ്ടതും, അവരിൽ ഓരോരുത്തനും മരണശാസനകർത്താവ് മരണശാസനത്തിൽ ഒപ്പിടുന്നതോ അയാളുടെ അടയാളം പതിക്കുന്നതോ കണ്ടിരിക്കുകയോ

അല്ലെങ്കിൽ മരണശാസനകർത്താവിന്റെ സാന്നിദ്ധ്യത്തിലും നിദേശപ്രകാരവും മററു വല്ല ആളും മരണശാസനം ഒപ്പിടുന്നത് കണ്ടിരിക്കുകയോ, അല്ലെങ്കിൽ അയാൾക്ക് മരണശാസനകർത്താവിൽ നിന്ന് അയാളുടെ ഒപ്പിനേയോ അടയാളത്തെയോ കുറിച്ചോ അങ്ങനെയുള്ള മററ ആളുടെ ഒപ്പിനെക്കുറിച്ചോ, അത് അങ്ങനെയുള്ളതാണെന്ന് നേരിട്ടുള്ള സമ്മതം കിട്ടിയിരിക്കുകയോ ചെയ്യേണ്ടതും; സാക്ഷികളിൽ ഓരോരുത്തനും മരണശാസനകർത്താവിന്റെ സാന്നിദ്ധ്യത്തിൽ മരണശാസനം ഒപ്പിടേണ്ടതും, എന്നാൽ ഒരേ സമയത്ത് ഒന്നിലധികം സാക്ഷികൾ സന്നിഹിതരായിരിക്കേണ്ട ആവശ്യമില്ലാത്തതും, സാക്ഷ്യപ്പെടുത്താൻ പ്രത്യേക രൂപമൊന്നും ആവശ്യമില്ലാത്തതും ആകുന്നു.

64. പരാമർശം വഴി രേഖകൾ ഭാഗമാക്കുന്നത്.—യഥാവിധി സാക്ഷ്യപ്പെടുത്തിയ ഒരു മരണശാസനത്തിലോ കോഡിസിലിലോ അപ്പോൾ യഥാർത്ഥത്തിൽ ലിഖിതമാക്കിയിരിക്കുന്ന മറേറതെങ്കിലും രേഖയെ, തന്റെ ഉദ്ദേശ്യങ്ങളുടെ ഏതെങ്കിലും ഭാഗം പ്രകടിപ്പിക്കുന്നതായി മരണശാസനകർത്താവ് പരാമർശിക്കുന്നുവെങ്കിൽ, ആ രേഖ മരണശാസനത്തിന്റേയോ കോഡിസിലിന്റേയോ ഭാഗമാകുന്നതായി കരുതപ്പെടുന്നതാകുന്നു.

## അദ്ധ്യായം IV

## പ്രത്യേകാവകാശപ്രകാരമുള്ള മരണശാസനങ്ങളെക്കുറിച്ച്

65. പ്രത്യേകാവകാശപ്രകാരമുള്ള മരണശാസനങ്ങൾ.—ഒരു യുദ്ധസംരംഭത്തിൽ നിയോജിക്കപ്പെട്ടിട്ടുള്ളവനോ യഥാർത്ഥ യുദ്ധനടപടിയിൽ ഏർപ്പെട്ടിരിക്കുന്നവനോ ആയ ഏതെങ്കിലും സൈനികനോ, അല്ലെങ്കിൽ അപ്രകാരം നിയോജിക്കപ്പെട്ടിട്ടുള്ളവനോ ഏർപ്പെട്ടിരിക്കുന്നവനോ ആയ വൈമാനികനോ, കടലിൽ ആയിരിക്കുന്ന നാവികനോ, തനിക്ക് പതിനെട്ടു വയസ്സ് പൂർത്തിയായിട്ടുണ്ടെങ്കിൽ, തന്റെ വസ്തു 66-ാം വകുപ്പിൽ വ്യവസ്ഥ ചെയ്യുന്ന രീതിയിൽ ഉണ്ടാക്കുന്ന മരണശാസനം വഴി വിനിയോഗം ചെയ്യാവുന്നതാണ്. അങ്ങനെയുള്ള മരണശാസനങ്ങൾക്ക് പ്രത്യേകാവകാശപ്രകാരമുള്ള മരണശാസനങ്ങൾ എന്ന് പേർ പറയുന്നു.

### ദൃഷ്ടാന്തങ്ങൾ

(i) ഒരു റെജിമെൻറിനോട് ചേർന്ന ഒരു മെഡിക്കൽ ആഫീസർ ഒരു യുദ്ധസംരംഭത്തിൽ യഥാർത്ഥത്തിൽ നിയോജിക്കപ്പെട്ടിരിക്കുന്നു. അയാൾ ഒരു യുദ്ധസംരംഭത്തിൽ യഥാർത്ഥത്തിൽ നിയോജിക്കപ്പെട്ടിട്ടുള്ള സൈനികനാണ്. അയാൾക്ക് പ്രത്യേകാവകാശപ്രകാരമുള്ള മരണശാസനം ഉണ്ടാക്കാൻ കഴിയുന്നതും ആണ്.

(ii) ക താൻ പഴ്സറായിട്ടുള്ള ഒരു കച്ചവടക്കപ്പലിൽ കടലിലാണ്. അയാൾ നാവികനാണ്; കടലിലായതുകൊണ്ട് അയാൾക്ക് പ്രത്യേകവകാശപ്രകാരമുള്ള മരണശാസനം ഉണ്ടാക്കാൻ കഴിയുന്നതും ആകുന്നു.

(iii) കലാപകാരികൾക്കെതിരായി യുദ്ധരംഗത്ത് സേവനമനുഷ്ഠിക്കുന്ന സൈനികനായ ക, യഥാർത്ഥ യുദ്ധനടപടിയിൽ ഏർപ്പെട്ടിരിക്കുന്ന സൈനികനാണ്; ആ നിലയ്ക്ക് അയാൾക്ക് പ്രത്യേകാവകാശപ്രകാരമുള്ള മരണശാസനം ഉണ്ടാക്കാൻ കഴിയുന്നതും ആകുന്നു.

(iv) ഒരു കപ്പലിലെ നാവികനായ ക, ഒരു കപ്പൽയാത്രക്കിടയിൽ, കപ്പൽ തുറമുഖത്ത് കിടക്കുമ്പോൾ താൽക്കാലികമായി കടൽത്തീരത്താണ്. ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക് അയാൾ കടലിലായിരിക്കുന്ന നാവികനാണ്; അയാൾക്ക് പ്രത്യേകാവകാശപ്രകാരമുള്ള മരണശാസനം ഉണ്ടാക്കാൻ കഴിയുന്നതും ആകുന്നു.

(v) ഒരു നാവികസേനയെ നയിക്കുന്ന അഡ്മിറലും, എന്നാൽ കടൽത്തീരത്ത് താമസിക്കുകയും കപ്പലിലേയ്ക്ക് ഇടയ്ക്കുമാത്രം പോകുന്നവനും ആയ ക, കടലിലായിരിക്കുന്നതായി കരുതപ്പെടുന്നതല്ലാത്തതും, അയാൾക്ക് പ്രത്യേകാവകാശപ്രകാരമുള്ള മരണശാസനം ഉണ്ടാക്കാൻ കഴിയുന്നതല്ലാത്തതും ആകുന്നു.

(vi) ഒരു സൈനിക യുദ്ധസംരംഭത്തിൽ സേവനമനുഷ്ഠിക്കുന്ന നാവികനും, എന്നാൽ കടലിൽ അല്ലാതിരിക്കുന്നവനും ആയ ക സൈനികനായി കരുതപ്പെടുന്നതും അയാൾക്ക് പ്രത്യേകാവകാശപ്രകാരമുള്ള മരണശാസനം ഉണ്ടാക്കാൻ കഴിയുന്നതും ആകുന്നു.

66. <u>പ്രത്യേകാവകാശപ്രകാരമുള്ള മരണശാസനങ്ങൾ ഉണ്ടാക്കുന്ന സമ്പ്രദായവും ഒപ്പിട്ടു പൂർത്തീകരിക്കാനുള്ള ചട്ടങ്ങളും.</u>—(1) പ്രത്യേകാവകാശപ്രകാരമുള്ള മരണശാസനങ്ങൾ ലിഖിതമായിരിക്കാവുന്നതോ, വാക്കാൽ ഉണ്ടാക്കാവുന്നതോ ആകുന്നു.

(2) പ്രത്യേകാവകാശപ്രകാരമുള്ള മരണശാസനങ്ങളുടെ ഒപ്പിട്ട് പൂർത്തീകരിക്കൽ താഴെ പറയുന്ന ചട്ടങ്ങളാൽ അനുശാസിതമായിരിക്കുന്നതാകുന്നു.

(ക) മരണശാസനം മുഴുവനും മരണശാസനകർത്താവിന് സ്വന്തം കൈകൊണ്ട് എഴുതാവുന്നതാണ്. അങ്ങനെയുള്ള സംഗതിയിൽ അത് ഒപ്പിടുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്യേണ്ടതില്ല.

(ഖ) അതു മുഴുവനായോ ഭാഗികമായോ മറ്റൊരാൾ എഴുതിയതും, മരണശാസനകർത്താവ് ഒപ്പിട്ടതും ആകാവുന്നതാണ്. അങ്ങനെയുള്ള സംഗതിയിൽ അതു സാക്ഷ്യപ്പെടുത്തേണ്ടതില്ല.

(ഗ) മരണശാസനമായി കരുതപ്പെടുന്ന പ്രമാണം മുഴുവനായോ ഭാഗികമായോ മറ്റൊരാൾ എഴുതുകയും, മരണശാസനകർത്താവ് അത് ഒപ്പിടാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ, അത് മരണശാസനകർത്താവിന്റെ നിദേശങ്ങൾ പ്രകാരം എഴുതിയതാണെന്നോ അല്ലെങ്കിൽ അത് തന്റെ മരണശാസനമായി അയാൾ അംഗീകരിച്ചുവെന്നോ കാണിക്കപ്പെടുന്നുവെങ്കിൽ, അത് അയാളുടെ മരണശാസനമായി കരുതപ്പെടുന്നതാകുന്നു.

(ഘ) മരണശാസനകർത്താവ് ഉദ്ദേശിച്ച രീതിയിൽ പ്രമാണത്തിന്റെ ഒപ്പിട്ട് പൂർത്തീകരിക്കൽ മുഴുമിച്ചിട്ടുണ്ടായിരുന്നില്ലെന്ന് അതിൽനിന്ന് പ്രത്യക്ഷത്തിൽത്തന്നെ കാണപ്പെടുന്നുവെങ്കിൽ, പ്രമാണം ആ കാരണത്താൽ അസാധുവായിരിക്കുന്നതല്ല; എന്നാൽ അതിന്, അയാൾ അത് ഒപ്പിട്ട് പൂർത്തീകരിക്കാതിരുന്നത് പ്രമാണത്തിൽ പ്രകടമാക്കിയിട്ടുള്ള മരണശാസനോദ്ദേശ്യങ്ങൾ ഉപേക്ഷിച്ചിരിക്കുന്നു എന്നുള്ളതല്ലാത്ത മററു വല്ല കാരണത്താലുമാണെന്ന് ന്യായമായി കല്പിക്കപ്പെടാവുന്നതായിരിക്കണം.

(ങ) സൈനികനോ, വൈമാനികനോ, നാവികനോ, തന്റെ മരണപത്രം തയ്യാറാക്കുന്നതിനുള്ള ആദേശങ്ങൾ എഴുതിയിരിക്കുകയും, എന്നാൽ അതു തയ്യാറാക്കുകയും ഒപ്പിട്ട് പൂർത്തീകരിക്കുകയും ചെയ്യുന്നതിനുമുമ്പ്, മരിച്ചുപോയിരിക്കുകയും ചെയ്യുന്നുവെങ്കിൽ, അങ്ങനെയുള്ള ആദേശങ്ങൾ അയാളുടെ മരണശാസനമാകുന്നതായി പരിഗണിക്കപ്പെടുന്നതാകുന്നു.

(ച) സൈനികനോ വൈമാനികനോ, നാവികനോ തന്റെ മരണശാസനം തയ്യാറാക്കുന്നതിന് രണ്ടു സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ വാക്കാൽ ആദേശങ്ങൾ നല്കിയിരിക്കുകയും, അവ അയാളുടെ ജീവിതകാലത്ത് ലിഖിതമാക്കിയിരിക്കുകയും, എന്നാൽ അയാൾ പ്രമാണം തയ്യാറാക്കുകയും ഒപ്പിട്ട് പൂർത്തീകരിക്കുകയും ചെയ്യാൻ കഴിയുന്നതിനുമുമ്പ് മരിച്ചുപോയിരിക്കുകയും ചെയ്യുന്നുവെങ്കിൽ, അങ്ങനെയുള്ള ആദേശങ്ങൾ അവ അയാളുടെ സാന്നിദ്ധ്യത്തിൽ ലിഖിതമാക്കുകയോ, അത് അയാളെ വായിച്ച് കേൾപ്പിക്കുകയോ ചെയ്തിട്ടില്ലാതിരിക്കാമെങ്കിലും, അയാളുടെ മരണശാസനം ആകുന്നതായി പരിഗണിക്കപ്പെടുന്നതാകുന്നു.

(ഛ) സൈനികനോ, വൈമാനികനോ, നാവികനോ ഒരേസമയത്ത് സന്നിഹിതരായിരിക്കുന്ന രണ്ട് സാക്ഷികളുടെ മുമ്പാകെ തന്റെ ഉദ്ദേശ്യം പ്രഖ്യാപിച്ചുകൊണ്ട് വാക്കാൽ മരണശാസനം ഉണ്ടാക്കാവുന്നതാണ്.

(ജ) വാക്കാൽ ഉണ്ടാക്കുന്ന മരണശാസനം, മരണശാസനകർത്താവ് ജീവിച്ചിരിക്കെതന്നെ, അയാൾക്ക് പ്രത്യേകാവകാശമുള്ള മരണശാസനം ഉണ്ടാക്കുവാനുള്ള അവകാശം ഇല്ലാതായിത്തീർന്നതിനുശേഷം ഒരു മാസം കഴിയുന്നതോടെ ശൂന്യമാകുന്നതാണ്.

## അദ്ധ്യായം V

## മരണശാസനങ്ങളുടെ സാക്ഷ്യപ്പെടുത്തലിനേയും പിൻവലിക്കലിനേയും വ്യത്യാസപ്പെടുത്തലിനേയും പുനരുജ്ജീവിപ്പിക്കലിനേയും കുറിച്ച്

67. സാക്ഷ്യപ്പെടുത്തുന്ന സാക്ഷികൾക്കുള്ള ദാനത്തിന്റെ പ്രഭാവം.—ഒരു മരണശാസനം, അതുവഴി, അതു സാക്ഷ്യപ്പെടുത്തുന്ന ഏതെങ്കിലും ആൾക്കോ അയാളുടേയോ അവളുടേയോ ഭാര്യയ്ക്കോ ഭർത്താവിനോ ഒസ്യത്ത് ചെയ്തോ നിയോഗിച്ചോ നല്കുന്ന ഏതെങ്കിലും ആനുകൂല്യം കാരണമായി മതിയായവിധം സാക്ഷ്യപ്പെടുത്തിയതല്ലാത്തതായി കരുതപ്പെടുന്നതല്ല; എന്നാൽ അങ്ങനെ ഒസ്യത്ത് ചെയ്തതോ നിയോഗിച്ചതോ അപ്രകാരം സാക്ഷ്യപ്പെടുത്തുന്ന ആളെയോ, അങ്ങനെയുള്ള ആളുടെ ഭാര്യയേയോ ഭർത്താവിനേയോ അവരിലൂടെ അവകാശപ്പെടുന്ന ഏതെങ്കിലും ആളേയോ സംബന്ധിച്ചിടത്തോളം ശൂന്യമായിരിക്കുന്നതാണ്.

വിശദീകരണം.—ഒരു മരണശാസനത്തിൻകീഴിലെ ഒസ്യത്തവകാശികൾക്ക് ആ മരണശാസനത്തെ സ്ഥിരീകരിക്കുന്ന കോഡിസിൽ സാക്ഷിപ്പെടുത്തുന്നതുവഴിതന്റെ ഒസ്യത്തുമുതൽ നഷ്ടപ്പെടുന്നില്ല.

68. മരണശാസനത്തിൽ അവകാശമുണ്ടെന്നതിനാലോ അതിന്റെ എക്സിക്യൂട്ടറാണെന്നതിനാലോ സാക്ഷി അയോഗ്യനാകുന്നതല്ലെന്ന്.—മരണശാസനത്തിൽ അവകാശമുണ്ടെന്നതിനാലോ അതിന്റെ എക്സിക്യൂട്ടറാണെന്നതിനാലോ യാതൊരാളും മരണശാസനത്തിന്റെ ഒപ്പിട്ട് പൂർത്തീകരിക്കൽ തെളിയിക്കുന്നതിനോ അതിന്റെ സാധുതയോ അസാധുതയോ തെളിയിക്കുന്നതിനോ സാക്ഷിയെന്ന നിലയിൽ അയോഗ്യനാകുന്നതല്ല.

69. മരണശാസനകർത്താവിന്റെ വിവാഹത്താൽ മരണശാസനം പിൻവലിക്കപ്പെടുന്നത്.—ഏതു വസ്തു സംബന്ധിച്ചാണോ, നിയോഗിക്കുവാനുള്ള ഒരു അധികാരം പ്രയോഗിക്കപ്പെടുന്നത്, ആ വസ്തു അങ്ങനെ നിയോഗിക്കുവാൻ

വീഴ്ച വരുത്തിയാൽ തന്റെ എക്സിക്യൂട്ടർക്കോ അഡ്മിനിസ്ട്രേറ്റർക്കോ, അല്ലെങ്കിൽ മരണശാസനം കൂടാതെ മരിച്ചാലുള്ള സ്ഥിതിയിൽ അവകാശമുള്ള ആൾക്കോ സംക്രമിക്കുകയില്ലെന്നുള്ളപ്പോൾ ആ നിയോഗിക്കാനുള്ള അധികാരം പ്രയോഗിച്ച് ഉണ്ടാക്കുന്ന ഒരു മരണശാസനം ഒഴികെയുള്ള ഏതൊരു മരണശാസനവും, അത് ഉണ്ടാക്കുന്ന ആളുടെ വിവാഹത്താൽ പിൻവലിക്കപ്പെടുന്നതാകുന്നു.

വിശദീകരണം.—താൻ ഉടമസ്ഥനല്ലാത്ത ഒരു വസ്തുവിന്റെ വിനിയോഗം നിശ്ചയിക്കാനുള്ള അധികാരം ഒരാളിൽ നിക്ഷിപ്തമായിട്ടുള്ളിടത്ത്, അയാൾക്ക് അങ്ങനെയുള്ള വസ്തു സംബന്ധിച്ച് നിയോഗിക്കാനുള്ള അധികാരമുള്ളതായി പറയപ്പെടുന്നു.

70. പ്രത്യേകാവകാശപ്രകാരമുള്ളതല്ലാത്ത മരണശാസനമോ കോഡിസിലോ പിൻവലിക്കുന്നത്.—പ്രത്യേകാവകാശപ്രകാരമുള്ളതല്ലാത്ത മരണശാസനമോ കോഡിസിലോ, അവയിൽ ഏതിന്റെയെങ്കിലും ഭാഗമോ, വിവാഹത്താലോ മറ്റൊരു മരണശാസനത്താലോ കോഡിസിലിനാലോ, അല്ലെങ്കിൽ അതു പിൻവലിക്കാനുള്ള ഉദ്ദേശ്യം പ്രഖ്യാപിക്കുന്നതും പ്രത്യേകാവകാശപ്രകാരമുള്ളതല്ലാത്ത ഒരു മരണശാസനം ഒപ്പിട്ടു പൂർത്തീകരിക്കാൻ ഇതിൽ ഇതിനുമുമ്പ് ആവശ്യപ്പെട്ടിട്ടുള്ള രീതിയിൽ ഒപ്പിട്ടു പൂർത്തീകരിച്ചതുമായ വല്ല ലിഖിതത്താലുമോ, അല്ലെങ്കിൽ അവ പിൻവലിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി മരണശാസനകർത്താവോ അല്ലെങ്കിൽ അയാളുടെ സാന്നിദ്ധ്യത്തിലും നിദേശപ്രകാരവും വല്ല ആളുമോ, അത് കത്തിക്കുകയോ കീറുകയോ മററുവിധത്തിൽ നശിപ്പിക്കുകയോ ചെയ്യുന്നതിനാലോ അല്ലാതെ പിൻവലിക്കാൻ പാടുള്ളതല്ല.

## ദൃഷ്ടാന്തങ്ങൾ

(i) ക പ്രത്യേകാവകാശപ്രകാരമുള്ളതല്ലാത്ത ഒരു മരണശാസനം ഉണ്ടാക്കിയിട്ടുണ്ട്. പിന്നീടു ക അതിനെ പിൻവലിക്കുന്നതായി കരുതപ്പെടുന്ന പ്രത്യേകാവകാശപ്രകാരമുള്ളതല്ലാത്ത മറ്റൊരു മരണശാസനം ഉണ്ടാക്കുന്നു. ഇത് പിൻവലിക്കലാണ്.

(ii) ക പ്രത്യേകാവകാശപ്രകാരമുള്ളതല്ലാത്ത ഒരു മരണശാസനം ഉണ്ടാക്കിയിട്ടുണ്ട്. പിന്നീട് പ്രത്യേകാവകാശപ്രകാരമുള്ള മരണശാസനം ഉണ്ടാക്കാൻ അവകാശമുണ്ടായിരിക്കെ, ക പ്രത്യേകാവകാശപ്രകാരമുള്ളതല്ലാത്ത തന്റെ മരണശാസനം പിൻവലിക്കുന്നതായി കരുതപ്പെടുന്ന പ്രത്യേകാവകാശപ്രകാരമുള്ള ഒര മരണശാസനം ഉണ്ടാക്കുന്നു. ഇത് പിൻവലിക്കലാണ്.

71. പ്രത്യേകാവകാശപ്രകാരമുള്ളതല്ലാത്ത മരണശാസനത്തിലെ മായിച്ചുകളയലിന്റേയോ ഇടയ്ക്ക് തിരുത്തി ചേർക്കലിന്റേയോ വ്യത്യാസപ്പെടുത്തലിന്റേയോ പ്രഭാവം.— പ്രത്യേകാവകാശപ്രകാരമുള്ളതല്ലാത്ത ഏതെങ്കിലും മരണശാസനം ഒപ്പിട്ട് പൂർത്തീകരിച്ചതിനുശേഷം, അതിൽ ചെയ്തിട്ടുള്ള മായിച്ചുകളയിലിനോ ഇടയ്ക്ക് തിരുത്തിച്ചേർക്കലിനോ മററു വ്യത്യാസപ്പെടുത്തലിനോ, അതുവഴി മരണശാസനത്തിന്റെ വാക്കുകളോ അർത്ഥമോ അവ്യക്തമോ ദുർഗ്രഹമോ ആക്കിയിട്ടുള്ളിടത്തോളം ഒഴികെ, അങ്ങനെയുള്ള വ്യത്യാ

സപ്പെടുത്തൽ മരണശാസനം ഒപ്പിട്ട് പൂർത്തീകരിക്കാൻ ഇതിൽ ഇതിനുമുൻപ് ആവശ്യപ്പെട്ടതുപോലെയുള്ള രീതിയിൽ ഒപ്പിട്ടു പൂർത്തീകരിച്ചിട്ടില്ലാത്ത പക്ഷം, യാതൊരു പ്രഭാവവും ഉണ്ടായിരിക്കുന്നതല്ല :

എന്നാൽ, മരണശാസനകർത്താവിന്റെ ഒപ്പും, സാക്ഷികളുടെ സാക്ഷ്യപ്പെടുത്തിക്കൊണ്ടുള്ള ഒപ്പും വച്ചിട്ടുള്ളത് അങ്ങനെ വ്യത്യാസപ്പെടുത്തിയതിന് എതിരായോ സമീപമായോ മരണശാസനത്തിന്റെ മാർജിനിലോ മററു വല്ല ഭാഗത്തോ, അല്ലെങ്കിൽ അങ്ങനെ വ്യത്യാസ പ്പെടുത്തിയതിനെ പരാമർശിച്ചുകൊണ്ടുള്ളതും മരണശാസനത്തിന്റെ ഒടുവിലോ മററ് വല്ല ഭാഗത്തോ എഴുതിയിട്ടുള്ളതും ആയ മെമ്മോറാണ്ടത്തിന്റെ ചുവട്ടിലോ അവസാനത്തിലോ എതിരായോ ആണെങ്കിൽ മരണശാസനം അപ്രകാരം വ്യത്യാസപ്പെടുത്തിയവിധം യഥാവിധി ഒപ്പിട്ട് പൂർത്തീകരിക്കപ്പെട്ടതായി കരുതപ്പെടുന്നതാകുന്നു.

72. പ്രത്യേകാവകാശപ്രകാരമുള്ള മരണശാസനമോ കോഡിസിലോ പിൻവലിക്കുന്നത്.—പ്രത്യേകാവകാശപ്രകാരമുള്ള ഒരു മരണശാസനമോ കോഡിസിലോ മരണശാസനകർത്താവിന് പ്രത്യേകാവകാശപ്രകാരമുള്ളതല്ലാത്ത മരണശാസനത്താലോ കോഡിസിലിനാലോ, അല്ലെങ്കിൽ അതു പിൻവലിക്കാനുള്ള ഉദ്ദേശ്യം പ്രകടിപ്പിച്ചുകൊണ്ടുള്ളതും പ്രത്യേകാവകാശപ്രകാരമുള്ള ഒരു മരണശാസനത്തിന് സാധുത്വം നല്കാൻ മതിയായ ഔപചാരികതകൾ സഹിതം ഉള്ളതുമായ ഒരു കൃത്യം വഴിയോ, അല്ലെങ്കിൽ അത് പിൻവലിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി മരണശാസനകർത്താവോ അല്ലെങ്കിൽ അയാളുടെ സാന്നിദ്ധ്യത്തിലും നിദേശപ്രകാരവും വല്ല ആളുമോ അത് കത്തിക്കുകയോ കീറുകയോ മററുവിധത്തിൽ നശിപ്പിക്കുകയോ ചെയ്യുന്നതു വഴിയോ പിൻവലിക്കാവുന്നതാണ്.

വിശദീകരണം.—പ്രത്യേകാവകാശപ്രകാരമുള്ള ഒരു മരണശാസനം, അങ്ങനെയുള്ള മരണശാസനത്തിന് സാധുത്വം നല്കാൻ മതിയായ ഔപചാരികതകൾ സഹിതമുള്ള ഒരു കൃത്യംവഴി പിൻവലിക്കുന്നതിന്, ആ കൃത്യം ചെയ്യുന്ന സമയത്ത് മരണശാസനകർത്താവ് പ്രത്യേകാവകാശപ്രകാരമുള്ള മരണശാസനം ഉണ്ടാക്കാൻ തനിക്ക് അവകാശമുള്ള ഒരു സ്ഥിതിയിൽആയിരിക്കേണ്ടയാവശ്യമില്ല.

73. പ്രത്യേകാവകാശപ്രകാരമുള്ളതല്ലാത്ത മരണശാസനം പുനരുജ്ജീവിപ്പിക്കുന്നത്.—(i) ഏതെങ്കിലും രീതിയിൽ പിൻവലിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും പ്രത്യേകാവകാശപ്രകാരമുള്ളതല്ലാത്ത മരണശാസനമോ കോഡിസിലോ അതിന്റെ ഏതെങ്കിലും ഭാഗമോ, അതു വീണ്ടും ഒപ്പിട്ട് പൂർത്തീകരിക്കുന്നതു വഴിയോ, അല്ലെങ്കിൽ ഇതിൽ ഇതിനുമുൻപ് ആവശ്യപ്പെട്ടിട്ടുള്ള രീതിയിൽ ഒപ്പിട്ടു പൂർത്തീകരിച്ചിട്ടുള്ളതും പുനരുജ്ജീവിപ്പിക്കാനുള്ള ഉദ്ദേശ്യം കാണിക്കുന്നതുമായ ഒരു കോഡിസിൽവഴിയോ അല്ലാതെ പുനരുജ്ജീവിപ്പിക്കപ്പെടുന്നതല്ല.

(2) ഭാഗികമായി പിൻവലിക്കുകയും പിന്നീട് മുഴുവനായി പിൻവലിക്കുകയും ചെയ്തിട്ടുള്ള ഏതെങ്കിലും മരണശാസനമോ കോഡിസിലോ പുനരുജ്ജീവിപ്പിച്ചിട്ടുള്ളപ്പോൾ, അതിന്റെ എത്രത്തോളം ഭാഗമാണോ അതു മുഴുവനായി പിൻവലിക്കുന്നതിന് മുൻപ് പിൻവലിച്ചിരുന്നത്, അത്രയും ഭാഗത്തിന് മരണശാസനമോ കോഡിസിലോ വിപരീതമായ ഉദ്ദേശ്യം കാണിക്കാത്തപക്ഷം, അങ്ങനെയുള്ള പുനരുജ്ജീവനം വ്യാപകമായിരിക്കുന്നതല്ല.

## അദ്ധ്യായം VI

## മരണശാസനങ്ങളുടെ അർത്ഥകല്പനത്തെക്കുറിച്ച്

74. മരണശാസനത്തിലെ വാക്പ്രയോഗം.—മരണശാസനത്തിൽ ഏതെങ്കിലും സാങ്കേതികപദങ്ങളോ സാങ്കേതികാർത്ഥത്തിലുള്ള പദപ്രയോഗങ്ങളോ ഉപയോഗിക്കേണ്ട ആവശ്യമില്ലാത്തതും, എന്നാൽ വാക്പ്രയോഗം മരണശാസനകർത്താവിന്റെ ഉദ്ദേശ്യം അതിൽനിന്ന് അറിയാൻ കഴിയത്തക്കതായിരിക്കണം എന്നുള്ളതുമാത്രം ആവശ്യമായിട്ടുള്ളതും ആകുന്നു.

75. മരണശാസനത്തിന് പാത്രമായ ആളേയും അതിലെ വിഷയവസ്തുവുംസംബന്ധിച്ച പ്രശ്നങ്ങൾ തീരുമാനിക്കാനുള്ള അന്വേഷണവിചാരണകൾ.—മരണശാസനത്തിൽ ഉപയോഗിച്ചിട്ടുള്ള ഏതെങ്കിലും വാക്കുകൾ, ഏത് ആളേയോ ഏതു വസ്തുവിനേയോ കുറിക്കുന്നതാണെന്നുള്ളതു സംബന്ധിച്ച പ്രശ്നങ്ങൾ തീരുമാനിക്കുന്നതിനു വേണ്ടി, കോടതി, അങ്ങനെയുള്ള മരണശാസനത്തിൻ കീഴിൽ അവകാശമുണ്ടെന്ന് തേർച്ച ചെയ്യുന്ന ആളുകളെ സംബന്ധിച്ച സാരമായ ഏതൊരു വസ്തുതയെക്കുറിച്ചും, വിനിയോഗവിഷയമായതാണെന്നു തേർച്ചപ്പെടുന്ന വസ്തുവിനേക്കുറിച്ചും മരണശാസനകർത്താവിന്റേയും അയാളുടെ കുടുംബത്തിന്റേയും പരിതഃസ്ഥിതികളെക്കുറിച്ചും മരണശാസനകർത്താവ് ഉപയോഗിച്ച വാക്കുകൾ ശരിയായി ബാധകമാക്കാൻ ഉതകുന്ന ഏതൊരു വസ്തുതയേക്കുറിച്ചും അന്വേഷണവിചാരണ ചെയ്യേണ്ടതാകുന്നു.

### ദൃഷ്ടാന്തങ്ങൾ

(i) ക തന്റെ മരണശാസനംവഴി 1000 രൂപ തന്റെ മുത്തപുത്രനോ തന്റെ ഏററവും പ്രായം കുറഞ്ഞ പേരക്കുട്ടിക്കോ, തന്റെ കസിൻ (പിതാവിന്റേയോ മാതാവിന്റേയോ സഹോദര സന്താനം) ആയ മേരിക്കോ ആയി ഒസ്യത്തു ചെയ്യുന്നു. മരണശാസനത്തിലുള്ള വിവരണം ബാധകമാകുന്നത് ഏത് ആൾക്കാണ് എന്നു തിട്ടപ്പെടുത്താൻ കോടതിക്ക് അന്വേഷണവിചാരണ ചെയ്യാവുന്നതാണ്.

(ii) ക തന്റെ മരണശാസനം വഴി "ബ്ലാക്ക് ഏക്കർ എന്നു പറയപ്പെടുന്ന എന്റെ എസ്റേററ്" ഖ യ്ക്ക് നല്കുന്നു. ഒസ്യത്തിന്റെ വിഷയവസ്തു എന്താണെന്ന്, അതായത് മരണശാസനകർത്താവിന്റെ ഏത് എസ്റേററാണ് ബ്ലാക്ക് ഏക്കർ എന്നു പറയപ്പെടുന്നത് എന്ന് തിട്ടപ്പെടുത്തുന്നതിനുവേണ്ടി തെളിവെടുക്കുന്നത് ആവശ്യമായേക്കാവുന്നതാണ്.

(iii) ക തന്റെ മരണശാസനംവഴി 'ഗയിൽനിന്നു ഞാൻ വാങ്ങിയ എസ്റേററ്' ഖ യ്ക്ക് നല്കുന്നു. മരണശാസനകർത്താവ് ഗ യിൽനിന്ന് വാങ്ങിയത് ഏത് എസ്റേററാണെന്ന് തിട്ടപ്പെടുത്തുന്നതിനു വേണ്ടി തെളിവെടുക്കുന്നത് ആവശ്യമായേക്കാവുന്നതാണ്.

76. പാത്രത്തെ തെററായി പേർ പറയുകയോ തെററായി വിവരിക്കുകയോ ചെയ്യുന്നത്.—(1) ഒരു ഒസ്യത്തവകാശിയേയോ ഏതെങ്കിലും തരം ഒസ്യത്തവകാശികളേയോ നാമനിർദ്ദേശം ചെയ്യുവാനോ വിവരിക്കുവാനോ മരണശാസനത്തിൽ ഉപയോഗിക്കുന്ന വാക്കുകൾ, ഉദ്ദിഷ്ടാർത്ഥമെന്താണെന്ന് മതിയാംവണ്ണം കാണിക്കുന്നിടത്ത്, നാമത്തിലോ വിവരണത്തിലോ ഉള്ള പിശക് ഒസ്യത്തവകാശം ഫലത്തിൽ വരുന്നതിനെ തടയുന്നതല്ല.

(2) ഒസ്യത്തവകാശിയുടെ നാമത്തിലുള്ള തെററ്, അയാളെക്കുറിച്ചുള്ള വിവരണത്താൽ തിരുത്തപ്പെടാവുന്നതും, ഒസ്യത്തവകാശിയെക്കുറിച്ചുള്ള വിവരണത്തിലെ തെററ് നാമത്താൽ തിരുത്തപ്പെടാവുന്നതും ആണ്.

ദൃഷ്ടാന്തങ്ങൾ

(i) ക, "എൻെറ സഹോദരൻ ജോണിൻെറ രണ്ടാമത്തെ പുത്രൻ തോമസിന്" ഒരു ഒസ്യത്തവകാശം ഒസ്യത്ത് ചെയ്യുന്നു. മരണശാസനകർത്താവിന് ജോൺ എന്നു പേരായ ഏക സഹോദരൻ ഉണ്ട്. ജോണിന് തോമസ് എന്നു പേരുള്ള പുത്രൻ ഇല്ല; എന്നാൽ രണ്ടാമത്തേതായി വില്യം എന്നു പേരുള്ള പുത്രനുണ്ട്. ആ ഒസ്യത്തവകാശം വില്യത്തിന് കിട്ടുന്നതാണ്.

(ii) ക. "എൻെറ സഹോദരൻ ജോണിൻെറ രണ്ടാമത്തെ പുത്രൻ തോമസിന്" ഒരു ഒസ്യത്തവകാശം ഒസ്യത്ത് ചെയ്യുന്നു. മരണശാസനകർത്താവിന് ജോൺ എന്നുപേരായ ഏക സഹോദരൻ ഉണ്ട്. അയാളുടെ ആദ്യത്തെ പുത്രന് തോമസ് എന്നും രണ്ടാമത്തെ പുത്രന് വില്യം എന്നും ആണ് പേർ; ആ ഒസ്യത്തവകാശം തോമസിന് കിട്ടുന്നതാണ്.

(iii) മരണശാസനകർത്താവ് തൻെറ വസ്തു "ഗ യുടെ നിയമാനുസൃതവേഴ്ചയിലുണ്ടായ കുട്ടികളായ ക യ്ക്കും ഖ യ്ക്കും" ഒസ്യത്ത് ചെയ്യുന്നു. ഗ യ്ക്ക് നിയമാനുസൃതവേഴ്ചിലുണ്ടായ കുട്ടികളില്ല. എന്നാൽ നിയമവിരുദ്ധവേഴ്ചയിലുണ്ടായ ക, ഖ എന്ന രണ്ടുകുട്ടികൾ ഉണ്ട്. ക യ്ക്കും ഖ യ്ക്കുമുള്ള ഒസ്യത്ത് അവർ നിയമവിരുദ്ധവേഴ്ചയിലുണ്ടായവരാണെങ്കിലും ഫലത്തിൽ വരുന്നതാണ് ;

(iv) മരണശാസനകർത്താവ്, തൻെറ അവശേഷിക്കുന്ന എസ്റേററ് "എൻെറ ഏഴുകുട്ടികൾക്ക്" ഇടയിൽ വിഭജിക്കുവാനായി നല്കുകയും, അവരെ എണ്ണിപ്പറയുന്നതിൽ ആറ് പേരുകൾ മാത്രം പറയുകയും ചെയ്യുന്നു. ഈ വിട്ടുപോകൽ മററുള്ളവരോടൊപ്പം ഒരു ഓഹരി എടുക്കുന്നതിൽ നിന്ന് ഏഴാമത്തെ കുട്ടിയെ തടയുന്നതല്ല.

(v) ആറ് പേരക്കുട്ടികളുള്ള മരണശാസകർത്താവ് "എൻെറ ആറുപേരക്കുട്ടികൾക്ക്" ആയി ഒരു ഒസ്യത്ത് ചെയ്യുകയും അവരെ ക്രിസ്റ്റ്യൻ നാമത്തിൽ പറയുന്നതിൽ ഒരാളുടെ പേർ, മറെറാരാളെ തീരെ വിട്ടുകളഞ്ഞുകൊണ്ട് രണ്ടുപ്രാവശ്യം പറയുകയും ചെയ്യുന്നു. പേർ പറയപ്പെടാത്ത ആൾ മററുള്ളവരോടൊപ്പം ഒരു ഓഹരി എടുക്കുന്നതാണ്.

(vi) മരണശാസനകർത്താവ് "ക യുടെ മൂന്നു കുട്ടികളിൽ ഓരോരുത്തനും 1000 രൂപ" ഒസ്യത്തുചെയ്യുന്നു. മരണശാസനത്തീയതി ക യ്ക്ക് നാലുകുട്ടികൾ ഉണ്ട്. ഈ നാലുകുട്ടികളിൽ ഓരോരുത്തനും, അയാൾ മരണശാസനകർത്താവിനെ അതിജീവിക്കുന്നു എങ്കിൽ, 1000 രൂപയുടെ ഒസ്യത്തവകാശം കിട്ടുന്നതാണ്.

77. വാക്കുകൾ എപ്പോൾ കൂട്ടിച്ചേർക്കാമെന്ന്.—അർത്ഥം പൂർണ്ണമായും പ്രകടമാക്കുന്നതിൽ സാരമായിട്ടുള്ള ഏതെങ്കിലും വാക്ക് വിട്ടുപോയിട്ടുളളിടത്ത്, അത് സന്ദർഭത്താൽ കൂട്ടിച്ചേർക്കാവുന്നതാണ്.

ദൃഷ്ടാന്തം

മരണശാസനകർത്താവ് "അഞ്ഞൂറിൻെറ" ഒസ്യത്തവകാശം തൻെറ പുത്രി ക യ്ക്കും "അഞ്ഞൂറു രൂപയുടെ" ഒസ്യത്തവകാശം തൻെറ പുത്രി ഖ യ്ക്കും നല്കുന്നു. ക അഞ്ഞൂറു രൂപയുടെ ഒസ്യത്ത് അവകാശം എടുക്കുന്നതാണ്.

78. **വിഷയവസ്തുവിന്റെ വിവരണത്തിലുള്ള പിശകായ വിവരങ്ങൾ തിരസ്കരിക്കുന്നത്.**—മരണശാസനകർത്താവ് ഒസ്യത്തുചെയ്യാൻ ഉദ്ദേശിച്ചത് എന്താണോ അത്, മരണശാസനത്തിൽ നല്കിയിട്ടുള്ള അതിന്റെ വിവരണത്തിൽനിന്ന് മതിയാംവണ്ണം തിരിച്ചറിയാൻ കഴിയുകയും, എന്നാൽ വിവരണത്തിന്റെ ചില ഭാഗങ്ങൾ ബാധകമാകാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ വിവരണത്തിന്റെ അങ്ങനെയുള്ള ഭാഗങ്ങൾ പിശകെന്ന നിലയിൽ തിരസ്കരിക്കപ്പെടുന്നതും, ഒസ്യത്ത് ഫലത്തിൽ വരുന്നതും ആകുന്നു.

ദൃഷ്ടാന്തങ്ങൾ

(i) ക "എൽ എന്ന സ്ഥലത്ത് കിടക്കുന്നതും എക്സിന്റെ കൈവശത്തിലുള്ളതും ആയ എന്റെ ചതുപ്പുനിലങ്ങൾ" ഖ യ്ക്ക് ഒസ്യത്തുചെയ്യുന്നു. മരണശാസനകർത്താവിന് എൽ എന്ന സ്ഥലത്ത് കിടക്കുന്ന ചതുപ്പുനിലങ്ങൾ ഉണ്ടായിരുന്നു. എന്നാൽ എക്സിന്റെ കൈവശത്തിലുള്ള ചതുപ്പുനിലങ്ങളുണ്ടായിരുന്നില്ല. "എക്സിന്റെ കൈവശത്തിലുള്ള" എന്ന വാക്കുകൾ പിശക് എന്ന നിലയിൽ തിരസ്കരിക്കപ്പെടുന്നതും, എൽ എന്ന സ്ഥലത്ത് കിടക്കുന്ന ചതുപ്പുനിലങ്ങൾ ഒസ്യത്തുവഴി സംക്രമിക്കുന്നതും ആണ്.

(ii) മരണശാസനകർത്താവ് "റാംപൂരിലെ എന്റെ ജമീന്ദാരി" ക യ്ക്ക് ഒസ്യത്തു ചെയ്യുന്നു.

അയാൾക്ക് റാംപൂരിൽ ഒരു എസ്റേററുണ്ടായിരുന്നു. എന്നാൽ അത് ഒരു താലൂക്കായിരുന്നു. ജമീന്ദാരിയായിരുന്നില്ല. ആ താലൂക്ക് ഈ ഒസ്യത്തുവഴി സംക്രമിക്കുന്നു.

79. **പിശക് എന്ന നിലയിൽ വിവരണത്തിന്റെ ഭാഗം എപ്പോൾ തിരസ്കരിക്കപ്പെടാവുന്നതല്ലെന്ന്.**— മരണശാസനകർത്താവ് ഒസ്യത്ത് ചെയ്യാൻ ഉദ്ദേശിച്ചത് എന്താണോ, അതിന്റെ വിവരണാത്മകമായ പല പരിത:സ്ഥിതികൾ മരണശാസനത്തിൽ പറഞ്ഞിരിക്കുകയും, ഏതു വസ്തു സംബന്ധിച്ചാണോ ആ പരിത:സ്ഥിതികളെല്ലാം നിലവിലുള്ളത്, അങ്ങനെയുള്ളവ അയാളുടെ ഏതെങ്കിലും വസ്തു ഉണ്ടായിരിക്കുകയും ചെയ്യുന്നുവെങ്കിൽ, ഒസ്യത്ത്, ആ വസ്തുവിന് മാത്രമായി പരിമിതിപ്പെടുത്തിയിട്ടുള്ളതായി പരിഗണിക്കപ്പെടുന്നതും, മരണശാസനകർത്താവിന് വിവരണത്തിന്റെ ഏതെങ്കിലും ഭാഗം ബാധകമാകാത്ത മററ് വസ്തു ഉണ്ടായിരുന്നതുകൊണ്ട് വിവരണത്തിന്റെ അങ്ങനെയുള്ള ഏതെങ്കിലും ഭാഗം പിശക് എന്ന നിലയിൽ തിരസ്കരിക്കുന്നത് നിയമാനുസൃതമല്ലാത്തതും ആകുന്നു.

വിശദീകരണം.— ഒരു കാര്യം ഈ വകുപ്പിന്റെ അർത്ഥത്തിൽപ്പെടുന്നതാണോ എന്ന് ന്യായാന്യായവിവേചനം ചെയ്യുന്നതിൽ, 78-ാം വകുപ്പിൻകീഴിൽ തിരസ്കരിക്കപ്പെടേണ്ടതായിത്തീരുന്ന ഏതെങ്കിലും വാക്കുകൾ മരണശാസനത്തിൽനിന്ന് വെട്ടിക്കളഞ്ഞിട്ടുള്ളതായി കരുതപ്പെടുന്നതാകുന്നു.

ദൃഷ്ടാന്തങ്ങൾ

(i) ക "എൽ എന്ന സ്ഥലത്ത് കിടക്കുന്നതും എക്സിന്റെ കൈവശത്തിലുള്ളതും ആയ എന്റെ ചതുപ്പുനിലങ്ങൾ" ഖ യ്ക്ക് ഒസ്യത്തു ചെയ്യുന്നു. മരണശാസനകർത്താവിന് എൽ എന്ന സ്ഥലത്ത് കിടക്കുന്ന ചതുപ്പുനിലങ്ങൾ ഉണ്ടായിരുന്നു; അവയിൽ ചിലത് എക്സിന്റെ

കൈവശത്തിലുള്ളവയും ചിലത് അയാളുടെ കൈവശത്തിലല്ലാത്തവയും ആയിരുന്നു. ഒസ്യത്ത് എൽ എന്ന സ്ഥലത്ത് കിടക്കുന്ന മരണശാസനകർത്താവിന്റെ ചതുപ്പ് നിലങ്ങളിൽ എക്സിന്റെ കൈവശത്തിലായിരുന്നവയ്ക്ക് മാത്രമായി പരിമിതിപ്പെടുത്തിയിട്ടുള്ളതായി പരിഗണിക്കപ്പെടുന്നതാകുന്നു.

(ii) ക "എൽ എന്ന സ്ഥലത്ത് കിടക്കുന്നതും എക്സിന്റെ കൈവശത്തിലുള്ളതും 1000 ബീഘ ഭൂമിയുള്ളതുമായ തന്റെ ചതുപ്പുനിലങ്ങൾ" ഖ യ്ക്ക് ഒസ്യത്തുചെയ്യുന്നു. മരണശാസനകർത്താവിന് എൽ എന്ന സ്ഥലത്ത് കിടക്കുന്ന ചതുപ്പുനിലങ്ങൾ ഉണ്ടായിരുന്നു. അവയിൽ ചിലത് എക്സിന്റെ കൈവശത്തിലുള്ളവയും ചിലത് എക്സിന്റെ കൈവശത്തിലല്ലാത്തവയും ആയിരുന്നു. ആ അളവ് രണ്ടിൽ ഏതു തരത്തിൽപ്പെട്ട ചതുപ്പുനിലങ്ങൾക്ക്യമോ രണ്ടും കൂടിയ മുഴുവൻ ചതുപ്പുനിലങ്ങൾക്കുമോ തീരെ ബാധകമല്ലാത്തതാണ്. മരണശാസനത്തിൽനിന്ന് ആ അളവ് വെട്ടിക്കളഞ്ഞതായി പരിഗണിക്കപ്പെടുന്നതും, എൽ എന്ന സ്ഥലത്ത് കിടക്കുന്ന, മരണശാസന കർത്താവിന്റെ ചതുപ്പുനിലങ്ങളിൽ എക്സിന്റെ കൈവശത്തിലായിരുന്നവമാത്രം ഒസ്യത്തുവഴി സംക്രമിക്കുന്നതും ആകുന്നു.

80. <u>അന്തർലീനമായ സന്ദിഗ്ദ്ധാർത്ഥകതയുടെ സംഗതികളിൽ, ബാഹ്യമായ തെളിവ് തെളിവിൽ സ്വീകാര്യമാണെന്ന്.</u>— മരണശാസനത്തിലെ വാക്കുകൾ സന്ദിഗ്ദ്ധാർത്ഥമുള്ളവയല്ലാതിരിക്കുകയും, എന്നാൽ അവ ഒന്നിലധികം സംഗതികൾക്ക് ബാധകമാകാവുന്നതാണെന്നും, ആ സംഗതികളിൽ ഒന്ന് മാത്രമേ മരണശാസനകർത്താവ് ഉദ്ദേശിച്ചതായിരിക്കാൻ കഴിയുകയുള്ളു എന്നും ബാഹ്യമായ തെളിവ് വഴി കാണുകയും ചെയ്യിന്നിടത്ത്, ആ സംഗതികളിൽ ഏതിന് ബാധകമാകാനാണ് ഉദ്ദേശിക്കപ്പെട്ടിരുന്നതെന്നു കാണിക്കാൻ ബാഹ്യമായ തെളിവ് എടുക്കാവുന്നതാണ്.

## ദൃഷ്ടാന്തങ്ങൾ

(i) മേരി എന്ന് പേരുള്ള രണ്ട് കസിനുകൾ (പിതാവിന്റേയോ മാതാവിന്റേയോ സഹോദരസന്താനങ്ങൾ) ഉണ്ടായിരിക്കെ ഒരാൾ "എന്റെ കസിൻ മേരിക്ക്" ഒരു തുക ഒസ്യത്ത് ചെയ്യുന്നു. തങ്ങളിൽ ഓരോരുത്തർക്കും മരണശാസനത്തിലെ വിവരത്തോട് യോജിക്കുന്നതായി രണ്ട് ആളുകൾ ഉണ്ടെന്ന് കാണുന്നു. അതുകൊണ്ട് വിവരണം ഒന്നിലധികം സംഗതികൾക്ക് ബാധകമാകാവുന്നതും, അവയിൽ ഒന്നു മാത്രം മരണശാസനകർത്താവ് ഉദ്ദേശിച്ചിട്ടുള്ളതായിരിക്കാൻ കഴിയുന്നതും ആകുന്നു. ആ സംഗതികളിൽ ഏതിനു ബാധകമാകാനാണ് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത് എന്നു കാണിക്കാൻ ഉള്ള തെളിവ്, തെളിവിൽ സ്വീകാര്യമാണ്.

(ii) ക അയാളുടെ മരണശാസനംവഴി "സുൽത്താൻപൂർഖണ്ട് എന്നു പേർ പറയുന്ന എന്റെ എസ്റേററ്" ഖ യ്ക്കു നല്കുന്നു. അയാൾക്ക് സുൽത്താൻപൂർഖണ്ട് എന്നു പേർ പറയുന്ന രണ്ട് എസ്റേററ് ഉണ്ടായിരുന്നതായി തെളിയുന്നു. ഏത് എസ്റേററാണ് ഉദ്ദേശിച്ചത് എന്നു കാണിക്കാനുള്ള തെളിവ് തെളിവിൽ സ്വീകാര്യമാണ്.

81. <u>പ്രത്യക്ഷമായ സന്ദിഗ്ദ്ധാർത്ഥകതയോ ഊനതയോ ഉള്ള സംഗതിയിൽ ബാഹ്യമായ തെളിവ് തെളിവിൽ സ്വീകാര്യമല്ലെന്ന്.</u>— മരണശാസനത്തിൽ പ്രത്യക്ഷത്തിൽത്തന്നെ സന്ദിഗ്ദ്ധാർത്ഥതകയോ ഊനതയോ ഉള്ളിടത്ത്, മരണശാസനകർത്താവിന്റെ ഉദ്ദേശ്യങ്ങളെക്കുറിച്ച് യാതൊരു ബാഹ്യമായ തെളിവും തെളിവിൽ സ്വീകരിക്കപ്പെടുന്നതല്ല.

## ദൃഷ്ടാന്തങ്ങൾ

(i) ഒരാൾക്ക് കരോലിൻ എന്ന ഒരു പിതൃ (മാതൃ) സഹോദരിയും മേരി എന്ന കസിനും (പിതാവിൻേറയോ മാതാവിൻേറയോ സഹോദരീസന്താനം) ഉണ്ട്. മേരി എന്ന ഒരു പിതൃ (മാതൃ) സഹോദരി ഇല്ല. അയാൾ തൻെറ മരണശാസനം വഴി ആയിരം രൂപ "എൻെറ പിതൃസഹോദരി കരോലിനും" അല്ലെങ്കിൽ "എൻെറ മാതൃസഹോദരി കരോലിനും" ആയിരം രൂപ "എൻെറ കസിൻ മേരിക്കും" ഒസ്യത്തു ചെയ്യുകയും അതിനുശേഷം രണ്ടായിരം രൂപ "എൻെറ മുൻപറഞ്ഞ പിതൃസഹോദരി മേരിക്കും" (അല്ലെങ്കിൽ "എൻെറ മുൻപറഞ്ഞ മാതൃസഹോദരി മേരിക്കും") ഒസ്യത്തുചെയ്യുകയും ചെയ്യുന്നു. മരണശാസനത്തിൽ കൊടുത്തിട്ടുള്ള വിവരണം ബാധകമാക്കപ്പെടാൻ കഴിയുന്ന യാതൊരാളും ഇല്ലാത്തതും "എൻെറ മുൻപറഞ്ഞ പിതൃസഹോദരി മേരി" (അല്ലെങ്കിൽ "എൻെറ മുൻപറഞ്ഞ മാതൃസഹോദരി മേരി") എന്നതുകൊണ്ട് ആരെയാണ് ഉദ്ദേശിച്ചതെന്ന് കാണിക്കാനുള്ള തെളിവ് സ്വീകാര്യമല്ലാത്തതും ആകുന്നു. അതുകൊണ്ട് മരണശാസനം അനിശ്ചിതത്വത്താൽ 89-ാം വകുപ്പിൻ കീഴിൽ ശൂന്യമാകുന്നു.

(ii) ക ഒസ്യത്തവകാശിയുടെ .......... പേരിൽ സ്ഥലം ഒഴിച്ചുവിട്ട് ............ന് 1000 രൂപ ഒസ്യത്ത് ചെയ്യുന്നു. മരണശാസനകർത്താവ് ഏതു പേരാണ് ചേർക്കാൻ ഉദ്ദേശിച്ചതെന്ന് കാണിക്കുവാനുള്ള തെളിവ് തെളിവിൽ സ്വീകാര്യമല്ല.

(iii) ക, ഖ യ്ക്ക് .............. രൂപ, അല്ലെങ്കിൽ "എൻെറ .......... എസ്റേററ്" ഒസ്യത്തുചെയ്യുന്നു. മരണശാസനകർത്താവ് ഏതു തുകയോ എസ്റേററോ ആണ് ചേർക്കാൻ ഉദ്ദേശിച്ചതെന്ന് കാണിക്കുവാനുള്ള തെളിവ് തെളിവിൽ സ്വീകാര്യമല്ല.

82. ഖണ്ഡത്തിൻെറ അർത്ഥം, മുഴുവൻ മരണശാസനത്തിൽ നിന്നുമായി ശേഖരിച്ചെടുക്കണമെന്ന്.— മരണശാസനപത്രത്തിലെ ഏതെങ്കിലും ഖണ്ഡത്തിൻെറ അർത്ഥം, മുഴുവൻ പ്രമാണത്തിൽ നിന്നുമായി ശേഖരിച്ചെടുക്കേണ്ടതും, അതിൻെറ എല്ലാ ഭാഗങ്ങൾക്കും അന്യോന്യം പരിഗണന നല്കി അർത്ഥം കല്പിക്കേണ്ടതും ആകുന്നു.

## ദൃഷ്ടാന്തങ്ങൾ

(i) മരണശാസനകർത്താവ്, ഖ യ്ക്ക് ക മരിക്കുന്നതോടെ എടുക്കാനായി, ഒരു നിർദ്ദിഷ്ട ഫണ്ടോ വസ്തുവോ നല്കുകയും, പിന്നീടുള്ള ഒരു ഖണ്ഡത്താൽ തൻെറ മുഴുവൻ വസ്തുവും ക യ്ക്ക് നല്കുകയും ചെയ്യുന്നു. മരണശാസനകർത്താവ് ക യ്ക്ക് താൻ കൊടുക്കുന്നതെന്താണെന്ന് വിവരിക്കുന്ന വാക്കുകൾ പരിമിതാർത്ഥത്തിൽ ഉപയോഗിക്കാൻ ഉദ്ദേശിച്ചതാണെന്ന് ഖ യ്ക്കുള്ള ഒസ്യത്തിൽ നിന്നു കാണുന്നതിനാൽ ആ പല ഖണ്ഡങ്ങൾ ഒന്നിച്ചെടുക്കുന്നതിൻെറ ഫലം നിർദ്ദിഷ്ട ഫണ്ടോ വസ്തുവോ ആജീവനാന്തം ക യിലും, അയാളുടെ മരണശേഷം ഖ യിലും നിക്ഷിപ്തമാക്കുക എന്നതാണ്.

(ii) മരണശാസനകർത്താവ് ഒരു ഭാഗത്തിന് ബ്ലാക്ക് ഏക്കർ എന്നു പേർ പറയുന്ന ഒരു എസ്റേററ് തനിക്കുണ്ടായിരിക്കെ, തൻെറ മുഴുവൻ എസ്റേററും ക യ്ക്ക് ഒസ്യത്തു ചെയ്യുകയും, മരണശാസനത്തിൻെറ മറെറാരു ഭാഗത്ത് ബ്ലാക്ക് ഏക്കർ ഖ യ്ക്ക ഒസ്യത്തു ചെയ്യുകയും ചെയ്യുന്നു. രണ്ടാ

മത്തെ ഒസ്യത്ത് അയാൾ "ഞാൻ ബ്ലാക്ക് ഏക്കർ ഖ യ്ക്കും എന്റെ എസ്റ്റേറ്റിന്റെ ബാക്കിയെല്ലാം ക യ്ക്കും നല്കുന്നു" എന്നു പറഞ്ഞിരുന്നാലെന്ന പോലെ ആദ്യത്തേതിനുള്ള അപവാദമായി വായിക്കപ്പെടേണ്ടതാണ്.

83. വാക്കുകൾ പരിമിതമായ അർത്ഥത്തിൽ മനസ്സിലാക്കാവുന്നത് എപ്പോഴാണെന്നും സാധാരണമായതിലും വിപുലമായ അർത്ഥത്തിൽ മനസ്സിലാക്കാവുന്നത് എപ്പോഴാണെന്നും.—സാമാന്യമായ വാക്കുകൾ, അവ മരണശാസനകർത്താവ് പരിമിതമായ അർത്ഥത്തിൽ ഉപയോഗിക്കാനാണ് ഉദ്ദേശിച്ചത് എന്ന് മരണശാസനത്തിൽനിന്ന് ശേഖരിച്ചെടുക്കാവുന്നിടത്ത്, പരിമിതമായ അർത്ഥത്തിൽ മനസ്സിലാക്കാവുന്നതും; വാക്കുകൾ, അവ മരണശാസനകർത്താവ് കൂടുതൽ വിപുലമായ അർത്ഥത്തിൽ ഉപയോഗിക്കാനാണ് ഉദ്ദേശിച്ചതെന്ന് മരണശാസനത്തിലെ മറ്റു വാക്കുകളിൽനിന്ന് ശേഖരിച്ചെടുക്കാവുന്നിടത്ത്, സാധാരണമായി വഹിക്കുന്നതിലും വിപുലമായ അർത്ഥത്തിൽ മനസ്സിലാക്കാവുന്നതും ആണ്.

## ദൃഷ്ടാന്തങ്ങൾ

(i) ഒരു മരണശാസനകർത്താവ് "ഖ യുടെ കൈവശത്തിലുള്ള എന്റെ കൃഷിസ്ഥലം" ക യ്ക്കും, "എൽ എന്ന സ്ഥലത്തുള്ള എന്റെ എല്ലാ ചതുപ്പുനിലങ്ങളും" ഗ യ്ക്കും നല്കുന്നു. ഖ യുടെ കൈവശത്തിലുള്ള കൃഷിസ്ഥലത്തിൽ ഒരുഭാഗം എൽ എന്ന സ്ഥലത്തുള്ള ചതുപ്പുനിലങ്ങൾ ആയിരിക്കുന്നതും, മരണശാസനകർത്താവിന് എൽ എന്ന സ്ഥലത്ത് മറ്റു ചതുപ്പുനിലങ്ങൾ ഉള്ളതും ആകുന്നു. "എൽ എന്ന സ്ഥലത്തുള്ള എന്റെ എല്ലാ ചതുപ്പുനിലങ്ങളളും" എന്ന സാമാന്യമായ വാക്കുകൾ ക യ്ക്കുള്ള ദാനത്താൽ പരിമിതിപ്പെടുത്തിയിരിക്കുന്നു. ക, ഖ യുടെ കൈവശത്തിലുള്ള കൃഷിസ്ഥലത്തിലെ എൽ എന്ന സ്ഥലത്തുള്ള ചതുപ്പുനിലങ്ങളുടെ ഭാഗം ഉൾപ്പെടെയുളള ആ കൃഷിസ്ഥലം മുഴുവനും എടുക്കുന്നു.

(ii) മരണശാസനകർത്താവ് (കപ്പലിൽ ഉളള ഒരു നാവികൻ) തന്റെ സ്വർണ്ണമോതിരവും ബട്ടണുകളും വസ്ത്രപ്പെട്ടിയും തന്റെ മാതാവിനും, തന്റെ ചെമന്ന പെട്ടിയും മടക്കുകത്തിയും മുമ്പേ ഒസ്യത്തു ചെയ്തിട്ടില്ലാത്ത എല്ലാ സാധനവും തന്റെ സ്നേഹിതനായ (സഹനാവികൻ) ക യ്ക്കും ഒസ്യത്തു ചെയ്തു, ഒരു ഭവനത്തിലെ മരണശാസനകർത്താവിന്റെ ഓഹരി ഈ ഒസ്യത്തിൻകീഴിൽ ക യ്ക്കു സംക്രമിക്കുന്നതല്ല

(iii) ക, തന്റെ മരണശാസനംവഴി തന്റെ എല്ലാ വീട്ടുഫർണിച്ചറും പ്ലേറ്റും തുണികളും പിഞ്ഞാണങ്ങളും പുസ്തകങ്ങളും ചിത്രങ്ങളും മറ്റെല്ലാ സാമാനങ്ങളും, അവ ഏതുതരത്തിലുളളവയായാലും, ഖ യ്ക്കു ഒസ്യത്തു ചെയ്യുകയും, അതിനുശേഷം തന്റെ വസ്തുവിന്റെ ഒരു വിനിർദ്ദിഷ്ട ഭാഗം ക യ്ക്ക് ഒസ്യത്തു ചെയ്യുകയും ചെയ്തു. ആദ്യത്തെ ഒസ്യത്തിൻകീഴിൽ മരണശാസനകർത്താവിന്റെ സാധനങ്ങളിൽ, ആ ഒസ്യത്തിൽ എണ്ണിപ്പറഞ്ഞിട്ടുളള സാധനങ്ങളുടെ അതേ പ്രകൃതത്തിൽ ഉളളവയ്ക്കു മാത്രമെ ഖ യ്ക്കു അവകാശമുളളു.

84. സാദ്ധ്യമായ രണ്ടു അർത്ഥകല്പനകളിൽ ഏതിന് മുൻഗണന കിട്ടുമെന്ന്.—ഒരു ഖണ്ഡം രണ്ട് അർത്ഥം കല്പിക്കാവുന്നതാവുകയും, അതിൽ ഒന്നനുസരിച്ച് അതിന് വല്ല ഫലവും ഉണ്ടായിരിക്കുകയും, മറേറതനുസരിച്ച് അതിന് ഫലമൊന്നും ഉണ്ടാകാൻ കഴിയാതിരിക്കുകയും ചെയ്യുന്നിടത്ത്, ആദ്യത്തേതിന് മുൻഗണന കിട്ടുന്നതാകുന്നു.

85. യാതൊരുഭാഗവും, അതിന് ന്യായമായി അർത്ഥം കല്പിക്കാമെങ്കിൽ തിരസ്ക്കരിക്കപ്പെടുന്നതല്ലെന്ന് .—മരണശാസനത്തിന്റെ യാതൊരു ഭാഗവും, അതിന് ന്യായമായ അർത്ഥം കല്പിക്കുവാൻ സാദ്ധ്യമാണെങ്കിൽ, അർത്ഥശൂന്യമാണെന്ന നിലയിൽ തിരസ്ക്കരിക്കാൻ പാടുള്ളതല്ല.

86. മരണശാസനത്തിന്റെ വ്യത്യസ്തഭാഗങ്ങളിൽ ആവർത്തിക്കപ്പെടുന്ന വാക്കുകളുടെ വ്യാഖ്യാനം :—ഒരേവാക്കുകൾ ഒരേ മരണശാസനത്തിന്റെ വ്യത്യസ്തഭാഗങ്ങളിൽ ഉണ്ടായിരിക്കുന്നുവെങ്കിൽ, വിപരീതമായ ഉദ്ദേശ്യം കാണപ്പെടാത്തപക്ഷം, അവ എല്ലായിടത്തും ഒരേ അർത്ഥത്തിൽ ഉപയോഗിച്ചിട്ടുള്ളതായി കരുതപ്പെടുന്നതാകുന്നു.

87. മരണശാസനകർത്താവിന്റെ ഉദ്ദേശ്യം സാദ്ധ്യമാകുന്നിടത്തോളം ഫലത്തിൽ കൊണ്ടുവരേണ്ടതാണെന്ന് .—മരണശാസനകർത്താവിന്റെ ഉദ്ദേശ്യം പൂർണ്ണമായും ഫലത്തിൽ വരാൻ കഴിയുകയില്ലെന്നതുകൊണ്ട് തള്ളിക്കളയാൻ പാടില്ലാത്തതും, എന്നാൽ സാദ്ധ്യമായിടത്തോളം ഫലത്തിൽ വരുത്തേണ്ടതുമാകുന്നു.

### ദൃഷ്ടാന്തം

മരണശാസനകർത്താവ്, തന്റെ മരണശയ്യയിൽവച്ച് ഉണ്ടാക്കിയ ഒരു മരണശാസനംവഴി തന്റെ എല്ലാ വസ്തുവും ആജീവനാന്തമായി ഗ ഘ യ്ക്കും, അയാളുടെ മരണശേഷം എടുക്കാനായി ഒരു ആശുപത്രിക്കും നല്കുന്നു. ആശുപത്രിക്കുള്ള ദാനം 118-ാം വകുപ്പിൻകീഴിൽ ശൂന്യമായതുകൊണ്ട് മരണശാസനകർത്താവിന്റെ ഉദ്ദേശ്യം പൂർണ്ണമായും ഫലത്തിൽ വരാൻ കഴിയുകയില്ല; എന്നാൽ അത് ഗ ഘയ്ക്കുള്ള ദാനം സംബന്ധിച്ചിടത്തോളം ഫലത്തിൽ വരുന്നതാകുന്നു

88. പരസ്പരം അസംഗതമായ രണ്ട് ഖണ്ഡങ്ങളിൽ ഒടുവിലത്തേതിന് അധിപ്രഭാവമുണ്ടായിരിക്കുമെന്ന് .—മരണശാസനത്തിലെ രണ്ട് ഖണ്ഡങ്ങൾ പൊരുത്തപ്പെടുത്താൻ കഴിയാത്തവയായിരിക്കുകയും അതിനാൽ അവയ്ക്കു ഒന്നിച്ചുനില്ക്കാൻ സാദ്ധ്യതയില്ലാതിരിക്കുകയും ചെയ്യുന്നിടത്ത്, ഒടുവിലത്തേതിന് അധിപ്രഭാവമുണ്ടായിരിക്കുന്നതാണ്.

### ദൃഷ്ടാന്തങ്ങൾ

(i) മരണശാസനകർത്താവ്, തന്റെ മരണശാസനത്തിന്റെ ഒന്നാം ഖണ്ഡത്താൽ തന്റെ രാംനഗർ എസ്റ്റേററ് "ക യ്ക്ക്" നല്കുകയും, തന്റെ മരണശാസനത്തിന്റെ ഒടുവിലത്തെ ഖണ്ഡത്താൽ "ക യ്ക്ക് അല്ല ഖ യ്ക്ക്" നല്കുകയും ചെയ്യുന്നു. അത് ഖ യ്ക്ക് കിട്ടുന്നതാണ്.

(ii) ഒരാൾ തന്റെ മരണശാസനത്തിന്റെ പ്രാരംഭത്തിൽ തന്റെ വീട് ക യ്ക്ക് നല്കുകയും, അതിന്റെ അവസാനത്തിൽ തന്റെ വീട് വിററ്, വിററു കിട്ടുന്നത് ഖ യുടെ ഗുണത്തിനായി നിക്ഷേപിക്കേണ്ടതാണെന്ന് നിദേശിക്കുകയും ചെയ്യുന്നുവെങ്കിൽ, രണ്ടാമത്തെ വിനിയോഗത്തിന് അധിപ്രഭാവം ഉണ്ടായിരിക്കുന്നതാണ്.

89. മരണശാസനമോ ഒസ്യത്തോ അനിശ്ചിതത്വത്താൽ ശൂന്യമാണെന്ന് —നിശ്ചിതമായ ഏതെങ്കിലും ഉദ്ദേശ്യം പ്രകടിപ്പിക്കാനുതകുന്നതല്ലാത്ത മരണശാസനമോ ഒസ്യത്തോ അനിശ്ചിതത്വത്താൽ ശൂന്യമായതാകുന്നു.

ദൃഷ്ടാന്തം

മരണശാസനകർത്താവ്, ''ഞാൻ ക യ്ക്കു സാമാനങ്ങൾ ഒസ്യത്തുചെയ്യുന്നു'' എന്നോ, ''ഞാൻ ക യ്ക്ക് ഒസ്യത്തുചെയ്യുന്നു'' എന്നോ പറയുകയോ അല്ലെങ്കിൽ ''ഞാൻ ക യ്ക്ക് പട്ടികയിൽ പറഞ്ഞ എല്ലാ സാമാനങ്ങളും കൊടുക്കുന്നു'' എന്നു പറയുകയും പട്ടികയൊന്നും കാണാതിരിക്കുകയും ചെയ്യുകയോ അല്ലെങ്കിൽ എത്രയെന്നു പറയാതെ, ''ഞാൻ 'പണം' 'ഗോതമ്പ്' 'എണ്ണ' അല്ലെങ്കിൽ അതുപോലുള്ളത് ഒസ്യത്ത്ചെയ്യുന്നു'' എന്ന് പറയുകയോ ചെയ്യുന്നുവെങ്കിൽ ഇതു ശൂന്യമായതാണ്.

90. വിഷയവസ്തു വിവരിക്കുന്ന വാക്കുകൾ, മരണശാസനകർത്താവിന്റെ മരണസമയത്ത് വിവരണവുമായി യോജിക്കുന്ന വസ്തുവിനെ പരാമർശിക്കുന്നതാണെന്ന്.—ദാനവിഷയകമായ വസ്തുവിനെക്കുറിച്ച് മരണശാസനത്തിൽ അടങ്ങിയ വിവരണം മരണശാസനപ്രകാരം വിപരീതമായ ഉദ്ദേശ്യം കാണപ്പെടാത്തപക്ഷം, മരണശാസനകർത്താവിന്റെ മരണസമയത്ത് ആ വിവരണവുമായി യോജിക്കുന്ന വസ്തുവിനെ പരാമർശിക്കുന്നതും വസ്തു ഉൾക്കൊള്ളുന്നതുമായി കരുതപ്പെടുന്നതാകുന്ന.

91. സാമാന്യ ഒസ്യത്ത് വഴി നിർവ്വഹിക്കപ്പെടുന്ന നിയോഗാധികാരം.—മരണശാസനപ്രകാരം, വിപരീതമായ ഉദ്ദേശ്യം കാണപ്പെടാത്തപക്ഷം, മരണശാസനകർത്താവിന്റെ എസ്റ്റേററ് ഒസ്യത്തുചെയ്യുന്ന ഒരു ഒസ്യത്ത്, അതിൽ, ഏതു വസ്തുവാണോ പററിയ ആളാണെന്ന് തനിക്ക് തോന്നുന്ന ഏതെങ്കിലും പാത്രത്തിനായി മരണശാസനപ്രകാരം നിയോഗിക്കാനുള്ള അധികാരം മരണശാസനകർത്താവിന് ഉണ്ടായിരിക്കാവുന്നത്, അങ്ങനെയുള്ള ഏതെങ്കിലും വസ്തു ഉൾപ്പെടുന്നതായി അർത്ഥം കല്പിക്കപ്പെടുന്നതും, ആ ഒസ്യത്ത്, അങ്ങനെയുള്ള അധികാരത്തിന്റെ നിർവ്വഹണമായി പ്രവർത്തിക്കുന്നതും; സാമാന്യമായ രീതിയിൽ വിവരിക്കപ്പെടുന്ന വസ്തു ഒസ്യത്തു ചെയ്യുന്ന ഒരു ഒസ്യത്തിന്, അതിൽ, ആ വിവരണം വ്യാപിക്കാവുന്നതും, ഏത് വസ്തുവാണോ പററിയ ആളാണെന്ന് തനിക്ക് തോന്നുന്ന ഏതെങ്കിലും പാത്രത്തിനായി മരണശാസനപ്രകാരം നിയോഗിക്കാനുള്ള അധികാരം മരണശാസനകർത്താവിന് ഉണ്ടായിരിക്കാവുന്നത്, അങ്ങനെയുള്ളതുമായ ഏതെങ്കിലും വസ്തു ഉൾപ്പെടുന്നതായി അർത്ഥം കല്പ്പിക്കപ്പെടുന്നതും, ആ ഒസ്യത്ത് അങ്ങനെയുള്ള അധികാരത്തിന്റെ നിർവ്വഹണമായി പ്രവർത്തിക്കുന്നതും ആകുന്നു.

92. നിയോഗാധികാരത്തിന്റെ പാത്രങ്ങൾക്ക് വ്യംഗ്യമായ ദാനമുണ്ടെന്ന്.— വസ്തു, വിനിർദ്ദിഷ്ടനായ ഒരാൾ നിയോജിക്കുന്ന ചില പാത്രങ്ങൾക്കോയോ പാത്രങ്ങളുടെ ഗുണത്തിനായോ, അല്ലെങ്കിൽ ചില പാത്രങ്ങളുടെ ഗുണത്തിനായി നിർദ്ദിഷ്ടനായ ഒരാൾ നിയോജിക്കുന്ന അനുപാതങ്ങളിലോ ഒസ്യത്ത് ചെയ്തിരിക്കുകയും മരണശാസനം, നിയോഗിക്കാതിരുന്നാൽ വേണ്ടതിന് മരണശാസനം വ്യവസ്ഥ ചെയ്യാതിരിക്കുകയും ചെയ്യുന്നിടത്ത്, മരണശാസനം നല്കുന്ന അധികാരം പ്രയോഗിക്കപ്പെടുന്നില്ലെങ്കിൽ, വസ്തു അധികാരത്തിന്റെ എല്ലാ പാത്രങ്ങൾക്കും സമമായ ഓഹരികളായി അവകാശപ്പെട്ടിരിക്കുന്നതാണ്.

ദൃഷ്ടാന്തം

ക തന്റെ മരണശാസനംവഴി ഒരു ഫണ്ട് തന്റെ ഭാര്യയ്ക്ക് ആജീവനാന്തമായി ഒസ്യത്ത് ചെയ്യുകയും, അവളുടെ മരണത്തോടെ അതു തന്റെ കുട്ടികൾക്കിടയിൽ അവൾ നിയോഗിക്കുന്ന അനുപാതങ്ങളിൽ വിഭജിക്കേണ്ട

താണെന്ന് നിദേശിക്കുകയും ചെയ്യുന്നു. ആ വിധവ നിയോഗമൊന്നും ചെയ്യാതെ മരിക്കുന്നു. ഫണ്ട് കുട്ടികൾക്ക് സമമായി വിഭജിക്കപ്പെടുന്നതാണ്.

93. <u>വിശേഷിപ്പിക്കുന്ന പദങ്ങൾ കൂടാതെ ഒരു പ്രത്യേക ആളുടെ "അനന്തരാവകാശികൾ" മുതലായവർക്കുള്ള ഒസ്യത്ത്.</u>— വിശേഷിപ്പിക്കുന്ന ഏതെങ്കിലും പദങ്ങൾ കൂടാതെ ഒരു പ്രത്യേക ആളുടെ "അനന്തരാവകാശികൾക്കോ", "ശരിയായ അനന്തരാവകാശികൾക്കോ", "ചാർച്ചക്കാർക്കോ", "ഏററവും അടുത്ത ചാർച്ചക്കാർക്കോ", "കുടുംബത്തിനോ", "കുലബന്ധുവിനോ", "ഏററവും അടുത്ത കുലബന്ധുവിനോ", "അടുത്ത കുലബന്ധുവിനോ", ഒസ്യത്ത് ചെയ്തിരിക്കുകയും അപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെടുന്ന വർഗ്ഗം ഒസ്യത്തിന്റെ നേരിട്ടുള്ളതും അനാശ്രിതവുമായ പാത്രമാവുകയും ചെയ്യുന്നിടത്ത്, ഒസ്യത്ത് ചെയ്ത വസ്തു, അത് അങ്ങനെയുള്ള ആളുടേതായിരിക്കുകയും അയാൾ അങ്ങനെയുള്ള വസ്തുവിനെ ആശ്രയിക്കാതെ തന്റെ കടങ്ങൾ വീട്ടാനുള്ള ആസ്തികൾ വിട്ടുംവച്ച് അവ സംബന്ധിച്ച് മരണശാസനം കൂടാതെ മരിക്കുകയും ചെയ്തിരുന്നാലെന്നപോലെ വീതിക്കപ്പെടേണ്ടതാകുന്നു.

ദൃഷ്ടാന്തങ്ങൾ

(i) ക തന്റെ വസ്തു "എന്റെ സ്വന്തം ഏററവും അടുത്ത ചാർച്ചക്കാർക്ക്" ആയി ഒസ്യത്തു ചെയ്യുന്നു. വസ്തു, ക അങ്ങനെയുള്ള വസ്തുവിനെ ആശ്രയിക്കാതെ തന്റെ കടങ്ങൾ വീട്ടാനുള്ള ആസ്തികൾ വിട്ടുംവച്ച് മരണശാസനം കൂടാതെ മരിച്ചിട്ടുണ്ടായിരുന്നുവെങ്കിൽ ആർക്ക് അവകാശപ്പെട്ടതായിരിക്കുമോ, അവർക്ക് ചെല്ലുന്നതാണ്.

(ii) ക 10,000 രൂപ "ആജീവനാന്തമായി ഖ യ്ക്കും, ഖ യുടെ മരണശേഷം എന്റെ ശരിയായ അനന്തരാവകാശികൾക്കും" ആയി ഒസ്യത്ത് ചെയ്യുന്നു. ആ ഒസ്യത്തു മുതൽ, ഖ യുടെ മരണശേഷം, അതു ക യുടെ ഒസ്യത്തു ചെയ്യാത്ത വസ്തുവിന്റെ ഭാഗമായിരുന്നുവെങ്കിൽ ആർക്ക് അവകാശപ്പെട്ടതായിരിക്കുമോ, അവർക്കുള്ളതായിരിക്കുന്നതാണ്.

(iii) ക തന്റെ വസ്തു ഖ യ്ക്കും, എന്നാൽ ഖ തനിക്കും മുമ്പ് മരിക്കുന്നുവെങ്കിൽ ഖ യുടെ അടുത്ത കുലബന്ധുക്കൾക്കുമായി ഒസ്യത്തു ചെയ്യുന്നു. ഖ ക യ്ക്ക് മുൻപ് മരിക്കുന്നു. വസ്തു, അതു ഖ യുടേതായിരിക്കുകയും അയാൾ അങ്ങനെയുള്ള വസ്തുവിനെ ആശ്രയിക്കാതെ തന്റെ കടങ്ങൾ വീട്ടാനുള്ള ആസ്തികൾ വിട്ടുംവച്ച് മരണശാസനം കൂടാതെ മരിക്കുകയും ചെയ്തിരുന്നാലെന്നപോലെ സംക്രമിക്കുന്നതാണ്.

(iv) ക, 10,000 രൂപ "ആജീവനാന്തമായി ഖ യ്ക്കും, അയാളുടെ മരണശേഷം ഗ യുടെ അനന്തരാവകാശികൾക്കും" ആയി ഒസ്യത്തു ചെയ്യുന്നു. ആ ഒസ്യത്തു മുതൽ, അതു ഗ യുടേതായിരിക്കുകയും അയാൾ ആ ഒസ്യത്തുമുതലിനെ ആശ്രയിക്കാതെ തന്റെ കടങ്ങൾ വീട്ടാനുള്ള ആസ്തികൾ വിട്ടും വച്ച്, മരണശാസനം കൂടാതെ മരിക്കുകയും ചെയ്തിരുന്നാലെന്നപോലെ, ചെല്ലുന്നതാണ്.

94. <u>ഒരു പ്രത്യേക ആളുടെ "പ്രതിനിധികൾ" മുതലായവർക്കുള്ള ഒസ്യത്ത്.</u>— "പ്രതിനിധികൾക്കോ" "നിയമാനുസൃത പ്രതിനിധികൾക്കോ" "സ്വന്തം പ്രതിനിധികൾക്കോ" "എക്സിക്യൂട്ടർമാർക്കോ അഡ്മിനിസ്ട്രേററർമാർക്കോ" ഒസ്യത്ത് ചെയ്തിരിക്കുകയും, അപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെടുന്ന വർഗ്ഗം ഒസ്യത്തിന്റെ നേരിട്ടുള്ളതും അനാശ്രിതവുമായ

ദാതാവാവുകയും ചെയ്യുന്നിടത്ത്, ഒസ്യത്ത് ചെയ്ത വസ്തു, അതു അങ്ങനെയുള്ള ആളുടേതായിരിക്കുകയും അയാൾ മരണശാസനം കൂടാതെ മരിക്കുകയും ചെയ്തിരുന്നാലെന്നപോലെ വീതിക്കപ്പെടേണ്ടതാകുന്നു.

### ദൃഷ്ടാന്തം

ക യുടെ "നിയമാനുസൃത പ്രതിനിധി"കൾക്ക് ഒരു ഒസ്യത്ത് ചെയ്തിരിക്കുന്നു. ക മരണശാസനം കൂടാതേയും നിർദ്ധനനായും മരിക്കുന്നു. ഖ അയാളുടെ അഡ്മിനിസ്ട്രേറ്റർ ആണ്. ആ ഒസ്യത്തു മുതൽ വാങ്ങാൻ ഖ യ്ക്ക് അവകാശമുണ്ടായിരിക്കുന്നതും അയാൾ അത് ആദ്യമായി ക യുടെ കടങ്ങളിൽ, വീട്ടാതെ അവശേഷിക്കുന്നവയുടെ ബാദ്ധ്യത തീർക്കാനായി വിനിയോഗിക്കേണ്ടതും; മിച്ചം എന്തെങ്കിലും ഉണ്ടെങ്കിൽ ഖ അത് ക യുടെ മരണസമയത്ത് അയാളുടെ കടങ്ങൾ വീട്ടിയതിനുശേഷം അവശേഷിച്ചിരിക്കാവുന്ന അയാളുടെ ഏതെങ്കിലും വസ്തു കിട്ടാൻ അവകാശമുള്ള ആളുകൾക്കോ, അങ്ങനെയുള്ള ആളുകളുടെ പ്രതിനിധികൾക്കോ കൊടുക്കേണ്ടതും ആണ്.

95. <u>പരിമിതപ്പെടുത്തുന്ന വാക്കുകൾ കൂടാതെയുള്ള ഒസ്യത്ത്.</u>— ഏതെങ്കിലും ആൾക്ക് വസ്തു ഒസ്യത്ത് ചെയ്തിട്ടുള്ളിടത്ത്, ആ വസ്തുവിൽ, അയാൾക്ക് പരിമിതമായ അവകാശം മാത്രമേ ഉദ്ദേശിക്കപ്പെട്ടിരുന്നുള്ളു എന്നു മരണശാസനപത്രത്തിൽ നിന്നു കാണാത്തപക്ഷം അയാൾക്ക് മരണശാസനകർത്താവിന് അതിലുള്ള മുഴുവൻ അവകാശത്തിനും അവകാശമുള്ളതാകുന്നു.

96. <u>ആനുകല്പികമായി ഒസ്യത്ത് ചെയ്യുന്നത്.</u>— ഒരു വസ്തു ഒരാൾക്ക് മറ്റൊരാൾക്കോ വർഗ്ഗം ആളുകൾക്കോ ആനുകല്പികമായുള്ള ഒസ്യത്തോടുകൂടി ഒസ്യത്ത് ചെയ്യുന്നതായാൽ, മരണശാസനപ്രകാരം വിപരീതമായ ഉദ്ദേശ്യം കാണാത്തപക്ഷം, അത് ഫലത്തിൽ വരുന്ന സമയത്ത് ആദ്യമായി പേർ പറഞ്ഞ ഒസ്യത്തവകാശി ജീവിച്ചിരുപ്പുണ്ടെങ്കിൽ ഒസ്യത്തു മുതൽ അയാൾക്ക് അവകാശപ്പെട്ടിരിക്കുന്നതും; എന്നാൽ അയാൾ അപ്പോഴേക്ക് മരിച്ചുപോയിട്ടുണ്ടെങ്കിൽ, ഒസ്യത്തു മുതൽ ആനുകല്പിക ദാനത്തിന്റെ രണ്ടാമത്തെ ഭാഗത്തിൽ പേർ പറഞ്ഞ ആളോ വർഗ്ഗം ആളുകളോ എടുക്കുന്നതും ആകുന്നു.

### ദൃഷ്ടാന്തങ്ങൾ

(i) "ക" യ്ക്കോ "ഖ" യ്ക്കോ ആയി ഒരു ഒസ്യത്ത് ചെയ്യുന്നു. ക മരണശാസനകർത്താവിനെ അതിജീവിക്കുന്നു. ഖ യ്ക്ക് യാതൊന്നും കിട്ടുന്നില്ല.

(ii) ക യ്ക്കോ ഖ യ്ക്കോ ആയി ഒരു ഒസ്യത്ത് ചെയ്യുന്നു. ക മരണശാസനത്തീയതിക്കു ശേഷവും, മരണശാസനകർത്താവിനു മുമ്പും ആയി മരിക്കുന്നു. ഒസ്യത്തു മുതൽ ഖ യ്ക്ക് ചെല്ലുന്നതാണ്.

(iii) ക യ്ക്കോ അല്ലെങ്കിൽ ഖ യ്ക്കോ ആയി ഒരു ഒസ്യത്തു ചെയ്യുന്നു. മരണശാസന തീയതിക്ക് ക മരിച്ചുപോയിരിക്കുന്നു. ഒസ്യത്തു മുതൽ ഖ യ്ക്ക് ചെല്ലുന്നതാണ്.

(iv) വസ്തു ക യ്ക്കോ അയാളുടെ അനന്തരാവകാശികൾക്കോ ആയി ഒസ്യത്തു ചെയ്യുന്നു. ക മരണശാസനകർത്താവിനെ അതിജീവിക്കുന്നു. ക, വസ്തു പൂർണ്ണാവകാശമായി എടുക്കുന്നതാണ്.

(v) വസ്തു ക യ്ക്കോ അയാളുടെ ഏററവും അടുത്ത കുലബന്ധുക്കറംക്കോ ആയി ഒസ്യത്ത് ചെയ്യുന്നു. ക മരണശാസനകർത്താവിന്റെ ജീവിതകാലത്ത് മരിക്കുന്നു. മരണശാസനകർത്താവ് മരിക്കുന്നതോടെ, ക യുടെ അടുത്ത കുലബന്ധുക്കറംക്കുള്ള ഒസ്യത്ത് ഫലത്തിൽ വരുന്നതാണ്.

(vi) വസ്തു ക യ്ക്ക് ആജീവനാന്തമായും അയാളുടെ മരണശേഷം ഖ യ്ക്കോ അയാളുടെ അവകാശികറംക്കോ ആയും ഒസ്യത്തു ചെയ്യുന്നു. ക യും ഖ യും മരണശാസനകർത്താവിനെ അതിജീവിക്കുന്നു. ഖ ക യുടെ ജീവിതകാലത്ത് മരിക്കുന്നു. ക മരിക്കുന്നതോടെ, ഖ യുടെ അനന്തരവകാശികറംക്കുള്ള ഒസ്യത്ത് ഫലത്തിൽ വരുന്നതാണ്.

(vi) വസ്തു ക യ്ക്ക് ആജീവനാന്തമായും, അയാളുടെ മരണശേഷം ഖ യ്ക്കോ അയാളുടെ അവകാശികറംക്കോ ആയും ഒസ്യത്ത് ചെയ്യുന്നു. ഖ മരണശാസനകർത്താവിന്റെ ജീവിതകാലത്ത് മരിക്കുന്നു. ക, മരണശാസനകർത്താവിനെ അതിജീവിക്കുന്നു. ക മരിക്കുന്നതോടെ, ഖ യുടെ അനന്തരാവകാശികറംക്കുള്ള ഒസ്യത്ത് ഫലത്തിൽ വരുന്നതാണ്.

97. ഒരു ആറംക്കുള്ള ഒസ്യത്തിനോട് ഒരു വർഗ്ഗത്തെ വിവരിക്കുന്ന വാക്കുകറം കൂട്ടിച്ചേർക്കുന്നതിന്റെ ഫലം.— വസ്തു ഒരു ആറംക്ക് ഒസ്യത്തു ചെയ്യുകയും, ആളുകളുടെ ഒരു വർഗ്ഗത്തെ വിവരിക്കുകയും, എന്നാൽ അവരെ നേരിട്ടുള്ളതും അനാശ്രിതവുമായ ദാനത്തിന്റെ പാത്രങ്ങളായി സൂചിപ്പിക്കാതിരിക്കുകയും ചെയ്യുന്ന വാക്കുകറം കൂട്ടിച്ചേർക്കുകയും ചെയ്യുന്നിടത്ത്, മരണശാസനപ്രകാരം വിപരീതമായ ഉദ്ദേശ്യം കാണാത്ത പക്ഷം, അങ്ങനെയുള്ളയാറംക്ക് മരണശാസനകർത്താവിന് അതിലുള്ള മുഴുവൻ അവകാശത്തിനും അവകാശമുണ്ടായിരിക്കുന്നതാണ്.

ദൃഷ്ടാന്തങ്ങറം

(i) ക യ്ക്കും അയാളുടെ കുട്ടികറംക്കും,
ക യ്ക്കും അയാളുടെ ഇപ്പോഴത്തെ ഭാര്യയിലെ അയാളുടെ കുട്ടികറംക്കും,
ക യ്ക്കും അയാളുടെ അനന്തരാവകാശികറംക്കും,
ക യ്ക്കും അയാളുടെ സന്തതികറംക്കും,
ക യ്ക്കും അയാളുടെ പുരുഷസന്തതികറംക്കും,
ക യ്ക്കും അയാളുടെ സ്ത്രീ സന്തതികറംക്കും,
ക യ്ക്കും അയാളുടെ സന്താനങ്ങറംക്കും,
ക യ്ക്കും അയാളുടെ കുടുംബത്തിനും,
ക യ്ക്കും അയാളുടെ സന്തതിപരമ്പരയ്ക്കും,
ക യ്ക്കും അയാളുടെ പ്രതിനിധികറംക്കും,
ക യ്ക്കും അയാളുടെ സ്വന്തം പ്രതിനിധികറംക്കും,
ക യ്ക്കും അയാളുടെ എക്സിക്യൂട്ടർമാർക്കും, അഡ്മിനിസ്ട്രേററർമാർക്കും,

ആയി ഒരു ഒസ്യത്തു ചെയ്തിരിക്കുന്നു.

ഈ ഓരോ സംഗതിയിലും ക യ്ക്ക് മരണശാസനകർത്താവിന് വസ്തുവിൽ ഉണ്ടായിരുന്ന മുഴുവൻ അവകാശവും കിട്ടുന്നതാകുന്നു.

(ii) ക യ്ക്കും അയാളുടെ സഹോദരന്മാർക്കും ആയി ഒരു ഒസ്യത്ത് ചെയ്യുന്നു. ഒസ്യത്ത് മുതലിന് ക യും അയാളുടെ സഹോദരന്മാരും കൂട്ടായി അവകാശപ്പെട്ടവരാണ്.

(iii) ക യ്ക്ക് ആജീവനാന്തമായും, അയാളുടെമരണശേഷം അയാളുടെ സന്താനത്തിനുമായി ഒരു ഒസ്യത്ത് ചെയ്യുന്നു. ക യുടെ മരണത്തോടെ ചസ്തു സമമായ ഓഹരികളായി, ആ സമയത്ത് ക യുടെ സന്താനം എന്ന വിവരണവുമായി യോജിക്കുന്ന എല്ലാ ആളുകൾക്കും ഉള്ളതായിരിക്കുന്നതാണ്.

98. സാമാന്യമായ വിവരണത്തിൻകീഴിൽ മാത്രമായി ആളുടെ വർഗ്ഗത്തിലുള്ള ഒസ്യത്ത്.— സാമാന്യമായ വിവരണത്തിൻകീഴിൽ മാത്രമായി ആളുകളുടെ ഒരു വർഗ്ഗത്തിന് ഒരു ഒസ്യത്ത് ചെയ്യുന്നിടത്ത്, ആ വിവരണത്തിലെ വാക്കുകൾ അവയുടെ സാധാരണാർത്ഥത്തിൽ ബാധകമാകാത്ത യാതൊരാൾക്കും ആ ഒസ്യത്തു മുതൽ കിട്ടുന്നതല്ല.

99. പദങ്ങളുടെ അർത്ഥ കല്പനം.— മരണശാസനത്തിൽ —

(ക) "കുട്ടികൾ" എന്ന വാക്ക്, ആരുടെ "കുട്ടികളെക്കുറിച്ചാണോ" പറയുന്നത്, അയാളുടെ അവരോഹണപരമ്പരയിലെ സന്തതികളിൽ ഒന്നാമത്തെ ഡിഗ്രിയിലുള്ളവർക്കു മാത്രം ബാധകമാകുന്നതാണ്;

(ഖ) "പേരക്കുട്ടികൾ" എന്നവാക്ക് ആരുടെ "പേരക്കുട്ടിക"ളെക്കുറിച്ചാണോ പറയുന്നത്, അയാളുടെ അവരോഹണ പരമ്പരയിലെ സന്തതികളിൽ രണ്ടാമത്തെ ഡിഗ്രിയിലുള്ളവർക്കു മാത്രം ബാധകമാകുന്നതാണ്.

(ഗ) "മരുമകൻ" എന്നും "മരുമകൾ" എന്നും ഉള്ള വാക്കുകൾ, സഹോദരൻമാരുടേയോ സഹോദരിമാരുടെയോ കുട്ടികൾക്ക് മാത്രം ബാധകമാകുന്നതാണ്;

(ഘ) "കസിൻ" അല്ലെങ്കിൽ "ഒന്നാം കസിൻ" അല്ലെങ്കിൽ "കസിൻ ജർമ്മൻ" എന്നീവാക്കുകൾ, ആരുടെ "കസി"നേയോ "ഒന്നാം കസി"നേയോ "കസിൻ ജർമ്മ"നേയോ കുറിച്ചാണോ, പറയുന്നത്, അയാളുടെ പിതാവിന്റെ അല്ലെങ്കിൽ മാതാവിന്റെ, സഹോദരൻമാരുടേയോ സഹോദരിമാരുടേയോ കുട്ടികൾക്ക് മാത്രം ബാധകമാകുന്നതാണ്;

(ങ) "ഒരു പടി അകന്ന ഒന്നാം കസിൻ" എന്ന വാക്കുകൾ, ആരുടെ "ഒരു പടി അകന്ന ഒന്നാം കസി"നെക്കുറിച്ചാണോ പറയുന്നത്, അയാളുടെ കസിൻജർമ്മൻമാരുടെ കുട്ടികൾക്കോ, അല്ലെങ്കിൽ അയാളുടെ മാതാവിന്റേയോ പിതാവിന്റേയോ കസിൻ ജർമ്മൻമാർക്കോ ബാധകമാകുന്നതാണ്;

(ച) "രണ്ടാം കസിൻ" എന്ന വാക്കുകൾ ആരുടെ "രണ്ടാം കസി"നെക്കുറിച്ചാണോ പറയുന്നത്, അയാളുടെ പിതാമഹന്റേയോ പിതാമഹിയുടേയോ മാതാമഹന്റേയോ മാതാമഹിയുടേയോ, സഹോദരൻമാരുടെ അല്ലെങ്കിൽ സഹോദരിമാരുടെ പേരക്കുട്ടികൾക്ക് മാത്രം ബാധകമാകുന്നതാണ്;

(ഛ) "സന്താനം" എന്നും "സന്തതികൾ" എന്നും ഉള്ള വാക്കുകൾ ആരുടെ "സന്താന"ത്തേയോ "സന്തതിക"ളേയോകുറിച്ചാണോ പറയുന്നത്, അയാളുടെ അവരോഹണപരമ്പരയിലെ എല്ലാ സന്തതികൾക്കും ബാധകമാകുന്നതാണ്;

(ജ) പാർശ്വികമായ ചാർച്ചയെ പ്രകടമാക്കാൻ ഉതകുന്ന വാക്കുകൾ പൂർണ്ണരക്തബന്ധമുള്ള ചാർച്ചക്കാർക്കും അർദ്ധരക്ത ബന്ധമുള്ള ചാർച്ചക്കാർക്കും ഒന്നുപോലെ ബാധകമാകുന്നതാണ്;

(ഝ) ചാർച്ചയെ പ്രകടമാക്കാൻ ഉതകുന്ന എല്ലാ വാക്കുകളും പിന്നീട് ജീവനോടെ ജനിക്കുന്ന ഗർഭസ്ഥശിശുവിന് ബാധകമാകുന്നു.

100. ചാർച്ച പ്രകടമാക്കുന്ന വാക്കുകൾ നിയമാനുസൃതവേഴ്ച
വഴിയുള്ള ചാർച്ചക്കാരേയോ അങ്ങനെയുള്ളവരില്ലെങ്കിൽ നിയമാനുസൃതവേഴ്ച
വഴിയുള്ളവരാണെന്ന് കേൾവിയുള്ള ചാർച്ചക്കാരേയും മാത്രം കുറിക്കുന്ന
താണെന്ന്.—മരണശാസനത്തില, വിപരീതമായ ഏതെങ്കിലും സൂചനയുടെ
അഭാവത്തിൽ "കുട്ടി"യെന്ന വാക്കോ "പുത്രൻ" എന്ന വാക്കോ "പുത്രി" എന്ന
വാക്കോ, അല്ലെങ്കിൽ ചാർച്ച പ്രകടമാക്കുന്ന ഏതെങ്കിലും വാക്കോ, നിയമാനുസൃ
തവേഴ്ചവഴിയുള്ള ചർച്ചക്കാരനേയോ, അങ്ങനെ നിയമാനുസൃതവേഴ്ച
വഴിയുള്ള യാതൊരു ചർച്ചക്കാരനും ഇല്ലെങ്കിൽ, മരണശാസനത്തീയ
തിയ്ക്ക് അങ്ങനെയുള്ള ചാർച്ചക്കാരനെന്ന കേൾവി ആർജ്ജിച്ചിട്ടുള്ള
ആളേയോ കുറിക്കുന്നതായി മനസ്സിലാക്കേണ്ടതാകുന്നു.

### ദൃഷ്ടാന്തങ്ങൾ

(i) ഖ,ഗ എന്ന നിയമാനുസൃതവേഴ്ചയിലുണ്ടായ കുട്ടികളും, ഘ എന്ന
നിയമവിരുദ്ധവേഴ്ചയിലുണ്ടായ കുട്ടിയും, ആയി ഖ,ഗ, ഘ എന്നീ മൂന്നു
കുട്ടികളുണ്ടായിരിക്കെ, ക, തന്റെ വസ്തു, "എന്റെ കുട്ടികൾ"ക്കിടയിൽ സമ
മായി വിഭജിക്കാനായി ഒസ്യത്ത് ചെയ്യുന്നു. വസ്തു ഘ യെ ഒഴിച്ചുനിറുത്തി
ഖ യ്ക്കും ഗ യ്ക്കും സമമായ ഓഹരികളിൽ ഉള്ളതായിരിക്കുന്നതാണ്.

(ii) തന്റെ മരുമകളാണെന്ന കേൾവി ആർജ്ജിച്ചിട്ടുള്ള നിയമവിരുദ്ധ
വേഴ്ചയിൽ ജനിച്ച ഒരു മരുമകളുണ്ടായിരിക്കെയും, നിയമാനുസൃതവേഴ്ച
വഴിയുള്ള യാതൊരു മരുമകളും ഇല്ലാതിരിക്കെയും, ക, ഒരു തുക തന്റെ
മരുമകൾക്ക് ഒസ്യത്തുചെയ്യുന്നു. നിയമാനുസൃതവേഴ്ചവഴിയുള്ളതല്ലാത്ത
മരുമകൾക്ക് ഒസ്യത്ത് മുതലിന് അവകാശമുണ്ട്.

(iii) ക, തന്റെ മരണശാസനത്തിൽ തന്റെ കുട്ടികളെ എണ്ണിപ്പറയുകയും,
അവരിൽ ഒരാളായി നിയമവിരുദ്ധവേഴ്ചയിലുണ്ടായ ഖ യുടെ പേർ പറയു
കയും ചെയ്തുകൊണ്ട്, "എന്റെ മേല്പറഞ്ഞ കുട്ടികൾക്ക്" ആയി ഒരു
ഒസ്യത്ത് മുതൽ ഒസ്യത്ത്ചെയ്യുന്നു. നിയമാനുസൃതവേഴ്ചയിലുണ്ടായ
കുട്ടികളോടൊപ്പം ഖ യ്ക്ക് ഒസ്യത്തുമുതലിൽ ഓഹരി കിട്ടുന്നതാണ്.

(iv) ക "ഖയുടെ കുട്ടികൾക്ക്" ഒരു ഒസ്യത്തുമുതൽ ഒസ്യത്തു
ചെയ്യുന്നു. ഖ മരിച്ചുപോയിരിക്കയും അയാൾക്ക് നിയമവിരുദ്ധവേഴ്ചയി
ലുണ്ടായതല്ലാത്ത കുട്ടികളാരും ഇല്ലാതിരിക്കുകയും ചെയ്യുന്നു. മരണശാസന
ത്തീയതിയ്ക്ക് ഖ യുടെ കുട്ടികളാണെന്ന കേൾവി ആർജ്ജിച്ചിട്ടുണ്ടായിരുന്ന
എല്ലാവരും ആ ദാനത്തിന്റെ പാത്രങ്ങളാണ്.

(v) ക "ഖയുടെ കുട്ടികൾക്ക്" ഒരു ഒസ്യത്ത് മുതൽ ഒസ്യത്ത്ചെയ്യുന്നു.
ഖ യ്ക്ക് ഒരിക്കലും നിയമാനുസൃതവേഴ്ചയിലുണ്ടായ ഏതെങ്കിലും കുട്ടിയു
ണ്ടായിരുന്നില്ല. മരണശാസനത്തീയതിയ്ക്ക് ഗ യും ഘയും, ഖയുടെ കുട്ടി
കളാണെന്ന് കേൾവി ആർജ്ജിച്ചിട്ടുണ്ടായിരുന്നു. മരണശാസനത്തീയതിക്കു
ശേഷവും, മരണശാസനകർത്താവിന്റെ മരണത്തിന് മുമ്പുമായി ങ യും ച യും
ജനിക്കുകയും, ഖ യുടെ കുട്ടികളാണെന്ന കേൾവി ആർജ്ജിക്കുകയും ചെയ്യുന്നു.
ഒസ്യത്തുമുതലിന്റെ പാത്രങ്ങൾ ഗ യും ഘ യും മാത്രമാണ്.

(vi) ക, തന്റെ ഭാര്യയല്ലാത്ത ഒരു സ്ത്രീയിലുണ്ടായ തന്റെ കുട്ടിയുടെ
പേർക്ക് ഒരു ഒസ്യത്ത് ചെയ്യുന്നു. നാമനിർദ്ദേശം ചെയ്യപ്പെട്ട ആ സ്ത്രീ
യിലുണ്ടായ ക യുടെ കുട്ടിയാണെന്ന കേൾവി ഖ മരണശാസനത്തീയതിയ്ക്ക്
ആർജ്ജിച്ചിട്ടുണ്ടായിരുന്നു. ഖ യ്ക്ക് ഒസ്യത്ത് മുതൽ കിട്ടുന്നതാണ്.

(viii) ക, ഒരിക്കലും തന്റെ ഭാര്യയായിത്തീരാത്ത ഒരു സ്ത്രീയിൽ
ജനിക്കാൻ പോകുന്ന തന്റെ കുട്ടിയുടെപേർക്ക് ഒരു ഒസ്യത്ത്ചെയ്യുന്നു.
ഒസ്യത്ത് ശൂന്യമാണ്,

(viii) ക, താൻ വിവാഹം ചെയ്തിട്ടില്ലാത്ത ഒരു സ്ത്രീയുടെ ഗർഭത്തിലുള്ള ഒരു കുട്ടിയുടെ പേർക്ക് ഒരു ഒസ്യത്ത് ചെയ്യുന്നു. ഒസ്യത്ത് ശൂന്യമാണ്.

101. മരണശാസനം ഒരേ ആരംക്ക് രണ്ട് ഒസ്യത്തുകരം ചെയ്തുകൊടുക്കുന്നതായി കരുതപ്പെടാവുന്നിടത്ത്, അർത്ഥകല്പനത്തിനുള്ള ചട്ടങ്ങരം.—ഒരു മരണശാസനം ഒരേ ആരംക്ക് രണ്ട് ഒസ്യത്തുകരം ചെയ്തുകൊടുക്കുന്നതായി കരുതപ്പെടാവുന്നതായിരിക്കുകയും, രണ്ടാമത്തെ ഒസ്യത്ത് ആദ്യത്തേതിന് പകരമായാണോ പുറമേയാണോ എന്നചോദ്യം ഉദ്ഭവിക്കുകയും ചെയ്യുന്നിടത്ത്, അയാരം ഉദ്ദേശിച്ചത് എന്താണെന്ന് കാണിക്കുവാൻ മരണശാസനത്തിൽ ഒന്നും ഇല്ലെങ്കിൽ, മരണശാസനത്തിൻെറ അർത്ഥകല്പനം നിശ്ചയിക്കുന്നതിൽ താഴെ പറയുന്ന ചട്ടങ്ങരംക്ക് പ്രഭാവമുണ്ടായിരിക്കുന്നതാണ്.

(ക) ഒരേ വിനിർദ്ദിഷ്ട സാധനം ഒരേ മരണശാസനത്തിലായോ, അല്ലെങ്കിൽ മരണശാസനത്തിലും വീണ്ടും കോഡിസിലിലുമായോ ഒസ്യത്തവകാശിക്ക് രണ്ടുപ്രാവശ്യം ഒസ്യത്ത് ചെയ്യുന്നുവെങ്കിൽ, അയാരംക്ക്, ആ വിനിർദ്ദിഷ്ടസാധനം മാത്രമേ കിട്ടാൻ അവകാശമുള്ളു.

(ഖ) ഒരേ ഒരു മരണശാസനമോ അല്ലെങ്കിൽ ഒരേ ഒരു കോഡിസിലോ, രണ്ടു സ്ഥലത്തായി, ഒരേ ആരംക്ക് ഒരേ അളവോ തുകയോ വരുന്ന എന്തെങ്കിലും ഒസ്യത്തുചെയ്യുന്നതായി കരുതപ്പെടാവുന്നതായിരിക്കുന്നിടത്ത്, അയാരംക്ക് അങ്ങനെയുള്ള ഒരു ഒസ്യത്തുമുതലിന് മാത്രമേ അവകാശമുള്ളൂ;

(ഗ) ഒരേ മരണശാസനത്തിലോ ഒരേ കോഡിസിലിലോ ഒരേ ആരംക്ക് തുകകരം സമമല്ലാത്ത രണ്ടു ഒസ്യത്ത് മുതലുകരം നല്കുന്നിടത്ത്, ഒസ്യത്തവകാശിയ്ക്ക് രണ്ടിനും അവകാശമുണ്ട്.

(ഘ) തുക സമമായതോ അല്ലാത്തതോ ആയ രണ്ട് ഒസ്യത്തുമുതലുകരം ഒരേ ഒസ്യത്തവകാശിയ്ക്ക്, ഒന്ന് ഒരു മരണശാസനം വഴിയും മറേറത് ഒരു കോഡിസിൽവഴിയുമായോ, അല്ലെങ്കിൽ ഓരോന്നും ഓരോ വ്യത്യസ്തമായ കോഡിസിൽവഴി യാ നല്കുന്നിടത്ത്, രണ്ട് ഒസ്യത്ത് മുതലിനും അവകാശമുണ്ട്.

വിശദീകരണം.—ഈ വകുപ്പിലെ (ക) മുതൽ (ഘ) വരെയുള്ള ഖണ്ഡങ്ങളിൽ "മരണശാസനം" എന്ന വാക്കിൽ കോഡിസിൽ ഉരംപ്പെടുന്നതല്ല.

ദൃഷ്ടാന്തങ്ങരം

(i) ഇംപീരിയൽ ബാങ്ക് അഫ് ഇൻഡ്യയിൽ പത്ത് ഓഹരി ഉണ്ടായിരിക്കേയും കൂടുതൽ ഇല്ലാതിരിക്കേയും, ക മരണശാസനം ഉണ്ടാക്കുകയും അതിൻെറ തുടക്കത്തിന്നടുത്ത് "ഇംപീരിയൽ ബാങ്ക് അഫ് ഇൻഡ്യയിലെ എൻെറ പത്ത് ഓഹരി ഞാൻ ഖ യ്ക്ക് ഒസ്യത്തുചെയ്യുന്നു" എന്ന വാക്കുകരം അടങ്ങിയിരിക്കുകയും ചെയ്യുന്നു. മററ് ഒസ്യത്തുകരംക്കുശേഷം, മരണശാസനം "ഇംപീരിയൽ ബാങ്ക് അഫ് ഇൻഡ്യയിലെ എൻെറ പത്ത് ഓഹരി ഞാൻ ഖ യ്ക്ക് ഒസ്യത്തുചെയ്യുന്നു" എന്ന വാക്കുകളോടെ അവസാനിക്കുന്നു. ഖ യ്ക്ക് ഇംപീരിയൽ ബാങ്ക് അഫ് ഇൻഡ്യയിലെ പത്ത് ഓഹരി കിട്ടാൻ മാത്രമേ അവകാശമുള്ളൂ.

(ii) ഖ തനിക്ക് നല്കിയ ഒരുവൈരമോതിരമുണ്ടായിരിക്കെ, ക, ഖ തനിക്ക് നല്കിയ വൈരമോതിരം ഗ യ്ക്ക് ഒസ്യത്തുചെയ്യുന്നു. ക പിന്നീട് തൻെറ മരണശാസനത്തിന് ഒരു കോഡിസിൽ ഉണ്ടാക്കുകയും, അതുവഴി മററ് ഒസ്യത്തുമുതലുകരം നല്കിയതിനുശേഷം, ഖ തനിക്ക് നല്കിയ വൈരമോതിരം. ഗ യ്ക്ക് ഒസ്യത്തുചെയ്യുകയും ചെയ്യുന്നു. ഗ, ക യ്ക്ക് നല്കിയ വൈരമോതിരം ഒഴികെ യാതൊന്നും ഗ യ്ക്ക്, അവകാശപ്പെടാവുന്നതല്ല.

(iii) ക, തന്റെ മരണശാസനംവഴി ഖ യ്ക്ക് 5000 രൂപ ഒസ്യത്ത് ചെയ്യുകയും, അതിനുശേഷം അതേ മരണശാസനത്തിൽ ആ ഒസ്യത്ത് അതേ വാക്കുകളിൽ ആവർത്തിക്കുകയും ചെയ്യുന്നു. ഖ യ്ക്ക് 5000 രൂപയുടെ ഒരു ഒസ്യത്ത് മുതലിനുമാത്രമേ അവകാശമുള്ളൂ.

(iv) ക, തന്റെ മരണശാസനംവഴി, ഖ യ്ക്ക് 5000 രൂപ ഒസ്യത്തു ചെയ്യുകയും അതിനുശേഷം അതേ മരണശാസനത്തിൽ ഖ യ്ക്ക് 6000 രൂപ ഒസ്യത്തുചെയ്യുകയും ചെയ്യുന്നു. ഖ യ്ക്ക്, 11,000 രൂപ കിട്ടാൻ അവകാശമുണ്ട്.

(v) ക തന്റെ മരണശാസനംവഴി ഖ യ്ക്ക് 5000 രൂപ ഒസ്യത്തുചെയ്യുകയും, മരണശാസനത്തിനുള്ള ഒരു കോഡിസിൽവഴി അയാൾക്ക് 5000 രൂപ ഒസ്യത്തുചെയ്യുകയും ചെയ്യുന്നു. ഖ യ്ക്ക് 10,000 രൂപ കിട്ടാൻ അവകാശമുണ്ട്.

(vi) ക തന്റെ മരണശാസനത്തിനുള്ള ഒരു കോഡിസിൽവഴി ഖ യ്ക്ക് 5000 രൂപ ഒസ്യത്തു ചെയ്യുകയും മറെറാരു കോഡിസിൽവഴി അയാൾക്ക് 6000 രൂപ ഒസ്യത്തു ചെയ്യുകയുംചെയ്യുന്നു. ഖ യ്ക്ക് 11,000 രൂപ കിട്ടാൻ അവകാശമുണ്ട്.

(vii) ക, തന്റെ മരണശാസനംവഴി "ഖ യ്ക്ക് അവൾ എന്റെ നേഴ്സ് ആയിരുന്നതിനാൽ 500 രൂപ" ഒസ്യത്തുചെയ്യുകയും, ആ മരണശാസനത്തിന്റെ മറെറാരു ഭാഗത്ത്, "ഖ യ്ക്ക് അവൾ എന്റെ കുട്ടികളുടെകൂടെ ഇംഗ്ലണ്ടിലേയ്ക്ക് പോയതിനാൽ, 500 രൂപ" ഒസ്യത്തു ചെയ്യുകയും ചെയ്യുന്നു, ഖ യ്ക്ക് 1000 രൂപ കിട്ടാൻ അവകാശമുണ്ട്.

(viii) ക തന്റെ മരണശാസനംവഴി ഖ യ്ക്ക് 5000 രൂപയും, ആ മരണശാസനത്തിന്റെ മറെറാരു ഭാഗത്ത് 400 രൂപയുടെ വർഷാശനവും, ഒസ്യത്തു ചെയ്യുന്നു. ഖ യ്ക്ക് രണ്ട് ഒസ്യത്തു മുതലിനും അവകാശമുണ്ട്.

(ix) ക തന്റെ മരണശാസനംവഴി ഖ യ്ക്ക് 5000 രൂപ ഒസ്യത്തുചെയ്യുകയും, കൂടാതെ അയാൾക്ക് 18 വയസ്സ് തികയുന്നതായാൽ 5000 രൂപ ഒസ്യത്തു ചെയ്യുകയും ചെയ്യുന്നു. ഖ യ്ക്ക് ഒരു 5000 രൂപയ്ക്ക് പൂർണ്ണാവകാശമായി അവകാശമുണ്ടായിരിക്കയും, മറെറാരു 5000 രൂപയിൽ സമാശ്രിതമായ അവകാശം കിട്ടുകയും ചെയ്യുന്നു.

102. അവശേഷത്തിന്റെ ഒസ്യത്തവകാശിയെ നിയമിക്കുന്നത്.—നാമനിർദ്ദേശം ചെയ്യപ്പെടുന്ന ആൾക്ക് തന്റെ വസ്തുവിന്റെ മിച്ചമോ അവശേഷമോ, കിട്ടുന്നതാണെന്നുള്ള മരണശാസനകർത്താവിന്റെ ഉദ്ദേശ്യം കാണിക്കുന്ന ഏതു വാക്കുകളാലും അവശേഷത്തിനുള്ള ഒസ്യത്തവകാശിയെ നിയമിക്കാവുന്നതാണ്.

### ദൃഷ്ടാന്തങ്ങൾ

(i) ക, മരണശാസനം സംബന്ധിച്ച പല കടലാസ്സുകൾ അടങ്ങിയ ഒരു മരണശാസനം ഉണ്ടാക്കുന്നു. അവയിലൊന്നിൽ താഴെ പറയുന്ന വാക്കുകൾ അടങ്ങിയിരിക്കുന്നു. "ശവസംസ്ക്കാരച്ചെലവുകൾ മുതലായവ എല്ലാം കഴിഞ്ഞതിനുശേഷം ഇപ്പോൾ സ്കൂളിലായ ഖ യെ ഇതിനുശേഷം നിയമിച്ചേക്കാവുന്ന ഏതെങ്കിലും വൃത്തിക്ക് അയാൾക്കുവേണ്ട യോഗ്യത ഉണ്ടാക്കുന്നതിലേയ്ക്ക് നല്കാൻ വല്ലതും അവശേഷിക്കുമെന്ന് ഞാൻ വിചാരിക്കുന്നു." ക അവശേഷത്തിന്റെ ഒസ്യത്തവകാശിയായി നിയമിക്കപ്പെട്ടിരിക്കുന്നു.

(ii) ക തന്റെ മരണശാസനം, അതിന്റെ ഒടുവിൽ താഴെ പറയുന്ന ഖണ്ഡികയോടുകൂടി ഉണ്ടാക്കുന്നു. "എന്റെ കടങ്ങൾ കൊടുത്തു ബാദ്ധ്യത തീർക്കാനും, അവശേഷിക്കുന്നത് ഖ യുടെ സ്വന്തം ഉപയോഗത്തിനു

ഇഷ്ടത്തിനും ആയി വച്ചുകൊള്ളാനും മതിയായിടത്തോളം എന്റെ ബാങ്കറുടെ കൈയിൽ കാണുമെന്ന് ഞാൻ വിശ്വസിക്കുകയും, ക അപ്രകാരം കൊടുത്തു ബാദ്ധ്യത തീർക്കണമെന്ന് ഞാൻ ആഗ്രഹിക്കുകയും ചെയ്യുന്നു.” ക അവശേഷത്തിന്റെ ഒസ്യത്തവകാശിയായി നിയമിക്കപ്പെട്ടിരിക്കുന്നു.

(iii) ക ഗ യ്ക്ക് ഒസ്യത്തു ചെയ്യുന്ന ചില സ്റ്റാക്കുകളും ബോണ്ടുകളും ഒഴികെയുള്ള തന്റെ എല്ലാ വസ്തുവും ഖ യ്ക്ക് ഒസ്യത്ത് ചെയ്യുന്നു. അവശേഷത്തിന്റെ ഒസ്യത്തവകാശി ഖ യാണ്.

103. <u>അവശേഷത്തിന്റെ ഒസ്യത്തവകാശിക്ക് അവകാശമുള്ള വസ്തു.</u>—അവശേഷത്തിന്റെ ഒരു ഒസ്യത്തിൻ കീഴിൽ ഒസ്യത്തവകാശിയ്ക്ക് മരണശാസനപ്രകാരമുള്ളതും പ്രഭാവത്തിൽ വരാൻ സമർത്ഥമായതുമായ മറേറതെങ്കിലും വിന്യാസം ചെയ്തിട്ടില്ലാത്തതും മരണശാസനകർത്താവിന്റെ മരണസമയത്ത് അയാളുടെ വകയായിരിക്കുന്നതുമായ എല്ലാ വസ്തുവിനും അവകാശമുണ്ടായിരിക്കുന്നതുമാണ്.

ദൃഷ്ടാന്തം

ക, തന്റെ മരണശാസനംവഴി ചില ഒസ്യത്തുമുതലുകൾ ഒസ്യത്തു ചെയ്യുകയും അവയിൽ ഒന്ന് 118-ാം വകുപ്പിൻകീഴിൽ ശൂന്യമായിരിക്കുകയും, മറെറാന്ന് ഒസ്യത്തവകാശിയുടെ മരണത്താൽ ലാപ്സാവുകയും ചെയ്യുന്നു. അയാൾ തന്റെ വസ്തുവിന്റെ അവശേഷം ഖ യ്ക്ക് ഒസ്യത്തുചെയ്യുന്നു. മരണശാസനത്തീയതിക്കുശേഷം ക ഒരു ജമീന്ദാരി വിലയ്ക്കുവാങ്ങുകയും, അത് മരണസമയത്ത് അയാളുടെ വകയായിരിക്കുകയും ചെയ്യുന്നു. ഖ യ്ക്ക് ആ രണ്ട് ഒസ്യത്തു മുതലുകൾക്കും. ആ ജമീന്ദാരിക്കും അവശേഷത്തിന്റെ ഭാഗമെന്ന നിലയിൽ അവകാശമുണ്ട്.

104. <u>സാമാന്യമായി പറഞ്ഞുകൊണ്ടുള്ള ഒസ്യത്തു മുതൽ നിക്ഷിപ്തമാകുന്ന സമയം.</u>—ഒരു ഒസ്യത്തു മുതൽ, അതു കൊടുക്കേണ്ട സമയം വിനിർദ്ദേശിക്കാതെ സാമാന്യമായി പറഞ്ഞുകൊണ്ട് നല്കുന്നു എങ്കിൽ, ഒസ്യത്തവകാശിക്ക് മരണശാസനകർത്താവിന്റെ മരണദിവസം മുതൽ അതിൽ നിക്ഷിപ്തമായ അവകാശം ഉണ്ടായിരിക്കുന്നതും, അയാൾ അത് കിട്ടാതെ മരിക്കുന്നു എങ്കിൽഅയാളുടെ പ്രതിനിധികൾക്ക് സംക്രമിക്കുന്നതും ആകുന്നു.

105. <u>ഒസ്യത്തു മുതൽ ലാപ്സാകുന്നത് ഏതു സംഗതിയിലെന്ന്.</u>—(1) ഒസ്യത്തവകാശി മരണശാസനകർത്താവിനെ അതിജീവിക്കുന്നില്ലെങ്കിൽ, ഒസ്യത്തിന് പ്രഭാവത്തിൽ വരാൻ കഴിയുന്നതല്ലാത്തതും; എന്നാൽ അത് മറേറതെങ്കിലും ആൾക്ക് ചെല്ലണമെന്ന് മരണശാസനകർത്താവ് ഉദ്ദേശിച്ചിരുന്നുവെന്ന് മരണശാസനത്തിൽനിന്ന് കാണാത്തപക്ഷം, ലാപ്സാകുകയും, മരണശാസനകർത്താവിന്റെ വസ്തുവിന്റെ അവശേഷത്തിന്റെ ഭാഗമാകുന്നതും ആണ്.

(2) ഒസ്യത്തു മുതൽ കിട്ടാൻ ഒസ്യത്തവകാശിയുടെ പ്രതിനിധികൾക്ക് അവകാശമുണ്ടാകുന്നതിന്, ഒസ്യത്തവകാശി മരണശാസനകർത്താവിനെ അതിജീവിച്ച് എന്ന് തെളിയിക്കണം.

ദൃഷ്ടാന്തങ്ങൾ

(i) മരണശാസനകർത്താവ് “ഖ എനിക്ക് തരാനുള്ള 500 രൂപ” ഖ യ്ക്ക് ഒസ്യത്ത് ചെയ്യുന്നു. ഖ മരണശാസന കർത്താവിന് മുമ്പ് മരിക്കുന്നു. ഒസ്യത്ത് ലാപ്സാകുന്നു.

(ii) ക യ്ക്കും അയാളുടെ കുട്ടികൾക്കുമായി ഒരു ഒസ്യത്ത് ചെയ്യുന്നു. ക മരണശാസനകർത്താവിന് മുമ്പ് മരിക്കുകയോ അല്ലെങ്കിൽ മരണശാസനം ഉണ്ടാക്കുമ്പോൾ മരിച്ചുപോയിരിക്കുകയോ ചെയ്യുന്നു. ക യ്ക്കും അയാളുടെ കുട്ടികൾക്കും ഉള്ള ഒസ്യത്തു ലാപ്സാകുന്നു.

(iii) ക യ്ക്കും, അയാൾ മരണശാസനകർത്താവിന് മുൻപ് മരിക്കുന്ന സംഗതിയിൽ, ഖ യ്ക്ക് ആയി ഒരു ഒസ്യത്ത് നല്കപ്പെട്ടിരിക്കുന്നു. ക മരണശാസനകർത്താവിന് മുമ്പ് മരിക്കുന്നു. ഒസ്യത്തു മുതൽ ഖ യ്ക്ക് ചെല്ലുന്നതാണ്.

(iv) ആ ജീവനാന്തമായി ക യ്ക്കും അയാളുടെ മരണശേഷം ഖ യ്ക്കും ആയി ഒരു തുക ഒസ്യത്തു ചെയ്യുന്നു. ക മരണശാസനകർത്താവിന്റെ ജീവിതകാലത്ത് മരിക്കുന്നു. ഖ മരണശാസനകർത്താവിനെ അതിജീവിക്കുന്നു. ഖ യ്ക്കുള്ള ഒസ്യത്ത് പ്രാബല്യത്തിൽ വരുന്നു.

(v) പതിനെട്ടുവയസ്സ് പൂർത്തിയാകുന്നതിൻമേൽ ക യ്ക്കും, പതിനെട്ടുവയസ്സ് പൂർത്തിയാകുന്നതിന് മുമ്പ് അയാൾ മരിക്കുന്ന സംഗതിയിൽ ഖ യ്ക്കും ആയി ഒരു തുക ഒസ്യത്തു ചെയ്യുന്നു. ക യ്ക്ക് പതിനെട്ടുവയസ്സ് പൂർത്തിയാകുകയും, അയാൾ മരണശാസനകർത്താവിന്റെ ജീവിതകാലത്ത് മരിക്കുകയും ചെയ്യുന്നു. ക യ്ക്കുള്ള ഒസ്യത്ത് ലാപ്സാവുകയും, ഖ യ്ക്കുള്ള ഒസ്യത്ത് പ്രാബല്യത്തിൽ വരാതിരിക്കുകയും ചെയ്യുന്നു.

(vi) മരണശാസനകർത്താവും ഒസ്യത്തവകാശിയും ഒരേ കപ്പലപകടത്തിൽ മരിക്കുന്നു. ആരാണ് ആദ്യം മരിച്ചതെന്ന് കാണിക്കുവാൻ തെളിവില്ല. ഒസ്യത്ത് ലാപ്സാകുന്നു.

106. രണ്ട് കൂട്ട് ഒസ്യത്തവകാശികളിൽ ഒരാൾ മരണശാസനകർത്താവിനു മുമ്പ് മരിക്കുന്നുവെങ്കിൽ, ഒസ്യത്ത് ലാപ്സാകുന്നതല്ലെന്ന്.— ഒരു ഒസ്യത്ത് മുതൽ രണ്ടാൾക്ക് കൂട്ടായി നല്കിയിരിക്കുകയും അവരിൽ ഒരാൾ മരണശാസനകർത്താവിന് മുമ്പ് മരിക്കുകയും ചെയ്യുന്നുവെങ്കിൽ, മറേറ ഒസ്യത്തവകാശിക്ക് മുഴുവനും കിട്ടുന്നതാകുന്നു.

## ദൃഷ്ടാന്തം

ക യ്ക്കും ഖ യ്ക്കും എന്നു മാത്രമായാണ് ഒസ്യത്ത്. ക മരണശാസനകർത്താവിന് മുമ്പ് മരിക്കുന്നു. ഒസ്യത്തു മുതൽ ഖ യ്ക്ക് കിട്ടുന്നതാണ്.

107. വെവ്വേറെയുള്ള ഓഹരികൾ നല്കാനുള്ള മരണശാസനകർത്താവിന്റെ ഉദ്ദേശ്യം കാണിക്കുന്ന വാക്കുകളുടെ പ്രാബല്യം.— മരണശാസനകർത്താവ് ഒസ്യത്തു മുതൽ, അതിന്റെ വെവ്വേറെയുള്ള ഓഹരികൾ നല്കാൻ ഉദ്ദേശിക്കുന്നു എന്നു കാണിക്കുന്ന വാക്കുകളിൽ, ഒസ്യത്തവകാശികൾക്ക് നല്കുന്നതായാൽ, ഏതെങ്കിലും ഒസ്യത്തവകാശി, മരണശാസനകർത്താവിനുമുമ്പ് മരിക്കുന്നുവെങ്കിൽ, അയാൾക്കുള്ളതാണെന്ന് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളിടത്തോളം ഒസ്യത്തുമുതൽ മരണശാസനകർത്താവിന്റെ വസ്തുവിന്റെ അവശേഷത്തിൽപ്പെടുന്നതാണ്.

## ദൃഷ്ടാന്തം

ക യ്ക്കും, ഖ യ്ക്കും, ഗ യ്ക്കും, അവർക്കിടയിൽ സമമായി വിഭജിക്കേണ്ട ഒരു തുക ഒസ്യത്തുചെയ്യുന്നു. ക മരണശാസനകർത്താവിനുമുമ്പ് മരിക്കുന്നു. ഖ യ്ക്കും ഗ യ്ക്കും ക മരണശാസനകർത്താവിനെ അതിജീവിച്ചിരുന്നുവെങ്കിൽ കിട്ടുമായിരുന്നിടത്തോളം മാത്രമേ കിട്ടുകയുള്ളു.

108. ലാപ്സായ ഓഹരി വിനിയോഗം ചെയ്തിട്ടില്ലാത്തതെന്നപോലെ ചെല്ലുന്നതെപ്പോഴെന്ന്.— ലാപ്സാകുന്ന ഓഹരി, മരണശാസനത്താൽ ഒസ്യത്തു ചെയ്യപ്പെടുന്ന സാമാന്യമായ അവശേഷത്തിൻെറ ഭാഗമായിരിക്കുന്നിടത്ത് ആ ഓഹരി വിനിയോഗം ചെയ്യപ്പെട്ടിട്ടില്ലാത്ത ഓഹരിയെന്നപോലെ ചെല്ലുന്നതാകുന്നു.

### ദൃഷ്ടാന്തം

മരണശാസനകർത്താവ്, തൻെറ എസ്റേററിൻെറ അവശേഷം ക യ്ക്കും ഖ യ്ക്കും, ഗ യ്ക്കും അവർക്കിടയിൽ സമമായി വിഭജിക്കേണ്ടതായി ഒസ്യത്തു ചെയ്യുന്നു. ക മരണശാസനകർത്താവിനുമുമ്പ് മരിക്കുന്നു. അവശേഷത്തിലെ അയാളുടെ മൂന്നിലൊന്ന് വിനിയോഗം ചെയ്യപ്പെടാത്തതെന്നപോലെ ചെല്ലുന്നതാണ്.

109. മരണശാസനകർത്താവിൻെറ കുട്ടിക്കോ അവരോഹണപരമ്പരയിലെ സന്തതിക്കോ ഉള്ള ഒസ്യത്ത്, അയാരം മരണശാസനകർത്താവിൻെറ ജീവിതകാലത്ത് മരിക്കുന്നതിൻമേൽ ലാപ്സാകാത്തത് എപ്പോഴെന്ന്.— മരണശാസനകർത്താവിൻെറ ഏതെങ്കിലും കുട്ടിക്കോ അവരോഹണപരമ്പരയിലെ സന്തതിക്കോ ഒരു ഒസ്യത്ത് ചെയ്തിരിക്കുകയും, ആ ഒസ്യത്തവകാശി മരണശാസനകർത്താവിൻെറ ജീവിതകാലത്ത് മരിക്കുകയും, എന്നാൽ അയാളുടെ അവരോഹണപരമ്പരയിലെ ഏതെങ്കിലും സന്തതി മരണശാസനകർത്താവിനെ അതിജീവിക്കുകയും ചെയ്യുമ്പോരം, ഒസ്യത്ത് ലാപ്സാകുന്നതല്ലാത്തതും; എന്നാൽ മരണശാസനപ്രകാരം വിപരീതമായ ഉദ്ദേശ്യം കാണാത്ത പക്ഷം, ഒസ്യത്തവകാശിയുടെ മരണം മരണശാസനകർത്താവിൻെറ മരണത്തിന് തൊട്ടുപിന്നീടു സംഭവിച്ചതായിരുന്നാലെന്നപോലെ പ്രഭാവത്തിൽ വരുന്നതും ആകുന്നു.

### ദൃഷ്ടാന്തം

ക, തൻെറ മരണശാസനം ഉണ്ടാക്കുകയും, അത് പ്രകാരം തൻെറ മകനായ ഖ യ്ക്ക് അയാളുടെ സ്വന്തവും പരിപൂർണ്ണവുമായ ഉപയോഗത്തിനും ഗുണത്തിനുമായി ഒരു തുക ഒസ്യത്ത് ചെയ്യുകയും ചെയ്യുന്നു. ക യെ അതിജീവിക്കുന്ന ഗ എന്ന ഒരു പുത്രൻ ഇരിക്കെ ഖ തൻെറ എല്ലാ വസ്തുക്കളും തൻെറ വിധവയായ ഘ യ്ക്ക് ഒസ്യത്തുചെയ്യുന്ന ഒരു മരണശാസനം ഉണ്ടാക്കിയിട്ട് ക യ്ക്കു മുൻപുമരിക്കുന്നു. ആ പണം ഘ യ്ക്കു ചെല്ലുന്നതാണ്.

110. ഖ യുടെ ഗുണത്തിനായി ക യ്ക്കുള്ള ഒസ്യത്ത് ക യുടെ മരണത്താൽ ലാപ്സാക്കുന്നതല്ലെന്ന്.— ഒരാരംക്ക് മറെറാരാളുടെ ഗുണത്തിനായി ഒരു ഒസ്യത്ത് ചെയ്യുന്നിടത്ത്, ഒസ്യത്ത് ചെയ്തിട്ടുള്ളത് ആർക്കാണോ, അയാരം മരണശാസനകർത്താവിൻെറ ജീവിതകാലത്ത് മരിക്കുന്നതിനാൽ ഒസ്യത്ത് ലാപ്സാകുന്നതല്ല.

111. വിവരിക്കപ്പെട്ട വർഗ്ഗത്തിലുള്ള ഒസ്യത്തിൻെറ സംഗതിയിലെ അതിജീവിതം.— വിവരിക്കപ്പെടുന്ന ഒരു വർഗ്ഗത്തിന് എന്ന് മാത്രം പറഞ്ഞുകൊണ്ടുള്ള ഒരു ഒസ്യത്ത് ചെയ്യുന്നിടത്ത്, ഒസ്യത്ത് ചെയ്യപ്പെട്ടത് മരണശാസനകർത്താവിൻെറ മരണ സമയത്ത് ജീവിച്ചിരിക്കുന്നവർക്ക് മാത്രം ചെല്ലുന്നതാകുന്നു.

അപവാദം.— ഒരു വിനിർദ്ദിഷ്ട വ്യക്തിയുമായി ഒരു പ്രത്യേക ഡിഗ്രിയിലുള്ള കുലബന്ധത്തിൽ ഉള്ളതായിവിവരിച്ചിട്ടുള്ള ആളുകളുടെ ഒരു വർഗ്ഗത്തിന് വസ്തു ഒസ്യത്ത് ചെയ്യുകയും, എന്നാൽ അത് അവർ കൈവശം വയ്ക്കുന്നത് ഒരു മുൻ ഒസ്യത്തിനാലോ മററു വിധത്തിലോ മരണശാസനകർത്താവിന്റെ മരണത്തിനു പിന്നീടുള്ള ഒരു സമയം വരെ നീട്ടി വയ്ക്കപ്പെടുകയും ചെയ്യുന്നുവെങ്കിൽ ആ സമയത്ത് വസ്തു അപ്പോഴും അവരിൽ ജീവിച്ചിരിക്കുന്നവർക്കും അവരിൽ മരണശാസനകർത്താവിന്റെ മരണത്തിനുശേഷം മരിച്ചിട്ടുള്ള ഏതെങ്കിലും ആളുടെ പ്രതിനിധികൾക്കും ചെല്ലുന്നതാകുന്നു.

## ദൃഷ്ടാന്തങ്ങൾ

(i) ക "ഖ യുടെ കുട്ടികൾക്ക്" ആയിരം രൂപ, എപ്പോഴാണ് അവർക്കിടയിൽ വീതിക്കേണ്ടതെന്ന് പറയാതെ ഒസ്യത്ത് ചെയ്യുന്നു. ഖ മരണശാസനത്തീയതിക്ക് മുൻപ് ഗ ഘ ങ എന്നീ മൂന്നു കുട്ടികൾ ഇരിക്കെ മരിച്ചുപോയിരുന്നു. ങ മരണശാസനത്തീയതിക്കുശേഷവും എന്നാൽ ക യുടെ മരണത്തിന് മുൻപുമായി മരിച്ചു. ഗ യും ഘയും ക യെ അതി ജീവിക്കുന്നു. ഒസ്യത്ത് മുതൽ ങ യുടെ പ്രതിനിധികളെ ഒഴിച്ചുനിറുത്തി കൊണ്ട് ഗ യ്ക്കും ഘ യ്ക്കും ഉള്ളതായിരിക്കുന്നതാണ്.

(ii) ഒന്നിലധികം വർഷത്തേയ്ക്കുള്ള ഒരു വീട്ടിന്റെ വാടകയേല്പ് ആജീവനാന്തമായി ക യ്ക്കും, അയാളുടെ മരണശേഷം ഖ യുടെ കുട്ടികൾക്കുമായി ഒസ്യത്തുചെയ്യപ്പെട്ടു. മരണശാസനകർത്താവിന്റെ മരണസമയത്ത് ഖ യ്ക്ക്, ഗ, ഘ എന്ന രണ്ടു കുട്ടികൾ ജീവിച്ചിരിപ്പുണ്ടായിരുന്നു. അയാൾക്ക് ഒരിക്കലും വേറെ ഏതെങ്കിലും കുട്ടികൾ ഉണ്ടായിരുന്നില്ല. പിന്നീട് ക യുടെ ജീവിതകാലത്ത് ഗ, അയാളുടെ എക്സിക്യൂട്ടർ ങ യിരിക്കെ മരിക്കുന്നു. ഘ, ക യെ അതിജീവിക്കുന്നു. വാടകയേല്പിന്റെ കഴിയാൻ ബാക്കിയുള്ളിടത്തോളം കാലത്തേയ്ക്ക് ഘ യ്ക്കും ങ യ്ക്കും കൂട്ടായി അവകാശമുണ്ട്.

(iii) ആജീവനാന്തമായി ക യ്ക്കും, അവളുടെ മരണശേഷം ഖ യുടെ കുട്ടികൾക്കുമായി ഒരു തുക ഒസ്യത്തുചെയ്യപ്പെട്ടു. മരണശാസനകർത്താവിന്റെ മരണസമയത്ത് ഖ യ്ക്ക് ഗ, ഘ എന്ന രണ്ടു കുട്ടികൾ ജീവിച്ചിരിപ്പുണ്ടായിരുന്നു. ആ സംഭവത്തിനുശേഷം ഖ യ്ക്കു ങ ച എന്ന രണ്ടു കുട്ടികൾ ജനിച്ചു. ഗ യും ങ യും, ഗ ഒരു മരണശാസനം ഉണ്ടാക്കിയിരിക്കെയും ങ യാതൊരു മരണശാസനവും ഉണ്ടാക്കാതിരിക്കെയും ക യുടെ ജീവിതകാലത്ത് മരിക്കുന്നു. ക, ഘ യും ച യും തന്നെ അതിജീവിച്ചിരിക്കെ മരിച്ചുപോയിരിക്കുന്നു. ഒസ്യത്തുമുതൽ നാല് സമഭാഗങ്ങളായി വിഭജിക്കുകയും അതിൽ ഒന്ന് ഗ യുടെ എക്സിക്യൂട്ടർക്കും ഒന്ന് ഘ യ്ക്കും ഒന്ന് ങ യുടെ അഡ്മിനിസ്ട്രേററർക്കും ഒന്ന് ച യ്ക്കും കൊടുക്കുകയും ചെയ്യേണ്ടതാണ്.

(iv) ക, തന്റെ ഭൂമികളുടെ മൂന്നിലൊന്നു ആജീവനാന്തമായി ഖ യ്ക്കും, അയാളുടെ മരണശേഷം ഖ യുടെ സഹോദരിമാർക്കുമായി ഒസ്യത്തു ചെയ്യുന്നു. മരണശാസനകർത്താവിന്റെ മരണസമയത്ത് ഖ യ്ക്ക് ഗ ഘ എന്ന രണ്ടു സഹോദരിമാർ ജീവിച്ചിരിപ്പുണ്ടായിരുന്നു. ആ സംഭവത്തിനു ശേഷം ങ എന്നൊരു സഹോദരി ജനിക്കുകയും ചെയ്യുന്നു. ഗ ഖ യുടെ ജീവിതകാലത്ത് മരിച്ചു; ഘ യും ങ യും ഖ യെ അതിജീവിച്ചിട്ടുണ്ട്. ക യുടെ ഭൂമിയുടെ മൂന്നിലൊന്ന് സമമായ ഓഹരികളിൽ ഘ, ങ എന്നിവർക്കും, ഗ യുടെ പ്രതിനിധികൾക്കും ഉള്ളതായിരിക്കുന്നതാണ്.

(v) ക, 1000 രൂപ ആജീവനാന്തമായി ഖ യ്ക്കും, അയാളുടെ മരണശേഷം സമമായി ഗ യുടെ കുട്ടികൾക്കും ആയി, ഒസ്യത്തു ചെയ്യുന്നു. ഖ യുടെ മരണംവരെ ഗ യ്ക്കു കുട്ടികളൊന്നും ഉണ്ടായിരുന്നില്ല, ഖ യുടെ മരണത്തിനുശേഷമുള്ള കാലത്തേക്കുള്ള ഒസ്യത്ത് ശൂന്യമാണ്.

(vi) ക, 1000 രൂപ "ഖ യ്ക്ക് ജനിച്ചിട്ടുള്ളതും ജനിക്കാൻ പോകുന്നതുമായ എല്ലാ കുട്ടികൾക്കും" അവർക്കിടയിൽ ഗ മരിക്കുമ്പോൾ വിഭജിക്കേണ്ടതായി ഒസ്യത്തു ചെയ്യുന്നു. മരണശാസനകർത്താവിന്റെ മരണസമയത്ത് ഖ യ്ക്ക് ഘ, ങ എന്ന രണ്ട് കുട്ടികൾ ജീവിച്ചിരിപ്പുണ്ടായിരുന്നു. മരണശാസനകർത്താവിന്റെ മരണശേഷവും, എന്നാൽ ഗ യുടെ ജീവിതകാലത്തും ഖ യ്ക്ക് ച, ഛ എന്ന രണ്ടു കുട്ടികൾ ജനിക്കുന്നു. ഗ യുടെ മരണശേഷം ഖ യ്ക്ക് മറ്റൊരു കുട്ടി ജനിക്കുന്നു. ഒസ്യത്തു മുതൽ ഖ യുടെ പിന്നീട് ജനിച്ച കുട്ടിയെ ഒഴിച്ചുനിറുത്തികൊണ്ട് ഘ, ങ, ച, ഛ എന്നിവർക്ക് ഉള്ളതായിരിക്കുന്നതാണ്.

(vii) ക, ഒരു ഫണ്ട് ഖ യുടെ കുട്ടികൾക്ക്, ഏററവും മൂത്ത കുട്ടി മേജറാകുമ്പോൾ, അവർക്കിടയിൽ വിഭജിക്കേണ്ടതായി ഒസ്യത്ത് ചെയ്യുന്നു. മരണശാസനകർത്താവിന്റെ മരണസമയത്ത് ഖ യ്ക്ക് ഗ എന്ന പേരായ ഒരു കുട്ടി ജീവിച്ചിരിപ്പുണ്ടായിരുന്നു. പിന്നീട് അയാൾക്ക് ഘ ങ എന്നു പേരായ വേറെ രണ്ടു കുട്ടികൾ ഉണ്ടായി. ങ മരിച്ചുപോയി എന്നാൽ ഗ മേജറായപ്പോൾ ഗ യും, ഘ യും ജീവിച്ചിരിപ്പുണ്ടായിരുന്നു. ഫണ്ട് ഗ മേജറായതിനുശേഷം ഖ യ്ക്ക് ജനിക്കുന്ന ഏതെങ്കിലും കുട്ടിയെ ഒഴിച്ചുനിറുത്തിക്കൊണ്ട് ഗ യ്ക്കും ഘ യ്ക്കും ങ യുടെ പ്രതിനിധികൾക്കും ഉള്ളതായിരിക്കുന്നതാണ്.

## അദ്ധ്യായം VII

## ശൂന്യമായ ഒസ്യത്തുകളെക്കുറിച്ച്

112. <u>മരണശാസനകർത്താവിന്റെ മരണസമയത്ത് അസ്തിത്വത്തിലില്ലാത്ത പ്രത്യേക വിവരണത്തിലുള്ള ആൾക്ക് ഒസ്യത്ത്.</u>— പ്രത്യേകമായ വിവരണത്തിലുള്ള ഒരാൾക്ക് ഒരു ഒസ്യത്ത് ചെയ്തിരിക്കുകയും, ആ വിവരണവുമായി യോജിക്കുന്ന യാതൊരാളും മരണശാസനകർത്താവിന്റെ മരണസമയത്ത് അസ്തിത്വത്തിലില്ലാതിരിക്കുകയും ചെയ്യുന്നിടത്ത് ഒസ്യത്ത് ശൂന്യമാകുന്നു.

അപവാദം.— ഒരു വിനിർദ്ദിഷ്ടവ്യക്തിയുമായി ഒരു പ്രത്യേക ഡിഗ്രിയിലുള്ള കുലബന്ധത്തിൽ ഉള്ളതായി വിവരിച്ചിട്ടുള്ള ഒരാൾക്ക് വസ്തു ഒസ്യത്തുചെയ്യുകയും, എന്നാൽ അത് അയാൾ കൈവശം വയ്ക്കുന്നതു ഒരു മുൻ ഒസ്യത്തിനാലോ മററുവിധത്തിലോ, മരണശാസനകർത്താവിന്റെ മരണത്തിനു പിന്നീടുള്ള ഒരു സമയംവരെ നീട്ടിവയ്ക്കപ്പെടുകയും, ആ വിവരണവുമായി യോജിക്കുന്ന ഒരാൾ മരണശാസനകർത്താവ് മരിക്കുന്ന സമയത്ത് ജീവിച്ചിരിക്കുകയോ ആ സംഭവത്തിനും ആ പിന്നീടുള്ള സമയത്തിനും ഇടയ്ക്ക് അസ്തിത്വത്തിൽ വരുകയോ ചെയ്യുകയും ചെയ്യുന്നുവെങ്കിൽ, വസ്തു ആ പിന്നീടുള്ള സമയത്ത്, അയാൾക്കോ, അയാൾ മരിച്ചുപോയിട്ടുണ്ടെങ്കിൽ അയാളുടെ പ്രതിനിധികൾക്കോ ചെല്ലുന്നതാകുന്നു.

ദൃഷ്ടാന്തങ്ങൾ

(i) ക, 1000 രൂപ ഖ യുടെ മൂത്തപുത്രന് ഒസ്യത്തുചെയ്യുന്നു. മരണശാസനകർത്താവിന്റെ മരണസമയത്ത് ഖ യ്ക്ക് പുത്രനില്ല. ഒസ്യത്ത് ശൂന്യമാണ്.

(ii) ക, 1000 രൂപ ആജീവനാന്തമായി ഖ യ്ക്കും അയാളുടെ മരണശേഷം ഗ യുടെ മൂത്തപുത്രനും ആയി ഒസ്യത്തുചെയ്യുന്നു. മരണശാസനകർത്താവിന്റെ മരണസമയത്ത് ഗ യ്ക്ക് പുത്രനുണ്ടായിരുന്നില്ല. പിന്നീട് ഖ യുടെ ജീവിതകാലത്ത്, ഗ യ്ക്ക് ഒരു പുത്രൻ ജനിക്കുന്നു. ഖ മരിക്കുന്നതോടെ ഒസ്യത്തുമുതൽ ഗ യുടെ പുത്രന് ചെല്ലുന്നതാണ്.

(iii) ക, 1000 രൂപ ആജീവനാന്തമായി ഖ യ്ക്കും, അയാളുടെ മരണശേഷം ഗ യുടെ മൂത്തപുത്രനും ആയി ഒസ്യത്തുചെയ്യുന്നു. മരണശാസനകർത്താവിന്റെ മരണസമയത്ത് ഗ യ്ക്കു പുത്രനുണ്ടായിരുന്നില്ല. പിന്നീട് ഖ യുടെ ജീവിതകാലത്ത്, ഗ യ്ക്ക് ഘ എന്ന പേരായ ഒരു പുത്രൻ ജനിക്കുന്നു ഘ മരിക്കുന്നു. പിന്നീട് ഖ മരിക്കുന്നു. ഒസ്യത്തുമുതൽ ഘ യുടെ പ്രതിനിധികൾക്ക് ചെല്ലുന്നതാണ്.

(iv) ക തന്റെ ഗ്രീൻ ഏക്കർ എസ്റ്റേററ് ആജീവനാന്തമായി ഖ യ്ക്കും, അയാൾ മരിക്കുന്നതോടെ ഗ യുടെ മൂത്തപുത്രനുമായി ഒസ്യത്തു ചെയ്യുന്നു. ഖ മരിക്കുന്നതുവരെ ഗ യ്ക്കു പുത്രനുണ്ടായിട്ടില്ല. ഗ യുടെ മൂത്തപുത്രനുള്ള ഒസ്യത്ത് ശൂന്യമാണ്.

(v) ക 1000 രൂപ ഗ യുടെ മൂത്ത പുത്രന് ഖ യുടെ മരണശേഷം കൊടുക്കാനായി ഒസ്യത്തു ചെയ്യുന്നു. മരണശാസന കർത്താവ് മരിക്കുമ്പോൾ ഗ യ്ക്ക് പുത്രനില്ല. എന്നാൽ അയാൾക്ക് പിന്നീട് ഖ യുടെ ജീവിതകാലത്ത് ഒരു പുത്രൻ ജനിക്കുകയും ഖ മരിക്കുമ്പോൾ ജീവിച്ചിരിക്കുകയും ചെയ്യുന്നു. ഗ യുടെ പുത്രന് ആ 1000 രൂപയ്ക്ക് അവകാശമുണ്ട്.

113. മരണശാസന കർത്താവിന്റെ മരണസമയത്ത് അസ്തിത്വം ഇല്ലാതിരുന്ന ആൾക്ക് മുൻ ഒസ്യത്തിന് വിധേയമായുള്ള ഒസ്യത്ത്.— മരണശാസന കർത്താവിന്റെ മരണസമയത്ത് അസ്തിത്വം ഇല്ലാതിരുന്ന ഒരാൾക്ക് മരണശാസനത്തിൽ അടങ്ങിയ ഒരു മുൻ ഒസ്യത്തിന് വിധേയമായി ഒരു ഒസ്യത്ത് ചെയ്യുന്നിടത്ത് പിന്നീടുള്ള ഒസ്യത്ത്, ഒസ്യത്ത് ചെയ്യപ്പെട്ടതിൽ മരണശാസന കർത്താവിന് അവശേഷിക്കുന്ന മുഴുവൻ അവകാശവും അടങ്ങിയതാകാത്ത പക്ഷം, ശൂന്യമായിരിക്കുന്നതാണ്.

ദൃഷ്ടാന്തങ്ങൾ

(i) ആജീവനാന്തമായി ക യ്ക്കും, അയാളുടെ മരണശേഷം, ആജീവനാന്തമായി അയാളുടെ മൂത്തപുത്രനും, ഒടുവിൽ പറഞ്ഞ ആളുടെ മരണശേഷം അയാളുടെ മൂത്തപുത്രനും, ആയി വസ്തു ഒസ്യത്തു ചെയ്യുന്നു. മരണശാസന കർത്താവിന്റെമരണസമയത്ത്, ക യ്ക്കു പുത്രനില്ല ഇവിടെ ക യുടെ മൂത്ത പുത്രനുള്ളഒസ്യത്ത്, മരണശാസന കാർത്താവിന്റെമരണസമയത്ത് അസ്തിത്വമില്ലാതിരുന്ന ഒരാൾക്കുള്ള ഒസ്യത്താണ്. അത് മരണശാസന കർത്താവിന് അവശേഷിക്കുന്ന മുഴുവൻ അവകാശത്തിന്റെയും ഒസ്യത്തല്ല. ആജീവനാന്തമായി കയുടെ മൂത്ത പുത്രനുള്ള ഒസ്യത്ത് ശൂന്യമാണ്.

(ii) ഒരു ഫണ്ട് ആജീവനാന്തമായി ക യ്ക്കും, അയാളുടെ മരണശേഷം അയാളുടെ പുത്രിമാർക്കുമായി ഒസ്യത്തു ചെയ്യുന്നു. ക മരണശാസന കർത്താവിനെ അതിജീവിക്കുന്നു. ക യ്ക്കു പുത്രിമാർ ഉണ്ട്. അവരിൽ

ചിലർക്ക് മരണശാസന കർത്താവിൻെറ മരണസമയത്ത് അസ്തിത്വമുണ്ടായി രുന്നില്ല. ക യുടെ പുത്രിമാർക്കുള്ള ഒസ്യത്ത് ഒസ്യത്തു ചെയ്യപ്പെട്ടതിൽ മരണ ശാസന കർത്താവിന് അവശേഷിക്കുന്ന മുഴുവൻ അവകാശവും അടങ്ങിയ താണ്. ക യുടെ പുത്രിമാർക്കുള്ള ഒസ്യത്ത് സാധുവാണ്.

(iii) ഒരു ഫണ്ട്, ആജീവനാന്തമായി ക യ്ക്കും, അയാളുടെ മരണശേഷം അയാളുടെ പുത്രിമാർക്കുമായും, അവരിൽ ആരെങ്കിലും പതിനെട്ടു വയ സ്സിൽ താഴെയായിരിക്കുമ്പോരം വിവാഹം കഴിക്കുന്നുവെങ്കിൽ അവളുടെ ഓഹരി ആജീവനാന്തമായി അവളുടെ വകയായും അവളുടെമരണശേഷം അവളുടെ കുട്ടികരംക്കിടയിൽ വിഭജിക്കുന്നതായിരിക്കത്തക്കവണ്ണം ധനനിശ്ചയം ചെയ്തു വയ്ക്കേണ്ടതാണെന്ന നിദേശത്തോടുകൂടിയും ഒസ്യത്ത് ചെയ്യുന്നു. ക യ്ക്ക്, മരണശാസന കർത്താവിൻെറ മരണസമയത്ത് പുത്രിമാർ ആരുമില്ല എന്നാൽ അയാരംക്ക് പിന്നീട് ജനിച്ചവരും , തന്നെ അതിജീവിക്കുന്നവരുമായ പുത്രി മാർ ഉണ്ട്. ഇവിടെ ധനനിശ്ചയത്തിനുള്ള നിദേശത്തിന് പതിനെട്ടു വയ സ്സിൽ താഴെയായിരിക്കുമ്പോരം വിവാഹം കഴിക്കുന്ന ഓരോ പുത്രിയുടേയും സംഗതിയിൽ, പരിപൂർണ്ണാവകാശം നല്കിക്കൊണ്ടുള്ള ഒരു ഒസ്യത്തിന്, പകര മായി അവരംക്ക് ആജീവനാന്തമായി മാത്രമുള്ള ഒരു ഒസ്യത്ത്, അതായത് മരണ ശാസനകർത്താവിൻെറ മരണ സമയത്ത് അസ്തിത്വം ഇല്ലാതിരുന്ന ഒരാരംക്ക് ഒസ്യത്ത് ചെയ്യപ്പെട്ടതിൽ മരണശാസന കർത്താവിന് അവശേഷിക്കുന്ന മുഴു വൻ അവകാശത്തിലും കുറവായ ഒന്നിൻെറ ഒരു ഒസ്യത്ത് ചെയ്യുന്നതുപോലെ യുള്ള പ്രഭാവം ഉണ്ട്. ഫണ്ട് ധനനിശ്ചയം ചെയ്തുവയ്ക്കാനുള്ള നിദേശം ശൂന്യമാണ്,

(iv) ക ഒരു തുക ആജീവനാന്തമായി ഖ യ്ക്ക് ഒസ്യത്തു ചെയ്യുകയും, ഖ മരിക്കുന്നതിൻമേൽ അയാളുടെ പുത്രിമാർക്കായി, ഓരോ പുത്രിയുടേയും ഓഹരി ആജീവനാന്തമായി അവളുടെ വകയായും, അവളുടെ മരണശേഷം അവ ളുടെ കുട്ടികരംക്കിടയിൽ വിഭജിക്കാവുന്നതായും ഇരിക്കത്തക്കവണ്ണം ധനനി ശ്ചയം ചെയ്തുവയ്ക്കേണ്ടതാണെന്നു നിദേശിക്കുകയും ചെയ്യുന്നു. ഖ യ്ക്ക് മരണശാസന കർത്താവിൻെറ മരണസമയത്ത് പുത്രിമാരാരും ജീവി ച്ചിരിപ്പില്ല. ഈ സംഗതിയിൽ ഖ യുടെ പുത്രിമാർക്കുള്ള ഏക ഒസ്യത്ത് ഫണ്ട് ധനനിശ്ചയം ചെയ്തുവയ്ക്കാനുള്ള നിദേശത്തിൽ അടങ്ങിയതായി രിക്കുകയും, ഈ നിദേശം ജനിച്ചു കഴിഞ്ഞിട്ടില്ലാത്ത ആളുകരംക്ക് ഫണ്ടിൽ ഒരു ആജീവനാവകാശത്തിൻെറ അതായത്, ഒസ്യത്തു ചെയ്യപ്പെട്ടതിൽ മരണശാ സനകർത്താവിന് അവശേഷിക്കുന്ന മുഴുവൻ അവകാശത്തിലും കുറവായ ഒന്നിൻെറ, ഒസ്യത്താവുകയും ചെയ്യുന്നു. ഖ യുടെ പുത്രിമാർക്കായി ഫണ്ടു ധനനിശ്ചയം ചെയ്തു വയ്ക്കാനുള്ള നിദേശം ശൂന്യമാണ്.

114. <u>ശാശ്വതതയ്ക്ക് എതിരായ ചട്ടം.</u>— ഒസ്യത്തു ചെയ്യപ്പെട്ടത് നിക്ഷിപ്തമാകുന്നത്, മരണശാസന കർത്താവ് മരിക്കുമ്പോരം ജീവിച്ചി രിപ്പുള്ള ഒന്നോ അതിലധികമോ ആളുകളുടെ ജീവിതകാലത്തിനും, ആ കാലം അവസാനിക്കുമ്പോരം അസ്തിത്വത്തിലുണ്ടായിരിക്കേണ്ടതും,പ്രായപൂർത്തിയാ കുന്നുവെങ്കിൽ ഒസ്യത്തു ചെയ്യപ്പെട്ടതിന് ഉടമയാകേണ്ടതുമായ ഏതെങ്കിലും ആളുടെ മൈനാറിററിയ്ക്കും അപ്പുറം നീണ്ടുപോയേക്കാവുന്ന യാതൊരു ഒസ്യത്തും സാധുവായിരിക്കുന്നതല്ല.

### ദൃഷ്ടാന്തങ്ങരം

(i) ആജീവനാന്തമായി ക യ്ക്കും, അയാളുടെ മരണശേഷം ആജീവനാന്ത മായി ഖ യ്ക്കും ഖ യുടെ മരണശേഷം, ഖ യുടെ പുത്രൻമാരിൽ ആദ്യം 25 വയസ്സാകുന്നവനും ആയി ഒരു ഫണ്ട് ഒസ്യത്തു ചെയ്യുന്നു. ക യും ഖ യും മരണശാസന കർത്താവിനെ അതിജീവിക്കുന്നു. ഇവിടെ ഖ യുടെ, ആദ്യം 25

വയസ്സ് ആകേണ്ട പുത്രൻ മരണശാസനകർത്താവിന്റെ മരണശേഷം ജനിച്ച പുത്രനാകാവുന്നതാണ്; അങ്ങനെയുള്ള പുത്രന് ക, ഖ എന്നിവരിൽ കൂടുതൽ കാലം ജീവിച്ചിരിക്കുന്ന ആൾ മരിച്ചു 18 വർഷത്തിലധികം കഴിയുന്നതുവരെയും 25 വയസ്സായേക്കുകയില്ല; ഫണ്ട് നിക്ഷിപ്തമാകുന്നത് ഇപ്രകാരം ക യുടേയും ഖ യുടേയും ജീവിതകാലത്തിനും ഖ യുടെ പുത്രന്റെ മൈനാറിററിയ്ക്കും അപ്പുറം നീണ്ടുപോയേക്കാവുന്നതും ആണ്. ഖ യുടെ മരണത്തിനു ശേഷമുള്ള കാലത്തേക്കുള്ള ഒസ്യത്ത് ശൂന്യമാണ്.

(ii) ആജീവനന്തമായി ക യ്ക്കും അയാളുടെ മരണശേഷം ആജീവനാന്തമായി ഖ യ്ക്കും ഖ യുടെ മരണശേഷം ഖ യുടെ പുത്രൻമാരിൽ ആദ്യം 25 വയസ്സ്ആകുന്നവനും ആയിഒരു ഫണ്ട്ഒസ്യത്തുചെയ്യുന്നു. ഖ ഒന്നോ അതിലധികമോ പുത്രൻമാർ ജീവിച്ചിരിക്കെ, മരണശാസന കർത്താവിന്റെ ജീവിതകാലത്ത് മരിക്കുന്നു. ഈ സംഗതിയിൽ ഖ യുടെ പുത്രൻമാർ മരണശാസന കർത്താവിന്റെ മരണ സമയത്ത് ജീവിച്ചിരിക്കുന്ന ആളുകളാണ്; അവരിൽ ഒരാൾക്ക് 25 വയസ്സാകുന്ന സമയം അവശ്യമായും അയാളുടെ ജീവിതകാലത്തിനുള്ളിൽപ്പെടുന്നതും ആണ്. ഒസ്യത്ത് സാധുവാണ്.

(iii) ഒരു ഫണ്ട്, ആജീവനാന്തമായി ക യ്ക്കും അയാളുടെ മരണശേഷം ആജീവനാന്തമായി ഖ യ്ക്കും ആയും, ഖ യുടെ മരണശേഷം അത് ഖ യുടെ കുട്ടികളിൽ ആദ്യം 18 വയസ്സാകുന്നവർക്കിടയിൽ വിഭജിക്കേണ്ടതാണെന്നും, എന്നാൽ ഖ യുടെ ഒരു കുട്ടിയ്ക്കും ആ വയസ്സ് ആകുന്നില്ലെങ്കിൽ, അത് ഗ യ്ക്കു ചെല്ലുന്നതാണെന്നും ഉള്ള ഒരു നിദേശത്തോടുകൂടിയും ഒസ്യത്തു ചെയ്യുന്നു. ഇവിടെ, ഫണ്ടിന്റെ വിഭജനത്തിനുള്ള സമയം വരുന്നത്, ഏററവും വൈകിയാൽ, മരണശാസന കർത്താവ് മരിക്കുമ്പോൾ ജീവിച്ചിരിപ്പുള്ള ഖ മരിച്ച് 18 വർഷം അവസാനിക്കുമ്പോഴാണ്. ഒസ്യത്തുകളെല്ലാം സാധുവാണ്.

(iv) ഒരു ഫണ്ട്, മരണശാസന കർത്താവിന്റെ പുത്രിമാരുടെ ഗുണത്തിനായും, അവരിൽ ആരെങ്കിലും പ്രായപൂർത്തിക്ക് മുൻപ് വിവാഹം കഴിക്കുന്നുവെങ്കിൽ ഫണ്ടിലെ അവളുടെ ഓഹരി അവളുടെ കുട്ടികളിൽ അവളുടെ മരണശേഷം പതിനെട്ടുവയസ്സ് ആകുന്നവർക്ക് സംക്രമിക്കത്തക്കവണ്ണം ധനനിശ്ചയം ചെയ്തു വയ്ക്കണമെന്ന നിദേശത്തോടുകൂടിയും ട്രസ്ററികൾക്ക് ഒസ്യത്ത് ചെയ്യുന്നു. മരണശാസന കർത്താവിന്റെ നിദേശം ബാധകമാകുന്ന ഏത് പുത്രിക്കും അയാൾ മരിക്കുമ്പോൾ അസ്തിത്വം ഉണ്ടായിരിക്കണം; നിദേശിക്കപ്പെടുന്ന പ്രകാരം ഒടുവിൽ ഫണ്ടിന്റെ ധനനിശ്ചയം ചെയ്തുവയ്ക്കപ്പെടാവുന്ന ഏതെങ്കിലും ഭാഗം, അത് ഏതെല്ലാം പുത്രിമാരുടെ ഓഹരിയായിരുന്നുവോ, ആ പുത്രിമാർ മരിച്ച് പതിനെട്ടുവർഷത്തിലും വൈകാതെ നിക്ഷിപ്തമാവുകയും ചെയ്യണം. ഈ വ്യവസ്ഥകൾ എല്ലാം സാധുവാണ്.

125. <u>113-ം 114-ം വകുപ്പുകളിലെ ചട്ടങ്ങളിൻ കീഴിൽ വരാവുന്ന ചിലർ ഉൾപ്പെടുന്ന ഒരു വർഗ്ഗത്തിനുള്ള ഒസ്യത്ത്.</u>— ആളുകളുടെ ഒരു വർഗ്ഗത്തിന് ഒരു ഒസ്യത്തു ചെയ്യുകയും, അവരിൽ ചിലരെ സംബന്ധിച്ച്, അത് 113-ാം വകുപ്പിലെയോ 114-ാം വകുപ്പിലേയോ, വ്യവസ്ഥകൾ കാരണമായി പ്രവർത്തന ശൂന്യമായിരിക്കുകയും ചെയ്യുന്നെങ്കിൽ, അങ്ങനെയുള്ള ഒസ്യത്ത് ആ ആളുകളെ സംബന്ധിച്ച് മാത്രം ശൂന്യമായിരിക്കുന്നതും, മുഴുവൻ വർഗ്ഗത്തേയും സംബന്ധിച്ച് ശൂന്യമായിരിക്കുന്നതല്ലാത്തതും ആകുന്നു,

## ദൃഷ്ടാന്തങ്ങൾ

(i) ആജീവനാന്തമായി ക യ്ക്കും, അയാളുടെ മരണശേഷം, അയാളുടെ 25 വയസ്സാകുന്ന എല്ലാ കുട്ടികൾക്കുമായി ഒരു ഫണ്ടു ഒസ്യത്തു ചെയ്യുന്നു. ക, മരണശാസന കർത്താവിനെ അതിജീവിക്കുകയും അയാൾക്ക് മരണശാസന കർത്താവിന്റെ മരണ സമയത്ത് ജീവിച്ചിരിപ്പുള്ള ചില കുട്ടികൾ ഉണ്ടായിരിക്കുകയും ചെയ്യുന്നു. ക യുടെ മരണശാസന കർത്താവ് മരിക്കുമ്പോൾ ജീവിച്ചിരിപ്പുള്ള ഓരോ കുട്ടിയ്ക്കും 25 വയസ്സ് (എപ്പോഴെങ്കിലും ആകുന്നുവെങ്കിൽ ) ഒസ്യത്തിന് അനുവദനീയമായ പരിധിക്കുള്ളിൽ ആകണം. എന്നാൽ ക യ്ക്ക് മരണശാസന കർത്താവിന്റെ മരണശേഷം കുട്ടികൾ ഉണ്ടാകാവുന്നതും അവരിൽ ചിലർക്ക് ക മരിച്ച് 18-ൽ അധികം വർഷം കഴിയുന്നതുവരെ 25 വയസ്സ് ആകാതിരിക്കാവുന്നതും ആണ്. അതുകൊണ്ട് ക യുടെ കുട്ടികൾക്കുള്ള ഒസ്യത്ത്, മരണശാസനകർത്താവിന്റെ മരണത്തിനുശേഷം ജനിക്കുന്ന ഏതെങ്കിലും കുട്ടിയെ സംബന്ധിച്ചും, ക മരിച്ച് 18 വർഷത്തിനുള്ളിൽ 25 വയസ്സാകാത്തവരെ സംബന്ധിച്ചും പ്രവർത്തനശൂന്യമായിരിക്കുന്നതും, എന്നാൽ ക യുടെ മററു കുട്ടികളെ സംബന്ധിച്ച് പ്രാവർത്തികമായിരിക്കുന്നതും ആണ്.

(ii) ആജീവനാന്തമായി ക യ്ക്കും, അയാളുടെ മരണശേഷം ഖയ്ക്കും ഗ യ്ക്കും, ഘയ്ക്കും, ക യുടെ ഇരുപത്തഞ്ചു വയസ്സാകുന്ന മറെറല്ലാ കുട്ടികൾക്കുമായി ഒരു ഫണ്ട് ഒസ്യത്ത് ചെയ്യുന്നു. ഖ യും ഗ യും ഘ യും ക യുടെ, മരണശാസന കർത്താവ് മരിക്കുമ്പോൾ ജീവിച്ചിരുപ്പുള്ള കുട്ടികളാണ്. മറെറല്ലാ വിധത്തിലും ഈ സംഗതി ദൃഷ്ടാന്തം (i)-ൽ സങ്കല്പിച്ചത് തന്നെയാണ്. ഖ യേയും ഗ യേയും ഘ യേയും പേർ എടുത്തു പറഞ്ഞത് ഒസ്യത്ത് ഒരു വർഗ്ഗത്തിനുള്ള ഒസ്യത്തായി കരുതുന്നതിനെ തടയുന്നില്ലെങ്കിലും, അതു മുഴുവനും ശൂന്യമായിരിക്കുന്നതല്ല. അത് ഖ ഗ അല്ലെങ്കിൽ ഘ എന്നീ കുട്ടികൾക്കിടയിൽ ക മരിച്ചു പതിനെട്ടു വർഷത്തിനുള്ളിൽ ഇരുപത്തഞ്ചു വയസ്സാകുന്ന ആരേയും സംബന്ധിച്ചും പ്രാവർത്തികമായിരിക്കുന്നതാണ്.

116. <u>മുൻ ഒസ്യത്ത് നിഷ്ഫലമാകുമ്പോൾ ഫലത്തിൽ വരേണ്ടഒസ്യത്ത്.</u>— 113-ം, 114-ം വകുപ്പുകളിൽ അടങ്ങിയവയിൽ ഏതെങ്കിലും ചട്ടം കാരണമായി ഒരാളുടേയോ ആളുകളുടെ വർഗ്ഗത്തിൻേറയോ പേർക്കുള്ള ഏതെങ്കിലും ഒസ്യത്ത്, അങ്ങനെയുള്ള ആളേയോ അങ്ങനെയുള്ള വർഗ്ഗത്തെ മുഴുവനുമോ സംബന്ധിച്ച് ശൂന്യമായിരിക്കുന്നിടത്ത്, അതേ മരണ ശാസനത്തിൽ അടങ്ങിയതും അങ്ങനെയുള്ള മുൻഒസ്യത്തിനുശേഷമോ അതു നിഷ്ഫലമാകുന്നതിൻമേലോ അതു ഫലത്തിൽ വരാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതും ആയ ഏതെങ്കിലും ഒസ്യത്ത് ശൂന്യമായിരിക്കുന്നതാണ്.

## ദൃഷ്ടാന്തങ്ങൾ

(i) ആജീവനാന്തമായി ക യ്ക്കും അയാളുടെ മരണശേഷം ആജീവനാന്തമായി അയാളുടെ പുത്രൻമാരിൽ ആദ്യം 25 വയസാകുന്നവനും അങ്ങനെയുള്ള പുത്രന്റെ മരണശേഷം ഖ യ്ക്കും ആയി ഒരു ഫണ്ട് ഒസ്യത്തുചെയ്യുന്നു, ക യും ഖ യും മരണശാസന കർത്താവിനെ അതിജീവിക്കുന്നു. ഖ യ്ക്കുള്ള ഒസ്യത്ത് ക യുടെ പുത്രൻമാരിൽ ആദ്യം 25 വയസാകുന്നവനുള്ളതും, 114-ാം വകുപ്പിൻകീഴിൽ ശൂന്യമായ ഒസ്യത്തിനുശേഷം ഫലത്തിൽ വരാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതുമാണ്. ഖ യ്ക്കുള്ള ഒസ്യത്ത് ശൂന്യമാണ്.

(ii) ആജീവനാന്തമായി ക യ്ക്കും, അയാളുടെ മരണശേഷം അയാളുടെ പുത്രൻമാരിൽ ആദ്യം 25 വയസാകുന്നവനും, ക യുടെ യാതൊരു പുത്രനും ആ വയസ്സാകുന്നില്ലെങ്കിൽ, ഖ യ്ക്കും ആയി ഒരു ഫണ്ട് ഒസ്യത്ത് ചെയ്യുന്നു. ക യും ഖ യും മരണശാസന കർത്താവിനെ അതിജീവിക്കുന്നു. ക യ്ക്കുള്ള ഒസ്യത്ത് ക യുടെ പുത്രൻമാരിൽ ആദ്യം 25 വയസാകുന്നവനുള്ളതും 114-ാം വകുപ്പിൻകീഴിൽ ശൂന്യമായതുമായ ഒസ്യത്ത് നിഷ്ഫലമാകുന്നതിൻമേൽ ഫലത്തിൽ വരാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ്. ഖ യ്ക്കുള്ള ഒസ്യത്ത് ശൂന്യമാണ്.

117. ഈട്ടം കൂട്ടാനുള്ള നിദേശത്തിന്റെ പ്രഭാവം.—(1) ഒരു മരണശാസനത്തിലെ നിബന്ധനകൾ ഏതെങ്കിലും വസ്തുവിൽനിന്ന് ഉദ്ഭവിക്കുന്ന ആദായം മുഴുവനായോ ഭാഗികമായോ മരണശാസനകർത്താവിന്റെ മരണം മുതൽ പതിനെട്ടു വർഷക്കാലത്തേക്കാൾ നീണ്ട ഏതെങ്കിലും കാലം ഈട്ടം കൂട്ടേണ്ടതാണെന്ന് നിദേശിക്കുന്നിടത്ത്, അങ്ങനെയുള്ള നിദേശം, ഇതിൽ ഇതിനുശേഷം വ്യവസ്ഥ ചെയ്തിട്ടുള്ള വിധത്തിലൊഴികെ, ഈട്ടം കൂട്ടുന്നതിന് നിദേശിച്ചിട്ടുള്ള കാലം മുൻപറഞ്ഞ കാലത്തേക്കാൾ അധികമായിടത്തോളം ശൂന്യമായിരിക്കുന്നതും, അങ്ങനെയുള്ള പതിനെട്ടുവർഷക്കാലത്തിന്റെ അവസാനം, ഈട്ടം കൂട്ടുന്നതിന് നിദേശിച്ചിട്ടുള്ള കാലം കഴിഞ്ഞിരിക്കുന്നുവെന്നപോലെ ആ വസ്തവും അതിൽനിന്നുള്ള ആദായവും വ്യയനം ചെയ്യപ്പെടേണ്ടതുമാകുന്നു.

(2) ഈ വകുപ്പ്.—

(i) മരണശാസന കർത്താവിന്റേയോ മരണശാസനത്തിൻ കീഴിൽ ഏതെങ്കിലും അവകാശം ലഭിക്കുന്ന മററതെങ്കിലും ആളുടേയോ കടങ്ങൾ തീർക്കുന്നതിനോ ; അല്ലെങ്കിൽ

(ii) മരണശാസന കർത്താവിന്റേയോ മരണശാസനത്തിൻ കീഴിൽ ഏതെങ്കിലും അവകാശം ലഭിക്കുന്ന മററതെങ്കിലും ആളുടേയോ കുട്ടികൾക്കോ അതിലും അകന്ന സന്താനങ്ങൾക്കോ ഓഹരിക്ക് വ്യവസ്ഥ ചെയ്യുന്നതിനോ;

'അല്ലെങ്കിൽ'

(iii) ഒസ്യത്ത് ചെയ്യുന്ന ഏതെങ്കിലും വസ്തു നിലനിറത്തുകയോ സംരക്ഷിക്കുകയോ ചെയ്യുന്നതിനോ,

വേണ്ടി ഈട്ടം കൂട്ടാനുള്ള ഏതെങ്കിലും നിദേശത്തെ ബാധിക്കുന്നതല്ലാത്തതും, അതിനാൽ അങ്ങനെയുള്ള നിദേശം നല്കാവുന്നതും ആണ്.

118. മതപരമോ ധർമ്മപരമോ ആയ ഉപയോഗങ്ങൾക്കുള്ള ഒസ്യത്ത്.—മരുമകനോ മരുമകളോ കൂടുതൽ അടുത്ത ചാർച്ചക്കാരനോ ഉള്ള യാതൊരാൾക്കും തന്റെ മരണത്തിന് പന്ത്രണ്ട് മാസത്തിലും കുറയാത്ത കാലത്തിനുമുമ്പ് ഒപ്പിട്ടു പൂർത്തീകരിക്കുന്നതും, അങ്ങനെ ഒപ്പിട്ടു പൂർത്തീകരിക്കുന്നതിന്റെ ആറു മാസത്തിനുള്ളിൽ ജീവിച്ചിരിപ്പുള്ള ആളുകളുടെ മരണശാസനങ്ങളുടെ ഭദ്രമായ കസ്ററഡിയ്ക്ക് നിയമം വ്യവസ്ഥ ചെയ്യുന്ന വല്ല സ്ഥലത്തും ഡെപ്പോസിററ് ചെയ്യുന്നതുമായ മരണശാസനത്താൽ ഒഴികെ, ഏതെങ്കിലും വസ്തു മതപരമോ ധർമ്മപരമോ ആയ ഉപയോഗങ്ങൾക്കുള്ള ഒസ്യത്ത് ചെയ്യാൻ അധികാരമുണ്ടായിരിക്കുന്നതല്ല.

ദൃഷ്ടാന്തങ്ങൾ

ഒരു മരുമകനുള്ള ക, വേണ്ടതുപോലെ ഒപ്പിട്ടു പൂർത്തീകരിക്കുകയും ഡെപ്പോസിററ് ചെയ്യുകയും ചെയ്യാത്ത ഒരു മരണശാസനംവഴി താഴെ പറയുന്ന ഒസ്യത്ത് ചെയ്യുന്നു,—

ദരിദ്രജനങ്ങളുടെ ആശ്വാസത്തിനുവേണ്ടി ;
രോഗികളായ പട്ടാളക്കാരുടെ സംരക്ഷണത്തിനുവേണ്ടി ;
ആശുപത്രി സ്ഥാപിക്കുന്നതിനോ നിലനിറുത്തുന്നതിനോവേണ്ടി ;
അനാഥ കുട്ടികളുടെ വിദ്യാഭ്യാസത്തിനോ ഉന്നമനത്തിനോവേണ്ടി ;
പണ്ഡിതൻമാർക്ക് സഹായത്തിനുവേണ്ടി ;
സ്കൂൾ സ്ഥാപിക്കുന്നതിനോ നിലനിറുത്തുന്നതിനോവേണ്ടി ;
പാലം പണിയുന്നതിനും കേടുപാടുകൾ തീർക്കുന്നതിനുംവേണ്ടി ;
റോഡുകൾ ഉണ്ടാക്കുന്നതിനുവേണ്ടി ;
പള്ളി സ്ഥാപിക്കുന്നതിനോ നിലനിർത്തുന്നതിനോ വേണ്ടി ;
പള്ളിയുടെ കേടുപാടുകൾ തീർക്കുന്നതിനുവേണ്ടി;
മതപുരോഹിതൻമാരുടെ ഗുണത്തിനുവേണ്ടി;
പൊതുഉദ്യാനം ഉണ്ടാക്കുന്നതിനോ നിലനിർത്തുന്നതിനോ വേണ്ടി ;
ഈ ഒസ്യത്തുകൾ എല്ലാം ശൂന്യമാണ്.

## അദ്ധ്യായം VIII

## ഒസ്യത്തുമുതലുകൾ നിക്ഷിപ്തമാകുന്നതിനെക്കുറിച്ച്

119. പണം കൊടുക്കുന്നതോ കൈവശം കിട്ടുന്നതോ നീട്ടിവയ്ക്കുമ്പോൾ ഒസ്യത്തു മുതൽ നിക്ഷിപ്തമാകുന്ന തീയതി.—ഒസ്യത്ത് നിബന്ധനകൾ പ്രകാരം ഒസ്യത്ത് ചെയ്യപ്പെട്ടതിന്റെ ഉടൻ കൈവശത്തിന് ഒസ്യത്തവകാശിക്ക് അവകാശമില്ലെങ്കിൽ, അതു ശരിയായ സമയത്ത് കിട്ടാനുള്ള ഒരു അവകാശം ഒസ്യത്തവകാശിയിൽ മരണശാസന പ്രകാരം വിപരീതമായ ഉദ്ദേശ്യം കാണാത്തപക്ഷം, മരണശാസന കർത്താവിന്റെ മരണത്തോടെ നിക്ഷിപ്തമായിത്തീരുന്നതും, ഒസ്യത്തവകാശി ആ സമയത്തിനുമുമ്പായി ഒസ്യത്തുമുതൽ കിട്ടാതേയും മരിക്കുന്നുവെങ്കിൽ അയാളുടെ പ്രതിനിധികൾക്കും സംക്രമിക്കുന്നതും, അങ്ങനെയുള്ള സംഗതികളിൽ ഒസ്യത്തുമുതൽ മരണശാസന കർത്താവിന്റെ മരണം മുതൽ അവകാശപരമായി നിക്ഷിപ്തമായിട്ടുള്ളതായി പറയപ്പെടുന്നതുമാണ്.

വിശദീകരണം.—ഏതെങ്കിലും ആൾക്കുള്ള ഒരു ഒസ്യത്തു മുതൽ അയാളിൽ അവകാശപരമായി നിക്ഷിപ്തമായിത്തീരേണ്ടതല്ലെന്നുള്ള ഒരു ഉദ്ദേശ്യം, ഒസ്യത്ത് ചെയ്തുകൊടുക്കുകയോ കൈവശംകിട്ടുകയോ ചെയ്യുന്നത് നീട്ടിവയ്ക്കുന്നതോ അല്ലെങ്കിൽ മറേറതെങ്കിലും ആൾക്ക് അതിലെ ഒരു മുൻഅവകാശം ഒസ്യത്ത് ചെയ്യുന്നതോ, അല്ലെങ്കിൽ ഒസ്യത്തുകൊടുത്ത ഫണ്ടിൽനിന്ന് ഉദ്ഭവിക്കുന്ന ആദായം, പണം കൊടുക്കാനുള്ള സമയംഎത്തുന്നതുവരെ ഈട്ടം കൂട്ടണമെന്ന് നിദേശിക്കുന്നതോ ആയ ഒരു വ്യവസ്ഥയിൽനിന്നോ, അല്ലെങ്കിൽ ഒരു പ്രത്യേകസംഭവം നടക്കുകയാണെങ്കിൽ ഒസ്യത്തുമുതൽ മറെറാരാൾക്ക് ചെല്ലുമെന്നുള്ള ഒരു വ്യവസ്ഥയിൽനിന്നോ മാത്രം നിഗമനംചെയ്യാവുന്നതല്ല.

### ദൃഷ്ടാന്തങ്ങൾ

(i) ഗ മരിക്കുന്നതോടെ ഖ യ്ക്കു കൊടുക്കാനായി ക ഖ യ്ക്ക് 100 രൂപ ഒസ്യത്തു ചെയ്യുന്നു. ക മരിക്കുന്നതോടെ ഒസ്യത്തുമുതൽ ഖ യിൽ അവകാശപരമായി നിക്ഷിപ്തമായിത്തീരുന്നതും അയാൾ ഗ യുടെ മരണത്തിന് മുമ്പ് മരിക്കുന്നുവെങ്കിൽ അയാളുടെ പ്രതിനിധികൾക്ക് ഒസ്യത്തുമുതലിന് അവകാശമുണ്ടായിരിക്കുന്നതും ആണ്.

(ii) ഖ യ്ക്ക് 18 വയസ്സ് തികയുമ്പോൾ കൊടുക്കാനായി ക ഖ യ്ക്കു 100 രൂപ ഒസ്യത്തുചെയ്യുന്നു. ക മരിക്കുന്നതോടെ ഒസ്യത്ത് മുതൽ ഖ യിൽ അവകാശപരമായി നിക്ഷിപ്തമായിത്തീരുന്നു.

(iii) ഒരു ഫണ്ട് ആജീവനാന്തമായി ക യ്ക്കും, അയാളുടെ മരണ ശേഷം ഖ യ്ക്കും ആയി ഒസ്യത്തു ചെയ്യുന്നു. മരണശാസന കർത്താവ് മരിക്കുന്നതോടെ ക യ്ക്കുള്ള ഒസ്യത്തു മുതൽ ഖ യിൽ അവകാശപരമായി നിക്ഷിപ്തമായിത്തീരുന്നു.

(iv) ഒരു ഫണ്ട് ഖ യ്ക്ക് 18 വയസ്സ്തികയുന്നതുവരെ ക യ്ക്കും, അതിനുശേഷം ഖ യ്ക്കും ആയി ഒസ്യത്തുചെയ്യുന്നു. ഖ യ്ക്കുള്ള ഒസ്യത്തു മുതൽ മരണശാസന കർത്താവിന്റെ മരണം മുതൽ നിക്ഷിപ്തമായി ത്തീരുന്നു.

(v) ക തന്റെ വസ്തുമുഴുവനും ആദായത്തിൽനിന്ന് ചില കടങ്ങൾ വീട്ടുവാനും അതിനുശേഷം ഫണ്ട് ഗ യ്ക്ക് നല്കുവാനുമായി ഖ യ്ക്ക് ട്രസ്ററായി ഒസ്യത്തു ചെയ്യുന്നു. ക മരിക്കുന്നതോടെ ഗ യ്ക്കുള്ള ദാനം അയാളിൽ അവകാശപരമായി നിക്ഷിപ്തമായിത്തീരുന്നു.

(vi) ക, ഖ, ഗ എന്നിവർക്കായി ഒരു ഫണ്ട്, യഥാക്രമം 18 വയസ്സ് തികയുമ്പോൾ അവർക്ക് സമമായ ഓഹരികളായി കൊടുക്കാനായും അവ രെല്ലാവരും 18 വയസ്സിന് താഴെയുള്ള പ്രായത്തിൽ മരിക്കുന്നുവെങ്കിൽ ഒസ്യത്തു മുതൽ ഘ യ്ക്ക് സംക്രമിക്കേണ്ടതാണെന്നുള്ള ഒരു പരിമിതി വ്യവസ്ഥയോടുകൂടിയും ഒസ്യത്ത് ചെയ്യുന്നു. മരണശാസന കർത്താവിന്റെ മരണത്തോടെ ആ ഓഹരികൾ ക, ഖ, ഗ എന്നിവരിൽ, അവരെല്ലാവരും 18 വയസ്സിന് താഴെയുള്ള പ്രായത്തിൽ മരിക്കുകയാണെങ്കിൽ അപഹൃതമാകു മെന്നതിന് വിധേയമായി, അവകാശപരമായി നിക്ഷിപ്തമാകുന്നതും, അവരിൽ (ഒടുവിൽ അതിജീവിക്കുന്ന ആളൊഴികെ) ആരെങ്കിലും 18 വയസ്സിന് താഴെയുള്ള പ്രായത്തിൽ മരിക്കുന്നതോടെ അയാളുടെ അവകാശം അതേ പ്രകാരമുള്ള വിധേയത്വത്തോടെ അയാളുടെ പ്രതിനിധികൾക്ക് സംക്രമിക്കു ന്നതും ആകുന്നു.

120. <u>ഒസ്യത്ത് വിനിർദ്ദിഷ്ടമായ അനിശ്ചിത സംഭവത്തെ സമാശ്ര യിച്ചിരിക്കുമ്പോൾ, നിക്ഷിപ്തമാകുന്ന തീയതി.</u>—(1) വിനിർദ്ദിഷ്ട മായ ഒരു അനിശ്ചിത സംഭവം നടക്കുന്നതായാൽ ഒസ്യത്ത് ചെയ്യുന്ന ഒസ്യത്തു മുതൽ, ആ സംഭവം നടക്കുന്നതുവരെ നിക്ഷിപ്തമാകുന്നില്ല.

(2) വിനിർദ്ദിഷ്ടമായ ഒരു അനിശ്ചിത സംഭവം നടക്കുന്നില്ലെ ങ്കിൽ എടുക്കാനായി ഒസ്യത്തു ചെയ്യുന്ന ഒസ്യത്തു മുതൽ, ആ സംഭവം നടക്കുക എന്നത് അസാദ്ധ്യമായിത്തീരുന്നതുവരെ നിക്ഷിപ്തമാകു ന്നില്ല.

(3) രണ്ടിലേതു സംഗതിയിലും, ഉപാധി നിറവേററപ്പെടുന്നതുവരെ, ഒസ്യത്തവകാശിയുടെ അവകാശം സമാശ്രിതം എന്ന് പറയപ്പെടുന്നു.

<u>അപവാദം</u>.—ഏതെങ്കിലും ആൾക്ക് ഒരു പ്രത്യേക പ്രായം തികയുന്നതോടെ എടുക്കാനായി ഒരു ഫണ്ട് ഒസ്യത്ത് ചെയ്യുകയും, മരണശാസനം അയാൾക്ക് ആ പ്രായം എത്തുന്നതിനുമുമ്പ് ആ ഫണ്ടിൽ നിന്ന് ഉദ്ഭവിക്കുന്ന ആദായം പരിപൂർണ്ണമായും നല്കുകയോ അല്ലെങ്കിൽ ആദായമോ അതിൽ ആവശ്യമാകാവുന്നിടത്തോളമോ അയാളുടെ ഗുണത്തിനുവേണ്ടി ഉപയോഗിക്ക ണമെന്ന് നിദേശിക്കുകയോകൂടി ചെയ്യുകയും ചെയ്യുന്നിടത്ത്, ആ ഫണ്ടിന്റെ ഒസ്യത്ത് സമാശ്രിതമല്ല.

## ദൃഷ്ടാന്തങ്ങൾ

(i) ക, ഖ, ഗ എന്നിവരെല്ലാം 18 വയസ്സിന് താഴെയുള്ള പ്രായത്തിൽ മരിക്കുന്നതായാൽ എടുക്കാനായി ഘ യ്ക്ക് ഒരു ഒസ്യത്തു മുതൽ ഒസ്യത്ത് ചെയ്യുന്നു. ക, ഖ, ഗ എന്നിവരെല്ലാം 18 വയസ്സിന് താഴെയുള്ള പ്രായത്തിൽ മരിക്കുന്നതുവരേയോ അവരിൽ ഒരാൾക്ക് പ്രായം തികയുന്നതുവരേയോ ഘ യ്ക്ക് ഒസ്യത്തു മുതലിൽ സമാശ്രിതാവകാശമുണ്ട്.

(ii) ക യ്ക്ക് "അയാൾക്ക് 18 വയസ്സ് തികയുന്നതായാൽ" അല്ലെങ്കിൽ "അയാൾക്ക് 18 വയസ്സ് തികയുമ്പോൾ" എടുക്കാനായി ഒരു തുക ഒസ്യത്ത് ചെയ്യുന്നു. ആ വയസ്സ് തികയുന്നതുവഴി ആ ഉപാധി നിറവേറുന്നതുവരെ ഒസ്യത്തു മുതലിൽ കയ്ക്കുള്ള അവകാശം സമാശ്രിതമാണ്.

(iii) ഒരു എസ്റേററ് ആജീവനാന്തമായി കയ്ക്കും അയാളുടെ മരണശേഷം അപ്പോൾ ഖ ജീവിച്ചിരിപ്പുണ്ടെങ്കിൽ ഖയ്ക്കും, എന്നാൽ അപ്പോൾ ഖ ജീവിച്ചിരിപ്പില്ലെങ്കിൽ ഗയ്ക്കും ആയി ഒസ്യത്ത് ചെയ്യുന്നു. കയും ഖയും ഗയും മരണശാസനകർത്താവിനെ അതിജീവിക്കുന്നു. ഖ, ഗ എന്നിവരിൽ ഓരോരുത്തനും, അവരിൽ ഒരാളിലോ മറേറ ആളിലോ എസ്റേററ് നിക്ഷിപ്തമാക്കേണ്ട സംഭവം നടക്കുന്നതുവരെ അതിൽ ഒരു സമാശ്രിതാവകാശം എടുക്കുന്നു.

(iv) ഒടുവിൽ സങ്കല്പിക്കപ്പെട്ട സംഗതിയിലെന്നപോലെ ഒരു എസ്റേററ് ഒസ്യത്ത് ചെയ്യപ്പെടുന്നു. ഖ, കയുടേയും ഗ യുടേയും ജീവിതകാലത്ത് മരിക്കുന്നു. ഖ മരിക്കുന്നതോടെ, ഗ, കയുടെ മരണത്തോടെ എസ്റേററ് കൈവശം കിട്ടാനുള്ള ഒരു നിക്ഷിപ്താവകാശം ആർജ്ജിക്കുന്നു.

(v) ക യ്ക്ക് 18 വയസ്സ് തികയുമ്പോഴോ അല്ലെങ്കിൽ അവൾ ഖ യുടെ സമ്മതത്തോടുകൂടി അതിന് താഴെയുള്ള പ്രായത്തിൽ വിവാഹം ചെയ്യുമ്പോഴോ എടുക്കാനായി, അവൾക്ക് 18 വയസ്സ് തികയുകയോ ഖ യുടെ സമ്മതത്തോടുകൂടി അതിലും താഴെയുള്ള പ്രായത്തിൽ വിവാഹം കഴിക്കുകയോ ചെയ്യുന്നില്ലെങ്കിൽ ഒസ്യത്തു മുതൽ ഗ യ്ക്ക് ചെല്ലുമെന്ന ഒരു പരിമിതി വ്യവസ്ഥയോടുകൂടി ക യ്ക്ക് ഒസ്യത്ത് ചെയ്യുന്നു. ക, ഗ എന്നിവരിൽ ഓരോരുത്തരും ഒസ്യത്തു മുതലിൽ ഒരു സമാശ്രിതാവകാശം എടുക്കുന്നു. കയ്ക്ക് 18 വയസ്സ് തികയുന്നു. ക, ഖയുടെ സമ്മതം കൂടാതെ 18-ന് താഴെയുള്ള പ്രായത്തിൽ വിവാഹം ചെയ്തിരിക്കാമെങ്കിലും ക ഒസ്യത്ത് മുതലിന് പൂർണ്ണമായുള്ള അവകാശമുള്ളവളായിത്തീരുന്നു.

(vi) ക വിവാഹം ചെയ്യുന്നതുവരെ അയാൾക്കും, ആ സംഭവത്തിനു ശേഷം ഖ യ്ക്കുമായി ഒരു എസ്റേററ് ഒസ്യത്ത് ചെയ്യുന്നു. ക വിവാഹം കഴിക്കുന്നതുവഴി ആ ഉപാധി നിറവേറുന്നതുവരെ ഖ യ്ക്ക് ഒസ്യത്തിലുള്ള അവകാശം സമാശ്രിതമാണ്.

(vii) നിർദ്ധനരായ കടക്കാരുടെ ആശ്വാസത്തിനുള്ള ഏതെങ്കിലും നിയമം പ്രയോജനപ്പെടുത്തുന്നതുവരെ കയ്ക്കും, ആ സംഭവത്തിനുശേഷം ഖ യ്ക്കുമായി ഒരു എസ്റേററ് ഒസ്യത്തു ചെയ്യുന്നു. ക അങ്ങനെയുള്ള ഒരു നിയമം പ്രയോജനപ്പെടുത്തുന്നതുവരെ ഖ യ്ക്ക് ഒസ്യത്തിലുള്ള അവകാശം സമാശ്രിതമാണ്.

(viii) ഖ യ്ക്ക് 500 രൂപ ക കൊടുക്കുമെങ്കിൽ എടുക്കാനായി കയ്ക്ക് ഒരു എസ്റേററ് ഒസ്യത്ത് ചെയ്യുന്നു. ക ഖ യ്ക്ക് 500 രൂപ കൊടുക്കുന്നതുവരെ കയ്ക്ക് ഒസ്യത്തിലുള്ള അവകാശം സമാശ്രിതമാണ്.

(ix) ക അയാളുടെ സ്വന്തം കൃഷിസ്ഥലമായ സുൽത്താൻപൂർ ബ്രൂസൂർഗ് ഖയ്ക്ക് കൈമാററം കൊടുക്കുന്നുവെങ്കിൽ, ഖയ്ക്കായി ക തന്റെ സുൽത്താൻപൂർ ഘ്ലൂർദ് എന്ന കൃഷിസ്ഥലം ഒസ്യത്ത് ചെയ്യുന്നു. ക ആദ്യം പറഞ്ഞ കൃഷിസ്ഥലം ഖയ്ക്ക് കൈമാററം കൊടുക്കുന്നതു വരെ ഒസ്യത്തിൽ ഖയ്ക്കുള്ള അവകാശം സമാശ്രിതമാണ്.

(x) ഒരു ഫണ്ട് മരണശാസനകർത്താവിന്റെ മരണത്തിനുശേഷം അഞ്ചു വർഷത്തിനുള്ളിൽ ഖ ഗയെ വിവാഹം കഴിക്കുന്നില്ലെങ്കിൽ എടുക്കാനായി കയ്ക്ക് ഒസ്യത്തു ചെയ്യുന്നു. ഖ, ഗയെ വിവാഹം കഴിക്കാതെ ആ അഞ്ചു വർഷം കഴിയുന്നതിനാലോ അല്ലെങ്കിൽ ആ ഉപാധി നിറവേറുന്നത് അസാദ്ധ്യമാക്കിത്തീർക്കുന്ന ഒരു സംഭവം ആ കാലാവധിയ്ക്കുള്ളിൽ നടക്കുന്നതിനാലോ ആ ഉപാധി നിറവേറുന്നതുവരെ ഒസ്യത്തു മുതലിൽ കയ്ക്കുള്ള അവകാശം സമാശ്രിതമാണ്.

(xi) മരണശാസനം വഴി ഖ കയ്ക്ക് ഒന്നും നല്കുന്നില്ലെങ്കിൽ എടുക്കാനായി കയ്ക്ക് ഒരു ഫണ്ട് ഒസ്യത്ത് ചെയ്യപ്പെടുന്നു. ഖയുടെ മരണം വരെ ഒസ്യത്തു മുതൽ സമാശ്രിതമായതാണ്.

(xii) ക, ഖ യ്ക്ക് 18 വയസ്സ് തികയുമ്പോൾ എടുക്കാനായി പ്രതിവർഷം 500 രൂപ ഒസ്യത്ത് ചെയ്യുകയും അതിന്റെ പലിശയോ തക്കതായ ഭാഗമോ അയാൾക്ക് ആ വയസ്സെത്തുന്നതുവരെ അയാളുടെ ഗുണത്തിനായി വിനിയോഗിക്കേണ്ടതാണെന്നു നിദേശിക്കുകയും ചെയ്യുന്നു. ഒസ്യത്തു മുതൽ നിക്ഷിപ്തമായതാണ്.

(xiii) ക, ഖ യ്ക്ക് 18 വയസ്സ് തികയുമ്പോൾ എടുക്കാനായി 500 രൂപ ഒസ്യത്ത് ചെയ്യുകയും അയാൾക്ക് ആ വയസ്സാകുന്നതുവരെ മറെറാരു ഫണ്ടിൽ നിന്ന് ഒരു നിശ്ചിത തുക അയാളുടെ സംരക്ഷണത്തിന് വിനിയോഗിക്കേണ്ടതാണെന്ന് നിദേശിക്കുകയും ചെയ്യുന്നു; ഒസ്യത്തു മുതൽ സമാശ്രിതമായതാണ്.

121. <u>ഒരു വർഗ്ഗത്തിലെ ഒരു പ്രത്യേക പ്രായം തികയുന്ന അംഗങ്ങൾക്കുള്ള ഒസ്യത്തിലെ അവകാശം നിക്ഷിപ്തമാകുന്നത്.</u>— ഒരു വർഗ്ഗത്തിലെ ഒരു പ്രത്യേക പ്രായം തികയുന്ന അംഗങ്ങളുടെ പേർക്ക് മാത്രമായി ഒരു ഒസ്യത്ത് ചെയ്യുന്നിടത്ത്, ആ പ്രായം തികഞ്ഞിട്ടില്ലാത്ത ഒരാൾക്ക് ഒസ്യത്തുമുതലിൽ നിക്ഷിപ്തമായ ഒരു അവകാശം ഉണ്ടാകാൻ കഴിയുന്നതല്ല.

### ദൃഷ്ടാന്തം

ഒരു ഫണ്ട് ക യുടെ കുട്ടികളിൽ 18 വയസ് തികയുന്നവർക്കായും, ക യുടെ ഏതെങ്കിലും കുട്ടി 18 വയസ്സിനു താഴെയുള്ളവനായിരിക്കുമ്പോൾ അവന് ഒടുവിൽ അവകാശപ്പെടുമെന്ന് അനുമാനിക്കാവുന്ന ഓഹരിയുടെ ആദായം അവന്റെ സംരക്ഷണത്തിനും വിദ്യാഭ്യാസത്തിനും വിനിയോഗിക്കണമെന്ന ഒരു നിദേശത്തോടുകൂടിയും ഒസ്യത്തു ചെയ്യുന്നു. ക യുടെ 18 വയസ്സിന് താഴെയുള്ള ഒരു കുട്ടിക്കും ഒസ്യത്തിൽ നിക്ഷിപ്തമായ അവകാശമുണ്ടായിരിക്കുന്നതല്ല.

## അദ്ധ്യായം IX

## ഭാരസഹിതമായ ഒസ്യത്തുകളെക്കുറിച്ച്

122. <u>ഭാരസഹിതമായ ഒസ്യത്തുകൾ.</u>— ഒരു ഒസ്യത്ത് ഒസ്യത്തവകാശിയിൽ ഒരു കടപ്പാട് ചുമത്തുന്നിടത്ത്, അയാൾ അത് പൂർണ്ണമായി പ്രതിഗ്രഹിക്കാത്തപക്ഷം അയാൾക്ക് അതു വഴി ഒന്നും എടുക്കാൻ കഴിയുന്നതല്ല.

### ദൃഷ്ടാന്തം

"ഭ" എന്ന അഭിവൃദ്ധിയുള്ള ഒരു ജായിൻറ്സ്റ്റാക്ക് കമ്പനിയിൽ ഓഹരികളും, "മ" എന്ന വിഷമസ്ഥിതിയിലുള്ള ഒരു ജായിൻറ്സ്റ്റാക്ക് കമ്പനിയിൽ ഏത് ഓഹരികൾ സംബന്ധിച്ചാണോ ഓഹരിപ്പണത്തിനുള്ള ഭാരിച്ച ഡിമാൻഡുകൾ പ്രതീക്ഷിക്കപ്പെടുന്നത്, അങ്ങനെയുള്ള ഓഹരികളും ഉള്ള ക ജായിൻറ്സ്റ്റാക്ക് കമ്പനികളിലുള്ള തന്റെ എല്ലാ ഓഹരികളും ഖയ്ക്ക് ഒസ്യത്തുചെയ്യുന്നു. ഖ 'മ' യിലുള്ള ഓഹരികൾ പ്രതിഗ്രഹിക്കുവാൻ വിസമ്മതിക്കുന്നു. അയാൾക്ക് 'ഭ' യിലെ ഓഹരികൾക്കുള്ള അവകാശം നഷ്ടപ്പെടുന്നു.

123. ഒരേ ആൾക്കുള്ള വെവ്വേറെയുള്ളതും, ഒന്നൊന്നിനെ ആശ്രയിക്കാത്തതുമായ രണ്ട് ഒസ്യത്തുകളിൽ ഒന്ന് പ്രയോഗിക്കുകയും മറേറത് നിരസിക്കുകയും ചെയ്യാമെന്ന്.— ഒരു മരണശാസനത്തിൽ, ഒരേയാൾക്കുള്ള വെവ്വേറെയുള്ളതും ഒന്നൊന്നിനെ ആശ്രയിക്കാത്തതുമായ രണ്ട് ഒസ്യത്തുകൾ അടങ്ങുന്നിടത്ത്, അവയിൽ ഒന്ന് പ്രതിഗ്രഹിക്കുകയും മറേറത് നിരസിക്കുകയും ചെയ്യാൻ, ആദ്യത്തേത് ഗുണകരമായതും പിന്നത്തേത് ഭാരസഹിതമായതുമായേക്കാമെങ്കിലും, ഒസ്യത്തവകാശിക്ക് സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണ്.

### ദൃഷ്ടാന്തം

ക യും അയാളുടെ പ്രതിനിധിയും കാലാവധിക്കാലത്ത് കൊടുക്കാൻ ബാദ്ധ്യസ്ഥമായതും വീട്ടിനു കിട്ടാവുന്ന വാടകയിലും കൂടുതലായതുമായ ഒരു വാടകയ്ക്കുള്ള ഒന്നിലധികം വർഷം കാലാവധിയുള്ള ഒരു വീട്ടിന്റെ വാടകയേല്പവകാശമുള്ള ക, ആ വാടകയേല്പവകാശവും ഒരു തുകയും ഖ യ്ക്ക് ഒസ്യത്തുചെയ്യുന്നു. ക വാടകയേല്പവകാശം പ്രതിഗ്രഹിക്കുവാൻ വിസമ്മതിക്കുന്നു. ഈ വിസമ്മതം വഴി അയാൾക്ക് പണത്തിനുള്ള അവകാശം നഷ്ടപ്പെടുന്നതല്ല.

## അദ്ധ്യായം X

## സമാശ്രിതമായ ഒസ്യത്തിനെക്കുറിച്ച്

124. വിനിർദ്ദിഷ്ടമായ അനിശ്ചിത സംഭവത്തെ സമാശ്രയിച്ചുള്ള ഒസ്യത്ത്, സംഭവം നടക്കുന്നതിന് സമയം പറഞ്ഞിട്ടില്ലാതിരിക്കെ.— വിനിർദ്ദിഷ്ടമായ ഒരു അനിശ്ചിത സംഭവം നടക്കുന്നുവെങ്കിൽ എടുക്കാനായി ഒരു ഒസ്യത്തു മുതൽ നല്കുകയും, ആ സംഭവം നടക്കുന്നതിന് മരണശാസനത്തിൽ സമയം പറഞ്ഞിട്ടില്ലാതിരിക്കുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള സംഭവം ഒസ്യത്തു ചെയ്യുന്ന ഫണ്ട് കൊടുക്കേണ്ടതോ, വീതിക്കേണ്ടതോ ആയ കാലാവധിയ്ക്ക് മുമ്പ് നടക്കാത്തപക്ഷം, ആ ഒസ്യത്തിന് പ്രഭാവത്തിൽ വരാൻ കഴിയുന്നതല്ല.

### ദൃഷ്ടാന്തങ്ങൾ

(i) ഒരു ഒസ്യത്തുമുതൽ കയ്ക്കും, അയാൾ മരിക്കുന്ന സംഗതിയിൽ ഖ യ്ക്കും ആയി ഒസ്യത്തു ചെയ്യുന്നു. ക, മരണശാസനകർത്താവിനെ അതിജീവിക്കുന്നുവെങ്കിൽ, ഖയ്ക്കുള്ള ഒസ്യത്ത് പ്രഭാവത്തിൽ വരുന്നില്ല.

(ii) ഒരു ഒസ്യത്തുമുതൽ ക യ്ക്കും, അയാൾ കുട്ടികളില്ലാതെ മരിക്കുന്നുവെങ്കിൽ ഖ യ്ക്കുമായി ഒസ്യത്തു ചെയ്യുന്നു. ക മരണശാസനകർത്താവിനെ അതിജീവിക്കുകയോ അയാളുടെ ജീവിതകാലത്ത് ഒരു കുട്ടിയിരിക്കെ മരിക്കുകയോ ചെയ്യുന്നുവെങ്കിൽ ഖ യ്ക്കുള്ള ഒസ്യത്ത് പ്രഭാവത്തിൽ വരുന്നില്ല.

(iii) ഒരു ഒസ്യത്തുമുതൽ ക യ്ക്ക് 18 വയസ്സ് തികയുമ്പോഴും തികയുന്നുവെങ്കിലും എടുക്കാനായി ക യ്ക്കും, അയാൾ മരിക്കുന്ന സംഗതിയിൽ ഖ യ്ക്കും ആയി ഒസ്യത്തു ചെയ്യുന്നു. ക യ്ക്ക് 18 വയസ്സ് തികയുന്നു. ഖ യ്ക്കുള്ള ഒസ്യത്ത് പ്രഭാവത്തിൽ വരുന്നില്ല.

(iv) ഒരു ഒസ്യത്തുമുതൽ ആജീവനാന്തമായി ക യ്ക്കും, അയാളുടെ മരണശേഷം ഖ യ്ക്കും, "ഖ കുട്ടികളില്ലാതെ മരിക്കുന്ന സംഗതിയൽ" ഗ യ്ക്കും ആയി ഒസ്യത്തു ചെയ്യുന്നു. "ഖ കുട്ടികളില്ലാതെ മരിക്കുന്ന സംഗതിയിൽ" എന്ന വാക്കുകൾക്ക് "ക യുടെ ജീവിതകാലത്ത് ഖ കുട്ടികളില്ലാതെ മരിക്കുന്ന സംഗതിയിൽ" എന്ന് അർത്ഥമുള്ളതായി മനസ്സിലാക്കേണ്ടതാണ്.

(v) ഒരു ഒസ്യത്തുമുതൽ ആജീവനാന്തമായി ക യ്ക്കും, അയാളുടെ മരണശേഷം ഖ യ്ക്കും "ഖ മരിക്കുന്ന സംഗതിയിൽ" ഗ യ്ക്കുമായി ഒസ്യത്തു ചെയ്യുന്നു. "ഖ മരിക്കുന്ന സംഗതിയിൽ" എന്ന വാക്കുകൾക്ക് "ക യുടെ ജീവിതകാലത്ത് ഖ മരിക്കുന്ന സംഗതിയിൽ" എന്ന് അർത്ഥമുള്ളതായി മനസ്സിലാക്കേണ്ടതാണ്.

125. <u>ചില ആളുകളിൽ വിനിർദ്ദേശിക്കാത്ത ഏതെങ്കിലും കാലാവധിയിൽ അതിജീവിച്ചിരിക്കുന്നവർക്കുള്ള ഒസ്യത്ത്</u>.— ചില ആളുകളിൽ ഏതെങ്കിലും കാലാവധിയിൽ അതിജീവിച്ചിരിക്കുന്നവർക്ക് ഒരു ഒസ്യത്ത് ചെയ്തിരിക്കുകയും, എന്നാൽ കൃത്യമായ കാലാവധി വിനിർദ്ദേശിക്കാതിരിക്കുകയും ചെയ്യുന്നിടത്ത്, ഒസ്യത്തുമുതൽ മരണശാസനപ്രകാരം വിപരീതമായ ഉദ്ദേശ്യം കാണാത്തപക്ഷം, കൊടുക്കലോ വീതിക്കലോ ഉള്ള സമയത്ത് ജീവിച്ചിരിപ്പുള്ളവർക്ക് ചെല്ലുന്നതാണ്.

### ദൃഷ്ടാന്തങ്ങൾ

(i) ക യ്ക്കും ഖ യ്ക്കും ഇടയിൽ സമമായി വിഭജിക്കേണ്ടതായി അവർക്കോ അല്ലെങ്കിൽ, അവരിൽ അതിജീവിക്കുന്നവനോ വസ്തു ഒസ്യത്തു ചെയ്യുന്നു. ക യും ഖ യും മരണശാസനകർത്താവിനെ അതിജീവിക്കുന്നുവെങ്കിൽ, ഒസ്യത്തുമുതൽ അവർക്കിടയിൽ സമമായി വിഭജിക്കുന്നതാണ്. ക മരണശാസന കർത്താവിന് മുമ്പ് മരിക്കുകയും, ഖ മരണശാസനകർത്താവിനെ അതിജീവിക്കുകയും ചെയ്യുന്നുവെങ്കിൽ അത് ഖ യ്ക്ക് ചെല്ലുന്നതാണ്.

(ii) ആജീവനാന്തമായി ക യ്ക്കും, അയാളുടെ മരണശേഷം ഖ യ്ക്കും ഗ യ്ക്കും ഇടയിൽ സമമായി വിഭജിക്കേണ്ടതായി അവർക്കും, അല്ലെങ്കിൽ അവരെ അതിജീവിക്കുന്നവനും ആയി വസ്തു ഒസ്യത്തു ചെയ്യുന്നു. ഖ, ക യുടെ ജീവിതകാലത്ത് മരിക്കുന്നു. ഗ, ക യെ അതിജീവിക്കുന്നു. ക മരിക്കുന്നതോടെ ഒസ്യത്തു മുതൽ ഗ യ്ക്ക് ചെല്ലുന്നതാണ്.

(iii) ആജീവനാന്തമായി ക യ്ക്കും, അയാളുടെ മരണശേഷം ഖ യ്ക്കും ഗ യ്ക്കും, അല്ലെങ്കിൽ അതിജീവിക്കുന്നവനും ആയി, ഖ മരണശാസനകർത്താവിനെ അതിജീവിക്കുന്നില്ലെങ്കിൽ ഖ യുടെ സ്ഥാനത്ത് അയാളുടെ കുട്ടികൾ നില്ക്കണമെന്നുള്ള ഒരു നിദേശത്തോടുകൂടി വസ്തു ഒസ്യത്തു ചെയ്യുന്നു. ഗ മരണശാസനകർത്താവിന്റെ ജീവിതകാലത്ത് മരിക്കുന്നു; ഖ മരണശാസനകർത്താവിനെ അതിജീവിക്കുകയും എന്നാൽ ക യുടെ ജീവിതകാലത്ത് മരിക്കുകയും ചെയ്യുന്നു. ഒസ്യത്തുമുതൽ ഖ യുടെ പ്രതിനിധികൾക്ക് ചെല്ലുന്നതാണ്.

(iv) ആജീവനാന്തമായി ക യ്ക്കും അയാളുടെ മരണശേഷം ഖ യ്ക്കും ഗ യ്ക്കും ആയി, അവർ ഇരുവരിൽ ആരെങ്കിലും ക യുടെ ജീവിതകാലത്ത് മരിക്കുന്ന സംഗതിയിൽ മുഴുവനും അതിജീവിക്കുന്നവന് ചെല്ലുമെന്നുള്ള ഒരു നിർദ്ദേശത്തോടുകൂടി വസ്തു ഒസ്യത്ത് ചെയ്യുന്നു. ഖ, ക യുടെ ജീവിതകാലത്ത് മരിക്കുന്നു. അതിനുശേഷം ഗ, ക യുടെ ജീവിതകാലത്ത് മരിക്കുന്നു. ഒസ്യത്ത് മുതൽ ഗ യുടെ പ്രതിനിധികൾക്ക് ചെല്ലുന്നതാണ്.

## അദ്ധ്യായം XI

## സോപാധികമായ ഒസ്യത്തുകളെക്കുറിച്ച്

126. <u>അസാദ്ധ്യമായ ഉപാധിയിൻമേലുള്ള ഒസ്യത്ത്.</u>—അസാദ്ധ്യമായ ഉപാധിയിൻമേലുള്ള ഒസ്യത്ത് ശൂന്യമാകുന്നു.

### ദൃഷ്ടാന്തങ്ങൾ

(i) ക യ്ക്ക്, അയാൾ ഒരു മണിക്കൂറിൽ 100 മൈൽ നടക്കണമെന്നുള്ള ഉപാധിയിൻമേൽ ഒരു എസ്റ്റേററ് ഒസ്യത്ത് ചെയ്യുന്നു. ഒസ്യത്ത് ശൂന്യമാണ്.

(ii) ക, ഖ യ്ക്ക് അയാൾ ക യുടെ പുത്രിയെ വിവാഹം കഴിക്കണമെന്ന ഉപാധിയിൻമേൽ 500 രൂപ ഒസ്യത്ത് ചെയ്യുന്നു. മരണശാസനത്തീയതിക്ക് ക യുടെ പുത്രി മരിച്ചിട്ടുണ്ടായിരുന്നു. ഒസ്യത്ത് ശൂന്യമാണ്.

127. <u>നിയമവിരുദ്ധമായതോ അസാൻമാർഗ്ഗികമായതോ ആയ ഉപാധിയിൻമേലുള്ള ഒസ്യത്ത്.</u>—ഏത് ഉപാധി നിറവേററുന്നതാണോ നിയമത്തിനോ സാൻമാർഗ്ഗികതയ്ക്കോ വിപരീതമായിട്ടുള്ളത്, അങ്ങനെയുള്ള ഉപാധിയിൻമേലുള്ള ഒസ്യത്ത് ശൂന്യമാകുന്നു.

### ദൃഷ്ടാന്തങ്ങൾ

(i) ക ഖ യ്ക്ക്, അയാൾ ഗ യെ കൊല ചെയ്യണമെന്ന ഉപാധിയിൻമേൽ 500 രൂപ ഒസ്യത്ത് ചെയ്യുന്നു. ഒസ്യത്ത് ശൂന്യമാണ്.

(ii) ക തന്റെ മരുമകൾക്ക്, അവർ ഭർത്താവിനെ ഉപേക്ഷിക്കുകയാണെങ്കിൽ എടുക്കാനായി 5,000 രൂപ ഒസ്യത്ത് ചെയ്യുന്നു. ഒസ്യത്ത് ശൂന്യമാണ്.

128. <u>ഒസ്യത്തുമുതൽ നിക്ഷിപ്തമാകുന്നതിനുള്ള പൂർവ്വോപാധി നിറവേററൽ സംബന്ധിച്ച്.</u>—ഒരു മരണശാസനം, ഒസ്യത്തു ചെയ്യപ്പെട്ടതിൽ ഒസ്യത്തവകാശിക്ക്, നിക്ഷിപ്താവകാശം സിദ്ധിക്കുന്നതിനുമുമ്പ് നിറവേററപ്പെടേണ്ടതായ ഒരു ഉപാധി ചുമത്തുന്നിടത്ത്, ആ ഉപാധി സാരാംശത്തിൽ അനുസരിക്കപ്പെട്ടിട്ടുണ്ടെങ്കിൽ, അതു നിറവേററപ്പെട്ടതായി പരിഗണിക്കപ്പെടുന്നതാകുന്നു.

### ദൃഷ്ടാന്തങ്ങൾ

(i) ക യ്ക്ക്, അയാൾ ഖ, ഗ, ഘ, ങ എന്നിവരുടെ സമ്മതത്തോടുകൂടി വിവാഹം കഴിക്കണമെന്ന ഉപാധിയിൻമേൽ ഒരു ഒസ്യത്തുമുതൽ ഒസ്യത്ത് ചെയ്യുന്നു. ക, ഖ യുടെ ലിഖിതമായ സമ്മതത്തോടുകൂടി വിവാഹം കഴിക്കുന്നു. ഗ വിവാഹാവസരത്തിൽ സന്നിഹിതനാണ്. ഘ, ക യ്ക്ക് വിവാഹത്തിനു മുമ്പ് ഒരു സമ്മാനം അയയ്ക്കുന്നു. ക തന്റെ ഉദ്ദേശ്യം ങ യെ നേരിട്ടറിയിക്കുകയും ങ എതിർ പറയാതിരിക്കുകയും ചെയ്യുന്നു. ക, ഉപാധി നിറവേററിയിട്ടുണ്ട്.

(ii) ക യ്ക്ക്, അയാാം ഖ, ഗ, ഘ എന്നിവരുടെ സമ്മതത്തോടുകൂടി വിവാഹം കഴിക്കണമെന്ന ഉപാധിയിൻമേൽ ഒരു ഒസ്യത്തുമുതൽ ഒസ്യത്തു ചെയ്യുന്നു. ഘ മരിക്കുന്നു. ക, ഖ യുടേയും ഗ യുടേയും സമ്മതത്തോടുകൂടി വിവാഹം കഴിക്കുന്നു. ക, ഉപാധി നിറവേററിയിട്ടുണ്ട്.

(iii) ക യ്ക്ക്, അയാാം ഖ, ഗ, ഘ എന്നിവരുടെ സമ്മതത്തോടുകൂടി വിവാഹം കഴിക്കണമെന്ന ഉപാധിയിൻമേൽ ഒരു ഒസ്യത്തുമുതൽ ഒസ്യത്തു ചെയ്യുന്നു. ഖ, ഗ, ഘ എന്നിവരുടെ ജീവിതകാലത്ത് ക, ഖ യും, ഗ യും മാത്രം നല്കുന്ന സമ്മതത്തോടുകൂടി വിവാഹം കഴിക്കുന്നു. ക ഉപാധി നിറവേററിയിട്ടില്ല.

(iv) ക യ്ക്ക് അയാാം ഖ, ഗ, ഘ എന്നിവരുടെ സമ്മതത്തോടുകൂടി വിവാഹം കഴിക്കണമെന്ന ഉപാധിയിൻമേൽ ഒരു ഒസ്യത്തുമുതൽ ഒസ്യത്ത് ചെയ്യുന്നു. ക ങ യുമായുള്ള തൻെറ വിവാഹത്തിന് ഖ, ഗ, ഘ എന്നിവരുടെ നിരുപാധികമായ അനുമതി വാങ്ങുന്നു. പിന്നീട് ഖ, ഗ, ഘ എന്നിവർ അവരുടെ സമ്മതം കാര്യമൊന്നും കൂടാതെ പിൻവലിക്കുന്നു. ക, ങ യെ വിവാഹം കഴിക്കുന്നു. ക, ഉപാധി നിറവേററിയിട്ടുണ്ട്.

(v) ക യ്ക്ക് അയാാം ഖ, ഗ, ഘ എന്നിവരുടെ സമ്മതത്തോടുകൂടി വിവാഹം കഴിക്കണമെന്ന ഉപാധിയിൻമേൽ ഒരു ഒസ്യത്തുമുതൽ ഒസ്യത്ത് ചെയ്യുന്നു. ഖ, ഗ, ഘ എന്നിവരുടെ സമ്മതം കൂടാതെ ക വിവാഹം കഴിക്കുകയും. എന്നാൽ വിവാഹത്തിനുശേഷം അയാാം അവരുടെ സമ്മതം വാങ്ങുകയും ചെയ്യുന്നു. ക, ഉപാധി നിറവേററിയിട്ടില്ല.

(vi) ക, തൻെറ മരണശാസനം ഉണ്ടാക്കുകയും അതുവഴി ഖയ്ക്ക് അയാാം ക യുടെ എക്സിക്യൂട്ടർമാരുടെ സമ്മതത്തോടുകൂടി വിവാഹം കഴിക്കുകയാണെങ്കിൽ എടുക്കാനായി ഒരു തുക ഒസ്യത്ത് ചെയ്യുകയും ചെയ്യുന്നു. ഖ ക യുടെ ജീവിതകാലത്ത് വിവാഹം കഴിക്കുകയും പിന്നീട് ക ആ വിവാഹത്തിനുള്ള അംഗീകാരം പ്രകടിപ്പിക്കുകയും ചെയ്യുന്നു. ക മരിക്കുന്നു. ഖ യ്ക്കുള്ള ഒസ്യത്ത് ഫലത്തിൽ വരുന്നതാണ്.

(vii) ക യ്ക്ക്, അയാാം മരണശാസനത്തിൽ വിനിർദ്ദേശിക്കപ്പെട്ട ഒരു സമയത്തിനുള്ളിൽ ഒരു പ്രത്യേക രേഖ ഒപ്പിട്ട് പൂർത്തീകരിക്കുന്നുവെങ്കിൽ എടുക്കാനായി ഒരു ഒസ്യത്തുമുതൽ ഒസ്യത്ത് ചെയ്യുന്നു. ക, ന്യായമായ ഒരു സമയത്തിനുള്ളിലും എന്നാൽ മരണശാസനത്തിൽ വിനിർദ്ദേശിച്ച സമയത്തിനുള്ളിലല്ലാതേയും ആ രേഖ ഒപ്പിട്ട് പൂർത്തീകരിക്കുന്നു. ക ഉപാധി നിർവ്വഹിച്ചിട്ടില്ലാത്തതും അയാാക്ക് ഒസ്യത്തുമുതൽ കിട്ടാൻ അവകാശമില്ലാത്തതും ആകുന്നു.

129. കയ്ക്കും, മുൻഒസ്യത്ത് ദുർബ്ബലമാകുന്നതിൻമേൽ ഖ യ്ക്കും ഉള്ള ഒസ്യത്ത്.—ഒരാാക്ക് ഒരു ഒസ്യത്തുണ്ടായിരിക്കുകയും, അതുതന്നെ മറെറാരാാക്ക് ഒസ്യത്ത്ചെയ്തിരിക്കുകയും ചെയ്യുന്നിടത്ത്, മുൻ ഒസ്യത്ത് നിഷ്ഫലമാകുന്നുവെങ്കിൽ അങ്ങനെ നിഷ്ഫലമാകുന്നത്, മരണശാസനകർത്താവ് ഉദ്ദേശിച്ചിരുന്ന വിധത്തിൽ ആയിരിക്കയില്ലെങ്കിലും, മുൻ ഒസ്യത്ത് നിഷ്ഫലമാകുന്നതിൻമേൽ രണ്ടാമത്തെ ഒസ്യത്ത് ഫലത്തിൽ വരുന്നതാകുന്നു.

## ദൃഷ്ടാന്തങ്ങാം

(i) ക, തന്നെ അതിജീവിക്കുന്ന തൻെറ സ്വന്തം കുട്ടികാക്കും, അവരെല്ലാവരും 18 വയസ്സിനു താഴെയായിരിക്കുമ്പോാം മരിക്കുന്നുവെങ്കിൽ, ഖ യ്ക്കും ആയി ഒരു തുക ഒസ്യത്ത് ചെയ്യുന്നു. ക കുട്ടികളുണ്ടാകാതെ മരിക്കുന്നു ഖ യ്ക്കുള്ള ഒസ്യത്ത് ഫലത്തിൽ വരുന്നതാണ്.

(ii) ക യുടെ മരണശേഷം മൂന്നു മാസത്തിനുള്ളിൽ ഖ ഒരു പ്രത്യേക രേഖ ഒപ്പിട്ട് പൂർത്തീകരിക്കണമെന്ന ഉപാധിയിൻമേൽ ഖ യ്ക്കും, അയാൾ അപ്രകാരം ചെയ്യാൻ ഉപേക്ഷ വരുത്തുന്നുവെങ്കിൽ ഗ യ്ക്കും ആയി ക ഒരു തുക ഒസ്യത്ത് ചെയ്യുന്നു. ഖ മരണശാസനകർത്താവിൻെറ ജീവിതകാലത്ത് മരിക്കുന്നു. ഗ യ്ക്കുള്ള ഒസ്യത്ത് ഫലത്തിൽ വരുന്നതാണ്.

130. മുൻ ഒസ്യത്ത് നിഷ്ഫലമാകുന്നതിൻമേൽ രണ്ടാമത്തെ ഒസ്യത്ത് ഫലത്തിൽ വരാത്തത് എപ്പോഴെന്ന്.—മരണശാസനം, മുൻ ഒസ്യത്ത് ഒരു പ്രത്യേകരീതിയിൽ നിഷ്ഫലമാകുന്ന സംഗതിയിൽ മാത്രം രണ്ടാമത്തെ ഒസ്യത്ത് ഫലത്തിൽ വരണമെന്നുള്ള ഒരു ഉദ്ദേശ്യം കാണിക്കുന്നിടത്ത്, മുൻ ഒസ്യത്ത് ആ പ്രത്യേക രീതിയിൽ നിഷ്ഫലമാകാത്തപക്ഷം, രണ്ടാമത്തെ ഒസ്യത്ത് ഫലത്തിൽ വരുന്നതല്ല.

### ദൃഷ്ടാന്തം

ക, തൻെറ ഭാര്യയ്ക്ക് ഒരു ഒസ്യത്ത് ചെയ്യുകയും, എന്നാൽ തൻെറ ജീവിതകാലത്ത് അവൾ മരിക്കുകയാണെങ്കിൽ എടുക്കാനായി താൻ അവൾക്ക് ഒസ്യത്ത് ചെയ്തത് ഖ യ്ക്ക് ഒസ്യത്ത് ചെയ്യുകയും ചെയ്യുന്നു. ക യും അയാളുടെ ഭാര്യയും അവൾ അയാൾക്ക്മുമ്പ് മരിച്ചു എന്ന് തെളിയിക്കുവാൻ അസാദ്ധ്യമായ പരിത:സ്ഥിതികളിൽ ഒരുമിച്ചു മരിക്കുന്നു. ഖ യ്ക്കുള്ള ഒസ്യത്ത് ഫലത്തിൽ വരുന്നില്ല.

131. വിനിർദ്ദിഷ്ടമായ അനിശ്ചിതസംഭവം നടക്കുകയോ നടക്കാതിരിക്കുകയോ ചെയ്യുന്നത് ഉപാധിയാക്കിയുള്ള അനന്തര ഒസ്യത്ത്.—(1) ഏതെങ്കിലും ആൾക്ക്, വിനിർദ്ദിഷ്ടമായ ഒരു അനിശ്ചിതസംഭവം നടക്കുകയാണെങ്കിൽ, ഒസ്യത്ത് ചെയ്യപ്പെട്ടത് മറെറാരാൾക്ക് ചെല്ലുമെന്നോ, അല്ലെങ്കിൽ വിനിർദ്ദിഷ്ടമായ ഒരു അനിശ്ചിതസംഭവം നടക്കാതിരിക്കുന്നുവെങ്കിൽ, ഒസ്യത്ത് ചെയ്യപ്പെട്ടത് മറെറാരാൾക്ക് ചെല്ലുമെന്നോ ഉള്ള ഉപാധി കൂട്ടിച്ചേർത്തുകൊണ്ട് ഒസ്യത്ത് ചെയ്യാവുന്നതാണ്.

(2) ഓരോ സംഗതിയിലും പിന്നീടുള്ള ഒസ്യത്ത് 120, 121, 122, 123, 124, 125, 126, 127, 129, 130 എന്നീ വകുപ്പുകളിൽ അടങ്ങിയ ചട്ടങ്ങൾക്ക് വിധേയമാകുന്നു.

### ദൃഷ്ടാന്തങ്ങൾ

(i) ഒരു തുക ക യ്ക്ക് 18 വയസ്സിൽ കൊടുക്കേണ്ടതായി ക യ്ക്കും ആ വയസ്സ് തികയുന്നതിനുമുമ്പ് അയാൾ മരിക്കുകയാണെങ്കിൽ ഖയ്ക്കും ആയി ഒസ്യത്ത് ചെയ്യുന്നു. ക 18 വയസ്സിന് താഴെയായിരിക്കുമ്പോൾ മരിക്കുന്ന സംഗതിയിൽ അപഹൃതമാവുകയും ഖ യ്ക്ക് ചെല്ലുകയും ചെയ്യുമെന്നുള്ളതിന് വിധേയമായി, ക ഒസ്യത്തുമുതലിൽ ഒരു നിക്ഷിപ്താവകാശം എടുക്കുന്നു.

(ii) ഒരു എസ്റേററ്, മരണശാസനം ഉണ്ടാക്കാൻ മരണശാസനകർത്താവിനുള്ള ക്ഷമതയെക്കുറിച്ച് ക തർക്കം ഉന്നയിക്കുന്നുവെങ്കിൽ എസ്റേററ് ഖ യ്ക്ക് ചെല്ലുമെന്നുള്ള പരിമിതിവ്യവസ്ഥയോടുകൂടി, ക യ്ക്ക് ഒസ്യത്ത് ചെയ്യുന്നു. മരണശാസനം ഉണ്ടാക്കാൻ മരണശാസനകർത്താവിനുള്ള ക്ഷമതയെക്കുറിച്ച് ക തർക്കം ഉന്നയിക്കുന്നു. എസ്റേററ് ഖയ്ക്ക് ചെല്ലുന്നതാണ്.

(iii) ഒരു തുക ആജീവനാന്തമായി ക യ്ക്കും, അയാളുടെ മരണശേഷം ഖ യ്ക്കുമായി, എന്നാൽ അപ്പോൾ ഖ ഒരു പുത്രനിരിക്കെ മരിച്ചുപോയിരിക്കുകയാണെങ്കിൽ ആ പുത്രൻ ഖ യുടെ സ്ഥാനത്ത് നില്ക്കണമെന്ന് പറഞ്ഞു

കൊണ്ട് ഒസ്യത്ത് ചെയ്യുന്നു. ഖ ഒസ്യത്തുമുതലിൽ ഒരു നിക്ഷിപ്ത അവകാശം ക യുടെ ജീവിതകാലത്ത് ഖ ഒരു പു[തനിരിക്കെ മരിക്കുന്നുവെങ്കിൽ അപഹൃതമാകുമെന്നതിന് വിധേയമായി എടുക്കുന്നു.

(iv) ഒരു തുക ക യ്ക്കും ഖ യ്ക്കും ആയും, അവരിൽ ആരെങ്കിലും ഗ യുടെ ജീവിതകാലത്ത് മരിക്കുകയാണെങ്കിൽ ഗ മരിക്കുമ്പോൾ അതിജീവിച്ചിരിക്കുന്നവനും ആയും ഒസ്യത്ത് ചെയ്യുന്നു. ക യും ഖ യും ഗ യ്ക്ക് മുമ്പ് മരിയ്ക്കുന്നു. അനന്തരദാനത്തിന് ഫലത്തിൽ വരാൻ കഴിയുന്നതല്ല. എന്നാൽ പണത്തിന്റെ ഒരു പകുതി ക യുടെ [പതിനിധിയും മററ പകുതി ഖ യുടെ [പതിനിധിയും എടുക്കുന്നു.

(v) ക ഒരു ഫണ്ടിന്റെ പലിശ ആജീവനാന്തമായി ഖയ്ക്ക് ഒസ്യത്ത് ചെയ്യുകയും, അവൾ മരിക്കുന്നതോടെ ഫണ്ട് അവളുടെ മൂന്നു കുട്ടികൾക്കിടയിലോ, അവരിൽ അവൾ മരിക്കുമ്പോൾ ജീവിച്ചിരിപ്പുള്ളവർക്കിടയിലോ സമമായി വിഭജിക്കണമെന്ന് നിദേശിക്കുകയും ചെയ്യുന്നു. ഖ യുടെ എല്ലാ കുട്ടികളും ഖ യുടെ ജീവിതകാലത്ത് മരിക്കുന്നു. അനന്തര ഒസ്യത്തിന് ഫലം വരാൻ കഴിയുന്നതല്ല. എന്നാൽ കുട്ടികളുടെ അവകാശം അവരുടെ [പതിനിധികളിലേയ്ക്ക് സം[കമിക്കുന്നതാണ്,

132. ഉപാധി കണിശമായും നിറവേററപ്പെടണമെന്ന്.—131-ാം വകുപ്പ് വിഭാവനം ചെയ്യുന്ന തരത്തിലുള്ള ഒരു പിൻ ഒസ്യത്തിന്, ഉപാധി കണിശമായി നിറവേററപ്പെടാത്തപക്ഷം, ഫലത്തിൽ വരാൻ കഴിയുന്നതല്ല.

ദൃഷ്ടാന്തങ്ങൾ

(i) ഒരു ഒസ്യത്തുമുതൽ ക യ്ക്ക്, അയാൾ ഖ, ഗ, ഘ എന്നിവരുടെ സമ്മതംകൂടാതെ വിവാഹം കഴിക്കുന്നുവെങ്കിൽ ഘ യ്ക്ക് ചെല്ലുമെന്ന പരിമിതിവ്യവസ്ഥയോടെ ഒസ്യത്തുചെയ്യുന്നു. ഘ മരിക്കുന്നു. ഖ യുടേയും ഗ യുടേയും സമ്മതംകൂടാതെ ക വിവാഹം കഴിച്ചാലും ഘ യ്ക്കുള്ള ദാനം ഫലത്തിൽ വരുന്നതല്ല.

(ii) ഒരു ഒസ്യത്തുമുതൽ, ക യ്ക്ക്, അയാൾ ഖ യുടെ സമ്മതംകൂടാതെ വിവാഹം കഴിക്കുന്നു എങ്കിൽ ഗ യ്ക്ക് ചെല്ലുമെന്ന പരിമിതിവ്യവസ്ഥയോടെ ഒസ്യത്തുചെയ്യുന്നു. ക, ഖ യുടെ സമ്മതത്തോടുകൂടി വിവാഹം കഴിക്കുന്നു. പിന്നീട് അയാൾ മൃതഭാര്യനായിത്തീരുകയും ഖ യുടെ സമ്മതം കൂടാതെ വീണ്ടും വിവാഹം കഴിക്കുകയും ചെയ്യുന്നു. ഗ യ്ക്കുള്ള ഒസ്യത്ത് ഫലത്തിൽ വരുന്നതല്ല.

(iii) ഒരു ഒസ്യത്തുമുതൽ. ക യ്ക്ക് 18 വയസ് ആകുമ്പോഴോ വിവാഹസമയത്തോ കൊടുക്കേണ്ടതായി, ക 18–നു താഴെയുള്ള [പായത്തിൽ മരിക്കുകയോ ഖ യുടെ സമ്മതം കൂടാതെ വിവാഹം കഴിക്കുകയോ ചെയ്യുന്നു എങ്കിൽ ഒസ്യത്തുമുതൽ ഗ യ്ക്ക് ചെല്ലുമെന്ന പരിമിതിവ്യവസ്ഥയോടെ ഒസ്യത്തു ചെയ്യുന്നു. ക, പതിനെട്ടു വയസ്സിനു താഴെയുള്ള [പായത്തിൽ ഖ യുടെ സമ്മതം കൂടാതെ വിവാഹം കഴിക്കുന്നു. ഗ യ്ക്കുള്ള ഒസ്യത്ത് ഫലത്തിൽ വരുന്നതാണ്.

133. രണ്ടാമത്തെ ഒസ്യത്തിന്റെ അസാധുത മൂല ഒസ്യത്തിനെ ബാധിക്കുന്നതല്ലെന്ന്.—പിൻ ഒസ്യത്ത് സാധുവല്ലെങ്കിൽ ആ സംഗതി മൂല ഒസ്യത്തിനെ ബാധിക്കുന്നതല്ല.

ദൃഷ്ടാന്തങ്ങൾ

(i) ഒരു എസ്റ്റേററ് ആജീവനാന്തമായി ക യ്ക്ക്, അയാൾ ഒരു നിശ്ചിത ദിവസം മണിക്കൂറിൽ 100 മൈൽ നടക്കുന്നില്ലെങ്കിൽ എസ്റ്റേററ് ഖ യ്ക്ക് ചെല്ലുമെന്ന ഉപാധി കൂട്ടിച്ചേർത്തും ഒസ്യത്തുചെയ്യുന്നു. ഉപാധി ശൂന്യമായതിനാൽ, മരണശാസനത്തിൽ യാതൊരു ഉപാധിയും ചേർത്തിട്ടില്ലെന്നപോലെ കയ്ക്കുള്ള എസ്റ്റേററ് തുടർന്നുപോകുന്നു.

(ii) ഒരു എസ്റ്റേററ് ആജീവനാന്തമായി ക യ്ക്കും, അവൾ ഭർത്താവിനെ ഉപേക്ഷിക്കുന്നില്ലെങ്കിൽ ഖ യ്ക്കും ആയി ഒസ്യത്തുചെയ്യുന്നു. മരണശാസനത്തിൽ യാതൊരു ഉപാധിയും ചേർത്തിട്ടില്ലെന്നപോലെ കയ്ക്ക എസ്റ്റേററിന് അവളുടെ ജീവിതകാലത്ത് അവകാശമുണ്ട്.

(iii) ഒരു എസ്റ്റേററ് ആജീവനാന്തമായി കയ്ക്കും, അയാൾ വിവാഹം കഴിക്കുകയാണെങ്കിൽ ആജീവനാന്തമായി ക യുടെ മൂത്തപുത്രനുമായി ഒസ്യത്തു ചെയ്യുന്നു. മരണശാസനകർത്താവിന്റെ മരണത്തീയതിക്ക് ഖയ്ക്ക് പുത്രൻ ഉണ്ടായിട്ടുണ്ടായിരുന്നില്ല. അനന്തരം ഒസ്യത്ത് 105-ാം വകുപ്പിൻകീഴിൽ ശൂന്യമായിരിക്കുന്നതും ക യ്ക്ക് എസ്റ്റേററിന് അയാളുടെ ജീവിതകാലത്ത് അവകാശമുണ്ടായിരിക്കുന്നതും ആണ്.

134. <u>വിനിർദ്ദിഷ്ടമായ ഒരു അനിശ്ചിതസംഭവം നടക്കുകയോ നടക്കാതിരിക്കുകയോ ചെയ്യുകയാണെങ്കിൽ ഒസ്യത്തിന് ഫലമില്ലാതായിത്തീരുമെന്ന ഉപാധിയിൻമേലുള്ള ഒസ്യത്ത്.</u>—വിനിർദ്ദിഷ്ടമായ ഒരു അനിശ്ചിത സംഭവം നടക്കുകയാണെങ്കിലോ വിനിർദ്ദിഷ്ടമായ ഒരു അനിശ്ചിത സംഭവം നടക്കാതിരിക്കുകയാണെങ്കിലോ ഒസ്യത്തിന് ഫലമില്ലാതായിത്തീരുമെന്ന ഉപാധി കൂട്ടിച്ചേർത്ത്, ഒരു ഒസ്യത്ത് ഉണ്ടാക്കാവുന്നതാണ്.

ദൃഷ്ടാന്തങ്ങൾ

(i) ഒരു എസ്റ്റേററ് ആജീവനാന്തമായി കയ്ക്ക്, അയാൾ ഒരു കാടുവെട്ടുകയാണെങ്കിൽ ഒസ്യത്തിന് യാതൊരു ഫലവും ഇല്ലാതാകുമെന്ന പരിമിതിവ്യവസ്ഥയോടുകൂടി, ഒസ്യത്ത് ചെയ്യുന്നു. ക ആ കാട് വെട്ടുന്നു. എസ്റ്റേററിൽ അയാൾക്കുള്ള ആജീവനാവകാശം നഷ്ടപ്പെടുന്നു.

(ii) ഒരു എസ്റ്റേററ് ക യ്ക്ക്, അയാൾ ഇരുപത്തഞ്ചിന് താഴെയുള്ള പ്രായത്തിൽ മരണശാസനത്തിൽ പേർപറഞ്ഞിട്ടുള്ള എക്സിക്യൂട്ടർമാരുടെ സമ്മതം കൂടാതെ വിവാഹം കഴിക്കുന്നുവെങ്കിൽ എസ്റ്റേററിലുള്ള അയാളുടെ അവകാശമില്ലാതാകുമെന്ന പരിമിതിവ്യവസ്ഥയിൽമേൽ ഒസ്യത്ത് ചെയ്യുന്നു. ക ഇരുപത്തഞ്ചിന് താഴെയുള്ള പ്രായം ആയിരിക്കുമ്പോൾ എക്സിക്യൂട്ടർമാരുടെ സമ്മതം കൂടാതെ വിവാഹം കഴിക്കുന്നു. എസ്റ്റേററിലുള്ള അയാളുടെ അവകാശം ഇല്ലാതാകുന്നു.

(iii) ഒരു എസ്റ്റേററ് ക യ്ക്ക് മരണശാസനകർത്താവ് മരിച്ച് മൂന്നുവർഷത്തിനകം അയാൾ ഇംഗ്ലണ്ടിലേയ്ക്ക് പോകുന്നില്ലെങ്കിൽ അയാൾക്ക് എസ്റ്റേററിലുള്ള അവകാശം ഇല്ലാതാകുമെന്ന പരിമിതിവ്യവസ്ഥയിൻമേൽ ഒസ്യത്ത് ചെയ്യുന്നു. നിർണ്ണയിച്ച സമയത്തിനുള്ളിൽ ക ഇംഗ്ലണ്ടിലേക്കു പോകുന്നില്ല. എസ്റ്റേററിൽ അയാൾക്കുള്ള അവകാശം ഇല്ലാതാകുന്നു.

(iv) ഒരു എസ്റ്റേററ് ക യ്ക്ക്, അവൾ ഒരു കന്യാസ്ത്രീയായിത്തീരുന്നുവെങ്കിൽ അവൾക്ക് എസ്റ്റേററിൽ യാതൊരു അവകാശവും ഇല്ലാതായിത്തീരും എന്ന പരിമിതിവ്യവസ്ഥയോടുകൂടി ഒസ്യത്തുചെയ്യുന്നു. ക ഒരു കന്യാസ്ത്രീയായിത്തീരുന്നു. അവൾക്ക് മരണശാസനത്തിൻകീഴിലുള്ള അവളുടെ അവകാശം നഷ്ടപ്പെടുന്നു.

(v) ഒരു ഫണ്ട് ആജീവനാന്തമായി ക യ്ക്കും അയാളുടെ മരണശേഷം ഖ അപ്പോൾ ജീവിച്ചിരിപ്പുണ്ടെങ്കിൽ ഖ യ്ക്കുമായും അവർ ഒരു കന്യാസ്ത്രീയായിത്തീരുകയാണെങ്കിൽ അവർക്കുള്ള ഒസ്യത്തിന് യാതൊരു ഫലവും ഇല്ലാതായിത്തീരുമെന്ന പരിമിതി വ്യവസ്ഥയോടുകൂടിയും ഒസ്യത്തു ചെയ്യുന്നു. ഖ, ക യുടെ ജീവിതകാലത്ത് ഒരു കന്യാസ്ത്രീയായിത്തീരുന്നു. അവർക്ക് അതുവഴി ഫണ്ടിലുള്ള തന്റെ സമാശ്രിതാവകാശം നഷ്ടപ്പെടുന്നു.

135. അങ്ങനെയുള്ള ഉപാധി 120-ാം വകുപ്പിൻകീഴിൽ അസാധുവായിരിക്കരുതെന്ന്.—ഒരു ഒസ്യത്തിന് ഫലമില്ലാതായിത്തീരുമെന്ന ഉപാധി സാധുവാകുന്നതിന്, അത് ഏതുസംഭവത്തെക്കുറിച്ചാണോ, ആ സംഭവം, 120-ാം വകപ്പ് വിഭാവനം ചെയ്യുന്നപോലെ ഒരു ഒസ്യത്തിന് നിയമാനുസൃതം ഉപാധിയായായിത്തീരാൻ കഴിവുള്ള ഒന്നായിരിക്കേണ്ടത് ആവശ്യകമാണ്.

136. ഏതു കൃത്യമാണോ, അതിന് സമയം വിനിർദ്ദേശിച്ചിട്ടില്ലാത്തതും അതു നിർവ്വഹിക്കാതിരിക്കുന്നതിൻമേൽ വിഷയവസ്തു വേറെ ആൾക്കു പോകുന്നതും ആയിരിക്കുന്നത്, അങ്ങനെയുള്ള കൃത്യം ഒസ്യത്തവകാശി അസാദ്ധ്യമാക്കിത്തീർക്കുകയോ അനിശ്ചിതമായി നീട്ടുകയോ ചെയ്യുന്നതിന്റെ ഫലം.—ഒസ്യത്തവകാശി ഒരു പ്രത്യേക കൃത്യം നിർവഹിക്കാത്തപക്ഷം ഒസ്യത്തിലെ വിഷയവസ്തു മറെറാരാൾക്ക് ചെല്ലുമെന്നോ, ഒസ്യത്തിന് ഫലമില്ലാതായിത്തീരുമെന്നോ ഉള്ള ഉപാധി കൂട്ടിച്ചേർത്ത് ഒരു ഒസ്യത്ത് ഉണ്ടാക്കിയിരിക്കയും, എന്നാൽ ആ കൃത്യം നിർവ്വഹിക്കുന്നതിന് സമയം വിനിർദ്ദേശിക്കാതിരിക്കുകയും ചെയ്യുന്നിടത്ത്, ഒസ്യത്തവകാശി വേണ്ട കൃത്യത്തിന്റെ നിർവ്വഹണം അസാദ്ധ്യമാക്കിത്തീർക്കുകയോ അനിശ്ചിതമായി നീട്ടുകയോ ചെയ്യുന്ന ഏതെങ്കിലും നടപടി എടുക്കുന്നുവെങ്കിൽ ഒസ്യത്തുമുതൽ, ഒസ്യത്തവകാശി ആ കൃത്യം നിർവ്വഹിക്കാതെ മരിച്ചിരുന്നാലെന്നപോലെ, സംക്രമിക്കുന്നതാണ്.

ദൃഷ്ടാന്തങ്ങൾ

(i) ക യ്ക്ക്, അയാൾ കരസേനയിൽ ചേരാത്തപക്ഷം ഒസ്യത്തുമുതൽ ഖ യ്ക്ക് ചെല്ലുമെന്ന പരിമിതിവ്യവസ്ഥയോടുകൂടി ഒരു ഒസ്യത്ത് ഉണ്ടാക്കുന്നു. ക പട്ടം കെട്ടുകയും അതുവഴി അയാൾ ഉപാധി നിറവേററുന്നത് അസാദ്ധ്യമാക്കിത്തീർക്കുകയും ചെയ്യുന്നു. ക യ്ക്ക് ഒസ്യത്തുമുതൽ കിട്ടാൻ അവകാശമുണ്ട്.

(ii) ക യ്ക്ക്, അയാൾ ഖ യുടെ പുത്രിയെ വിവാഹം കഴിക്കുന്നില്ലെങ്കിൽ ഒസ്യത്തിന് യതൊരു ഫലവും ഇല്ലാതായിത്തീരുമെന്ന പരിമിതി വ്യവസ്ഥയോടുകൂടി ഒരു ഒസ്യത്തു ഉണ്ടാക്കുന്നു. ക അന്യയെ വിവാഹം കഴിക്കുകയും അതുവഴി ഉപാധിയുടെ നിർവ്വഹണം അനിശ്ചിതമായി നീട്ടുകയും ചെയ്യുന്നു. ഒസ്യത്തിന് ഫലമില്ലാതായിത്തീരുന്നു.

137. വിനിർദ്ദിഷ്ടസമയത്തിനുള്ളിൽ പൂർവ്വോപാധിയുടേയോ ഉത്തരോപാധിയുടേയോ നിർവ്വഹണം. വഞ്ചനയുടെ സംഗതിയിൽ കൂടുതൽ സമയം.—ഒസ്യത്തുമുതൽ അനുഭവിക്കുന്നതിന് മുൻപ് നിറവേററപ്പെടേണ്ട ഒരു ഉപാധിയായോ അല്ലെങ്കിൽ നിറവേററപ്പെടാതിരുന്നാൽ ഒസ്യത്തിലെ വിഷയ വസ്തു മറെറാരാൾക്ക് ചെല്ലുകയോ ഒസ്യത്തിന് ഫലമില്ലാതായിത്തീരുകയോ ചെയ്യുമെന്ന ഒരു ഉപാധിയായോ വിനിർദ്ദിഷ്ട സമയത്തിനുള്ളിൽ ഒസ്യത്തവകാശി ഒരു കൃത്യം നിർവ്വഹിക്കണമെന്ന് മരണശാസനം

ആവശ്യപ്പെടുന്നിടത്ത്, അത് അതിന്റെ നിർവ്വഹണം വഞ്ചനയാൽ തടയപ്പെടാത്തപക്ഷം, വിനിർദ്ദിഷ്ടസമയത്തിനുള്ളിൽ നിർവഹിക്കേണ്ടതും, അങ്ങനെ തടയപ്പെടുന്ന സംഗതിയിൽ അങ്ങനെയുള്ള വഞ്ചന ഉളവാക്കുന്ന കാലതാമസം നികത്തുന്നതിന് ആവശ്യകമായ കൂടുതൽ സമയം അനുവദിക്കപ്പെടുന്നതും ആകുന്നു.

## അദ്ധ്യായം XII

## വിനിയോഗമോ അനുഭവമോ സംബന്ധിച്ച നിദേശങ്ങളോടുകൂടിയ ഒസ്യത്തുകളെക്കുറിച്ച്

138. ഏതെങ്കിലും ആരംക്കോ അയാളുടെ ഗുണത്തിനോ ആയുള്ള ഫണ്ടിന്റെ പൂർണ്ണാവകാശത്തോടുകൂടിയ ഒസ്യത്തിനെ തുടർന്ന് അത് പ്രത്യേക രീതിയിൽ വിനിയോഗിക്കണമെന്ന നിദേശം.—ഒരു ഫണ്ട് ഏതെങ്കിലും ആരംക്കോ അയാളുടെ ഗുണത്തിനോ ആയി പൂർണ്ണാവകാശത്തോടെ ഒസ്യത്ത് ചെയ്തിരിക്കുകയും, എന്നാൽ അത് ഒരു പ്രത്യേക രീതിയിൽ വിനിയോഗിക്കുകയോ അനുഭവിക്കുകയോ ചെയ്യേണ്ടതാണെന്ന് മരണശാസനത്തിൽ ഒരു നിദേശം അടങ്ങിയിരിക്കുകയും ചെയ്യുന്നിടത്ത്, ഒസ്യത്തവകാശിക്ക് മരണശാസനത്തിൽ അങ്ങനെ യാതൊരു നിദേശവും അടങ്ങിയിട്ടുണ്ടായിരുന്നില്ലെങ്കിലെന്നപോലെ ഫണ്ട് കിട്ടുവാൻ അവകാശമുണ്ട്.

### ദൃഷ്ടാന്തം

ക യ്ക്ക് നാട്ടിൻപുറത്ത് ഒരു താമസസ്ഥലം വാങ്ങുന്നതിനോ അല്ലെങ്കിൽ ക യ്ക്ക് ഒരു വർഷാശനം വാങ്ങുന്നതിനോ, അല്ലെങ്കിൽ ക യെ ഏതെങ്കിലും ബിസിനസ്സിൽ ആക്കുന്നതിനോ ആയി ഒരു തുക ഒസ്യത്ത് ചെയ്യുന്നു. ക ഒസ്യത്തുമുതൽ പണമായി സ്വീകരിക്കാൻ തീരുമാനിക്കുന്നു. അയാരംക്ക് അപ്രകാരം ചെയ്യാൻ അവകാശമുണ്ട്.

139. ഒസ്യത്തവകാശിക്ക് വിനിർദ്ദിഷ്ടമായ ഗുണം സംപ്രാപ്തമാക്കുന്നതിന്, പൂർണ്ണാവകാശത്തോടുകൂടിയ ഒസ്യത്തിന്റെ അനുഭവസംപ്രദായം പരിമിതിപ്പെടുത്തണമെന്ന നിദേശം.—മരണശാസനകർത്താവ് ഒരു ഫണ്ട് തന്റെ സ്വന്തം എസ്റേററിൽനിന്ന് വേർപെടുത്തത്തക്കവിധം പൂർണ്ണാവകാശത്തോടുകൂടി ഒസ്യത്ത് ചെയ്യുകയും, എന്നാൽ ഒസ്യത്തവകാശി അത് അനുഭവിക്കുന്ന സംപ്രദായം ഒസ്യത്തവകാശിക്ക് വിനിർദ്ദിഷ്ടമായ ഒരു ഗുണം സംപ്രാപ്തമാക്കത്തക്കവിധം പരിമിതിപ്പെടുത്തേണ്ടതാണെന്ന് നിദേശിക്കുകയും ചെയ്യുന്നിടത്ത്, ഒസ്യത്തവകാശിക്ക് ആ ഗുണം ലഭിക്കാൻ കഴിയുന്നില്ലെങ്കിൽ, ഫണ്ട് അയാരംക്ക് മരണശാസനത്തിൽ അങ്ങനെ യാതൊരു നിദേശവും അടങ്ങിയിട്ടുണ്ടായിരുന്നില്ലെങ്കിലെന്നപോലെ അവകാശപ്പെട്ടിരിക്കുന്നതാകുന്നു.

### ദൃഷ്ടാന്തങ്ങരം

(i) ക, തന്റെ വസ്തുവിന്റെ അവശേഷം തന്റെ പുത്രിമാർക്കിടയിൽ സമമായി വിഭജിക്കേണ്ടതായി ഒസ്യത്തുചെയ്യുകയും പുത്രിമാരുടെ ഓഹരികരം അവർക്ക് യഥാക്രമം ആജീവനാന്തമായി ധനനിശ്ചയം ചെയ്തുവയ്ക്കുകയും അവരുടെ മരണശേഷം അവരുടെ കുട്ടികരംക്ക് കൊടുക്കുകയും ചെയ്യേണ്ടതാണെന്ന് നിദേശിക്കുകയും ചെയ്യുന്നു. പുത്രിമാരെല്ലാം അവിവാഹിതരായി മരിക്കുന്നു. ഓരോ പുത്രിയുടേയും പ്രതിനിധികരംക്ക് അവശേഷത്തിലെ അവളുടെ ഓഹരിക്ക് അവകാശമുണ്ട്.

(ii) ക തന്റെ പുത്രിക്കായി ഒരു തുക ഉണ്ടാക്കാൻ തന്റെ ട്രസ്റ്റികളെ നിദേശിക്കുകയും പിന്നീട് അയാരം അവർ ആ ഫണ്ട് നിക്ഷേപിക്കുകയും അതിൽനിന്ന് ഉണ്ടാകുന്ന ആദായം അവളുടെ ജീവിതകാലം അവരംക്കു കൊടുക്കുകയും അവളുടെ മരണശേഷം മുതൽ അവളുടെ കുട്ടികരംക്കിടയിൽ വിഭജിക്കുകയും ചെയ്യേണ്ടതാണെന്ന് നിദേശിക്കുകയും ചെയ്യുന്നു. പുത്രി കുട്ടികളുണ്ടാകാതെ മരിക്കുന്നു. ഫണ്ടിന് അവളുടെ പ്രതിനിധികരംക്ക് അവകാശമുണ്ട്.

140. ആവശ്യങ്ങളിൽ ചിലതു നിറവേററാൻ കഴിയാത്തപ്പോരം അവയ്ക്ക് ഫണ്ട് ഒസ്യത്തുചെയ്യുന്നത്.— മരണശാസനകർത്താവ്, ഒരു ഫണ്ട്, തന്റെ സ്വന്തം എസ്റ്റേററിൽനിന്ന് വേർപെടുത്തത്തക്കവിധം പൂർണ്ണാവകാശത്തോടുകൂടി ഒസ്യത്തുചെയ്യാതിരിക്കുകയും, എന്നാൽ അത് ചില ആവശ്യങ്ങരംക്കായി നല്കുകയും, ആ ആവശ്യങ്ങളുടെ ഒരു ഭാഗം നിറവേററാൻ കഴിയാതിരിക്കുകയും ചെയ്യുന്നിടത്ത്, ഫണ്ടോ അതിൽ മരണശാസനം വിഭാവനം ചെയ്യുന്ന പാത്രങ്ങരംക്ക് കൊടുത്തു തീർന്നുപോയിട്ടില്ലാത്തിടത്തോളമുള്ള ഭാഗമോ മരണശാസനകർത്താവിന്റെ എസ്റ്റേററിന്റെ ഭാഗമായി തുടരുന്നതാകുന്നു.

ദൃഷ്ടാന്തങ്ങരം

(i) ക, തന്റെ ട്രസ്റ്റികരം, ഒരു തുക ഒരു പ്രത്യേക വിധത്തിൽ നിക്ഷേപിക്കുകയും, പലിശ ആജീവനാന്തം തന്റെ പുത്രനു കൊടുക്കുകയും അയാരം മരിക്കുമ്പോരം, മുതൽ അയാളുടെ കുട്ടികരംക്കിടയിൽ വിഭജിക്കുകയും ചെയ്യേണ്ടതാണെന്ന് നിദേശിക്കുന്നു. പുത്രൻ കുട്ടികളുണ്ടാകാതെ മരിക്കുന്നു. പുത്രന്റെ മരണശേഷം ഫണ്ട് മരണശാസനകർത്താവിന്റെ എസ്റ്റേററിന് അവകാശപ്പെട്ടിരിക്കുന്നതാണ്.

(ii) ക, തന്റെ എസ്റ്റേററിന്റെ അവശേഷം തന്റെ പുത്രിമാർക്കിടയിൽ സമമായി വിഭജിക്കേണ്ടതായും, അവർക്ക് അവരുടെ ജീവിതകാലത്ത് മാത്രം അവകാശമുണ്ടായിരിക്കേണ്ടതും അവർ മരിക്കുമ്പോരം ഫണ്ട് അവരുടെ കുട്ടികരംക്ക് ചെല്ലേണ്ടതും ആണെന്നുള്ള ഒരു നിദേശത്തോടുകൂടിയും ഒസ്യത്തുചെയ്യുന്നു. ആ പുത്രിമാർക്ക് കുട്ടികളില്ല. ഫണ്ട് മരണശാസനകർത്താവിന്റെ എസ്റ്റേററിന് അവകാശപ്പെട്ടിരിക്കുന്നതാണ്.

## അദ്ധ്യായം XIII

## എക്സിക്യൂട്ടർക്കുള്ള ഒസ്യത്തുകളെക്കുറിച്ച്

141. എക്സിക്യൂട്ടറായി പേർപറയപ്പെടുന്ന ഒസ്യത്തവകാശിക്ക് എക്സിക്യൂട്ടറായി പ്രവർത്തിക്കാനുള്ള ഉദ്ദേശ്യം കാണിക്കാത്ത പക്ഷം എടുക്കാൻ കഴിയുന്നതല്ലെന്ന്.— മരണശാസനത്തിന്റെ എക്സിക്യൂട്ടറായി പേർപറയപ്പെടുന്ന ഒരാരംക്ക് ഒരു ഒസ്യത്തുമുതൽ ഒസ്യത്തുചെയ്യുന്നുവെങ്കിൽ അയാരം മരണശാസനം തെളിയിക്കുകയോ എക്സിക്യൂട്ടറായി പ്രവർത്തിക്കാനുള്ള ഉദ്ദേശ്യം മററുവിധത്തിൽ പ്രദർശിപ്പിക്കുകയോ ചെയ്യാത്ത പക്ഷം, അയാരം ഒസ്യത്തുമുതൽ എടുക്കുന്നതല്ല.

ദൃഷ്ടാന്തം

ക യ്ക്ക് ഒരു ഒസ്യത്തുമുതൽ നല്കുകയും, അയാളെ എക്സിക്യൂട്ടറായി പേർപറയുകയും ചെയ്യുന്നു. ക മരണശാസനത്തിൽ അടങ്ങിയ നിദേശങ്ങളനുസരിച്ച് ശവസംസ്ക്കാരച്ചടങ്ങിന് ആർഡർ കൊടുക്കുകയും മരണശാസനം തെളിയിക്കാതെ മരണശാസനകർത്താവിന് കുറച്ചുദിവസം പിൻപ് മരിക്കുകയും ചെയ്യുന്നു. ക എക്സിക്യൂട്ടറായി പ്രവർത്തിക്കുവാനുള്ള ഉദ്ദേശ്യം പ്രദർശിപ്പിച്ചിട്ടുണ്ട്.

## അദ്ധ്യായം XIV

## വിനിർദ്ദിഷ്ടമായ ഒസ്യത്തുകളെക്കുറിച്ച്

142. വിനിർദ്ദിഷ്ടമായ ഒസ്യത്ത് നിർവചനം.— ഒരു മരണശാസനകർത്താവ്, തൻെറ വസ്തുവിൻെറ വിനിർദ്ദിഷ്ടമായതും മററ ഭാഗങ്ങളിൽനിന്ന് വേർതിരിച്ച് അറിയാവുന്നതുമായ ഒരു ഭാഗം ഏതെങ്കിലും ആരംക്ക് ഒസ്യത്ത് ചെയ്യുന്നിടത്ത്, ഒസ്യത്ത് വിനിർദ്ദിഷ്ടമായതാണെന്ന് പറയപ്പെടുന്നു

ദൃഷ്ടാന്തങ്ങരം

(i) ക ഖ യ്ക്ക് താഴെ പറയുന്നതു ഒസ്യത്തു ചെയ്യുന്നു.

ഗ എനിക്ക് സമ്മാനിച്ച വൈരമോതിരം ”

“ എൻെറ സ്വർണ്ണച്ചെയിൻ ”

“ ഒരു പ്രത്യേക കമ്പിളിക്കെട്ട് ”

“ ഒരു പ്രത്യേക തുണിക്കഷണം ”

“ എൻെറ മരണസമയത്ത്, കൽക്കട്ടയിലെ ഡ തെരുവിലെ എൻെറ വാസഗൃഹത്തിലോ തൊട്ടുചുററുമോ ഉള്ള എൻെറ എല്ലാ വീട്ടുസാമാനങ്ങളും.”

“ ഒരു പ്രത്യേക പെട്ടിയിലുള്ള 1000 രൂപ ”

“ ഖ എനിക്ക് തിരിച്ചുതരുവാനുള്ള കടം. ”

“ കൽക്കട്ടയിലെ എൻെറ വസതിയിൽ കിടക്കുന്ന എനിക്ക് അവകാശപ്പെട്ട എൻെറ എല്ലാ ബില്ലുകളും ബാണ്ടുകളും ഈടു പത്രങ്ങളും. ”

“ കൽക്കട്ടയിലെ എൻെറ വീട്ടിലെ എൻെറ എല്ലാ ഫർണിച്ചറും. ”

“ ഇപ്പോരം ഹൂഗ്ലി നദിയിൽ കിടക്കുന്ന ഒരു പ്രത്യേക കപ്പലിലുള്ള എൻെറ എല്ലാ സാമാനങ്ങളും.”

“ ഗ യുടെ കൈയിൽ എനിക്കുള്ള 2,000 രൂപ”

“ ഘ യുടെ ബാണ്ടിൻമേൽ എനിക്കു കിട്ടുവാനുള്ള പണം.”

“ റാംപൂർ ഫാക്ററിയിൻമേൽ എനിക്കുള്ള പണയം.”

“ റാംപൂർ ഫാക്ററിയിൻമേൽ എനിക്കുള്ള പണയത്തിൻമേൽ എനിക്കു കിട്ടുവാനുള്ള പണത്തിൽ പകുതി”

“ ഗ എനിക്കു തിരിച്ചു തരാനുള്ള കടത്തിൻെറ ഭാഗമായ 1000 രൂപ”

“ ഈസ്ററ് ഇൻഡ്യാ സ്ററാക്കിൽ എൻെറ മൂലധന സ്ററാക്കായ 1,000 രൂപ”

" എന്റെ വക, കേന്ദ്രഗവൺമെൻറിന്റെ നാലുശതമാന കടത്തിലെ 10,000 രൂപയ്ക്കുള്ള കേന്ദ്രഗവൺമെൻറിന്റെ പ്രോമിസ്സറി നോട്ടുകൾ "

" ഡി ആൻഡ് കമ്പനി എന്ന നിർദ്ധന ഫേം എനിക്കു തിരിച്ചു തരാനുള്ള കടം സംബന്ധിച്ച് എന്റെ മരണശേഷം എന്റെ എക്സിക്യൂട്ടർമാർക്ക് കിട്ടാവുന്ന എല്ലാം തുകകളും."

" എന്റെ മരണസമയത്ത് എന്റെ അറയിൽ എനിക്കു ഉണ്ടായേക്കാവുന്ന മുഴുവൻ വീഞ്ഞും"

" എന്റെ കുതിരകളിൽ ഖ തിരഞ്ഞെടുക്കുന്നവ"

" ഇംപീരിയൽ ബാങ്ക് അഫ് ഇൻഡ്യയിൽ എനിക്കുള്ള എല്ലാ ഓഹരികളും"

" ഇംപീരിയൽ ബാങ്ക് അഫ് ഇൻഡ്യയിലെ, എന്റെ മരണസമയത്ത് എനിക്കുള്ള എന്റെ എല്ലാ ഓഹരികളും"

" കേന്ദ്രഗവൺമെൻറിന്റെ അഞ്ചരശതമാനക്കടത്തിൽ എനിക്കുള്ള മുഴുവൻ പണവും"

" എന്റെ മരണസമയത്ത് എനിക്ക് അവകാശപ്പെട്ടിരിക്കുന്ന എല്ലാ ഗവൺമെൻറ് ഈടുപത്രങ്ങളും"

ഈ ഒസ്യത്തുകളിൽ ഓരോന്നും വിനിർദ്ദിഷ്ടമായതാണ്.

(ii) 10,000 രൂപയുടെ ഗവൺമെൻറ് പ്രോമിസ്സറിനോട്ടുകളുള്ള ക, ഖ യുടെ ഗുണത്തിനായി " 10,000 രൂപയ്ക്കുള്ള ഗവൺമെൻറ് പ്രോമിസ്സറിനോട്ടുകൾ വില്ക്കുന്നതിന് ട്രസ്ററായി" തന്റെ എക്സിക്യൂട്ടർമാർക്ക് ഒസ്യത്തു ചെയ്യുന്നു. ഒസ്യത്ത് വിനിർദ്ദിഷ്ടമായതാണ്.

(iii) ബനാറസ്സിലും മററ് സ്ഥലങ്ങളിലും വസ്തു ഉള്ള ക ബനാറസ്സിലുള്ള തന്റെ എല്ലാ വസ്തുവും ഖ യ്ക്കു ഒസ്യത്തു ചെയ്യുന്നു. ഒസ്യത്തു വിനിർദ്ദിഷ്ടമായതാണ്.

(iv) ക, ഖ യ്ക്കു താഴെപറയുന്നത് ഒസ്യത്തുചെയ്യുന്നു.
കൽക്കട്ടയിലുള്ള തന്റെ വീട്;

തന്റെ റാംപൂർ ജമിന്ദാരി;

തന്റെ റാം നഗർ താലൂക്ക്;

സാൽക്കിയായിലെ നീലം ഫാക്ടറിയുടെ തനിക്കുള്ള വാടകയേല്പ്;

ബ എന്ന ജമീന്ദാരിയുടെ പാട്ടം വാടകകളിൽ നിന്ന് 500 രൂപയുടെ വർഷാശനം;

ക തന്റെ ഭ എന്ന ജമീന്ദാരി വില്ക്കുകയും വിററുകിട്ടുന്നത് ഖ യുടെ ഗുണത്തിനായി നിക്ഷേപിക്കുകയും ചെയ്യാൻ നിദേശിക്കുന്നു.

ഈ ഒസ്യത്തുകളിൽ ഓരോന്നും വിനിർദ്ദിഷ്ടമായതാണ്.

(v) ക തന്റെ മരണശാസനം വഴി ഗ യ്ക്ക് അയാളുടെ ജീവിതകാലത്തോളമുള്ള 1,000 രൂപയുടെ ഒരു വർഷാശനം തന്റെ മ എന്ന ജമീന്ദാരിയിൻമേൽ ചാർജ്ജാക്കുകയും ഈ ചാർജ്ജിനു വിധേയമായി ആ ജമീന്ദാരി ഘ യ്ക്കു ഒസ്യത്തുചെയ്യുകയും ചെയ്യുന്നു. ഈ ഓരോ ഒസ്യത്തും വിനിർദ്ദിഷ്ടമായതാണ്.

(vi) ക ഒരു തുക താഴെപറയുന്നതിനായി ഒസ്യത്തുചെയ്യുന്നു—

ഖ യ്ക്ക് കൽക്കട്ടയിൽ ഒരു വീട് വാങ്ങാൻ:
ഖ യ്ക്ക് ഫരിദ്പൂർജില്ലയിൽ ഒരു എസ്റേററ് വാങ്ങാൻ:
ഖ യ്ക്കു ഒരു വൈരമോതിരം വാങ്ങാൻ:
ഖ യ്ക്കു ഒരു കുതിരയെ വാങ്ങാൻ:
ഖ യ്ക്കായി ഇമ്പീരിയൽ ബാങ്ക് അഫ് ഇൻഡ്യയിൽ ഓഹരികളിൽ നിക്ഷേപിക്കുവാൻ:
ഖ യ്ക്കായി ഗവൺമെൻറ് ഈടുപത്രങ്ങളിൽ നിക്ഷേപിക്കാൻ:

ക ഖ യ്ക്കു താഴെപറയുന്നതു ഒസ്യത്തുചെയ്യുന്നു—

" ഒരു വൈരമോതിരം":
" ഒരു കുതിര " :
" 10,000 രൂപയ്ക്കുള്ള ഗവൺമെൻറ് ഈടുപത്രങ്ങരം" :
" 500 രൂപയുടെ വർഷാശനം" :
രൊക്കംകൊടുക്കാനുള്ള 2,000 രൂപ" :
" 5000 രൂപയുടെ 4 ശതമാന ഗവൺമെൻറ് ഈടുപത്രങ്ങരം കിട്ടാൻ വേണ്ടത്ര പണം. "

ഈ ഒസ്യത്തുകരം വിനിർദ്ദിഷ്ടമായവയല്ല.

(vii) ഇംഗ്ലണ്ടിലും ഇൻഡ്യയിലും വസ്തു ഉള്ള ക ഖ യ്ക്കു ഒരു ഒസ്യത്തു മുതൽ ഒസ്യത്തു ചെയ്യുകയും, മരിക്കുമ്പോരം തനിക്ക് അത് ഇൻഡ്യയിൽ ഉള്ള വസ്തുവിൽ നിന്ന് കൊടുക്കേണ്ടതാണെന്നു നിദേശിക്കുകയും ചെയ്യുന്നു. കൂടാതെ, അയാരം ഗ യ്ക്കു ഒരു ഒസ്യത്തു മുതൽ ഒസ്യത്തുചെയ്യുകയും, മരിക്കുമ്പോരം തനിക്ക് അത് ഇംഗ്ലണ്ടിലുള്ള വസ്തുവിൽ നിന്ന് കൊടുക്കേണ്ടതാണെന്നു നിദേശിക്കുകയും ചെയ്യുന്നു. ഈ ഒസ്യത്തുകളിൽ ഒന്നും വിനിർദ്ദിഷ്ടമായതല്ല.

143. ഒരു പ്രത്യേക തുകയുടെ ഒസ്യത്ത്, തുക നിക്ഷേപിച്ചിട്ടുള്ള സ്ററാക്കുകരം മുതലായവ വിവരിച്ചിട്ടുള്ളിടത്ത്.— ഒരു പ്രത്യേക തുക ഒസ്യത്തുചെയ്യുന്നിടത്ത്, അതു നിക്ഷേപിച്ചിട്ടുള്ള സ്ററാക്കോ, ഫണ്ടുകളോ ഈടുപത്രങ്ങളോ മരണശാസനത്തിൽ വിവരിക്കുന്നുണ്ടെന്ന കാരണത്താൽമാത്രം ഒസ്യത്ത് വിനിർദ്ദിഷ്ടമായതല്ല.

ദൃഷ്ടാന്തം

ക ഖ യ്ക്കു താഴെ പറയുന്നത് ഒസ്യത്തുചെയ്യുന്നു—

" ഫണ്ടിൽ നിക്ഷേപിച്ച എൻെറ വസ്തുവിലെ 10,000 രൂപ "

" ഈസ്ററ് ഇൻഡ്യാ റയിൽവേ കമ്പനിയുടെ ഓഹരികളിൽ ഇപ്പോരം നിക്ഷേപിച്ചിട്ടുള്ള എൻെറ വസ്തുവിലെ 10,000 രൂപ "

" ഇപ്പോരം റാംപൂർ ഫാക്ടറിയുടെ പണയത്തിൻെറ ഈടുള്ള 10,000 രൂപ "

ഈ ഒസ്യത്തുകളിൽ ഒന്നും വിനിർദ്ദിഷ്ടമായതല്ല.

144. സ്ററാക്കുകളുടെ ഒസ്യത്ത് മരണശാസനത്തീയതി മരണശാസനകർത്താവിന് അതേതരത്തിലുള്ള തുല്യമോ അതിൽ കൂടുതലോ സ്ററാക്ക് ഉണ്ടായിരുന്നിടത്ത്.— ഏതെങ്കിലും തരത്തിലുള്ള കുറച്ച് സ്ററാക്ക് സാമാന്യമായി പറഞ്ഞുകൊണ്ട് ഒസ്യത്ത് ചെയ്യുന്നിടത്ത്, മരണശാസനകർത്താവ് മരണ

ശാസനത്തീയതി ഒസ്യത്തുചെയ്തതിന് തുല്യമോ അതിൽ കൂടുതലോ സ്റ്റോക്ക് കൈവശമുണ്ടായിരുന്നു എന്ന കാരണത്താൽ മാത്രം ഒസ്യത്ത് വിനിർദ്ദിഷ്ടമായതല്ല.

## ദൃഷ്ടാന്തം

ക ഖ യ്ക്കു 5,000 രൂപയുടെ 5 ശതമാനം ഗവൺമെൻറ് ഈട് പത്രങ്ങൾ ഒസ്യത്ത്ചെയ്യുന്നു. മരണശാസനത്തീയതി ക യ്ക്കു 5,000 രൂപയുടെ 5 ശതമാന ഗവൺമെൻറ് ഈടുപത്രങ്ങൾ ഉണ്ടായിരുന്നു. ഒസ്യത്ത് വിനിർദ്ദിഷ്ടമായതല്ല.

145. പണത്തിൻെറ ഒസ്യത്ത്, അത് മരണശാസന കർത്താവിൻെറ വസ്തുവിൻെറ ഒരു ഭാഗം ഒരു പ്രത്യേക വിധത്തിൽ വിനിയോഗം ചെയ്യുന്നതുവരെ കൊടുക്കേണ്ടതല്ലാത്തിടത്ത്.— പണത്തിൻെറ ഒസ്യത്ത്, അത് കൊടുക്കുന്നത്, മരണശാസനകർത്താവിൻെറ വസ്തുവിൻെറ വല്ല ഭാഗവും ഒരു പ്രത്യേക രൂപത്തിലുള്ളതാക്കുകയോ ഒരു പ്രത്യേക സ്ഥലത്തേക്ക് അയക്കുകയോ ചെയ്യുന്നതുവരെ നീട്ടിവയ്ക്കണമെന്ന് മരണശാസനം നിദേശിക്കുന്നു എന്ന കാരണത്താൽമാത്രം, വിനിർദ്ദിഷ്ടമായതല്ല.

## ദൃഷ്ടാന്തം

ക ഖ യ്ക്ക് 10,000 രൂപ ഒസ്യത്തുചെയ്യുകയും, ഈ ഒസ്യത്തു മുതൽ ക യുടെ ഇൻഡ്യയിലുള്ള വസ്തു ഇംഗ്ലണ്ടിൽ ഈടായ ഉടനെ കൊടുക്കേണ്ടതാണെന്ന് നിദേശിക്കുകയും ചെയ്യുന്നു. ഒസ്യത്ത് വിനിർദ്ദിഷ്ടമായതല്ല.

146. എണ്ണിപ്പറയുന്ന സാധനങ്ങൾ വിനിർദ്ദിഷ്ടമായി ഒസ്യത്ത് ചെയ്യപ്പെട്ടവയായി കരുതപ്പെടാത്തത് എപ്പോഴെന്ന്.—ഒരു മരണശാസനത്തിൽ, മുൻപ് ഒസ്യത്ത് ചെയ്തിട്ടില്ലാത്ത ചില വസ്തുവിനങ്ങൾ എണ്ണിപ്പറയുന്നതോടൊപ്പം മരണശാസനകർത്താവിൻെറ വസ്തുവിൻെറ അവശേഷത്തിൻെറ ഒസ്യത്ത് അടങ്ങുന്നിടത്ത് എണ്ണിപ്പറഞ്ഞ സാധനങ്ങൾ വിനിർദ്ദിഷ്ടമായി ഒസ്യത്ത് ചെയ്യപ്പെട്ടവയായി കരുതപ്പെടുന്നതല്ല.

147. പല ആളുകൾക്ക് അനുക്രമമായുള്ള വിനിർദ്ദിഷ്ടമായ ഒസ്യത്തിൻെറ രൂപം നിലനിറുത്തുന്നത്.—അനുക്രമമായി രണ്ടോ അതിലധികമോ ആളുകൾക്ക് വസ്തു വിനിർദ്ദിഷ്ടമായി ഒസ്യത്ത് ചെയ്യുന്നിടത്ത്, അതു മൂല്യം തുടർച്ചയായി കുറഞ്ഞുകൊണ്ടിരിക്കുന്ന പ്രകൃതത്തിലുള്ളതാകാമെന്നിരിക്കിലും, മരണശാസനകർത്താവ് ഒസ്യത്ത്ചെയ്ത രൂപത്തിൽ നിലനിറുത്തേണ്ടതാകുന്നു.

## ദൃഷ്ടാന്തങ്ങൾ

(i) ഒരു വീടിൻെറ ഒന്നിലധികം വർഷങ്ങൾക്കുള്ളതും, അതിൽ താൻ മരിക്കുമ്പോൾ പതിനഞ്ചു വർഷം കഴിയാൻ ബാക്കിയുള്ളതുമായ ഒരു വാടകയേല്പുള്ള ക, ആ വാടകയേല്പ് ആജീവനാന്തമായി ഖ യ്ക്കും ഖ യുടെ മരണശേഷം ഗ യ്ക്കുമായി ഒസ്യത്ത് ചെയ്യുന്നു. ഖ പതിനഞ്ചു വർഷം ജീവിച്ചിരിക്കുന്നുവെങ്കിൽ, ഗ യ്ക്ക് ഒസ്യത്തിൻകീഴിൽ ഒന്നും എടുക്കാൻ കഴിയുന്നതല്ലെന്നിരുന്നാലും, ഖ വസ്തു, ക അത് ഒസ്യത്ത് ചെയ്തതുപോലെ അനുഭവിക്കേണ്ടതാണ്.

(ii) ഖ യുടെ ജീവിതകാലത്തോളമുള്ള ഒരു വർഷാശനമുള്ള ക അത് ആജീവനാന്തമായി ഗ യ്ക്കും അയാളുടെ മരണശേഷം ഘ യ്ക്കും ആയി ഒസ്യത്തുചെയ്യുന്നു. ഖ ഘ യ്ക്ക് മുമ്പ് മരിക്കുന്നുവെങ്കിൽ ഘ യ്ക്ക് ഒസ്യത്തിൻ കീഴിൽ ഒന്നും എടുക്കാൻ കഴിയുന്നതല്ലെന്നിരുന്നാലും, ഗ വർഷാശനം ക അതു ഒസ്യത്തു ചെയ്തതുപോലെ അനുഭവിക്കേണ്ടതാണ്.

148. രണ്ടോ അതിലധികമോ ആളുകൾക്ക് അനുക്രമമായി ഒസ്യത്ത് ചെയ്യുന്ന വസ്തു വില്ക്കുകയും വിററ് കിട്ടുന്നത് നിക്ഷേപിക്കുകയും ചെയ്യുന്നത്.—രണ്ടോ അതിലധികമോ ആളുകൾക്ക് അനുക്രമമായി ഉള്ള ഒരു ഒസ്യത്തിൽ അടങ്ങുന്ന വസ്തു വിനിർദ്ദിഷ്ടമായി ഒസ്യത്ത് ചെയ്യാത്തിടത്ത്, അത് വിപരീതമായ ഏതെങ്കിലും നിദേശത്തിന്റെ അഭാവത്തിൽ വില്ക്കുകയും, വിററു കിട്ടുന്നത് ഹൈക്കോടതി ഏതെങ്കിലും സാമാന്യചട്ടത്താൽ പ്രാധികാരപ്പെടുത്തുകയോ നിദേശിക്കുകയോ ചെയ്യുന്ന ഈട് പത്രത്തിൽ നിക്ഷേപിക്കുകയും ചെയ്യേണ്ടതും, അങ്ങനെ ഉണ്ടാകുന്ന ഫണ്ട് അനുക്രമമായുള്ള ഒസ്യത്തവകാശികൾ മരണശാസനത്തിലെ നിബന്ധനകൾ അനുസരിച്ച് അനുഭവിക്കേണ്ടതും ആകുന്നു.

## ദൃഷ്ടാന്തം

ഒന്നിലധികം വർഷത്തേക്കുള്ള ഒരു പാട്ടം (വാടക) ഏലപ്പുള്ള ക, അയാളുടെ വസ്തു മുഴുവനും ആജീവനാന്തമായി ഖ യ്ക്കും ഖ യുടെ മരണശേഷം ഗ യ്ക്കും ആയി ഒസ്യത്തുചെയ്യുന്നു. പാട്ടം (വാടക) ഏലപ്പ് വില്ക്കുകയും വിററുകിട്ടുന്നത് ഈ വകുപ്പിൽ പ്രസ്താവിച്ചപ്രകാരം നിക്ഷേപിക്കുകയും ആ ഫണ്ടിൽ നിന്ന് ഉദ്ഭവിക്കുന്ന വാർഷികാദായം ആജീവനാന്തം ഖ യ്ക്ക് കൊടുക്കുകയും ചെയ്യേണ്ടതാണ്. ഖ മരിക്കുന്നതോടെ ഫണ്ടിന്റെ മുതൽ ഗ യ്ക്ക് കൊടുക്കേണ്ടതാണ്.

149. ഒസ്യത്തു മുതലുകൾ കൊടുക്കാൻ ആസ്തികൾ കമ്മിയായിരിക്കുന്നിടത്ത്, വിനിർദ്ദിഷ്ട ഒസ്യത്ത് സാമാന്യ ഒസ്യത്തുകളോടൊപ്പം ഉപശമിക്കുന്നതല്ലെന്ന്.—ഒസ്യത്തു മുതലുകൾ കൊടുക്കുന്നതിന് ആസ്തികൾ കമ്മിയാണെങ്കിൽ, വിനിർദ്ദിഷ്ട ഒസ്യത്ത് സാമാന്യ ഒസ്യത്തോടൊപ്പം ഉപശമിക്കുന്നതല്ല.

## അദ്ധ്യായം XV

## നിദർശക ഒസ്യത്തുകളെക്കുറിച്ച്

150. നിദർശക ഒസ്യത്ത്, നിർവ്വചനം.—മരണശാസനകർത്താവ് ഒരു പ്രത്യേക തുക വരുന്ന പണമോ, അല്ലെങ്കിൽ ഒരു പ്രത്യേക പരിമാണം വരുന്ന ഏതെങ്കിലും സാധനമോ ഒസ്യത്തു ചെയ്യുകയും, ഒരു പ്രത്യേക ഫണ്ടിനേയോ സ്റ്റോക്കിനേയോ കുറിച്ച് അതിനെ, അതിൽ നിന്ന് പണം കൊടുക്കേണ്ട പ്രാഥമിക ഫണ്ടോ സ്ററാക്കോ ആക്കത്തക്കവിധം പരാമർശിക്കുകയും ചെയ്യുന്നിടത്ത്, ഒസ്യത്തിനെ നിദർശകമെന്ന് പറയുന്നു.

വിശദീകരണം.—വിനിർദ്ദിഷ്ട ഒസ്യത്തും നിദർശക ഒസ്യത്തും തമ്മിലുള്ള വ്യത്യാസം—

ഒസ്യത്തവകാശിക്ക് വിനിർദ്ദിഷ്ടമായ വസ്തു നല്കുന്നിടത്ത്, ഒസ്യത്ത്, വിനിർദ്ദിഷ്ടമായതും,

ഒസ്യത്തു മുതൽ വി നിർദ്ദിഷ്ടമായ വസ്തുവിൽ നിന്ന് കൊടുക്കുവാൻ നിദേശിക്കുന്നിടത്ത് അത് നിദർശകവും,
ആണ് എന്നുള്ളതിലടങ്ങിയിരിക്കുന്നു.

ദൃഷ്ടാന്തങ്ങൾ

(i) ക, തനിക്ക് ബ തിരിച്ചുതരാനുള്ള കടത്തിന്റെ ഭാഗമായ 1,000 രൂപ ഖ യ്ക്കു ഒസ്യത്തു ചെയ്യുന്നു. അയാൾ, തനിക്ക് ബ തിരിച്ചുതരാനുള്ള കടത്തിൽ നിന്നു കൊടുക്കേണ്ടതായി ഗ യ്ക്ക് 1,000 രൂപ ഒസ്യത്തു ചെയ്യുകയും ചെയ്യുന്നു. ഖ യ്ക്കുള്ള ഒസ്യത്ത് വി നിർദ്ദിഷ്ടമായതും ഗ യ്ക്കുള്ള ഒസ്യത്ത് നിദർശകവും ആണ്.

(ii) ക, ഖ യ്ക്ക് താഴെ പറയുന്നത് ഒസ്യത്തു ചെയ്യുന്നു.

"എന്റെ ഗ്രീൻ ഏക്കർ നിലത്തു വിളയുന്ന ധാന്യത്തിൽ പത്തു ബുഷൽ"

"എന്റെ രാംപൂർ ഫാക്ടറിയിൽ ഉണ്ടാക്കുന്ന നീലത്തിൽ 80 പെട്ടി" :

"എന്റെ കേന്ദ്രഗവൺമെന്റ് അഞ്ചുശതമാന പ്രോമിസറിനോട്ടുകളിൽ നിന്ന് 10,000 രൂപ" :

"ഫണ്ടിൽ നിക്ഷേപിച്ച എന്റെ വസ്തുവിൽ നിന്ന് 500 രൂപയുടെ വർഷാശനം" :

"ഗ എനിക്കു തരാനുള്ള 2,000 രൂപയിൽ നിന്ന് 1,000 രൂപ"

ക ഖ യ്ക്ക് ഒരു വർഷാശനം ഒസ്യത്തു ചെയ്യുകയും, അത് "എന്റെ റാംനഗർ താലൂക്കിൽ നിന്നു ഉദ്ഭവിക്കുന്ന പാട്ടം വാടകകളിൽ നിന്ന്" കൊടുക്കാൻ നിദേശിക്കുകയും ചെയ്യുന്നു.

(iii) ക, ഖ യ്ക്ക്—

"റാം നഗറിലെ എന്റെ എസ്റ്റേററിൽ നിന്ന് 10,000 രൂപ" ഒസ്യത്തു ചെയ്യുകയോ അത് റാംനഗറിലുള്ള അയാളുടെ എസ്റ്റേററിൽ ചാർജ്ജാക്കുകയോ ചെയ്യുന്നു:

"ക ഖ യ്ക്ക് ഒരു പ്രത്യേക ബിസിനസ്സിൽ ഇറക്കിയ എന്റെ മൂലധന ഓഹരികളായ 10,000 രൂപ"

ഒസ്യത്തു ചെയ്യുന്നു.

ഈ ഒസ്യത്തുകളിൽ ഓരോന്നും നിദർശകമാണ്.

151. വിനിർദ്ദിഷ്ടമായ ഒസ്യത്തിന് വിധേയമായ ഫണ്ടിൽ നിന്ന് ഒസ്യത്തുമുതൽ കൊടുക്കാൻ നിദേശിക്കുന്നിടത്ത് കൊടുക്കുന്നതിന്റെ ക്രമം.—ഒരു ഫണ്ടിന്റെ ഒരു ഭാഗം വിനിർദ്ദിഷ്ടമായി ഒസ്യത്ത് ചെയ്യുകയും, അതേ ഫണ്ടിൽനിന്ന് ഒരു ഒസ്യത്തു മുതൽ കൊടുക്കാൻ നിദേശിക്കുകയും ചെയ്യുന്നിടത്ത്, വിനിർദ്ദിഷ്ടമായി ഒസ്യത്ത് ചെയ്ത ഭാഗം ആ ഒസ്യത്തവകാശിക്ക് ആദ്യമായി കൊടുക്കേണ്ടതും, നിദർശക ഒസ്യത്ത് ഫണ്ടിന്റെ അവശേഷത്തിൽനിന്നും, അവശേഷം കമ്മിയായി വരുന്നിടത്തോളം മരണശാസനകർത്താവിന്റെ സാമാന്യ ആസ്തികളിൽ നിന്നും കൊടുക്കേണ്ടതും, ആകുന്നു.

ദൃഷ്ടാന്തം

ക, തനിക്ക് ബ തിരിച്ചുതരാനുള്ള കടത്തിന്റെ ഭാഗമായ 1,000 രൂപ ഖ യ്ക്ക് ഒസ്യത്തു ചെയ്യുന്നു. അയാൾ, തനിക്ക് ബ തിരിച്ചുതരാനുള്ള കടത്തിൽനിന്ന് കൊടുക്കേണ്ടതായി 1,000 രൂപ ഗ യ്ക്ക് ഒസ്യത്തു ചെയ്യുകയും ചെയ്യുന്നു. ബ യിൽനിന്ന് ക യ്ക്ക് തിരിച്ചു കിട്ടുവാനുള്ള കടം 1,500 രൂപ മാത്രമാണ്. ഈ 1,500 രൂപയിൽ, 1,000 രൂപ ഖ യ്ക്ക അവകാശപ്പെട്ടതും 500 രൂപ ഗ യ്ക്ക് കൊടുക്കേണ്ടതും ആണ്. ഗ യ്ക്ക് മരണശാസനകർത്താവിന്റെ സാമാന്യ ആസ്തികളിൽനിന്ന് 500 രൂപ കിട്ടേണ്ടതും ആണ്.

## അദ്ധ്യായം XVI

## ഒസ്യത്തുകളുടെ പ്രത്യാഹരണത്തെക്കുറിച്ച്

152. പ്രത്യാഹരണം—വിശദീകരണം.—വിനിർദ്ദിഷ്ടമായി ഒസ്യത്തു ചെയ്യപ്പെട്ടിട്ടുള്ള എന്തെങ്കിലും മരണശാസനകർത്താവിന്റെ മരണസമയത്ത് അയാൾക്ക് അവകാശപ്പെട്ടതല്ലാത്തതായിരിക്കുകയോ, അല്ലെങ്കിൽ അതു വ്യത്യസ്തതരത്തിലുള്ള വസ്തുവായി മാററിയിരിക്കുകയോ ചെയ്യുന്നുവെങ്കിൽ, ഒസ്യത്ത് പ്രത്യാഹരിക്കപ്പെടുന്നു; അതായത്, അതിന് വിഷയവസ്തു മരണശാസനത്തിന്റെ പ്രവർത്തനത്തിൽ നിന്ന് പിൻവലിക്കപ്പെട്ടിരിക്കുന്നു എന്ന കാരണത്താൽ ഫലത്തിൽവരാൻ കഴിയുന്നതല്ല.

### ദൃഷ്ടാന്തങ്ങൾ

(i) ക, ഖ യ്ക്ക് താഴെ പറയുന്നത് ഒസ്യത്തു ചെയ്യുന്നു—

"ഗ എനിക്ക് സമ്മാനിച്ച വൈരമോതിരം" :

"എന്റെ സ്വർണ്ണച്ചെയിൻ" :

"ഒരു പ്രത്യേക കമ്പിളിക്കെട്ട്" :

"ഒരു പ്രത്യേക തുണിക്കഷണം" :

"എന്റെ മരണസമയത്ത് കൽക്കട്ടയിലെ ഡ തെരുവിലെ എന്റെ വാസഗൃഹത്തിലോ തൊട്ടുചുററുമോ ഉള്ള എന്റെ എല്ലാ വീട്ടുസാമാനങ്ങളും"

ക, തന്റെ ജീവിതകാലത്ത്—

മോതിരം വില്ക്കുകയോ കൊടുത്തുകളയുകയോ ചെയ്യുന്നു :

ചെയിൻ ഒരു കപ്പായി മാററുന്നു:

കമ്പിളിയെ തുണിയായി മാററുന്നു:

തുണിയെ ഉടുപ്പായി മാററുന്നു:

മറെറാരു വീടെടുക്കുകയും അതിലേക്ക് തന്റെ എല്ലാ സാമാനങ്ങളും നീക്കം ചെയ്യുകയും ചെയ്യുന്നു.

ഈ ഒസ്യത്തുകളിൽ ഓരോന്നും പ്രത്യാഹരിക്കപ്പെട്ടിരിക്കുന്നു.

(ii) ക, ഖ യ്ക്ക് താഴെപ്പറയുന്നത് ഒസ്യത്തു ചെയ്യുന്നു—

"ഒരു പ്രത്യേക പെട്ടിയിലെ 1,000 രൂപ"

"എന്റെ ലായത്തിലെ എല്ലാ കുതിരകളും"

ക മരിക്കുമ്പോൾ ആ പെട്ടിയിൽ പണമോ ലായത്തിൽ കുതിരയോ ഇല്ല. ഒസ്യത്തുകൾ പ്രത്യാഹരിക്കപ്പെട്ടിരിക്കുന്നു.

(iii) ക, ഖ യ്ക്ക് ചില സാമാനക്കെട്ടുകൾ ഒസ്യത്തു ചെയ്യുന്നു. ക, ആ സാമാനങ്ങൾ ഒരു കപ്പൽയാത്രയിൽ തന്നോടൊപ്പം കൊണ്ടുപോകുന്നു. ആ കപ്പലും സാമാനങ്ങളുംകടലിൽ നഷ്ടപ്പെടുകയും ക മുങ്ങിമരിക്കുകയും ചെയ്യുന്നു. ഒസ്യത്ത് പ്രത്യാഹരിക്കപ്പെട്ടിരിക്കുന്നു.

153. നിദർശക ഒസ്യത്ത് പ്രത്യാഹരിക്കപ്പെടാതിരിക്കൽ.—ഒരു നിദർശക ഒസ്യത്ത്, ഏതു വസ്തുവിന്മേലാണോ അത് മരണശാസനത്താൽ ചാർജ്ജാക്കപ്പെട്ടിരിക്കുന്നത്, ആ വസ്തു മരണശാസനകർത്താവിന്റെ മരണസമയത്ത് നിലവിലില്ലെന്നോ, അല്ലെങ്കിൽ അത് വ്യത്യസ്ത തരത്തിലുള്ള വസ്തുവായി മാററിയിട്ടുണ്ടെന്നോ ഉള്ള കാരണത്താൽ പ്രത്യാഹരിക്കപ്പെടുന്നതല്ലാത്തതും, എന്നാൽ അങ്ങനെയുള്ള സംഗതിയിൽ അത് മരണശാസനകർത്താവിന്റെ സാമാന്യ—ആസ്തികളിൽനിന്ന് കൊടുക്കേണ്ടതും ആകുന്നു.

154. മൂന്നാം കക്ഷിയിൽ നിന്ന് വല്ലതും കിട്ടാനുള്ള അവകാശത്തിന്റെ വിനിർദ്ദിഷ്ട ഒസ്യത്ത് പ്രത്യാഹരിക്കപ്പെടുന്നത്.—വിനിർദ്ദിഷ്ടമായി ഒസ്യത്ത് ചെയ്യുന്നത് ഒരു മൂന്നാം കക്ഷിയിൽനിന്ന് മൂല്യമുള്ള വല്ലതും കിട്ടാനുള്ള അവകാശമായിരിക്കുകയും, അത് മരണശാസനകർത്താവുതന്നെ വാങ്ങുകയും ചെയ്യുന്നിടത്ത്, ഒസ്യത്ത് പ്രത്യാഹരിക്കപ്പെടുന്നു.

ദൃഷ്ടാന്തങ്ങൾ

(i) ക, ഖ യ്ക്ക് താഴെപറയുന്നത് ഒസ്യത്തു ചെയ്യുന്നു.

"ഗ എനിക്ക് തിരിച്ചുതരാനുള്ള കടം"

"ഘ യുടെ കൈയിൽ എനിക്കുള്ള 2,000 രൂപ"

"ങ യുടെ ബാണ്ടിന്മേൽ എനിക്കു കിട്ടുവാനുള്ള പണം"

"റാംപൂർ ഫാക്ററിയിന്മേൽ എനിക്കുള്ള പണയം"

ഈ എല്ലാ കടങ്ങളും, ചിലത് ക യുടെ സമ്മതത്തോടും ചിലത് ക യുടെ സമ്മതംകൂടാതെയും, ക യുടെ ജീവിതകാലത്ത് തീർന്നുപോകുന്നു. ഈ എല്ലാ ഒസ്യത്തുകളും പ്രത്യാഹരിക്കപ്പെടുന്നു.

(ii) ക ചില ലൈഫ് ഇൻഷ്വറൻസ് പോളിസിയിലെ തന്റെ അവകാശം ഖ യ്ക്ക് ഒസ്യത്തുചെയ്യുന്നു. ക യ്ക്ക് പോളിസികളുടെ തുക തന്റെ ജീവിത കാലത്ത് കിട്ടുന്നു. ഒസ്യത്ത് പ്രത്യാഹരിക്കപ്പെടുന്നു.

155. വിനിർദ്ദിഷ്ടമായി ഒസ്യത്തു ചെയ്യുന്ന മുഴുവൻ സാധനത്തിന്റെയും ഭാഗം, മരണശാസനകർത്താവിന് കിട്ടുന്നതുവഴി അത്രത്തോളമുള്ള പ്രത്യാഹരണം.—വിനിർദ്ദിഷ്ടമായി ഒസ്യത്തു ചെയ്യുന്ന മുഴുവൻ സാധനത്തിന്റെയും ഒരു ഭാഗം, മരണശാസനകർത്താവിന് കിട്ടുന്നത്, അപ്രകാരം കിട്ടുന്ന തുകയോളം ഒസ്യത്തിന്റെ പ്രത്യാഹരണമായി പ്രവർത്തിക്കുന്നതാകുന്നു.

ദൃഷ്ടാന്തം

ക "ഗ എനിക്ക് തിരിച്ചുതരാനുള്ള കടം" ഖ യ്ക്ക് ഒസ്യത്തു ചെയ്യുന്നു. കടം 10,000 രൂപയ്ക്കുള്ളതാണ്. ഗ കടത്തിന്റെ പകുതിയായ 5,000 രൂപ ക യ്ക്ക് കൊടുക്കുന്നു. ക യ്ക്ക് കിട്ടുന്ന 5,000 രൂപയെ സംബന്ധിച്ച് ഒസ്യത്ത് അത്രത്തോളം പ്രത്യാഹരണംവഴി പിൻവലിക്കപ്പെട്ടിരിക്കുന്നു.

156. ഒരു ഭാഗം വിനിർദ്ദിഷ്ടമായി ഒസ്യത്ത് ചെയ്തിട്ടുള്ള മുഴുവൻ ഫണ്ടിന്റേയും ഒരു ഭാഗം മരണശാസനകർത്താവിന് കിട്ടുന്നതുവഴി, അത്രത്തോളമുള്ള പ്രത്യാഹരണം.—ഒരു മുഴുവൻഫണ്ടിന്റേയോ സ്റ്റോക്കിന്റേയോ ഒരു ഭാഗം വിനിർദ്ദിഷ്ടമായി ഒസ്യത്തു ചെയ്യുന്നുവെങ്കിൽ ആ, ഫണ്ടിന്റേയോ സ്റ്റോക്കിന്റേയോ ഒരു ഭാഗം മരണശാസനകർത്താവിന് കിട്ടുന്നത്, അപ്രകാരം കിട്ടുന്ന തുകയോളംമാത്രം പ്രത്യാഹരണമായി പ്രവർത്തിക്കുന്നതും, ആ ഫണ്ടിന്റേയോ സ്റ്റോക്കിന്റേയോ അവശേഷം, വിനിർദ്ദിഷ്ട ഒസ്യത്തിലെ ബാദ്ധ്യത തീർക്കുന്നതിനായി വിനിയോഗിക്കേണ്ടതായിരിക്കുന്നതും ആണ്.

ദൃഷ്ടാന്തം

ക, ബ തനിക്ക് തരാനുള്ള 10,000 രൂപയുടെ പകുതി ഖ യ്ക്ക് ഒസ്യത്തു ചെയ്യുന്നു. ക യ്ക്ക് തന്റെ ജീവിത കാലത്ത് ആ 10,000 രൂപയുടെ ഭാഗമായ 6,000 രൂപ കിട്ടുന്നു. ക മരിക്കുമ്പോൾ ബ യിൽനിന്ന് ക യ്ക്ക് കിട്ടുവാനുള്ള 4,000 രൂപ വിനിർദ്ദിഷ്ട ഒസ്യത്തിൻകീഴിൽ ഖ യ്ക്ക് അവകാശപ്പെട്ടതാണ്.

157. ഫണ്ടിന്റെ ഭാഗം ഒരു ഒസ്യത്തവകാശിക്ക് വിനിർദ്ദിഷ്ടമായി ഒസ്യത്തു ചെയ്യുകയും, മറ്റൊരു ഒസ്യത്തവകാശിക്ക് അതേ ഫണ്ടിൻമേൽ ഒസ്യത്തു മുതൽ ചാർജ്ജാക്കുകയും മരണശാസനകർത്താവിന് ആ ഫണ്ടിന്റെ ഭാഗം കിട്ടിയിരിക്കേ ബാക്കിയുള്ളത് രണ്ട് ഒസ്യത്തു മുതലുകളും കൊടുക്കാൻ മതിയാകാതെവരികയും ചെയ്യുന്നിടത്ത്, കൊടുക്കുന്നതിന്റെ ക്രമം.—ഒരു ഫണ്ടിന്റെ ഒരു ഭാഗം ഒരു ഒസ്യത്തവകാശിക്ക് വിനിർദ്ദിഷ്ടമായി ഒസ്യത്തു ചെയ്യുകയും, അതേ ഫണ്ടിൻമേൽ ചാർജ്ജാക്കിയ ഒരു ഒസ്യത്തു മുതൽ മറ്റൊരു ഒസ്യത്തവകാശിക്ക് ഒസ്യത്തു ചെയ്യുകയും ചെയ്യുന്നിടത്ത്, മരണശാസനകർത്താവിന് ആ ഫണ്ടിന്റെ ഒരു ഭാഗം കിട്ടിയിരിക്കുകയും, ഫണ്ടിന്റെ ബാക്കി വിനിർദ്ദിഷ്ട ഒസ്യത്തും നിദർശക ഒസ്യത്തും രണ്ടും കൊടുക്കുവാൻ മതിയാകാതെ വരികയും ചെയ്യുന്നു എങ്കിൽ, വിനിർദ്ദിഷ്ട ഒസ്യത്തു മുതൽ ആദ്യം കൊടുക്കേണ്ടതും, ഫണ്ടിന്റെ അവശേഷം (വല്ലതും ഉണ്ടെങ്കിൽ) അത്രത്തോളം, നിദർശക ഒസ്യത്തു മുതൽ കൊടുക്കാൻ വിനിയോഗിക്കേണ്ടതും, നിദർശക ഒസ്യത്തു മുതലിൽ കൊടുക്കാനുള്ള ബാക്കി മരണശാസനകർത്താവിന്റെ സാമാന്യ ആസ്തികളിൽനിന്ന് കൊടുക്കേണ്ടതും ആകുന്നു.

ദൃഷ്ടാന്തം

ക തനിക്ക് ബ തിരിച്ചുതരാനുള്ള 2000 രൂപ കടത്തിന്റെ ഭാഗമായ 1000 രൂപ ഖ യ്ക്ക് ഒസ്യത്തു ചെയ്യുന്നു. അയാൾ തനിക്ക് ബ തിരിച്ചുതരാനുള്ള കടത്തിൽനിന്ന് കൊടുക്കേണ്ടതായി 1000 രൂപ ഗ യ്ക്ക് ഒസ്യത്തു ചെയ്യുകയും ചെയ്യുന്നു. പിന്നീട് ക യ്ക്ക് ആ കടത്തിന്റെ ഭാഗമായ 500 രൂപ കിട്ടുകയും, തനിക്ക് ബ 1500 രൂപ മാത്രം തിരിച്ചുതരാതിരിക്കെ മരിക്കുകയും ചെയ്യുന്നു. ഈ 1500 രൂപയിൽ 1000 രൂപ ഖ യ്ക്ക് അവകാശപ്പെട്ടതും, 500 രൂപ ഗ യ്ക്ക് കൊടുക്കേണ്ടതും ആകുന്നു. ഗ യ്ക്ക് മരണശാസനകർത്താവിന്റെ സാമാന്യ ആസ്തികളിൽനിന്ന് 500 രൂപ കിട്ടേണ്ടതുമാണ്.

158. വിനിർദ്ദിഷ്ടമായി ഒസ്യത്തു ചെയ്ത സ്റ്റോക്ക് മരണശാസനകർത്താവ് മരിക്കുമ്പോൾ നിലവിലില്ലാത്തിടത്തുള്ള പ്രത്യാഹരണം.—വിനിർദ്ദിഷ്ടമായി ഒസ്യത്തു ചെയ്തിട്ടുള്ള സ്റ്റോക്ക് മരണശാസനകർത്താവ് മരിക്കുമ്പോൾ നിലവിലില്ലാത്തിടത്തു ഒസ്യത്തു പ്രത്യാഹരിക്കപ്പെടുന്നു.

ദൃഷ്ടാന്തം

ക, ഖ യ്ക്ക് താഴെ പറയുന്നത് ഒസ്യത്തു ചെയ്യുന്നു.—

" ഈസ്റ്റ് ഇൻഡ്യാ സ്റ്റോക്കിലെ എന്റെ 1000 പവൻ മൂലധന സ്റ്റോക്ക്";

" കേന്ദ്രഗവൺമെന്റ് നാലുശതമാനത്തിൽ 10,000 രൂപയ്ക്ക് എനിക്കുള്ള കേന്ദ്രഗവൺമെന്റ് പ്രാമിസ്സറിനോട്ടുകൾ "

ക സ്റ്റോക്കും നോട്ടുകളും വില്ക്കുന്നു. ഒസ്യത്തുകൾ പ്രത്യാഹരിക്കപ്പെടുന്നു.

159. വിനിർദ്ദിഷ്ടമായി ഒസ്യത്തു ചെയ്ത സ്റ്റോക്ക് മരണശാസനകർത്താവ് മരിക്കുമ്പോൾ ഭാഗികമായി മാത്രം നിലവിലുള്ളിടത്ത് നിലവിലില്ലാത്തിടത്തോളമുള്ള പ്രത്യാഹരണം.—വിനിർദ്ദിഷ്ടമായി ഒസ്യത്ത

ചെയ്തിട്ടുള്ള സ്ററാക്ക് മരണശാസനകർത്താവ് മരിക്കുമ്പോൾ ഭാഗികമായി മാത്രം നിലവിലുള്ളിടത്ത്, സ്ററാക്കിന്റെ നിലവിലില്ലാതായിട്ടുള്ള ഭാഗം സംബന്ധിച്ചിടത്തോളം ഒസ്യത്ത് പ്രത്യാഹരിക്കപ്പെടുന്നു.

## ദൃഷ്ടാന്തം

ക, കേന്ദ്രഗവൺമെൻറ് അഞ്ചരശതമാനക്കണക്കിൽ തനിക്കുള്ള 10,000 രൂപ ഖ യ്ക്ക് ഒസ്യത്തു ചെയ്യുന്നു. ക പ്രശ്നവിഷയകമായ കടത്തിൽ തനിക്കുള്ള 10,000 രൂപയുടെ പകുതി വില്ക്കുന്നു. ഒസ്യത്തിന്റെ പകുതി പ്രത്യാഹരിക്കപ്പെടുന്നു.

160. ഒരു പ്രത്യേകസ്ഥലവുമായി ബന്ധപ്പെട്ടതായി വിവരിക്കപ്പെടുന്ന സാമാനങ്ങളുടെ വിനിർദ്ദിഷ്ട ഒസ്യത്തു നീക്കം ചെയ്യൽ കാരണമായി പ്രത്യാഹരിക്കപ്പെടാതിരിക്കൽ.—ഒരു പ്രത്യേക സ്ഥലവുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള വിവരണത്തിൻകീഴിലുള്ള സാമാനങ്ങളുടെ ഒരു വിനിർദ്ദിഷ്ട ഒസ്യത്ത്, അവ അങ്ങനെയുള്ള സ്ഥലത്തുനിന്ന് ഏതെങ്കിലും താൽക്കാലിക കാരണത്താലോ, വഞ്ചനയാലോ മരണശാസനകർത്താവിന്റെ അറിവോ അനുമതിയോ കൂടാതെയോ നീക്കം ചെയ്യപ്പെട്ടു എന്ന കാരണത്താൽ പ്രത്യാഹരിക്കപ്പെടുന്നില്ല.

## ദൃഷ്ടാന്തങ്ങൾ

(i) ക "എന്റെ മരണസമയത്ത് കൽക്കത്തയിലെ എന്റെ വാസഗൃഹത്തിലോ തൊട്ടുചുററുമോ ഉള്ള എന്റെ എല്ലാ വീട്ടുസാമാനങ്ങളും" ഖ യ്ക്ക് ഒസ്യത്തു ചെയ്യുന്നു. അവയെ തീപിടിത്തത്തിൽനിന്ന് രക്ഷിക്കുന്നതിന് അവ ആ വീട്ടിൽനിന്ന് നീക്കംചെയ്യുന്നു. അവ തിരിയെ കൊണ്ടുവരുന്നതിനു മുൻപ് ക മരിക്കുന്നു.

(ii) ക "എന്റെ മരണസമയത്ത് കൽക്കത്തയിലെ എന്റെ വാസഗൃഹത്തിലോ തൊട്ടുചുററുമോ ഉള്ള എന്റെ എല്ലാ വീട്ടുസാമാനങ്ങളും" ഖ യ്ക്ക് ഒസ്യത്തു ചെയ്യുന്നു. യാത്രപോയതിനാലുള്ള ക യുടെ അഭാവത്തിൽ സാമാനങ്ങൾ മുഴുവൻ വീട്ടിൽനിന്ന് നീക്കം ചെയ്യുന്നു. അവയുടെ നീക്കംചെയ്യലിന് അനുമതി നല്കുന്നതിനു മുൻപ് ക മരിക്കുന്നു.

ഈ ഒസ്യത്തുകളിൽ ഒന്നും പ്രത്യാഹരിക്കപ്പെടുന്നില്ല.

161. ഒസ്യത്തു ചെയ്തത് നീക്കം ചെയ്യുന്നത് പ്രത്യാഹരണമാകാത്തത് എപ്പോഴെന്ന്.—ഒസ്യത്തു ചെയ്യുന്ന സാധനം സ്ഥിതിചെയ്യുന്നതായി മരണശാസനത്തിൽ പറയുന്ന സ്ഥലം പരാമർശിച്ചിട്ടുള്ളത് മരണശാസനകർത്താവ് ഒസ്യത്തു ചെയ്യാൻ ഉദ്ദേശിച്ചതിന്റെ വിവരണം പൂർത്തിയാക്കാൻവേണ്ടി മാത്രമായിട്ടുള്ളിടത്ത്, ആ സ്ഥലത്തുനിന്ന് അത് നീക്കം ചെയ്യുന്നത് പ്രത്യാഹരിക്കൽ ആകുന്നതല്ല.

## ദൃഷ്ടാന്തങ്ങൾ

(i) ക "കൽക്കട്ടയിലെ എന്റെ വസതിയിൽ ഇപ്പോൾ കിടക്കുന്നതും എനിക്ക് അവകാശപ്പെട്ടതുമായ എല്ലാ ബില്ലുകളും, ബോണ്ടുകളും പണത്തിനുള്ള മററ് ഈടുപത്രങ്ങളും" ഖ യ്ക്ക് ഒസ്യത്തുചെയ്യുന്നു. അയാളുടെ മരണസമയത്ത് ഇവ കൽക്കട്ടയിലെ അയാളുടെ വസതിയിൽനിന്ന് നീക്കം ചെയ്യപ്പെട്ടിട്ടുണ്ടായിരുന്നു.

(ii) ക, കൽക്കട്ടയിലെ തന്റെ വീട്ടിൽ അപ്പോഴുള്ള തന്റെ എല്ലാ ഫർണിച്ചറും ഖ യ്ക്ക് ഒസ്യത്തു ചെയ്യുന്നു. മരണശാസനകർത്താവിന് ഒരു വീട് കൽക്കട്ടയിലും മറ്റൊന്നു ചിൽസുറയിലും ഉണ്ടായിരിക്കുകയും, അവയിൽ അയാൾ മാറിമാറി താമസിക്കുകയും, ഒരു സെറ്റ് ഫർണിച്ചർ മാത്രമുണ്ടായിരിക്കെ അത് തന്നോടൊപ്പം ഓരോ വീട്ടിലേയ്ക്കും നീക്കം ചെയ്യുകയും ചെയ്യുന്നു. അയാൾ മരിക്കുമ്പോൾ ഫർണിച്ചർ ചിൽസുറയിലെ വീട്ടിലാണ്.

(iii) ക, അപ്പോൾ ഹൂഗ്ലിനദിയിൽ കിടക്കുന്ന ഒരു പ്രത്യേക കപ്പലിലുള്ള തന്റെ എല്ലാ സാമാനങ്ങളും ഖ യ്ക്ക് ഒസ്യത്തു ചെയ്യുന്നു. ക യുടെ നിദേശപ്രകാരം ഈ സാമാനങ്ങൾ ഒരു പണ്ടകശാലയിലേക്ക് നീക്കം ചെയ്യുകയും, ക മരിക്കുമ്പോൾ അവ അവിടെ ആയിരിക്കുകയും ചെയ്യുന്നു.

ഈ ഒസ്യത്തുകളിൽ ഒന്നും പ്രത്യാഹരണ വഴി പിൻവലിക്കപ്പെടുന്നില്ല.

162. ഒസ്യത്തു ചെയ്യപ്പെട്ടത്, മരണശാസനകർത്താവിന് മൂന്നാമതൊരാളിൽനിന്ന് കിട്ടേണ്ട വിലപിടിപ്പുള്ള സാധനമായിരിക്കുകയും, അത് മരണശാസനകർത്താവിന് തന്നെയോ അയാളുടെ പ്രതിനിധിക്കോ കിട്ടിയിരിക്കുകയും ചെയ്യുമ്പോൾ.—ഒസ്യത്തു ചെയ്യപ്പെട്ടത്, മൂന്നാമതൊരാളിൽനിന്ന് മൂല്യമുള്ള വല്ലതും കിട്ടാനുള്ള അവകാശമല്ലാതിരിക്കുകയും, എന്നാൽ മൂന്നാമതൊരാളിൽനിന്ന് മരണശാസനകർത്താവിനോ അയാളുടെ പ്രതിനിധിക്കോ കിട്ടിയേക്കാവുന്ന പണമോ മററു സാധനമോ ആയിരിക്കുകയും ചെയ്യുന്നിടത്ത്, മരണശാസനകർത്താവിന് ആ തുകയോ മററു സാധനമോ കിട്ടുന്നത് പ്രത്യാഹരണമാകുന്നതല്ലാത്തതും, എന്നാൽ അയാൾ അത് തന്റെ വസ്തുവിന്റെ സാമാന്യമായ കൂട്ടവുമായി കലർത്തുന്നു എങ്കിൽ, ഒസ്യത്ത് പ്രത്യാഹരിക്കപ്പെടുന്നതുമാകുന്നു.

### ദൃഷ്ടാന്തം

ക, ഗയ്ക്കെതിരായുള്ള തേർച്ചയിൽനിന്ന് കിട്ടിയേക്കാവുന്ന എന്തു തുകയും ഖ യ്ക്ക് ഒസ്യത്തു ചെയ്യുന്നു. ക യ്ക്ക്, ഗ യ്ക്കെതിരായുള്ള തേർച്ച മുഴുവനും കിട്ടുകയും, അത് തന്റെ വസ്തുവിന്റെ സാമാന്യമായ കൂട്ടത്തിൽനിന്ന് വേറെ വയ്ക്കുകയും ചെയ്യുന്നു. ഒസ്യത്ത് പ്രത്യാഹരിക്കപ്പെടുന്നില്ല.

163. വിനിർദ്ദിഷ്ട ഒസ്യത്തിന്റെ വിഷയവസ്തുവിന് മരണശാസനത്തീയതിക്കും മരണശാസനകർത്താവിന്റെ മരണത്തിനും ഇടയ്ക്ക് നിയമത്തിന്റെ പ്രവർത്തനത്താലുള്ളമാററം.—വിനിർദ്ദിഷ്ടമായ ഒസ്യത്തു ചെയ്യപ്പെട്ടതിന് മരണശാസനത്തീയതിക്കും മരണശാസനകർത്താവിന്റെ മരണത്തിനും ഇടയ്ക്ക് മാററം വരുകയും, ആ മാററം സംഭവിക്കുന്നത്, നിയമത്തിന്റെ പ്രവർത്തനത്താലോ, അല്ലെങ്കിൽ ഒസ്യത്ത് ചെയ്യപ്പെട്ടത് ഏതു നിയമപരമായ പ്രമാണത്തിൻകീഴിലാണോ വച്ചുപോന്നിരുന്നത്, അങ്ങനെയുള്ള ഏതെങ്കിലും പ്രമാണത്തിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനിടയിലോ, ആയിരിക്കുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള മാററം കാരണമായി ഒസ്യത്ത് പ്രത്യാഹരിക്കപ്പെടുന്നില്ല.

ദൃഷ്ടാന്തങ്ങൾ

(i) ക "കേന്ദ്രഗവൺമെൻറിൻെറ അഞ്ചരശതമാനക്കടത്തിൽ എനിക്കുള്ള എല്ലാ പണവും" ഖ യ്ക്ക് ഒസ്യത്തു ചെയ്യുന്നു. ആ അഞ്ചരശതമാനക്കടത്തിൻെറ ഈടുപത്രങ്ങൾ ക യുടെ ജീവിതകാലത്ത് അഞ്ചുശതമാനസ്ററാക്കായി മാററപ്പെടുന്നു.

(ii) ക, തനിക്കുവേണ്ടിയുള്ള ട്രസ്ററുകളുടെ പേരിൽ കൺസാളുകളിൽ നിക്ഷേപിച്ചിട്ടുള്ള 2000 പവൻ ഖ യ്ക്ക് ഒസ്യത്തു ചെയ്യുന്നു. ട്രസ്ററികൾ ആ 2000 പവൻ ക യുടെ സ്വന്തം പേർക്ക് കൈമാററം ചെയ്യുന്നു.

(iii) തൻെറ വിവാഹധന നിശ്ചയത്തിൻകീഴിൽ മരണശാസനം വഴി വിനിയോഗം ചെയ്യാൻ തനിക്ക് അധികാരമുള്ള കേന്ദ്രഗവൺമെൻറ് പ്രാമിസ്സറിനോട്ടുകളിലായി ക, 10,000 രൂപ ഖ യ്ക്ക് ഒസ്യത്തു ചെയ്യുന്നു. പിന്നീട്, ക യുടെ ജീവിതകാലത്ത് ധനനിശ്ചയത്തിലടങ്ങിയ പ്രാധികാരത്തിൻെറ ബലത്തിൽ ആ ഫണ്ട് കൺസാളുകളായി മാററുന്നു.

ഈ ഒസ്യത്തുകളിൽ ഒന്നും പ്രത്യാഹരിക്കപ്പെടുന്നില്ല.

164. <u>മരണശാസനകർത്താവിൻെറ അറിവോടുകൂടിയല്ലാതെ വിഷയവസ്തുവിനുള്ള മാററം</u>.—വിനിർദ്ദിഷ്ടമായി ഒസ്യത്തു ചെയ്യപ്പെട്ടതിന് മരണശാസനത്തീയതിക്കും മരണശാസനകർത്താവിൻെറ മരണത്തിനും ഇടയ്ക്ക മാററം വരുകയും, ആ മാററം സംഭവിക്കുന്നത് മരണശാസനകർത്താവിൻെറ അറിവോ അനുമതിയോ കൂടാതെ ആയിരിക്കുകയും ചെയ്യുന്നിടത്ത്, ഒസ്യത്തു പ്രത്യാഹരിക്കപ്പെടുന്നില്ല.

ദൃഷ്ടാന്തം

ക "എൻെറ എല്ലാ 3 ശതമാനം കൺസാളുകളും" ഖ യ്ക്ക് ഒസ്യത്തു ചെയ്യുന്നു. ക യുടെ അറിവുകൂടാതെ ക യുടെ ഏജൻറ് ആ കൺസാളുകൾ വില്ക്കുകയും വിററുകിട്ടിയത് ഈസ്ററ് ഇൻഡ്യാ സ്ററാക്കായി മാററുകയും ചെയ്യുന്നു. ഈ ഒസ്യത്തു പ്രത്യാഹരിക്കപ്പെടുന്നില്ല.

165. <u>വിനിർദ്ദിഷ്ടമായി ഒസ്യത്തു ചെയ്തിട്ടുള്ള സ്ററാക്ക് പകരം വയ്ക്കണമെന്ന ഉപാധിയിൻമേൽ മൂന്നാം കക്ഷിക്ക് കടം കൊടുക്കുന്നത്</u>.—വിനിർദ്ദിഷ്ടമായി ഒസ്യത്തു ചെയ്തിട്ടുള്ള സ്ററാക്ക് അതിനുപകരം വയ്ക്കണമെന്ന ഉപാധിയിൻമേൽ മൂന്നാംകക്ഷിക്ക് കടം കൊടുക്കുകയും, അപ്രകാരം അതിനു പകരം വയ്ക്കുകയും ചെയ്യുന്നിടത്ത്, ഒസ്യത്ത് പ്രത്യാഹരിക്കപ്പെടുന്നില്ല.

166. <u>വിനിർദ്ദിഷ്ടമായി ഒസ്യത്തു ചെയ്ത സ്ററാക്ക് വില്ക്കുകയും എന്നാൽ അതിനുപകരം വയ്ക്കുകയും മരിക്കുമ്പോൾ അത് മരണശാസനകർത്താവിന് അവകാശപ്പെട്ടിരിക്കുകയും ചെയ്യുന്നത്</u>.—വിനിർദ്ദിഷ്ടമായി ഒസ്യത്തു ചെയ്ത സ്ററാക്ക് വില്ക്കുകയും, പിന്നീട് അത്രയുംതന്നെയുള്ള അതേ സ്ററാക്ക് വാങ്ങുകയും, മരിക്കുമ്പോൾ അത് മരണശാസനകർത്താവിന് അവകാശപ്പെട്ടിരിക്കുകയും ചെയ്യുന്നിടത്ത് ഒസ്യത്ത് പ്രത്യാഹരിക്കപ്പെടുന്നില്ല.

## അദ്ധ്യായം XVII

## ഒസ്യത്തിന്റെ വിഷയവസ്തുസംബന്ധിച്ചുള്ള ബാദ്ധ്യതകൾ കൊടുത്തുതീർക്കുന്നതിനെക്കുറിച്ച്

167. വിനിർദ്ദിഷ്ട ഒസ്യത്തിന്റെ ഒസ്യത്തവകാശികളെ ബാദ്ധ്യതയിൽനിന്ന് ഒഴിവാക്കാൻ എക്സിക്യൂട്ടർക്ക് ബാദ്ധ്യതയില്ലെന്ന്.—(1) വിനിർദ്ദിഷ്ടമായി ഒസ്യത്തു ചെയ്ത വസ്തു, മരണശാസന കർത്താവ് തന്നെയോ അയാൾ അവകാശപ്പെടുന്നത് ആർക്കു കീഴിലാണോ അങ്ങനെയുള്ള ഏതെങ്കിലും ആളോ സൃഷ്ടിച്ച ഏതെങ്കിലും പണയത്തിനോ, ചാർജിനോ, കുടിക്കടത്തിനോ, മരണശാസനകർത്താവു മരിക്കുമ്പോൾ, വിധേയമായിരിക്കുന്നിടത്ത്, മരണശാസനപ്രകാരം വിപരീതമായ ഉദ്ദേശ്യം കാണാത്ത പക്ഷം, ഒസ്യത്തവകാശി, അയാൾ ഒസ്യത്ത് പ്രതിഗ്രഹിക്കുന്നുവെങ്കിൽ, അയാൾ അങ്ങനെയുള്ള പണയത്തിന്റേയോ കുടിക്കടത്തിന്റേയോ തുക താനും മരണശാസനകർത്താവിന്റെ എസ്റേറററും തമ്മിലായിടത്തോളം) തീർത്തുകൊടുക്കാൻ ബാദ്ധ്യസ്ഥനാകുന്നു.

(2) സാമാന്യമായി, മരണശാസനകർത്താവിന്റെ കടങ്ങൾ കൊടുത്തുതീർക്കാനായി മരണശാസനത്തിൽ അടങ്ങിയിരിക്കാവുന്ന ഏതെങ്കിലും നിദേശത്തിൽ നിന്നു വിപരീതമായ ഉദ്ദേശ്യം നിഗമനം ചെയ്യാൻ പാടുള്ളതല്ല.

വിശദീകരണം.—ഭൂമിക്കരത്തിന്റെ പ്രകൃതത്തിലുള്ളതോ പാട്ടത്തിന്റെ (വാടകയുടെ) പ്രകൃതത്തിലുള്ളതോ ആയ ആനുകാലികമായ പണം കൊടുക്കൽ ഈ വകുപ്പ് വിഭാവനം ചെയ്യുന്നതു പോലെയുള്ള കുടിക്കടമല്ല.

### ദൃഷ്ടാന്തങ്ങൾ

(i) ക, തനിക്ക് ഗ നല്കിയ വൈരമോതിരം ഖ യ്ക്ക് ഒസ്യത്ത് ചെയ്യുന്നു. ക മരിക്കുമ്പോൾ ആ മോതിരം ക യിൽ നിന്ന് പണയം കിട്ടിയിട്ടുള്ള ഘ പണയമായി വച്ചുകൊണ്ടിരിക്കുന്നു. മോതിരം വീണ്ടെടുക്കാൻ ഖ യെ അനുവദിക്കേണ്ടത് മരണശാസനകർത്താവിന്റെ ആസ്തികളുടെ സ്ഥിതി അനുവദിക്കുമെങ്കിൽ ക യുടെ എക്സിക്യൂട്ടർമാരുടെ കർത്തവ്യമാണ്.

(ii) ക, താൻ മരിക്കുമ്പോൾ 10,000 രൂപയുടെ പണയത്തിന് വിധേയമായ ഒരു ജമീന്ദാരി ഖ യ്ക്ക് ഒസ്യത്ത് ചെയ്യുകയും; ക മരിക്കുമ്പോൾ മുഴുവൻ മുതലും 1000 രൂപ പലിശയും കൊടുക്കാനുള്ളതായിരിക്കയും ചെയ്യുന്നു. ഖ ഒസ്യത്ത് പ്രതിഗ്രഹിക്കുന്നുവെങ്കിൽ, അത് ഈ ചാർജ്ജിന് വിധേയമായി പ്രതിഗ്രഹിക്കുന്നതും, കൊടുക്കാനുള്ള 11,000 രൂപ കൊടുക്കാൻ താനും ക യുടെ എസ്റേററും തമ്മിലായിടത്തോളം ബാദ്ധ്യസ്ഥനായിരിക്കുന്നതും ആണ്.

168. ഒസ്യത്തു ചെയ്ത സാധനങ്ങൾക്കുള്ള മരണശാസനകർത്താവിന്റെ ഉടമാവകാശം പൂർത്തീകരിക്കുന്നത് അയാളുടെ എസ്റേററിന്റെ ചെലവിലായിരിക്കണമെന്ന്.—ഒസ്യത്തു ചെയ്ത സാധനത്തിനുള്ള മരണശാസന കർത്താവിന്റെ ഉടമാവകാശം പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും ചെയ്യേണ്ടതുള്ളിടത്ത്, അത് മരണശാസനകർത്താവിന്റെ എസ്റേററിന്റെ ചെലവിൽ ചെയ്യേണ്ടതാകുന്നു.

ദൃഷ്ടാന്തങ്ങൾ

(i) ക ഒരു തുണ്ടുഭൂമി, ഒരു പ്രത്യേക വിലയ്ക്ക് വാങ്ങാൻ സാമാന്യമായി പറഞ്ഞുകൊണ്ടുള്ള ഒരു കാൺട്രാക്ററ് ചെയ്തിരിക്കെ, അത് ഖ യ്ക്ക് ഒസ്യത്തു ചെയ്യുകയും, ക്രയസംഖ്യ കൊടുക്കുന്നതിന് മുമ്പ് മരിക്കുകയും ചെയ്യുന്നു. ക്രയസംഖ്യ ക യുടെ ആസ്തികളിൽ നിന്ന് നികത്തിക്കൊടുക്കേണ്ടതാണ്.

(ii) ഒരു തുണ്ടുഭൂമി പകുതി രൊക്കം കൊടുക്കേണ്ടതും, മറേറ പകുതിക്ക് ഭൂമിയിന്മേലുള്ള പണയം വഴി ഈടുനല്കേണ്ടതുമായ, ഒരു പ്രത്യേക തുകയ്ക്ക് വാങ്ങാൻ സാമാന്യമായി പറഞ്ഞുകൊണ്ടുള്ള ഒരു കാൺട്രാക്ററ് ചെയ്തിരിക്കെ ക, അത് ഖ യ്ക്ക് ഒസ്യത്തു ചെയ്യുകയും, ക്രയസംഖ്യയുടെ ഏതെങ്കിലും ഭാഗം കൊടുക്കുകയോ അതിന് ഈടു നല്കുകയോ ചെയ്യുന്നതിനു മുമ്പ് മരിക്കുകയും ചെയ്യുന്നു. ക്രയസംഖ്യയുടെ പകുതി, ക യുടെ ആസ്തികളിൽ നിന്ന് കൊടുക്കേണ്ടതാണ്.

169. ഒസ്യത്തവകാശിയുടെ, ആനുകാലികമായി ഭൂമിക്കരമോ പാട്ടമോ (വാടകയോ) കൊടുക്കേണ്ട സ്ഥാവരവസ്തുവിനെ ബാദ്ധ്യതയിൽനിന്ന് ഒഴിവാക്കൽ.—ഏതു സ്ഥാവരവസ്തു സംബന്ധിച്ചാണോ ആനുകാലികമായി ഭൂമിക്കരത്തിൻെറ പ്രകൃതത്തിലുള്ളതോ, പാട്ടത്തിൻെറ (വാടകയുടെ) പ്രകൃതത്തിലുള്ളതോ ആയ പണം കൊടുക്കേണ്ടത്, അങ്ങനെയുള്ള സ്ഥാവരവസ്തുവിലെ ഏതെങ്കിലും അവകാശത്തിൻെറ ഒരു ഒസ്യത്തുള്ളിടത്ത്, മരണശാസനകർത്താവിൻെറ എസ്റേററ് (അങ്ങനെയുള്ള എസ്റേററും ഒസ്യത്തവകാശിയും തമ്മിലായിടത്തോളം) അതതുസംഗതിപോലെ, അയാളുടെ മരണംവരെ അങ്ങനെ കൊടുക്കാനുള്ള പണമോ അതിൻെറ അനുപാതമോ നികത്തികൊടുക്കേണ്ടതാകുന്നു.

ദൃഷ്ടാന്തം

പ്രതിവർഷം 365 രൂപ വാടക കൊടുക്കേണ്ട ഒരു വീട് ക, ഖ യ്ക്ക് ഒസ്യത്തു ചെയ്യുന്നു. ക, പതിവുസമയത്ത് വാടകകൊടുക്കുകയും 25 ദിവസത്തിനുശേഷം മരിക്കുകയും ചെയ്യുന്നു. വാടക സംബന്ധിച്ച് 25 രൂപ ക യുടെ എസ്റേററ് നികത്തിക്കൊടുക്കേണ്ടതാണ്.

170. ജായിൻറ് സ്ററാക്ക് കമ്പനിയിൽ വിനിർദ്ദിഷ്ട ഒസ്യത്തിൻെറ ഒസ്യത്തവകാശിക്കുള്ള സ്ററാക്ക് ബാദ്ധ്യതയിൽനിന്ന് ഒഴിവാക്കുന്നത്.—മരണശാസനത്തിലെ ഏതെങ്കിലും നിദേശത്തിൻെറ അഭാവത്തിൽ, ഒരു ജായിൻറ് സ്ററാക്ക് കമ്പനിയിലെ സ്ററാക്കിൻെറ ഒരു വിനിർദ്ദിഷ്ട ഒസ്യത്തുള്ളിടത്ത്, ആ സ്ററാക്ക് സംബന്ധിച്ച് മരണശാസനകർത്താവ് മരിക്കുമ്പോൾ കൊടുക്കാനുള്ള കാൾ തുകയോ മററു പണമോ ഉണ്ടെങ്കിൽ, ആ കാൾ തുകയോ പണമോ മരണശാസനകർത്താവിൻെറ എസ്റേററും ഒസ്യത്തവകാശിയും തമ്മിലായിടത്തോളം എസ്റേററ് വഹിക്കേണ്ടതും; എന്നാൽ, അങ്ങനെയുള്ള സ്ററാക്ക് സംബന്ധിച്ച് ഏതെങ്കിലും കാൾ തുകയോ മററു കൊടുക്കാനുള്ള പണമോ മരണശാസനകർത്താവിൻെറ മരണശേഷം കൊടുക്കാനുള്ളതായിത്തീരുന്നുവെങ്കിൽ, അത് ഒസ്യത്തവകാശി ഒസ്യത്തു പ്രതിഗ്രഹിക്കുന്നുവെങ്കിൽ, മരണശാസനകർത്താവിൻെറ എസ്റേററും ഒസ്യത്തവകാശിയും തമ്മിലായിടത്തോളം ഒസ്യത്തവകാശി വഹിക്കേണ്ടതും ആകുന്നു.

ദൃഷ്ടാന്തങ്ങൾ

(i) ക, ഒരു റയിൽവെയിലെ തന്റെ ഓഹരികൾ ഖ യ്ക്ക് ഒസ്യത്തു ചെയ്യുന്നു. ക മരിക്കുമ്പോൾ അയാളിൽനിന്നു കിട്ടാനുള്ളതായി ഓരോ ഓഹരി സംബന്ധിച്ചും മുറപ്രകാരം ഉണ്ടായ കാളിന്റെ തുക 100 രൂപയും, ഓരോ ഓഹരിസംബന്ധിച്ചും ആ കാൾ സംബന്ധിച്ച് കിട്ടാനുള്ളതായിത്തീർന്ന പലിശത്തുക 5 രൂപയും ഉണ്ടായിരുന്നു. കൊടുക്കാനുള്ള ഈ തുകകൾ ക യുടെ എസ്റേററ് വഹിക്കണം.

(ii) ക, ഒരു ഉദ്ദിഷ്ട ജായിന്റ് സ്റ്റാക്ക് കമ്പനിയിൽ 50 ഓഹരി എടുക്കാൻ സമ്മതിക്കുകയും, ഓരോ ഓഹരി സംബന്ധിച്ചും, ഓഹരികൾക്കുള്ള തന്റെ ഉടമാവകാശം പൂർത്തിയാക്കാൻ കഴിയുന്നതിനുമുമ്പ് കൊടുക്കേണ്ട 100 രൂപ കൊടുക്കാൻ കാൺട്രാക്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ക, ഈ ഓഹരികൾ ഖ യ്ക്ക് ഒസ്യത്തു ചെയ്യുന്നു. ക, യുടെ ഉടമാവകാശം പൂർത്തിയാക്കാൻ കൊടുക്കേണ്ടത് ആവശ്യമായിരുന്ന പണം ക യുടെ എസ്റേററ് നികത്തിക്കൊടുക്കണം.

(iii) ക, ഒരു റയിൽവെയിലെ തന്റെ ഓഹരികൾ ഖ യ്ക്ക് ഒസ്യത്തു ചെയ്യുന്നു. ഖ ഒസ്യത്തുമുതൽ പരിഗ്രഹിക്കുന്നു. ക യുടെ മരണശേഷം, ആ ഓഹരികൾ സംബന്ധിച്ച് ഒരു കാൾ ഉണ്ടാകുന്നു. ഖ, കാൾത്തുക കൊടുക്കണം.

(iv) ക, ഒരു ജായിന്റ് സ്റ്റാക്ക് കമ്പനിയിലെ തന്റെ ഓഹരികൾ ഖ യ്ക്കു ഒസ്യത്തു ചെയ്യുന്നു. ഖ, ഒസ്യത്തു പ്രതിഗ്രഹിക്കുന്നു. പിന്നീട് കമ്പനിയുടെ കാര്യങ്ങൾ പരിസമാപിപ്പിക്കുകയും ഓരോ ഓഹരിയുടമയോടും അംശദായം ആവശ്യപ്പെടുകയും ചെയ്യുന്നു. അംശദായത്തുക ഒസ്യത്തവകാശി വഹിക്കണം.

(v) ക, ഒരു റയിൽവെ കമ്പനിയിലെ പത്ത് ഓഹരികളുടെ ഉടമയാണ്. അയാളുടെ ജീവിതകാലത്ത് കൂടിയ ഒരു യോഗത്തിൽ ഓരോ ഓഹരിക്കും മൂന്ന് ഗഡുക്കളായി കൊടുക്കേണ്ട 50 രൂപയ്ക്കുള്ള കാൾ അയക്കുന്നു. ക, തന്റെ ഓഹരി ഖ യ്ക്ക് ഒസ്യത്തു ചെയ്യുകയും, ഒന്നാംഗഡു കൊടുക്കുന്നതിനായി നിശ്ചയിച്ച ദിവസത്തിനും രണ്ടാംഗഡു കൊടുക്കുന്നതിനായി നിശ്ചയിച്ച ദിവസത്തിനും ഇടയ്ക്ക് ഒന്നാംഗഡു കൊടുക്കാതെ മരിക്കുകയും ചെയ്യുന്നു. ക യുടെ എസ്റേററ് ഒന്നാമത്തെ ഗഡു കൊടുക്കുകയും, ഖ ഒസ്യത്തുമുതൽ പ്രതിഗ്രഹിക്കുന്നു എങ്കിൽ, ബാക്കിയുള്ള ഗഡുക്കൾ കൊടുക്കുകയും ചെയ്യണം.

## അദ്ധ്യായം XVIII

## സാമാന്യമായി പറഞ്ഞുകൊണ്ട് വിവരിക്കുന്ന സാധനങ്ങളുടെ ഒസ്യത്തുകളെക്കുറിച്ച്

171. <u>സാമാന്യമായി പറഞ്ഞു കൊണ്ടു വിവരിക്കുന്ന സാധനത്തിന്റെ ഒസ്യത്ത്.</u>—സാമാന്യമായി പറഞ്ഞുകൊണ്ടു വിവരിക്കുന്ന എന്തിന്റെയെങ്കിലും ഒരു ഒസ്യത്തുണ്ടെങ്കിൽ, എക്സിക്യൂട്ടർ ഒസ്യത്തവകാശിക്കുവേണ്ടി ആ വിവരണവുമായി യോജിക്കുന്നതാണെന്ന് ന്യായമായി കരുതാവുന്നത് വിലയ്ക്ക് വാങ്ങണം.

ദൃഷ്ടാന്തങ്ങൾ

(i) ക, ഒരു ജോടി വണ്ടിക്കുതിരകളെ അല്ലെങ്കിൽ ഒരു വൈരമോതിരം ഖ യ്ക്ക് ഒസ്യത്ത് ചെയ്യുന്നു. ആസ്തികളുടെ സ്ഥിതി അനുവദിക്കുമെങ്കിൽ, എക്സിക്യൂട്ടർ അങ്ങനെയുള്ള സാധനങ്ങൾ ഒസ്യത്തവകാശിക്ക് സമ്പാദിച്ചുകൊടുക്കണം.

(ii) ക, "എന്റെ ജോടി വണ്ടിക്കുതിരകൾ" ഖ യ്ക്ക് ഒസ്യത്തു ചെയ്യുന്നു. ക യ്ക്ക് മരിക്കുമ്പോൾ വണ്ടിക്കുതിരകളുണ്ടായിരുന്നില്ല. ഒസ്യത്ത് നിഷ്ഫലമാകുന്നു.

## അദ്ധ്യായം XIX

## ഒരു ഫണ്ടിന്റെ പലിശയുടേയോ ഉത്പന്നത്തിന്റേയോ ഒസ്യത്തുകളെക്കുറിച്ച്

172. ഫണ്ടിന്റെ പലിശയുടേയോ ഉത്പന്നത്തിന്റേയോ ഒസ്യത്ത്.—ഏതെങ്കിലും ആൾക്ക് ഒരു ഫണ്ടിന്റെ പലിശയോ ഉത്പന്നമോ ഒസ്യത്ത് ചെയ്യുകയും, മരണശാസനം ആ ഒസ്യത്തിന്റെ അനുഭവം ഒരു പരിമിത കാലത്തേയ്ക്കുള്ളതായിരിക്കേണ്ടതാണെന്ന ഒരു ഉദ്ദേശ്യത്തെക്കുറിച്ച് യാതൊരു സൂചനയും നല്കാതിരിക്കുകയും ചെയ്യുന്നിടത്ത്, മുതലും പലിശയും ഒസ്യത്തവകാശിക്ക് അവകാശപ്പെട്ടിരിക്കുന്നതാണ്.

ദൃഷ്ടാന്തങ്ങൾ

(i) ക, തന്റെ കേന്ദ്രഗവൺമെന്റ് 5 ശതമാന പ്രാമിസ്സറി നോട്ടുകളുടെ പലിശ ഖ യ്ക്ക് ഒസ്യത്തു ചെയ്യുന്നു. മരണശാസനത്തിൽ ആ ഈടു പത്രങ്ങളെ ബാധിക്കുന്ന മററു യാതൊരു ഖണ്ഡവും ഇല്ല. ക യുടെ കേന്ദ്ര ഗവൺമെന്റ് 5 ശതമാന പ്രാമിസ്സറി നോട്ടുകൾക്ക് ഖ യ്ക്ക് അവകാശമുണ്ട്.

(ii) ക, തന്റെ കേന്ദ്ര ഗവൺമെന്റ് 5½ ശതമാന പ്രാമിസ്സറിനോട്ടുകളുടെ പലിശ ആജീവനാന്തമായി ഖ യ്ക്കും ഖ യുടെ മരണശേഷം ഗ യ്ക്കുമായിഒസ്യത്തു ചെയ്യുന്നു. ഖ യ്ക്ക്, അയാളുടെ ജീവിതകാലത്ത് നോട്ടുകളുടെ പലിശയ്ക്ക് അവകാശമുള്ളതും, ഖ മരിക്കുന്നതോടെ ഗ യ്ക്ക് ആ നോട്ടുകൾക്ക് അവകാശമുള്ളതും ആണ്.

(iii) ക, തന്റെ ഫ എന്ന സ്ഥലത്തുള്ള ഭൂമിയുടെ പാട്ടങ്ങൾ ഖ യ്ക്ക് ഒസ്യത്തു ചെയ്യുന്നു. ഖ യ്ക്ക് ആ ഭൂമിക്ക് അവകാശമുണ്ട്.

## അദ്ധ്യായം XX

## വർഷാശനങ്ങളുടെ ഒസ്യത്തുകളെക്കുറിച്ച്

173. മരണശാസനപ്രകാരം വ്യത്യസ്തമായ ഉദ്ദേശ്യം കാണാത്തപക്ഷം, മരണശാസനംവഴി സൃഷ്ടിക്കുന്ന വർഷാശനം ആജീവനാന്തംമാത്രം കൊടുക്കേണ്ടതാണ്.—മരണശാസനംവഴി ഒരു വർഷാശനം സൃഷ്ടിക്കുന്നിടത്ത്, മരണശാസനപ്രകാരം വ്യത്യസ്തമായ ഉദ്ദേശ്യം കാണാത്തപക്ഷം, വർഷാശനം വസ്തുവിൽ നിന്ന് കൊടുക്കേണ്ടതാണെന്ന് സാമാന്യമായി നിദേശിക്കുകയോ, അല്ലെങ്കിൽ അതു വിലയ്ക്കുവാങ്ങുന്നതിനായി നിക്ഷേപിക്കുന്നതിന് ഒരു തുക ഒസ്യത്തുചെയ്യുകയോ ചെയ്യുന്നുണ്ടെന്നിരിക്കിലും, ഒസ്യത്തവകാശിക്ക് ആ വർഷാശനം ആജീവനാന്തം മാത്രമേ കിട്ടാനവകാശമുള്ളൂ.

ദൃഷ്ടാന്തങ്ങൾ

(i) ക, പ്രതിവർഷം 500 രൂപ ഖ യ്ക്ക് ഒസ്യത്തു ചെയ്യുന്നു. ഖ യ്ക്ക് പ്രതിവർഷത്തുക 500 രൂപ ആജീവനാന്തം കിട്ടാൻ അവകാശമുണ്ട്.

(ii) ക, ഖ യ്ക്ക് പ്രതിമാസം 500 രൂപ ഒസ്യത്തു ചെയ്യുന്നു. ഖ യ്ക്ക് ഓരോ മാസവും 500 രൂപ ആജീവനാന്തം കിട്ടാൻ അവകാശമുണ്ട്.

(iii) ക, 500 രൂപയുടെ ഒരു വർഷാശനം ആജീവനാന്തമായി ഖ യ്ക്കും, ഖ മരിക്കുന്നതോടെ ഗ യ്ക്കു മായി ഒസ്യത്തു ചെയ്യുന്നു. ഖ യ്ക്ക് 500 രൂപയുടെ ഒരു വർഷാശനത്തിന് ആജീവനാന്തം അവകാശമുണ്ട്. ഗ യ്ക്ക്, താൻ ഖ യെ അതിജീവിക്കുന്നുവെങ്കിൽ, ഖ യുടെ മരണം മുതൽ തന്റെ മരണംവരെ 500 രൂപയുടെ വർഷാശനത്തിന് അവകാശമുണ്ട്.

174. <u>മരണശാസനം, ഒരു വർഷാശനം വസ്തുവിന്റെ ഉൽപ്പന്നത്തിൽനിന്ന് സമ്പാദിച്ചുകൊടുക്കേണ്ടതാണെന്ന് നിദേശിക്കുകയോ വസ്തുവിൽനിന്ന് സമ്പാദിച്ചുകൊടുക്കണമെന്ന് സാമാന്യമായി നിദേശിക്കുകയോ ചെയ്യുന്നിടത്തോ, അല്ലെങ്കിൽ വർഷാശനം വിലയ്ക്കുവാങ്ങുന്നതിനായി നിക്ഷേപിക്കുന്നതിന് പണം ഒസ്യത്തു ചെയ്യുന്നിടത്തോ അവകാശം നിക്ഷിപ്തമാകുന്ന കാലം.</u>—മരണശാസനം, ഒരു വർഷശാസനം വസ്തുവിന്റെ ഉൽപന്നത്തിൽനിന്ന് സമ്പാദിച്ചു കൊടുക്കേണ്ടതാണെന്നു നിദേശിക്കുകയോ, വസ്തുവിൽനിന്ന് സമ്പാദിച്ചുകൊടുക്കേണ്ടതാണെന്നു സാമാന്യമായി നിദേശിക്കുകയോ, ചെയ്യുന്നിടത്തോ, അല്ലെങ്കിൽ ഏതെങ്കിലും ആൾക്കായി ഏതെങ്കിലും വർഷാശനം വിലയ്ക്ക് വാങ്ങുന്നതിനായി നിക്ഷേപിക്കുന്നതിന് പണം ഒസ്യത്തു ചെയ്യുന്നിടത്തോ, മരണശാസനകർത്താവിന്റെ മരണത്തോടെ ഒസ്യത്തുമുതൽ ഒസ്യത്തവകാശിയിൽ അവകാശപരമായി നിക്ഷിപ്തമാകുന്നതും, അയാൾക്ക് ഐശ്ചികമായി തനിക്കുവേണ്ടി ഒരു വർഷശാസനം വിലയ്ക്ക് വാങ്ങിച്ചുകിട്ടാനോ അല്ലെങ്കിൽ ആ ആവശ്യത്തിന് മരണശാസനം വിനിയോഗം ചെയ്തിട്ടുള്ള പണം കിട്ടുന്നതിനോ അവകാശമുള്ളതും ആകുന്നു.

ദൃഷ്ടാന്തങ്ങൾ

(i) ക, തന്റെ എക്സിക്യൂട്ടർമാർ തന്റെ വസ്തുവിൽ നിന്ന് ഖ യ്ക്കായി 1000 രൂപയുടെ ഒരു വർഷാശനം വിലയ്ക്ക് വാങ്ങേണ്ടതാണെന്ന് തന്റെ മരണശാസനംവഴി നിദേശിക്കുന്നു. ഖ യ്ക്ക് ഐശ്ചികമായി തന്റെ ജീവിതകാലത്തേയ്ക്ക് ആയിരം രൂപയുടെ ഒരു വർഷാശനം വിലയ്ക്ക് വാങ്ങിച്ചുകിട്ടാനോ അങ്ങനെയുള്ള വർഷാശനം വിലയ്ക്ക് വാങ്ങാൻ മതിയായ തുക കിട്ടാനോ അവകാശമുണ്ട്.

(ii) ക, ഒരു ഫണ്ട് ആജീവനാന്തമായി ഖ യ്ക്ക് ഒസ്യത്തു ചെയ്യുകയും, ഖ യുടെ മരണശേഷം അത് ഗ യ്ക്കായി ഒരു വർഷാശനം വിലയ്ക്കു വാങ്ങുന്നതിന് ചെലവഴിക്കണമെന്ന് നിദേശിക്കുകയു. ചെയ്യുന്നു. ഖ യും ഗ യും മരണശാസന കർത്താവിനെ അതിജീവിക്കുന്നു. ഗ, ഖയുടെ ജീവിതകാലത്ത് മരിക്കുന്നു. ഖ മരിക്കുന്നതോടെ ഫണ്ട് ഗ യുടെ പ്രതിനിധിക്ക് അവകാശപ്പെട്ടതാണ്.

175. വർഷാശനത്തിൻെറ ഉപശമനം.—ഒരു വർഷാശനം ഒസ്യത്തു ചെയ്തിരിക്കുകയും, എന്നാൽ മരണശാസനകർത്താവിൻെറ ആസ്തികാം മരണശാസനം നല്കുന്ന എല്ലാ ഒസ്യത്തു മുതലുകളും കൊടുക്കുവാൻ മതിയാകാതിരിക്കുകയും ചെയ്യുന്നിടത്ത്, വർഷാശനം, മരണശാസനം നല്കുന്ന പണമായുള്ള മററ് ഒസ്യത്തുകളുടെ അതേ അനുപാതത്തിൽ ഉപശമിക്കുന്നതാകുന്നു.

176. വർഷാശനദാനവും അവശേഷദാനവും ഉള്ളിടത്ത് വർഷാശനം മുഴുവൻ ആദ്യം കൊടുത്തുതീർക്കണമെന്ന്.—ഒരു വർഷാശനദാനവും ഒരു അവശേഷദാനവും ഉള്ളിടത്ത്, അവശേഷത്തിൻെറ ഏതെങ്കിലും ഭാഗം അവശേഷത്തിൻെറ ഒസ്യത്തവകാശിക്ക് കൊടുക്കുന്നതിനു മുമ്പ് മുഴുവൻ വർഷാശനവും കൊടുത്തുതീർക്കേണ്ടതും, ആവശ്യമാണെങ്കിൽ, മരണശാസനകർത്താവിൻെറ എസ്റേററിൻെറ മുതൽ ആ ആവശ്യത്തിന് വിനിയോഗിക്കേണ്ടതും ആകുന്നു.

## അദ്ധ്യായം XXI

## ഉത്തമർണ്ണൻമാർക്കും ഓഹരിക്കാർക്കുമുള്ള ഒസ്യത്തുകളെക്കുറിച്ച്

177. ഉത്തമർണ്ണന് പ്രഥമദൃഷ്ട്യാ ഒസ്യത്തുമുതലിനും കടത്തുകയ്ക്കും അവകാശമുണ്ടെന്ന്.—ഒരു അധമർണ്ണൻ, അയാളുടെ ഉത്തമർണ്ണന് ഒരു ഒസ്യത്തു മുതൽ ഒസ്യത്തുചെയ്തിരിക്കുകയും, ആ ഒസ്യത്ത് കടം കൊടുത്തു തീർക്കലായി ഉദ്ദേശിച്ചിട്ടുള്ളതാണെന്ന് മരണശാസനത്തിൽ നിന്ന് കാണാതിരിക്കുകയും ചെയ്യുന്നിടത്ത്, ഉത്തമർണ്ണന് ഒസ്യത്തു മുതലിനും, കടത്തുകയ്ക്കും അവകാശമുണ്ട്.

178. കുട്ടിക്ക് പ്രഥമദൃഷ്ട്യാ ഒസ്യത്തുമുതലിനും ഓഹരിക്കും അവകാശമുണ്ടെന്ന്.—ഒരു കുട്ടിക്ക് ഓഹരി നല്കാൻ കാൺട്രാകററുവഴി കടപ്പാടുള്ള മാതാവോ പിതാവോ അപ്രകാരം ചെയ്യാതിരിക്കുകയും, പിന്നീട് ആ കുട്ടിക്ക് ഒരു ഒസ്യത്തു മുതൽ ഒസ്യത്തു ചെയ്യുകയും ആ ഒസ്യത്ത് ആ ഓഹരി കൊടുത്തുതീർക്കലായി ഉദ്ദേശിച്ചിട്ടുള്ളതാണെന്ന് തൻെറ മരണശാസനം വഴി അറിയാതിരിക്കുകയും ചെയ്യുന്നിടത്ത്, ആ കുട്ടിക്ക് ആ ഒസ്യത്തുമുതലും ഓഹരിയും കിട്ടാൻ അവകാശമുണ്ട്.

### ദൃഷ്ടാന്തം

ക, ഖയുമായുള്ള തൻെറ വിവാഹം വിഭാവനം ചെയ്തുകൊണ്ട് ഏർപ്പെട്ടിട്ടുള്ള ഉടമ്പടികാം വഴി, ആ ഉദ്ദിഷ്ട വിവാഹത്തിലെ ഓരോ പുത്രിക്കും അവാം വിവാഹം ചെയ്യുമ്പോാം 20,000 രൂപ ഓഹരി നല്കുന്നതാണെന്ന് കരാർ ചെയ്യുന്നു. ഈ കരാർ ലംഘിക്കപ്പെട്ടിരിക്കെ ക, തൻേറയും ഖ യുടെയുമായ വിവാഹിതപുത്രികളിൽ ഓരോരുത്തിക്കും 20,000 രൂപ ഒസ്യത്തു ചെയ്യുന്നു. ഒസ്യത്തവകാശികാംക്ക് അവരുടെ ഓഹരികാംക്ക് പുറമേ, ഈ ഒസ്യത്തിൻെറ ഗുണത്തിനുകൂടി അവകാശമുണ്ട്.

179. ഒസ്യത്തവകാശിക്കുള്ള പിൻവകയിരുത്തൽവഴി ഒസ്യത്ത് പ്രത്യാഹരിക്കപ്പെടുന്നതല്ലെന്ന്.—യാതൊരു ഒസ്യത്തും, ഒസ്യത്തവകാശിക്ക് ധനനിശ്ചയം വഴിയോ മററുവിധത്തിലോ ഉള്ള ഒരു പിൻവകയിരുത്തൽവഴി പൂർണ്ണമായോ ഭാഗികമായോ പ്രത്യാഹരിക്കപ്പെടുന്നില്ല.

## ദൃഷ്ടാന്തങ്ങൾ

(1) ക, തന്റെ പുത്രനായ ഖ യ്ക്ക് 20,000 രൂപ ഒസ്യത്തു ചെയ്യുന്നു. പിന്നീട് അയാൾ ഖ യ്ക്ക് 20,000 രൂപ കൊടുക്കുന്നു ഒസ്യത്തു അതുവഴി പ്രത്യാഹരിക്കപ്പെടുന്നില്ല.

(2) ക, ശൈശവം മുതൽ താൻ വളർത്തിക്കൊണ്ടുവന്നവളും മാതാപിതാക്കൾ നഷ്ടപ്പെട്ടവളുമായ തന്റെ മരുമകൾ ഖ യ്ക്ക് 40,000 രൂപ ഒസ്യത്തു ചെയ്യുന്നു. പിന്നീട് ഖ യുടെ വിവാഹാവസരത്തിൽ ക അവൾക്ക് [illegible],000 രൂപ ധനനിശ്ചയം ചെയ്തു കൊടുക്കുന്നു. ഒസ്യത്തുമുതൽ അതുവഴി കുറയുന്നതല്ല.

## അദ്ധ്യായം XXII

## വരണത്തെക്കുറിച്ച്

180. ഏതു പരിതഃസ്ഥിതികളിലാണ് വരണം ഉണ്ടാകുന്നതെന്ന്.—ഒരാൾ തനിക്ക് വിനിയോഗം ചെയ്യാൻ അവകാശമില്ലാത്ത എന്തെങ്കിലും തന്റെ മരണശാസനംവഴി വിനിയോഗം ചെയ്യുന്നതായി ഭാവിക്കുന്നിടത്ത് അത് ആർക്ക് അവകാശപ്പെട്ടതാണോ അയാൾ അങ്ങനെയുള്ള വിനിയോഗം സ്ഥിരപ്പെടുത്തുവാനോ അല്ലെങ്കിൽ അതിനോട് വിയോജിക്കുവാനോ വരിക്കേണ്ടതും ഒടുവിൽ പറഞ്ഞ സംഗതിയിൽ മരണശാസനപ്രകാരം അയാൾക്ക് വകയിരുത്തിയിട്ടുണ്ടായിരിക്കാവുന്ന ഏതെങ്കിലും ഗുണം അയാൾ വിട്ടുകൊടുക്കേണ്ടതും ആകുന്നു.

181. ഉടമസ്ഥൻ വിട്ടുകൊടുക്കുന്ന അവകാശത്തിന്റെ സംക്രമണം.—180-ാം വകുപ്പിൽ പ്രസ്താവിച്ച പരിതഃസ്ഥിതികളിൽ വിട്ടുകൊടുക്കപ്പെടുന്ന അവകാശം, മരണശാസനം, അത് ഒസ്യത്തവകാശിയുടെ പേർക്ക് വിനിയോഗം ചെയ്തിട്ടുണ്ടായിരുന്നില്ലെങ്കിലെന്നപോലെ സംക്രമിക്കുന്നതും എന്നിരുന്നാലും അത് വിനിയോഗിച്ചതു കിട്ടാതെ പോയ ഒസ്യത്തവകാശിക്ക് മരണശാസനം നൽകാൻ ശ്രമിച്ച ദാനത്തിന്റെ തുകയോ മൂല്യമോ അയാൾക്ക് നികത്തിക്കൊടുക്കണമെന്ന ചാർജ്ജിന് വിധേയമായിരിക്കുന്നതും ആകുന്നു.

182. തന്റെ ഉടമസ്ഥതയെക്കുറിച്ച് മരണശാസന കർത്താവിനുള്ള വിശ്വാസം സാരമായതല്ലെന്ന്.—180-181-ം വകുപ്പുകളിലെ വ്യവസ്ഥകൾ, തന്റെ മരണശാസനംവഴി വിനിയോഗം ചെയ്യുന്നതിനായി ഭാവിക്കുന്ന എന്തോ, അത് തന്റെ സ്വന്തമാണെന്ന് മരണശാസനകർത്താവ് വിശ്വസിക്കുന്നുണ്ടെങ്കിലും ഇല്ലെങ്കിലും, ബാധകമാകുന്നതാണ്.

## ദൃഷ്ടാന്തങ്ങൾ

(i) സുൽത്താൻപൂർ കൃഷിസ്ഥലം ഗ യുടെ വസ്തുവായിരുന്നു. ക, അത് ഗ യ്ക്ക് 1000 രൂപ ഒസ്യത്തു മുതൽ നല്കിക്കൊണ്ട് ഖ യ്ക്ക ഒസ്യത്തു ചെയ്യുന്നു. ഗ, 800 രൂപ വിലപിടിപ്പുള്ള സുൽത്താൻപൂർ കൃഷിസ്ഥലം വച്ചുപോരാനായി വരിക്കുന്നു. ഗ യ്ക്ക് തന്റെ 1000 രൂപ ഒസ്യത്തുമുതൽ നഷ്ടപ്പെടുന്നതും അതിൽ 800 രൂപ ഖ യ്ക്ക് ചെല്ലുന്നതും ബാക്കി 200 രൂപ, അതതുസംഗതിപോലെ, അവശേഷത്തിന്റെ ഒസ്യത്തിലേക്ക് ചേരുകയോ അല്ലെങ്കിൽ മരണശാസനം കൂടാതെയുള്ള പിൻതുടർച്ചയുടെ ചട്ടങ്ങളനുസരിച്ച് സംക്രമിക്കുകയോ ചെയ്യുന്നതും ആകുന്നു.

(ii) ഖ യുടെ (വിവാഹിതനും കുട്ടിയുള്ളവനും ആയ) മൂത്തസഹോദരന് മരണസമയത്തു ജീവിച്ചിരിപ്പുള്ള സന്താനങ്ങളില്ലാതെ വരുന്നതായാൽ, ഖ യ്ക്കായി ക ഒരു എസ്റേററ് ഒസ്യത്തു ചെയ്യുന്നു. ക, ഖ യ്ക്ക് അവകാശപ്പെട്ട ഒരു ആഭരണം ഗ യ്ക്ക് ഒസ്യത്തു ചെയ്യുകയും ചെയ്യുന്നു. ഖ, ആഭരണം വിട്ടുകൊടുക്കുവാനോ എസ്റേററ് നഷ്ടപ്പെട്ടുപോകാനോ വരിക്കണം.

(iii) ക, ഖ യ്ക്ക് 1000 രൂപയും (വിവാഹിതനും കുട്ടികഠം ഉള്ളവനുമായ) മൂത്തസഹോദരന് മരണസമയത്ത് ജീവിച്ചിരിപ്പുള്ള സന്താനങ്ങഠം ഇല്ലാതിരുന്നെങ്കിൽ ഒരു ധനനിശ്ചയത്തിൻകീഴിൽ ഖ യ്ക്ക് അവകാശപ്പെടുമെന്നുള്ള ഒരു എസ്റേററ് ഗ യ്ക്കും ഒസ്യത്തു ചെയ്യുന്നു. ഖ എസ്റേററു വിട്ടുകൊടുക്കാനോ ഒസ്യത്തു മുതൽ നഷ്ടപ്പെട്ടുപോകാനോ വരിക്കണം.

(iv) ഇൻഡ്യയിൽ അധിവാസമുള്ളവനും ഗ നിയമപ്രകാരം അനന്തരാവകാശിയായ ഇംഗ്ലണ്ടിലെ സ്ഥാവരവസ്തുവിൻെറ ഉടമസ്ഥനും ആയ 18 വയസ്സുള്ള ക എന്ന ആഠം ഗ യ്ക്ക് ഒരു ഒസ്യത്തുമുതൽ ഒസ്യത്തു ചെയ്യുകയും, അതിനുവിധേയമായി "എൻെറ എല്ലാ സ്ഥാവരജംഗമവസ്തുവും, അത് എന്തായിരുന്നാലും എവിടെയായിരുന്നാലും" ഖ യ്ക്ക് ഒസ്യത്തു ചെയ്യുകയും, 21 വയസ്സിൽ താഴെയായിരിക്കുമ്പോഠം മരിക്കുകയും ചെയ്യുന്നു. ഇംഗ്ലണ്ടിലെ സ്ഥാവരവസ്തു മരണശാസനംവഴി സംക്രമിക്കുന്നില്ല. ഇംഗ്ലണ്ടിലെ സ്ഥാവരവസ്തു വിട്ടുകൊടുക്കാതെ ഗ യ്ക്ക് തൻെറ ഒസ്യത്തുമുതൽ അവകാശപ്പെടാവുന്നതാണ്.

183. <u>ഒരാളുടെ ഗുണത്തിനുവേണ്ടിയുള്ള ഒസ്യത്ത് വരണത്തിൻെറ ആവശ്യത്തിന് എങ്ങനെ പരിഗണിക്കുമെന്ന്.</u>— വരണത്തിൻെറ ആവശ്യത്തിന് ഒരാളുടെ ഗുണത്തിനുവേണ്ടിയുള്ള ഒസ്യത്തും അയാഠംക്കായിത്തന്നെ ചെയ്യുന്ന ഒസ്യത്തും ഒന്നുതന്നെയാണ്.

### ദൃഷ്ടാന്തം

സുൽത്താൻപൂർ "ലുർദ് കൃഷിസ്ഥലം ഖ യുടെ വകയായിരിക്കെ ക അത് ഗ യ്ക്ക് ഒസ്യത്തുചെയ്യുകയും, സുൽത്താൻപൂർ ബുസുർഗ് എന്ന് പേർ പറയുന്ന മറെറാരു കൃഷിസ്ഥലം, അതു വിററുകിട്ടിയത് ഖ യുടെ കടങ്ങഠം തിരിയെ കൊടുക്കുന്നതിനായി വിനിയോഗിക്കേണ്ടതാണെന്ന നിദേശത്തോടുകൂടി തൻെറ സ്വന്തം എക്സിക്യൂട്ടർമാർക്ക് ഒസ്യത്തു ചെയ്യുകയും ചെയ്യുന്നു. ഖ, താൻ മരണശാസനമനുസരിച്ച് പ്രവർത്തിക്കണമോ, അല്ല അതിനെതിരായി തൻെറ സുൽത്താൻപൂർ "ലുർദ കൃഷിസ്ഥലം വച്ചു പോരണമോ എന്നു വരിക്കേണ്ടതാണ്.

184. <u>നേരിട്ടല്ലാതെ ഗുണം സിദ്ധിക്കുന്ന ആഠം വരണം ചെയ്യാൻ നിർബദ്ധനല്ലെന്ന്.</u>— ഒരു മരണശാസനപ്രകാരം നേരിട്ടു യാതൊരു ഗുണവും കിട്ടാതിരിക്കുകയും, എന്നാൽ നേരിട്ടല്ലാതെ അതുപ്രകാരം ഗുണം സിദ്ധിക്കുകയും ചെയ്യുന്ന ഒരാഠം വരണം ചെയ്യാൻ നിർബദ്ധനല്ല.

### ദൃഷ്ടാന്തം

സുൽത്താൻപൂർഭൂമികഠം ആജീവനാന്തമായി ഗ യ്ക്കും, അയാളുടെ മരണശേഷം അയാളുടെ ഒരേ ഒരു കുട്ടിയായ ഘ യ്ക്കും ആയി ധനനിശ്ചയം ചെയ്തുവയ്ക്കുന്നു. ക, സുൽത്താൻപൂർ ഭൂമികഠം ഖ യ്ക്കും, 1000 രൂപ ഗ യ്ക്കും ഒസ്യത്തുചെയ്യുന്നു. മരണശാസന കർത്താവിന് അടുത്തു പിൻപായി ഗ വരണമൊന്നും ചെയ്യാതെ മരിക്കുന്നു. ഘ ഗ യുടെ അഡ്മിനി

സ്ട്രേററാവുകയും, അഡ്മിനിസ്ട്രേററർ എന്ന നിലയിൽ ഗ യുടെ എസ്റേററിനുവേണ്ടി മരണശാസനപ്രകാരമുള്ളത് എടുക്കാൻ വരിക്കുകയും ചെയ്യുന്നു. ആ നിലയിൽ അയാറം 1000 രൂപയുടെ ഒസ്യത്തു മുതൽ വാങ്ങുകയും മരണശാസന കർത്താവിൻെറ മരണശേഷവും ഗ യുടെ മരണത്തിനു മുമ്പും ആയി ഉൽഭവിക്കുന്ന സുൽത്താൻപൂർ ഭൂമികളുടെ പാട്ടങ്ങറക്ക് ഖ യോട് കണക്കുപറയുകയും ചെയ്യുന്നു. തൻെറ വ്യക്തിപരമായ നിലയിൽ അയാറം മരണശാസനത്തിന് എതിരായി സുൽത്താൻപൂർ ഭൂമികറം വച്ചു പോരുന്നതാണ്.

185. <u>വ്യക്തിപരമായ നിലയിൽ മരണശാസന പ്രകാരമുള്ളത് എടുക്കുന്ന ആറക്ക്, മറെറാരു നിലയിൽ മരണശാസനത്തിന് എതിരായി എടുക്കാൻ വരണംചെയ്യാമെന്ന്.</u>—വ്യക്തിപരമായ നിലയിൽ ഒരു മരണശാസനപ്രകാരമുള്ളത് എടുക്കുന്ന ഒരാറക്ക്, മറെറാരു നിലയിൽ മരണശാസനത്തിന് എതിരായി എടുക്കാൻ വരണംചെയ്യാവുന്നതാണ്.

### ദൃഷ്ടാന്തം

സുൽത്താൻപൂർ എസ്റേററ് ആജീവനാന്തമായി ക യ്ക്കും അയാളുടെ മരണശേഷം ഖ യ്ക്കും ആയി ധനനിശ്ചയം ചെയ്തുവയ്ക്കുന്നു. ക, സുൽത്താൻപൂർ എസ്റേററ് ഘ യ്ക്കും, 2000 രൂപ ഖ യ്ക്കും, 1000 രൂപ ഖ യുടെ ഒരേ ഒരു കുട്ടിയായ ഗ യ്ക്കും ഒസ്യത്തുചെയ്യുന്നു. മരണശാസന കർത്താവിന് അടുത്തു പിൻപായി ഖ വരണമൊന്നും ചെയ്യാതെയും, മരണശാസനം കൂടാതെയും മരിക്കുന്നു. ഗ, ഖ യുടെ അഡ്മിനിസ്ട്രേററാവുകയും അഡ്മിനിസ്ട്രേററർ എന്ന നിലയിൽ സുൽത്താൻപൂർ എസ്റേററ് മരണശാസനത്തിന് എതിരായി വച്ചുപോരാനും 2000 രൂപയുടെ ഒസ്യത്തു മുതൽ വിട്ടുകൊടുക്കാനും, വരിക്കുകയും ചെയ്യുന്നു. ഗ യ്ക്ക് ഇതു ചെയ്യാവുന്നതും, എന്നിരുന്നാലും മരണശാസനപ്രകാരം തനിക്കുള്ള 1000 രൂപ ഒസ്യത്തുമുതൽ അവകാശപ്പെടാവുന്നതും ആണ്.

186. <u>ഒടുവിലത്തെ ആറു വകുപ്പുകളിലെ വ്യവസ്ഥകറക്കുള്ള അപവാദം.</u>— 180 മുതൽ 185 വരെയുള്ള വകുപ്പുകളിൽ എന്തു തന്നെ അടങ്ങിയിരുന്നാലും, ഒരു പ്രത്യേക ദാനം ഒസ്യത്തവകാശിക്ക് അവകാശപ്പെട്ട എന്തെങ്കിലും സാധനത്തിനു പകരമായിട്ടാണെന്ന് മരണശാസനത്തിൽ പ്രകടമാക്കിയിരിക്കുകയും, ആ സാധനം മരണശാസനം എടുത്തു പറഞ്ഞുകൊണ്ട് വിനിയോഗം ചെയ്തിരിക്കുകയും ചെയ്യുന്നിടത്ത്, ഒസ്യത്തവകാശി, ആ സാധനം അവകാശപ്പെടുന്നുവെങ്കിൽ അയാറം ആ പ്രത്യേക ദാനം വിട്ടുകൊടുക്കേണ്ടതും എന്നാൽ അയാറം മരണശാസനം അയാറക്ക് നല്കുന്ന മറേറതെങ്കിലും ഗുണം വിട്ടുകൊടുക്കാൻ ബാദ്ധ്യസ്ഥനല്ലാത്തതും ആകുന്നു.

### ദൃഷ്ടാന്തം

ക യുടെ വിവാഹധനനിശ്ചയത്തിൻ കീഴിൽ അയാളുടെ ഭാര്യ അയാളെ അതിജീവിക്കുന്നു എങ്കിൽ, സുൽത്താൻപൂർ എസ്റേററ് ആജീവനാന്തം അനുഭവിക്കുവാൻ അവകാശമുണ്ട്. ക, തൻെറ മരണശാസനം വഴി തൻെറ ഭാര്യയ്ക്ക് ആജീവനാന്തമായി 200 രൂപയുടെ വർഷാശനം സുൽത്താൻപൂർ

എസ്റ്റേററിൽ അവരുടെ അവകാശത്തിന് പകരമായി ഒസ്യത്തു ചെയ്യുകയും ആ എസ്റ്റേററ് തന്റെ പുത്രന് ഒസ്യത്തു ചെയ്യുകയും ചെയ്യുന്നു. അയാൾ തന്റെ ഭാര്യയ്ക്ക് 1000 രൂപയുടെ ഒരു ഒസ്യത്തു മുതൽ നല്കുകയും ചെയ്യുന്നു. വിവാഹധന നിശ്ചയത്തിൻ കീഴിൽ തനിക്ക് അവകാശപ്പെട്ടത് എടുക്കാൻ വർഷാശനം വിട്ടുകൊടുക്കാൻ അവൾ ബാദ്ധ്യസ്ഥയാകുന്നതും, എന്നാൽ 1000 രൂപ ഒസ്യത്തു മുതൽ വിട്ടുകൊടുക്കുവാൻ ബാദ്ധ്യസ്ഥയാകുന്നതല്ലാത്തതും ആണ്.

187. മരണശാസനം നല്കുന്ന ഗുണം പ്രതിഗ്രഹിക്കുന്നത് മരണശാസനത്തിൻ കീഴിൽ കൊടുക്കാനുള്ള വരണമായിത്തീരുന്നത് എപ്പോഴെന്ന് — മരണശാസനം നല്കുന്ന ഒരു ഗുണം പ്രതിഗ്രഹിക്കുന്നത് തനിക്കുള്ള വരണാവകാശത്തെക്കുറിച്ചും, വരണം നടത്തുന്നതിൽ വിവേകിയായ ഒരു മനുഷ്യന്റെ നിർണ്ണായശക്തിയിൽ സ്വാധീനം ചെലുത്തുന്ന പരിതഃസ്ഥിതികളെക്കുറിച്ചും ഒസ്യത്തവകാശിക്ക് അറിവ് ഉണ്ടായിരുന്നെങ്കിലോ, അല്ലെങ്കിൽ പരിതഃസ്ഥിതികളെക്കുറിച്ചുള്ള അന്വേഷണം അയാൾ വേണ്ടെന്നു വയ്ക്കുന്നെങ്കിലോ മരണശാസനത്തിൻ കീഴിൽ എടുക്കാനുള്ള അയാളുടെ വരണം ആയിത്തീരുന്നതാണ്.

## ദൃഷ്ടാന്തങ്ങൾ

(i) ക, സുൽത്താൻപൂർഘുർദ് എന്ന പേർ പറയുന്ന ഒരു എസ്റ്റേററിന്റെ ഉടമസ്ഥനായിരിക്കുകയും, അയാൾക്ക് തന്റെ മരണത്തിനുശേഷം തന്റെ പുത്രന് പൂർണ്ണാവകാശമായി അവകാശപ്പെടുന്ന സുൽത്താൻപൂർ ബസുർഗ് എന്നു പേർ പറയുന്ന മറെറാരു എസ്റ്റേററിൽ ആ ജീവനാവകാശം ഉണ്ടായിരിക്കുകയും ചെയ്യുന്നു. ക യുടെ മരണശാസനം സുൽത്താൻപൂർ ഘുർദ് എസ്റ്റേററ് ഖ യ്ക്കും, സുൽത്താൻപൂർ ബസുർഗ് ഗ യ്ക്കും, നല്കുന്നു. ഖ സുൽത്താൻപൂർ ബസുർഗ് എസ്റ്റേററിലുള്ള തന്റെ സ്വന്തം അവകാശം അറിയാതെ, അത് കൈവശം എടുക്കാൻ ഗ യെ അനുവദിക്കുകയും സുൽത്താൻപൂർ ഘുർദ് എസ്റ്റേററിൽ പ്രവേശിക്കുകയും ചെയ്യുന്നു. ഗ യ്ക്കുള്ള സുൽത്താൻപൂർ ബസുർഗിന്റെ ഒസ്യത്ത് ഖ സ്ഥിരപ്പെടുത്തിയിട്ടില്ല.

(ii) ക യുടെ മൂത്ത പുത്രനായ ഖ, സുൽത്താൻപൂർ എന്നു പറയുന്ന ഒരു എസ്റ്റേററിന്റെ കൈവശക്കാരനാണ്. ക, ഗ യ്ക്ക് സുൽത്താൻപൂരും ഖ യ്ക്കു ക യുടെ അവശേഷിക്കുന്ന വസ്തുവും ഒസ്യത്തു ചെയ്യുന്നു. ആ അവശേഷം 5000 രൂപയ്ക്കുണ്ടെന്ന് ക യുടെ എക്സിക്യൂട്ടർമാരാൽ അറിയിക്കപ്പെട്ടിരിക്കെ ഖ സുൽത്താൻപൂർ കൈവശം എടുക്കാൻ ഗ യെ അനുവദിക്കുന്നു. പിന്നീട് അവശേഷം 500 രൂപയിൽ കൂടുതൽ തുകയ്ക്കില്ലെന്ന് അയാൾ കണ്ടുപിടിക്കുന്നു. ഗ യ്ക്കുള്ള സുൽത്താൻപൂർ എസ്റ്റേററിന്റെ ഒസ്യത്ത് ഖ സ്ഥിരപ്പെടുത്തിയിട്ടില്ല.

188. അറിവോ വേണ്ടെന്നു വയ്ക്കലോ അനുമാനിക്കുകയോ നിഗമനം ചെയ്യുകയോ ചെയ്യാവുന്ന പരിതഃസ്ഥിതികൾ.—(1) വിപരീതമായ തെളിവിന്റെ അഭാവത്തിൽ, ഒസ്യത്തവകാശി വിയോജിപ്പ് പ്രകടമാക്കുന്ന യാതൊരു കൃത്യവും ചെയ്യാതെ രണ്ടു വർഷത്തേയ്ക്ക് മരണശാസനം തനിക്ക് നല്കിയിട്ടുള്ള ഗുണങ്ങൾ അനുഭവിച്ചിട്ടുണ്ടെങ്കിൽ, അങ്ങനെയുള്ള അറിവോ അന്വേഷണം വേണ്ടെന്നു വയ്ക്കലോ അനുമാനിക്കേണ്ടതാകുന്നു.

(2) ഒസ്യത്തവകാശിയുടെ ഏതു കൃത്യമാണോ ഒസ്യത്തിൻെറ വിഷയവസ്തുവിൽ അവകാശമുള്ള ആളുകളെ, ആ കൃത്യം ചെയ്തിട്ടുണ്ടായിരുന്നില്ലെങ്കിലുള്ള അതേ അവസ്ഥയിൽ വയ്ക്കാൻ അസാദ്ധ്യമാക്കിത്തീർക്കുന്നത്, അങ്ങനെയുള്ള ഏതെങ്കിലും കൃത്യത്തിൽ നിന്ന് അങ്ങനെയുള്ള അറിവോ അന്വേഷണം വേണ്ടെന്നു വയ്ക്കലോ നിഗമനം ചെയ്യാവുന്നതാണ്.

### ദൃഷ്ടാന്തം

ക, ഗ യ്ക്ക് അവകാശപ്പെട്ട ഒരു എസ്റ്റേററ് ഖ യ്ക്കും ഒരു കല്ക്കരി ഖനി ഗ യ്ക്കും ഒസ്യത്തു ചെയ്യുന്നു, ഗ, ഖനി കൈവശമെടുക്കുകയും അതിലെ കല്ക്കരി എടുത്തു തീർക്കുകയും ചെയ്യുന്നു. അതുവഴി അയാൾ ഖ യ്ക്കുള്ള എസ്റ്റേററിൻെറ ഒസ്യത്ത് സ്ഥിരപ്പെടുത്തിയിരിക്കുന്നു.

189. മരണശാസന കർത്താവിൻെറ പ്രതിനിധികൾക്ക് എപ്പോൾ ഒസ്യത്തവകാശിയോടു വരണം നടത്താൻ ആവശ്യപ്പെടാമെന്ന്.— ഒസ്യത്തവകാശി, മരണശാസന കർത്താവിൻെറ പ്രതിനിധികളെ മരണശാസനം സ്ഥിരപ്പെടുത്താനോ അതിനോട് വിയോജിക്കാനോ ഉള്ള അയാളുടെ ഉദ്ദേശ്യം മരണശാസന കർത്താവ് മരിച്ച ഒരു വർഷത്തിനകം അറിയിക്കുന്നില്ലെങ്കിൽ, ആ കാലം അവസാനിക്കുമ്പോൾ അയാളോട്, അയാളുടെ വരണം നടത്താൻ പ്രതിനിധികൾ ആവശ്യപ്പെടേണ്ടതും, അങ്ങനെ ആവശ്യപ്പെട്ടുകൊണ്ടുള്ള അറിയിപ്പ് കിട്ടിയതിനുശേഷം ന്യായമായ സമയത്തിനുള്ളിൽ, അങ്ങനെ ആവശ്യപ്പെട്ടത് അനുസരിക്കുന്നില്ലെങ്കിൽ, അയാൾ മരണശാസനം സ്ഥിരപ്പെടുത്തുന്നതിന് വരിച്ചിട്ടുള്ളതായി കരുതപ്പെടുന്നതും ആകുന്നു.

190. അവശതയുടെ സംഗതിയിൽ വരണം നീട്ടിവയ്ക്കൽ.— അവശതയുടെ സംഗതിയിൽ അവശത ഇല്ലാതാകുന്നതുവരേയോ, അല്ലെങ്കിൽ ക്ഷമതയുള്ള ഏതെങ്കിലും അധികാരസ്ഥാനം വരണം നടത്തുന്നതുവരേയോ, വരണം നീട്ടിവയ്ക്കേണ്ടതാകുന്നു.

## അദ്ധ്യായം XXIII

## മരണപ്രതീക്ഷയോടെയുള്ള ദാനങ്ങളെക്കുറിച്ച്

191. മരണ പ്രതീക്ഷയോടെ ചെയ്യുന്ന ദാനംവഴി വസ്തു കൈമാററം ചെയ്യാമെന്ന്.— (1) ഒരാൾക്ക് മരണശാസനം വഴി, തനിക്കു വിനിയോഗം ചെയ്യാൻ കഴിയുന്ന ഏതെങ്കിലും ജംഗമവസ്തു, മരണപ്രതീക്ഷയോടെ ചെയ്യുന്ന ദാനംവഴി വിനിയോഗം ചെയ്യാവുന്നതാണ്.

(2) രോഗിയായിരിക്കുകയും തൻെറ രോഗത്താൽ അടുത്തുതന്നെ മരിക്കുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്ന ഒരാൾ, മറെറാരാൾക്ക് ഏതെങ്കിലും ജംഗമവസ്തുവിൻെറ കൈവശം, ദാനദാതാവ് ആ രോഗത്താൽ മരിക്കുന്നതായാൽ ഒരു ദാനമായിവച്ചുകൊള്ളാനായി ഡെലിവർ ചെയ്യുന്നിടത്ത്, ദാനം മരണ പ്രതീക്ഷയോടെ ചെയ്യുന്നതായി പറയപ്പെടുന്നു.

(3) അങ്ങനെയുള്ള ദാനം ദാതാവിന തിരിച്ചെടുക്കാവുന്നതും, ഏതു രോഗമുള്ളപ്പോഴാണോ അതു ചെയ്തത്, ആ രോഗത്തിൽ നിന്ന് അയാൾ സുഖപ്പെടുന്നുവെങ്കിലോ, അല്ലെങ്കിൽ, അയാൾ അത് ചെയ്യപ്പെട്ടത് ആർക്കാണോ, ആ ആളെ അതിജീവിക്കുന്നുവെങ്കിലോ ഫലത്തിൽ വരുന്നതല്ലാത്തതും ആകുന്നു.

## ദൃഷ്ടാന്തങ്ങൾ

(i) രോഗിയായിരിക്കയും മരണം പ്രതീക്ഷിച്ചുകൊണ്ടും ക, താൻ മരിക്കുകയാണെങ്കിൽ ഖ വച്ചുപോരാനായി അയാൾക്ക് താഴെ പറയുന്നത് ഡെലിവർ ചെയ്യുന്നു ;

ഒരു വാച്ച് ;

ഗ ക യ്ക്ക് നല്കിയ ഒരു ബാണ്ട് ;

ഒരു ബാങ്കുനോട്ട് ;

കേന്ദ്രഗവൺമെൻറ് ബ്ലാങ്കായി എൻഡോഴ്സ് ചെയ്ത ഒരു പ്രാമിസ്സറിനോട്ട് ;

ബ്ലാങ്കായി എൻഡോഴ്സ് ചെയ്ത ഒരു വിനിമയ പത്രം ;

ചില പണയാധാരങ്ങൾ;

ക ഏതു രോഗമുള്ളപ്പോഴാണോ ഈ സാധനങ്ങൾ ഡെലിവർ ചെയ്തത്, ആ രോഗത്താൽ മരിക്കുന്നു.

ഖ യ്ക്കു താഴെപ്പറയുന്നതിന് അവകാശമുണ്ട്—

ആ വാച്ച് ;

ഗ യുടെ ബാണ്ടിൻെറ ഈടുള്ള ആ കടം ;

ആ ബാങ്ക് നോട്ട് ;

ആ കേന്ദ്രഗവൺമെൻറ് പ്രാമിസ്സറി നോട്ട് ;

ആ വിനിമയപത്രം ;

ആ പണയാധാരങ്ങളുടെ ഈടുള്ള പണം.

(ii) രോഗിയായിരിക്കയും, മരണം പ്രതീക്ഷിച്ചുകൊണ്ടും ക ഒരു പെട്ടിയുടെ താക്കോൽ, അല്ലെങ്കിൽ ക യുടെ വകയായ വലിപ്പമുള്ള സാമാനങ്ങൾ നിക്ഷേപിച്ചിട്ടുള്ള ഒരു പണ്ടകശാലയുടെ താക്കോൽ ഖ യ്ക്ക് പെട്ടിയിലെ ഉള്ളടക്കത്തിൻെറ മേൽ അല്ലെങ്കിൽ നിക്ഷേപിച്ചിട്ടുള്ള സാമാനങ്ങളുടെ മേൽ നിയന്ത്രണം നല്കാനുള്ള ഉദ്ദേശ്യത്തോടുകൂടി അയാൾക്ക് ഡെലിവർ ചെയ്യുകയും, അയാൾ അവ ക മരിക്കുന്നതായാൽ വച്ചുകൊള്ളണമെന്ന ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്യുന്നു. ക ഏതു രോഗമുള്ളപ്പോഴാണോ ഈ സാധനങ്ങൾ ഡെലിവർ ചെയ്തത്, ആ രോഗത്താൽ മരിക്കുന്നു, അല്ലെങ്കിൽ പെട്ടിക്കും, അതിൻെറ ഉള്ളടക്കത്തിനും, പണ്ടകശാലയിലെ ക യുടെ വലിപ്പമുള്ള സാമാനങ്ങൾക്കും ഖ യ്ക്ക് അവകാശമുണ്ട്.

(iii) രോഗിയായിരിക്കെ, മരണം പ്രതീക്ഷിച്ചുകൊണ്ട് ക ചില സാധനങ്ങൾ, പ്രത്യേക പാഴ്സലുകളിലായി വേറെ വയ്ക്കുകയും ആ പാഴ്സലുകളിൻമേൽ യഥാക്രമം ഖ യുടേയും ഗ യുടേയും പേരുകൾ അടയാളപ്പെടുത്തുകയും ചെയ്യുന്നു. പാർസലുകൾ ക യുടെ ജീവിതകാലത്ത് ഡെലിവർ ചെയ്യുന്നില്ല. ക ഏത് രോഗമുള്ളപ്പോഴാണോ പാഴ്സലുകൾ വേറെ വച്ചത്, ആ രോഗത്താൽ മരിക്കുന്നു. ഖ യ്ക്കും ഗ യ്ക്കും പാഴ്സലുകളുടെ ഉള്ളടക്കങ്ങൾക്ക് അവകാശമില്ല.

## ഭാഗം VII

## മരിച്ചുപോയ ആളുടെ വസ്തുവിൻെറ രക്ഷണം

192. മരിച്ചുപോയ ആളുടെ വസ്തു പിൻതുടർച്ചവഴി അവകാശപ്പെടുന്ന ആരംക്ക് അന്യായമായ കൈവശത്തിനെതിരായി നിവൃത്തിക്ക് അപേക്ഷിക്കാമെന്ന്.—(1) ഏതെങ്കിലും ആരം ജംഗമമോ സ്ഥാവരമോ ആയ വസ്തു ഉണ്ടായിരിക്കെ മരിക്കുന്നുവെങ്കിൽ, അതിനോ അതിൻെറ ഏതെങ്കിലും ഭാഗത്തിനോ പിൻതുടർച്ചവഴിയുള്ള അവകാശം അവകാശപ്പെടുന്ന ഏതെങ്കിലും ആരംക്ക്, മററാരാരം യഥാർത്ഥ കൈവശം എടുത്തതിനുശേഷമോ, അല്ലെങ്കിൽ കൈവശം പിടിച്ചെടുക്കുന്നതിനുള്ള ബലപ്രയോഗമാർഗ്ഗങ്ങളെക്കുറിച്ച് ആശങ്കയുള്ളപ്പോഴോ, നിവൃത്തിക്കുവേണ്ടി ആ വസ്തുവിൻെറ ഏതെങ്കിലും ഭാഗം കാണപ്പെടുകയോ സ്ഥിതിചെയ്യുകയോ ചെയ്യുന്ന ജില്ലയിലെ ജില്ലാ ജഡ്ജിക്ക് അപേക്ഷ കൊടുക്കാവുന്നതാണ്.

(2) ഏതെങ്കിലും മൈനർക്കോ, അയോഗ്യതയുള്ള ആരംക്കോ, അസന്നിഹിതനായ ആരംക്കോ മുൻപറഞ്ഞതുപോലെയുള്ള വസ്തുവിന് പിൻതുടർച്ചവഴി അവകാശമുണ്ടായിരിക്കുന്നതായാൽ, ഏതെങ്കിലും ഏജൻറിനോ, ചാർച്ചക്കാരനോ അടുത്ത സ്നേഹിതനോ, അല്ലെങ്കിൽ കോർട്ട് ആഫ് വാർഡ്സിന് നടപടിക്കെടുക്കാവുന്ന സംഗതികളിൽ, അതിനോ, നിവൃത്തിക്കായി സദൃശമായ അപേക്ഷ കൊടുക്കാവുന്നതാണ്.

193. ജഡ്ജി ചെയ്യുന്ന അന്വേഷണ വിചാരണ.—ഏത് ജില്ലാ ജഡ്ജിക്കാണോ അങ്ങനെയുള്ള അപേക്ഷ കൊടുക്കുന്നത്, ആ ജില്ലാജഡ്ജി ആദ്യമായി അപേക്ഷകനെ ശപഥത്തിൻമേൽ വിസ്തരിക്കേണ്ടതും; കൈവശമുള്ളതോ കൈവശം പിടിച്ചെടുക്കാൻ ബലപ്രയോഗമാർഗ്ഗങ്ങരം എടുക്കുന്നതോ ആയ കക്ഷിക്ക് നിയമാനുസൃതമായ ഉടമാവകാശം ഇല്ലെന്നും, അപേക്ഷകനോ, അല്ലെങ്കിൽ ആർക്കുവേണ്ടിയാണോ അയാരം അപേക്ഷിക്കുന്നത്, അയാരംക്കോ വാസ്തവത്തിൽ അവകാശമുണ്ടെന്നും സാധാരണ നിവൃത്തി മാർഗ്ഗമായ വ്യവഹാരത്തിന് വിട്ടുകൊടുത്താൽ അയാരംക്ക് സാരമായി ദോഷം ചെയ്യാനിടയുണ്ടെന്നും; അപേക്ഷ ഉത്തമവിശ്വാസപൂർവ്വം കൊടുത്തിട്ടുള്ളതാണെന്നും വിശ്വസിക്കാൻ മതിയായ കാരണമുണ്ടോ എന്നതിനെക്കുറിച്ച് അദ്ദേഹത്തിന് ആവശ്യമെന്ന് തോന്നുന്ന കൂടുതൽ അന്വേഷണവിചാരണ, വല്ലതും ഉണ്ടെങ്കിൽ ചെയ്യാവുന്നതും ആകുന്നു.

194. നടപടിക്രമം.—മുൻപറഞ്ഞതുപോലെ വിശ്വസിക്കാൻ മതിയായ കാരണമുണ്ടെന്ന് ജില്ലാജഡ്ജിക്ക് ബോദ്ധ്യപ്പെടുന്നുവെങ്കിൽ, ഏതു കക്ഷിയെക്കുറിച്ചാണോ പരാതിപ്പെട്ടിട്ടുള്ളത്, ആ കക്ഷിയെ, അദ്ദേഹം സമൺചെയ്യുകയും കൈവശത്തിന് വിഘ്നം ഉണ്ടാക്കിയതു നീക്കാൻ പ്രസിദ്ധപ്പെടുത്തുന്നതുവഴി നോട്ടീസ് കൊടുക്കുകയും ചെയ്യേണ്ടതും, ന്യായമായ സമയം കഴിഞ്ഞശേഷം (ഇതിൽ ഇതിനുശേഷം വ്യവസ്ഥചെയ്യുന്ന വ്യവഹാരത്തിന് വിധേയമായി) കൈവശത്തിനുള്ള അവകാശത്തെക്കുറിച്ച് സമ്മറിയായി തീരുമാനിക്കേണ്ടതും, അതനുസരിച്ച് കൈവശം ഡെലിവർചെയ്യേണ്ടതും അങ്ങനെ ബോദ്ധ്യപ്പെടുന്നില്ലെങ്കിൽ അങ്ങനെ ചെയ്യേണ്ടതല്ലാത്തതും ആകുന്നു.

എന്നാൽ, ഏതു കക്ഷിയെക്കുറിച്ചാണോപരാതിപ്പെട്ടിട്ടുള്ളത്, ആ കക്ഷിയെ സമൺ ചെയ്യുന്നതിന് ആവശ്യകമായ അന്വേഷണവിചാരണ താൻ സമാപിപ്പിച്ചിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും, ജില്ലാ ജഡ്ജിക്ക് മുതലിനെക്കുറിച്ചുള്ള ഒരു ഇൻവെൻററി എടുക്കുകയും, അവ മുദ്രവയ്ക്കുകയോ നഷ്ടപ്പെടുകയില്ലെന്ന് മററു

വിധത്തിൽ ഉറപ്പുവരുത്തുകയോ ചെയ്യുകയും ചെയ്യേണ്ടതിനുള്ള ഒരു ഉദ്യോഗസ്ഥനെ നിയമിക്കുന്നതിനുവേണ്ടി താമസംകൂടാതെ അപേക്ഷ കൊടുക്കുന്നതിൻമേൽ, അങ്ങനെ നിയമിക്കാൻ അധികാരം ഉണ്ടായിരിക്കുന്നതാണ്.

195. നടപടി നിലവിലുള്ള കാലത്തേക്ക് ക്യൂറേറററെ നിയമിക്കുന്നത്.—മുൻപറഞ്ഞതുപോലെയുള്ള അന്വേഷണവിചാരണയിൻമേൽ സമ്മറി നടപടി തീരുമാനമാകാൻ കഴിയുന്നതിനുമുമ്പ് വസ്തുവിൻെറ ദുർവിനിയോഗത്തിൻേറയോ നാശത്തിൻേറയോ അപായം ഉണ്ടാകുമെന്ന് ആശങ്കപ്പെടണമെന്നും കൈവശമുള്ള കക്ഷിയിൽനിന്ന് ഈടുവാങ്ങാനുള്ള താമസമോ അല്ലെങ്കിൽ അതിൻെറ പോരായ്മയോ കൈവശമില്ലാത്ത കക്ഷിയെ, അയാൾ നിയമാനുസൃത ഉടമസ്ഥനാണെങ്കിൽ ഗണ്യമായ നഷ്ടസാദ്ധ്യതയ്ക്ക് വിധേയനാക്കുമെന്നും കാണപ്പെടുന്നുവെങ്കിൽ, ജില്ലാ ജഡ്ജിക്ക് ഒന്നോ അതിലധികമോ ക്യൂറേററർമാരെ നിയമിക്കാവുന്നതും, അയാളുടേയോ അവരുടെയോ പ്രാധികാരം അയാളുടേയോ അവരുടെയോ യഥാക്രമമുള്ള നിയമനങ്ങളുടെ നിബന്ധനകളനുസരിച്ചും, യാതൊരു സംഗതിയിലും സമ്മറി നടപടിയുടെ തീരുമാനത്തിനും അതിൻെറ അനന്തരഫലമായുള്ള കൈവശത്തിൻെറ സ്ഥിരപ്പെടുത്തലിനും അല്ലെങ്കിൽ ഡെലിവറിക്കും അപ്പുറം പോകാതെയും തുടർന്നുപോകുന്നതും ആകുന്നു :

എന്നാൽ, ഭൂമിയുടെ സംഗതിയിൽ, ജഡ്ജിക്ക് ക്യൂറേറററുടെ അധികാരങ്ങൾ കളക്ടർക്കോ, കളക്ടറുടെ കീഴിലുള്ള മറേറതെങ്കിലും ഉദ്യോഗസ്ഥനോ പ്രത്യായോജനം ചെയ്യാവുന്നതാണ് :

എന്നു മാത്രമല്ല ഏതെങ്കിലും വസ്തു സംബന്ധിച്ചുള്ള ഒരു ക്യൂറേറററുടെ ഏതൊരു നിയമനവും മുറപ്രകാരം പ്രസിദ്ധപ്പെടുത്തേണ്ടതാകുന്നു.

196. ക്യൂറേററർക്ക് നല്കാവുന്ന അധികാരങ്ങൾ.—ജില്ലാ ജഡ്ജിക്ക് ക്യൂറേറററെ, വസ്തു കൈവശമെടുക്കാനായി സാമാന്യമായോ അല്ലെങ്കിൽ കൈവശമുള്ള കക്ഷി ഈട് നല്കുന്നതുവരേയോ, അല്ലെങ്കിൽ വസ്തുവിൻെറ ഇൻവെൻററി ഉണ്ടാക്കുന്നതുവരേയോ, അല്ലെങ്കിൽ കൈവശമുള്ള കക്ഷി ദുർവിനിയോഗം ചെയ്യുന്നതിൽനിന്നോ നാശമുണ്ടാക്കുന്നതിൽനിന്നോ വസ്തു സുരക്ഷിതമാക്കുന്നതിന് ആവശ്യകമായ മറേറതെങ്കിലും കാര്യത്തിനുവേണ്ടിയോ പ്രാധികാരപ്പെടുത്താവുന്നതാണ്:

എന്നാൽ, കൈവശമുള്ള കക്ഷിയെ ഈട് നല്കുന്നതിൻമേലോ അല്ലാതെയോ അങ്ങനെയുള്ള കൈവശത്തിന് തുടരാൻ ജഡ്ജിക്ക് സ്വവിവേകം ഉപയോഗിച്ച് അനുവദിക്കാവുന്നതും; കൈവശം തുടരുന്നത് ഇൻവെൻററികളെ സ്പർശിച്ചുകൊണ്ടോ, കരണങ്ങളോ മററ് മുതലുകളോ നഷ്ടപ്പെടുകയില്ലെന്ന് ഉറപ്പുവരുത്തുന്നതിനെ സ്പർശിച്ചുകൊണ്ടോ ജഡ്ജി പുറപ്പെടുവിക്കുന്ന ഉത്തരുവകൾക്ക് വിധേയമായിരിക്കുന്നതും ആണ്.

197. ക്യൂറേററർമാർ ചില അധികാരങ്ങൾ പ്രയോഗിക്കുന്നതിൻെറ നിരോധനം.—(1) ഭാഗം X-ൻ കീഴിലോ പിൻതുടർച്ച സർട്ടിഫിക്കററ് ആക്ററ്, 1889 (1889-ലെ 7)-ൻ കീഴിലോ ഒരു സർട്ടിഫിക്കററ് നല്കുകയോ അല്ലെങ്കിൽ പ്രൊബേററാ അഡ്മിനിസ്ട്രേഷൻ പത്രമോ നല്കുകയോ ചെയ്തിട്ടുള്ളിടത്ത്, ഈ ഭാഗത്തിൻ കീഴിൽ നിയമിക്കപ്പെടുന്ന ഒരു ക്യൂറേററർ ആ സർട്ടിഫിക്കററ് ഉള്ള ആൾക്കോ എക്സിക്യൂട്ടർക്കോ അഡ്മിനിസ്ട്രേററർക്കോ നിയമപ്രകാരമുള്ള ഏതെങ്കിലും പ്രാധികാരം പ്രയോഗിക്കാൻ പാടുള്ളതല്ല.

(2) ക്യൂറേററർക്ക് കടങ്ങൾ മുതലായവ കൊടുക്കുന്നത്.—കടങ്ങളോ പാട്ടങ്ങളോ (വാടകകളോ) വാങ്ങാൻ കോടതി പ്രാധികാരപ്പെടുത്തിയിട്ടുള്ള ഒരു ക്യൂറേററർക്ക്, അവ കൊടുത്തിട്ടുള്ള എല്ലാ ആളുകൾക്കും നഷ്ടോത്തരവാദം ചെയ്തുകൊടുക്കുന്നതും, ക്യൂറേററർ അവ, അതതുസംഗതിപോലെ, സർട്ടിഫിക്കേററാ, പ്രൊബേററാ, അഡ്മിനിസ്ട്രേഷൻ പത്രമോ ലഭിച്ചിട്ടുള്ള ആൾക്ക് കൊടുക്കുന്നതിന് ഉത്തരവാദിയായിരിക്കുന്നതും ആണ്.

198. ക്യൂറേററർ ജാമ്യം നല്കേണ്ടതും, അയാൾക്ക് വേതനം വാങ്ങാവുന്നതും ആണെന്ന്.— (1) ക്യൂറേറററുടെ ട്രസ്റ്റ് വിശ്വസ്തതയോടെ നിറവേററുന്നതിനും, ഇതിൽ ഇതിനുശേഷം വ്യവസ്ഥചെയ്യുന്നതുപോലെ അതിന്റെ തൃപ്തികരമായ കണക്കുകൾ ബോധിപ്പിക്കുന്നതിനും അയാളോട് ജില്ലാ ജഡ്ജി ജാമ്യം വാങ്ങേണ്ടതും അദ്ദേഹത്തിന് അയാളെ വസ്തുവിൽനിന്ന്, ന്യായമെന്ന് തോന്നുന്നതും യാതൊരു സംഗതിയിലും ജംഗമവസ്തുവിൻമേലും സ്ഥാവരവസ്തുവിന്റെ വാർഷിക ലാഭത്തിൻമേലും അഞ്ചു ശതമാനത്തിൽ കവിയാത്തതുമായ വേതനം വാങ്ങുവാൻ പ്രാധികാരപ്പെടുത്താവുന്നതും ആണ്.

(2) ക്യൂറേററർ വസൂലാക്കുന്ന എല്ലാ മിച്ചം പണവും, കോടതിയിൽ കൊടുക്കേണ്ടതും, സമ്മറി നടപടിയുടെ ന്യായനിർണ്ണയത്തിൻമേൽ അതിന് അവകാശമുള്ള ആളുകളുടെ ഗുണത്തിനായി പബ്ലിക്ക് ഈടുപത്രങ്ങളിൽ നിക്ഷേപിക്കേണ്ടതും ആകുന്നു.

(3) ക്യൂറേറററിൽനിന്ന് ന്യായമായത്ര വേഗത്തിൽ ജാമ്യം ആവശ്യപ്പെടേണ്ടതും, പ്രായോഗികമായിടത്ത്, ജാമ്യം ഏതെല്ലാം സംഗതികൾക്കായാണോ അയാളെ പിന്നീട് ക്യൂറേറററായി നിയമിച്ചേക്കാവുന്നത്, അങ്ങനെയുള്ള എല്ലാ സംഗതികൾക്കും പററുന്നവിധം സാമാന്യമായി വാങ്ങേണ്ടതും ആണ്. എന്നാൽ, ജാമ്യം വാങ്ങുന്നതിലുള്ള യാതൊരു കാലതാമസവും ക്യൂറേറററിൽ അയാളുടെ ഉദ്യോഗത്തിന്റെ അധികാരങ്ങൾ ഉടൻതന്നെ നിക്ഷിപ്തമാക്കുന്നതിൽനിന്ന് ജഡ്ജിയെ തടയുന്നതല്ല.

199. എസ്റേറററിൽ ഭൂമിക്കരംകൊടുക്കുന്ന ഭൂമി ഉൾപ്പെടുന്നിടത്ത്, കളക്ടററിൽനിന്നുള്ള റിപ്പോർട്ട്.— (1) മരിച്ചുപോയ ആളുടെ എസ്റേററററ് മുഴുവനുമായോ ഭാഗികമായോ ഗവൺമെൻറിലേക്ക് ഭൂമിക്കരം കൊടുക്കുന്ന ഭൂമി ആയിരിക്കുന്നിടത്ത്, കൈവശമുള്ള കക്ഷിയെ സമൺചെയ്യുന്നതിൻേറയോ, ക്യൂറേറററെ നിയമിക്കുന്നതിൻേറയോ, ആ നിയമത്തിന് വ്യക്തികളെ നാമനിർദ്ദേശം ചെയ്യുന്നതിൻേറയോ ഔചിത്യം സംബന്ധിക്കുന്ന എല്ലാ വിഷയങ്ങളിലും ജില്ലാ ജഡ്ജി കളക്ടററിൽനിന്ന് ഒരു റിപ്പോർട്ട് ആവശ്യപ്പെടേണ്ടതും അപ്പോൾ കളക്ടറർ അതു നല്കേണ്ടതും ആകുന്നു:

എന്നാൽ അടിയന്തര സംഗതികളിൽ ജഡ്ജിക്ക് ആദ്യമായി അങ്ങനെയുള്ള റിപ്പോർട്ട് കൂടാതെ തുടർന്നു നടപടിയെടുക്കാവുന്നതാണ്.

(2) ജഡ്ജി, അങ്ങനെയുള്ള റിപ്പോർട്ടിന് അനുരൂപമായി പ്രവർത്തിക്കാൻ ബാദ്ധ്യസ്ഥനല്ലാത്തതും, എന്നാൽ അങ്ങനെയുള്ള റിപ്പോർട്ട് പ്രകാരമല്ലാതെ പ്രവർത്തിക്കുന്നതായാൽ, അദ്ദേഹം തനിക്കുള്ള കാരണങ്ങളെക്കുറിച്ച് ഒരു സ്റേറററ്മെൻറ് ഹൈക്കോടതിക്ക് അയക്കേണ്ടതും, അങ്ങനെയുള്ള കാരണങ്ങൾകൊണ്ട് തൃപ്തിപ്പെടുന്നില്ലെങ്കിൽ ഹൈക്കോടതി, കളക്ടററുടെ റിപ്പോർട്ടിന് അനുരൂപമായി തുടർന്നു നടപടി എടുക്കാൻ ജഡ്ജിയോട് നിദേശിക്കേണ്ടതും ആകുന്നു.

200. വ്യവഹാരങ്ങൾ കൊടുക്കുന്നതും പ്രതിവാദം ചെയ്യുന്നതും.— വ്യവഹാരങ്ങൾ കൊടുക്കുന്നതോ പ്രതിവാദംചെയ്യുന്നതോ സംബന്ധിച്ച് ക്യൂറേററർ ജില്ലാ ജഡ്ജിയുടെ എല്ലാ ഉത്തരവുകൾക്കും വിധേയനായിരിക്കുന്നതും, എല്ലാ വ്യവഹാരങ്ങളും എസ്റേറററിനുവേണ്ടി ക്യൂറേറററുടെ നാമത്തിൽ കൊടുക്കുകയോ പ്രതിവാദിക്കുകയോ ചെയ്യാവുന്നതും ആണ്:

എന്നാൽ, കടങ്ങളും പാട്ടം (വാടക)കളും പിരിക്കുന്നതിന് ക്യൂറേറററെ നിയമിക്കുന്ന ഉത്തരവിൽ പ്രകടമായ പ്രാധികാരം ആവശ്യമായിരിക്കുന്നതും, എന്നാൽ അങ്ങനെയുള്ള പ്രകടമായ പ്രാധികാരം, അതിന്റെ ബലത്തിൽ കിട്ടുന്ന ഏതു പണത്തുകയ്ക്കും പൂർണ്ണ മുക്തിപത്രം കൊടുക്കാൻ ക്യൂറേററർക്ക് കഴിവുണ്ടാകുന്നതുമാണ്.

201. ക്യൂറേറററുടെ കസ്ററഡി നിലവിലുള്ളപ്പോൾ ഉടമസ്ഥരായി കാണപ്പെടുന്നവർക്കുള്ള അലവൻസുകൾ.—വസ്തുവിൻെറ ക്യൂറേറററുടെ കസ്ററഡി നിലവിലുള്ളപ്പോൾ, ജില്ലാ ജഡ്ജിക്ക് തത്പര കക്ഷികളുടെ അവകാശങ്ങളേയും പരിതഃസ്ഥിതികളേയും കുറിച്ചുള്ള ഒരു സമ്മറി അന്വേഷണത്തിൻമേൽ, ആവശ്യമാണെന്ന് താൻ കരുതുന്ന അലവൻസുകൾ പ്രഥമ ദൃഷ്ട്യാ വസ്തുവിന് അവകാശമുള്ള കക്ഷികൾക്ക് നല്കാവുന്നതും, സമ്മറി നടപടി ന്യായനിർണ്ണയം ചെയ്യുന്നതിൻമേൽ, ആ കക്ഷിക്ക് അതിനവകാശമില്ലെന്നു കാണുന്നതായാൽ, ആ അലവൻസുകൾ പലിശയോടുകൂടി തിരിയെ നല്കുന്നതിന് സ്വവിവേകം ഉപയോഗിച്ച് ജാമ്യം വാങ്ങാവുന്നതുമാണ്.

202. ക്യൂറേററർ ഫയൽ ചെയ്യേണ്ട കണക്കുകൾ.—ക്യൂറേററർ തൻെറ ഭരണത്തെക്കുറിച്ച് ജില്ലാ ജഡ്ജിക്ക് തൃപ്തിയാകുംവിധം സംക്ഷിപ്തമായി പ്രതിമാസക്കണക്കുകൾ ഫയൽ ചെയ്യേണ്ടതും, ഓരോ മൂന്നുമാസക്കാലം കഴിയുമ്പോഴും—തൻെറ ഭരണം അത്രയും കാലം നീണ്ടുനില്ക്കുന്നുവെങ്കിൽ വസ്തുവിൻെറ കൈവശം വിട്ടുകൊടുക്കുമ്പോഴും—വിശദമായ കണക്ക് ഫയൽചെയ്യേണ്ടതും ആകുന്നു.

203. കണക്കുകളുടെ പരിശോധനയും, തത്പരകക്ഷികൾക്ക് ഡ്യൂപ്ലിക്കേററ് വച്ചു പോരാനുള്ള അവകാശവും.—(1) ക്യൂറേറററുടെ കണക്കുകൾ എല്ലാ തത്പരകക്ഷികളുടേയും പരിശോധനയ്ക്ക് പ്രാപ്യമായിരിക്കേണ്ടതും, ക്യൂറേററർക്ക് കിട്ടുന്നതും അയാൾ കൊടുക്കുന്നതുമായ എല്ലാററിൻേറയും ഒരു ഡ്യൂപ്ലിക്കേററ് കണക്കുവച്ചുപോരാൻ വേറെ ഒരാളെ നിയമിക്കുവാൻ അങ്ങനെയുള്ള ഏതെങ്കിലും തത്പരകക്ഷിക്ക് ക്ഷമതയുണ്ടായിരിക്കുന്നതുമാണ്.

(2) ക്യൂറേറററുടെ കണക്കുകൾ കുടിശ്ശികയായിരിക്കുകയാണെന്നോ, അവ തെററായതോ അപൂർണ്ണമായതോ ആണെന്നോ കാണന്നുവെങ്കിലോ, അല്ലെങ്കിൽ അവ ഹാജരാക്കുവാൻ ക്യൂറേറററോട് ജില്ലാ ജഡ്ജി ആവശ്യപ്പെടുന്ന ഏതെങ്കിലും സമയത്ത് അയാൾ അപ്രകാരം ചെയ്യാതിരിക്കുന്നുവെങ്കിലോ, അയാൾ, അങ്ങനെയുള്ള ഏതൊരു വീഴ്ചക്കും ആയിരം രൂപയിൽ കവിയാത്ത പിഴശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

204. ഒരേ വസ്തുവിന് രണ്ടാമത് ഒരു ക്യൂറേറററെ നിയമിക്കുന്നതിനുള്ള തടസ്സം.—ഏതെങ്കിലും ജില്ലയിലെ ജഡ്ജി, മരിച്ചുപോയ ഒരു ആളുടെ മുഴുവൻ വസ്തു സംബന്ധിച്ചും ഒരു ക്യൂറേറററെ നിയമിച്ചിട്ടുണ്ടെങ്കിൽ, അങ്ങനെയുള്ള നിയമനം മറേറതെങ്കിലും ക്യൂറേറററെ നിയമിക്കുന്നതിൽ നിന്ന്, അതേ സ്റേററിലുള്ള മറേറതെങ്കിലും ജില്ലയിലെ ജഡ്ജിയെ തടയുന്നതും, എന്നാൽ മരിച്ചുപോയ ആളുടെ വസ്തുവിൻെറ ഒരു ഭാഗം സംബന്ധിച്ചുള്ള ഒരു ക്യൂറേറററുടെ നിയമനം അവശേഷമോ അതിൻെറ ഏതെങ്കിലും ഭാഗമോ സംബന്ധിച്ച് അതേ സ്റേററിൽ മററൊരു ക്യൂറേറററുടെ നിയമനത്തെ തടയുന്നതല്ലാത്തതും ആകുന്നു:

എന്നാൽ, യാതൊരു ജഡ്ജിയും, മററൊരു ജഡ്ജിയുടെ മുമ്പാകെ മുൻപു തന്നെ ആരംഭിക്കപ്പെട്ട ഒരു സമ്മറി നടപടിക്ക് വിഷയമായ വസ്തു സംബന്ധിച്ച്, ഒരു ക്യൂറേറററെ നിയമിക്കുകയോ, ഒരു സമ്മറി നടപടി സ്വീകരിക്കുകയോ ചെയ്യാൻ പാടുള്ളതല്ല:

എന്നു മാത്രമല്ല, ഒരു എസ്റേററിൻെറ പല ഭാഗങ്ങൾക്ക് രണ്ടോ അതിലധികമോ ക്യൂറേററർമാരെ വ്യത്യസ്ത ജഡ്ജിമാർ നിയമിക്കുന്നുവെങ്കിൽ, ഹൈക്കോടതിക്ക് മുഴുവൻ വസ്തുവിനും ഒരു ക്യൂറേറററെ നിയമിക്കുന്നതിന് ഉചിതമെന്നു തോന്നുന്ന ഉത്തരവ് ചെയ്യാവുന്നതാണ്.

205. ക്യൂറേറ്റർ വേണമെന്ന അപേക്ഷയ്ക്കുള്ള കാലഹരണ സമയം.—ജില്ലാ ജഡ്ജിക്കുള്ള, ഈ ഭാഗത്തിൻകീഴിലെ അപേക്ഷ, ഏതുടമയുടെ വസ്തുവാണോ പിൻ തുടർച്ചാവകാശം വഴി അവകാശപ്പെടുന്നത്, ആ ഉടമ മരിച്ച് ആറുമാസത്തിനുള്ളിൽ ബോധിപ്പിക്കണം.

206. പബ്ലിക് ധനനിശ്ചയത്തിനോ മരിച്ചുപോയ ആളുടെ നിദേശങ്ങൾക്കോ എതിരായി ഈ ഭാഗം പ്രാവർത്തികമാക്കുന്നതിനുള്ള തടസ്സം.—ഈ ഭാഗത്തിലെ യാതൊന്നും, ഏതെങ്കിലും പബ്ലിക് ധന നിശ്ചയരേഖയുടേയോ, ഏതെങ്കിലും വസ്തുവിന്റെ മരിച്ചുപോയ ഉടമ, തന്റെ വസ്തുവിന്റെ തന്റെ മരണശേഷമുള്ള കൈവശത്തിനായി മൈനാറിററിയുടെ സംഗതിയിലോ, മറേറാ നല്കുന്ന ഏതെങ്കിലും നിയമാനുസൃത നിദേശങ്ങളുടേയോ ഉല്ലംഘനത്തെ പ്രാധികാരപ്പെടുത്തുന്നതായി കരുതപ്പെടുന്നതല്ലാത്തതും, അങ്ങനെയുള്ള ഏതൊരു സംഗതിയിലും, അങ്ങനെയുള്ള നിദേശങ്ങൾ ഉള്ളതായി മരിച്ചുപോയ ആളുടെ വസ്തു സംബന്ധിച്ച് അധികാരിതയുള്ള ജഡ്ജിക്ക് ബോദ്ധ്യപ്പെടുന്ന ഉടൻ അദ്ദേഹം അവയ്ക്ക് പ്രഭാവം നല്കേണ്ടതും ആകുന്നു.

207. കോർട്ട് ആഫ് വാർഡ്സിന്റെ അധികാരിതയ്ക്ക് അധീനമായ വസ്തു ഉള്ള മൈനറുടെ സംഗതിയിൽ കോർട്ട് ആഫ് വാർഡ്സിനെ ക്യൂറേറററായി നിയമിക്കേണ്ടതാണെന്ന്.—ഈ ഭാഗത്തിലെ യാതൊന്നും, ഏതെങ്കിലും വസ്തുവിന്റെ കോർട്ട് ആഫ് വാർഡ്സിന്റെ കൈവശത്തിന് വിഘ്നം ഉണ്ടാക്കാൻ പ്രാധികാരപ്പെടുത്തുന്നതായി കരുതപ്പെടുന്നതല്ലാത്തതും, ഏതു കക്ഷിക്കു വേണ്ടിയാണോ ഈ ഭാഗത്തിൻകീഴിൽ അപേക്ഷ കൊടുക്കുന്നത്, ആ കക്ഷി, തന്റെ വസ്തു കോർട്ട് ആഫ് വാർഡ്സിന്റെ അധീനതയിലായ ഒരു മൈനറോ മററ് അയോഗ്യതയുള്ള ആളോ ആയിരിക്കുന്ന സംഗതിയിൽ, ജില്ലാ ജഡ്ജിക്ക്, കൈവശമുള്ള കക്ഷിയെ സമൺ ചെയ്യുവാനും ക്യൂറേററ്റെ നിയമിക്കുവാനും തീരുമാനിക്കുന്നുവെങ്കിൽ മുൻപറഞ്ഞതുപോലെ ജാമ്യം വാങ്ങാതെ എസ്റേററിന്റെ ക്യൂറേറ്റർ പദവി, നടപടികൾ നിലവിലിരിക്കുന്ന കാലത്തേയ്ക്ക് കോർട്ട് ആഫ് വാർഡ്സിൽ നിക്ഷിപ്തമാക്കേണ്ടതും; സമറി നടപടി ന്യായ നിർണ്ണയം ചെയ്യുന്നതിൻമേൽ, വസ്തു, മൈനർക്കോ അയോഗ്യതയുള്ള ആൾക്കോ അവകാശപ്പെട്ടതായി കാണപ്പെടുന്നുവെങ്കിൽ, കൈവശം, കോർട്ട് ആഫ് വാർഡ്സിന് ഡെലിവർ ചെയ്യേണ്ടതുമാകുന്നു.

208. വ്യവഹാരം കൊണ്ടുവരാനുള്ള അവകാശം ഒഴിവാക്കൽ.—ഈ ഭാഗത്തിൽ അടങ്ങിയ യാതൊന്നും, ഏതു കക്ഷിയുടെ അപേക്ഷയാണോ കൈവശമുള്ള കക്ഷിയെ സമൺ ചെയ്യുന്നതിന് മുമ്പോ പിമ്പോ തിരസ്കരിച്ചിട്ടുണ്ടായിരിക്കാവുന്നത്, ആ കക്ഷിയോ അല്ലെങ്കിൽ ഈ ഭാഗത്തിൻകീഴിൽ കൈവശത്തിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുണ്ടായിരിക്കാവുന്ന ഒരു കക്ഷിയോ വ്യവഹാരം കൊണ്ടുവരുന്നതിന് ഒരുവിധത്തിലും തടസ്സമായിരിക്കുന്നതല്ല.

209. സമറി നടപടിയുടെ തീരുമാനത്തിന്റെ പ്രഭാവം.—ഈ ഭാഗത്തിൻകീഴിലുള്ള ഒരു സമറി നടപടിയിലെ ജില്ലാ ജഡ്ജിയുടെ, തീരുമാനത്തിന്, യഥാർത്ഥ കൈവശത്തെപ്പററി തീർപ്പാക്കുന്നതല്ലാത്ത മററു യാതൊരു പ്രഭാവവും ഉണ്ടായിരിക്കുന്നതല്ലാത്തതും; എന്നാൽ ഈ ആവശ്യത്തിന് അത് അന്തിമമായിരിക്കുന്നതും, ഏതെങ്കിലും അപ്പീലിനോ റിവ്യൂവിനോ വിധേയമായിരിക്കുന്നതല്ലാത്തതും ആകുന്നു.

210. പബ്ലിക് ക്യൂറേറർമാരുടെ നിയമനം.—സ്റേററ് ഗവൺമെൻറിന്, ഏതെങ്കിലും ജില്ലക്കോ എത്രയെങ്കിലും ജില്ലകൾക്കോ ആയി പബ്ലിക് ക്യൂറേറർമാരെ നിയമിക്കാവുന്നതും, ക്യൂറേററെ തിരഞ്ഞെടുക്കുന്നത്, ഈ ഭാഗത്തിൻ കീഴിൽ അധികാരിതയുള്ള ജില്ലാ ജഡ്ജിക്ക് സ്വവിവേകം ഉപയോഗിച്ച് ചെയ്യാൻ വിട്ടിരിക്കുന്ന എല്ലാ സംഗതികളിലും, അങ്ങനെയുള്ള പബ്ലിക് ക്യൂറേറർമാരെ അദ്ദേഹം നാമനിർദ്ദേശം ചെയ്യേണ്ടതും ആകുന്നു.

## ഭാഗം VIII

## പിൻതുടർച്ചയിൻമേൽ, മരിച്ചുപോയ ആളുടെ വസ്തുവിന് പ്രാതിനിദ്ധ്യാത്മകമായ ഉടമാവകാശം

211. എക്സിക്യൂട്ടറുടേയോ അഡ്മിനിസ്ട്രേററുടേയോ ആ നിലയിലുള്ള സ്വഭാവവും വസ്തുവും.—(1) മരിച്ചുപോയ ആളുടെ, അതതു സംഗതി പോലെ, എക്സിക്യൂട്ടറോ അഡ്മിനിസ്ട്രേററോ എല്ലാ ആവശ്യങ്ങൾക്കും അയാളുടെ നിയമാനുസൃത പ്രതിനിധിയായിരിക്കുന്നതും, മരിച്ചുപോയ ആളുടെ എല്ലാ വസ്തുവും ആ നിലയിൽ അയാളിൽ നിക്ഷിപ്തമായിരിക്കുന്നതും ആണ്.

(2) മരിച്ചുപോയ ആൾ ഹിന്ദുവോ, മുസ്ലീമോ ബുദ്ധ മതക്കാരനോ, സിക്കുകാരനോ, ജൈനനോ, പാഴ്സിയോ ഒഴിവാക്കപ്പെട്ട ആളോ ആയിരുന്നുവെങ്കിൽ, ഇതിലടങ്ങിയ യാതൊന്നും മററുവിധത്തിലാണെങ്കിൽ, മററു വല്ല ആൾക്കും അതിജീവിതത്വംവഴി സംക്രമിക്കുമായിരുന്ന മരിച്ചുപോയ ആളുടെ ഏതെങ്കിലും വസ്തു, എക്സിക്യൂട്ടറിലോ അഡ്മിനിസ്ട്രേററിലോ നിക്ഷിപ്തമാക്കുന്നതല്ല.

212. മരണശാസനം കൂടാതെ മരിച്ച ആളുടെ വസ്തുവിനുള്ള അവകാശം.—(1) ക്ഷമതയോടുകൂടിയ അധികാരിതയുള്ള ഒരു കോടതി ആദ്യമേ അഡ്മിനിസ്ട്രേഷൻ പത്രം അനുദാനം ചെയ്തിട്ടില്ലാത്തപക്ഷം, മരണശാസനം കൂടാതെ മരിച്ച ഒരാളുടെ വസ്തുവിൻെറ ഏതെങ്കിലും ഭാഗം സംബന്ധിച്ച യാതൊരു അവകാശവും ഏതെങ്കിലും നീതി ന്യായക്കോടതിയിൽ സ്ഥാപിക്കാൻ കഴിയുന്നതല്ല.

(2) ഈ വകുപ്പ്, ഹിന്ദുവോ, മുഹമ്മദീയനോ, ബുദ്ധ മതക്കാരനോ സിക്കുകാരനോ ജൈനനോ ഇൻഡ്യൻ ക്രിസ്ത്യാനിയോ പാഴ്സിയോ മരണ ശാസനം കൂടാതെ മരിക്കുന്ന സംഗതിയിൽ ബാധകമാകുന്നതല്ല.

213. എക്സിക്യൂട്ടറായോ ഒസ്യത്തവകാശിയായോ ഉള്ള അവകാശം സ്ഥാപിക്കപ്പെടുന്നത് എപ്പോഴെന്ന്.— (1) എക്സിക്യൂട്ടറായോ ഒസ്യത്തവകാശിയായോ ഉള്ള യാതൊരു അവകാശവും, ഇൻഡ്യയിലെ, ക്ഷമതയോടുകൂടിയ അധികാരിതയുള്ള ഒരു കോടതി, ഏതു മരണശാസനപ്രകാരമാണോ ആ അവകാശം അവകാശപ്പെടുന്നത്, ആ മരണശാസനത്തിൻെറ പ്രൊബേററ് അനുദാനം ചെയ്യുകയോ അല്ലെങ്കിൽ മരണശാസനമോ മരണശാസനത്തിൻെറ പ്രമാണീകൃതപ്പകർപ്പോ അനുബന്ധമാക്കിയ അഡ്മിനിസ്ട്രേഷൻ പത്രം അനുദാനം ചെയ്യുകയോ ചെയ്തിട്ടില്ലാത്തപക്ഷം, ഏതെങ്കിലും കോടതിയിൽ സ്ഥാപിക്കാൻ കഴിയുന്നതല്ല.

(2) ഈ വകുപ്പ് മുഹമ്മദീയർ ഉണ്ടാക്കുന്ന മരണശാസനങ്ങളുടെ സംഗതിയിൽ ബാധകമാകുന്നതല്ലാത്തതും,—

(i) ഏതെങ്കിലും ഹിന്ദുവോ ബുദ്ധമതക്കാരനോ സിക്കുകാരനോ ജൈനനോ ഉണ്ടാക്കുന്ന മരണശാസനങ്ങളുടെ സംഗതിയിൽ, അവ 57-ാം വകുപ്പ് (ക) ഖണ്ഡത്തിലും (ഖ) ഖണ്ഡത്തിലും വിനിർദ്ദേശിച്ച തരങ്ങളിൽപ്പെട്ട വയായിട്ടുള്ളിടത്തുമാത്രവും;

(ii) ഇൻഡ്യൻ പിൻതുടർച്ച (ഭേദഗതി) ആക്റ്റ് 1962 (1962-ലെ 16)-ന്റെ പ്രാരംഭത്തിനുശേഷം മരിക്കുന്ന ഏതെങ്കിലും പാഴ്സി ഉണ്ടാക്കുന്ന മരണശാസനങ്ങളുടെ സംഗതിയിൽ, അവ കൽക്കട്ടയിലേയോ, മദ്രാസിലേയോ ബോംബെയിലേയോ ഹൈക്കോടതിയുടെ സാധാരണ സിവിൽ ആദ്യാധികാരിതയുടെ തദ്ദേശാതിർത്തികൾക്കുള്ളിൽ ഉണ്ടാക്കുന്നവയായിരിക്കുന്നിടത്തും, അങ്ങനെയുള്ള അതിർത്തികൾക്ക് പുറമേ സ്ഥിതിചെയ്യുന്ന സ്ഥാവരവസ്തുവിനെ സംബന്ധിക്കുന്നിടത്തോളം അങ്ങനെയുള്ള അതിർത്തികൾക്ക് പുറമെവച്ച് ഉണ്ടാക്കുന്നവ ആയിരിക്കുന്നിടത്തും മാത്രവും, ബാധകമായിരിക്കുന്നതും ആകുന്നു.

214. <u>മരിച്ചുപോയ ആളുകളുടെ അധമർണ്ണരിൽനിന്നുള്ള കടങ്ങൾ കോടതികൾ മുഖാന്തരം വസൂലാക്കുന്നതിന് പ്രാതിനിദ്ധ്യാത്മകമായ ഉടമാവകാശം തെളിയിക്കൽ ഒരു പൂർവ്വോപാധിയാണെന്ന്.</u>— യാതൊരു കോടതിയും,—

(ക) മരിച്ചുപോയ ഒരാളുടെ മുതലുകൾക്കോ, അവയുടെ ഏതെങ്കിലും ഭാഗത്തിനോ പിൻതുടർച്ചാവകാശമുണ്ടെന്ന് അവകാശപ്പെടുന്ന ആൾക്ക്, മരിച്ചുപോയ ആളുടെ അധമർണ്ണൻ അയാളുടെ കടങ്ങൾ തിരിയെ കൊടുക്കാൻ അയാൾക്കെതിരായി ഒരു വിധി പാസ്സാക്കുകയോ, അല്ലെങ്കിൽ

(ഖ) അപ്രകാരം അവകാശമുണ്ടെന്ന് അവകാശപ്പെടുന്ന ഒരാളുടെ അപേക്ഷയിൻമേൽ, അങ്ങനെയുള്ള ഒരു അധമർണ്ണന് എതിരായും, അയാളുടെ കടം തിരിയെ കൊടുക്കാനുള്ള ഒരു വിധിയോ ഉത്തരവോ നടത്താൻ നടപടി തുടരുകയോ;

അപ്രകാരം അവകാശപ്പെടുന്ന ആൾ,

(i) മരിച്ചുപോയ ആളുടെ എസ്റ്റേറ്റിന്, തനിക്ക് അഡ്മിനിസ്ട്രേഷൻ അനുദാനം ചെയ്തിട്ടുള്ളതിന്റെ തെളിവായി ഒരു പ്രൊബേറ്റോ അഡ്മിനിസ്ട്രേഷൻ പത്രമോ, അല്ലെങ്കിൽ—

(ii) അഡ്മിനിസ്ട്രേറ്റർ ജനറൽ ആക്റ്റ്, 1913 (1913-ലെ 3) ലെ 31-ാം വകുപ്പിനോ 32-ാം വകുപ്പിനോ കീഴിൽ അനുദാനം ചെയ്തിട്ടുള്ളതും, ആ കടം ഉൾക്കൊള്ളിച്ചു പറഞ്ഞിട്ടുള്ളതുമായ ഒരു സർട്ടിഫിക്കറ്റോ, അല്ലെങ്കിൽ

(iii) ഭാഗം X-ൻ കീഴിൽ അനുദാനം ചെയ്തിട്ടുള്ളതും, ആ കടം ഉൾക്കൊള്ളിച്ച് വിനിർദ്ദേശിച്ചിട്ടുള്ളതുമായ ഒരു പിൻതുടർച്ച സർട്ടിഫിക്കറ്റോ, അല്ലെങ്കിൽ

(iv) പിൻതുടർച്ച സർട്ടിഫിക്കറ്റ് ആക്റ്റ്, 1889 (1889-ലെ 7)-ൻ കീഴിൽ അനുദാനം ചെയ്തിട്ടുള്ള ഒരു സർട്ടിഫിക്കറ്റോ, അല്ലെങ്കിൽ

(v) 1827-ലെ 8-ാം നമ്പർ ബാംബേ റഗുലേഷന് കീഴിൽ അനുദാനം ചെയ്തിട്ടുള്ളതും, 1889 മേയ് 1-ാം ദിവസത്തിനുശേഷം അനുദാനം ചെയ്തതാണെങ്കിൽ, ആ കടം ഉൾക്കൊള്ളിച്ച് വിനിർദ്ദേശിച്ചിട്ടുള്ളതുമായ ഒരു സർട്ടിഫിക്കറ്റോ,

ഹാജരാക്കുന്നതിൻമേലൊഴികെ, ചെയ്യാൻപാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിൽ "കടം" എന്ന വാക്കിൽ കാർഷികാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഭൂമി സംബന്ധിച്ച് പാട്ടമോ (വാടകയോ) ഭൂമിക്കരമോ സെസ്സോ ഒഴികെയുള്ള ഏതു കടവും ഉൾപ്പെടുന്നു.

215. പിന്നീടുള്ള പ്രൊബേററിനോ അഡ്മിനിസ്ട്രേഷൻ പത്രത്തിനോ സർട്ടിഫിക്കററിൻമേലുള്ള പ്രഭാവം.—(1) ഒരു എസ്റേററ് സംബന്ധിച്ചുള്ള പ്രൊബേററിൻേറയോ അസ്മിനിസ്ട്രേഷൻ പത്രത്തിൻേറയോ ആ എസ്റേററിൽ ഉൾപ്പെടുന്ന ഏതെങ്കിലും കടങ്ങളോ ഈടു പത്രങ്ങളോ സംബന്ധിച്ച് ഭാഗം X-ൻ കീഴിലോ പിൻതുടർച്ച സർട്ടിഫിക്കററ് ആക്ററ്, 1889 (1889-ലെ 7) നോ 1827-ലെ VIII-ാം നമ്പർ ബോംബെ റഗുലേഷനോ കീഴിലോ മുൻപേ അനുദാനം ചെയ്തിട്ടുള്ള ഏതെങ്കിലും സർട്ടിഫിക്കററിനെ വിസ്ഥാപനം ചെയ്യുന്നതായി കരുതപ്പെടുന്നതാകുന്നു.

(2) അങ്ങനെ ഏതെങ്കിലും കടമോ ഈട് പത്രമോ സംബന്ധിച്ച്, അങ്ങനെയുള്ള ഏതെങ്കിലും സർട്ടിഫിക്കററ് ഉള്ള ആൾ ആരംഭിച്ച ഏതെങ്കിലും വ്യവഹാരം അല്ലെങ്കിൽ മററ് നടപടി, പ്രൊബേററിൻേറയോ അഡ്മിനിസ്ട്രേഷൻ പത്രത്തിൻേറയോ അനുദാനത്തിൻെറ സമയത്ത് നിലവിലിരിക്കുമ്പോൾ, ആർക്കാണോ അനുദാനം ചെയ്തിട്ടുള്ളത്, അയാൾക്ക്, ആ വ്യവഹാരമോ നടപടിയോ നിലവിലിരിക്കുന്ന കോടതിക്ക് അയാൾ അപേക്ഷ കൊടുക്കുന്നതിൻമേൽ, ആ വ്യവഹാരത്തിലോ നടപടിയിലോ ആ സർട്ടിഫിക്കററുള്ള ആളുടെ സ്ഥാനം എടുക്കാൻ അവകാശമുണ്ടായിരിക്കുന്നതാണ്:

എന്നാൽ, ഏതെങ്കിലും സർട്ടിഫിക്കററ് ഈ വകുപ്പിൻകീഴിൽ വിസ്ഥാപനം ചെയ്യപ്പെടുമ്പോൾ, അങ്ങനെയുള്ള വിസ്ഥാപനത്തെപ്പററി അറിയാതെ അങ്ങനെയുള്ള സർട്ടിഫിക്കററ് ഉള്ള ആൾക്ക് തുക കൊടുക്കുന്നതെല്ലാം പ്രൊബേററിനോ അഡ്മിനിസ്ട്രേഷൻ പത്രത്തിനോ കീഴിലുള്ള തേർച്ചകൾക്കെതിരായി സാധുവാണെന്ന് തീരുമാനിക്കപ്പെടുന്നതാണ്.

216. പ്രൊബേററോ അഡ്മിനിസ്ട്രേഷൻ പത്രമോ, പിൻവലിക്കുന്നതുവരെ അത് അനുദാനംചെയ്യപ്പെട്ട ആൾ മാത്രമാണ് വ്യവഹാരം ബോധിപ്പിക്കുക മുതലായവ ചെയ്യേണ്ടതെന്ന്.—പ്രൊബേററിൻേറയോ അഡ്മിനിസ്ട്രേഷൻ പത്രത്തിൻേറയോ ഏതെങ്കിലും അനുദാനത്തിന് ശേഷം, അങ്ങനെയുള്ള പ്രൊബേററോ അഡ്മിനിസ്ട്രേഷൻ പത്രമോ തിരിയെ വിളിക്കുകയോ പിൻവലിക്കുകയോ ചെയ്യുന്നതുവരെ, അത് അനുദാനം ചെയ്യപ്പെട്ടിരിക്കാവുന്ന ആൾ അല്ലാത്ത യാതൊരാൾക്കും, അത് ഏതു സ്റേററിലാണോ അനുദാനംചെയ്യപ്പെട്ടിട്ടുള്ളത്, ആ സ്റേററിൽ ഒരിടത്തും മരിച്ചുപോയ ആളുടെ പ്രതിനിധി എന്ന നിലയിൽ വ്യവഹാരം കൊടുക്കുകയോ ഏതെങ്കിലും വ്യവഹാരം തുടർന്നു നടത്തുകയോ മററു പ്രകാരത്തിൽ പ്രവർത്തിക്കുകയോ ചെയ്യാൻ അധികാരം ഉണ്ടായിരിക്കുന്നതല്ല.

## ഭാഗം IX

## പ്രൊബേററും, അഡ്മിനിസ്ട്രേഷൻ പത്രവും മരിച്ചുപോയ ആളുടെ ആസ്തികളുടെ അഡ്മിനിസ്ട്രേഷനും

217. ഈ ഭാഗത്തിൻെറ ബാധകത.—ഈ ആക്ററിലോ, തൽസമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്തിലോ മററുവിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള വിധമൊഴികെ, പ്രൊബേററിൻേറയും മരണശാസനാനുബദ്ധമായ അഡ്മിനിസ്ട്രേഷൻ പത്രത്തിൻേറയും എല്ലാ അനുദാനങ്ങളും മരണശാസനം കൂടാതെയുള്ള പിൻതുടർച്ചയുടെ സംഗതികളിൽ, മരിച്ചുപോയ ആളുടെ ആസ്തികളുടെ അഡ്മിനിസ്ട്രേഷനും ഈ ഭാഗത്തിലെ വ്യവസ്ഥകളനുസരിച്ച്, അതതുസംഗതിപോലെ, ആയിരിക്കുകയോ നടത്തിക്കൊണ്ടുപോവുകയോ ചെയ്യേണ്ടതാകുന്നു.

അദ്ധ്യായം I

## പ്രൊബേററിൻെറയും അഡ്മിനിസ്ട്രേഷൻ പത്രത്തിൻേറയും അനുദാനത്തെക്കുറിച്ച്

218. മരിച്ചുപോയ ആരം ഹിന്ദുവോ, മുഹമ്മദീയനോ, ബുദ്ധമതക്കാരനോ, സിക്കുകാരനോ, ജൈനനോ, ഒഴിവാക്കപ്പെട്ട ആളോആയിരിക്കുന്നിടത്ത് അഡ്മിനിസ്ട്രേഷൻ അനുദാനം ചെയ്യപ്പെടാവുന്നത് ആർക്കാണെന്ന്.—(1) മരിച്ചുപോയ ആരം മരണശാസനം കൂടാതെ മരിച്ചിരിക്കുകയും ഹിന്ദുവോ, മുഹമ്മദീയനോ, ബുദ്ധമതക്കാരനോ, സിക്കുകാരനോ, ജൈനനോ ഒഴിവാക്കപ്പെട്ട ആളോ ആയിരുന്നിരിക്കുകയും ചെയ്യുന്നുവെങ്കിൽ, അയാളുടെ എസ്റേററിൻെറ അഡ്മിനിസ്ട്രേഷൻ, അങ്ങനെയുള്ള മരിച്ചുപോയ ആളുടെ സംഗതിയിൽ ബാധകമാകുന്ന എസ്റേററ് വീതിക്കുന്നതിനുള്ള ചട്ടങ്ങളനുസരിച്ച്, അങ്ങനെ മരിച്ചുപോയ ആളുടെ എസ്റേററ് മുഴുവനുമോ ഭാഗികമോ ആയി അവകാശമുണ്ടാകുന്ന ഏതെങ്കിലും ആരക്ക് അനുദാനംചെയ്യാവുന്നതാണ്.

(2) അങ്ങനെയുള്ള പല ആളുകരം, അങ്ങനെയുള്ള അഡ്മിനിസ്ട്രേഷന് അപേക്ഷിക്കുമ്പോരം, അത് അവരിൽ ഏതെങ്കിലും ഒരാരക്കോ ഒന്നിലധികം ആളുകരക്കോ അനുദാനംചെയ്യുന്നത്, കോടതിക്ക് സ്വവിവേകം പ്രയോഗിച്ച് ചെയ്യാവുന്ന ഒന്നാണ്.

(3) അങ്ങനെയുള്ള യാതൊരാളും അപേക്ഷിക്കാത്തപ്പോരം, അത് മരിച്ചുപോയ ആളുടെ ഒരു ഉത്തമർണ്ണന് അനുദാനം ചെയ്യാവുന്നതാണ്.

219. മരിച്ചുപോയ ആരം ഹിന്ദുവോ, മുഹമ്മദീയനോ, ബുദ്ധമതക്കാരനോ, സിക്കുകാരനോ, ജൈനനോ ഒഴിവാക്കപ്പെട്ട ആളോ അല്ലാത്തിടത്ത്.—മരിച്ചുപോയ ആരം, മരണശാസനം കൂടാതെ മരിച്ചിരിക്കുകയും, 218-ാം വകുപ്പിൽ പരാമർശിച്ച ഏതെങ്കിലും തരത്തിൽപ്പെട്ട ആളല്ലാതിരുന്നിരിക്കുകയും ചെയ്യുന്നുവെങ്കിൽ, വിവാഹംവഴിയോ രക്തബന്ധംവഴിയോ അയാളുമായി ബന്ധപ്പെട്ടവർക്ക് അയാളുടെ എസ്റേററിൻേറയും മുതലുകളുടേയും അഡ്മിനിസ്ട്രേഷൻ ലഭിക്കുവാൻ ഇതിൽ ഇതിനുശേഷം പ്രസ്താവിക്കുന്ന ക്രമത്തിലും ചട്ടങ്ങളനുസരിച്ചും അവകാശമുണ്ട്, അതായത്:—

(ക) മരിച്ചുപോയ ആരക്ക് വിധവയുണ്ടെങ്കിൽ, കോടതി വ്യക്തിപരമായ വല്ല അയോഗ്യതയുടേയും കാരണത്തിൻമേലോ, അവരക്ക് മരിച്ചുപോയ ആളുടെ എസ്റേററിൽ അവകാശമില്ലാത്തതുകൊണ്ടോ അവളെ ഒഴിച്ചു നിറുത്താൻ കാരണം കാണാത്തപക്ഷം, അഡ്മിനിസ്ട്രേഷൻ ആ വിധവയ്ക്ക് അനുദാനം ചെയ്യേണ്ടതാകുന്നു.

### ദൃഷ്ടാന്തങ്ങരം

(i) വിധവ ഭ്രാന്തത്തിയായിരിക്കുകയോ വ്യഭിചരിച്ചിട്ടുണ്ടായിരിക്കുകയോ, അല്ലെങ്കിൽ ഒരു വിവാഹധനനിശ്ചയത്താൽ ഭർത്താവിൻെറ എസ്റേററിലെ എല്ലാ അവകാശങ്ങരക്കും തടസ്സമുള്ളവളായിരിക്കുകയോ ചെയ്യുന്നു. അവളെ അഡ്മിനിസ്ട്രേഷനിൽനിന്ന് ഒഴിച്ചുനിറുത്തുന്നതിന് കാരണമുണ്ട്.

(ii) വിധവ, അവളുടെ ഭർത്താവിൻെറ മരണശേഷം വീണ്ടും വിവാഹം കഴിച്ചിട്ടുണ്ട്,—ഇത് അവളെ ഒഴിച്ചുനിറുത്താൻ ശരിയായ കാരണമല്ല.

(ഖ) ജഡ്ജിക്ക്, ഉചിതമെന്നു തോന്നുന്നുവെങ്കിൽ, വിധവ ഉണ്ടായിരുന്നില്ലെങ്കിൽ അഡ്മിനിസ്ട്രേഷന് തനിക്കു മാത്രമായി അവകാശമുണ്ടാകുമായിരുന്ന ഏതെങ്കിലും ആളേയോ ആളുകളേയോ വിധവയോടൊപ്പം അഡ്മിനിസ്ട്രേഷനിൽ സഹകരിപ്പിക്കാവുന്നതാണ്.

(ഗ) വിധവയില്ലെങ്കിലോ, വിധവയെ ഒഴിച്ചുനിറുത്താൻ കോടതി കാരണം കാണുന്നില്ലെങ്കിലോ, അത് മരണശാസനം കൂടാതെ മരിച്ചുപോയ ആളുടെ എസ്റ്റേറ്റ് വീതിക്കുന്നതിനുള്ള ചട്ടങ്ങളനുസരിച്ച് എസ്റ്റേറ്റിന്റെ ഗുണാനുഭവത്തിന് അവകാശമുണ്ടാകുന്ന ആളേയോ ആളുകളേയോ അഡ്മിനിസ്ട്രേഷൻ ഏല്പിക്കേണ്ടതാകുന്നു:

എന്നാൽ, മരിച്ചുപോയ ആളുടെ മാതാവ്, അപ്രകാരം അവകാശമുള്ള ആളുകളുടെ ക്ലാസ്സിൽപ്പെട്ട ഒരാളാണെങ്കിൽ അവർക്ക് തനിക്കു മാത്രമായി അഡ്മിനിസ്ട്രേഷന് അവകാശമുണ്ടായിരിക്കുന്നതാണ്.

(ഘ) മരിച്ചുപോയ ആളുമായി തുല്യ ഡിഗ്രിയിലുള്ള കുലബന്ധത്തിൽ നില്ക്കുന്നവർക്ക് അഡ്മിനിസ്ട്രേഷന് സമാവകാശം ഉണ്ടായിരിക്കുന്നതാണ്.

(ങ) ഭാര്യയെ അതിജീവിക്കുന്ന ഭർത്താവിന് അവളുടെ എസ്റ്റേറ്റിന്റെ അഡ്മിനിസ്ട്രേഷന് വിധവയ്ക്ക് അവളുടെ ഭർത്താവിന്റെ എസ്റ്റേറ്റ് സംബന്ധിച്ചുള്ള അതേ അവകാശം ഉണ്ടായിരിക്കുന്നതാണ്.

(ച) മരിച്ചുപോയ ആളുമായി വിവാഹമോ രക്തബന്ധമോവഴി ബന്ധപ്പെട്ടിരിക്കുകയും അഡ്മിനിസ്ട്രേഷൻ പത്രത്തിന് അവകാശമുണ്ടായിരിക്കുകയും പ്രവർത്തിക്കാൻ ഒരുക്കമുണ്ടായിരിക്കുകയും ചെയ്യുന്ന യാതൊരാളും ഇല്ലാത്തപ്പോൾ, അഡ്മിനിസ്ട്രേഷൻ പത്രം ഒരു ഉത്തമർണ്ണന് അനുദാനം ചെയ്യാവുന്നതാണ്.

(ഛ) മരിച്ചുപോയ ആൾക്ക്, ഇൻഡ്യയിൽ വസ്തു ഉണ്ടായിരിക്കുന്നിടത്ത്, അഡ്മിനിസ്ട്രേഷൻ പത്രം അയാൾക്ക് മരണശാസനപ്രകാരമുള്ളതും മരണശാസനം കൂടാതെയുള്ളതും ആയ പിൻതുടർച്ച സംബന്ധിച്ച നിയമം ഇൻഡ്യയിലെ നിയമത്തിൽ നിന്ന് വ്യത്യസ്തമായിട്ടുള്ള ഒരു രാജ്യത്തിൽ അധിവാസം ഉണ്ടായിരുന്നു എന്നിരുന്നാലും, മുൻപറഞ്ഞ ചട്ടങ്ങളനുസരിച്ച് അനുദാനംചെയ്യേണ്ടതാകുന്നു.

220. <u>അഡ്മിനിസ്ട്രേഷൻ പത്രത്തിന്റെ പ്രഭാവം</u>.—അഡ്മിനിസ്ട്രേഷൻ പത്രം, അഡ്മിനിസ്ട്രേറ്റർക്ക്, മരണശാസനംകൂടാതെ മരിച്ച ആളുടെ വകയായ എല്ലാ അവകാശങ്ങൾക്കും, അയാളുടെ മരണശേഷമുള്ള നിമിഷം, അഡ്മിനിസ്ട്രേഷൻ അനുദാനംചെയ്തിട്ടുണ്ടായിരുന്നാലെന്നപോലെ അവകാശം നല്കുന്നതാണ്.

221. <u>അഡ്മിനിസ്ട്രേഷൻ സാധുവാക്കാത്ത കൃത്യങ്ങൾ</u>.—അഡ്മിനിസ്ട്രേഷൻ പത്രം മരണശാസനംകൂടാതെ മരിച്ച ആളുടെ എസ്റ്റേറ്റിനെ ന്യൂനീകരിക്കാനോ അതിന് നാശനഷ്ടമുണ്ടാക്കാനോ പ്രവണതയുള്ള ഏതെങ്കിലും കൃത്യത്തെ സാധുവാക്കുന്നില്ല.

222. <u>പ്രൊബേറ്റ് നിയമിതനായ എക്സിക്യൂട്ടർക്കു മാത്രം</u>.—(1) മരണശാസനത്താൽ നിയമിക്കപ്പെടുന്ന എക്സിക്യൂട്ടർക്ക് മാത്രമേ പ്രൊബേറ്റ് അനുദാനംചെയ്യാൻ പാടുള്ളു.

(2) നിയമനം പ്രകടമായതോ അവശ്യം വ്യംഗ്യമായതോ ആകാവുന്നതാണ്.

### ദൃഷ്ടാന്തങ്ങൾ

(i) ഖ തന്റെ എക്സിക്യൂട്ടറാകുന്നില്ലെങ്കിൽ, ഗ ആകണമെന്ന് ക ഒസ്യത്തുചെയ്യുന്നു. ഖ യെ വ്യംഗ്യമായി എക്സിക്യൂട്ടറായി നിയമിച്ചിരിക്കുന്നു.

(ii) ക, ഒരു ഒസ്യത്തുമുതൽ ഖ യ്ക്കും, പല ഒസ്യത്തു മുതലുകൾ മററാളുകൾക്കും, കൂട്ടത്തിൽ തന്റെ പുത്ര ഭാര്യയ്ക്കും നല്കുകയും 'ഇതിൽ പേർപറഞ്ഞ ഗ ജീവിച്ചിരിപ്പില്ലെങ്കിൽ, ഖ യെ എന്റെ പൂർണ്ണവും അനന്യവുമായ എക്സിക്യൂട്ടറായി ഞാൻ നിയമിക്കുന്നു'' എന്ന് കൂടി ചേർക്കുകയും ചെയ്യുന്നു. ഗ യെ വ്യംഗ്യമായി എക്സിക്യൂട്ടറായി നിയമിച്ചിരിക്കുന്നു.

(iii) ക പല ആളുകളെ തന്റെ മരണശാസനത്തിന്റേയും കോഡിസിലുകളുടേയും എക്സിക്യൂട്ടർമാരായും തന്റെ സഹോദര (സഹോദരീ) പുത്രനെ അവശേഷത്തിന്റെ ഒസ്യത്തവകാശിയായും നിയമിക്കുകയും, മററൊരു കോഡിസിലിൽ, ''വ്യത്യസ്ത തീയതികളിൽ ഒപ്പിട്ടിട്ടുള്ള എന്റെ മരണശാസനത്തിനും കോഡിസിലുകൾക്കും എതിരായുള്ള നിയമാനുസൃതമായ എല്ലാ ഡിമാൻഡുകളും കൊടുത്തു തീർക്കുന്നതിനായി എന്റെ സഹോദര (സഹോദരീ) പുത്രനെ അവശേഷത്തിന്റെ ഒസ്യത്തവകാശിയായി ഞാൻ നിയമിക്കുന്നു'' എന്ന വാക്കുകൾ ഉണ്ടായിരിക്കുകയും ചെയ്യുന്നു. സഹോദര (സഹോദരീ) പുത്രനെ വ്യംഗ്യമായി എക്സിക്യൂട്ടറായി നിയമിച്ചിരിക്കുന്നു.

223. <u>ഏതാളുകൾക്കാണ് പ്രൊബേററ് അനുദാനം ചെയ്യുവാൻ പാടില്ലാത്തതെന്ന്.</u>—മൈനറോ ചിത്തഭ്രമമുള്ളവനോ ആയ ഏതെങ്കിലും ആൾക്കോ, അല്ലെങ്കിൽ സ്ററററ് ഗവൺമെൻറ് ഇതിലേക്ക് ഉണ്ടാക്കേണ്ട ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന ഉപാധികൾ നിറവേററുന്ന ഒരു കമ്പനിയല്ലാത്തപക്ഷം, വ്യക്തികളുടെ ഏതെങ്കിലും സമാജത്തിനോ, പ്രൊബേററ് അനുദാനം ചെയ്യാൻ പാടുള്ളതല്ല.

224. <u>പല എക്സിക്യൂട്ടർമാർക്ക് ഒരേ സമയത്തായോ വ്യത്യസ്ത സമയങ്ങളിലായോ ഉള്ള പ്രൊബേററിന്റെ അനുദാനം.</u>—പല എക്സിക്യൂട്ടർമാരെ നിയമിച്ചിരിക്കുമ്പോൾ, അവർക്കെല്ലാം ഒരേ സമയത്തായോ വ്യത്യസ്ത സമയങ്ങളിലായോ പ്രൊബേററ് അനുദാനം ചെയ്യാവുന്നതാണ്.

ദൃഷ്ടാന്തം

ക പ്രകടമായ നിയമനംവഴി ഖ യുടെ മരണശാസനത്തിന്റെ എക്സിക്യൂട്ടറും ഗ വ്യംഗ്യമായ അതിന്റെ എക്സിക്യൂട്ടറും ആകുന്നു. ക യ്ക്കും ഖ യ്ക്കും ഒരേ സമയത്തായോ അല്ലെങ്കിൽ ക യ്ക്ക് ആദ്യവും ഖ യ്ക്ക് പിന്നീടും ആയോ, അല്ലെങ്കിൽ ഖ യ്ക്ക് ആദ്യവും ക യ്ക്കു പിന്നീടുമായോ പ്രൊബേററ് അനുദാനം ചെയ്യാവുന്നതാണ്.

225. <u>പ്രൊബേററിന്റെ അനുദാനത്തിനുശേഷം കണ്ടുപിടിക്കപ്പെടുന്ന കോഡിസിലിനു വേറെയുള്ള പ്രൊബേററ്.</u>—(1) പ്രൊബേററിന്റെ അനുദാനത്തിനുശേഷം ഒരു കോഡിസിൽ കണ്ടുപിടിക്കപ്പെടുന്നെങ്കിൽ, അത്, മരണശാസനംവഴി ചെയ്തിട്ടുള്ള എക്സിക്യൂട്ടറുടെ നിയമനം ഒരുവിധത്തിലും റദ്ദാക്കുന്നില്ലെങ്കിൽ, ആ കോഡിസിലിന്റെ വെറെയുള്ള ഒരു പ്രൊബേററ് എക്സിക്യൂട്ടർക്ക് അനുദാനം ചെയ്യാവുന്നതാണ്.

(2) കോഡിസിൽ വഴി വ്യത്യസ്ത എക്സിക്യൂട്ടർമാരെ നിയമിക്കുന്നുവെങ്കിൽ, മരണശാസനത്തിന്റെ പ്രൊബേററ് പിൻവലിക്കുകയും മരണശാസനത്തിന്റേയും കോഡിസിലിന്റേയും ചേർന്നുള്ള പുതിയ പ്രൊബേററ് അനുദാനം ചെയ്യുകയും ചെയ്യേണ്ടതാകുന്നു.

226. <u>പ്രാതിനിധ്യം അതിജീവിക്കുന്ന എക്സിക്യൂട്ടർമാർക്ക് സിദ്ധിക്കുന്നത്.</u>—പല എക്സിക്യൂട്ടർമാർക്ക് പ്രൊബേററ് അനുദാനം ചെയ്തിരിക്കുകയും, അവരിൽ ഒരാൾ മരിക്കുകയും ചെയ്യുമ്പോൾ, മരണശാസനകർത്താവിന്റെ മുഴുവൻ പ്രാതിനിധ്യവും അയാളെ അതിജീവിക്കുന്ന എക്സിക്യൂട്ടർക്കോ എക്സിക്യൂട്ടർമാർക്കോ സിദ്ധിക്കുന്നു.

227. പ്രൊബേററിന്റെ പ്രഭാവം.—മരണശാസനത്തിന്റെ പ്രൊബേററ് അനുദാനം ചെയ്യുമ്പോൾ, അത് മരണശാസനത്തെ മരണശാസനകർത്താവിന്റെ മരണം മുതല്ക്ക് സ്ഥാപിക്കുകയും ഇടയ്ക്കുള്ള മരണശാസനകർത്താവിന്റെ ആ നിലയിലുള്ള എല്ലാ കൃത്യങ്ങളും സാധുവാക്കുകയും ചെയ്യുന്നു.

228. വിദേശത്ത് തെളിയിക്കപ്പെട്ട മരണശാസനത്തിന്റെ പ്രമാണീകൃതപ്പകർപ്പിന്റെ പകർപ്പ് അനുബന്ധമാക്കിക്കൊണ്ടുള്ള അഡ്മിനിസ്ട്രേഷൻ.—ഒരു മരണശാസനം, സ്റേററിന്റെ അതിർത്തിക്ക് വെളിയിൽ, ഇൻഡ്യയുടെ അതിർത്തിക്കുള്ളിലോ വെളിയിലോ ആയാലും, സ്ഥിതിചെയ്യുന്ന ക്ഷമതയോടുകൂടിയ അധികാരിതയുള്ള ഒരു കോടതിയിൽ തെളിയിക്കുകയും ഡെപ്പോസിററ് ചെയ്യുകയും ചെയ്തിരിക്കുകയും, മരണശാസനത്തിന്റെ ശരിയായ പ്രമാണീകരിച്ച ഒരു പകർപ്പ് ഹാജരാക്കുകയും ചെയ്യുമ്പോൾ, അങ്ങനെയുള്ള പകർപ്പിന്റെ ഒരു പകർപ്പ് അനുബന്ധമാക്കിക്കൊണ്ട് അഡ്മിനിസ്ട്രേഷൻ പത്രം അനുദാനം ചെയ്യാവുന്നതാണ്.

229. എക്സിക്യൂട്ടർ പരിത്യജിച്ചിട്ടില്ലാത്തിടത്ത് അഡ്മിനിസ്ട്രേഷന്റെ അനുദാനം.—എക്സിക്യൂട്ടറായി നിയമിക്കപ്പെട്ട ഒരാൾ, എക്സിക്യൂട്ടർ പദവി പരിത്യജിച്ചിട്ടില്ലാത്തപ്പോൾ, എക്സിക്യൂട്ടറോട്, എക്സിക്യൂട്ടർ പദവി സ്വീകരിക്കുവാനോ പരിത്യജിക്കുവാനോ ആവശ്യപ്പെട്ടുകൊണ്ട് ഒരു സൈറേറഷൻ പുറപ്പെടുവിക്കുന്നതുവരെ, മറേറതെങ്കിലും ആൾക്ക് അഡ്മിനിസ്ട്രേഷൻ പത്രം അനുദാനം ചെയ്യാൻ പാടുള്ളതല്ല:

എന്നാൽ പല എക്സിക്യൂട്ടർമാരിൽ ഒരാളോ ഒന്നിലധികം ആളുകളോ മരണശാസനം തെളിയിച്ചിട്ടുള്ളപ്പോൾ, കോടതിക്കു, തെളിയിച്ചവരിൽ അതിജീവിക്കുന്ന ആൾ മരിക്കുമ്പോൾ, തെളിയിക്കാത്തവർക്ക് സൈറേറഷൻ അയക്കാതെ അഡ്മിനിസ്ട്രേഷൻ അനുദാനം ചെയ്യാവുന്നതാണ്.

230. അഡ്മിനിസ്ട്രേററർ പദവിയുടെ പരിത്യജനത്തിന്റെ രൂപവും പ്രഭാവവും.—പരിത്യജനം, വാക്കാൽ ജഡ്ജിയുടെ സാന്നിദ്ധ്യത്തിലോ, അല്ലെങ്കിൽ പരിത്യജിക്കുന്ന ആൾ ഒപ്പിട്ട ലിഖിതം വഴിയോ ആകാവുന്നതും, അങ്ങനെ ചെയ്യുമ്പോൾ, ആ പരിത്യജനം, തന്നെ എക്സിക്യൂട്ടറായി നിയമിക്കുന്ന മരണശാസനത്തിന്റെ പ്രൊബേററിനു പിന്നീട് എപ്പോഴെങ്കിലും അപേക്ഷിക്കുന്നതിൽ നിന്നു അയാളെ തടയുന്നതുമാകുന്നു.

231. എക്സിക്യൂട്ടർ പരിത്യജിക്കുകയോ പരിമിതിപ്പെടുത്തിയിട്ടുള്ള സമയത്തിനുള്ളിൽ സ്വീകരിക്കാതിരിക്കുകയോ ചെയ്യുന്നിടത്തുള്ള നടപടിക്രമം.—എക്സിക്യൂട്ടർ പരിത്യജിക്കുകയോ അല്ലെങ്കിൽ എക്സിക്യൂട്ടർ പദവി സ്വീകരിക്കുകയോ നിരസിക്കുകയോ ചെയ്യുന്നതിന് പരിമിതിപ്പെടുത്തിയിട്ടുള്ള സമയത്തിനുള്ളിൽ അത് സ്വീകരിക്കാതിരിക്കുകയോ ചെയ്യുന്നുവെങ്കിൽ, മരണശാസനം തെളിയിക്കപ്പെടാവുന്നതും, മരണശാസനം കൂടാതെ മരിച്ചാലുള്ള സ്ഥിതിയുടെ സംഗതിയിൽ അഡ്മിനിസ്ട്രേഷന് അവകാശം ഉണ്ടാകുന്ന ആൾക്ക്, മരണശാസനത്തിന്റെ പകർപ്പ് അനുബന്ധമാക്കിക്കൊണ്ടുള്ള അഡ്മിനിസ്ട്രേഷൻ പത്രം അനുദാനം ചെയ്യാവുന്നതും, ആണ്.

232. സർവ്വസ്വത്തിന്റെ ഒസ്യത്തവകാശിക്കോ അവശേഷത്തിന്റെ ഒസ്യത്തവകാശിക്കോ ഉള്ള അഡ്മിനിസ്ട്രേഷന്റെ അനുദാനം.—സർവ്വസ്വത്തിന്റെ ഒസ്യത്തവകാശിയേയോ അവശേഷത്തിന്റെ ഒസ്യത്തവകാശിയേയോ,—

(ക) മരിച്ചുപോയ ആൾ മരണശാസനം ഉണ്ടാക്കിയിരിക്കുകയും, എന്നാൽ എക്സിക്യൂട്ടറെ നിയമിച്ചിട്ടില്ലാതിരിക്കുകയും ചെയ്യുമ്പോഴോ അല്ലെങ്കിൽ

(ഖ) മരിച്ചുപോയ ആൾ, എക്സിക്യൂട്ടറെ നിയമിച്ചിരിക്കുകയും അയാൾ പ്രവർത്തിക്കുവാൻ നിയമപ്രകാരം കഴിവില്ലാത്തവനായിരിക്കുകയോ വിസമ്മതിക്കുകയോ ചെയ്യുകയോ അല്ലെങ്കിൽ മരണശാസനകർത്താവിന് മുമ്പോ, മരണശാസനം താൻ തെളിയിക്കുന്നതിനു മുമ്പോ, മരിച്ചുപോയിരിക്കുകയോ ചെയ്യുകയും ചെയ്യുമ്പോഴോ, അല്ലെങ്കിൽ

(ഗ) എക്സിക്യൂട്ടർ മരണശാസനം തെളിയിച്ചതിനുശേഷവും എന്നാൽ മരിച്ചുപോയ ആളുടെ എസ്റ്റേററ് അഡ്മിനിസ്ററർ ചെയ്യുന്നതിനു മുൻപുമായി മരിക്കുമ്പോഴോ,

ചെയ്യുമ്പോൾ,

മരണശാസനം തെളിയിക്കാൻ അനുവദിക്കാവുന്നതും, അയാൾക്ക് മുഴുവൻ എസ്റ്റേററിൻേറയോ അതിൻെറ അഡ്മിനിസ്ററർ ചെയ്യാത്തിടത്തോളമുള്ള ഭാഗത്തിൻേറയോ അഡ്മിനിസ്ട്രേഷൻ പത്രം മരണശാസനാനുബന്ധമായ അഡ്മിനിസ്ട്രേഷൻ പത്രം അനുദാനം ചെയ്യാവുന്നതും ആണ്.

233. മരിച്ചുപോയ, അവശേഷത്തിൻെറ ഒസ്യത്തവകാശിയുടെ പ്രതിനിധിക്ക് അഡ്മിനിസ്ട്രേഷനുള്ള അവകാശം.—ഗുണാനുഭവാവകാശമുള്ള ഒരു അവശേഷത്തിൻെറ ഒസ്യത്തവകാശി, മരണശാസനകർത്താവിനെ അതിജീവിക്കുകയും, എന്നാൽ എസ്റ്റേററ് പൂർണ്ണമായി അഡ്മിനിസ്ററർ ചെയ്യുന്നതിനു മുൻപ് മരിക്കുകയും ചെയ്യുമ്പോൾ, അയാളുടെ പ്രതിനിധിക്ക് മരണശാസനാനുബദ്ധമായ അഡ്മിനിസ്ട്രേഷന്, അങ്ങനെയുള്ള അവശേഷത്തിൻെറ ഒസ്യത്തവകാശിക്കുള്ള അതേ അവകാശമുണ്ടായിരിക്കുന്നതാണ്.

234. എക്സിക്യൂട്ടറോ അവശേഷത്തിൻെറ ഒസ്യത്തവകാശിയോ, അങ്ങനെയുള്ള ഒസ്യത്തവകാശിയുടെ പ്രതിനിധിയോ ഇല്ലാത്തിടത്തുള്ള അഡ്മിനിസ്ട്രേഷൻെറ അനുദാനം.—എക്സിക്യൂട്ടറോ, അവശേഷത്തിൻെറ ഒസ്യത്തവകാശിയോ, അവശേഷത്തിൻെറ ഒസ്യത്തവകാശിയുടെ പ്രതിനിധിയോ ഇല്ലാതിരിക്കുകയോ, അല്ലെങ്കിൽ പ്രവർത്തിക്കുവാൻ അയാൾ കൂട്ടാക്കാതിരിക്കുകയോ, അയാൾക്ക് കഴിവില്ലാതിരിക്കുകയോ ചെയ്യുകയോ, അല്ലെങ്കിൽ അയാളെ കണ്ടെത്താൻ കഴിയാതിരിക്കുകയോ ചെയ്യുമ്പോൾ, മരിച്ചുപോയ ആളുടെ എസ്റ്റേററിൻെറ അഡ്മിനിസ്ട്രേഷന് അയാൾ മരണശാസനം കൂടാതെ മരിച്ചാൽ അവകാശമുണ്ടാകുന്ന ആളേയോ ആളുകളേയോ, അല്ലെങ്കിൽ ഗുണാനുഭവാവകാശമുള്ള മറേറതെങ്കിലും ഒസ്യത്തവകാശിയേയോ, അല്ലെങ്കിൽ ഒരു ഉത്തമർണ്ണനേയോ മരണശാസനം തെളിയിക്കാൻ അനുവദിക്കാവുന്നതും, അതനുസരിച്ച് അയാൾക്കോ അവർക്കോ അഡ്മിനിസ്ട്രേഷൻ പത്രം അനുദാനം ചെയ്യാവുന്നതും ആണ്.

235. സർവ്വസ്വത്തിൻെറ ഒസ്യത്തവകാശിയോ അവശേഷത്തിൻെറ ഒസ്യത്തവകാശിയോ അല്ലാത്ത ഒസ്യത്തവകാശിക്കുള്ള അഡ്മിനിസ്ട്രേഷൻെറ അനുദാനത്തിനു മുൻപുള്ള സൈറേറഷൻ.—അഡ്മിനിസ്ട്രേഷൻ പത്രം സ്വീകരിക്കുകയോ അതിനു വിസമ്മതിക്കുകയോ ചെയ്യാൻ അടുത്ത രക്തബന്ധുവിനോട് ആവശ്യപ്പെട്ടുകൊണ്ട് ഒരു സൈറേറഷൻ ഇതിൽ ഇതിനുശേഷം പ്രസ്താവിക്കുന്ന രീതിയിൽ പുറപ്പെടുവിക്കുകയും പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്നതുവരെ, ഒരു സർവ്വസ്വത്തിൻെറ ഒസ്യത്തവകാശിയോ അവശേഷത്തിൻെറ ഒസ്യത്തവകാശിയോ അല്ലാത്ത ഏതെങ്കിലും ഒസ്യത്തവകാശിക്ക് മരണശാസനാനുബദ്ധമായ അഡ്മിനിസ്ട്രേഷൻ പത്രം അനുദാനം ചെയ്യാൻ പാടുള്ളതല്ല.

236. ആർക്കാണ് അഡ്മിനിസ്ട്രേഷൻ അനുദാനം ചെയ്യാൻ പാടില്ലാത്തതെന്ന്.—മൈനറോ ചിത്തഭ്രമമുള്ളവനോ ആയ ഏതെങ്കിലും ആറംക്കോ സ്റ്റേററ് ഗവൺമെൻറ് ഇതിലേയ്ക്ക് ഉണ്ടാക്കേണ്ട ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന ഉപാധികറം നിറവേററുന്ന ഒരു കമ്പനി അല്ലാത്തപക്ഷം, അല്ലെങ്കിൽ വ്യക്തിയുടെ ഏതെങ്കിലും സമാജത്തിനോ അഡ്മിനിസ്ട്രേഷൻ പത്രം അനുദാനം ചെയ്യാൻ പാടുള്ളതല്ല.

അദ്ധ്യായം 11

## പരിമിതിപ്പെടുത്തിയ അനുദാനങ്ങളെക്കുറിച്ച്

### കാലം പരിമിതിപ്പെടുത്തിയ അനുദാനം

237. നഷ്ടപ്പെട്ട മരണശാസനത്തിൻെറ പകർപ്പിൻേറയോ കരടിൻേറയോ പ്രൊബേററ്.—ഒരു മരണശാസനം മരണശാസനകർത്താവിൻെറ മരണശേഷം നഷ്ടപ്പെടുകയോ, കാണാനില്ലാത്തവിധം മാറിവച്ചിരിക്കുകയോ, അപകൃത്യത്താലും അല്ലെങ്കിൽ യദൃച്ഛാ സംഭവത്താലും മരണശാസനകർത്താവിൻെറ ഏതെങ്കിലും കൃത്യത്താലല്ലാതെയും നശിപ്പിക്കപ്പെട്ടിരിക്കുകയോ ചെയ്യുകയും, മരണശാസനത്തിൻെറ ഒരു പകർപ്പോ കരടോ സൂക്ഷിച്ചിരിക്കുകയും ചെയ്യുമ്പോറം, അസ്സലോ, അതിൻെറ ശരിയായി പ്രമാണീകരിച്ച ഒരു പകർപ്പോ ഹാജരാക്കുന്നതുവരെയ്ക്കും പരിമിതിപ്പെടുത്തിക്കൊണ്ട്, അങ്ങനെയുള്ള പകർപ്പിൻേറയോ കരടിൻേറയോ പ്രൊബേററ് അനുദാനംചെയ്യാവുന്നതാണ്.

238. നഷ്ടപ്പെട്ടതോ നശിപ്പിക്കപ്പെട്ടതോ ആയ മരണശാസനത്തിൻെറ ഉള്ളടക്കത്തിൻെറ പ്രൊബേററ്.—ഒരു മരണശാസനം നഷ്ടപ്പെടുകയോ നശിപ്പിക്കപ്പെടുകയോ ചെയ്യുകയും പകർപ്പ് ഉണ്ടാക്കിയിട്ടില്ലാതിരിക്കുകയും കരട് സൂക്ഷിച്ചിട്ടില്ലാതിരിക്കുകയും ചെയ്യുമ്പോറം, അതിൻെറ ഉള്ളടക്കം തെളിവുവഴി സ്ഥാപിക്കാൻ കഴിയുമെങ്കിൽ, ആ ഉള്ളടക്കത്തിൻെറ പ്രൊബേററ് അനുദാനം ചെയ്യാവുന്നതാണ്.

239. അസ്സൽ ഉള്ളപ്പോറം പകർപ്പിൻെറ പ്രൊബേററ്.—മരണശാസനം, പ്രൊബേററിന് വേണ്ടിയുള്ള അപേക്ഷ ഏത് സ്റേററിലാണോ കൊടുത്തിട്ടുള്ളത്, ആ സ്റേററിന് പുറത്ത് താമസമുള്ള ഒരാളുടെ കൈവശത്തിൽ ആയിരിക്കുകയും, അയാറം വിട്ടുകൊടുക്കുവാൻ വിസമ്മതിക്കുകയോ ഉപേക്ഷ വരുത്തുകയോ ചെയ്യുകയും, എന്നാൽ ഒരു പകർപ്പ് എക്സിക്യൂട്ടർക്ക് അയച്ചുകൊടുക്കപ്പെട്ടിരിക്കുകയും, അസ്സൽ എത്തുന്നതുവരെ കാത്തിരിക്കാതെ പ്രൊബേററ് അനുദാനം ചെയ്യേണ്ടത് എസ്റേററിൻെറ താൽപര്യങ്ങറക്ക് ആവശ്യമായിരിക്കുകയും ചെയ്യുമ്പോറം, അപ്രകാരം അയച്ചുകൊടുത്തിട്ടുള്ള പകർപ്പിൻെറ പ്രൊബേററ് മരണശാസനമോ അതിൻെറ ഒരു പ്രമാണീകൃത പകർപ്പോ ഹാജരാക്കുന്നതുവരെയ്ക്ക് പരിമിതിപ്പെടുത്തിക്കൊണ്ടു അനുദാനം ചെയ്യാവുന്നതാണ്.

240. മരണശാസനം ഹാജരാക്കുന്നതുവരെ അഡ്മിനിസ്ട്രേഷൻ.—മരിച്ചുപോയ ആളുടെ യാതൊരു മരണശാസനവും ഉപസ്ഥിതമല്ലാതിരിക്കുകയും, എന്നാൽ ഒരു മരണശാസനം ഉണ്ടെന്ന് വിശ്വസിക്കുവാൻ കാരണമുണ്ടായിരിക്കുകയും ചെയ്യുമ്പോറം, മരണശാസനമോ, അതിൻെറ പ്രമാണീകൃത പകർപ്പോ ഹാജരാക്കുന്നതുവരെയ്ക്കു പരിമിതിപ്പെടുത്തിക്കൊണ്ട്, അഡ്മിനിസ്ട്രേഷൻ അനുദാനം ചെയ്യാവുന്നതാണ്.

## അവകാശമുള്ള മററുള്ളവരുടെ ഉപയോഗത്തിനും ഗുണത്തിനും വേണ്ടിയുള്ള അനുദാനങ്ങൾ

241. സന്നിഹിതനല്ലാത്ത എക്സിക്യൂട്ടറുടെ അററാർണിക്ക് മരണശാസനാനുബദ്ധമായ അഡ്മിനിസ്ട്രേഷൻ.—ഏതു സ്റേററിലാണോ അപേക്ഷ കൊടുത്തിട്ടുള്ളത്, ആ സ്റേററിൽ എക്സിക്യൂട്ടർ അസന്നിഹിതനായിരിക്കുകയും, പ്രവർത്തിക്കാൻ ഒരുക്കമുള്ള യാതൊരു എക്സിക്യൂട്ടറും ആ സ്റേററിൽ ഇല്ലാതിരിക്കുകയും ചെയ്യുമ്പോൾ, അസന്നിഹിതനായ എക്സിക്യൂട്ടറുടെ അററാർണിക്കോ ഏജൻറിനോ അയാളുടെ പ്രിൻസിപ്പലിൻെറ ഉപയോഗത്തിനും ഗുണത്തിനുമായി അയാൾ തനിക്കുതന്നെ അനുദാനം ചെയ്യപ്പെടുന്ന പ്രൊബേറേറാ അഡ്മിനിസ്ട്രേഷൻ പത്രമോ നേടുന്നതുവരെയ്ക്കും പരിമിതിപ്പെടുത്തിക്കൊണ്ട്, മരണശാസനാനുബദ്ധമായ അഡ്മിനിസ്ട്രേഷൻ പത്രം അനുദാനം ചെയ്യാവുന്നതാണ്.

242. അസന്നിഹിതനും, സന്നിഹിതനാണെങ്കിൽ അഡ്മിനിസ്ററർ ചെയ്യാൻ അവകാശമുണ്ടാകുന്നവനുമായ ആളുടെ അററാർണിക്ക് മരണശാസനാനുബദ്ധമായ അഡ്മിനിസ്ട്രേഷൻ.—സന്നിഹിതനാണെങ്കിൽ മരണശാസനാനുബദ്ധമായ അഡ്മിനിസ്ട്രേഷൻ പത്രം അനുദാനം ചെയ്യപ്പെടുമായിരുന്ന ഏതെങ്കിലും ആൾ, സ്റേററിൽ അസന്നിഹിതനാണെങ്കിൽ 241-ാം വകുപ്പിൽ പ്രസ്താവിച്ചതുപോലെ പരിമിതിപ്പെടുത്തിക്കൊണ്ട് അയാളുടെ അററാർണിക്കോ ഏജൻറിനോ മരണശാസനാനുബദ്ധമായ അഡ്മിനിസ്ട്രേഷൻ പത്രം അനുദാനം ചെയ്യാവുന്നതാണ്.

243. അസന്നിഹിതനും മരണശാസനം കൂടാതെ മരിച്ചാലത്തെ സ്ഥിതിയുടെ സംഗതിയിൽ അഡ്മിനിസ്ററർ ചെയ്യാൻ അവകാശമുള്ളവനും ആയ ആളുടെ അററാർണിക്കുള്ള അഡ്മിനിസ്ട്രേഷൻ.—മരണശാസനം കൂടാതെ മരിച്ചാലത്തെ സ്ഥിതിയുടെ സംഗതിയിൽ അഡ്മിനിസ്ട്രേഷന് അവകാശമുള്ള ഒരാൾ സ്റേററിൽ അസന്നിഹിതനായിരിക്കുകയും, തുല്യാവകാശമുള്ള യാതൊരാളും, പ്രവർത്തിക്കുവാൻ ഒരുക്കമില്ലാതിരിക്കുകയും ചെയ്യുമ്പോൾ, 241-ാം വകുപ്പിൽ പ്രസ്താവിച്ചതുപോലെ പരിമിതിപ്പെടുത്തിക്കൊണ്ട്, അസന്നിഹിതനായ ആളുടെ അററാർണിക്കോ, ഏജൻറിനോ അഡ്മിനിസ്ട്രേഷൻ പത്രം അനുദാനം ചെയ്യാവുന്നതാണ്.

244. അനന്യനായ എക്സിക്യൂട്ടറുടേയോ അവശേഷത്തിൻെറ ഒസ്യത്തവകാശിയുടേയോ മൈനാറിററിക്കാലത്തുള്ള അഡ്മിനിസ്ട്രേഷൻ.—ഒരു മൈനർ, അനന്യനായ എക്സിക്യൂട്ടറോ അനന്യനായ അവശേഷത്തിൻെറ ഒസ്യത്തവകാശിയോ ആയിരിക്കുമ്പോൾ, മരണശാസനാനുബദ്ധമായ അഡ്മിനിസ്ട്രേഷൻ പത്രം ആ മൈനറുടെ നിയമാനുസൃത രക്ഷാകർത്താവിനോ കോടതിക്ക് യുക്തമെന്ന് തോന്നുന്ന മററ് ആൾക്കോ, മൈനർക്ക് മെജാറിററി എത്തുന്നതുവരെയ്ക്ക് അനുദാനം ചെയ്യാവുന്നതും, ആ കാലം എത്തുന്നതോടെയും അതിന് മുമ്പല്ലാതെയും, മരണശാസനത്തിൻെറ പ്രൊബേററ് അനുദാനം ചെയ്യേണ്ടതും ആണ്.

245. പല എക്സിക്യൂട്ടർമാരുടേയോ അവശേഷത്തിൻെറ പല ഒസ്യത്ത് അവകാശികളുടേയോ മൈനാറിററിക്കാലത്തുള്ള അഡ്മിനിസ്ട്രേഷൻ.—മൈനറായ രണ്ടോ അതിലധികമോ എക്സിക്യൂട്ടർമാർ ഉണ്ടായിരിക്കുകയും, മെജാറിററി എത്തിയ എക്സിക്യൂട്ടർ ഇല്ലാതിരിക്കുകയും ചെയ്യുമ്പോഴോ, അല്ലെങ്കിൽ അവശേഷത്തിൻെറ രണ്ടോ അതിലധികമോ ഒസ്യത്ത് അവകാശികൾ

ഉണ്ടായിരിക്കുകയും മെജാറിററി എത്തിയ അവശേഷത്തിന്റെ ഒസ്യത്ത് അവകാശി ഇല്ലാതിരിക്കുകയും ചെയ്യുമ്പോഴോ, അനുദാനം, അവരിൽ ഒരാൾക്കു മെജാറിററി എത്തുന്നതുവരേയ്ക്ക് പരിമിതിപ്പെടുത്തേണ്ടതാകുന്നു.

246. ഭ്രാന്തന്റേയോ മൈനറുടേയോ ഉപയോഗത്തിനും ഗുണത്തിനും വേണ്ടിയുള്ള അഡ്മിനിസ്ട്രേഷൻ.—ഒരു അനന്യനായ എക്സിക്യൂട്ടറോ, അനന്യനായ സർവ്വസ്വ ഒസ്യത്തവകാശിയോ, അനന്യനായ അവശേഷ ഒസ്യത്തവകാശിയോ, മരിച്ചുപോയ ആളുടെ സംഗതിയിൽ ബാധകമാകുന്നതും, മരണശാസനംകൂടാതെ മരിച്ച ആളുടെ എസ്റ്റേററ് വീതിക്കുന്നതിനുള്ളതും ആയ ചട്ടമനുസരിച്ച്, മരണശാസനം കൂടാതെ മരിച്ച ആളുടെ എസ്റ്റേററിന് അനന്യമായി അവകാശമുണ്ടാകുന്ന ആളോ, മൈനർ അല്ലെങ്കിൽ ഭ്രാന്തൻ ആണെങ്കിൽ, ക്ഷമതയുള്ള അധികാരസ്ഥാനം അയാളുടെ എസ്റ്റേററിന്റെ മേൽനോട്ടം ഏല്പിച്ചിട്ടുള്ള ആൾക്കോ, അങ്ങനെയുള്ള ആൾ ഇല്ലെങ്കിൽ, നിയമിക്കുന്നത് ഉചിതമാണെന്ന് കോടതിക്ക് തോന്നുന്ന മറേറതെങ്കിലും ആൾക്കോ, മൈനറുടേയോ ഭ്രാന്തന്റേയോ ഉപയോഗത്തിനും ഗുണത്തിനുംവേണ്ടി, അതതു സംഗതിപോലെ, അയാൾക്ക് മെജാറിററി എത്തുകയോ, അയാൾ സ്വസ്ഥചിത്തനാവുകയോ ചെയ്യുന്നതുവരെയ്ക്ക്, അതതുസംഗതിപോലെ, മരണശാസനാനുബദ്ധമായതോ അല്ലാത്തതോ ആയ അഡ്മിനിസ്ട്രേഷൻ പത്രം അനുദാനം ചെയ്യേണ്ടതാകുന്നു.

247. വ്യവഹാരം നിലവിലിരിക്കെയുള്ള അഡ്മിനിസ്ട്രേഷൻ.—മരിച്ചുപോയ ഒരാളുടെ മരണശാസനത്തിന്റെ സാധുതയെ സ്പർശിക്കുന്നതോ, ഏതെങ്കിലും പ്രൊബേററാ അഡ്മിനിസ്ട്രേഷൻ പത്രത്തിന്റെ അനുദാനമോ ലഭിക്കുകയോ പിൻവലിക്കുകയോ ചെയ്യുന്നതിനുവേണ്ടിയുള്ളതോ ആയ ഏതെങ്കിലും വ്യവഹാരം നിലവിലിരിക്കെ, കോടതിക്ക് ആ മരിച്ചുപോയ ആളുടെ എസ്റ്റേററിന് ഒരു അഡ്മിനിസ്ട്രേററെ നിയമിക്കാവുന്നതും, അയാൾക്ക് അങ്ങനെയുള്ള എസ്റ്റേററ് വീതിക്കുന്നതിനുള്ള അവകാശമല്ലാത്ത ഒരു സാമാന്യ അഡ്മിനിസ്ട്രേററുടെ എല്ലാ അവകാശങ്ങളും അധികാരങ്ങളും ഉണ്ടായിരിക്കുന്നതും, അങ്ങനെയുള്ള ഏതൊരു അഡ്മിനിസ്ട്രേററും കോടതിയുടെ നേരിട്ടുള്ള നിയന്ത്രണത്തിന് വിധേയനായിരിക്കുന്നതും, കോടതിയുടെ നിദേശത്തിൻകീഴിൽ പ്രവർത്തിക്കേണ്ടതും ആകുന്നു.

## പ്രത്യേക ആവശ്യങ്ങൾക്കുള്ള അനുദാനങ്ങൾ

248. മരണശാസനത്തിൽ വിനിർദ്ദേശിക്കുന്ന ആവശ്യത്തിനായി പരിമിതിപ്പെടുത്തിയ പ്രൊബേററ്.—ഒരു എക്സിക്യൂട്ടറെ, മരണശാസനത്തിൽ വിനിർദ്ദേശിക്കുന്ന ഏതെങ്കിലും പരിമിതാവശ്യത്തിനായി നിയമിക്കുന്നുവെങ്കിൽ, പ്രൊബേററ് ആ ആവശ്യത്തിനായി പരിമിതിപ്പെടുത്തേണ്ടതും, അയാൾ തനിക്കുവേണ്ടി അഡ്മിനിസ്ട്രേഷൻ എടുക്കുവാൻ ഒരു അററോർണിയേയോ, ഏജൻറിനേയോ നിയമിക്കുകയാണെങ്കിൽ, മരണശാസനാനുബദ്ധമായ അഡ്മിനിസ്ട്രേഷൻപത്രം അതനുസരിച്ച് പരിമിതിപ്പെടുത്തേണ്ടതും ആകുന്നു.

249. പ്രത്യേക ആവശ്യത്തിനായി പരിമിതിപ്പെടുത്തിയ മരണശാസനാനുബദ്ധമായ അഡ്മിനിസ്ട്രേഷൻ.—സാമാന്യമായി നിയമിക്കപ്പെട്ടിട്ടുള്ള ഒരു എക്സിക്യൂട്ടർ തനിക്കുവേണ്ടി ഒരു മരണശാസനം തെളിയിക്കുവാൻ ഒരു അററാർണിക്കോ ഏജൻറിനോ പ്രാധികാരം നല്കുകയും, ആ പ്രാധികാരം ഒരു

പ്രത്യേക ആവശ്യത്തിനായി പരിമിതിപ്പെടുത്തിയതായിരിക്കുകയും ചെയ്യുന്നുവെങ്കിൽ, മരണശാസനാനുബദ്ധമായ അഡ്മിനിസ്ട്രേഷൻ പത്രം അനുസരിച്ച് പരിമിതിപ്പെടുത്തേണ്ടതാകുന്നു.

250. ഒരാൾക്ക് ഗുണാനുഭവാവകാശബന്ധമുള്ള വസ്തുവിനായി പരിമിതിപ്പെടുത്തിയ അഡ്മിനിസ്ട്രേഷൻ.—ഒരാൾ, താൻ അനന്യട്രസ്ററിയോ, അതിജീവിക്കുന്ന ട്രസ്ററിയോ ആയതോ, തനിക്കു സ്വന്തം നിലയിൽ യാതൊരു ഗുണാനുഭവാവകാശവും ഇല്ലാത്തതോ ആയ വസ്തു ഉണ്ടായിരിക്കെ മരിക്കുകയും, അയാൾക്ക് സാമാന്യ പ്രതിനിധി ഇല്ലാതിരിക്കുകയോ അല്ലെങ്കിൽ ആ നിലയിൽ പ്രവർത്തിക്കാൻ കഴിവില്ലാത്തവനോ ഒരുക്കമില്ലാത്തവനോ ആയ സാമാന്യ പ്രതിനിധി ഉണ്ടായിരിക്കുകയോ ചെയ്യുകയും ചെയ്യുന്നിടത്ത്, ഗുണാനുഭോക്താവിനോ അയാൾക്കുവേണ്ടി മററ് ഏതെങ്കിലും ആൾക്കോ അങ്ങനെയുള്ള വസ്തുവിനായി പരിമിതിപ്പെടുത്തിയ അഡ്മിനിസ്ട്രേഷൻ പത്രം അനുദാനം ചെയ്യാവുന്നതാണ്.

251. വ്യവഹാരത്തിനായി പരിമിതിപ്പെടുത്തിയ അഡ്മിനിസ്ട്രേഷൻ.—മരിച്ചുപോയ ഒരാളുടെ പ്രതിനിധിയെ, നിലവിലിരിക്കുന്ന ഒരു വ്യവഹാരത്തിൽ കക്ഷിയാക്കുന്നത് ആവശ്യമായിരിക്കുകയും, എക്സിക്യൂട്ടറോ അഡ്മിനിസ്ട്രേഷന് അവകാശമുള്ള ആളോ പ്രവർത്തിക്കുവാൻ കഴിയാത്തവനോ ഒരുക്കമില്ലാത്തവനോ ആയിരിക്കുകയും ചെയ്യുമ്പോൾ, അങ്ങനെയുള്ള വ്യവഹാരത്തിലെ ഒരു കക്ഷി നാമനിർദ്ദേശം ചെയ്യുന്ന ആൾക്ക് ആ വ്യവഹാരത്തിലോ, വ്യവഹാരനടപടിയിലോ വിവാദ്യമായിരിക്കുന്ന വിഷയങ്ങളെ സ്പർശിക്കുന്നതും, ആ കക്ഷികൾ തമ്മിലോ, മറേറതെങ്കിലും കക്ഷികൾ തമ്മിലോ, അതേ കോടതിയിലോ മറേറതെങ്കിലും കോടതിയിലോ, ആരംഭിച്ചേക്കാവുന്നതുമായ ഏതെങ്കിലും വ്യവഹാരത്തിലോ വ്യവഹാരനടപടിയിലോ മരിച്ചുപോയ ആളെ പ്രതിനിധാനംചെയ്യുന്ന ആവശ്യത്തിനായും, അതിൽ ഒരു അവസാനവിധി ഉണ്ടാവുകയും, വിധിനടത്തൽ പൂർത്തിയാകയും ചെയ്യുന്നതുവരെയും പരിമിതിപ്പെടുത്തിക്കൊണ്ടു അഡ്മിനിസ്ട്രേഷൻ പത്രം അനുദാനംചെയ്യാവുന്നതാണ്.

252. അഡ്മിനിസ്ട്രേററർക്ക് എതിരായി കൊണ്ടുവരാനുള്ള വ്യവഹാരത്തിൽ കക്ഷിയാകുന്ന ആവശ്യത്തിനായി പരിമിതിപ്പെടുത്തിയ അഡ്മിനിസ്ട്രേഷൻ.—ഏതെങ്കിലും പ്രൊബേററിൻേറയോ അഡ്മിനിസ്ട്രേഷൻ പത്രത്തിൻേറയോ തീയതി മുതൽ പന്ത്രണ്ട് മാസം കഴിയുന്ന സമയത്ത്, അത് അനുദാനം ചെയ്യപ്പെട്ടിട്ടുള്ള എക്സിക്യൂട്ടറോ അഡ്മിനിസ്ട്രേററോ, പ്രൊബേററോ അഡ്മിനിസ്ട്രേഷൻപത്രമോ അനുദാനംചെയ്തിട്ടുള്ള കോടതി അധികാരിത പ്രയോഗിക്കുന്ന സ്റേററിൽ സന്നിഹിതനായിരിക്കുന്നുവെങ്കിൽ, കോടതിക്ക് യുക്തമെന്ന് തോന്നുന്ന ആൾക്ക്, എക്സിക്യൂട്ടർക്കോ അഡ്മിനിസ്ട്രേററർക്കോ എതിരായി കൊണ്ടുവരാനുള്ള ഒരു വ്യവഹാരത്തിൽ ഒരു കക്ഷിയാകുകയും ആക്കപ്പെടുകയും, അതിൽ ഉണ്ടാകുന്ന വിധി ഫലത്തിൽ കൊണ്ടുവരികയും ചെയ്യുന്ന ആവശ്യത്തിനായി പരിമിതിപ്പെടുത്തിക്കൊണ്ട് അഡ്മിനിസ്ട്രേഷൻ അനുദാനം ചെയ്യാവുന്നതാണ്.

253. മരിച്ചുപോയ ആളുടെ വസ്തു ശേഖരിക്കുന്നതിനും സംരക്ഷിക്കുന്നതിനും ആയി പരിമിതിപ്പെടുത്തിയ അഡ്മിനിസ്ട്രേഷൻ.—മരിച്ചുപോയ ഒരാളുടെ വസ്തു സംരക്ഷിക്കുന്നതിന് ആവശ്യമാണെന്ന് തോന്നുന്ന ഏതെങ്കിലും സംഗതിയിൽ, ഏതു കോടതിയുടെ അധികാരിതയിൻകീഴിലാണോ വസ്തുക്കളിൽ ഏതെങ്കിലും സ്ഥിതിചെയ്യുന്നത്, ആ കോടതിക്ക് യുക്ത

മെന്ന് തോന്നുന്ന ഏതെങ്കിലും ആറംക്ക്, കോടതിയുടെ നിദേശങ്ങറംക്കു വിധേയമായി, മരിച്ചുപോയ ആളുടെ വസ്തു ശേഖരിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നതിനായും അയാളുടെ എസ്റേററിന് കിട്ടാനുള്ള കടങ്ങറംക്ക് ഉൻമുക്തി നല്കുന്നതിനായും പരിമിതിപ്പെടുത്തിക്കൊണ്ടുള്ള അഡ്മിനിസ്ട്രേഷൻ പത്രം അനുദാനം ചെയ്യാവുന്നതാണ്.

254. സാധാരണ പരിതഃസ്ഥിതികളിൽ അഡ്മിനിസ്ട്രേഷന് അവകാശം ഉണ്ടാകുന്ന ആളല്ലാത്ത ഒരാളെ അഡ്മിനിസ്ട്രേററായി നിയമിക്കുന്നത്.—(1) ഒരാറം മരണശാസനം കൂടാതേയോ, അല്ലെങ്കിൽ ഏതു മരണശാസനത്തിനാണോ പ്രവർത്തിക്കാൻ ഒരുക്കമുള്ളവനും ക്ഷമതയുള്ളവനും ആയ യാതൊരു എക്സിക്യൂട്ടറും ഇല്ലാതിരിക്കുകയോ; അതിൻെറ എക്സിക്യൂട്ടർ അങ്ങനെയുള്ള ആറം മരിക്കുന്ന സമയത്ത് സ്റേററിന് പുറത്ത് താമസമുള്ളവനായിരിക്കുകയോ ചെയ്യുന്നത്, അങ്ങനെയുള്ള ഒരു മരണശാസനം ഉണ്ടായിരിക്കെയോ, മരിച്ചിരിക്കുകയും, ആ എസ്റേററോ അതിൻെറ ഏതെങ്കിലും ഭാഗമോ അഡ്മിനിസ്ററർ ചെയ്യാൻ സാധാരണ പരിതഃസ്ഥിതികളിൽ അഡ്മിനിസ്ട്രേഷൻെറ അനുദാനത്തിന് അവകാശമുണ്ടാകുന്ന ആളല്ലാത്ത വല്ല ആളേയും നിയമിക്കുന്നത് ആവശ്യകമോ സൗകര്യപ്രദമോ ആണെന്ന് കോടതിക്ക് തോന്നുകയും ചെയ്യുമ്പോറം, കോടതിക്ക് സ്വവിവേകം ഉപയോഗിച്ചും, രക്തബന്ധവും, എത്രത്തോളം താത്പര്യം ഉണ്ടെന്നുള്ളതും എസ്റേററിൻെറ രക്ഷയും അത് ശരിയായി അഡ്മിനിസ്ററർ ചെയ്യുമെന്നുള്ള സംഭാവ്യതയും പരിഗണിച്ചുകൊണ്ടും യുക്തമെന്ന് തോന്നുന്ന ആളെ അഡ്മിനിസിട്രേററായി നിയമിക്കാവുന്നതാണ്.

(2) അങ്ങനെയുള്ള ഏതൊരു സംഗതിയിലും അഡ്മിനിസ്ട്രേഷൻ കോടതിക്ക് യുക്തമെന്ന് തോന്നുന്നതുപോലെ പരിമിതിപ്പെടുത്തിയതോ അല്ലാത്തതോ ആകാവുന്നതാണ്.

## അപവാദത്തോടുകൂടിയ അനുദാനങ്ങറം

255. അപവാദത്തിന് വിധേയമായ പ്രൊബേററോ മരണശാസനാനുബദ്ധമായ അഡ്മിനിസ്ട്രേഷനോ.—കേസ്സിൻെറ പ്രകൃതം ഒരു അപവാദം ഉണ്ടാക്കേണ്ടത് ആവശ്യമാക്കുന്നിടത്ത്, മരണശാസനത്തിൻെറ പ്രൊബേററോ മരണശാസനാനുബദ്ധമായ അഡ്മിനിസ്ട്രേഷൻ പത്രമോ അങ്ങനെയുള്ള അപവാദത്തിന് വിധേയമായി, അനുദാനം ചെയ്യേണ്ടതാകുന്നു.

256. അപവാദത്തോടുകൂടിയ അഡ്മിനിസ്ട്രേഷൻ.—കേസ്സിൻെറ, പ്രകൃതം, ഒരു അപവാദം ഉണ്ടാകേണ്ടത് ആവശ്യമാക്കുന്നിടത്ത്, അഡ്മിനിസ്ട്രേഷൻ പത്രം അങ്ങനെയുള്ള അപവാദത്തിന് വിധേയമായി, അനുദാനം ചെയ്യേണ്ടതാകുന്നു.

257. ബാക്കിയുള്ളതിൻെറ ബാക്കിയുള്ള അനുദാനങ്ങറം പ്രൊബേററോ അഡ്മിനിസ്ട്രേഷനോ.—പ്രൊബേററോ, മരണശാസനാനുബദ്ധമായതോ അല്ലാത്തതോ ആയ അഡ്മിനിസ്ട്രേഷൻ പത്രമോ അപവാദത്തോടുകൂടി അനുദാനം ചെയ്തിട്ടുള്ളിടത്ത്, മരിച്ചുപോയ ആളുടെ എസ്റേററിൻെറ ബാക്കിയുടെ പ്രൊബേററോ അഡ്മിനിസ്ട്രേഷനോ അവകാശമുള്ള ആറംക്ക്, അതതു സംഗതിപോലെ, മരിച്ചുപോയ ആളുടെ എസ്റേററിൻെറ ബാക്കിയുടെ പ്രൊബേററിൻേറയോ അഡ്മിനിസ്ട്രേഷൻ പത്രത്തിൻേറയോ അനുദാനമാകാവുന്നതാണ്.

## അഡ്മിനിസ്റ്റർ ചെയ്യപ്പെടാത്ത മുതലുകളുടെ അനുദാനം

258. അഡ്മിനിസ്റ്റർ ചെയ്യപ്പെടാത്ത മുതലുകളുടെ അനുദാനം.—
പ്രൊബേറ്റ് അനുദാനം ചെയ്യപ്പെട്ടിട്ടുള്ള ഒരു എക്സിക്യൂട്ടർ മരണശാസന
കർത്താവിന്റെ എസ്റ്റേറ്റിന്റെ ഒരു ഭാഗം അഡ്മിനിസ്റ്റർ ചെയ്യപ്പെടാ
തിരിക്കെ മരിച്ചിട്ടുണ്ടെങ്കിൽ, എസ്റ്റേറ്റിന്റെ അങ്ങനെയുള്ള ഭാഗം അഡ്മി
നിസ്റ്റർ ചെയ്യുന്ന ആവശ്യത്തിനായി ഒരു പുതിയ പ്രതിനിധിയെ നിയമിക്കാ
വുന്നതാണ്.

259. അഡ്മിനിസ്റ്റർ ചെയ്യപ്പെടാത്ത മുതലുകളുടെ അനുദാനം സംബ
ന്ധിച്ച ചട്ടങ്ങൾ.—പൂർണ്ണമായി അഡ്മിനിസ്റ്റർ ചെയ്യപ്പെട്ടിട്ടില്ലാത്ത ഒരു
എസ്റ്റേറ്റിന്റെ അഡ്മിനിസ്ട്രേഷൻ പത്രം അനുദാനം ചെയ്യുന്നതിൽ,
കോടതിക്ക് ആദ്യാനുദാനങ്ങൾ സംബന്ധിച്ച് ബാധകമാകുന്ന അതേ ചട്ടങ്ങൾ
മാർഗ്ഗദർശകമായിരിക്കേണ്ടതും, ആദ്യാനുദാനങ്ങൾ ഏത് ആളുകൾക്കായിരി
ക്കാമായിരുന്നുവോ, അവർക്കുമാത്രം കോടതി അഡ്മിനിസ്ട്രേഷൻ അനുദാനം
ചെയ്യേണ്ടതും ആകുന്നു.

260. പരിമിതിപ്പെടുത്തിക്കൊണ്ടുള്ള അനുദാനം അവസാനിക്കുകയും
എസ്റ്റേറ്റിന്റെ വല്ല ഭാഗവും പിന്നെയും അഡ്മിനിസ്റ്റർ ചെയ്യപ്പെടാ
തിരിക്കുകയും ചെയ്യുമ്പോഴുള്ള അഡ്മിനിസ്ട്രേഷൻ.—പരിമിതിപ്പെടുത്തി
ക്കൊണ്ടുള്ള ഒരു അനുദാനം സമയംകഴിഞ്ഞതിനാലോ, ഏതു സംഭവത്തിന്മേലോ
സമാശ്രയിക്കപ്പെടുന്ന സംഭവത്തിന്മേലോ ആണോ അതു പരിമിതപ്പെടുത്തി
യിരിക്കുന്നത്, ആ സംഭവമോ, സമാശ്രയിക്കപ്പെടുന്ന സംഭവമോ ഉണ്ടായതി
നാലോ അവസാനിച്ചിരിക്കുകയും മരിച്ചുപോയ ആളുടെ എസ്റ്റേറ്റിന്റെ വല്ല
ഭാഗവും പിന്നെയും അഡ്മിനിസ്റ്റർ ചെയ്യപ്പെടാതിരിക്കുകയും ചെയ്യു
മ്പോൾ ആദ്യാനുദാനങ്ങൾ ഏത് ആളുകൾക്കായിരിക്കാമായിരുന്നുവോ, അവർക്കു
അഡ്മിനിസ്ട്രേഷൻ പത്രം അനുദാനം ചെയ്യേണ്ടതാകുന്നു.

### അദ്ധ്യായം III

## അനുദാനങ്ങൾ വ്യത്യാസപ്പെടുത്തലും പിൻവലിക്കലും

261. ഏത് തെറ്റുകൾ കോടതിക്ക് തിരുത്താമെന്ന് പേരിലും വിവര
ണത്തിലും ഉള്ളതോ അല്ലെങ്കിൽ മരിച്ചുപോയ ആളുടെ മരണത്തിന്റെ സമയവും
സ്ഥലവും പറയുന്നതിലുള്ളതോ അല്ലെങ്കിൽ പരിമിതമായ അനുദാനത്തിന്റെ
ആവശ്യം പറയുന്നതിലുള്ളതോ ആയ തെറ്റുകൾ കോടതിക്കു തിരുത്താവു
ന്നതും, പ്രൊബേറ്റിന്റേയോ അഡ്മിനിസ്ട്രേഷൻ പത്രത്തിന്റേയോ അനു
ദാനം അതനുസരിച്ച് വ്യത്യാസപ്പെടുത്തുകയും ഭേദഗതിചെയ്യുകയും ചെയ്യാ
വുന്നതും ആകുന്നു.

262. മരണശാസനാനുബന്ധമായ അഡ്മിനിസ്ട്രേഷന്റെ അനുദാനത്തി
നുശേഷം കോഡിസിൽ കണ്ടുപിടിക്കപ്പെടുന്നിടത്തുള്ള നടപടി ക്രമം.—മരണ
ശാസനാനുബന്ധമായ അഡ്മിനിസ്ട്രേഷൻ പത്രത്തിന്റെ അനുദാനത്തിനു
ശേഷം, ഒരു കോഡിസിൽ കണ്ടുപിടിക്കപ്പെടുന്നുവെങ്കിൽ, മുറപ്രകാരം അതു
തെളിയിക്കുകയും അതിന്റെ അനന്യത സ്ഥാപിക്കുകയും ചെയ്യുന്നതിന്മേൽ
അത് അനുദാനത്തോടു കൂട്ടിച്ചേർക്കാവുന്നതും. അനുദാനം അതനുസരിച്ച്
വ്യത്യാസപ്പെടുത്തുകയും ഭേദഗതിചെയ്യുകയും ചെയ്യാവുന്നതും ആണ്.

263. നീതിപൂർവ്വകമായ കാരണത്തിന് പിൻവലിക്കുകയോ പ്രഭാവശൂന്യമാക്കുകയോ ചെയ്യുന്നത് —പ്രൊബേററിൻേറയോ അഡ്മിനിസ്ട്രേഷൻ പത്രത്തിൻേറയോ അനുദാനം നീതിപൂർവ്വകമായ കാരണത്തിന് പിൻവലിക്കുകയോ പ്രഭാവശൂന്യമാക്കുകയോ ചെയ്യാവുന്നതാണ്.

വിശദീകരണം.—നീതിപൂർവ്വകമായ കാരണമുള്ളതായി—

(ക) അനുദാനം ലഭിക്കാനുള്ള നടപടികൾ സാരാംശത്തിൽ ന്യൂനതയുള്ളവയായിരുന്നിരിക്കുകയോ, അല്ലെങ്കിൽ

(ഖ) അനുദാനം വ്യാജമായ സൂചനനല്കിയോ കേസ്സിന് സാരമായിട്ടുള്ള വല്ലതും കോടതിയിൽനിന്ന് ഒളിച്ചുവച്ചോ വഞ്ചനാപൂർവ്വം നേടിയതായിരിക്കുകയോ, അല്ലെങ്കിൽ

(ഗ) അനുദാനം, അത് ന്യായീകരിക്കുവാൻ നിയമപ്രകാരം അവശ്യമായ ഒരു വസ്തു സത്യവിരുദ്ധമായി പറയുന്നതുവഴി, അങ്ങനെ പറഞ്ഞത് അറിവില്ലായ്മയാലോ അശ്രദ്ധയാലോ ആണെന്നിരിക്കിലും, ലഭിച്ചതായിരിക്കുകയോ, അല്ലെങ്കിൽ

(ഘ) അനുദാനം പരിതഃസ്ഥിതികളാൽ ഉപയോഗശൂന്യമോ പ്രവർത്തനരഹിതമോ ആയിത്തീർന്നിരിക്കുകയോ അല്ലെങ്കിൽ

(ങ) അനുദാനം നല്കപ്പെട്ട ആൾ മനഃപൂർവ്വമായും ന്യായമായ കാരണംകൂടാതെയും ഈ ഭാഗം VII-ാം അദ്ധ്യായത്തിലെ വ്യവസ്ഥകളനുസരിച്ച് ഇൻവെൻററിയോ കണക്കോ പ്രദർശിപ്പിക്കുവാൻ വിലോപം വരുത്തിയിരിക്കുകയോ, ആ അദ്ധ്യായത്തിൻകീഴിൽ സാരാംശത്തിൽ സത്യവിരുദ്ധമായ ഒരു ഇൻവെൻററിയോ കണക്കോ പ്രദർശിപ്പിച്ചിരിക്കുകയോ, ചെയ്യുന്നിടത്ത്, കരുതപ്പെടുന്നതാകുന്നു.

## ദൃഷ്ടാന്തങ്ങൾ

(i) അനുദാനം നല്കിയ കോടതിക്ക് അധികാരിതയുണ്ടായിരുന്നില്ല.

(ii) വിളിക്കേണ്ട കക്ഷികളെ വിളിക്കാതെയാണ് അനുദാനം നൽകിയത്.

(iii) ഏതു മരണശാസനത്തിൻേറയാണോ പ്രൊബേററ് നേടിയത്, ആ മരണശാസനം വ്യാജനിർമ്മിതമോ പിൻവലിക്കപ്പെട്ടതോ ആയിരുന്നു.

(iv) ക ഖ യുടെ വിധവ എന്ന നിലയിൽ അയാളുടെ എസ്റേററിന് അഡ്മിനിസ്ട്രേഷൻപത്രം നേടി, എന്നാൽ അവൾ ഒരിക്കലും അയാളെ വിവാഹം കഴിച്ചിരുന്നില്ലെന്ന് പിന്നീട് അറിവായിരിക്കുന്നു.

(v) ഖ മരണശാസനം കൂടാതെ മരിച്ചുപോയിട്ടുണ്ടായിരുന്നാലെന്നപോലെ അയാളുടെ എസ്റേററിന് ക അഡ്മിനിസ്ട്രേഷൻ എടുത്തിരിക്കുന്നു. എന്നാൽ പിന്നീട് ഒരു മരണശാസനം കണ്ടുപിടിക്കപ്പെട്ടിരിക്കുന്നു.

(vi) പ്രൊബേററിൻെറ അനുദാനത്തിനുശേഷം, ഒരു പിൻ മരണശാസനം കണ്ടുപിടിക്കപ്പെട്ടിരിക്കുന്നു.

(vii) പ്രൊബേററിൻെറ അനുദാനത്തിനുശേഷം, മരണശാസനത്തിൻകീഴിലുള്ള എക്സിക്യൂട്ടർമാരുടെ നിയമനം പിൻവലിക്കുകയോ അതിനോടു കൂട്ടിച്ചേർക്കുകയോ ചെയ്യുന്ന ഒരു കോഡിസിൽ കണ്ടുപിടിക്കപ്പെട്ടിരിക്കുന്നു.

(viii) പ്രൊബേററോ, അഡ്മിനിസ്ട്രേഷൻ പത്രമോ അനുദാനംചെയ്യപ്പെട്ട ആൾ പിന്നീട് ചിത്തഭ്രമമുള്ളവനായിത്തീർന്നിരിക്കുന്നു.

## അദ്ധ്യായം IV

# പ്രൊബേറ്റുകളും അഡ്മിനിസ്ട്രേഷൻ പത്രങ്ങളും അനുദാനം ചെയ്യുന്നതിനും പിൻവലിക്കുന്നതിനും ഉള്ള പതിവിനെക്കുറിച്ച്

264. പ്രൊബേറ്റുകൾ മുതലായവ അനുദാനം ചെയ്യുന്നതിനും പിൻവലിക്കുന്നതിനും ഉള്ള ജില്ലാ ജഡ്ജിയുടെ അധികാരിത.—(1) ജില്ലാ ജഡ്ജിക്ക് പ്രൊബേറ്റുകളും അഡ്മിനിസ്ട്രേഷൻ പത്രങ്ങളും അനുദാനം ചെയ്യുന്നതിലും പിൻവലിക്കുന്നതിലും തന്റെ ജില്ലയ്ക്കകത്തുള്ള എല്ലാ കേസ്സുകളിലും അധികാരിതയുണ്ടായിരിക്കുന്നതാണ്.

(2) 57-ാം വകുപ്പ് ബാധകമാകുന്ന സംഗതികളിലൊഴികെ, കൽക്കട്ട, മദ്രാസ്, ബോംബെ എന്നീ പട്ടണങ്ങളിലെ അതിർത്തികൾക്കു വെളിയിലുള്ള ഏതെങ്കിലും തദ്ദേശപ്രദേശത്തിലെ യാതൊരു കോടതിയും മരിച്ചുപോയ ആൾ ഹിന്ദുവോ, മുഹമ്മദീയനോ, ബുദ്ധമതക്കാരനോ, സിക്കുകാരനോ, ജൈനനോ ഒഴിവാക്കപ്പെട്ട ആളോ ആയിരിക്കുന്നിടത്ത്, പ്രൊബേറ്റിനോ, അഡ്മിനിസ്ട്രേഷൻ പത്രത്തിനോ ഉള്ള അപേക്ഷകൾ സ്വീകരിക്കാൻ സ്റ്റേറ്റ് ഗവൺമെന്റ്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി, അതിന് പ്രാധികാരം നല്കുന്നതുവരെ, അപ്രകാരം സ്വീകരിക്കാൻ പാടുള്ളതല്ല.

265. തർക്കമില്ലാത്ത കേസ്സുകൾ കൈകാര്യം ചെയ്യാൻ ജില്ലാ ജഡ്ജിയുടെ ഡെലിഗേറ്റിനെ നിയമിക്കാനുള്ള അധികാരം.—(1) ഹൈക്കോടതിക്ക്, അത് നിർണ്ണയിക്കുന്ന തദ്ദേശാതിർത്തികൾക്കുള്ളിൽ തർക്കമില്ലാത്ത കേസ്സുകളിൽ പ്രൊബേറ്റും അഡ്മിനിസ്ട്രേഷൻ പത്രവും അനുദാനം ചെയ്യുന്നതിന് ജില്ലാ ജഡ്ജിക്കു വേണ്ടി ഡെലിഗേറ്റുകളായി പ്രവർത്തിക്കാൻ ഏതെങ്കിലും ജില്ലയിൽ യുക്തമെന്നു തോന്നുന്ന നീതിന്യായ ഉദ്യോഗസ്ഥൻമാരെ നിയമിക്കാവുന്നതാണ്:

എന്നാൽ റായൽ ചാർട്ടർവഴി സ്ഥാപിക്കപ്പെട്ടിട്ടുള്ളതല്ലാത്ത ഹൈക്കോടതികളുടെ സംഗതിയിൽ, അങ്ങനെയുള്ള നിയമനം സ്റ്റേറ്റ് ഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അനുമതികൂടാതെ ആയിരിക്കരുത്.

(2) അപ്രകാരം നിയമിക്കപ്പെടുന്ന ആളുകൾക്ക് ജില്ലാ ഡെലിഗേറ്റുകൾ എന്ന് പേർ പറയുന്നതാകുന്നു.

266. പ്രൊബേറ്റും അഡ്മിനിസ്ട്രേഷനും അനുദാനം ചെയ്യുന്നത് സംബന്ധിച്ചുള്ള ജില്ലാ ജഡ്ജിയുടെ അധികാരങ്ങൾ.—ജില്ലാ ജഡ്ജിക്ക്, പ്രൊബേറ്റും, അഡ്മിനിസ്ട്രേഷൻ പത്രവും അനുദാനം ചെയ്യുന്നത് സംബന്ധിച്ചും, അതുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും സംബന്ധിച്ചും തന്റെ കോടതിയിൽ നിലവിലിരിക്കുന്ന ഏതെങ്കിലും സിവിൽ വ്യവഹാരമോ സിവിൽ നടപടിയോ സംബന്ധിച്ച് തന്നിൽ നിയമപ്രകാരം നിക്ഷിപ്തമായിട്ടുള്ളതിന് സദൃശമായ അധികാരങ്ങളും പ്രാധികാരവും ഉണ്ടായിരിക്കുന്നതാണ്.

267. ജില്ലാ ജഡ്ജിക്ക്, മരണശാസനമാകുന്ന കടലാസ്സുകൾ ഹാജരാക്കാൻ ഏതെങ്കിലും ആളോട് ഉത്തരവു ചെയ്യാമെന്ന്.—(1) ജില്ലാ ജഡ്ജിക്ക് ഏതെങ്കിലും ആളോട്, അയാളുടെ കൈവശത്തിലോ നിയന്ത്രണത്തിലോ ഉള്ളതാണെന്ന് കാണിക്കപ്പെടുന്നതും, മരണശാസനമാകുന്നതോ ആണെന്ന് കരുതപ്പെടാവുന്നതോ ആയതുമായ ഏതെങ്കിലും കടലാസ്സോ ലിഖിതമോ ഹാജരാക്കുകയും കോടതിയിൽ കൊണ്ടുവരുകയും, ചെയ്യാൻ ഉത്തരവു ചെയ്യാവുന്നതാണ്.

(2) അങ്ങനെയുള്ള ഏതെങ്കിലും കടലാസ്സോ ലിഖിതമോ അങ്ങനെയുള്ള ആളുടെ കൈവശത്തിലോ, നിയന്ത്രണത്തിലോ ആണെന്ന് കാണിക്കപ്പെടാതിരിക്കുകയും, എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും കടലാസ്സിനെക്കുറിച്ചോ ലിഖിതത്തെക്കുറിച്ചോ അയാൾക്ക് അറിവുണ്ടെന്ന് വിശ്വസിക്കുവാൻ കാരണമുണ്ടായിരിക്കുകയും ചെയ്യുന്നുവെങ്കിൽ, കോടതിക്ക് അതു സംബന്ധിച്ച് വിസ്തരിക്കപ്പെടുന്നതിനുവേണ്ടി ഹാജരാകാൻ അയാളോട് നിദേശിക്കാവുന്നതാണ്.

(3) അങ്ങനെയുള്ള ആൾ, കോടതി അയാളോടു ചോദിക്കുന്ന ചോദ്യങ്ങൾക്ക് സത്യസന്ധമായ ഉത്തരം പറയാനും അങ്ങനെയുള്ള കടലാസ്സോ ലിഖിതമോ ഹാജരാക്കാനോ കൊണ്ടുവരാനോ ഉത്തരവു ചെയ്യുന്നുവെങ്കിൽ, അപ്രകാരം ചെയ്യാനും ബാദ്ധ്യസ്ഥനായിരിക്കുന്നതും, ഹാജരാകാതിരിക്കുകയോ അങ്ങനെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം പറയാതിരിക്കുകയോ അങ്ങനെയുള്ള കടലാസ്സോ ലിഖിതമോ കൊണ്ടുവരാതിരിക്കുകയോ ചെയ്യുന്ന വീഴ്ചയുടെ സംഗതിയിൽ, അയാൾ ഒരു വ്യവഹാരത്തിലെ കക്ഷിയായിരിക്കുകയും അങ്ങനെയുള്ള വീഴ്ച വരുത്തുകയും ചെയ്തിട്ടുണ്ടായിരുന്നാൽ ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45)-യ്ക്കു കീഴിൽ വിധേയനാകുമായിരുന്ന ശിക്ഷയ്ക്കു സദൃശമായ ശിക്ഷയ്ക്കു വിധേയനായിരിക്കുന്നതും ആണ്.

(4) ആ നടപടികളിലെ കോടതിച്ചെലവ്, കോടതിക്ക് സ്വവിവേകമുപയോഗിച്ച് നിശ്ചയിക്കാവുന്നതായിരിക്കുന്നതാണ്.

268. പ്രൊബേററും അഡ്മിനിസ്ട്രേഷനും സംബന്ധിച്ച് ജില്ലാ ജഡ്ജിയുടെ കോടതിയിലെ നടപടികൾ.— ഇതിൽ ഇതിനുശേഷം മററു വിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളവിധമൊഴികെ, പ്രൊബേററും, അഡ്മിനിസ്ട്രേഷൻ പത്രവും അനുദാനം ചെയ്യുന്നതു സംബന്ധിച്ചുള്ള ജില്ലാ ജഡ്ജിയുടെ കോടതിയിലെ നടപടികൾ, കേസിൻെറ പരിത:സ്ഥിതികൾ അനുവദിക്കുന്നിടത്തോളം, സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5,-നാൽ ക്രമപ്പെടുത്തപ്പെടുന്നതാകുന്നു.

269. വസ്തുവിൻെറ സംരക്ഷണത്തിനായി ജില്ലാ ജഡ്ജിക്ക് ഇടപെടേണ്ടത് എപ്പോൾ, എങ്ങനെ എന്ന്.—(1) മരിച്ചുപോയ ഒരാളുടെ മരണശാസനത്തിൻെറ പ്രൊബേററ് അനുദാനം ചെയ്യുകയോ, അയാളുടെ എസ്റേററിൻെറ ഒരു അഡ്മിനിസ്ട്രേററെ നിയമിക്കുകയോ ചെയ്യുന്നതുവരെ, ഏതു ജില്ലാ ജഡ്ജിയുടെ അധികാരിതയ്ക്കുള്ളിലാണോ മരിച്ചുപോയ ആളുടെ വസ്തുവിൻെറ ഏതെങ്കിലും ഭാഗം സ്ഥിതിചെയ്യുന്നത്, ആ ജില്ലാ ജഡ്ജിക്ക് അങ്ങനെയുള്ള വസ്തുവിൻെറ രക്ഷണത്തിനായി, അതിൽ താൽപര്യം ഉണ്ടെന്ന് കാണപ്പെടുന്ന ഏതെങ്കിലും ആൾ ആവശ്യപ്പെടുന്നതിൻമേലും. വസ്തുവിന് ഏതെങ്കിലും നഷ്ടത്തിൻേറയോ നാശനഷ്ടത്തിൻേറയോ സാദ്ധ്യത ഉള്ളതായി ജഡ്ജി കരുതുന്ന മററ് എല്ലാ സംഗതികളിലും, ഇടപെടുന്നതിനും, യുക്തമെന്നു തോന്നുന്നുവെങ്കിൽ, ആ ആവശ്യത്തിനുവേണ്ടി വസ്തുവിൻെറ കൈവശം എടുക്കുകയും വച്ചുപോരുകയും ചെയ്യാൻ ഒരു ഉദ്യോഗസ്ഥനെ നിയമിക്കുവാനും പ്രാധികാരം നല്കിയിരിക്കുന്നതും അദ്ദേഹം അപ്രകാരം ചെയ്യേണ്ടതും ആകുന്നു.

(2) ഈ വകുപ്പ്, മരിച്ചുപോയ ആൾ ഹിന്ദുവോ മുഹമ്മദീയനോ ബുദ്ധമതക്കാരനോ സിക്കുകാരനോ ജൈനനോ ഒഴിവാക്കപ്പെട്ട ആളോ ആയിരിക്കുന്നുവെങ്കിൽ, ബാധകമായിരിക്കുന്നതല്ല ; മരണശാസനം കൂടാതെ മരിച്ച ഒരു ഇൻഡ്യൻ ക്രിസ്ത്യൻെറ വസ്തുവിൻെറ ഏതെങ്കിലും ഭാഗത്തിനും അത് ബാധകമായിരിക്കുന്നതല്ല.

270. ജില്ലാ ജഡ്ജിക്ക് പ്രൊബേറേറാ അഡ്മിനിസ്ട്രേഷനോ അനുദാനം ചെയ്യാവുന്നത് എപ്പോഴെന്ന്.—ഒരു ജില്ലാ ജഡ്ജിക്ക്, മരിച്ച ഒരാളുടെ മരണശാസനത്തിൻെറ പ്രൊബേറേറാ, എസ്റേററിൻെറ അഡ്മിനിസ്ട്രേഷൻ പത്രമോ, അതിനു വേണ്ടി അപേക്ഷിക്കുന്ന ആൾ, അതിൽ ഇതിനുശേഷം വ്യവസ്ഥ ചെയ്തിട്ടുള്ളതുപോലെ സത്യബോധപ്പെടുത്തിക്കൊടുക്കുന്ന ഒരു ഹർജിവഴി, അതതു സംഗതിപോലെ, മരണശാസനകർത്താവിനോ മരണശാസനം കൂടാതെ മരിച്ച ആൾക്കോ, അയാളുടെ മരണസമയത്ത്, ആ ജഡ്ജിയുടെ അധികാരിതയ്ക്കുള്ളിൽ ഒരു സ്ഥിരം വാസസ്ഥലമോ സ്ഥാവരമോ ജംഗമമോ ആയ ഏതെങ്കിലും വസ്തുവോ ഉണ്ടായിരുന്നെന്ന് കാണപ്പെടുന്നുവെങ്കിൽ, തൻെറ കോടതിയുടെ മുദ്രയോടുകൂടി, അനുദാനം ചെയ്യാവുന്നതാണ്.

271. മരിച്ചുപോയ ആൾക്ക് സ്ഥിര വസതി ഇല്ലാതിരുന്ന ജില്ലയിലെ ജഡ്ജിക്ക് കൊടുക്കുന്ന അപേക്ഷയുടെ തീർപ്പ്.—അപേക്ഷ കൊടുക്കുന്നത് മരിച്ചുപോയ ആൾക്ക്, അയാളുടെ മരണസമയത്ത് സ്ഥിരം വസതി ഇല്ലാതിരുന്ന ഒരു ജില്ലയിലെ ജഡ്ജിക്ക് ആകുമ്പോൾ, ജില്ലാ ജഡ്ജിയുടെ അഭിപ്രായത്തിൽ, അത് കൂടുതൽ നീതിപൂർവ്വകമായോ സുകരമായോ മറെറാരു ജില്ലയിൽ തീർപ്പാക്കാൻ കഴിയുന്നതാണെങ്കിൽ നിരസിക്കുന്നതോ അല്ലെങ്കിൽ അപേക്ഷ അഡ്മിനിസ്ട്രേഷൻ പത്രത്തിലുള്ളതായിരിക്കുന്നിടത്ത്, അത് പൂർണ്ണാവകാശത്തോടേയോ തൻെറ സ്വന്തം അധികാരിതക്കുള്ളിലുള്ള വസ്തുവിന് മാത്രമായി പരിമിതിപ്പെടുത്തിക്കൊണ്ടോ അനുദാനം ചെയ്യുന്നതോ ജില്ലാ ജഡ്ജി സ്വവിവേകം ഉപയോഗിച്ച് ചെയ്യാവുന്ന ഒന്നായിരിക്കുന്നതാണ്.

272. പ്രൊബേററും അഡ്മിനിസ്ട്രേഷൻ പത്രവും ഡെലിഗേററിനാൽ അനുദാനം ചെയ്യപ്പെടാമെന്ന്.—പ്രൊബേററും, അഡ്മിനിസ്ട്രേഷൻ പത്രവും, അതിനുവേണ്ടിയുള്ള അപേക്ഷ ഏതെങ്കിലും ജില്ലാ ഡെലിഗേററിന് കൊടുക്കുന്നതിൻമേൽ, തർക്കമില്ലാത്ത ഏതെങ്കിലും കേസ്സിൽ ഇതിൽ ഇതിനുശേഷം വ്യവസ്ഥ ചെയ്യുന്നതുപോലെ സത്യബോധപ്പെടുത്തിക്കൊടുക്കുന്ന ഒരു ഹർജിവഴി, അതതു സംഗതിപോലെ, മരണശാസന കർത്താവിനോ മരണശാസനം കൂടാതെ മരിച്ച ആൾക്കോ അയാളുടെ മരണസമയത്ത് ആ ഡെലിഗേററിൻെറ അധികാരിതയ്ക്കുള്ളിൽ ഒരു സ്ഥിരം വാസ സ്ഥലം ഉണ്ടായിരുന്നുവെന്ന് കാണപ്പെടുന്നുവെങ്കിൽ, ആ ഡെലിഗേററിനാൽ അനുദാനം ചെയ്യപ്പെടാവുന്നതാണ്.

273. പ്രൊബേററിൻേറയും അഡ്മിനിസ്ട്രേഷൻ പത്രത്തിൻേറയും നിശ്ചായകത.—പ്രൊബേററിനോ, അഡ്മിനിസ്ട്രേഷൻ പത്രത്തിനോ, അത് ഏത് സ്റേററിലാണോ അനുദാനം ചെയ്യപ്പെടുന്നത്, ആ സ്റേററിൽ എല്ലായിടത്തുമുള്ള മരിച്ചുപോയ ആളുടെ സ്ഥാവരമോ, ജംഗമമോ ആയ എല്ലാ വസ്തുവിൻേറയും എസ്റേററിൻേറയും മേൽ പ്രഭാവമുണ്ടായിരിക്കുന്നതും, പ്രാതിനിദ്ധ്യാത്മക ഉടമാവകാശം സംബന്ധിച്ച് മരിച്ചുപോയ ആളുടെ എല്ലാ അധമർണ്ണൻമാർക്കും അയാൾക്ക് അവകാശപ്പെട്ട വസ്തു വച്ചുപോരുന്ന എല്ലാ ആളുകൾക്കും എതിരായി നിശ്ചായകമായിരിക്കുന്നതും, അങ്ങനെയുള്ള പ്രൊബേറേറാ അഡ്മിനിസ്ട്രേഷൻ പത്രമോ അനുദാനം ചെയ്യപ്പെട്ടിട്ടുള്ള ആൾക്ക് കടം തിരിയെ കൊടുക്കുന്ന എല്ലാ അധമർണ്ണൻമാർക്കും അങ്ങനെയുള്ള വസ്തു വിട്ടുകൊടുക്കുന്ന എല്ലാ ആളുകൾക്കും പൂർണ്ണമായ നഷ്ടോത്തരവാദം നല്കുന്നതും ആകുന്നു.

എന്നാൽ, ഏതു പ്രൊബേററുകളോ അഡ്മിനിസ്ട്രേഷൻ പത്രങ്ങളോ ആണ്,—

(ക) ഒരു ഹൈക്കോടതിയോ,

(ഖ) മരിച്ചുപോയ ആറാക്ക്, അയാളുടെ മരണസമയത്ത് ഒരു ജില്ലാ ജഡ്ജിയുടെ അധികാരിതയ്ക്കുള്ളിൽ ഒരു സ്ഥിരം വാസ സ്ഥലം ഉണ്ടായിരിക്കുകയും, ആ സ്റേററിൻെറ അതിർത്തികരക്കു വെളിയിൽ ബാധിക്കപ്പെടുന്ന വസ്തുവിൻേറയും എസ്റേററിൻേറയും മൂല്യം പതിനായിരം രൂപയിൽ കവിയുന്നില്ലെന്ന് അങ്ങനെയുള്ള ജഡ്ജി സർട്ടിഫൈ ചെയ്യുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള ജഡ്ജിയോ,

അനുദാനം ചെയ്യുന്നത്, അങ്ങനെയുള്ള പ്രൊബേററുകരക്കോ അഡ്മിനിസ്ട്രേഷൻ പത്രങ്ങരക്കോ ആ അനുദാനം മററുവിധത്തിൽ നിദേശിക്കാത്തപക്ഷം, മററു സ്റേററുകളിൽ എല്ലായിടത്തും സദൃശമായ പ്രഭാവമുണ്ടായിരിക്കുന്നതാണ്.

ഈ വകുപ്പിലെ പരിമിതി വ്യവസ്ഥ, ബർമ്മയും ഏഡനും ഇൻഡ്യയിൽ നിന്ന് വേർപെട്ടതിനുശേഷം, ഇൻഡ്യയിൽ വേർപാട് തീയതിക്കു മുൻപോ അല്ലെങ്കിൽ ആ തീയതി നിലവിലുണ്ടായിരുന്ന നടപടികളിൽ ആ തീയതിക്കു ശേഷമോ ബർമ്മയിലും ഏഡനിലും അനുദാനം ചെയ്ത പ്രൊബേററുകരക്കും അഡ്മിനിസ്ട്രേഷൻ പത്രങ്ങരക്കും ബാധകമായിരിക്കുന്നതുമാണ്.

പരിമിതിവ്യവസ്ഥ പാകിസ്ഥാൻ ഇൻഡ്യയിൽനിന്ന് വേർപെട്ടതിനു ശേഷം, ഇൻഡ്യയിൽ വേർപാട് തീയതിക്കുമുമ്പോ അല്ലെങ്കിൽ ആ തീയതി നിലവിലുണ്ടായിരുന്ന നടപടികളിൽ ആ തീയതിക്കുശേഷമോ ആ തീയതി പാകിസ്ഥാൻ ആയിരുന്ന രാജ്യക്ഷേത്രങ്ങളിൽ ഏതിലെങ്കിലും അനുദാനം ചെയ്ത പ്രൊബേററുകരക്കും അഡ്മിനിസ്ട്രേഷൻ പത്രങ്ങരക്കും കൂടി ബാധകമായിരിക്കുന്നതാണ്.

274. 273-ാം വകുപ്പിലെ പരിമിതിവ്യവസ്ഥയിൻകീഴിലെ അനുദാനങ്ങളുടെ സർട്ടിഫിക്കററ് ഹൈക്കോടതികളിലേയ്ക്ക് അയച്ചുകൊടുക്കുന്നത്.—(1) ഒരു ഹൈക്കോടതിയോ ജില്ലാ ജഡ്ജിയോ 273-ാം വകുപ്പിലെ പരിമിതി വ്യവസ്ഥയിൽ പരാമർശിച്ച പ്രഭാവത്തോടുകൂടി പ്രൊബേററോ അഡ്മിനിസ്ട്രേഷൻ പത്രമോ അനുദാനം ചെയ്തിട്ടുള്ളിടത്ത്, ഹൈക്കോടതിയോ ജില്ലാ ജഡ്ജിയോ അതിൻെറ ഒരു സർട്ടിഫിക്കററ് താഴെ പറയുന്ന കോടതികളിലേക്ക് അതായത്,—

(ക) അനുദാനം ചെയ്തിട്ടുള്ളത് ഒരു ഹൈക്കോടതിയാണെങ്കിൽ, മററുള്ള ഓരോ ഹൈക്കോടതിയിലേയ്ക്കും,

(ഖ) അനുദാനം ചെയ്തിട്ടുള്ളത് ഒരു ജില്ലാ ജഡ്ജിയാണെങ്കിൽ, ആ ജില്ലാ ജഡ്ജി ഏതു ഹൈക്കോടതിയുടെ കീഴിലാണോ ആ ഹൈക്കോടതിക്കും മററുള്ള ഓരോ ഹൈക്കോടതിക്കും,

അയച്ചുകൊടുക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ച ഏതൊരു സർട്ടിഫിക്കററും, പരിതഃസ്ഥിതികരം അനുവദിക്കുന്നതിൻെറ അടുത്തുവരുന്നിടത്തോളം പട്ടിക IV-ൽ കൊടുത്ത ഫാറത്തിൽ ആയിരിക്കേണ്ടതും അങ്ങനെയുള്ള സർട്ടിഫിക്കററ് കിട്ടുന്ന ഹൈക്കോടതി, അത് ഫയൽ ചെയ്യേണ്ടതും ആകുന്നു.

(3) ഇതിൽ ഇതിനുശേഷം 276-ം, 278-ം വകുപ്പുകളിൽ വ്യവസ്ഥ ചെയ്ത പ്രകാരം, ഹർജിക്കാരൻ ആസ്തികളുടെ ഏതെങ്കിലും ഭാഗം, മറെറാരു സ്റേററിലെ ഒരു ജില്ലാ ജഡ്ജിയുടെ അധികാരിതയിൻകീഴിൽ സ്ഥിതി

ചെയ്യുന്നതായി പ്രസ്താവിക്കുന്നതായാൽ, (1)-ാം ഉപവകുപ്പിൽ പരാമർശിച്ച സർട്ടിഫിക്കററ്, അയച്ചുകൊടുക്കേണ്ട കോടതി അതിന്റെ ഒരു പകർപ്പ് അങ്ങനെയുള്ള ജില്ലാ ജഡ്ജിക്ക് അയച്ചുകൊടുക്കേണ്ടതും, അങ്ങനെയുള്ള പകർപ്പ് കിട്ടുന്ന ജില്ലാ ജഡ്ജി അത് ഫയൽ ചെയ്യേണ്ടതും ആകുന്നു.

275. പ്രൊബേററിനോ അഡ്മിനിസ്ട്രേഷൻ പത്രത്തിനോ ഉള്ള അപേക്ഷ ശരിയായ വിധം കൊടുത്തിട്ടുള്ളതും സത്യബോധപ്പെടുത്തിയിട്ടുള്ളതുമാണെങ്കിൽ അതിന്റെ നിശ്ചായകത.—പ്രൊബേററിനോ അഡ്മിനിസ്ട്രേഷൻ പത്രത്തിനോ ഉള്ള അപേക്ഷ, ഇതിൽ ഇതിനുശേഷം വ്യവസ്ഥചെയ്ത രീതിയിൽ കൊടുക്കുകയും സത്യബോധപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണെങ്കിൽ, അത് പ്രൊബേററിന്റേയോ അഡ്മിനിസ്ട്രേഷൻ പത്രത്തിന്റേയോ അനുദാനത്തിന് പ്രാധികാരം നല്കുന്ന ആവശ്യത്തിന് നിശ്ചായകമായിരിക്കുന്നതും, അങ്ങനെയുള്ള യാതൊരു അനുദാനവും മരണശാസന കർത്താവിനോ മരണശാസനം കൂടാതെ മരിച്ച ആളുക്കോ, അയാളുടെ മരണ സമയത്ത് ആ ജില്ലയ്ക്കുള്ളിൽ സ്ഥിരം വാസസ്ഥലമോ വസ്തുവോ ഉണ്ടായിരുന്നില്ലെന്ന കാരണത്താൽ മാത്രം കോടതിക്കു നേരെയുള്ള ഒരു വഞ്ചനയാൽ നേടിയതാണെങ്കിൽ, അനുദാനം പിൻവലിക്കാനുള്ള ഒരു നടപടിയാലല്ലാത്തപക്ഷം ചോദ്യം ചെയ്യപ്പെടാൻ പാടുള്ളതല്ല.

276. പ്രൊബേററിനുള്ള ഹർജി.—(1) പ്രൊബേററിനോ, മരണശാസനാനുബദ്ധമായ അഡ്മിനിസ്ട്രേഷൻ പത്രത്തിനോ ഉള്ള അപേക്ഷ മരണശാസനമോ 237, 238, 239 എന്നീ വകുപ്പുകളിൽ പറഞ്ഞ സംഗതികളിൽ അതിന്റെ പകർപ്പോ കരടോ ഉള്ളടക്കത്തിന്റെ സ്റേററ്മെന്റോ അനുബദ്ധമാക്കിക്കൊണ്ടും,

(ക) മരണശാസനകർത്താവിന്റെ മരണസമയവും,

(ഖ) അനുബദ്ധമാക്കിയിട്ടുള്ള ലിഖിതം അയാളുടെ അവസാനത്തെ മരണശാസനവും ഒസ്യത്തും ആണെന്നുള്ളതും,

(ഗ) അത് യഥാവിധി ഒപ്പിട്ട് പൂർത്തീകരിച്ചു എന്നുള്ളതും,

(ഘ) ഹർജിക്കാരന്റെ കയ്യിൽ വരാനിടയുള്ള ആസ്തികളുടെ തുകയും,

(ങ) അപേക്ഷ പ്രൊബേററിനുള്ളതാകുമ്പോൾ ഹർജിക്കാരൻ മരണശാസനത്തിൽ പേർ പറഞ്ഞിട്ടുള്ള എക്സിക്യൂട്ടർ ആണെന്നുള്ളതും, പ്രസ്താവിച്ചുകൊണ്ടും, ഇംഗ്ലീഷിലോ അല്ലെങ്കിൽ ഏതു കോടതിയിലാണോ അപേക്ഷ കൊടുക്കുന്നത് ആ കോടതി മുമ്പാകെയുള്ള നടപടികളിൽ സാധാരണമായ ഉപയോഗത്തിലുള്ള ഭാഷയിലോ വ്യക്തമായി എഴുതിയിട്ടുള്ള ഒരു ഹർജി മുഖേന കൊടുക്കേണ്ടതാകുന്നു.

(2) ഈ വിവരങ്ങൾക്കു പുറമെ, ഹർജി—

(ക) അപേക്ഷ ജില്ലാ ജഡ്ജിക്കാണെങ്കിൽ, മരിച്ചുപോയ ആൾക്ക് അയാളുടെ മരണ സമയത്ത് ജില്ലാ ജഡ്ജിയുടെ അധികാരിതയ്ക്കുള്ളിൽ സ്ഥിതിചെയ്യുന്ന ഒരു സ്ഥിരം വാസസ്ഥലമോ വസ്തുവോ ഉണ്ടായിരുന്നുവെന്നും,

(ഖ) അപേക്ഷ ജില്ലാ ഡെലിഗേററിനാണെങ്കിൽ, ആ ഡെലിഗേററിന്റെ അധികാരിതയ്ക്കുള്ളിൽ, മരിച്ചുപോയ ആൾക്ക്, അയാളുടെ മരണസമയത്ത് ഒരു സ്ഥിരം വാസസ്ഥലമുണ്ടായിരുന്നുവെന്നും,

കൂടി പ്രസ്താവിക്കേണ്ടതാകുന്നു.

(3) അപേക്ഷ ജില്ലാജഡ്ജിക്കായിരിക്കുകയും ഹർജിക്കാരന്റെ കൈയിൽ വരാനിടയുള്ള ആസ്തികളുടെ ഏതെങ്കിലും ഭാഗം, മറ്റൊരു സ്റ്റേറ്റിൽ സ്ഥിതിചെയ്യുകയും ചെയ്യുമ്പോൾ, ഹർജി ഓരോ സ്റ്റേറ്റിലേയും അങ്ങനെയുള്ള ആസ്തികളുടെ തുകയും, ഏതെല്ലാം ജില്ലാ ജഡ്ജികളുടെ അധികാരിതയ്ക്കുള്ളിലാണോ ആ ആസ്തികൾ സ്ഥിതിചെയ്യുന്നത് എന്നുള്ളതുംകൂടി പ്രസ്താവിക്കേണ്ടതാകുന്നു.

277. ഏതെല്ലാം സംഗതികളിലാണ് മരണശാസനത്തിന്റെ തർജ്ജമ ഹർജിയോട് അനുബദ്ധമാക്കേണ്ടതെന്ന്. കോടതിത്തർജ്ജമക്കാരനല്ലാത്ത ആളുടേതായ തർജ്ജമയുടെ സത്യബോധപ്പെടുത്തൽ.—മരണശാസനമോ പകർപ്പോ കരടോ ഇംഗ്ലീഷിലോ കോടതിയുടെ മുമ്പാകെയുള്ള നടപടിയിൽ സാധാരണമായി ഉപയോഗത്തിലുള്ള ഭാഷയോ അല്ലാത്ത ഏതെങ്കിലും ഭാഷയിൽ എഴുതിയിട്ടുള്ള സംഗതികളിൽ, ഹർജിയോട് അനുബദ്ധമാക്കിക്കൊണ്ട്, ആ ഭാഷ, അതിന് ഒരു തർജ്ജമക്കാരനെ നിയമിച്ചിട്ടുള്ള ഒന്നാണെങ്കിൽ, കോടതിത്തർജ്ജമക്കാരന്റേതായ, അതിന്റെ ഒരു തർജ്ജമ ഉണ്ടായിരിക്കേണ്ടതും, അല്ലെങ്കിൽ മരണശാസനമോ പകർപ്പോ കരടോ മറ്റേതെങ്കിലും ഭാഷയിലാണെങ്കിൽ, അത് തർജ്ജമ ചെയ്യാൻ ക്ഷമതയുള്ള ഏതെങ്കിലും ആളുടേതായ അതിന്റെ ഒരു തർജ്ജമ ഉണ്ടായിരിക്കേണ്ടതും ആ സംഗതിയിൽ അയാൾ അങ്ങനെയുള്ള തർജ്ജമ, താഴെപ്പറയുന്ന രീതിയിൽ അതായത്—

"അസ്സലിന്റെ ഭാഷയും ലിപിയും ഞാൻ വായിക്കുകയും പൂർണ്ണമായി മനസ്സിലാക്കുകയും ചെയ്യുന്നുവെന്നും മേൽ കാണുന്നത് അതിന്റെ സത്യമായതും കൃത്യമായതും ആയ തർജ്ജമ ആണെന്നും ക. ഖ ആയ ഞാൻ പ്രഖ്യാപിക്കുന്നു" എന്ന് സത്യബോധപ്പെടുത്തിയിരിക്കേണ്ടതും ആകുന്നു.

278. അഡ്മിനിസ്ട്രേഷൻ പത്രത്തിനുള്ള ഹർജി.—(1) അഡ്മിനിസ്ട്രേഷൻ പത്രത്തിനുള്ള അപേക്ഷ മുൻപറഞ്ഞതുപോലെ വ്യക്തമായി എഴുതിയിട്ടുള്ളതും—

(ക) മരിച്ചുപോയ ആളുടെ മരണത്തിന്റെ സമയവും സ്ഥലവും;

(ഖ) മരിച്ചുപോയ ആളുടെ കുടുംബവും അല്ലെങ്കിൽ മററു ചാർച്ചക്കാരും, അവരുടെ താമസസ്ഥലങ്ങളും;

(ഗ) ഏത് അവകാശത്തിലാണ് ഹർജിക്കാരൻ തേർച്ച ചെയ്യുന്നതെന്നതും;

(ഘ) ഹർജിക്കാരന്റെ കൈയിൽ വരാനിടയുള്ള ആസ്തികളുടെ തുകയും;

(ങ) അപേക്ഷ ജില്ലാ ജഡ്ജിക്കാണെങ്കിൽ, മരിച്ചുപോയ ആൾക്ക്, അയാളുടെ മരണസമയത്ത് ജില്ലാ ജഡ്ജിയുടെ അധികാരിതയ്ക്കുള്ളിൽ സ്ഥിതിചെയ്യുന്ന ഒരു സ്ഥിരം വാസസ്ഥലമോ വസ്തുവോ ഉണ്ടായിരുന്നു എന്നതും;

(ച) അപേക്ഷ, ജില്ലാഡെലിഗേററിനാണെങ്കിൽ ആ ഡെലിഗേററിന്റെ അധികാരിതയ്ക്കുള്ളിൽ, മരിച്ചുപോയ ആൾക്ക്. അയാളുടെ മരണസമയത്ത് ഒരു സ്ഥിരം വാസസ്ഥലം ഉണ്ടായിരുന്നു എന്നതും

പ്രസ്താവിച്ചുകൊണ്ടുള്ളതുമായ ഹർജിമുഖേന കൊടുക്കേണ്ടതാകുന്നു.

(2) അപേക്ഷ, ജില്ലാ ജഡ്ജിയായിരിക്കുകയും, ഹർജിക്കാരന്റെ കൈയിൽ വരാനിടയുള്ള ആസ്തികളുടെ ഏതെങ്കിലും ഭാഗം, മറ്റൊരു സ്റ്റേറ്റിൽ സ്ഥിതിചെയ്യുകയും ചെയ്യുമ്പോൾ ഹർജി ഓരോ

സ്റേററിലേയും അങ്ങനെയുള്ള ആസ്തികളുടെ തുകയും ഏതെല്ലാം ജില്ലാ ജഡ്ജിയുടെ അധികാരിതയ്ക്കുള്ളിലാണോ ആ ആസ്തികൾ സ്ഥിതി ചെയ്യുന്നതെന്നുള്ളതുംകൂടി പ്രസ്താവിക്കേണ്ടതാകുന്നു.

279. ചില സംഗതികളിൽ പ്രൊബേററിനോ അഡ്മിനിസ്ട്രേഷൻ പത്രത്തിനോ ഉള്ള ഹർജി മുതലായവയിലെ പ്രസ്താവനയിൽ കൂട്ടിച്ചേർക്കൽ.—(1) ഒരു മരണശാസനത്തിൻെറ, ഇൻഡ്യയിൽ എല്ലായിടത്തും പ്രഭാവം ഉണ്ടായിരിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള പ്രൊബേററിനോ, ഒരു എസ്റേററിൻെറ, അങ്ങനെ ഉദ്ദേശിച്ചുകൊണ്ടുള്ള അഡ്മിനിസ്ട്രേഷൻ പത്രത്തിനോ 273-ാം വകുപ്പിലെ പരിമിതിവ്യവസ്ഥയിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും കോടതിയിലേയ്ക്ക് അപേക്ഷിക്കുന്ന ഏതൊരാളും തൻെറ ഹർജിയിൽ യഥാക്രമം 276-ം, 278-ം വകുപ്പുകൾ ആവശ്യപ്പെടുന്ന സംഗതികൾക്ക് പുറമെ തൻെറ ഉത്തമ വിശ്വാസത്തിൽപ്പെട്ടിടത്തോളം അതേ മരണശാസനത്തിൻെറ മുൻപറഞ്ഞതുപോലെ പ്രഭാവം ഉണ്ടായിരിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള പ്രൊബേററിനോ, അതേ എസ്റേററിൻെറ അങ്ങനെ ഉദ്ദേശിച്ചുകൊണ്ടുള്ള അഡ്മിനിസ്ട്രേഷൻ പത്രത്തിനോ മറേറതെങ്കിലും കോടതിയിലേയ്ക്ക് യാതൊരു അപേക്ഷയും കൊടുത്തിട്ടില്ലെന്ന്;

അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും അപേക്ഷ കൊടുത്തിട്ടുണ്ടെങ്കിൽ, അത് ഏതു കോടതിയിലേയ്ക്കാണ് കൊടുത്തതെന്നും, ഏത് ആളോ, ആളുകളോ ആണ് അത് കൊടുത്തതെന്നും, അതിൻമേൽ എന്ത് നടപടികളാണ് (വല്ലതുമുണ്ടെങ്കിൽ) ഉണ്ടായതെന്നും,

പ്രസ്താവിക്കേണ്ടതാകുന്നു.

(2) ഏതു കോടതിയിലാണോ 273-ാം വകുപ്പിലെ പരിമിതിവ്യവസ്ഥയിൻകീഴിൽ, അങ്ങനെയുള്ള ഏതെങ്കിലും അപേക്ഷ കൊടുത്തിട്ടുള്ളത്, ആ കോടതിക്ക്, യുക്തമെന്നു തോന്നുന്നുവെങ്കിൽ, അത് തള്ളിക്കളയാവുന്നതാണ്.

280. പ്രൊബേററ് മുതലായവയ്ക്കുള്ള ഹർജി ഒപ്പിടുകയും സത്യബോധപ്പെടുത്തുകയും ചെയ്യണമെന്ന്.—പ്രൊബേററിനോ, അഡ്മിനിസ്ട്രേഷൻ പത്രത്തിനോ ഉള്ള ഹർജിയിൽ, എല്ലാ സംഗതികളിലും, ഹർജിക്കാരനും അയാൾക്ക് പ്ലീഡറുണ്ടെങ്കിൽ, പ്ലീഡറും ഒപ്പുവയ്ക്കുകയും, ഹർജിക്കാരൻ അത് താഴെ പറയുന്ന രീതിയിൽ, അതായത്.—

"മുകളിലെ ഹർജിയിലെ ഹർജിക്കാരനായ (ക, ഖ) എന്ന ഞാൻ, അതിൽ പ്രസ്താവിച്ചിട്ടുള്ളത് എൻെറ ഉത്തമമായ അറിവിലും വിശ്വാസത്തിലുംപെട്ടിടത്തോളം സത്യമാണെന്ന് പ്രഖ്യാപിക്കുന്നു".

എന്നു സത്യബോധപ്പെടുത്തുകയും ചെയ്യേണ്ടതാകുന്നു.

281. പ്രൊബേററിനുള്ള ഹർജി മരണശാസനത്തിലെ ഒരു സാക്ഷി സത്യബോധപ്പെടുത്തുന്നത്.—അപേക്ഷിക്കുന്നത് പ്രൊബേററിനായിരിക്കുന്നിടത്ത് ഹർജി, മരണശാസനത്തിൻെറ സാക്ഷികളിൽ ഒരാളെങ്കിലും താഴെ പറയുന്ന രീതിയിലോ അർത്ഥംവരുന്ന വിധത്തിലോ, അതായത്:—

"മുകളിലെ ഹർജിയിൽ പ്രസ്താവിച്ചിട്ടുള്ള, മരണശാസനകർത്താവിൻെറ അവസാനത്തെ മരണശാസനമായ ഒസ്യത്തിൻെറ സാക്ഷികളിൽ ഒരാളായ (ഗ, ഘ) എന്ന ഞാൻ സന്നിഹിതനായിരുന്നുവെന്നും മുൻപറഞ്ഞ മരണശാസനകർത്താവ് അതിൽ അയാളുടെ ഒപ്പ് (അല്ലെങ്കിൽ അടയാളം) വയ്ക്കുന്നതു കണ്ടു എന്നും

(അല്ലെങ്കിൽ മുകളിലെ ഹർജിയോട് അനുബന്ധിച്ചിട്ടുള്ള ലിഖിതം തൻെറ അവസാനത്തെ മരണശാസനമായ ഒസ്യത്താണെന്ന് എൻെറ സാന്നിദ്ധ്യത്തിൽ മുൻപറഞ്ഞ മരണശാസനകർത്താവ് സമ്മതിച്ചു എന്ന്) എന്ന് സത്യബോധപ്പെടുത്തേണ്ടതും ആകുന്നു.

282. ഹർജിയിലോ പ്രഖ്യാപനത്തിലോ ഉള്ള വ്യാജപ്രസ്താവനയ്ക്കുള്ള ശിക്ഷ.—സത്യബോധപ്പെടുത്തേണ്ടതാണെന്ന് ഇതിനാൽ ആവശ്യപ്പെടുന്ന ഏതെങ്കിലും ഹർജിയിലോ പ്രഖ്യാപനത്തിലോ, വ്യാജമാണെന്ന് സത്യബോധപ്പെടുത്തുന്നയാഠം അറിയുന്നതോ വിശ്വസിക്കുന്നതോ ആയ ഏതെങ്കിലും പ്രസ്താവന അടങ്ങുന്നുവെങ്കിൽ, അങ്ങനെയുള്ള ആഠം ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) 193-ാം വകുപ്പിൻകീഴിൽ കുററം ചെയ്തിട്ടുള്ളതായി കരുതപ്പെടുന്നതാകുന്നു.

283. ജില്ലാ ജഡ്ജിയുടെ അധികാരങ്ങഠം.—(1) എല്ലാ കേസ്സുകളിലും ജില്ലാ ജഡ്ജിക്കോ, ജില്ലാ ഡെലിഗേററിനോ, ഉചിതമെന്നുതോന്നുന്നുവെങ്കിൽ,—

(ക) ഹർജിക്കാരനെ നേരിട്ടു ശപഥത്തിൻമേൽ വിസ്തരിക്കുകയോ;

(ഖ) അതതു സംഗതിപോലെ, മരണശാസനത്തിൻെറ യഥാവിധി ഒപ്പിട്ടു പൂർത്തീകരിക്കലിൻേറയോ അഡ്മിനിസ്ട്രേഷൻ പത്രത്തിനുള്ള ഹർജിക്കാരൻെറ അവകാശത്തിൻേറയോ കൂടുതലായ തെളിവ് ആവശ്യപ്പെടുകയോ;

(ഗ) പ്രൊബേററോ അഡ്മിനിസ്ട്രേഷൻ പത്രമോ അനുദാനം ചെയ്യുന്നതിനുമുൻപ് മരിച്ചുപോയ ആളുടെ എസ്റേറററിൽ ഏതെങ്കിലും അവകാശമുള്ളവരാണെന്ന് അവകാശപ്പെടുന്ന എല്ലാ ആളുകളോടും, വരുകയും നടപടികഠം കാണുകയും ചെയ്യാൻ ആവശ്യപ്പെടുന്ന സൈറേറഷനുകഠം പുറപ്പെടുവിക്കുകയോ,

ചെയ്യാവുന്നതാണ്.

(2) സൈറേറഷൻ, കോടതി കെട്ടിടത്തിലെ ശ്രദ്ധയാകർഷിക്കുന്ന വല്ല ഭാഗത്തും, കൂടാതെ, ജില്ലയിലെ കളക്ടറുടെ ആഫീസിലും പതിക്കേണ്ടതും, അതു പുറപ്പെടുവിക്കുന്ന ജഡ്ജിയോ ജില്ലാ ഡെലിഗേററോ നിദേശിക്കുന്ന രീതിയിൽ മററുവിധത്തിൽ പ്രസിദ്ധപ്പെടുത്തുകയോ അറിയിക്കുകയോ ചെയ്യേണ്ടതും ആകുന്നു.

(3) ആസ്തികളുടെ ഏതെങ്കിലും ഭാഗം മറെറാരു സ്റേററിലെ ജില്ലാ ജഡ്ജിയുടെ അധികാരിതയ്ക്കുള്ളിൽ സ്ഥിതിചെയ്യുന്നതാണെന്ന് ഹർജിക്കാരൻ പ്രസ്താവിച്ചിട്ടുള്ളിടത്ത്, സൈറേറഷൻ പുറപ്പെടുവിക്കുന്ന ജില്ലാ ജഡ്ജി അതിൻെറ ഒരു പകർപ്പ് അങ്ങനെയുള്ള മറേറ ജില്ലാ ജഡ്ജിക്ക് അയപ്പിക്കേണ്ടതും, ആ മറേറ ജില്ലാ ജഡ്ജി അതു താൻ പുറപ്പെടുവിച്ച സൈറേറഷൻ ആയിരുന്നാലെന്നപോലെയുള്ള അതേ രീതിയിൽ പ്രസിദ്ധപ്പെടുത്തുകയും, അങ്ങനെ പ്രസിദ്ധപ്പെടുത്തിയത്, സൈറേറഷൻ പുറപ്പെടുവിച്ച ജില്ലാ ജഡ്ജിക്ക് സർട്ടിഫൈ ചെയ്തു കൊടുക്കേണ്ടതും ആകുന്നു.

284. പ്രൊബേററിൻേറയോ അഡ്മിനിസ്ട്രേഷൻ പത്രത്തിൻേറയോ അനുദാനത്തിന് എതിരായ കാവിയററുകഠം.—(1) പ്രൊബേററിൻേറയോ അഡ്മിനിസ്ട്രേഷൻ പത്രത്തിൻേറയോ അനുദാനത്തിന് എതിരായ കാവിയററുകഠം ജില്ലാ ജഡ്ജി വശമോ ജില്ലാഡെലിഗേററ് വശമോ കൊടുക്കാവുന്നതാണ

(2) ഏതെങ്കിലും കാവിയററ്, ഏതെങ്കിലും ജില്ലാ ഡെലിഗേററ് വശം കൊടുത്ത ഉടൻ അദ്ദേഹം അതിൻെറ പകർപ്പ് ജില്ലാ ജഡ്ജിക്ക് അയച്ചുകൊടുക്കേണ്ടതാകുന്നു.

(3) ഒരു കാവിയററ് ജില്ലാ ജഡ്ജിസമക്ഷം വയ്ക്കപ്പെട്ട ഉടൻ അതിൻെറ ഒരു പകർപ്പ്, ഏത് ജില്ലാ ഡെലിഗേററിൻെറ അധികാരിതയ്ക്കുള്ളിലാണോ, മരിച്ചുപോയ ആരംക്കു അയാളുടെ മരണസമയത്ത് ഒരു സ്ഥിരം വാസസ്ഥലം ഉണ്ടായിരുന്നതായി പറയപ്പെടുന്നത്, അങ്ങനെയുള്ള ജില്ലാ ഡെലിഗേററ് ആരെങ്കിലുമുണ്ടെങ്കിൽ, അദ്ദേഹത്തിനും അതയച്ചുകൊടുക്കുന്നത് സമീചീനമാണെന്ന് ജില്ലാ ജഡ്ജിക്ക്തോന്നുന്ന മറേറതെങ്കിലും ജഡ്ജിക്കും, അല്ലെങ്കിൽ ജില്ലാ ഡെലിഗേററിനും നല്കേണ്ടതാകുന്നു.

(4) കാവിയററിൻെറ ഫാറം.—കാവിയററ്, പരിതഃസ്ഥിതികരം അനുവദിക്കുന്നതിനടുത്തുവരാവുന്നിടത്തോളം, V-ാംപട്ടികയിൽ കൊടുത്ത ഫാറത്തിൽ ആയിരിക്കേണ്ടതാണ്.

285. കാവിയററ്, സമക്ഷത്തിൽ വയ്ക്കപ്പെട്ടതിനുശേഷം, കാവിയററുകാരൻ നോട്ടീസ്നല്കിക്കഴിയുന്നതുവരെ ഹർജിയിൻമേൽ യാതൊരുനടപടിയും എടുക്കുന്നതല്ലെന്ന്.—പ്രൊബേററിനോ അഡ്മിനിസ്ട്രേഷൻ പത്രത്തിനോ ഉള്ള ഒരു ഹർജിയിൻമേൽ, തൻെറ അനുദാനത്തിന് എതിരായുള്ള ഒരു കാവിയററ്, ഏതു ജഡ്ജിക്കോ ജില്ലാ ഡെലിഗേററിനോ ആണ് അപേക്ഷ കൊടുക്കുകയോ അല്ലെങ്കിൽ അത് മററൊരു ഡെലിഗേററിൻെറ സമക്ഷം വയ്ക്കപ്പെട്ടതായി നോട്ടീസ് കൊടുക്കുകയോ ചെയ്തിട്ടുള്ളത്, ആ ജഡ്ജിയുടേയോ ഡെലിഗേററിൻേറയോ സമക്ഷം വയ്ക്കപ്പെട്ടതിനുശേഷം യാതൊരു നടപടിയും ആ കാവിയററ് സമക്ഷത്തിൽ വച്ചിട്ടുള്ള ആരംക്ക് ന്യായമെന്നു കോടതിക്കു തോന്നുന്ന നോട്ടീസ് കൊടുത്തു കഴിയുന്നതുവരെ എടുക്കാൻ പാടുള്ളതല്ല.

286. ജില്ലാ ഡെലിഗേററ് പ്രൊബേററോ അഡ്മിനിസ്ട്രേഷൻ പത്രമോ അനുദാനം ചെയ്യാൻപാടില്ലാത്തത് എപ്പോഴെന്ന്. – പ്രൊബേററോ അഡ്മിനിസ്ട്രേഷൻപത്രമോ അനുദാനം ചെയ്യുന്നതു സംബന്ധിച്ച് തർക്കമുള്ള ഏതെങ്കിലും സംഗതിയിലോ, അല്ലെങ്കിൽ തൻെറ കോടതിയിൽ പ്രൊബേററോ അഡ്മിനിസ്ട്രേഷൻപത്രമോ അനുദാനം ചെയ്യാൻ പാടുള്ളതല്ലെന്ന് തനിക്ക് തോന്നുന്ന സംഗതിയിലോ, ജില്ലാ ഡെലിഗേററിന് ആ അനുദാനം ചെയ്യാൻ പാടുള്ളതല്ല.

വിശദീകരണം.—'തർക്ക'ത്തിനു നടപടിയെ എതിർക്കുന്നതിന് ഏതെങ്കിലും ആരം നേരിട്ടോ തൻെറ അംഗീകൃത ഏജൻറ് മുഖാന്തരമോ തനിക്കുവേണ്ടി പ്രവർത്തിക്കാൻ യഥാവിധി നിയമിക്കപ്പെട്ട പ്ലീഡർ മുഖാന്തരമോ ഹാജരാകുന്നത്, എന്ന് അർത്ഥമാകുന്നു.

287. തർക്കമില്ലാത്തിടത്ത് സംശയമുള്ള സംഗതികളിൽ സ്റേററ്മെൻറ് ജില്ലാ ജഡ്ജിക്ക് അയച്ചുകൊടുക്കുവാനുള്ള അധികാരം.—തർക്കമില്ലാതിരിക്കുകയും എന്നാൽ പ്രൊബേററോ, അഡ്മിനിസ്ട്രേഷൻപത്രമോ അനുദാനം ചെയ്യേണ്ടതാണോ അല്ലയോ എന്ന് സംശയമുള്ളതായി ജില്ലാ ഡെലിഗേററിന് തോന്നുകയും ചെയ്യുന്ന ഏതൊരു സംഗതിയിലും, അല്ലെങ്കിൽ പ്രൊബേററിൻേറയോ അഡ്മിനിസ്ട്രേഷൻപത്രത്തിൻേറയോ അനുദാനമോ, അനുദാനത്തിനുള്ള അപേക്ഷയോ സംബന്ധിച്ച് ഏതെങ്കിലും പ്രശ്നം ഉദ്ഭവിക്കുമ്പോഴും, ജില്ലാഡെലിഗേററിന് ഉചിതമെന്നു തോന്നുന്നുവെങ്കിൽ, പ്രശ്ന

വിഷയത്തിന്റെ ഒരു സ്റ്റേറ്റ്മെന്റ് ജില്ലാ ജഡ്ജിക്ക് അയച്ചുകൊടുക്കാവു ന്നതും, ജില്ലാ ജഡ്ജിക്ക്, അദ്ദേഹത്തിന് ആവശ്യകമായി തോന്നുന്ന ആദേശ ങ്ങളനുസരിച്ച് അപേക്ഷയുടെ വിഷയത്തിൽ തുടർന്നു നടപടി എടുക്കുവാൻ ജില്ലാ ഡെലിഗേററിനെ നിദേശിക്കുകയോ, അല്ലെങ്കിൽ പ്രശ്നവിഷയകമായ അനുദാനത്തിന് അപേക്ഷിക്കുന്ന കക്ഷിയെ ജഡ്ജിക്ക് അപേക്ഷ കൊടുക്കുവാൻ വിട്ടുകൊണ്ട്, ആ അപേക്ഷ സംബന്ധിച്ച് ജില്ലാ ഡെലിഗേററ് കൂടുതലായ ഏതെങ്കിലും നടപടികൾ എടുക്കുന്നത് വിലക്കുകയോ ചെയ്യാവുന്നതും ആകുന്നു.

288. തർക്കമുണ്ടായിരിക്കുകയോ തന്റെ കോടതിയിൽ പ്രൊബേററാ അഡ്മിനിസ്ട്രേഷൻ പത്രമോ നിരസിക്കേണ്ടതാണെന്ന് ജില്ലാഡെലിഗേററിന് തോന്നുകയോ ചെയ്യുന്നിടത്തെ നടപടിക്രമം.—തർക്കമുണ്ടായിരിക്കുകയോ, അല്ലെങ്കിൽ തന്റെ കോടതിയിൽ പ്രൊബേററാ അഡ്മിനിസ്ട്രേഷൻ പത്രമോ നിരസിക്കേണ്ടതാണെന്ന് ജില്ലാ ഡെലിഗേററിന് അഭിപ്രായമുണ്ടായിരിക്കുകയോ ചെയ്യുന്ന ഏതൊരു സംഗതിയിലും, ഹർജി അതോടൊപ്പം ഫയൽ ചെയ്തിട്ടു ണ്ടായിരിക്കാവുന്ന ഏതെങ്കിലും രേഖകൾ സഹിതം ജില്ലാ ഡെലിഗേററിന്, അത് ഇംപൗണ്ട് ചെയ്യുന്നത്—അതിന് ജില്ലാ ഡെലിഗേററിനെ ഇതിനാൽ പ്രാധികാരപ്പെടുത്തിയിരിക്കുന്നതും, ആ സംഗതിയിൽ അദ്ദേഹം അത് ജില്ലാ ജഡ്ജിക്ക് അയച്ചുകൊടുക്കേണ്ടതുമാണ്—നീതിയുടെ ആവശ്യങ്ങൾക്ക് ആവ ശ്യകമാണെന്ന് തോന്നാത്തപക്ഷം ജില്ലാ ജഡ്ജിക്ക് ബോധിപ്പിക്കുന്നതിനായി അപേക്ഷ കൊടുത്ത ആൾക്ക് തിരിയെക്കൊടുക്കേണ്ടതാകുന്നു.

289. പ്രൊബേററിന്റെ അനുദാനം കോടതിയുടെ മുദ്രവച്ചതായിരിക്കണ മെന്ന്.—ഒരു മരണശാസനത്തിന്റെ പ്രൊബേററിന്റെ അനുദാനം ചെയ്യേണ്ടതാ ണെന്ന് ജില്ലാ ജഡ്ജിക്കോ ജില്ലാ ഡെലിഗേററിനോ തോന്നുമ്പോൾ, അദ്ദേഹം, അത് തന്റെ കോടതിയുടെ മുദ്രവച്ച് VI-ാം പട്ടികയിൽ കൊടുത്ത ഫാറത്തിൽ അനുദാനം ചെയ്യേണ്ടതാകുന്നു.

290. അഡ്മിനിസ്ട്രേഷൻപത്രത്തിന്റെ അനുദാനം കോടതിയുടെ മുദ്ര വച്ചതായിരിക്കണമെന്ന്.—മരിച്ചുപോയ ഒരാളുടെ എസ്റ്റേററിന് മരണശാസന ത്തിന്റെ പകർപ്പ് അനുവദിച്ചുകൊണ്ടോ അല്ലാതെയോ അഡ്മിനിസ്ട്രേഷൻ പത്രം അനുദാനം ചെയ്യേണ്ടതാണെന്ന് ജില്ലാജഡ്ജിക്കോ ജില്ലാഡെലിഗേ ററിനോ തോന്നുമ്പോൾ, അദ്ദേഹം അത് തന്റെ കോടതിയുടെ മുദ്രവച്ച് VII-ാം പട്ടികയിൽ കൊടുത്ത ഫാറത്തിൽ അനുദാനം ചെയ്യേണ്ടതാകുന്നു.

291. അഡ്മിനിസ്ട്രേഷൻ ബാണ്ട്.—(1) അഡ്മിനിസ്ട്രേഷൻ പത്ര ത്തിന്റെ 241-ാം വകുപ്പിൻകീഴിലെ അനുദാനമല്ലാത്ത ഒരു അനുദാനം ഏല്പിക്കപ്പെട്ടിട്ടുള്ള ഏതൊരാളും, ജില്ലാ ജഡ്ജിക്ക് യഥാവിധിയുള്ള പിരി വിനും, ശേഖരണത്തിനും മരിച്ചുപോയ ആളുടെ എസ്റ്റേററ് അഡ്മിനി സ്ററർ ചെയ്യുന്നതിനും ഏററുകൊണ്ടുള്ളതും, ഒന്നോ അതിലധികമോ ജാമ്യ ക്കാരോടുകൂടിയതുമായ ഒരു ബാണ്ട് നല്കേണ്ടതും, ആ ബാണ്ട് ജില്ലാ ജഡ്ജി, സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവു വഴി, നിദേശിക്കുന്ന ഫാറത്തിലായി രിക്കേണ്ടതും ആകുന്നു.

(2) മരിച്ചുപോയ ആൾ ഹിന്ദുവോ, മുഹമ്മദീയനോ, ബുദ്ധമത ക്കാരനോ, സിക്കുകാരനോ, ജൈനനോ, ഒഴിവാക്കപ്പെട്ട ആളോ ആയിരുന്നാൽ—

(ക) 241-ാം വകുപ്പിൻകീഴിലെ അനുദാനം സംബന്ധിച്ചുള്ള (1)-ാം ഉപവകുപ്പിലെ അപവാദം പ്രവർത്തനത്തിൽ വരുന്നതല്ലാത്തതും,

(ഖ) ജില്ലാ ജഡ്ജിക്ക് പ്രൊബേററ് അനുദാനം ചെയ്യപ്പെട്ട ഏതെങ്കിലും ആളിൽനിന്ന് ഒരു സദൃശബാണ്ടു ആവശ്യപ്പെടാവുന്നതും, ആകുന്നു.

292. അഡ്മിനിസ്ട്രേഷൻ ബാണ്ടിന്റെ തീറ്.—ഹർജിമുഖേനയുള്ള അപേക്ഷയിൻമേലും, അങ്ങനെയുള്ള ഏതെങ്കിലും ബാണ്ടിൽ ഏററത് നിറവേററപ്പെട്ടിട്ടില്ലെന്ന് ബോദ്ധ്യമാകുന്നതിൻമേലും, ജാമ്യം സംബന്ധിച്ചോ കിട്ടുന്ന പണം കോടതിയിൽ അടയ്ക്കുകയോ മററുവിധത്തിൽ കൊടുക്കുകയോ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്യുന്നതു സംബന്ധിച്ചോ കോടതിക്ക് ഉചിതമെന്നു തോന്നുന്നതുപോലെയുള്ള നിബന്ധനകളിൻമേലും, കോടതിക്ക് ആ ബാണ്ട് മറേറതെങ്കിലും ആൾക്കോ അയാളുടെ എക്സിക്യൂട്ടർമാർക്കോ അഡ്മിനിസ്ട്രേററർമാർക്കോ തീറു കൊടുക്കാവുന്നതും, അതോടെ അയാൾക്കോ അവർക്കോ അതിൻമേൽ, അത് ആദ്യമേ കോടതിയിലെ ജഡ്ജിക്കു പകരം തനിക്കോ തങ്ങൾക്കോ ആണ് നല്കിയിട്ടുണ്ടായിരുന്നാലെന്നപോലെ, തന്റേയോ തങ്ങളുടേയോ സ്വന്തം നാമത്തിൽ വ്യവഹാരം കൊടുക്കാൻ അവകാശമുണ്ടായിരിക്കുന്നതും, അവകാശമുള്ള എല്ലാ ആളുകൾക്കുംവേണ്ടിയുള്ള ട്രസ്ററികൾ എന്ന നിലയിൽ, അതിൻമേൽ, അതിന്റെ ഏതെങ്കിലും ലംഘനം സംബന്ധിച്ച് വസൂലാക്കാവുന്ന മുഴുവൻ സംഖ്യയും വസൂലാക്കാൻ അവകാശമുണ്ടായിരിക്കുന്നതുമാണ്.

293. പ്രൊബേററും അഡ്മിനിസ്ട്രേഷനും അനുദാനം ചെയ്യുന്നതിനുള്ള സമയം.—മരണശാസന കർത്താവിന്റേയോ മരണശാസനം കൂടാതെ മരിക്കുന്ന ആളുടേയോ മരണദിവസം മുതൽ ഏഴു പൂർണ്ണദിവസം കഴിയുന്നതുവരെ മരണശാസനത്തിന്റെ യാതൊരു പ്രൊബേററും അനുദാനം ചെയ്യാൻ പാടില്ലാത്തതും, അങ്ങനെയുള്ള മരണദിവസം മുതൽ പതിന്നാലു പൂർണ്ണദിവസം കഴിയുന്നതുവരെ യാതൊരു അഡ്മിനിസ്ട്രേഷൻ പത്രവും അനുദാനം ചെയ്യാൻ പാടില്ലാത്തതും ആകുന്നു.

294. ഏതു അസ്സൽ മരണശാസനങ്ങളുടെ പ്രൊബേററോ മരണശാസനാനുബദ്ധമായ അഡ്മിനിസ്ട്രേഷനോ ആണ് അനുദാനം ചെയ്യുന്നത്, ആ മരണശാസനങ്ങൾ ഫയൽ ചെയ്യുന്നത്.—(1) ഏതൊരു ജില്ലാ ജഡ്ജിയും അല്ലെങ്കിൽ ജില്ലാ ഡെലിഗേററും, ഏത് അസ്സൽ മരണശാസനങ്ങളുടെ പ്രൊബേററോ മരണശാസനാനുബദ്ധമായ അഡ്മിനിസ്ട്രേഷൻപത്രമോ ആണ് അദ്ദേഹം അനുദാനം ചെയ്യുന്നത്, അങ്ങനെയുള്ള എല്ലാ അസ്സൽ മരണ ശാസനവും ഏതെങ്കിലും പബ്ലിക്ക് മരണശാസനരജിസ്ട്രി സ്ഥാപിക്കുന്നതുവരെ കോടതിറിക്കാർഡുകളുടെ കൂട്ടത്തിൽ ഫയൽ ചെയ്യുകയും സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

(2) സ്റേററ് ഗവൺമെൻറ് അപ്രകാരം ഫയൽ ചെയ്യപ്പെടുന്ന മരണശാസനങ്ങളുടെ സൂക്ഷിപ്പിനും പരിശോധനയ്ക്കും റെഗുലേഷനുകൾ ഉണ്ടാക്കേണ്ടതാകുന്നു.

295. തർക്കമുള്ള കേസ്സുകളിലെ നടപടിക്രമം.—ജില്ലാ ജഡ്ജിയുടെ മുമ്പാകെയുള്ള തർക്കമുള്ള ഏതെങ്കിലും കേസ്സിൽ, നടപടികൾ കഴിയുന്നത്ര അടുത്തുവരുവോളം സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5)-ലെ വ്യവസ്ഥകളനുസരിച്ച്, അതതുസംഗതിപോലെ, പ്രൊബേററിനോ, അഡ്മിനിസ്ട്രേഷൻ പത്രത്തിനോ ഉള്ള ഹർജിക്കാരൻ വാദിയും അനുദാനം എതിർക്കുവാൻ ഹാജരായിട്ടുള്ള ആൾ പ്രതിയും ആയ ക്രമവ്യവഹാരത്തിന്റെ രൂപത്തിലായിരിക്കേണ്ടതാകുന്നു.

296. പിൻവലിക്കപ്പെടുന്ന പ്രൊബേററോ അഡ്മിനിസ്ട്രേഷൻ പത്രമോ *വിട്ടുകൊടുക്കുന്നത്.*—(1) *പ്രൊബേററിൻേറയോ അഡ്മിനിസ്ട്രേഷൻ പത്ര*ത്തിൻേറയോ അനുദാനം ഈ ആക്ററിൻകീഴിൽ പിൻവലിക്കുകയോ പ്രഭാവശൂന്യമാക്കുകയോ ചെയ്യുമ്പോൾ, ആർക്കായിരുന്നുവോ ആ അനുദാനം, അയാൾ പ്രൊബേററോ അഡ്മിനിസ്ട്രേഷൻ പത്രമോ അത് അനുദാനം ചെയ്ത കോടതിക്ക്, ഉടനടി വിട്ടുകൊടുക്കേണ്ടതാണ്.

(2) അങ്ങനെയുള്ള ആൾ മനഃപൂർവ്വമായും, ന്യായമായ കാരണം കൂടാതെയും പ്രൊബേററോ അഡ്മിനിസ്ട്രേഷൻ പത്രമോ അപ്രകാരം വിട്ടുകൊടുക്കാതിരിക്കുന്നുവെങ്കിൽ, അയാൾ ആയിരം രൂപയോളമാകാവുന്ന പിഴശിക്ഷയോ, മൂന്നുമാസത്തോളമാകാവുന്ന തടവുശിക്ഷയോ, അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

297. പ്രൊബേററോ അഡ്മിനിസ്ട്രേഷനോ പിൻവലിക്കുന്നതിന് മുമ്പ് എക്സിക്യൂട്ടർക്കോ അഡ്മിനിസ്ട്രേററർക്കോ പണം കൊടുക്കുന്നത്.—പ്രൊബേററിൻേറയോ അഡ്മിനിസ്ട്രേഷൻ പത്രത്തിൻേറയോ അനുദാനം പിൻവലിക്കുമ്പോൾ അങ്ങനെയുള്ള അനുദാനത്തിൻകീഴിൽ അത് പിൻവലിക്കുന്നതിനുമുൻപ്, ഏതെങ്കിലും എക്സിക്യൂട്ടർക്കോ അഡ്മിനിസ്ട്രേററർക്കോ ഉത്തമവിശ്വാസപൂർവ്വം പണം കൊടുക്കുന്നതെല്ലാം അങ്ങനെ പിൻവലിച്ചിട്ടുണ്ടെന്നിരുന്നാലും പണം കൊടുക്കുന്ന ആളെ സംബന്ധിച്ചുള്ള നിയമാനുസൃതമായ ബാദ്ധ്യതവിടുത്തലായിരിക്കുന്നതും; അങ്ങനെ പിൻവലിക്കപ്പെട്ട പ്രൊബേററിനോ അഡ്മിനിസ്ട്രേഷൻ പത്രത്തിനോ കീഴിൽ പ്രവർത്തിച്ചിട്ടുള്ള എക്സിക്യൂട്ടർക്കോ അഡ്മിനിസ്ട്രേററർക്കോ അയാൾ കൊടുത്തിട്ടുള്ളതും, ആർക്കാണോ പ്രൊബേററോ അഡ്മിനിസ്ട്രേഷൻ പത്രമോ പിന്നീട് അനുദാനം ചെയ്തത്, ആ ആൾക്ക് നിയമാനുസൃതം കൊടുക്കാൻ കഴിയുമായിരുന്നതും ആയ ഏതെങ്കിലും പണം കൊടുക്കൽ സംബന്ധിച്ച് വച്ചുപോരുകയും സ്വയം പ്രതിപൂരണം ചെയ്യുകയും ചെയ്യാവുന്നതും ആണ്.

298. അഡ്മിനിസ്ട്രേഷൻ പത്രം നിരസിക്കാനുള്ള അധികാരം.—ഇതിൽ ഇതിനുമുൻപ് എന്തുതന്നെ അടങ്ങിയിരുന്നാലും, മരിച്ചുപോയ ആൾ ഒരു മുഹമ്മദീയനോ ബുദ്ധമതക്കാരനോ ഒഴിവാക്കപ്പെട്ട ആളോ, അല്ലെങ്കിൽ 57-ാം വകുപ്പു ബാധകമാകാത്ത ഹിന്ദുവോ സിക്കുകാരനോ ജൈനനോ ആയിരിക്കുന്നിടത്ത്, അഡ്മിനിസ്ട്രേഷൻ പത്രത്തിന് ഈ ആക്ററിൻകീഴിൽ കൊടുത്തിട്ടുള്ള ഏതെങ്കിലും അപേക്ഷ അനുവദിക്കാൻ ലിഖിതമായി കോടതി റിക്കാർഡാക്കേണ്ട കാരണങ്ങളാൽ വിസമ്മതിക്കുന്നത്, കോടതിക്ക് സ്വവിവേകം ഉപയോഗിച്ച് ചെയ്യാവുന്ന ഒന്നായിരിക്കുന്നതാണ്.

299. ജില്ലാജഡ്ജിയുടെ ഉത്തരവുകളിൽ നിന്നുള്ള അപ്പീലുകൾ.—ജില്ലാജഡ്ജി, തനിക്ക് ഇതിനാൽ നല്കപ്പെടുന്ന അധികാരങ്ങളുടെ ബലത്തിൽ പുറപ്പെടുവിക്കുന്ന ഏതൊരു ഉത്തരവും സിവിൽ നടപടി നിയമസംഹിത 1908 (1908-ലെ 5)-ലെ അപ്പീലുകൾക്ക് ബാധകമാകുന്ന വ്യവസ്ഥകളനുസരിച്ച് ഹൈക്കോടതിയിലേക്കുള്ള അപ്പീലിന് വിധേയമായിരിക്കുന്നതാണ്.

300. ഹൈക്കോടതിയുടെ സമവർത്തിയായ അധികാരിത.—(1) ജില്ലാജഡ്ജിക്ക് ഇതിനാൽ നല്കുന്ന എല്ലാ അധികാരങ്ങളുടെയും പ്രയോഗത്തിൽ ഹൈക്കോടതിക്ക് ജില്ലാജഡ്ജിയോടൊപ്പം സമവർത്തിയായ അധികാരിത ഉണ്ടായിരിക്കുന്നതാണ്.

(2) 57-ാം വകുപ്പ് ബാധകമാകുന്ന സംഗതികളിലൊഴികെ, കൽക്കട്ട, മദ്രാസ്, ബോംബേ എന്നീ പട്ടണങ്ങളുടെ അതിർത്തികൾക്കു വെളിയിലുള്ള ഏതെങ്കിലും തദ്ദേശപ്രദേശത്തിൻമേൽ ഇതിനാൽ നല്കപ്പെട്ടിട്ടുള്ള സമവർത്തിയായ അധികാരിതയുടെ പ്രയോഗത്തിൽ യാതൊരു ഹൈക്കോടതിയും മരിച്ചുപോയ ആൾ ഹിന്ദുവോ മുഹമ്മദീയനോ ബുദ്ധമതക്കാരനോ സിക്കുകാരനോ ജൈനനോ ഒഴിവാക്കപ്പെട്ട ആളോ ആയിരിക്കുന്നിടത്ത്, പ്രൊബേററിനോ അഡ്മിനിസ്ട്രേഷൻ പത്രത്തിനോ ഉള്ള അപേക്ഷകൾ സ്വീകരിക്കാൻ അതിലെ സ്റേററ് ഗവൺമെൻറ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി പ്രാധികാരപ്പെടുത്തുന്നതുവരെ അപ്രകാരം ചെയ്യാൻ പാടുള്ളതല്ല.

301. എക്സിക്യൂട്ടറേയോ അഡ്മിനിസ്ട്രേററേയോ നീക്കം ചെയ്യുന്നതും പിൻഗാമിക്ക് വ്യവസ്ഥ ചെയ്യുന്നതും.—ഹൈക്കോടതിക്ക്, അപേക്ഷ കൊടുക്കുന്നതിൻമേൽ അതിന് ഏതെങ്കിലും സ്വകാര്യ എക്സിക്യൂട്ടറേയോ സ്വകാര്യ അഡ്മിനിസ്ട്രേററേയോ സസ്പെൻഡ് ചെയ്യുകയോ, നീക്കം ചെയ്യുകയോ, ഡിസ്ചാർജ് ചെയ്യുകയോ ചെയ്യാവുന്നതും, ഉദ്യോഗം വഹിക്കാതാവുന്ന അങ്ങനെയുള്ള ഏതെങ്കിലും എക്സിക്യൂട്ടറുടേയോ അഡ്മിനിസ്ട്രേററുടേയോ ഉദ്യോഗത്തിൽ, മററാരാൾ പിൻഗാമിയാകുന്നതിനും എസ്റേററിന് അവകാശപ്പെട്ട ഏതെങ്കിലും വസ്തു, അങ്ങനെയുള്ള പിൻഗാമിയിൽ നിക്ഷിപ്തമാകുന്നതിനും വ്യവസ്ഥ ചെയ്യാവുന്നതും ആണ്.

302. എക്സിക്യൂട്ടർക്കോ അഡ്മിനിസ്ട്രേറർക്കോ ഉള്ള നിദേശങ്ങൾ.—ഏതെങ്കിലും എസ്റേററ് സംബന്ധിച്ച് ഈ ആക്ററിൻ കീഴിൽ പ്രൊബേററോ അഡ്മിനിസ്ട്രേഷൻ പത്രമോ അനുദാനം ചെയ്തിട്ടുള്ളിടത്ത്, ഹൈക്കോടതിക്ക് അപേക്ഷ കൊടുക്കുന്നതിൻമേൽ, അതിന്, എസ്റേററ് സംബന്ധിച്ചോ അതിൻെറ അഡ്മിനിസ്ട്രേഷൻ സംബന്ധിച്ചോ എക്സിക്യൂട്ടർക്കോ അഡ്മിനിസ്ട്രേറർക്കോ സാമാന്യമോ പ്രത്യേകമോ ആയ നിദേശങ്ങൾ നല്കാവുന്നതാണ്.

## അദ്ധ്യായം V

## തങ്ങളുടെ സ്വന്തം അപകൃത്യത്താലുണ്ടായ എക്സിക്യൂട്ടർമാർ

303. തൻെറ സ്വന്തം അപകൃത്യത്താലുണ്ടായ എക്സിക്യൂട്ടർ.— അവകാശമുള്ള എക്സിക്യൂട്ടറോ അഡ്മിനിസ്ട്രേററോ നിലവിലില്ലാത്തപ്പോൾ, മരിച്ചുപോയ ആളുടെ എസ്റേററിൽ കൈയിടുകയോ എക്സിക്യൂട്ടറുടെ ഉദ്യോഗത്തിൽപ്പെടുന്ന മററതെങ്കിലും കൃത്യം ചെയ്യുകയോ ചെയ്യുന്ന ഒരാൾ, അതുവഴി, തന്നെ തൻെറ സ്വന്തം അപകൃത്യത്താലുള്ള എക്സിക്യൂട്ടറാക്കിത്തീർക്കുന്നു.

അപവാദങ്ങൾ.—(1) മരിച്ചുപോയ ആളുടെ സാമാനങ്ങൾ സംരക്ഷിക്കുകയോ അയാളുടെ ശവസംസ്ക്കാരത്തിനേർപ്പാട് ചെയ്യുകയോ ചെയ്യുന്നതിനുവേണ്ടിയോ, അയാളുടെ കുടുംബത്തിൻേറയോ വസ്തുവിൻേറയോ അടിയന്തരമായ ആവശ്യങ്ങൾക്കായോ ആ സാമാനങ്ങളിൽ കൈയിടുന്നത് അയാളെ തൻെറ സ്വന്തം അപകൃത്യത്താലുള്ള എക്സിക്യൂട്ടറാക്കിത്തീർക്കുന്നില്ല.

(2) മററാരാളിൽ നിന്നു കിട്ടുന്ന, മരിച്ചുപോയ ആളുടെ സാമാനങ്ങൾ കച്ചവടത്തിൻെറ സാധാരണഗതിയിൽ കൈകാര്യം ചെയ്യുന്നത് ഒരാളെ, തൻെറ സ്വന്തം അപകൃത്യത്താലുണ്ടായ എക്സിക്യൂട്ടറാക്കിത്തീർക്കുന്നില്ല.

ദൃഷ്ടാന്തങ്ങൾ

(i) ക, മരിച്ചുപോയ ആളുടെ ചില സാമാനങ്ങൾ ഉപയോഗിക്കുകയോ കൊടുത്തുകളയുകയോ വില്ക്കുകയോ, അല്ലെങ്കിൽ അവ തനിക്കുള്ള സ്വന്തം കടമോ, ഒസ്യത്തോ തീർക്കാൻ എടുക്കുകയോ അല്ലെങ്കിൽ മരിച്ചുപോയ ആൾക്ക് കിട്ടാനുള്ള കടങ്ങളുടെ തുക വാങ്ങുകയോ ചെയ്യുന്നു. അയാൾ തന്റെ സ്വന്തം അപകൃത്യത്താലുണ്ടായ എക്സിക്യൂട്ടറാണ്.

(ii) മരിച്ചുപോയ ആളാൽ, അയാൾക്കു കിട്ടാനുള്ള കടങ്ങൾ പിരിക്കുകയും അയാളുടെ സാമാനങ്ങൾ വിൽക്കുകയും ചെയ്യാൻ അയാളുടെ ജീവിതകാലത്ത് ഏജൻറായി നിയമിക്കപ്പെട്ടിരിക്കെ, ക, അയാളുടെ മരണത്തെപ്പററി അറിഞ്ഞതിനുശേഷവും അപ്രകാരം ചെയ്യുന്നത് തുടരുന്നു. മരിച്ചുപോയ ആളുടെ മരണത്തെപ്പററി അറിഞ്ഞതിനുശേഷം അയാൾ ചെയ്യുന്ന കൃത്യങ്ങൾ സംബന്ധിച്ച് അയാൾ തന്റെ സ്വന്തം അപകൃത്യത്താലുണ്ടായ എക്സിക്യൂട്ടറാണ്.

(iii) ക മരിച്ചുപോയ ആളുടെ എക്സിക്യൂട്ടർ എന്ന നിലയിൽ, അങ്ങനെ അല്ലാതിരിക്കെ, വ്യവഹാരം ബോധിപ്പിക്കുന്നു. അയാൾ തന്റെ സ്വന്തം അപകൃത്യത്താലുണ്ടായ എക്സിക്യൂട്ടറാണ്.

304. തന്റെ സ്വന്തം അപകൃത്യത്താൽ ഉണ്ടായ എക്സിക്യൂട്ടറുടെ ബാദ്ധ്യത.—ഒരാൾ തന്റെ സ്വന്തം അപകൃത്യത്താൽ ഉണ്ടായ എക്സിക്യൂട്ടറായി തീരത്തക്കവണ്ണം പ്രവർത്തിച്ചിട്ടുള്ളപ്പോൾ, അയാൾ, തന്റെ കൈയിൽ വരുന്ന ആസ്തികളിൽ, അവകാശമുള്ള എക്സിക്യൂട്ടർക്കോ അഡ്മിനിസ്ട്രേററർക്കോ കൊടുക്കുന്ന തുകകളും, അഡ്മിനിസ്ട്രേഷന്റെ മുറപ്രകാരമുള്ള ഗതിയിൽ കൊടുക്കുന്ന തുകകളും കഴിച്ചുള്ളിടത്തോളം ഉള്ളതിന്, അവകാശമുള്ള എക്സിക്യൂട്ടറോടോ അഡ്മിനിസ്ട്രേററോടോ ഉത്തരവാദിയായിരിക്കുന്നതാണ്.

## അദ്ധ്യായം VI

## എക്സിക്യൂട്ടറുടേയോ അഡ്മിനിസ്ട്രേററുടേയോ അധികാരങ്ങളെപ്പററി

305. മരിച്ചുപോയ ആളെ അതിജീവിക്കുന്ന വ്യവഹാര കാരണങ്ങളേയും അയാളുടെ മരണസമയത്തുള്ള കടങ്ങളേയും സംബന്ധിച്ച്. — എക്സിക്യൂട്ടർക്കോ അഡ്മിനിസ്ട്രേററർക്കോ മരിച്ചുപോയ ആളെ അതിജീവിക്കുന്ന എല്ലാ വ്യവഹാര കാരണങ്ങളും സംബന്ധിച്ച് വ്യവഹാരം കൊടുക്കാൻ മരിച്ചുപോയ ആൾക്ക്, അയാൾ ജീവിച്ചിരുന്നപ്പോൾ ഉണ്ടായിരുന്ന അതേ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതും, കടങ്ങൾ വസൂലാക്കാൻ, അങ്ങനെ ജീവിച്ചിരുന്നപ്പോൾ അയാൾക്ക് ഉണ്ടായിരുന്ന അതേ അധികാരങ്ങൾ പ്രയോഗിക്കാവുന്നതും, ആണ്.

306. മരിച്ചുപോയ ആൾക്കുള്ളതോ അയാൾക്കെതിരായുള്ളതോ ആയ ഡിമാൻഡുകളും വ്യവഹരിക്കാനുള്ള അവകാശങ്ങളും എക്സിക്യൂട്ടർക്കുള്ളതോ അയാൾക്കെതിരായുള്ളതോ ആയി അതിജീവിക്കുമെന്ന്. — ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) യിൽ നിർവ്വചിച്ച പ്രകാരമുള്ള മാനനഷ്ടത്തിന്നോ കൈയേററത്തിന്നോ ഉള്ളതോ, കക്ഷിയുടെ മരണം സംഭവിപ്പിക്കാത്ത മററു വ്യക്തിപരമായ ക്ഷതികൾക്കുള്ളതോ ആയ വ്യവഹാര കാരണങ്ങൾ ഒഴികെയും, കൂടാതെ കക്ഷിയുടെ മരണശേഷം, തേടുന്ന നിവൃത്തി അനുഭവിക്കാൻ കഴിയാതിരിക്കുകയോ, അതു നല്കുന്നതു വ്യർത്ഥമായിരിക്കുകയോ ചെയ്യുന്ന

കേസുകൾ ഒഴികെയും, ഒരാൾക്കുള്ളതോ അയാൾക്കെതിരായുള്ളതോ ആയി അയാളുടെ മരണസമയത്ത് നിലവിലുള്ള എല്ലാ ഡിമാൻഡുകളും, അവ എന്തു തന്നെയായിരുന്നാലും, ഏതെങ്കിലും വ്യവഹാരനടപടിയോ പ്രത്യേക നടപടിയോ പ്രാസിക്യൂട്ടു ചെയ്യാനോ പ്രതിവാദം ചെയ്യാനോ ഉള്ള എല്ലാ അവകാശങ്ങളും, അയാളുടെ എക്സിക്യൂട്ടർമാർക്കോ അഡ്മിനിസ്ട്രേറ്റർമാർക്കോ ഉള്ളതോ അവർക്കെതിരായുള്ളതോ ആയി അതിജീവിക്കുന്നതാകുന്നു.

## ദൃഷ്ടാന്തങ്ങൾ

(i) ഒരു ഉദ്യോഗസ്ഥൻെറ ഏതെങ്കിലും ഉപേക്ഷയുടേയോ, വീഴ്ചയുടേയോ ഫലമായി റയിൽവേയിൽ ഒരു കൂട്ടിമുട്ടൽ ഉണ്ടാവുകയും, ഒരു യാത്രക്കാരന് തീവ്രമായ പരുക്കു പററുകയും; എന്നാൽ അത് മരണം സംഭവിപ്പിക്കത്തക്കതല്ലാത്തതായിരിക്കുകയും ചെയ്യുന്നു. പിന്നീട് അയാൾ യാതൊരു വ്യവഹാര നടപടിയും കൊണ്ടുവരാതെ മരിക്കുന്നു. വ്യവഹാരകാരണം അതിജീവിക്കുന്നില്ല.

(ii) ക വിവാഹ മോചനത്തിന് വ്യവഹാരം കൊടുക്കുന്നു. ക മരിക്കുന്നു. വ്യവഹാര കാരണം അയാളുടെ പ്രതിനിധിക്കുള്ളതായി അതിജീവിക്കുന്നില്ല.

307. വസ്തു വ്യയനം ചെയ്യാൻ എക്സിക്യൂട്ടർക്കോ അഡ്മിനിസ്ട്രേററർക്കോ ഉള്ള അധികാരം.—(1) (2)-ാം ഉപവകുപ്പിൻെറ വ്യവസ്ഥകൾക്കു വിധേയമായി, ഒരു എക്സിക്യൂട്ടർക്കോ അഡ്മിനിസ്ട്രേററർക്കോ 211-ാം വകുപ്പിൻകീഴിൽ തന്നിൽ നിക്ഷിപ്തമായിട്ടുള്ള, മരിച്ചുപോയ ആളുടെ വസ്തു മുഴുവനായോ, ഭാഗികമായോ യുക്തമെന്നു തോന്നുന്ന രീതിയിൽ വ്യയനം ചെയ്യാൻ അധികാരമുണ്ട്.

## ദൃഷ്ടാന്തങ്ങൾ

(i) മരിച്ചുപോയ ആൾ തൻെറ വസ്തുവിൻെറ ഒരു ഭാഗം സംബന്ധിച്ച് വിനിർദ്ദിഷ്ടമായ ഒസ്യത്ത് ചെയ്തിട്ടുണ്ട്. ഒസ്യത്തിന് അനുമതി നല്കിയിട്ടില്ലാതിരിക്കെ, എക്സിക്യൂട്ടർ അതിൻെറ വിഷയവസ്തു വിൽക്കുന്നു. വില്പന സാധുവാണ്.

(ii) എക്സിക്യൂട്ടർ അയാളുടെ സ്വവിവേകം ഉപയോഗിച്ച് മരിച്ചുപോയ ആളുടെ സ്ഥാവര-എസ്റേററിൻെറ ഒരു ഭാഗം പണയപ്പെടുത്തുന്നു. പണയം സാധുവാണ്.

(2) മരിച്ചുപോയ ആൾ ഹിന്ദുവോ, മുഹമ്മദീയനോ, ബുദ്ധമതക്കാരനോ, സിക്കുകാരനോ, ജൈനനോ, ഒഴിവാക്കപ്പെട്ട ആളോ ആയിരുന്നുവെങ്കിൽ, (1)-ാം ഉപവകുപ്പു നല്കുന്ന സാമാന്യാധികാരപ്രകാരം താഴെപ്പറയുന്ന പരിമിതികൾക്കും ഉപാധികൾക്കും വിധേയമായിരിക്കേണ്ടതാകുന്നു, അതായത്:—

(i) തന്നിൽ അപ്രകാരം നിക്ഷിപ്തമായിട്ടുള്ള സ്ഥാവര വസ്തു വ്യയനം ചെയ്യാനുള്ള എക്സിക്യൂട്ടറുടെ അധികാരം, അയാൾക്ക് പ്രൊബേററ് അനുദാനം ചെയ്തിരിക്കുകയും, പ്രൊബേററ് അനുദാനം ചെയ്ത കോടതി, ലിഖിതമായ ഉത്തരവുവഴി അയാളെ നിയമിക്കുന്ന മരണശാസനം ഇതിലേയ്ക്ക് ചുമത്തുന്ന പരിമിതി എന്തുതന്നെ ആയിരുന്നാലും, ഉത്തരവിൽ വിനിർദ്ദേശിക്കുന്ന ഏതെങ്കിലും സ്ഥാവര വസ്തു, ഉത്തരവ് അനുവദിക്കുന്ന രീതിയിൽ വ്യയനം ചെയ്യാൻ അയാളെ അനുവദിക്കുകയും ചെയ്യാത്തപക്ഷം അങ്ങനെയുള്ള ഏതെങ്കിലും പരിമിതിക്ക് വിധേയമാകുന്നു,

(ii) അഡ്മിനിസ്ട്രേററർക്ക് അഡ്മിനിസ്ട്രേഷൻ പത്രം അനുദാനം ചെയ്ത കോടതിയുടെ മുൻകൂട്ടിയുള്ള അനുവാദം കൂടാതെ,

(ക) 211-ാം വകുപ്പിൻകീഴിൽ തൽസമയം തന്നിൽ നിക്ഷിപ്തമായിട്ടുള്ള ഏതെങ്കിലും സ്ഥാവരവസ്തു പണയപ്പെടുത്തുകയോ, ചാർജ്ജാക്കുകയോ, വില്പനയോ, ദാനമോ, വിനിമയമോ വഴിയോ മററു വിധത്തിലോ കൈമാററം ചെയ്യുകയോ;

(ഖ) അഞ്ചു വർഷത്തിൽ കവിയുന്ന കാലത്തേയ്ക്ക് അങ്ങനെയുള്ള ഏതെങ്കിലും വസ്തു പാട്ടത്തിനു (വാടകയ്ക്ക്) കൊടുക്കുകയോ,

ചെയ്യാവുന്നതല്ല.

(iii) അതതു സംഗതിപോലെ, (i)-ാം ഖണ്ഡമോ (ii)-ാം ഖണ്ഡമോ ഉല്ലംഘിച്ചുകൊണ്ട് എക്സിക്യൂട്ടറോ അഡ്മിനിസ്ട്രേററോ ചെയ്യുന്ന വസ്തുവ്യയനം വസ്തുവിൽ അവകാശമുള്ള മറേറതെങ്കിലും ആളുടെ അർത്ഥനയിൻമേൽ ശൂന്യമാക്കാവുന്ന ഒന്നാണ്.

(3) അങ്ങനെയുള്ള സംഗതിയിൽ ഏതെങ്കിലും പ്രൊബേററാ, അഡ്മിനിസ്ട്രേഷൻ പത്രമോ അനുദാനം ചെയ്യുന്നതിനു മുമ്പ്, അതതു സംഗതിപോലെ, (1)-ാം ഉപവകുപ്പിൻേറയും (2)-ാം ഉപവകുപ്പിൻെറ (i)-ം (iii)-ം ഖണ്ഡങ്ങളുടേയും, അല്ലെങ്കിൽ (1)-ാം ഉപവകുപ്പിൻേറയും (2)-ാം ഉപവകുപ്പിൻെറ (ii)-ം (iii)-ം ഖണ്ഡങ്ങളുടേയും ഒരു പകർപ്പ് അതിൻമേൽ എൻഡോഴ്സ് ചെയ്യുകയോ അതോട് അനുബന്ധിക്കുകയോ ചേയ്യേണ്ടതാണ്.

(4) പ്രൊബേററാ അഡ്മിനിസ്ട്രേഷൻ പത്രമോ അതിൻമേൽ (3)-ാം ഉപവകുപ്പ് ആവശ്യപ്പെടുന്ന എൻഡോഴ്സ്മെൻറ് ചെയ്തിട്ടില്ലെന്നോ ആ ഉപവകുപ്പ് ആവശ്യപ്പെടുന്ന അനുബന്ധം അതോടു ചേർത്തിട്ടില്ലെന്നോ ഉള്ള കാരണത്താൽ അസാധുവായിത്തീരുന്നതല്ലാത്തതും, അങ്ങനെയുള്ള എൻഡോഴ്സ്മെൻറിൻേറയോ അനുബന്ധത്തിൻേറയോ അഭാവം ഒരു എക്സിക്യൂട്ടറേയോ അഡ്മിനിസ്ട്രേററേയോ ഈ വകുപ്പിലെ വ്യവസ്ഥകളനുസരിച്ചല്ലാതെ പ്രവർത്തിക്കുവാൻ പ്രാധികാരപ്പെടുത്തുന്നതല്ലാത്തതും ആകുന്നു.

308. അഡ്മിനിസ്ട്രേഷനുള്ള സാമാന്യ അധികാരങ്ങൾ. — എക്സിക്യൂട്ടർക്കോ, അഡ്മിനിസ്ട്രേററർക്കോ, തനിക്ക് നിയമാനുസൃതം പ്രയോഗിക്കാവുന്ന മറേറതെങ്കിലും വ്യയാധികാരങ്ങൾക്കു പുറമേയും അവയ്ക്ക് ന്യൂനത വരാതെയും—

(ക) താൻ അഡ്മിനിസ്ററർ ചെയ്യുന്ന ഏതെങ്കിലും എസ്റേററിന് അവകാശപ്പെട്ട ഏതെങ്കിലും വസ്തുവിൻെറ ശരിയായ പരിരക്ഷണത്തിനും നടത്തിപ്പിനും ആവശ്യകമായ കൃത്യങ്ങൾക്കായും,

(ഖ) ഹൈക്കോടതിയുടെ അനുജ്ഞയോടുകൂടി, ആ വസ്തുവിൻെറ സംഗതിയിൽ ന്യായവും ഉചിതവുമായ മതപരമായതും ധർമ്മപരമായതും മററു വിധത്തിലുള്ളതുമായ ഉദ്ദേശ്യങ്ങൾക്കും വസ്തുവിൻെറ ദേഹണ്ഡങ്ങൾക്കും ആയും,

വ്യയം നേരിടാവുന്നതാണ്.

309. കമ്മീഷൻ ചാർജ്ജുകളോ ഏജൻസി ചാർജ്ജുകളോ.—എക്സിക്യൂട്ടർക്കോ അഡ്മിനിസ്ട്രേററർക്കോ അഡ്മിനിസ്ട്രേററർ ജനറൽ ആക്ററ്, 1913 (1913-ലെ 3)-നോ അതിൻകീഴിലോ അഡ്മിനിസ്ട്രേററർ ജനറലിനെ സംബന്ധിച്ച് തൽസമയം നിജപ്പെടുത്തിയിട്ടുള്ളതിൽ ഉപരിയായ നിരക്കിൽ ഏതെങ്കിലും കമ്മീഷൻ ചാർജ്ജുകളോ ഏജൻസി ചാർജ്ജുകളോ സ്വീകരിക്കുകയോ വച്ചുകൊള്ളുകയോ ചെയ്യാൻ അവകാശമുണ്ടായിരിക്കുന്നതല്ല.

310. എക്സിക്യൂട്ടറോ അഡ്മിനിസ്ട്രേററോ മരിച്ചുപോയ ആളുടെ വസ്തു വിലയ്ക്കു വാങ്ങുന്നത്. —ഏതെങ്കിലും എക്സിക്യൂട്ടറോ അഡ്മിനിസ്ട്രേററോ മരിച്ചുപോയ ആളുടെ വസ്തുവിൻെറ ഏതെങ്കിലും ഭാഗം നേരിട്ടോ അല്ലാതെയോ വിലയ്ക്കു വാങ്ങുന്നുവെങ്കിൽ, ആ വില്പന വിററ വസ്തുവിൽ അവകാശമുള്ള മറേറതെങ്കിലും ആളുടെ അർത്ഥനയിൻമേൽ ശൂന്യമാക്കാവുന്ന ഒന്നാണ്.

311. പല എക്സിക്യൂട്ടർമാരുടേയോ അഡ്മിനിസ്ട്രേററർമാരുടേയോ അധികാരങ്ങൾ ഒരുവന് പ്രയോഗിക്കാമെന്ന്. —പല എക്സിക്യൂട്ടർമാരും അഡ്മിനിസ്ട്രേററർമാരും ഉണ്ടായിരിക്കുമ്പോൾ എല്ലാവരുടേയും അധികാരങ്ങൾ വിപരീതമായ ഏതെങ്കിലും നിദേശത്തിൻെറ അഭാവത്തിൽ, അവരിൽ മരണശാസനം തെളിയിച്ചിട്ടുള്ളതോ അഡ്മിനിസ്ട്രേഷൻ എടുത്തിട്ടുള്ളതോ ആയ ഏതൊരുവനും പ്രയോഗിക്കാവുന്നതാണ്.

ദൃഷ്ടാന്തങ്ങൾ

(i) മരിച്ചുപോയ ആൾക്ക് കിട്ടാനുള്ള കടം വിട്ടുകൊടുക്കുവാൻ പല എക്സിക്യൂട്ടർമാരിൽ ഒരുവന് അധികാരമുണ്ട്.

(ii) പാട്ടം (വാടക) ഏല്പ് ഒഴിഞ്ഞുകൊടുക്കുവാൻ ഒരുവന് അധികാരമുണ്ട്.

(iii) മരിച്ചുപോയ ആളുടെ വസ്തു, അതു ജംഗമമോ, സ്ഥാവരമോ ആയിരുന്നാലും, വില്ക്കാൻ ഒരുവനു അധികാരമുണ്ട്.

(iv) ഒസ്യത്തിന് അനുമതി നല്കാൻ ഒരുവന് അധികാരമുണ്ട്.

(v) മരിച്ചുപോയ ആൾക്ക് പണം കൊടുക്കേണ്ട ഒരു പ്രോനോട്ട് എൻഡോഴ്സ് ചെയ്തുകൊടുക്കാൻ ഒരുവന് അധികാരമുണ്ട്.

(vi) മരണശാസനം ക, ഖ, ഗ, ഘ എന്നിവരെ എക്സിക്യൂട്ടർമാരായി നിയമിക്കുകയും അവരിൽ രണ്ടുപേർ ചേർന്നാൽ കോറമാകുമെന്ന് നിദേശിക്കുകയും ചെയ്യുന്നു. ഒരൊററ എക്സിക്യൂട്ടർക്ക് യാതൊരു കൃത്യവും ചെയ്യാൻ കഴിയുന്നതല്ല.

312. പല എക്സിക്യൂട്ടർമാരിലോ അഡ്മിനിസ്ട്രേററർമാരിലോ ഒരുവൻ മരിക്കുന്നതിൻമേൽ അധികാരങ്ങൾ അതിജീവിക്കുന്നത്.—പല എക്സിക്യൂട്ടർമാരിലോ അഡ്മിനിസ്ട്രേററർമാരിലോ, ഒരുവനോ ഒന്നിലധികംപേരോ മരിക്കുന്നതിൻമേൽ ആ ഉദ്യോഗത്തിൻെറ എല്ലാ അധികാരങ്ങളും, മരണശാസനത്തിലോ അഡ്മിനിസ്ട്രേഷൻ പത്രത്തിൻെറ അനുദാനത്തിലോ വിപരീതമായ ഏതെങ്കിലും നിദേശത്തിൻെറ അഭാവത്തിൽ, അതിജീവിക്കുന്നവനിലോ അതിജീവിക്കുന്നവരിലോ നിക്ഷിപ്തമായിത്തീരുന്നു.

313. അഡ്മിനിസ്ററർ ചെയ്യപ്പെടാത്ത മുതലുകളുടെ അഡ്മിനിസ്ട്രേററർക്കുള്ള അധികാരങ്ങൾ.—അഡ്മിനിസ്ററർ ചെയ്യപ്പെടാത്ത മുതലുകളുടെ അഡ്മിനിസ്ട്രേററർക്ക് അങ്ങനെയുള്ള മുതലുകളെ സംബന്ധിച്ച് ആദ്യ എക്സിക്യൂട്ടർക്കോ ആദ്യ അഡ്മിനിസ്ട്രേററർക്കോ ഉള്ള അതേ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

314. മൈനാറിററിക്കാലത്തെ അഡ്മിനിസ്ട്രേററർക്കുള്ള അധികാരങ്ങൾ.—മൈനാറിററിക്കാലത്തെ അഡ്മിനിസ്ട്രേററർക്ക് സാധാരണ അഡ്മിനിസ്ട്രേററുടെ എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതാണ്.

315. വിവാഹിതയായ എക്സിക്യൂട്രിക്സിൻേറയോ അഡ്മിനിസ്ട്രേട്രിക്സിൻേറയോ അധികാരം.—പ്രൊബേറോ, അഡ്മിനിസ്ട്രേഷൻ പത്രമോ വിവാഹിതയായ സ്ത്രീക്ക് അനുദാനം ചെയ്തിട്ടുള്ളപ്പോൾ, അവൾക്ക് സാധാരണ എക്സിക്യൂട്ടറുടേയോ, അഡ്മിനിസ്ട്രേററുടേയോ എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതാണ്.

## അദ്ധ്യായം VII

## എക്സിക്യൂട്ടറുടേയോ അഡ്മിനിസ്ട്രേററുടേയോ കർത്തവ്യങ്ങളെക്കുറിച്ച്

316. മരിച്ചുപോയ ആളുടെ ശവസംസ്ക്കാരത്തെക്കുറിച്ച്.—മരിച്ചുപോയ ആളുടെ ആവശ്യകമായ ശവസംസ്ക്കാരാടിയന്തരങ്ങൾ, അയാളുടെ സ്ഥിതിക്ക് പററിയ രീതിയിൽ നടത്തുന്നതിന്, മതിയായ വസ്തു അയാൾ വിട്ടുംവച്ച് പോയിട്ടുണ്ടെങ്കിൽ ആ ആവശ്യത്തിന് പണം നല്കുന്നത് എക്സിക്യൂട്ടറുടെ കർത്തവ്യമാണ്.

317. ഇൻവൻററിയും കണക്കും.—(1) എക്സിക്യൂട്ടറോ അഡ്മിനിസ്ട്രേററോ പ്രൊബേററിൻേറയോ അഡ്മിനിസ്ട്രേഷൻ പത്രത്തിൻേറയോ അനുദാനം മുതൽ ആറ് മാസത്തിനുള്ളിലോ, അല്ലെങ്കിൽ പ്രൊബേറോ അഡ്മിനിസ്ട്രേഷൻ പത്രമോ അനുദാനം ചെയ്യുന്ന കോടതി നിശ്ചയിക്കുന്ന കൂടുതൽ സമയത്തിനുള്ളിലോ, തൻെറ കൈവശത്തിലുള്ള എല്ലാ വസ്തുവിൻേറയും എക്സിക്യൂട്ടർക്കോ അഡ്മിനിസ്ട്രേററർക്കോ ആ സ്വഭാവത്തിൽ അവകാശമുള്ള, കിട്ടാനുള്ള എല്ലാ തുകകളുടേയും ഏതെങ്കിലും ആളിൽനിന്ന് കിട്ടാനുള്ള എല്ലാ കടങ്ങളുടേയും പൂർണ്ണമായതും സത്യമായതുമായ മതിപ്പ് അടങ്ങുന്ന ഒരു ഇൻവെൻററി ആ കോടതിയിൽ പ്രദർശിപ്പിക്കേണ്ടതും, അതേ രീതിയിൽ അനുദാനം മുതൽ ഒരു വർഷത്തിനുള്ളിലോ, കോടതി നിശ്ചയിക്കുന്ന കൂടുതൽ സമയത്തിനുള്ളിലോ, തൻെറ കൈവശം വന്നിട്ടുള്ള ആസ്തികളും അവ വിനിയോഗിക്കുകയോ വ്യയനം ചെയ്യുകയോ ചെയ്തിട്ടുള്ള രീതിയും കാണിക്കുന്ന എസ്റേററ്കണക്ക് പ്രദർശിപ്പിക്കേണ്ടതും, ആകുന്നു.

(2) ഈ വകുപ്പിൻകീഴിലെ ഇൻവെൻററിയോ കണക്കോ പ്രദർശിപ്പിക്കേണ്ടത് ഏതു ഫാറത്തിലാണെന്ന് ഹൈക്കോടതിക്ക് നിർണ്ണയിക്കാവുന്നതാണ്.

(3) ഈ വകുപ്പിൻകീഴിൽ ഇൻവെൻററിയോ കണക്കോ പ്രദർശിപ്പിക്കാൻ കോടതി ആവശ്യപ്പെടുന്നതിൻമേൽ, അങ്ങനെ ആവശ്യപ്പെടുന്നത് എക്സിക്യൂട്ടറോ അഡ്മിനിസ്ട്രേററോ ഉദ്ദേശ്യപൂർവ്വം അനുസരിക്കാതിരിക്കുന്നുവെങ്കിൽ, അയാൾ ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) 176-ാം വകുപ്പിൻ കീഴിൽ കുററം ചെയ്തിട്ടുള്ളതായി കരുതപ്പെടുന്നതാകുന്നു.

(4) ഉദ്ദേശ്യപൂർവ്വം വ്യാജമായ ഇൻവെൻററിയുടേയോ കണക്കിൻേറയോ ഈ വകുപ്പിൻകീഴിലെ പ്രദർശനം, ആ നിയമസംഹിതയിലെ 193-ാം വകുപ്പിൻ കീഴിൽ കുററമായി കരുതപ്പെടുന്നതാകുന്നു.

318. ഇൻവെൻററി ചില സംഗതികളിൽ ഇൻഡ്യയിലെ ഏതു ഭാഗത്തുമുള്ള വസ്തു ഉൾക്കൊള്ളണമെന്ന്.—ഇൻഡ്യയിൽ എല്ലായിടത്തും പ്രഭാവമുണ്ടാകാൻ ഉദ്ദേശിച്ചിട്ടുള്ള പ്രൊബേറോ അഡ്മിനിസ്ട്രേഷൻപത്രമോ, അനുദാനം ചെയ്തിട്ടുള്ള എല്ലാ സംഗതികളിലും, എക്സിക്യൂട്ടറോ അഡ്മിനിസ്ട്രേററോ മരിച്ചുപോയ ആളുടെ മുതലുകളുടെ ഇൻവെൻററിയിൽ, അയാളുടെ,

ഇൻഡ്യയിൽ സ്ഥിതിചെയ്യുന്ന എല്ലാ ജംഗമവസ്തുവും സ്ഥാവരവസ്തുവും ഉൾപ്പെടുത്തേണ്ടതും, അങ്ങനെയുള്ള ഇൻവെൻററിയിൽ ഓരോ സ്റേറററിലും സ്ഥിതിചെയ്യുന്ന അങ്ങനെയുള്ള വസ്തുവിൻെറ മൂല്യം വെവ്വേറെയായി പ്രസ്താവിക്കേണ്ടതും പ്രൊബേററിനോ അഡ്മിനിസ്ട്രേഷൻ പത്രത്തിനോ, അതു ബാധിക്കുന്ന വസ്തു ഇൻഡ്യയിൽ എവിടെ സ്ഥിതിചെയ്യുന്നതായാലും, അതിൻെറ മുഴുവൻ തുകയ്ക്കോ മൂല്യത്തിനോ ഉള്ള ഫീസ് ചാർജ് ചെയ്യാവുന്നതും ആകുന്നു.

319. മരിച്ചുപോയ ആളുടെ വസ്തുവും അയാൾക്ക് ചെല്ലാനുള്ള കടങ്ങളും സംബന്ധിച്ച്.—എക്സിക്യൂട്ടറോ അഡ്മിനിസ്ട്രേററോ ന്യായമായ ശ്രദ്ധയോടെ, മരിച്ചുപോയ ആളുടെ വസ്തു ശേഖരിക്കുകയും അയാൾക്ക് അയാളുടെ മരണസമയത്ത് തിരിയെ കിട്ടാനുണ്ടായിരുന്ന കടങ്ങൾ പിരിക്കുകയും ചെയ്യേണ്ടതാകുന്നു.

320. എല്ലാ കടങ്ങൾക്കും മുമ്പു കൊടുക്കേണ്ട ചെലവുകൾ.—മരിച്ചുപോയ ആളുടെ സ്ഥാനമാനങ്ങൾ അനുസരിച്ച് ന്യായമായ തുകയ്ക്കുള്ള ശവസംസ്കാരച്ചെലവും, ചികിൽസയ്ക്കുള്ള ഫീസ്, അയാളുടെ മരണത്തിനു മുമ്പുള്ള ഒരു മാസത്തെ ഭക്ഷണത്തിൻേറയും താമസത്തിൻേറയും ചെലവ്, എന്നിവ ഉൾപ്പെടെയുള്ള മരണശയ്യാച്ചെലവുകളും കടങ്ങളെല്ലാം തിരിയെ കൊടുക്കുന്നതിനു മുമ്പ് കൊടുക്കേണ്ടതാകുന്നു.

321. അങ്ങനെയുള്ള ചെലവുകൾക്കുശേഷം അടുത്തതായി കൊടുക്കേണ്ട ചെലവുകൾ.—എസ്റേററ് അഡ്മിനിസ്ററർ ചെയ്യാൻ ആവശ്യമാകുന്ന ഏതെങ്കിലും നീതിന്യായ നടപടികൾക്കായോ അവ സംബന്ധിച്ചോ നേരിടുന്ന കോടതിച്ചെലവ് ഉൾപ്പെടെ പ്രൊബേററോ അഡ്മിനിസ്ട്രേഷൻ പത്രമോ ലഭിക്കുന്നതിനുള്ള ചെലവുകൾ ശവസംസ്കാര ചെലവുകൾക്ക് മരണശയ്യാ ചെലവുകൾക്കുംശേഷം അടുത്തതായി കൊടുക്കേണ്ടതാകുന്നു.

322. അടുത്തതായി ചില സേവനങ്ങൾക്കുള്ള കൂലിയും പിന്നീടു മററു കടങ്ങളും കൊടുക്കേണ്ടതാണെന്ന്.—അടുത്തതായി, മരിച്ചുപോയ ആളുടെ മരണത്തിനു തൊട്ടുമുമ്പുള്ള മൂന്നുമാസകാലത്തിനുള്ളിൽ ഏതെങ്കിലും തൊഴിലാളിയോ കൈത്തൊഴിലുകാരനോ വീട്ടുവേലക്കാരനോ അയാൾക്ക് ചെയ്തുകൊടുത്തിട്ടുള്ള സേവനങ്ങൾക്ക് കൊടുക്കുവാനുള്ള കൂലിയും, പിന്നീട് മരണശാസനകർത്താവിൻെറ മററു കടങ്ങളുടെ യഥാക്രമമുള്ള മുൻഗണനകൾ (വല്ലതുമുണ്ടെങ്കിൽ) അനുസരിച്ച് ആ കടങ്ങളും കൊടുക്കേണ്ടതാകുന്നു.

323. മുൻപറഞ്ഞതൊഴികെ, എല്ലാ കടങ്ങളും സമമായും ആനുപാതികമായും തിരിയെ കൊടുക്കേണ്ടതാണെന്ന്.—മുൻപറഞ്ഞതൊഴികെ, യാതൊരു ഉത്തമർണ്ണനും മറെറാരു ഉത്തമർണ്ണനെ അപേക്ഷിച്ച് മുൻഗണനാവകാശം ഉണ്ടായിരിക്കുന്നതല്ലാത്തതും, എന്നാൽ എക്സിക്യൂട്ടറോ അഡ്മിനിസ്ട്രേററോ മരിച്ചുപോയ ആളുടെ ആസ്തികളുടെ വ്യാപ്തിയോളം തനിക്കുള്ള കടങ്ങൾ ഉൾപ്പെടെ, തൻെറ അറിവിൽപ്പെട്ട എല്ലാ കടങ്ങളും സമമായും ആനുപാതികമായും തിരിയെ കൊടുക്കേണ്ടതുമാകുന്നു.

324. അധിവാസം ഇൻഡ്യയിലല്ലാത്തിടത്ത്, കടങ്ങൾ തിരിയെ കൊടുക്കാൻ ജംഗമവസ്തു വിനിയോഗിക്കുന്നത്.—(1) മരിച്ചുപോയ ആളുടെ അധിവാസം ഇൻഡ്യയിലായിരുന്നില്ലെങ്കിൽ അയാളുടെ കടങ്ങൾ തിരിയെ കൊടുക്കാൻ അയാളുടെ ജംഗമവസ്തു വിനിയോഗിക്കുന്നത് ഇൻഡ്യയുടെ നിയമപ്രകാരം ക്രമപ്പെടുത്തേണ്ടതാകുന്നു.

(2) (1)-ാം ഉപവകുപ്പിന്റെ ബലത്തിൽ തനിക്കുള്ള കടത്തിന്റെ ഒരു ഭാഗം തിരിയെ കിട്ടിയിട്ടുള്ള യാതൊരു ഉത്തമർണ്ണനും, അങ്ങനെ കിട്ടിയത് അയാളെ മററു ഉത്തമർണ്ണൻമാരുടെ ഗുണത്തിനായി കണക്കിൽ കൊണ്ടുവരാത്ത പക്ഷം, മരിച്ചുപോയ ആളുടെ സ്ഥാവര എസ്റേററിൽനിന്ന് കിട്ടുന്നതിൽ ഓഹരിക്ക് അവകാശമുണ്ടായിരിക്കുന്നതല്ല.

(3) ഈ വകുപ്പ്, മരിച്ചുപോയ ആൾ ഹിന്ദുവോ, മുഹമ്മദീയനോ, ബുദ്ധമതക്കാരനോ, സിക്കുകാരനോ, ജൈനനോ ഒഴിവാക്കപ്പെട്ട ആളോ ആണെങ്കിൽ ബാധകമാകുന്നതല്ല.

ദൃഷ്ടാന്തം

ക മുദ്രയുള്ള പ്രമാണങ്ങൾക്ക് മുദ്രയില്ലാത്ത പ്രമാണങ്ങളുടെ മേൽ മുൻ ഗണനയുള്ള ഒരു രാജ്യത്തിൽ അധിവാസം ഉണ്ടായിരിക്കെ, 5,000 രൂപ മൂല്യമുള്ള ജംഗമവസ്തുവും, 10,000 രൂപ മൂല്യമുള്ള സ്ഥാവരവസ്തുവും മുദ്രയുള്ള പ്രമാണങ്ങളിൻമേലുള്ള 10,000 രൂപയുടെ കടവും മുദ്രയില്ലാത്ത പ്രമാണങ്ങളിൻമേലുള്ള അതേ തുകയ്ക്കുള്ള കടവും വിട്ടുംവച്ച് മരിക്കുന്നു. മുദ്രയുള്ള പ്രമാണങ്ങളുടെ ധാരകൻമാരായ ഉത്തമർണ്ണൻമാർക്ക് ജംഗമ എസ്റേററിൽനിന്ന് കിട്ടിയതിൽനിന്ന് തങ്ങളുടെ കടത്തിന്റെ പകുതി കിട്ടുന്നു. സ്ഥാവരവസ്തുവിൽനിന്ന് കിട്ടുന്നത് മുദ്രയില്ലാത്ത പ്രമാണങ്ങളുടെ മേലുള്ള കടത്തിന്റെ പകുതി കൊടുത്തു തീർക്കുന്നതുവരെ ആ കടങ്ങൾ തിരിയെ കൊടുക്കാൻ വിനിയോഗിക്കേണ്ടതാണ്. ഇത് 5,000 രൂപ അവശേഷിപ്പിക്കുന്നതും, അത് വ്യത്യാസം കൂടാതെ എല്ലാ ഉത്തമർണ്ണൻമാർക്കുമിടയിൽ, അവർക്ക് കിട്ടാനുള്ള ബാക്കിയുടെ അനുപാതത്തിൽ, നിരക്കനുസരിച്ച് വീതിക്കേണ്ടതും ആകുന്നു.

325. <u>കടങ്ങൾ ഒസ്യത്തുമുതലുകൾക്ക് മുമ്പ് തിരിയെ കൊടുക്കേണ്ടതാണെന്ന്.</u>—ഏതൊരു തരത്തിലുള്ള കടങ്ങളും ഏത് ഒസ്യത്തു മുതലിനും മുമ്പ് കൊടുക്കേണ്ടതാകുന്നു.

326. <u>നഷ്ടോത്തരവാദം കൂടാതെ ഒസ്യത്തു മുതൽ കൊടുക്കാൻ എക്സിക്യൂട്ടറോ അഡ്മിനിസ്ട്രേററോ ബാദ്ധ്യസ്ഥനല്ലെന്ന്.</u>— മരിച്ചുപോയ ആളുടെ എസ്റേററ്, ഏതെങ്കിലും ആകസ്മിക ബാദ്ധ്യതകൾക്ക് വിധേയമാണെങ്കിൽ, ആ ബാദ്ധ്യതകൾ കൊടുക്കാനുള്ളതായിത്തീരുന്നതെപ്പോഴായാലും, അവ നേരിടാൻ മതിയായ നഷ്ടോത്തരവാദം കൂടാതെ ഏതെങ്കിലും ഒസ്യത്തു മുതൽ കൊടുക്കാൻ എക്സിക്യൂട്ടറോ അഡ്മിനിസ്ട്രേററോ ബാദ്ധ്യസ്ഥനല്ല.

327. <u>സാമാന്യ ഒസ്യത്തുമുതലുകളുടെ ഉപശമനം.</u>—കടങ്ങളും, ആവശ്യകമായ ചെലവുകളും വിനിർദ്ദിഷ്ടമായ ഒസ്യത്തുമുതലുകളും കൊടുത്തതിനുശേഷം, ആസ്തികൾ, എല്ലാ സാമാന്യ ഒസ്യത്തു മുതലുകളും പൂർണ്ണമായി കൊടുക്കാൻ മതിയാകുന്നില്ലെങ്കിൽ ഒടുവിൽ പറഞ്ഞത് സമാനുപാതത്തിൽ ഉപശമിക്കുകയോ കുറയുകയോ ചെയ്യുന്നതും, മരണശാസന പത്രത്തിലെ, വിപരീതമായ ഏതെങ്കിലും നിദേശത്തിന്റെ അഭാവത്തിൽ, എക്സിക്യൂട്ടർക്ക് മറെറാരു ഒസ്യത്തവകാശിയെ അപേക്ഷിച്ച് മുൻഗണന നല്കിക്കൊണ്ട് പണം കൊടുക്കുവാനോ, തനിക്കോ, താൻ ആർക്കുവേണ്ടിയുള്ള ട്രസ്ററിയാണോ ആ ആൾക്കോ ഉള്ള ഒരു ഒസ്യത്ത് കാരണമാക്കി ഏതെങ്കിലും പണം കൈവശം വച്ചുകൊള്ളാനോ അവകാശം ഇല്ലാത്തതും ആകുന്നു.

328. ആസ്തികം, കടങ്ങരം തീരിയെ കൊടുക്കുവാൻ മതിയായിരിക്കുമ്പോരം വിനിർദ്ദിഷ്ടമായ ഒസ്യത്ത് മുതൽ ഉപശമിക്കാതിരിക്കുന്നത്.—ഒരു വിനിർദ്ദിഷ്ടമായ ഒസ്യത്തുണ്ടായിരിക്കുകയും, ആസ്തികം കടങ്ങരം തീരിയെ കൊടുക്കുന്നതിനും ആവശ്യകമായ ചെലവുകരംക്കും മതിയായിരിക്കുകയും ചെയ്യുന്നിടത്ത്, വിനിർദ്ദിഷ്ടമായ സാധനം യാതൊരു ഉപശമനവും കൂടാതെ ഒസ്യത്തവകാശിക്ക് നല്കേണ്ടതാകുന്നു.

329. ആസ്തികം കടങ്ങളും, ആവശ്യകമായ ചെലവുകളും കൊടുക്കുന്നതിന് മതിയായിരിക്കുമ്പോരം, നിദർശക ഒസ്യത്തിൻകീഴിലുള്ള അവകാശം.—ഒരു നിദർശക ഒസ്യത്തുണ്ടായിരിക്കുകയും ആസ്തികം കടങ്ങരം തിരിയെ കൊടുക്കുന്നതിനും ആവശ്യകമായ ചെലവുകരംക്കും മതിയായിരിക്കുകയും ചെയ്യുന്നിടത്ത്, ഒസ്യത്തവകാശിക്ക് തനിക്കുള്ള ഒസ്യത്തുമുതൽ, അത് ഏതു ഫണ്ടിൽനിന്ന് കൊടുക്കാനാണോ നിദേശിച്ചിട്ടുള്ളത്, ആ ഫണ്ട് തീരുന്നതുവരെ, അതിൽനിന്ന് കിട്ടാൻ മുൻഗണനാവകാശമുണ്ടായിരിക്കുന്നതും, ഫണ്ട് തീർന്നതിനുശേഷം ഒസ്യത്തുമുതലിന്റെ ഒരു ഭാഗം പിന്നെയും കൊടുക്കാൻ ബാക്കിയാണെങ്കിൽ, സാമാന്യ ആസ്തികരംക്കെതിരായി ആ ബാക്കിസംബന്ധിച്ച്, അങ്ങനെയുള്ള ബാക്കിയുടെ തുകയ്ക്കുള്ള ഒരു ഒസ്യത്തു മുതൽ സംബന്ധിച്ചെന്നപോലെയുള്ള പദവി ഉണ്ടായിരിക്കുന്നതും ആകുന്നു.

330. വിനിർദ്ദിഷ്ടമായ ഒസ്യത്ത് മുതലുകളുടെ ആനുപാതികമായ ഉപശമനം.—ആസ്തികം, കടങ്ങളും, വിനിർദ്ദിഷ്ടമായ മരണ ഒസ്യത്തുകളും കൊടുത്തുതീർക്കുവാൻ മതിയാകുന്നില്ലെങ്കിൽ, രണ്ടാമത് പറഞ്ഞതിൽനിന്ന് അവയുടെ യഥാക്രമമുള്ള തുകകളുടെ അനുപാതത്തിൽ ഉപശമനം ചെയ്യുന്നതാകുന്നു.

ദൃഷ്ടാന്തം

ക, ഖ യ്ക്ക്, 500 രൂപ മൂല്യമുള്ള ഒരു വൈരമോതിരവും ഗയ്ക്ക് 1000 രൂപ മൂല്യമുള്ള ഒരു കുതിരയേയും ഒസ്യത്ത് ചെയിതിട്ടുണ്ട്. മരണശാസനകർത്താവിന്റെ എല്ലാ മുതലുകളും വില്ക്കേണ്ടത് ആവശ്യമായിക്കാണുന്നു. കടങ്ങരം തിരിയെ കൊടുത്തതിനുശേഷം അയാളുടെ ആസ്തികം 1000 രൂപ മാത്രമേ ഉള്ളൂ. ഈ തുകയിൽനിന്ന് 333-5-4 രൂപ ഖ യ്ക്കും 666-10-8 രൂപ ഗ യ്ക്കും കൊടുക്കേണ്ടതാണ്.

331. ഉപശമനാവശ്യത്തിന് സാമാന്യമെന്ന് പരിഗണിക്കപ്പെടുന്ന ഒസ്യത്തുകരം.—ഉപശമനാവശ്യത്തിന്, ഒരു ആജീവനാന്ത ഒസ്യത്തും, ഒരു വർഷാശനം ഉണ്ടാക്കാൻ മരണശാസനം നീക്കിവയ്ക്കുന്ന ഒരു തുകയും, ഉണ്ടാക്കുന്നതിന് തുക നീക്കിവച്ചിട്ടില്ലാത്ത ഒരു വർഷാശനത്തിന്റെ മൂല്യവും സാമാന്യ ഒസ്യത്തുകളായി പരിഗണിക്കപ്പെടുന്നതാകുന്നു.

## അദ്ധ്യായം VIII

## എക്സിക്യൂട്ടറോ അഡ്മിനിസ്ട്രേററോ ഒസ്യത്തിന് അനുമതി നല്കുന്നതിനെക്കുറിച്ച്

332. ഒസ്യത്തവകാശിയുടെ ഉടമാവകാശം പൂർത്തിയാക്കാൻ അനുമതി ആവശ്യമാണെന്ന്.—ഒസ്യത്തവകാശിക്ക്, അയാളുടെ ഒസ്യത്തു മുതലിനുള്ള ഉടമാവകാശം പൂർത്തിയാക്കുന്നതിന് എക്സിക്യൂട്ടറുടേയോ അഡ്മിനിസ്ട്രേററുടേയോ അനുമതി ആവശ്യമാകുന്നു.

## ദൃഷ്ടാന്തങ്ങൾ

(i) ക, ഇംപീരിയൽ ബാങ്ക് അഫ് ഇൻഡ്യയിൽ ഡെപ്പോസിററിലുള്ള തന്റെ ഗവൺമെൻറ് പത്രം തന്റെ മരണശാസനം വഴി ഖ യ്ക്ക് ഒസ്യത്ത് ചെയ്യുന്നു. എക്സിക്യൂട്ടറുടെ അനുമതി കൂടാതെ, ഈടുപത്രങ്ങൾ ഡെലിവർ ചെയ്യാൻ ബാങ്കിന് പ്രാധികാരമോ, അവ കൈവശപ്പെടുത്തുവാൻ ഖ യ്ക്ക് അവകാശമോ ഇല്ല.

(ii) ക, ഖ യ്ക്കുള്ള വാടകയേല്പിക്കപ്പെട്ട കൽക്കട്ടയിലെ തന്റെ വീട് ഗ യ്ക്ക് തന്റെ മരണശാസനംവഴി ഒസ്യത്ത് ചെയ്യുന്നു. എക്സിക്യൂട്ടറുടേയോ അഡ്മിനിസ്ട്രേററുടേയോ അനുമതി കൂടാതെ വാടക വാങ്ങാൻ ഗ യ്ക്ക് അവകാശമില്ല.

333. വിനിർദ്ദിഷ്ടമായ ഒസ്യത്തിന് എക്സിക്യൂട്ടർ അനുമതി നല്കുന്നതിന്റെ പ്രഭാവം.—(i) വസ്തുവിന്റെ പ്രകൃതമോ പരിതഃസ്ഥിതികളോ, അത് ഒരു പ്രത്യേക വിധത്തിൽ കൈമാററം ചെയ്യപ്പെടേണ്ടതാണെന്ന് ആവശ്യപ്പെടാത്തപക്ഷം, ഒരു പ്രത്യേക ഒസ്യത്തിനുള്ള എക്സിക്യൂട്ടറുടേയോ അഡ്മിനിസ്ട്രേററുടേയോ അനുമതി, അതിൽ, അയാൾക്ക് എക്സിക്യൂട്ടറോ അഡ്മിനിസ്ട്രേററോ എന്ന നിലയിൽ ഉള്ള അവകാശം അയാളിൽനിന്ന് എടുത്തുകളയാനും ഒസ്യത്തിന് വിഷയമായത് ഒസ്യത്തവകാശി കൈമാററം ചെയ്യാനും മതിയായിരിക്കുന്നതാണ്.

(2) ഈ അനുമതി വാക്കാലുള്ളതായിരിക്കാവുന്നതും, അതു പ്രകടമായതോ എക്സിക്യൂട്ടറുടേയോ അഡ്മിനിസ്ട്രേററുടേയോ പെരുമാററത്തിൽ നിന്ന് വ്യംഗ്യമായതോ ആയിരിക്കാവുന്നതുമാണ്.

## ദൃഷ്ടാന്തങ്ങൾ

(i) ഒരു കുതിരയെ ഒസ്യത്ത് ചെയ്തിരിക്കുന്നു. എക്സിക്യൂട്ടർ ഒസ്യത്തവകാശിയോട് അതിനെ വില്ക്കാൻ അപേക്ഷിക്കുകയോ അല്ലെങ്കിൽ ഒരു മൂന്നാംകക്ഷി എക്സിക്യൂട്ടറിൽനിന്ന് കുതിരയെ വിലയ്ക്ക് വാങ്ങണമെന്ന നിർദ്ദേശം ഉന്നയിക്കുകയും, ഒസ്യത്തവകാശിയോട് അപേക്ഷിക്കാൻ അയാളോട് എക്സിക്യൂട്ടർ നിദേശിക്കുകയും ചെയ്യുകയോ ചെയ്യുന്നു. ഒസ്യത്തിനുള്ള അനുമതി വ്യംഗ്യമാണ്.

(ii) ഒരു ഫണ്ടിന്റെ പലിശ, ഒസ്യത്തവകാശിയുടെ മൈനാറിററിക്കാലത്ത് അയാളുടെ സംരക്ഷണത്തിന് ഉപയോഗിക്കാൻ മരണശാസനം നിദേശിക്കുന്നു. എക്സിക്യൂട്ടർ അത് അപ്രകാരം ഉപയോഗിക്കാൻ ആരംഭിക്കുന്നു. ഇത് ഒസ്യത്തിന് മുഴുവനുമുള്ള അനുമതിയാണ്.

(iii) ക യ്ക്കും, അയാൾക്കുശേഷം ഖ യ്ക്കും ആയി ഒരു ഫണ്ട് ഒസ്യത്ത് ചെയ്യുന്നു. എക്സിക്യൂട്ടർ ക യ്ക്ക് ഫണ്ടിന്റെ പലിശ കൊടുക്കുന്നു. ഇത് ഖ യുടെ ഒസ്യത്തിനുള്ള വ്യംഗ്യമായ അനുമതിയാണ്.

(iv) മരണശാസനകർത്താവിന്റെ എല്ലാ കടങ്ങളും തിരിയെ കൊടുത്തതിനുശേഷവും, എന്നാൽ വിനിർദ്ദിഷ്ടമായ ഒസ്യത്തുകൾ കൊടുത്തുതീർക്കുന്നതിനുമുമ്പും ആയി എക്സിക്യൂട്ടർമാർ മരിക്കുന്നു. ഒസ്യത്തുകൾക്കുള്ള അനുമതി അനുമാനിക്കാവുന്നതാണ്.

(v) വിനിർദ്ദിഷ്ടമായ ഒരു സാധനം ഒസ്യത്ത് ചെയ്യപ്പെട്ട ആൾ എക്സിക്യൂട്ടറുടെ ഭാഗത്തുനിന്നുള്ള യാതൊരു ആക്ഷേപവും കൂടാതെ കൈവശമെടുക്കുകയും വച്ചുകൊള്ളുകയും ചെയ്യുന്നു. അയാളുടെ അനുമതി അനുമാനിക്കപ്പെടാവുന്നതാണ്.

334. <u>സോപാധികമായ അനുമതി.</u>—ഒരു ഒസ്യത്തിനുള്ള എക്സിക്യൂട്ടറുടേയോ അഡ്മിനിസ്ട്രേറ്ററുടേയോ അനുമതി സോപാധികമായിരിക്കാവുന്നതും, ആ ഉപാധി അയാൾക്ക് പ്രാവർത്തികമാക്കാൻ അവകാശമുള്ള ഒന്നായിരിക്കുകയും, അത് നിർവ്വഹിക്കപ്പെടാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ അനുമതി ഇല്ലാതിരിക്കുന്നതും ആകുന്നു.

ദൃഷ്ടാന്തങ്ങൾ

ക മരണശാസനത്തീയതിയിലും തന്റെ മരണസമയത്തും 10 000 രൂപയുടെ ഒരു പണയത്തിന് വിധേയമായിരുന്ന തന്റെ സുൽത്താൻപൂരിലെ ഭൂമികൾ ഖ യ്ക്ക് ഒസ്യത്ത് ചെയ്യുന്നു. മരണശാസനകർത്താവിന്റെ മരണസമയത്ത് പണയപ്രകാരം കൊടാക്കാനുള്ള തുക, ഖ ഒരു പരിമിത സമയത്തിനുള്ളിൽ കൊടുക്കേണ്ടതാണെന്ന ഉപാധിയിൻമേൽ എക്സിക്യൂട്ടർ ഒസ്യത്തിന് അനുമതി നല്കുന്നു. തുക കൊടുക്കുന്നില്ല. അനുമതിയില്ല.

(ii) ഒസ്യത്തവകാശി തനിക്ക് ഒരു തുക നല്കണമെന്ന ഉപാധിയിൻമേൽ എക്സിക്യൂട്ടർ ഒരു ഒസ്യത്തിന് അനുമതി നല്കുന്നു. തുക നല്കുന്നില്ല. എന്നിരുന്നാലും അനുമതി സാധുവാണ്.

335. <u>തനിക്കുതന്നെയുള്ള ഒസ്യത്തിന് എക്സിക്യൂട്ടറുടെ അനുമതി.</u>—(i) എക്സിക്യൂട്ടറോ അഡ്മിനിസ്ട്രേറ്ററോ ഒരു ഒസ്യത്തവകാശിയായിരിക്കുമ്പോൾ, തനിക്കുതന്നെയുള്ള ഒസ്യത്തിന് തന്റെ ഉടമാവകാശം പൂർത്തിയാക്കാൻ അതിനുള്ള തന്റെ അനുമതി ഒസ്യത്ത് മററാരാൾക്ക് ആയിരിക്കുമ്പോൾ വേണ്ട അതേവ ധത്തിൽ ആവശ്യമായിരിക്കുന്നതും, അയാളുടെ അനുമതി സദൃശ രീതിയിൽ പ്രകടമോ വ്യംഗ്യമോ ആയിരിക്കാവുന്നതും ആണ്.

(2) വസ്തു. അയാൾ അഡ്മിനിസ്റ്റർ ചെയ്യുന്ന രീതിയിൽ ഒസ്യത്തവകാശിയെന്ന അയാളുടെ നിലയിൽ ചെയ്തതായി കല്പിക്കപ്പെടാവുന്നതും, എക്സിക്യൂട്ടറോ അഡ്മിനിസ്ട്രേറ്ററോ എന്ന അ യാ ളു ടെ നിലയിൽ പ്രവൃത്തി ചെയ്തതായി കല്പിക്കപ്പെടാവുന്നതല്ലാത്തതുമായ ഏതെങ്കിലും കൃത്യം അയാൾ ചെയ്യുന്നുവെങ്കിൽ, അനുമതി വ്യംഗ്യമായിരിക്കുന്നതാണ്.

ദൃഷ്ടാന്തം

ഒരു എക്സിക്യൂട്ടർ, തനിക്ക് ഒസ്യത്ത് ചെയ്യപ്പെട്ടിട്ടുള്ള ഒരു വീടിന്റെ വാടകയോ ഗവൺമെന്റ് ഈടുപത്രങ്ങളുടെ പല ശയോ എടുക്കുകയും, അത് തന്റെ സ്വന്തം ഉപയോഗത്തിനായി വിനിയോഗിക്കുകയും ചെയ്യുന്നു. ഇത് അനുമതിയാണ്.

336. <u>എക്സിക്യൂട്ടറുടെ അനുമതിയുടെ പ്രഭാവം.</u>—ഒസ്യത്തിന് എക്സിക്യൂട്ടറോ അഡ്മിനിസ്ട്രേറ്ററോ നല്കുന്ന അനുമതി, ഒസ്യത്തിന് മരണശാസനകർത്താവിന്റെ മരണം മുതൽ പ്രഭാവം നല്കുന്നു.

ദൃഷ്ടാന്തങ്ങൾ

ഒരു ഒസ്യത്തവകാശി തനിക്കുള്ള ഒസ്യത്തുമുതൽ എക്സിക്യൂട്ടർ ഒസ്യത്തിന് അനുമതി നല്കുന്നതിനുമുമ്പ് വില്ക്കുന്നു.– എക്സിക്യൂട്ടറുടെ പിന്നീടുള്ള അനുമതി ക്രേതാവിന്റെ ഗുണത്തിനായി പ്രവർത്തിക്കുകയും, ഒസ്യത്തുമുതലിനുള്ള അയാളുടെ ഉടമാവകാശം പൂർത്തിയാക്കുകയും ചെയ്യുന്നു.

(ii) ക, തന്റെ മരണം മുതല്ക്കുള്ള പലിശയോടുകൂടി, 1000 രൂപ ഖ യ്ക്ക് ഒസ്യത്ത് ചെയ്യുന്നു. ക യുടെ മരണം മുതൽ ഒരു വർഷം കഴിയുന്നതുവരെ എക്സിക്യൂട്ടർ ഖ യ്ക്കുള്ള ഒസ്യത്തിന് അനുമതി നല്കുന്നില്ല. ഖ യ്ക്ക് ക യുടെ മരണം മുതൽ പലിശയ്ക്ക് അവകാശമുണ്ട്.

337. എക്സിക്യൂട്ടർ ഒസ്യത്തുമുതലുകൾ നല്കേണ്ടത് എപ്പോഴെന്ന്.— മരണശാസനകർത്താവിന്റെ മരണം മുതൽ ഒരു വർഷം കഴിയുന്നതുവരെ ഏതെങ്കിലും ഒസ്യത്തുമുതലിന്റെ പണം കൊടുക്കാനോ ഒസ്യത്തുമുതൽ നല്കാനോ എക്സിക്യൂട്ടറോ അഡ്മിനിസ്ട്രേററോ ബാദ്ധ്യസ്ഥനല്ല.

ദൃഷ്ടാന്തം

തന്റെ മരണത്തിനുശേഷം ആറുമാസത്തിനുള്ളിൽ തന്റെ ഒസ്യത്തുമുതലുകളുടെ പണം കൊടുക്കണമെന്ന് ക തന്റെ മരണശാസനപ്രകാരം നിദേശിക്കുന്നു. ഒരു വർഷം കഴിയുന്നതിനുമുമ്പ് അവയുടെ പണം കൊടുക്കാൻ എക്സിക്യൂട്ടർ ബാദ്ധ്യസ്ഥനല്ല.

## അദ്ധ്യായം IX

## വർഷാശനങ്ങളുടെ പണം കൊടുക്കലും വീതിക്കലും

338. മരണശാസനം സമയം നിശ്ചയിച്ചിട്ടില്ലാത്തപ്പോൾ വർഷാശനത്തിന്റെ പ്രാരംഭം.—ഒരു വർഷാശനം ഒരു മരണശാസനപ്രകാരം നല്കിയിരിക്കുകയും, അതിന്റെ പ്രാരംഭത്തിന് സമയം നിശ്ചയിച്ചിട്ടില്ലാതിരിക്കുകയും ചെയ്യുന്നിടത്ത്, അത് മരണശാസനകർത്താവിന്റെ മരണം മുതൽ ആരംഭിക്കേണ്ടതും, ആദ്യത്തെ തവണയുടെ പണം ആ സംഭവത്തിനുശേഷം ഒരു വർഷം കഴിയുമ്പോൾ കൊടുക്കേണ്ടതും ആകുന്നു.

339. ത്രൈമാസികമായോ പ്രതിമാസമായോ പണം കൊടുക്കേണ്ട വർഷാശനത്തിന് ആദ്യമായി പണം കൊടുക്കാനുള്ളതായിത്തീരുന്നത് എപ്പോഴെന്ന്.—വർഷാശനത്തിന്റെ പണം ത്രൈമാസികമായോ പ്രതിമാസമായോ കൊടുക്കേണ്ടതാണെന്ന് നിദേശമുള്ളിടത്ത്.—ആദ്യത്തെ തവണയിലെ പണം മരണശാസനകർത്താവിന്റെ മരണശേഷം അതതു സംഗതിപോലെ ആദ്യത്തെ മൂന്നു മാസമോ ആദ്യത്തെമാസമോ അവസാനിക്കുന്നതോടെ കൊടുക്കാനുള്ളതായിത്തീരുന്നതും, അത് എക്സിക്യൂട്ടർക്കോ അഡ്മിനിസ്ട്രേറർക്കോ യുക്തമെന്നുതോന്നുന്നു എങ്കിൽ അത് കൊടക്കാനുള്ളതായിത്തീരുമ്പോൾ കൊടുക്കേണ്ടതും എന്നാൽ ആ വർഷത്തിന്റെ അവസാനംവരെ അതു കൊടുക്കാൻ എക്സിക്യൂട്ടറോ അഡ്മിനിസ്ട്രേററോ ബാദ്ധ്യസ്ഥനല്ലാത്തതും ആകുന്നു.

340. ആദ്യത്തവണയിലെ പണം ഒരു വിനിർദ്ദിഷ്ട സമയത്തിനുള്ളിലോ ഒരു നിശ്ചിത ദിവസമോ കൊടുക്കേണ്ടതാണെന്നു നിദേശിച്ചിട്ടുള്ളപ്പോൾ അനുക്രമമായ തവണകളിലെ പണം കൊടുക്കേണ്ട തീയതികൾ, പണം കൊടുക്കാനുള്ള തീയതിക്കു മുൻപ് വർഷാശനക്കാരന്റെ മരണം. (1) ഒരു വർഷാശനത്തിന്റെ ആദ്യത്തവണയിലെ പണം മരണശാസനകർത്താവിന്റെ മരണം മുതൽ ഒരു മാസത്തിനുള്ളിലോ, മറേറതെങ്കിലും സമയവിഭാഗത്തിനുള്ളിലോ, അല്ലെങ്കിൽ ഒരു നിശ്ചിതദിവസമോ കൊടുക്കേണ്ടതാണെന്ന് നിദേശമുള്ളിടത്ത്, അനുക്രമമായ തവണകളിലെ പണം ആദ്യത്തവണയിലെ പണം കൊടുക്കാൻ മരണശാസനം പ്രാധികാരപ്പെടുത്തുന്ന ഏററവും മുമ്പിലത്തെ ദിവസത്തിന്റെ വാർഷികദിനത്തിൽ കൊടുക്കേണ്ടതാകുന്നു.

പണം കൊടുക്കേണ്ട സമയങ്ങൾക്കിടയിൽ വർഷാശനക്കാരൻ മരിച്ചുപോകുന്നുവെങ്കിൽ വർഷാശനത്തിന്റെ വീതിക്കപ്പെട്ട പ്രകാരമുള്ള ഓഹരി അയാളുടെ പ്രതിനിധികൾക്ക് കൊടുക്കേണ്ടതാകുന്നു.

അദ്ധ്യായം X

## ഒസ്യത്തു മുതൽ നല്കുന്നതിന് ഏർപ്പാടു ചെയ്യാൻ പണം നിക്ഷേപിക്കുന്നത്

341. വിനിർദ്ദിഷ്ടമായതല്ലാത്ത ഒസ്യത്ത് ആജീവനാന്തമായി നല്കിയിട്ടുള്ളിടത്ത്, ഒസ്യത്ത് ചെയ്ത തുക നിക്ഷേപിക്കുന്നത്.—ഒരു ഒസ്യത്ത്, വിനിർദ്ദിഷ്ടമായതല്ലാതിരിക്കെ ആജീവനാന്തമായി നല്കിയിട്ടുള്ളിടത്ത്, ഒസ്യത്ത്ചെയ്ത തുക ഹൈക്കോടതി, ഏതെങ്കിലും സാമാന്യ ചട്ടത്താൽ പ്രാധികാരപ്പെടുത്തുകയോ നിർദ്ദേശിക്കുകയോ ചെയ്യുന്ന ഈടുകളിൽ വർഷാവസാനം നിക്ഷേപിക്കേണ്ടതും, അതിൽ നിന്നുള്ള വരവ്, അത് സിദ്ധിക്കുന്നതോടെ ഒസ്യത്തവകാശിക്ക് കൊടുക്കേണ്ടതും ആകുന്നു.

342. ഭാവിയിൽ ഒരു സമയത്ത് കൊടുക്കേണ്ട സാമാന്യ ഒസ്യത്തിന്റെ തുക നിക്ഷേപിക്കുന്നത്:— ഇടക്കാലത്തെ പലിശയുടെ വിനിയോഗം. (1) ഒരു സമാന്യ ഒസ്യത്ത് ഭാവിയിൽ ഒരു സമയത്ത് പണം കൊടുക്കേണ്ടതായി നല്കിയിട്ടുള്ളിടത്ത്, എക്സിക്യൂട്ടറോ അഡ്മിനിസ്ട്രേററോ, അതു നേരിടാൻ മതിയായ തുക, 341-ാം വകുപ്പിൽ പറഞ്ഞതരത്തിലുള്ള ഈടുകളിൽ നിക്ഷേപിക്കേണ്ടതാകുന്നു.

(2) ഇടക്കാലത്തെ പലിശ മരണശാസനകർത്താവിന്റെ എസ്റേററിന്റെ അവശേഷത്തിന്റെ ഭാഗമായിത്തീരുന്നതാണ്.

343. വർഷാശനത്തിന് യാതൊരു ഫണ്ടും ചാർജ്ജാക്കുകയോ നീക്കിവയ്ക്കുകയോ ചെയ്യാത്തപ്പോഴുള്ള നടപടിക്രമം. ഒരു വർഷാശനം നല്കിയിരിക്കുകയും, യാതൊരു ഫണ്ടും അതിന്റെ പണം കൊടുക്കാനായി ചാർജ്ജാക്കുകയോ, അത് നേരിടാനായി മരണശാസനപ്രകാരം നീക്കി വയ്ക്കുകയോ ചെയ്യാത്തിടത്ത്, ആ വിനിർദ്ദിഷ്ടമായ തുകയ്ക്കുള്ള ഒരു ഗവൺമെൻറ് വർഷാശനം വിലയ്ക്ക് വാങ്ങുകയോ, അല്ലെങ്കിൽ അങ്ങനെയുള്ള വർഷാശനം ലഭിക്കാൻ കഴിയുന്നില്ലെങ്കിൽ ആ വർഷാശനം ഉണ്ടാക്കാൻ മതിയായ ഒരു തുക അതിനുവേണ്ടി 341-ാം വകുപ്പിൽ പറഞ്ഞ തരത്തിലുള്ള ഈടുകളിൽ നിക്ഷേപിക്കുകയോ ചെയ്യേണ്ടതാകുന്നു.

344. സമാശ്രിത ഒസ്യത്ത് അവശേഷിക്കുന്ന ഒസ്യത്തവകാശിക്ക കൈമാററം ചെയ്യുന്നത്.— ഒരു ഒസ്യത്ത് സമാശ്രിതമായിരിക്കുന്നിടത്ത്, എക്സിക്യൂട്ടറോ അഡ്മിനിസ്ട്രേററോ ഒസ്യത്തുമുതലിന്റെ തുക നിക്ഷേപിക്കുവാൻ ബാധ്യസ്ഥനല്ലാത്തതും, എന്നാൽ അയാാക്ക് എസ്റേററിന്റെ മുഴുവൻ അവശേഷവും, അവശേഷിക്കുന്ന ഒസ്യത്തവകാശി ആരെങ്കിലും ഉണ്ടെങ്കിൽ അയാാക്ക് ഒസ്യത്തു മുതലിന്റെ പണം, അതു കൊടുക്കാനുള്ളതായിത്തീരുമ്പോാം കൊടുക്കാൻ മതിയായ ഈട് നല്കുന്നതിൻമേൽ കൈമാററം ചെയ്യാവുന്നതുമാണ്.

345. പ്രത്യേക ഈടുകളിൽ നിക്ഷേപിക്കാനുള്ള നിദേശം കൂടാതെ ആജീവനാന്തമായി ഒസ്യത്തു ചെയ്യുന്ന അവശേഷം നിക്ഷേപിക്കുന്നത്. (1) മരണശാസന കർത്താവ് തന്റെ എസ്റേററിന്റെ അവശേഷം, അത് ഏതെങ്കിലും പ്രത്യേക ഈടുകളിൽ നിക്ഷേപിക്കാനുള്ള ഏതെങ്കിലും നിദേശം കൂടാതെ ഒരാാക്ക് ആജീവനാന്തമായി ഒസ്യത്ത് ചെയ്തിരിക്കുന്നിടത്ത്,

അതിൽ മരണശാസന കർത്താവിന്റെ മരണസമയത്ത് 341-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള ഈടുകളിൽ നിക്ഷേപിച്ചിട്ടില്ലാത്തിടത്തോളമുള്ളത് പണമായി മാററുകയും, അങ്ങനെയുള്ള ഈടുകളിൽ നിക്ഷേപിക്കുകയും ചെയ്യേണ്ടതാകുന്നു.

(2) ഈ വകുപ്പ് മരിച്ചുപോയ ആൾ ഹിന്ദുവോ, മുഹമ്മദീയനോ, ബുദ്ധമതക്കാരനോ, സിക്കുകാരനോ, ജൈനനോ, ഒഴിവാക്കപ്പെട്ട ആളോ ആയിരുന്നുവെങ്കിൽ ബാധകമാകുന്നതല്ല.

346. പ്രത്യേകമായ ഈടുകളിൽ നിക്ഷേപിക്കാനുള്ള നിദേശത്തോടുകൂടി ആജീവനാന്തമായി ഒസ്യത്തുചെയ്യുന്ന അവശേഷം നിക്ഷേപിക്കുന്നത്.— മരണശാസനകർത്താവ്, തന്റെ എസ്റേററിന്റെ അവശേഷം അത് ചില വിനിർദ്ദിഷ്ടമായ ഈടുകളിൽ നിക്ഷേപിക്കേണ്ടതാണെന്ന നിദേശത്തോടുകൂടി ഒരാൾക്ക് ആജീവനാന്തമായി ഒസ്യത്തു ചെയ്തിട്ടുള്ളിടത്ത്, അയാളുടെ മരണസമയത്ത്, വിനിർദ്ദിഷ്ടമായ തരത്തിലുള്ള ഈടുകളിൽ നിക്ഷേപിച്ചിട്ടില്ലാത്തിടത്തോളമുള്ള എസ്റേററ് പണമായി മാററുകയും അങ്ങനെയുള്ള ഈടുകളിൽ നിക്ഷേപിക്കുകയും ചെയ്യേണ്ടതാകുന്നു.

347. മാററുകയും നിക്ഷേപിക്കുകയും ചെയ്യുന്നതിന്റെ സമയവും രീതിയും.— 345-ം 346-ം വകുപ്പുകൾ വിഭാവനം ചെയ്യുന്ന മാററലും നിക്ഷേപിക്കലും എക്സിക്യൂട്ടർക്കോ അഡ്മിനിസ്ട്രേറ്റർക്കോ യുക്തമെന്നു തോന്നുന്ന സമയങ്ങളിലും രീതിയിലും ആയിരിക്കേണ്ടതും, അങ്ങനെയുള്ള മാററലും നിക്ഷേപിക്കലും പൂർത്തിയാകുന്നതുവരെ, അപ്രകാരം നിക്ഷേപിക്കുന്നതായാൽ ഫണ്ടിന്റെ ആദായത്തിന് തൽസമയം അവകാശമുണ്ടാകുമായിരിന്ന ആൾക്ക്, ഫണ്ടിന്റെ അപ്രകാരം നിക്ഷേപിക്കപ്പെട്ടിട്ടില്ലാത്തിടത്തോളമുള്ള ഭാഗത്തിന്റെ കമ്പോളവിലയിൻമേൽ (ഇത് മരണശാസനകർത്താവിന്റെ മരണത്തീയതിക്കുള്ളതുപോലെ കണക്കു കൂട്ടേണ്ടതാണ്) പ്രതിവർഷം നാലുശതമാനം നിരക്കിലുള്ള പലിശ കിട്ടേണ്ടതുമാകുന്നു:

എന്നാൽ മരണ ശാസനകർത്താവ് ഹിന്ദുവോ, മുഹമ്മദീയനോ, ബുദ്ധമതക്കാരനോ, സിക്കുകാരനോ, ജൈനനോ, ഒഴിവാക്കപ്പെട്ട ആളോ ആയിരുന്നാൽ, നിക്ഷേപിക്കൽ പൂത്തിയാകുന്നതിനു മുമ്പിലത്തെ പലിശനിരക്ക് ആറുശതമാനമായിരിക്കേണ്ടതാകുന്നു.

348. ഒസ്യത്ത് ചെയ്തതിന്റെ പണമോ കൈവശമോ ഉടനെ കിട്ടാൻ മൈനർക്ക് അവകാശമുണ്ടായിരിക്കുകയും അയാൾക്കുവേണ്ടി ഒരാൾക്ക് പണം കൊടുക്കാൻ നിദേശം ഇല്ലാതിരിക്കുകയും ചെയ്യുന്നിടത്തെ നടപടിക്രമം.— (1) ഒരു ഒസ്യത്തിലെ നിബന്ധനകൾ പ്രകാരം, ഒസ്യത്ത് ചെയ്യപ്പെട്ട പണമോ സാധനമോ ഉടൻ കിട്ടുന്നതിനോ ഉടൻ കൈവശം കിട്ടുന്നതിനോ ഒസ്യത്തവകാശിക്ക് അവകാശം ഉണ്ടായിരിക്കുകയും, എന്നാൽ അയാൾ മൈനറായിരിക്കുകയും, അയാൾക്കുവേണ്ടി ഏതെങ്കിലും ആൾക്ക് അതിന്റെ പണം കൊടുക്കാൻ മരണശാസനത്തിൽ നിദേശം ഇല്ലാതിരിക്കുകയും ചെയ്യുന്നിടത്ത്, എക്സിക്യൂട്ടറോ അഡ്മിനിസ്ട്രേററോ ഒസ്യത്തവകാശി, കോർട്ട് അഫ് വാർഡ്സിന്റെ വാർഡ് അല്ലാത്തപക്ഷം, ഏതു ജില്ലാ ജഡ്ജിയോ അദ്ദേഹത്തിന്റെ ജില്ലാ ഡെലിഗേററോ ആണോ പ്രൊബേററോ മരണശാസനാനുബദ്ധമായ അഡ്മിനിസ്ട്രേഷൻ പത്രമോ അനുദാനം ചെയ്തത്, ആ ജില്ലാ ജഡ്ജിയുടെ കോടതിയിൽ ഒസ്യത്തവകാശിയുടെ കണക്കിലേക്കായി ആ പണം കൊടുക്കുകയോ ആ സാധനം നല്കുകയോ ചെയ്യേണ്ടതാകുന്നു.

(2) ഒസ്യത്തവകാശി കോർട്ട് അഫ് വാഡ്സിലെ വാർഡാണെങ്കിൽ, ഒസ്യത്ത് മുതലിൻെറ പണം അയാളുടെ കണക്കിലേക്കായി കോർട്ട് അഫ് വാർഡ്സിന് കൊടുക്കേണ്ടതാകുന്നു.

(3) അതതു സംഗതിപോലെ, ജില്ലാജഡ്ജിയുടെ കോടതിയിലോ, കോർട്ട് അഫ് വാർഡ്സിനോ അങ്ങനെ പണം കൊടുക്കുന്നത് അപ്രകാരം കൊടുക്കുന്ന പണം സംബന്ധിച്ച് മതിയായ ബാദ്ധ്യതതീർക്കലായിരിക്കുന്നതാണ്.

(4) പണം, ഈ വകുപ്പിൻകീഴിൽ കൊടുക്കുമ്പോൾ, അത് ഗവൺമെൻറ് ഈടുപത്രങ്ങൾ വാങ്ങുന്നതിൽ നിക്ഷേപിക്കേണ്ടതും, അവ പലിശസഹിതം അതതുസംഗതിപോലെ, ജഡ്ജിയോ, കോർട്ട് അഫ് വാർഡ്സോ നിദേശിക്കുന്നതുപോലെ അതിന് അവകാശപ്പെട്ട ആൾക്കു കൈമാററം ചെയ്യുകയോ അതിൻെറ പണം കൊടുക്കുകയോ അല്ലെങ്കിൽ അയാളുടെ ഗുണത്തിനായി മററു വിധത്തിൽ വിനിയോഗിക്കുകയോ ചെയ്യേണ്ടതുമാകുന്നു.

## അദ്ധ്യായം XI

## ഒസ്യത്തുമുതലുകളുടെ ഉൽപ്പന്നത്തേയും പലിശയേയുംകുറിച്ച്

349. വിനിർദിഷ്ടമായ ഒസ്യത്തു മുതലിൻെറ ഉൽപ്പന്നത്തിന് ഒസ്യത്തവകാശിക്കുളള അവകാശം.—വിനിർദിഷ്ടമായ ഒസ്യത്ത് ലെ ഒസ്യത്തവകാശിക്ക് ഒസ്യത്തുമുതലിൻെറ അററ ഉൽപ്പന്നം വല്ലതുമുണ്ടെങ്കിൽ, അതിന് മരണശാസനകർത്താവിൻെറ മരണം മുതൽ, അവകാശം ഉണ്ടായിരിക്കുന്നതാണ്.

അപവാദം.— സമാശ്രിതനിബന്ധനകളോടുകൂടിയ ഒരു വിനിർദ്ദിഷ്ടമായ ഒസ്യത്ത്, മരണശാസനകർത്താവിൻെറ ഭരണത്തിനും, ഒസ്യത്തുമുതൽ നിക്ഷിപ്തമാകുന്നതിനും ഇടയ്ക്കുളള ഒസ്യത്തുമുതലിൻെറ ഉൽപ്പന്നം ഉൾക്കൊളളുന്നില്ല. അതിലെ അററ ഉൽപ്പന്നം മരണശാസനകർത്താവിൻെറ എസ്റേറററിൻെറ അവശേഷത്തിൻെറ ഭാഗമായിത്തീരുന്നു.

### ദൃഷ്ടാന്തങ്ങൾ

(i) ക തൻെറ ചെമ്മരിയാട്ടിൻ കൂട്ടത്തെ ഖ യ്ക്ക് ഒസ്യത്തുചെയ്യുന്നു: ക യുടെമരണത്തിനും എക്സിക്യൂട്ടർ ചെമ്മരിയാട്ടിൻ കൂട്ടത്തെ നല്കുന്നതിനുമിടക്ക് ചില ആടുകളുടെ രോമം വെട്ടുകയും, ആടുകളിൽ ചിലതിന് കുട്ടികളുണ്ടാവുകയും ചെയ്യുന്നു. ആ കമ്പിളിരോമവും ആട്ടിൻകുട്ടികളും ഖ യുടെ വസ്തുവാണ്.

(ii) ക, തൻെറ ഗവൺമെൻറ് ഈടു പത്രങ്ങൾ ഖ യ്ക്കു ഒസ്യത്തു ചെയ്യുകയും എന്നാൽ അവ നൽകുന്നത് ഗ യുടെ മരണംവരെ നീട്ടിവയ്ക്കുകയും ചെയ്യുന്നു. ക യുടെ മരണത്തിനും ഗ യുടെ മരണത്തിനുമിടയ്ക്കു കിട്ടാനുളളതായിത്തീരുന്ന പലിശ, ഖ യ്ക്ക് അവകാശപ്പെടുന്നതും, അയാൾ മൈനറല്ലാത്ത പക്ഷം, അതു കിട്ടുമ്പോൾ അയാൾക്ക് കൊടുക്കേണ്ടതുംആകുന്നു.

(iii) മരണശാസനകർത്താവ്, തൻെറ എല്ലാ 4 ശതമാന ഗവൺമെൻറ് പ്രാമിസറിനോട്ടുകളും ക യ്ക്കു 18 വയസ്സ് പൂർത്തിയാകുമ്പോൾ എടുക്കാനായി ഒസ്യത്തു ചെയ്യുന്നു. തനിക്ക് 18 വയസ്സ് പൂർത്തിയാകുന്നുവെങ്കിൽ, ആ നോട്ടുകൾ കിട്ടാൻ ക യ്ക്കു അവകാശമുളളതും, എന്നാൽ അവ സംബന്ധിച്ച് മരണശാസനകർത്താവിൻെറ മരണത്തിനും ക യ്ക്കു 18 വയസ്സ് പൂർത്തിയാകുന്നതിനും ഇടയ്ക്കു സിദ്ധിക്കുന്ന പലിശ അവശേഷത്തിൻെറ ഭാഗമായിത്തീരുന്നതും ആകുന്നു.

350. അവശേഷ ഫണ്ടിന്റെ ഉത്പന്നത്തിന് അവശേഷത്തിന്റെ ഒസ്യത്തവകാശിക്കുള്ള ഉടമാവകാശം.—അവശേഷത്തിന്റെ സാമാന്യ ഒസ്യത്തിൻകീഴിലെ ഒസ്യത്തവകാശിക്ക് അവശേഷ ഫണ്ടിന്റെ ഉത്പന്നത്തിന് മരണശാസന കർത്താവിന്റെ മരണം മുതൽ അവകാശമുണ്ടായിരിക്കുന്നതാണ്.

അപവാദം.—സമാശ്രിതനിബന്ധനകളോടുകൂടിയ അവശേഷത്തിന്റെ സാമാന്യ ഒസ്യത്തിൽ, ഒസ്യത്ത് ചെയ്ത ഫണ്ടിൻമേൽ, മരണശാസനകർത്താവിന്റെ മരണത്തിനും, ഒസ്യത്ത് മുതൽ നിക്ഷിപ്തമാകുന്നതിനും ഇടയ്ക്ക് സിദ്ധിച്ചേക്കാവുന്ന ആദായം ഉൾക്കൊള്ളുന്നില്ല. അങ്ങനെയുള്ള ആദായം വിനിയോഗം ചെയ്യപ്പെടാത്തതായി പോകുന്നു.

## ദൃഷ്ടാന്തങ്ങൾ

(i) മരണശാസനകർത്താവ്, തന്റെ വസ്തുവിന്റെ അവശേഷം മൈനറായ ക യ്ക്കു 18 വയസ്സ് പൂർത്തിയാകുമ്പോൾ കൊടുക്കേണ്ടതായി അയാൾക്ക് ഒസ്യത്തുചെയ്യുന്നു. മരണശാസന കർത്താവിന്റെ മരണം മുതല്ക്കുള്ള ആദായം ക യ്ക്കു അവകാശപ്പെട്ടതാണ്.

(ii) മരണശാസന കർത്താവ് അയാളുടെ വസ്തുവിന്റെ അവശേഷം ക യ്ക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ എടുക്കാനായി ഒസ്യത്തു ചെയ്യുന്നു. തനിക്കു ആ വയസ്സ് പൂർത്തിയാകുന്നു എങ്കിൽ, ക യ്ക്കു അവശേഷം കിട്ടാൻ അവകാശമുണ്ട്. മരണശാസനകർത്താവിന്റെ മരണം മുതൽ അതു സംബന്ധിച്ച് സിദ്ധിച്ചിട്ടുള്ള ആദായം വിനിയോഗം ചെയ്യപ്പെടാത്തതായി പോകുന്നു.

351. സാമാന്യ ഒസ്യത്തു മുതൽ കൊടുക്കാൻ സമയം നിജപ്പെടുത്തിയിട്ടില്ലാത്തപ്പോഴത്തെ പലിശ.—ഒരു സാമാന്യ ഒസ്യത്തുമുതൽ കൊടുക്കാൻ സമയം നിജപ്പെടുത്തിയിട്ടില്ലാത്തപ്പോൾ, പലിശ മരണ ശാസന കർത്താവിന്റെ മരണം തൊട്ട് ഒരു വർഷം കഴിയുന്നതു മുതൽ, ഉളവായിത്തുടങ്ങുന്നു.

അപവാദം.—(1) ഒസ്യത്തുമുതൽ ഒസ്യത്തു ചെയ്തിട്ടുള്ളത്, ഒരു കടം തീർക്കലായിട്ടായിരിക്കുന്നിടത്ത്, പലിശ മരണശാസന കർത്താവിന്റെ മരണം മുതൽ ഉളവാകുന്നു.

(2) മരണശാസനകർത്താവ്, ഒസ്യത്തവകാശിയുടെ മാതാവോ പിതാവോ അതിലും അകന്ന പൂർവ്വികനോ ആയിരിക്കുകയോ അല്ലെങ്കിൽ അയാൾ ഒസ്യത്തവകാശിയുടെ പിതാവിന്റേയോ മാതാവിന്റേയോ സ്ഥാനത്ത് സ്വയം ഇരിക്കുന്നിടത്ത്, ഒസ്യത്തു മുതൽ മരണശാസനകർത്താവിന്റെ മരണം മുതൽ പലിശ വഹിക്കുന്നതാണ്.

(3) ഒരു തുക, അതിൽനിന്ന് ഒരു മൈനറുടെ സംരക്ഷണത്തിന് പണം കൊടുക്കാനുള്ള നിദേശത്തോടുകൂടി, ആ മൈനർക്ക് ഒസ്യത്തു ചെയ്യുന്നിടത്ത്, പലിശ മരണശാസന കർത്താവിന്റെ മരണം മുതൽ കൊടുക്കാനുള്ളതാണ്.

352. സമയം നിജപ്പെടുത്തിയിട്ടുള്ളപ്പോഴത്തെ പലിശ.—ഒരു സാമാന്യ ഒസ്യത്തു മുതൽ കൊടുക്കാൻ സമയം നിജപ്പെടുത്തിയിട്ടുള്ളിടത്ത്, പലിശ, അപ്രകാരം നിജപ്പെടുത്തിയിട്ടുള്ള സമയം മുതൽ ഉളവായിത്തുടങ്ങുന്നു. ആ സമയംവരെയുള്ള പലിശ, മരണശാസന കർത്താവിന്റെ എസ്റ്റേററിന്റെ അവശേഷത്തിന്റെ ഭാഗമായിത്തീരുന്നു.

അപവാദം.—മരണശാസനകർത്താവ്, ഒസ്യത്തവകാശിയുടെ മാതാവോ പിതാവോ അതിലും അകന്ന പൂർവ്വികനോ ആയിരിക്കുകയോ, അല്ലെങ്കിൽ അയാാം ഒസ്യത്തവകാശിയുടെ പിതാവിൻേറയോ മാതാവിൻേറയോ സ്ഥാനത്ത് സ്വയം ഇരിക്കുകയോ ചെയ്യുകയും, ഒസ്യത്തവകാശി മൈനറായിരിക്കുകയും ചെയ്യുന്നിടത്ത്, മരണശാസനം സംരക്ഷണത്തിന് വിനിർദ്ദിഷ്ടമായ ഒരു തുക നല്കാത്തപക്ഷമോ, അതിന് മരണശാസനത്തിൽ വിപരീതമായ ഒരു നിദേശം അടങ്ങിയിരിക്കാത്തപക്ഷമോ ഒസ്യത്തു മുതൽ മരണശാസനകർത്താവിൻെറ മരണം മുതൽ പലിശ വഹിക്കുന്നതാണ്.

353. പലിശനിരക്ക്.—മരണശാസനകർത്താവ് ഹിന്ദുവോ, മുഹമ്മദീയനോ, ബുദ്ധമതക്കാരനോ, സിക്കുകാരനോ, ജൈനനോ, ഒഴിവാക്കപ്പെട്ട ആളോ ആയിരുന്നാൽ പലിശ നിരക്ക് പ്രതിവർഷം ആറുശതമാനമായിരിക്കുന്നതും, ആ സംഗതിയിലൊഴികെ എല്ലാ സംഗതികളിലും പലിശ നിരക്ക് പ്രതിവർഷം നാലുശതമാനമായിരിക്കുന്നതും ആകുന്നു.

354. മരണശാസനകർത്താവിൻെറ മരണത്തിനുശേഷമുള്ള ആദ്യത്തെ വർഷത്തിനുള്ളിലുള്ള വർഷാശനക്കുടിശ്ശികയിൻമേൽ പലിശയില്ലെന്ന്.—വർഷാശനത്തിൻെറ ആദ്യതവണയുടെ പണം കൊടുക്കാൻ മരണശാസനം മരണശാസനകർത്താവിൻെറ മരണത്തിനുശേഷമുള്ള ആദ്യത്തെവർഷം കഴിയുന്നതിന് മുൻപ് ഒരു കാലാവധി നിജപ്പെടുത്തിയിട്ടുണ്ടെന്നിരുന്നാലും, ആ വർഷത്തിനുള്ളിലെ വർഷാശനക്കുടിശ്ശികയിൻമേൽ യാതൊരു പലിശയും കൊടുക്കേണ്ടതായിരിക്കുന്നതല്ല.

355. ഒരു വർഷാശനം ഉണ്ടാക്കാനായി നിക്ഷേപിക്കേണ്ട തുകയിൻമേലുള്ള പലിശ.—ഒരു തുക ഒരു വർഷാശനമുണ്ടാക്കാനായി നിക്ഷേപിക്കേണ്ടതാണെന്ന് നിദേശിച്ചിട്ടുള്ളിടത്ത്, അതിൻമേൽ മരണശാസനകർത്താവിൻെറ മരണം മുതൽ പലിശ കൊടുക്കേണ്ടതായിരിക്കുന്നതാണ്.

## അദ്ധ്യായം XII

## ഒസ്യത്തുമുതൽ റീഫണ്ട് ചെയ്യുന്നതിനെക്കുറിച്ച്

356. കോടതിയുടെ ഉത്തരവുകാംക്ക് കീഴിൽ കൊടുത്തിട്ടുള്ള ഒസ്യത്തുമുതലിൻെറ റീഫണ്ട്.—ഒരു എക്സിക്യൂട്ടറോ അഡ്മിനിസ്ട്രേററോ ഒരു ഒസ്യത്തുമുതൽ കോടതിയുടെ ഉത്തരവിൻകീഴിൽ കൊടുത്തിട്ടുള്ളിടത്ത്, ആസ്തികാം എല്ലാ ഒസ്യത്തു മുതലുകളും കൊടുക്കാൻ മതിയാകുകയില്ലെന്നു തെളിയുന്നതായാൽ അയാാംക്ക് ഒസ്യത്തവകാശിയോട് റീഫണ്ട് ചെയ്യാൻ ആവശ്യപ്പെടുന്നതിന് അവകാശമുണ്ട്.

357. സ്വേച്ഛയാ കൊടുത്തിട്ടുള്ളതാണെങ്കിൽ റീഫണ്ടില്ലെന്ന്.—ഒരു എക്സിക്യൂട്ടറോ, അഡ്മിനിസ്ട്രേററോ, ഒരു ഒസ്യത്തുമുതൽ സ്വേച്ഛയാ കൊടുത്തിട്ടുള്ളിടത്ത്, ആസ്തികാം എല്ലാ ഒസ്യത്തുമുതലുകളും കൊടുക്കാൻ മതിയാവുമായില്ലെന്നു തെളിയുന്നതായാൽ അയാാംക്ക് ഒസ്യത്തവകാശിയോട് റീഫണ്ട് ചെയ്യാൻ ആവശ്യപ്പെടാവുന്നതല്ല.

358. ഒസ്യത്തുമുതൽ 137-ാം വകുപ്പിൻകീഴിൽ അനുവദിക്കുന്ന കൂടുതൽ സമയത്തിനുള്ളിൽ ഉപാധി നിർവ്വഹിക്കുന്നതിൻമേൽ കൊടുക്കാനുള്ളതായി തീർന്നിട്ടുള്ളപ്പോഴത്തെ റീഫണ്ട്.—ഒരു ഉപാധിയുടെ നിർവ്വഹണത്തിന് മരണ

ശാസനം നിർണ്ണയിച്ചിട്ടുള്ള സമയം, ഉപാധി നിർവ്വഹിക്കപ്പെടാതെ കഴിഞ്ഞു പോവുകയും, അതോടെ എക്സിക്യൂട്ടറോ അഡ്മിനിസ്ട്രേററോ വഞ്ചന കൂടാതെ ആസ്തികരം വീതിക്കുകയും ചെയ്തിരിക്കുമ്പോരം; ആ സംഗതിയിൽ ഉപാധിയുടെ നിർവ്വഹണത്തിന് 137-ാം വകുപ്പിൻ കീഴിൽ കൂടുതൽസമയം അനുവദിച്ചിരിക്കുകയും, അതനുസരിച്ച് ഉപാധി നിർവ്വഹിക്കപ്പെട്ടിരിക്കുകയും ചെയ്യുന്നുവെങ്കിൽ, ഒസ്യത്തുമുതൽ എക്സിക്യൂട്ടറിൽനിന്നോ, അഡ്മിനിസ്ട്രേററിൽനിന്നോ അവകാശപ്പെടാവുന്നതല്ലാത്തതും, എന്നാൽ അയാരം ആർക്കെല്ലാമാണോ അതു കൊടുത്തിട്ടുള്ളത്, അവർ തുക റീഫണ്ടുചെയ്യാൻ ബാദ്ധ്യസ്ഥരായിരിക്കുന്നതും ആകുന്നു.

359. ഓരോ ഒസ്യത്തവകാശിയും ആനുപാതികമായി റീഫണ്ടു ചെയ്യാൻ നിർബന്ധിക്കപ്പെടാവുന്നത് എപ്പോഴെന്ന്.—എക്സിക്യൂട്ടറോ, അഡ്മിനിസ്ട്രേററോ, ആസ്തികരം ഒസ്യത്തു മുതലുകളായി കൊടുത്തുപോയിരിക്കുകയും, പിന്നീട് അയാരം തനിക്ക് മുൻ നോട്ടീസ് ഉണ്ടായിരുന്നിട്ടില്ലാത്ത ഒരു കടത്തിന്റെ ബാദ്ധ്യത തീർക്കേണ്ടിവരുകയും ചെയ്യുമ്പോരം, അയാരംക്ക് ഓരോ ഒസ്യത്തവകാശിയോടും ആനുപാതികമായി റീഫണ്ട്ചെയ്യാൻ ആവശ്യപ്പെടുന്നതിന് അവകാശമുണ്ട്.

360. ആസ്തികരം വീതിക്കൽ.—എക്സിക്യൂട്ടറോ അഡ്മിനിസ്ട്രേററോ, ഹൈക്കോടതി ഏതെങ്കിലും സാമാന്യ ചട്ടത്തിൽ നിർണ്ണയിക്കുന്നതോ അങ്ങനെയുള്ള ചട്ടം ഉണ്ടാക്കിയിട്ടില്ലെങ്കിൽ ഒരു അഡ്മിനിസ്ട്രേഷൻ വ്യവഹാരത്തിൽ ഹൈക്കോടതി നല്കുന്നതുപോലെ ഉള്ളതോ ആയതും, ഉത്തമർണ്ണനോ മററുള്ളവരോ മരിച്ചുപോയ ആളുടെ എസ്റേററിന് എതിരായി ഉള്ള അവരുടെ അവകാശവാദങ്ങരം തനിക്ക് അയക്കാനുള്ളതുമായ നോട്ടീസ് നല്കിയിരിക്കുന്നിടത്ത്, അവകാശവാദങ്ങരം അയക്കാനായി, അതിൽ പറഞ്ഞിട്ടുള്ള സമയം കഴിയുന്നതോടെ തന്റെ അറിവിൽപ്പെട്ട നിയമാനുസൃതമായ എല്ലാ അവകാശവാദങ്ങളുടേയും ബാദ്ധ്യത തീർക്കുന്നതിൽ ആസ്തികളോ, അതിന്റെ ഏതെങ്കിലും ഭാഗമോ വീതിക്കാൻ അയാരംക്ക് സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതും, അപ്രകാരം വീതിച്ച ആസ്തികരം സംബന്ധിച്ച് അപ്രകാരം വീതിക്കുന്ന സമയത്ത് ആരുടെ അവകാശവാദങ്ങളേക്കുറിച്ചാണോ തനിക്ക് നോട്ടീസ് ഉണ്ടായിട്ടില്ലാതിരുന്നത്, അങ്ങനെ ഉള്ളവരോട് ബാദ്ധ്യസ്ഥനായിരിക്കുന്നതല്ലാത്തതും ആണ്.

എന്നാൽ, ഇതിൽ അടങ്ങിയ യാതൊന്നും ആസ്തികളോ അതിന്റെ ഏതെങ്കിലും ഭാഗമോ യഥാക്രമം കിട്ടിയിട്ടുള്ള ആളുകളുടെ കൈയിലേക്ക് അവയെ പിൻതുടരുന്നതിന് ഏതെങ്കിലും ഉത്തമർണ്ണനോ അവകാശവാദിക്കോ ഉള്ള അവകാശത്തിന് ഭംഗംവരുത്തുന്നതല്ല.

361. ഉത്തമർണ്ണന് ഒസ്യത്തവകാശിയോട് റീഫണ്ട് ചെയ്യാൻ ആവശ്യപ്പെടാമെന്ന്.— തനിക്കുള്ള കടം കിട്ടിയിട്ടില്ലാത്ത ഒരു ഉത്തമർണ്ണന് തനിക്കുള്ള ഒസ്യത്തുമുതൽ കിട്ടിയിട്ടുള്ള ഒസ്യത്തവകാശിയോട് മരണശാസനകർത്താവിന്റെ എസ്റേററിന്റെ ആസ്തികരം, അയാളുടെ മരണസമയത്ത് കടങ്ങളും ഒസ്യത്തുമുതലുകളും രണ്ടും കൊടുക്കാൻ മതിയായിരുന്നാലും ഇല്ലെങ്കിലും എക്സിക്യൂട്ടറോ അഡ്മിനിസ്ട്രേററോ ഒസ്യത്തുമുതൽ കൊടുത്തത് സ്വേച്ഛയാ ആയിരുന്നാലും അല്ലെങ്കിലും, റീഫണ്ട് ചെയ്യാൻ ആവശ്യപ്പെടാവുന്നതാണ്.

362. കൊടുത്തുതീർക്കപ്പെടാത്തവനോ, 361-ാം വകുപ്പിൻ കീഴിൽ റീഫണ്ട് ചെയ്യാൻ നിർബന്ധിക്കപ്പെട്ടവനോ ആയ ഒസ്യത്തവകാശിക്ക് മുഴുവൻ പണവും കിട്ടിയ ഒരു ഒസ്യത്തവകാശിയെ റീഫണ്ട് ചെയ്യാൻ എപ്പോരം ബാദ്ധ്യസ്ഥനാക്കാവുന്നതല്ലെന്ന്.— മരണശാസനകർത്താവിന്റെ മരണ

സമയത്ത്, ആസ്തികൾ എല്ലാ ഒസ്യത്തു മുതലും കൊടുത്തുതീർക്കാൻ മതിയായിരുന്നുവെങ്കിൽ, തന്റെ ഒസ്യത്തുമുതൽ കിട്ടിയിട്ടില്ലാത്തവനോ 361-ാം വകുപ്പിൻകീഴിൽ റീഫണ്ട് ചെയ്യാൻ നിർബന്ധിതനായിട്ടുള്ളവനോ ആയ ഒസ്യത്തവകാശിക്ക്, മുഴുവൻപണവും കിട്ടിയിട്ടുള്ള ഒരു ഒസ്യത്തവകാശിയെ, ആ ഒസ്യത്ത് മുതൽ ആയാൾക്ക് കൊടുത്തത് വ്യവഹാരത്തിൻ മേലോ അല്ലാതെയോ ആയാലും, എക്സിക്യൂട്ടറുടെ ദുർവ്യയത്താൽ ആസ്തികൾ പിന്നീട് മതിയാകാതെ വന്നിട്ടുണ്ടെന്നിരുന്നാലും, റീഫണ്ട് ചെയ്യാൻ ബാദ്ധ്യസ്ഥനാക്കാവുന്നതല്ല.

363. കൊടുത്തുതീർക്കപ്പെടാത്ത ഒസ്യത്തവകാശി എക്സിക്യൂട്ടർ കടം വീട്ടാൻ കഴിവുള്ളവനാണെങ്കിൽ എപ്പോൾ അയാൾക്കെതിരായി ആദ്യം നടപടി എടുക്കണമെന്ന്.— മരണശാസനകർത്താവിന്റെ മരണസമയത്ത് ആസ്തികൾ, എല്ലാ ഒസ്യത്തുമുതലുകളും കൊടുത്തുതീർക്കാൻ മതിയാകാതിരുന്നെങ്കിൽ, തന്റെ ഒസ്യത്തുമുതൽ കിട്ടിയിട്ടില്ലാത്ത ഒരു ഒസ്യത്തവകാശി, കൊടുത്തുതീർക്കപ്പെട്ട ഒരു ഒസ്യത്തവകാശിയോട് റീഫണ്ട് ചെയ്യാൻ തനിക്ക് ആവശ്യപ്പെടാവുന്നതിന് മുൻപ്, എക്സിക്യൂട്ടറോ അഡ്മിനിസ്ട്രേറററോ കടം വീട്ടാൻ കഴിവുള്ളവനാണെങ്കിൽ അയാൾക്ക് എതിരായി ആദ്യം നടപടി എടുക്കണം; എന്നാൽ എക്സിക്യുട്ടറോ ആഡ്മിനിസ്ട്രേറററോ നിർദ്ധനനായിരിക്കുകയോ, കൊടുക്കാൻ ബാദ്ധ്യസ്ഥനല്ലാതിരിക്കുകയോ ചെയ്യുന്നുവെങ്കിൽ കൊടുത്തുതീർക്കപ്പെടാത്ത ഒസ്യത്തവകാശിക്ക് കൊടുത്തുതീർക്കപ്പെട്ട ഓരോ ഒസ്യത്തവകാശിയേയും ആനുപാതികമായി റീഫണ്ട് ചെയ്യാൻ ബാദ്ധ്യസ്ഥനാക്കാവുന്നതാണ്.

364. ഒരു ഒസ്യത്തവകാശി മറെറാരു ഒസ്യത്തവകാശിക്ക് റീഫണ്ട്ചെയ്യുന്നതിന്റെ പരിധി.— ഒരു ഒസ്യത്തവകാശി മറെറാരു ഒസ്യത്തവകാശിക്ക് റീഫണ്ട് ചെയ്യുന്നത് കൊടുത്തുതീർക്കപ്പെട്ട ഒസ്യത്തുമുതൽ എസ്റേററ് ശരിയായി അഡ്മിനിസ്ററർ ചെയ്തിരുന്നുവെങ്കിൽ, എത്ര തുക കണ്ടു ചുരുങ്ങേണ്ടിയിരുന്നുവോ ആ തുകയിൽ കവിയാൻ പാടുള്ളതല്ല.

ദൃഷ്ടാന്തം

ക, ഖയ്ക്ക്, 240 രൂപയും, ഗയ്ക്ക് 480 രൂപയും, ഘയ്ക്ക് 720 രൂപയും ഒസ്യത്തുചെയ്തിട്ടുണ്ട്. ആസ്തികൾ 1200 രൂപ മാത്രമാണ്. ശരിയായി അഡ്മിനിസ്ററർ ചെയ്താൽ അത് ഖയ്ക്ക് 200 രൂപയും ഗയ്ക്കു 400 രൂപയും ഘയ്ക്ക് 600 രൂപയും.നല്കും ഖയ്ക്ക്ഒന്നും ബാക്കി വയ്ക്കാതെ ഗയ്ക്ക് ഘയ്ക്കും അവരുടെ ഒസ്യത്തുമുതലുകൾ മുഴുവൻ കൊടുക്കുന്നു. ഖയ്ക്കു ഗയെ 80 രൂപ റീഫണ്ട്ചെയ്യാനും ഘയെ 120 രൂപ റീഫണ്ട് ചെയ്യാനും ബാദ്ധ്യസ്ഥരാക്കാവുന്നതാണ്.

365. റീഫണ്ട് ചെയ്യുന്നത് പലിശകൂടാതെ ആണെന്ന്.— എല്ലാ സംഗതികളിലും റീഫണ്ട് ചെയ്യുന്നത് പലിശകൂടാതെയാണ്.

366. സാധാരണ കൊടുക്കാറുള്ളത് കൊടുത്തു കഴിഞ്ഞുള്ള അവശേഷത്തിന്റെ ഒസ്യത്തവകാശിക്ക് കൊടുക്കേണ്ടതാണെന്ന്.— കടങ്ങളും ഒസ്യത്തുമുതലുകളും കൊടുത്തതിനുശേഷം, മരിച്ചുപോയ ആളുടെ വസ്തുവിലെ മിച്ചമോ അവശേഷമോ, മരണശാസനം, അവശേഷത്തിന്റെ ഒസ്യത്തവകാശിയായി ആരെയെങ്കിലും നിയമിച്ചിട്ടുണ്ടെങ്കിൽ, അയാൾക്ക് കൊടുക്കേണ്ടതാകുന്നു.

**367. ഇൻഡ്യയിൽനിന്ന് ആസ്തികൾ വീതിക്കാനായി അധിവാസ രാജ്യത്തിലെ എക്സിക്യൂട്ടർക്കോ അഡ്മിനിസ്ട്രേററർക്കോ കൈമാററം ചെയ്യുന്നത്.**— ഇൻഡ്യയിൽ, തനിക്ക് അധിവാസം ഇല്ലാതിരിക്കുന്ന ഒരാൾ ഇൻഡ്യയിലും, തന്റെ മരണസമയത്ത് തനിക്ക് അധിവാസം ഉണ്ടായിരുന്ന രാജ്യത്തും, ആസ്തികൾ വിട്ടുംവച്ച് മരിച്ചിരിക്കുകയും, ഇൻഡ്യയിലുള്ള ആസ്തികൾ സംബന്ധിച്ച് ഇൻഡ്യയിൽ പ്രൊബേററിന്റെയോ അഡ്മിനിസ്ട്രേഷൻ പത്രത്തിന്റേയോ അനുദാനവും, അധിവാസ രാജ്യത്തിലുള്ള ആസ്തികൾ സംബന്ധിച്ച് ആ രാജ്യത്ത് അഡ്മിനിസ്ട്രേഷൻ പത്രത്തിന്റെ അനുദാനവും ഉണ്ടായിരിക്കുകയും ചെയ്യുന്നിടത്ത്, 360-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള നോട്ടീസുകൾ നല്കിയതിനുശേഷവും അതിൽ പറഞ്ഞിട്ടുള്ള സമയം കഴിയുന്നതോടെ തന്റെ അറിവിൽപെട്ട നിയമാനുസൃതമായ അവകാശവാദങ്ങളുടെ ബാദ്ധ്യത തീർത്തതിനുശേഷവും, അതതുസംഗതിപോലെ, ഇൻഡ്യയിലെ എക്സിക്യൂട്ടർക്കോ അഡ്മിനിസ്ട്രേററർക്കോ മരിച്ചുപോയ ആളുടെ വസ്തുവിലെ ഏതെങ്കിലും മിച്ചമോ അവശേഷമോ, അതിന് അവകാശപ്പെട്ടവരും ഇൻഡ്യയ്ക്കു പുറത്തു താമസിക്കുന്നവരുമായ ആളുകൾക്ക് താൻ തന്നെ വീതിക്കുന്നതിന് പകരം, അതതുസംഗതിപോലെ, അധിവാസരാജ്യത്തിലെ എക്സിക്യൂട്ടറുടേയോ അഡ്മിനിസ്ട്രേററുടേയോ സമ്മതത്തോടുകൂടി, ആയാൾക്ക്, ആ മിച്ചമോ അവശേഷമോ ആ ആളുകൾക്ക് വീതിച്ചുകൊടുക്കുന്നതിനായി കൈമാററം ചെയ്യാവുന്നതാണ്.

## അദ്ധ്യായം XIII

## നാശമുണ്ടാക്കൽ സംബന്ധിച്ച് എക്സിക്യൂട്ടറുടേയോ അഡ്മിനിസ്ട്രേററുടേയോ ബാദ്ധ്യതയെക്കുറിച്ച്

**368. നാശമുണ്ടാക്കൽ സംബന്ധിച്ച് എക്സിക്യൂട്ടറുടേയോ അഡ്മിനിസ്ട്രേററുടേയോ ബാദ്ധ്യത.**— എക്സിക്യൂട്ടറോ അഡ്മിനിസ്ട്രേററോ, മരിച്ചുപോയ ആളുടെ എസ്റ്റേററ് ദുർവിനിയോഗം ചെയ്യുകയോ, അല്ലെങ്കിൽ അതു നഷ്ടത്തിനോ നാശനഷ്ടത്തിനോ വിധേയമാക്കുകയോ ചെയ്യുമ്പോൾ, അപ്രകാരം ഉണ്ടായ നഷ്ടമോ നാശനഷ്ടമോ നികത്തികൊടുക്കാൻ അയാൾ ബാദ്ധ്യസ്ഥനാകുന്നു.

### ദൃഷ്ടാന്തങ്ങൾ

(i) എക്സിക്യൂട്ടർ എസ്റ്റേററിൽനിന്ന് അടിസ്ഥാനമില്ലാത്ത ഒരു അവകാശവാദം കൊടുത്തുതീർക്കുന്നു. നഷ്ടം നികത്തിക്കൊടുക്കാൻ ആയാൾ ബാദ്ധ്യസ്ഥനാണ്.

(ii) മരിച്ചുപോയ ആൾക്ക്, നോട്ടീസ്വഴിപുതുക്കാവുന്ന ഒരു വാടകയേല്പ് ഉണ്ടായിരിക്കുകയും എക്സിക്യൂട്ടർ ശരിയായ സമയത്ത് നോട്ടീസ് കൊടുക്കുവാൻ ഉപേക്ഷവരുത്തുകയും ചെയ്യുന്നു. നഷ്ടം നികത്തിക്കൊടുക്കാൻ എക്സിക്യൂട്ടർ ബാദ്ധ്യസ്ഥനാണ്.

(iii) കൊടുക്കേണ്ട വാടകയേക്കാൾ മൂല്യം കുറഞ്ഞതും എന്നാൽ ഒരു നിശ്ചിത സമയത്ത് നോട്ടീസ് വഴി അവസാനിപ്പിക്കാവുന്നതുമായ ഒരു വാടകയേല്പ് മരിച്ചുപോയ ആൾക്ക് ഉണ്ടായിരുന്നു. എക്സിക്യൂട്ടർ നോട്ടീസ് നല്കാൻ ഉപേക്ഷവരുത്തുന്നു. നഷ്ടം നികത്തികൊടുക്കാൻ അയാൾ ബാദ്ധ്യസ്ഥനാണ്.

**369. വസ്തുവിൻെറ ഏതെങ്കിലും ഭാഗം ശേഖരിക്കുവാൻ ഉപേക്ഷവരുത്തുന്ന എക്സിക്യൂട്ടറുടേയോ അഡ്മിനിസ്ട്രേററുടേയോ ബാദ്ധ്യത.—** എക്സിക്യൂട്ടറോ അഡ്മിനിസ്ട്രേററോ, മരിച്ചുപോയ ആളുടെ വസ്തുവിൻെറ എതെങ്കിലും ഭാഗം, ശേഖരിക്കാൻ ഉപേക്ഷവരുത്തുന്നതുവഴി ആ എസ്റേററിന് നഷ്ടം ഉണ്ടാക്കുമ്പോൾ, ആ തുക നികത്തിക്കൊടുക്കാൻ അയാൾ ബാദ്ധ്യസ്ഥനാണ്.

### ദൃഷ്ടാന്തങ്ങൾ

(i) എക്സിക്യൂട്ടർ കടം വീട്ടാൻ കഴിവുള്ള ഒരു ആളിൽനിന്ന് മരിച്ച ആൾക്ക് കിട്ടാനുള്ള ഒരു കടം നിരുപാധികമായി വിട്ടുകൊടുക്കുകയോ മുഴുവൻ കടവും വീട്ടാൻ കഴിവുള്ള ഒരു അധമർണ്ണനുമായി കോമ്പൗണ്ടുചെയ്യുകയോ ചെയ്യുന്നു. തുക നികത്തിക്കൊടുക്കാൻ എക്സിക്യൂട്ടർ ബാദ്ധ്യസ്ഥനാണ്.

(ii) അധമർണ്ണന് അവകാശവാദം കാലഹരണതടസ്സമുള്ളതാണെന്ന് വാദിക്കാൻ കഴിയുന്നതുവരെ എക്സിക്യൂട്ടർ കടത്തിന് വ്യവഹാരം കൊടുക്കാൻ ഉപേക്ഷവരുത്തുകയും അതുവഴി എസ്റേററിന് ആ കടം നഷ്ടപ്പെടുകയും ചെയ്യുന്നു. തുക നികത്തിക്കൊടുക്കാൻ എക്സിക്യൂട്ടർ ബാദ്ധ്യസ്ഥനാണ്.

## ഭാഗം X.

## പിന്തുടർച്ച സർട്ടിഫിക്കററുകൾ

**370. ഈ ഭാഗത്തിൻകീഴിൽ സർട്ടിഫിക്കററ് അനുദാനം ചെയ്യുന്നതിൻമേലുള്ള പരിമിതി.—** (1) ഏതു കടത്തിനോ ഈടുപത്രത്തിനോ ഉള്ള അവകാശമാണോ അഡ്മിനിസ്ട്രേഷൻ പത്രത്താലോ പ്രൊബേററിനാലോ സ്ഥാപിക്കേണ്ടതാണെന്ന് 212-ാം വകുപ്പോ, 213-ാം വകുപ്പോ ആവശ്യപ്പെടുന്നത്, ആ കടമോ ഈടുപത്രമോ സംബന്ധിച്ച് ഈ ഭാഗത്തിൻകീഴിൽ ഒരു പിൻതുടർച്ച സർട്ടിഫിക്കററ് (ഇതിൽ ഇതിനുശേഷം ഈ ഭാഗത്തിൽ സർട്ടിഫിക്കററ് എന്നു പരാമർശിക്കപ്പെടുന്നത്) അനുദാനം ചെയ്യാൻ പാടുള്ളതല്ല :

എന്നാൽ, ഈ വകുപ്പിൽ അടങ്ങിയ യാതൊന്നും മരിച്ചുപോയ ഒരു ഇൻഡ്യൻ ക്രിസ്ററ്യൻെറ മുതലുകൾക്കോ അവയുടെ ഏതെങ്കിലും ഭാഗത്തിനോ അവകാശമുണ്ടെന്ന് അവകാശപ്പെടുന്ന ഏതെങ്കിലും ആൾക്ക് കടമോ ഈടു പത്രമോ സംബന്ധിച്ചു ഒരു സർട്ടിഫിക്കററ് അനുദാനം ചെയ്യുന്നതിനെ, അവയ്ക്കുള്ള അവകാശം ഈ ആക്ററിൻകീഴിൽ അഡ്മിനിസ്ട്രേഷൻ പത്രത്താൽ സ്ഥാപിക്കാൻ കഴിയുമെന്ന കാരണത്താൽ, തടയുന്നതായി കരുതപ്പെടുന്നതല്ല.

(2) ഈ ഭാഗത്തിൻെറ ആവശ്യങ്ങൾക്ക്, "ഈടുപത്ര" ത്തിന്,

(ക) കേന്ദ്രഗവൺമെൻറിൻേറയോ സ്റേററ്ഗവൺമെൻറിൻെറയോ ഏതെങ്കിലും പ്രോമിസറിനോട്ടോ, ഡിബഞ്ചറോ, സ്ററാക്കോ മററ് ഈടുപത്രമോ :

(ഖ) ഇൻഡ്യയുടെ റവന്യൂകളിൻമേൽ യുണൈററഡ് കിങ്ഡമിലെ പാർലമെൻറിൻെറ ഒരു ആക്ററ് ചാർജ്ജാക്കുന്ന ഏതെങ്കിലും ബാണ്ടോ, ഡിബഞ്ചറോ, വർഷാശനമോ ;

(ഗ) ഒരു കമ്പനിയിലേയോ, മററ് ഏകാംഗീകൃതസ്ഥാപനത്തിലേയോ ഏതെങ്കിലും സ്ററാക്കോ ഡിബഞ്ചറോ, ഓഹരിയോ ;

(ഘ) ഒരു തദ്ദേശാധികാരസ്ഥാനമോ അതിനുവേണ്ടിയോ പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും ഡിബഞ്ചറോ, പണത്തിനുള്ള മററു ഈടുപത്രമോ;

(ങ) ഈ ഭാഗത്തിൻെറ ആവശ്യങ്ങൾക്ക് ഈടുപത്രമാണെന്ന് സ്റേററ് ഗവൺമെൻറ് ഔദ്യോഗികഗസററിൽ വിജ്ഞാപനം വഴി പ്രഖ്യാപിക്കുന്ന മറേറതെങ്കിലും ഈടുപത്രമോ,

എന്നർത്ഥമാകുന്നു.

371. <u>സർട്ടിഫിക്കററ് അനുദാനം ചെയ്യാൻ അധികാരിതയുള്ള കോടതി.</u>—ഏതു ജില്ലാ ജഡ്ജിയുടെ അധികാരിതയ്ക്കുള്ളിലാണോ മരിച്ചുപോയ ആൾ, അയാളുടെ മരണസമയത്ത് സാധാരണമായി താമസിച്ചിരുന്നത്, ആ ജില്ലാ ജഡ്ജിയ്ക്കോ, അല്ലെങ്കിൽ ആ സമയത്ത് അയാൾക്ക് സ്ഥിരമായ താമസസ്ഥലം ഉണ്ടായിരുന്നില്ലെങ്കിൽ, ഏതു ജില്ലാ ജഡ്ജിയുടെ അധികാരിതക്കുള്ളിലാണോ മരിച്ചുപോയ ആളുടെ വസ്തുവിൻെറ ഏതെങ്കിലും ഭാഗം കാണപ്പെടുന്നത്, ആ ജില്ലാ ജഡ്ജിക്കോ, ഈഭാഗത്തിൻ കീഴിൽ ഒരു സർട്ടിഫിക്കററ് അനുദാനം ചെയ്യാവുന്നതാണ്.

372. <u>സർട്ടിഫിക്കററിനുള്ള അപേക്ഷ.</u>—(1) അങ്ങനെയുള്ള സർട്ടിഫിക്കററിനുള്ള അപേക്ഷ ജില്ലാജഡ്ജിക്ക്, അപേക്ഷകനോ, അയാൾക്ക് വേണ്ടിയോ ഒരു അന്യായം വാദിയോ അയാൾക്കുവേണ്ടിയോ ഒപ്പുവയ്ക്കുകയും സത്യബോധപ്പെടുത്തുകയും ചെയ്യുന്നതിന് സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5)നിർണ്ണയിക്കുന്ന രീതിയിൽ, ഒപ്പുവയ്ക്കുകയും സത്യബോധപ്പെടുത്തുകയുംചെയ്യുന്ന ഒരു ഹർജി വഴിയും താഴെ പറയുന്നവിവരങ്ങൾ അതായത്:—

(ക) മരിച്ചുപോയ ആളുടെ മരണസമയവും ;

(ഖ) മരിച്ചുപോയ ആളുടെ മരണസമയത്തെ അയാളുടെ സാധാരണ താമസസ്ഥലവും, അങ്ങനെയുള്ള താമസസ്ഥലം, അപേക്ഷ കൊടുക്കപ്പെട്ട ജഡ്ജിയുടെ അധികാരിതയുടെ തദ്ദേശാതിർത്തികൾക്കുള്ളിലായിരുന്നില്ലഎങ്കിൽ, മരിച്ചുപോയ ആൾക്ക്, ആ അതിർത്തിക്കുള്ളിലുള്ള വസ്തുവും ;

(ഗ) മരിച്ചുപോയ ആളുടെ കുടുംബവും, അല്ലെങ്കിൽ മററു അടുത്ത ചാർച്ചക്കാരും അവരുടെ താമസസ്ഥലങ്ങളും ;

(ഘ) ഏത് അവകാശത്തിലാണ് ഹർജിക്കാരൻ തേർച്ചചെയ്യുന്നതെന്നതും ;

(ങ) സർട്ടിഫിക്കററിൻെറ അനുദാനത്തിന്നോ, അതു അനുദാനം ചെയ്യുകയാണെങ്കിൽ അതിൻെറ സാധുതയ്ക്കോ, ഈ ആക്ററിലെ 370-ാം വകുപ്പിൻ കീഴിലോ ഈ ആക്ററിലേയോ മറേറതെങ്കിലും അധിനിയമത്തിലേയോ മറേറതെങ്കിലും വ്യവസ്ഥയ്ക്കു കീഴിലോ ഏതെങ്കിലും വിഘാതം ഇല്ലെന്നുള്ളതും ;

(ച) ഏതു കടങ്ങളും ഈടുപത്രങ്ങളും സംബന്ധിച്ചാണ് സർട്ടിഫിക്കററിന് അപേക്ഷിച്ചിട്ടുള്ളത് എന്നതും ;

ചേർത്തുകൊണ്ടും കൊടുക്കേണ്ടതാണ്.

(2) ഹർജിയിൽ, വ്യാജമാണെന്ന് അത് സത്യബോധപ്പെടുത്തുന്ന ആൾ അറിയുന്നതോ, വിശ്വസിക്കുന്നതോ അല്ലെങ്കിൽ സത്യമാണെന്ന് അയാൾ വിശ്വസിക്കാത്തതോ ആയ ഏതെങ്കിലും പ്രസ്താവന അടങ്ങുന്നുവെങ്കിൽ ആ ആൾ ഇൻഡ്യൻ ശിക്ഷാ നിയമസംഹിത (1860-ലെ 45) 193-ാം വകുപ്പിൻകീഴിൽ കുററം ചെയ്തിട്ടുള്ളതായി കരുതപ്പെടുന്നതാകുന്നു.

(3) അങ്ങനെയുള്ള സർട്ടിഫിക്കററിനുള്ള അപേക്ഷ മരിച്ചുപോയ ഉത്തമർണ്ണന് കിട്ടാനുള്ള ഏതു കടമോ, കടങ്ങളോ സംബന്ധിച്ചും അല്ലെങ്കിൽ അതിൻെറ ഭാഗം സംബന്ധിച്ചും കൊടുക്കാവുന്നതാണ്.

373. <u>അപേക്ഷയിൻമേലുള്ള നടപടിക്രമം.</u>—(1) അപേക്ഷ പരിഗണനയ്ക്ക് സ്വീകരിക്കുന്നതിന് കാരണമുണ്ടെന്ന് ജില്ലാ ജഡ്ജിക്ക് ബോദ്ധ്യമാകുന്നുവെങ്കിൽ, അദ്ദേഹം അതിൻെറ ഹിയറിങ്ങിന് ഒരു ദിവസം നിശ്ചയിക്കുകയും, അപേക്ഷയേയും ഹിയറിങ്ങിന് നിശ്ചയിച്ച ദിവസത്തേയുംകുറിച്ചുള്ള നോട്ടീസ്—

(ക) ജഡ്ജിയുടെ അഭിപ്രായത്തിൽ അപേക്ഷയെക്കുറിച്ച് പ്രത്യേക നോട്ടീസ് നല്കപ്പെടേണ്ടതാണെന്ന് തോന്നുന്ന ഏതെങ്കിലും ആൾക്കു നടത്തിക്കുകയും ;

(ഖ) കോടതിക്കെട്ടിടത്തിൻെറ, ശ്രദ്ധയാകർഷിക്കത്തക്ക ഏതെങ്കിലും ഭാഗത്ത് പതിപ്പിക്കുകയും, ഹൈക്കോടതി, ഇതിലേക്ക് ഉണ്ടാക്കുന്ന ഏതെങ്കിലും ചട്ടങ്ങൾക്കു വിധേയമായി, ജില്ലാ ജഡ്ജിക്ക് യുക്തമെന്നു തോന്നുന്ന രീതിയിൽ പ്രസിദ്ധപ്പെടുത്തിക്കുകയും ;

ചെയ്യേണ്ടതും, നിശ്ചിത ദിവസമോ, അതിനുശേഷം പ്രായോഗികമായിടത്തോളം വേഗത്തിലോ സർട്ടിഫിക്കററിനുള്ള അവകാശം സമ്മറിയായിത്തീരുമാനിക്കാൻ നടപടി തുടരേണ്ടതും ആകുന്നു.

(2) അതിനുള്ള അവകാശം അപേക്ഷകന് ഉള്ളതാണെന്ന് ജഡ്ജി തീരുമാനിക്കുമ്പോൾ, അദ്ദേഹം അയാൾക്ക് സർട്ടിഫിക്കററ് അനുദാനം ചെയ്യാൻ ഉത്തരവു ചെയ്യേണ്ടതാകുന്നു.

(3) ഒരു സമ്മറി നടപടിയിൽ തീർപ്പ് ചെയ്യാൻ കഴിയാത്തത്ര സങ്കീർണ്ണവും വിഷമവുമായ നിയമപ്രശ്നങ്ങളോ വസ്തുതാപ്രശ്നങ്ങളോ തീർപ്പുചെയ്യാതെ സർട്ടിഫിക്കററിനുള്ള അവകാശം തീരുമാനിക്കുവാൻ ജഡ്ജിക്ക് കഴിയുകയില്ലെന്നിരുന്നാലും, അദ്ദേഹത്തിന് സർട്ടിഫിക്കററ് പ്രഥമദൃഷ്ട്യാ അതിന് ഏററവും നല്ല അവകാശമുള്ള ആൾ അപേക്ഷകനാണെന്ന് കാണപ്പെടുന്നുവെങ്കിൽ, അയാൾക്ക് അനുദാനം ചെയ്യാവുന്നതാണ്.

(4) സർട്ടിഫിക്കററിന് ഒന്നിലധികം അപേക്ഷകർ ഉണ്ടായിരിക്കുകയും, അങ്ങനെയുള്ള അപേക്ഷകരിൽ ഒന്നിലധികംപേർക്ക് മരിച്ചുപോയ ആളുടെ എസ്റേററില് അവകാശമുണ്ടെന്ന് ജില്ലാ ജഡ്ജിക്ക് തോന്നുകയും ചെയ്യുമ്പോൾ, സർട്ടിഫിക്കററ് ആർക്കാണ് അനുദാനം ചെയ്യേണ്ടതെന്ന് തീരുമാനിക്കുന്നതിൽ, അദ്ദേഹത്തിന് അപേക്ഷകർക്കുള്ള അവകാശത്തിൻെറ വ്യാപ്തിയും മററുവിധത്തിൽ അവർക്കുള്ള അർഹതയും കണക്കിലെടുക്കാവുന്നതാണ്.

374. <u>സർട്ടിഫിക്കററിൻെറ ഉള്ളടക്കം.</u>— ഒരു സർട്ടിഫിക്കററ് അനുദാനം ചെയ്യുമ്പോൾ, ജില്ലാ ജഡ്ജി അതിൽ അതിനുള്ള അപേക്ഷയിൽ ചേർത്തിട്ടുള്ള കടങ്ങളും ഈടുപത്രങ്ങളും വിനിർദ്ദേശിക്കേണ്ടതും, അദ്ദേഹത്തിന് സർട്ടിഫിക്കററ് അനുദാനം ചെയ്യപ്പെടുന്ന ആളെ അതിനാൽ—

(ക) ഈടുപത്രങ്ങളിൻമേലോ അവയിൽ ഏതെങ്കിലും ഒന്നിൻമേലോ ഉള്ള പലിശയോ ലാഭവീതമോ വാങ്ങുന്നതിന്; അല്ലെങ്കിൽ

(ഖ) ഈടുപത്രങ്ങളോ അവയിൽ ഏതെങ്കിലുമോ നെഗോഷിയേററ് ചെയ്യുകയോ കൈമാററം ചെയ്യുകയോ ചെയ്യുന്നതിന്, അല്ലെങ്കിൽ

(ഗ) ഈടുപത്രങ്ങളിൻമേലോ അവയിൽ ഏതെങ്കിലും ഒന്നിൻമേലോ ഉള്ള പലിശയോ ലാഭവീതമോ വാങ്ങാനും, അവയോ അവയിൽ ഏതെങ്കിലുമോ നെഗോഷിയേററ് ചെയ്യുകയോ കൈമാററം ചെയ്യുകയോ ചെയ്യുന്നതിനും,

അധികാരപ്പെടുത്താവുന്നതും ആണ്.

375. സർട്ടിഫിക്കററ് അനുദാനം ചെയ്യപ്പെടുന്ന ആളിൽനിന്ന് ജാമ്യം ആവശ്യപ്പെടുന്നത്.—(1) ജില്ലാ ജഡ്ജി, താൻ 373-ാം വകുപ്പിലെ (3)-ാം ഉപവകുപ്പിനോ (4)-ാം ഉപവകുപ്പിനോ കീഴിൽ നടപടി എടുക്കാൻ ഉദ്ദേശിക്കുന്ന ഏതെങ്കിലും സംഗതിയിൽ, സർട്ടിഫിക്കററ് അനുദാനം ചെയ്യുന്നതിന് പൂർവ്വോപാധിയായി ഏതാരാംക്കാണോ താൻ സർട്ടിഫിക്കററ് അനുദാനം ചെയ്യാൻ നിർദ്ദേശിക്കുന്നത്, അയാരം, അയാരംക്ക് കിട്ടുന്ന കടങ്ങളുടേയും ഈടുപത്രങ്ങളുടേയും കണക്ക് ബോധിപ്പിക്കുന്നതിനും, ആ കടങ്ങരംക്കും ഈടുപത്രങ്ങരംക്കും മുഴുവനുമോ അല്ലെങ്കിൽ അവയുടെ ഏതെങ്കിലും ഭാഗത്തിനോ അവകാശമുണ്ടായേക്കാവുന്ന ആളുകളോട് നഷ്ടോത്തരവാദത്തിനും, ഒന്നോ അതിലധികമോ ജാമ്യക്കാരോടുകൂടിയ ഒരു ബാണ്ടോ, അല്ലെങ്കിൽ മററ് മതിയായ ജാമ്യമോ ജഡ്ജിക്ക് നല്കേണ്ടതാണെന്ന് ആവശ്യപ്പെടേണ്ടതും, മററുള്ള ഏതെങ്കിലും സംഗതിയിൽ, അദ്ദേഹത്തിന് അപ്രകാരം ആവശ്യപ്പെടാവുന്നതും, ആണ്.

(2) ജഡ്ജിക്ക് ഹർജിമുഖേനയുള്ള അപേക്ഷയിൻമേലും, തനിക്ക് ബോദ്ധ്യമാകുംവിധം കാരണം കാണിക്കുന്നതിൻമേലും ജാമ്യം സംബന്ധിച്ചോ കിട്ടുന്ന പണം കോടതിയിൽ അടയ്ക്കുകയോ, മററുവിധത്തിൽ കൊടുക്കുകയോ ചെയ്യണമെന്ന് വ്യവസ്ഥചെയ്യുന്നതു സംബന്ധിച്ചോ തനിക്ക് ഉചിതമായി തോന്നുന്ന നിബന്ധനകളിൻമേലും, ആ ബാണ്ടോ ജാമ്യമോ ഏതെങ്കിലും തക്കആരംക്ക് തീറ് കൊടുക്കാവുന്നതും, അതോടെ അയാരംക്ക് അതിൻമേൽ, അത് ആദ്യമേ കോടതിയിലെ ജഡ്ജിക്ക് പകരം അയാരംക്കാണ് നല്കിയിട്ടുണ്ടായിരുന്നതെന്നപോലെ അയാളുടെ സ്വന്തം നാമത്തിൽ വ്യവഹാരം കൊടുക്കാനും അവകാശമുള്ള എല്ലാ ആളുകരംക്കും വേണ്ടിയുള്ള ട്രസ്ററി എന്ന നിലയിൽ, അതിൻപ്രകാരം വസൂലാക്കാവുന്ന തുക വസൂലാക്കാനും അവകാശമുണ്ടായിരിക്കുന്നതാണ്.

376. സർട്ടിഫിക്കററ് വ്യാപകമാക്കൽ.—(1) ജില്ലാ ജഡ്ജിക്ക്, ഈ ഭാഗത്തിൻകീഴിലെ ഒരു സർട്ടിഫിക്കററിന്റെ ധാരകന്റെ അപേക്ഷയിൻമേൽ, സർട്ടിഫിക്കററ്, അതിൽ ആദ്യമേ വിനിർദ്ദേശിച്ചിട്ടില്ലാത്ത ഏതെങ്കിലും കടത്തിനോ ഈടുപത്രത്തിനോ വ്യാപകമാക്കാവുന്നതും, അങ്ങനെയുള്ള ഏതൊരു വ്യാപനത്തിനും, ഏതു കടത്തിനോ ഈടുപത്രത്തിനോ ആണ് സർട്ടിഫിക്കററ് വ്യാപകമാക്കുന്നത്, ആ കടമോ ഈടുപത്രമോ ആദ്യമേ സർട്ടിഫിക്കററിൽ വിനിർദ്ദേശിച്ചിട്ടുണ്ടായിരുന്നാലെന്നപോലെയുള്ള അതേ പ്രഭാവം ഉണ്ടായിരിക്കുന്നതും ആണ്.

(2) ഒരു സർട്ടിഫിക്കററ് വ്യാപകമാക്കുന്നതിൻമേൽ, അതു ആദ്യമേ അനുദാനം ചെയ്യുന്നതിൻമേലുള്ള അതേ രീതിയിൽ, അത് ഏതു ഈടുപത്രത്തിനാണ് വ്യാപകമാക്കിയിട്ടുള്ളത്, ആ ഈടുപത്രത്തിൻമേലുള്ള പലിശയോ ലാഭവീതമോ വാങ്ങുന്നതോ ആ ഈടുപത്രം കൈമാറുന്നതോ കൈമാററം ചെയ്യുന്നതോ സംബന്ധിച്ച അധികാരങ്ങരം നല്കുകയും, 375-ാംവകുപ്പിൽ പറഞ്ഞ ആവശ്യങ്ങരംക്ക് വേണ്ടിയുള്ള ഒരു ബാണ്ടോ, കൂടുതൽ ബാണ്ടോ മററ് ജാമ്യമോ ആവശ്യപ്പെടുകയും ചെയ്യാവുന്നതാണ്.

377. സർട്ടിഫിക്കററിന്റേയും വ്യാപകമാക്കിയ സർട്ടിഫിക്കററിന്റേയും ഫാറങ്ങരം.—സർട്ടിഫിക്കററുകരം അനുദാനം ചെയ്യുന്നതും വ്യാപകമാക്കുന്നതും പരിതഃസ്ഥിതികരം അനുവദിക്കുന്നതിന്റെ അടുത്തുവരുന്നിടത്തോളം VIII-ാം പട്ടികയിൽ കൊടുത്ത ഫാറങ്ങളിൽ ആയിരിക്കേണ്ടതാണ്.

378. ഈടുപത്രങ്ങളെ സംബന്ധിക്കുന്ന അധികാരങ്ങൾ സംബന്ധിച്ച് സർട്ടിഫിക്കററ് ഭേദഗതി ചെയ്യുന്നത്.—ഒരു ജില്ലാജഡ്ജി, ഒരു സർട്ടിഫിക്കററിന്റെ ധാരകന്, അതിൽ വിനിർദ്ദേശിച്ചിട്ടുള്ള ഒരു ഈടുപത്രം സംബന്ധിച്ച ഏതെങ്കിലും അധികാരം നല്കിയിട്ടില്ലാതിരിക്കുകയോ, അല്ലെങ്കിൽ അയാളെ ഈടുപത്രത്തിൻമേലുള്ള പലിശയോ ലാഭവീതമോ വാങ്ങുകയോ ഈടുപത്രം കൈമാറുകയോ കൈമാററം ചെയ്യുകയോ ചെയ്യുന്നതിനുമാത്രം അധികാരപ്പെടുത്തിയിരിക്കുകയോ ചെയ്യുന്നിടത്ത്, ജഡ്ജിക്ക്, ഹർജി മുഖേനയുള്ള അപേക്ഷയിൻമേലും തനിക്ക് ബോദ്ധ്യമാകുംവിധം കാരണം കാണിക്കുന്നതിൻമേലും, 374-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള അധികാരങ്ങളിൽ ഏതെങ്കിലും നല്കിയോ, ആ അധികാരങ്ങളിൽ ഏതെങ്കിലും ഒന്നിന് പകരം മറെറതെങ്കിലും ഒന്ന് ചേർത്തോ സർട്ടിഫിക്കററ് ഭേദഗതി ചെയ്യാവുന്നതാണ്.

379. സർട്ടിഫിക്കററുകളിൻമേൽ കോർട്ട്ഫീസ് പിരിക്കുന്ന സമ്പ്രദായം —(1) സർട്ടിഫിക്കററിനോ സർട്ടിഫിക്കററിന്റെ വ്യാപനത്തിനോ ഉള്ള ഏതൊരു അപേക്ഷയോടും കൂടി അപേക്ഷിച്ചിട്ടുള്ള സർട്ടിഫിക്കററോ വ്യാപനമോ സംബന്ധിച്ച് കോർട്ട് ഫീസ് ആക്ററ്, 1870 (1870-ലെ 7)-ൻ കീഴിൽ കൊടുക്കേണ്ട ഫീസിന് സമമായ ഒരു തുക നിക്ഷേപിക്കേണ്ടതാകുന്നു.

(2) അപേക്ഷ അനുവദിക്കപ്പെടുന്നുവെങ്കിൽ, അപേക്ഷകൻ നിക്ഷേപിച്ചിട്ടുള്ള തുക മുൻപറഞ്ഞതുപോലെ കൊടുക്കേണ്ട ഫീസ് കുറിക്കാൻ ഉപയോഗിക്കേണ്ടതായ സ്ററാമ്പ് വാങ്ങുന്നതിന് ജഡ്ജിയുടെ നിദേശത്തിൻകീഴിൽ ചെലവാക്കേണ്ടതാകുന്നു.

(3) (1)-ാം ഉപവകുപ്പിൻ കീഴിൽ കിട്ടിയിട്ടുള്ളതും (2)-ാം ഉപവകുപ്പിൻ കീഴിൽ ചെലവാക്കിയിട്ടില്ലാത്തതും ആയ തുക, അത് നിക്ഷേപിച്ച ആളുകൾക്ക് മടക്കിക്കൊടുക്കേണ്ടതാകുന്നു

380. സർട്ടിഫിക്കററിന്റെ തദ്ദേശവ്യാപ്തി.— ഈ ഭാഗത്തിൻകീഴിലെ സർട്ടിഫിക്കററിന് ഇൻഡ്യയിൽ എല്ലായിടത്തും പ്രഭാവമുണ്ടായിരിക്കുന്നതാണ്.

ഈ വകുപ്പ് ബർമ്മയും ഏഡനും ഇൻഡ്യയിൽനിന്ന് വേർപെട്ടതിനുശേഷം ഇൻഡ്യയിൽ വേർപാടു തീയതിക്കുമുമ്പോ, അല്ലെങ്കിൽ ആ തീയതി നിലവിലുണ്ടായിരുന്ന നടപടികളിൽ ആ തീയതിക്കുശേഷമോ ബർമ്മയിലും ഏഡനിലും അനുദാനം ചെയ്ത സർട്ടിഫിക്കററുകൾക്ക് ബാധകമായിരിക്കുന്നതാണ്.

അത്, പാകിസ്ഥാൻ ഇൻഡ്യയിൽനിന്ന് വേർപെട്ടതിനുശേഷം, ഇൻഡ്യയിൽ വേർപാടുതീയതിക്കുമുമ്പോ, അല്ലെങ്കിൽ ആ തീയതി നിലവിലുണ്ടായിരുന്ന നടപടികളിൽ ആ തീയതിക്കുശേഷമോ ആ തീയതി പാകിസ്ഥാനായിരുന്ന രാജ്യക്ഷേത്രങ്ങളിൽ ഏതിലെങ്കിലും അനുദാനംചെയ്ത സർട്ടിഫിക്കററുകൾക്കുകൂടി ബാധകമായിരിക്കുന്നതാണ്.

381. സർട്ടിഫിക്കററിന്റെ പ്രഭാവം.— ഈ ഭാഗത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി, ജില്ലാ ജഡ്ജിയുടെ സർട്ടിഫിക്കററ്, അതിൽ വിനിർദ്ദേശിച്ചിട്ടുള്ള കടങ്ങളും ഈടുപത്രങ്ങളും സംബന്ധിച്ച്, അങ്ങനെയുള്ള കടങ്ങൾ തിരയെ കൊടുക്കേണ്ടവരോ ആ ഈടുപത്രത്തിൻമേൽ ബാദ്ധ്യസ്ഥരോ ആയ ആളുകൾക്ക് എതിരായി നിശ്ചായകമായിരിക്കുന്നതും, 370-ാം വകുപ്പിന്റെ ഏതെങ്കിലും ഉല്ലംഘനമോ മററ് ന്യൂനതയോ ഉണ്ടെന്നിരുന്നാലും, അങ്ങനെയുള്ള കടങ്ങളോ ഈടുപത്രങ്ങളോ സംബന്ധിച്ച് ഉത്തര

വിശ്വാസപൂർവ്വം സർട്ടിഫിക്കററ് അനുദാനം ചെയ്യപ്പെട്ട ആരംക്ക് കൊടുത്തിട്ടുള്ള എല്ലാ തുകകളും, അല്ലെങ്കിൽ അയാളുമായി ഉണ്ടായ എല്ലാ ഇടപാടുകളും സംബന്ധിച്ച്, അങ്ങനെയുള്ള എല്ലാ ആളുകൾക്കും പൂർണ്ണമായ നഷ്ടോത്തരവാദം നല്കുന്നതും ആകുന്നു.

382. വിദേശരാജ്യത്തിലെ ഇൻഡ്യൻ പ്രതിനിധിയാലും, മററു ചില സംഗതികളിലും അനുദാനം ചെയ്യുകയോ വ്യാപകമാക്കുകയോ ചെയ്യുന്ന സർട്ടിഫിക്കററിൻെറ പ്രഭാവം.— പരിതഃസ്ഥിതികൾ അനുവദിക്കുന്നതിന് അടുത്തുവരുന്നിടത്തോളം, VIII-ാം പട്ടികയിലെ ഫാറത്തിലുള്ള ഒരു സർട്ടിഫിക്കററ്—

(ക) ഒരു വിദേശരാജ്യത്തിലെ താമസക്കാരന് ആ രാജ്യത്തിലേക്ക് അംഗീകരിക്കപ്പെട്ട ഇൻഡ്യൻ പ്രതിനിധിയാൽ അനുദാനം ചെയ്യപ്പെട്ടിരിക്കുകയോ, അല്ലെങ്കിൽ

(ഖ) ഖ ഭാഗം സ്റേററുകൾ (നിയമങ്ങൾ) ആക്ററ്, 1951 (1951-ലെ 3)-ൻെറ പ്രാരംഭത്തിനുമുൻപ് ഏതെങ്കിലും ഖ ഭാഗം സ്റേററിലെ ഒരു താമസക്കാരന്, ആ സ്റേററിലെ ഒരു ജില്ലാ ജഡ്ജിയാൽ അനുദാനം ചെയ്യപ്പെട്ടിരിക്കുകയോ അല്ലെങ്കിൽ അദ്ദേഹത്താൽ അങ്ങനെയുള്ള ഫാറത്തിൽ വ്യാപകമാക്കപ്പെട്ടിരിക്കുകയോ, അല്ലെങ്കിൽ

(ഗ) ഖ ഭാഗം സ്റേററുകൾ (നിയമങ്ങൾ) ആക്ററ്, 1951-ൻെറ പ്രാരംഭത്തിനുശേഷം ജമ്മു—കാശ്മീർ സ്റേററിലെ ഒരു താമസക്കാരന് ആ സ്റേററിലെ ഒരു ജില്ലാ ജഡ്ജിയാൽ അനുദാനം ചെയ്യപ്പെട്ടിരിക്കുകയോ അല്ലെങ്കിൽ അദ്ദേഹത്താൽ അങ്ങനെയുള്ള ഫാറത്തിൽ വ്യാപകമാക്കപ്പെട്ടിരിക്കുകയോ;

ചെയ്യുന്നിടത്ത്, ഇൻഡ്യയിൽ ആ സർട്ടിഫിക്കററിന്, അതിന് ഈ ഭാഗത്തിൻകീഴിലെ സർട്ടിഫിക്കററുകൾ സംബന്ധിച്ച കോർട്ട് ഫീസ് ആക്ററ്, 1870 (1870-ലെ)-ലെ വ്യവസ്ഥകളനുസരിച്ച്, സ്ററാമ്പ് പതിച്ചിട്ടുള്ളപ്പോൾ, ആ സർട്ടിഫിക്കററ് ഈ ഭാഗത്തിൻകീഴിൽ അനുദാനം ചെയ്തതോ വ്യാപകമാക്കിയതോ ആയ ഒരു സർട്ടിഫിക്കററിനുള്ള അതേ പ്രഭാവമുണ്ടായിരിക്കുന്നതാണ്.

383. സർട്ടിഫിക്കററ് പിൻവലിക്കുന്നത്.— ഈ ഭാഗത്തിൻ കീഴിൽ അനുദാനം ചെയ്യപ്പെട്ട ഒരു സർട്ടിഫിക്കററ് താഴെ പറയുന്നവയിൽ ഏതെങ്കിലും കാരണത്താൽ പിൻവലിക്കാവുന്നതാണ്, അതായത്:—

(ക) സർട്ടിഫിക്കററ് ലഭിക്കാനുള്ള നടപടികൾ സാരാംശത്തിൽ ന്യൂനതയുള്ളവയായിരുന്നുവെന്നത്;

(ഖ) സർട്ടിഫിക്കററ് വ്യാജമായ സൂചന നല്കിയോ കേസ്സിന് സാരമായിട്ടുള്ള വല്ലതും കോടതിയിൽ നിന്ന് ഒളിച്ചുവച്ചോ വഞ്ചനാപൂർവ്വം നേടിയതായിരുന്നുവെന്നത്;

(ഗ) സർട്ടിഫിക്കററ്, അതിൻെറ അനുദാനം ന്യായീകരിക്കുവാൻ നിയമപ്രകാരം ആവശ്യമായ ഒരു വസ്തുത സത്യവിരുദ്ധമായി പറയുക വഴി, അങ്ങനെ പറഞ്ഞത് അറിവില്ലായ്മയാലോ അശ്രദ്ധയാലോ ആണെന്നിരിക്കിലും, ലഭിച്ചതായിരുന്നുവെന്നത്;

(ഘ) സർട്ടിഫിക്കററ് പരിതഃസ്ഥിതികളാൽ ഉപയോഗശൂന്യമോ പ്രവർത്തനരഹിതമോ ആയിത്തീർന്നിരിക്കുന്നുവെന്നത്;

(ങ) സർട്ടിഫിക്കററിൽ വിനിർദ്ദേശിച്ചിട്ടുള്ള കടങ്ങളോ ഈടുപത്രങ്ങളോ ഉൾക്കൊള്ളുന്ന മുതലുകൾ സംബന്ധിച്ച് ഒരു വ്യവഹാരത്തിലോ മററു നടപടിയിലോ ക്ഷമതയുള്ള ഒരു കോടതി പുറപ്പെടുവിച്ചിട്ടുള്ള ഒരു വിധിയോ ഉത്തരവോ സർട്ടിഫിക്കററ് പിൻവലിക്കേണ്ടതാണെന്നുള്ളത് ഉചിതമാക്കിത്തീർക്കുന്നുവെന്നത്.

384. അപ്പീൽ.-- (1) ഈ ഭാഗത്തിലെ മററു വ്യവസ്ഥകൾക്ക് വിധേയമായി, ഈ വിഭാഗത്തിൻകീഴിൽ ഒരു സർട്ടിഫിക്കററ് അനുദാനം ചെയ്യുന്നതോ നിരസിക്കുന്നതോ പിൻവലിക്കുന്നതോ ആയ ഒരു ജില്ലാ ജഡ്ജിയുടെ ഉത്തരവിൽ നിന്ന് ഹൈക്കോടതിയിലേക്ക് അപ്പീൽ ഉണ്ടായിരിക്കുന്നതും, ഹൈക്കോടതിക്ക്, യുക്തമെന്നു തോന്നുന്നുവെങ്കിൽ, അപ്പീലിന്മേലുള്ള അതിന്റെ ഉത്തരവുപ്രകാരം സർട്ടിഫിക്കററ് അനുദാനം ചെയ്യപ്പെടേണ്ട ആളെ പ്രഖ്യാപിക്കുകയും ജില്ലാ ജഡ്ജിയോട് അതനുസരിച്ച് സർട്ടിഫിക്കററ് അനുദാനം ചെയ്യാനുള്ള ഒരപേക്ഷയിൻ മേൽ അപ്രകാരമുള്ള സർട്ടിഫിക്കററ് ഏതെങ്കിലും സർട്ടിഫിക്കററ് മുമ്പേ അനുദാനം ചെയ്തിട്ടുണ്ടെങ്കിൽ, അതു ദുർബ്ബലപ്പെടുത്തിക്കൊണ്ട് അനുദാനം ചെയ്യാൻ നിദ്ദേശിക്കുകയും ചെയ്യാവുന്നതും ആണ്.

(2) (1)-ാം ഉപവകുപ്പിൻ കീഴിലെ അപ്പീൽ, സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5)-ൻ കീഴിൽ അപ്പീലിന് അനുവദിച്ചിട്ടുള്ള സമയത്തിനുള്ളിൽ കൊടുക്കേണ്ടതാകുന്നു.

(3) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥയ്ക്കും, ഹൈക്കോടതിയിലേക്കുള്ള റഫറൻസിനേയും ഹൈക്കോടതിയാലുള്ള റിവിഷനേയും കുറിച്ചും വിധിന്യായത്തിന്റെ റവ്യൂവിനേക്കുറിച്ചും ഉള്ള സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5) -ലെ വ്യവസ്ഥകൾ ആ നിയമസംഹിതയിലെ 141-ാം വകുപ്പിനാൽ ബാധകമാക്കപ്പെടുന്നതുപോലെയുള്ളതിനും വിധേയമായി, ഈ ഭാഗത്തിൻകീഴിലെ ജില്ലാ ജഡ്ജിയുടെ ഉത്തരവ് അന്തിമമായിരിക്കുന്നതാണ്.

385 സർട്ടിഫിക്കററിൻമേൽ, മുൻപേയുള്ള സർട്ടിഫിക്കററിനോ പ്രൊബേററിനോ, അഡ്മിനിസ്ട്രേഷൻ പത്രത്തിനോ ഉള്ള പ്രഭാവം.— ഈ ആക്ററിൽ വ്യവസ്ഥ ചെയ്തിട്ടുള്ള വിധമൊഴികെ, മരിച്ചുപോയ ആളുടെ മുതലുകളിൽ ഏതെങ്കിലും സംബന്ധിച്ച് അതിൻകീഴിൽ അനുദാനം ചെയ്തിട്ടുള്ള ഒരു സർട്ടിഫിക്കററ്, മരിച്ചുപോയ ആളുടെ എസ്റേററ് സംബന്ധിച്ച് അങ്ങനെയുള്ള സർട്ടിഫിക്കററിന്റേയോ പ്രൊബേററിന്റേയോ അഡ്മിനിസ്ട്രേഷൻ പത്രത്തിന്റേയോ മുൻപേയുള്ള ഒരു അനുദാനം ഉണ്ടായിരുന്നിരിക്കുകയും, അങ്ങനെയുള്ള മുൻ അനുദാനം പ്രാബല്യത്തിലിരിക്കുകയും ചെയ്യുന്നുവെങ്കിൽ, അസാധുവായിരിക്കുന്നതാണ്.

386. അസാധുവായ സർട്ടിഫിക്കററിന്റെ ധാരകന്, ഉത്തമ വിശ്വാസപൂർവ്വം ചില തുകകൾ നല്കുന്നതിനെ സാധൂകരിക്കുന്നത്.— ഈ ഭാഗത്തിൻ കീഴിലെ ഒരു സർട്ടിഫിക്കററ് ദുർബ്ബലപ്പെടുത്തിയിരിക്കുകയോ, അല്ലെങ്കിൽ അത് 383-ാം വകുപ്പിൻ കീഴിൽ സർട്ടിഫിക്കററ് പിൻവലിക്കപ്പെട്ടിരിക്കുന്നു എന്ന കാരണത്താലോ, 384-ാം വകുപ്പിൻകീഴിൽ ഒരു അപ്പീൽ ഉത്തരവിൽ പേർ പറഞ്ഞിട്ടുള്ള ഒരാൾക്ക് സർട്ടിഫിക്കററ് അനുദാനം ചെയ്തിരിക്കുന്നു എന്ന കാരണത്താലോ, മുമ്പേ ഒരു സർട്ടിഫിക്കററ് അനുദാനം ചെയ്തിട്ടുണ്ടെന്ന കാരണത്താലോ, മറേറതെങ്കിലും കാരണത്താലോ അസാധുവായിരിക്കുകയോ ചെയ്യുന്നിടത്ത്, ദുർബ്ബലപ്പെടുത്തിയതോ അസാധുവായതോ ആയ

സർട്ടിഫിക്കററിൽ വിനിർദ്ദേശിച്ചിട്ടുള്ള കടങ്ങളും ഈടുപത്രങ്ങളും സംബന്ധിച്ച്, അത് ദുർബ്ബലപ്പെടുത്തിയതോ അസാധുവായതോ അറിയാതെ, അതിൻെറ ധാരകന് കൊടുത്തിട്ടുള്ള എല്ലാ തുകകളും, അയാളുമായി ഉണ്ടായ എല്ലാ ഇടപാടുകളും മറേറതെങ്കിലും സർട്ടിഫിക്കററിൻകീഴിലെ അവകാശവാദങ്ങൾക്കെതിരായി സാധുവാണെന്നു വിധിക്കപ്പെടുന്നതാകുന്നു.

387. ഈ ഭാഗത്തിൻകീഴിലെ തീരുമാനങ്ങളുടെ പ്രഭാവവും, അതിൻകീഴിലെ സർട്ടിഫിക്കററിൻെറ ധാരകൻെറ ബാദ്ധ്യതയും.— ഏതെങ്കിലും കക്ഷികൾ തമ്മിലുള്ള, ഏതെങ്കിലും അവകാശപ്രശ്നത്തിൻ മേലുള്ള ഈ ഭാഗത്തിൻകീഴിലെ യാതൊരു തീരുമാനവും അതേ കക്ഷികൾ തമ്മിലുള്ള ഏതെങ്കിലും വ്യവഹാരത്തിലോ മറേറതെങ്കിലും നടപടിയിലോ, അതേ പ്രശ്നത്തിൻെറ വിചാരണയെ തടയുന്നതായി വിധിക്കപ്പെടുന്നതല്ലാത്തതും, ഈ ഭാഗത്തിലെ യാതൊന്നിനും ഏതെങ്കിലും, കടമോ ഈടുപത്രമോ മുഴുവനുമോ അതിൻെറ ഏതെങ്കിലും ഭാഗമോ അല്ലെങ്കിൽ ഏതെങ്കിലും ഈടുപത്രത്തിന്മേലുള്ള ഏതെങ്കിലും പലിശയോ ലാഭവീതമോ കിട്ടുന്ന ഏതെങ്കിലും ആൾക്ക് നിയമാനുസൃതമായി അതിന് അവകാശമുള്ള ആളോട് അതിൻെറ കണക്കുപറയുവാനുള്ള ബാദ്ധ്യതയെ ബാധിക്കുന്നതായി അർത്ഥം കല്പിക്കാൻ പാടില്ലാത്തതും ആകുന്നു.

388. ഈ ആക്ററിൻെറ ആവശ്യങ്ങൾക്ക് താഴ്ന്നകോടതികളിൽ ജില്ലാക്കോടതിയുടെ അധികാരിതയുടെ നിക്ഷേപണം.— (1) സ്റേററ് ഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, ജില്ലാ ജഡ്ജിയുടെ പദവിയിൽ താഴ്ന്നപദവിയുള്ള ഏതെങ്കിലും കോടതിയിൽ ഈ ഭാഗത്തിൻകീഴിൽ ജില്ലാ ജഡ്ജിയ്ക്കുള്ള ചുമതലകൾ നിർവഹിക്കുവാനുള്ള അധികാരം നിക്ഷേപിക്കാവുന്നതാണ്.

(2) അപ്രകാരം അധികാരം നിക്ഷേപിക്കപ്പെട്ട ഏതെങ്കിലും താഴ്ന്ന കോടതിക്ക്, അതിൻെറ അധികാരിതയുടെ തദ്ദേശാതിർത്തികൾക്കുള്ളിൽ ഈ ഭാഗം ജില്ലാ ജഡ്ജിക്ക് നല്കുന്ന എല്ലാ അധികാരങ്ങളുടേയും പ്രയോഗത്തിൽ, ജില്ലാ ജഡ്ജിയോടൊപ്പം സമവർത്തിയായ അധികാരിത ഉണ്ടായിരിക്കുന്നതും, ജില്ലാ ജഡ്ജിയെ സംബന്ധിച്ച ഈ ഭാഗത്തിലെ വ്യവസ്ഥകൾ, അങ്ങനെയുള്ള താഴ്ന്നകോടതിക്ക് അത് ജില്ലാ ജഡ്ജി ആയിരുന്നാലെന്നപോലെ, ബാധകമാകുന്നതും ആണ്:

എന്നാൽ, ഒരു താഴ്ന്ന കോടതിയുടെ 384-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ പറഞ്ഞതുപോലെയുള്ള ഏതെങ്കിലും ഉത്തരവിൽനിന്ന് ജില്ലാ ജഡ്ജിക്ക് അപ്പീൽ ഉണ്ടായിരിക്കുന്നതും, ഹൈക്കോടതിയിലേക്ക് ഉണ്ടായിരിക്കുന്നതല്ലാത്തതും, ജില്ലാ ജഡ്ജിക്ക് ഉചിതമെന്ന് തോന്നുന്നുവെങ്കിൽ അപ്പീലിൻമേലുള്ള തൻെറ ഉത്തരവിൽ, ഒരു ജില്ലാ ജഡ്ജിയുടെ ഉത്തരവിൽനിന്നുള്ള ഒരു അപ്പീലിൻമേൽ ആ ഉപവകുപ്പ് ഹൈക്കോടതിയെ അതിൻെറ ഉത്തരവുവഴി, ചെയ്യാനോ കൊടുക്കാനോ പ്രാധികാരപ്പെടുത്തുന്നതുപോലെയുള്ള ഏതെങ്കിലും പ്രഖ്യാപനമോ, നിദേശമോ ചെയ്യുകയോ കൊടുക്കുകയോ ചെയ്യാവുന്നതും ആണ്.

(3) ഒരു താഴ്ന്നകോടതിയുടെ, മുൻപൊടുവിലായി പറഞ്ഞ ഉപവകുപ്പിൻകീഴിലെ ഒരു ഉത്തരവിൽ നിന്നുള്ള അപ്പീലിൻ മേലുള്ള ജില്ലാജഡ്ജിയുടെ ഉത്തരവ്, ഹൈക്കോടതിയിലേക്കുള്ള റഫറൻസിനേയും ഹൈക്കോടതിയിലുള്ള റിവിഷനേയുംകുറിച്ച വിധിന്യായത്തിൻെറ റവ്യൂവിനെക്കുറിച്ചുമുള്ള സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ-5)ലെ വ്യവസ്ഥകൾ ആ

തയിലെ വ്യവസ്ഥകൾ 141-ാം വകുപ്പിനാൽ ബാധകമാക്കപ്പെടുന്നത് പോലെയുള്ളതിന് വിധേയമായി, അന്തിമമായിരിക്കുന്നതാണ്.

(4) ജില്ലാ ജഡ്ജിക്ക്, ഈ ഭാഗത്തിൻകീഴിലെ ഏതെങ്കിലും നടപടികൾ, ഒരു താഴ്ന്ന കോടതിയിൽനിന്ന് പിൻവലിക്കുകയും, അവ താൻ തന്നെ തീർപ്പാക്കുകയോ ജില്ലാജഡ്ജിയുടെ അധികാരിതയുടെ തദ്ദേശാതിർത്തിക്കുള്ളിൽ സ്ഥാപിച്ചിട്ടുള്ളതും ആ നടപടി തീർപ്പാക്കുവാൻ പ്രാധികാരമുള്ളതുമായ അങ്ങനെയുള്ള മററാരു കോടതിയിലേയ്ക്കു മാററുകയോ ചെയ്യുകയും ചെയ്യാവുന്നതാണ്.

(5) (1)-ാം ഉപവകുപ്പിൻകീഴിലെ വിജ്ഞാപനത്തിൽ, പ്രത്യേകമായി ഏതെങ്കിലും താഴ്ന്ന കോടതിയേയോ അല്ലെങ്കിൽ ഏതെങ്കിലും തദ്ദേശപ്രദേശത്തിലെ അങ്ങനെയുള്ള ഏതെങ്കിലും തരം കോടതികളേയോ വിനിർദ്ദേശിക്കാവുന്നതാണ്.

(6) ഏതെങ്കിലും അധിനിയമത്തിൻെറ ഏതെങ്കിലും ആവശ്യങ്ങൾക്ക് ജില്ലാ ജഡ്ജിയുടെ കീഴിലുള്ളതോ ജില്ലാ ജഡ്ജിയുടെ നിയന്ത്രണത്തിന് വിധേയമായതോ ആയ ഏതു സിവിൽ കോടതിയും ഈ വകുപ്പിൻെറ ആവശ്യങ്ങൾക്ക് ഒരു ജില്ലാ ജഡ്ജിയുടെ പദവിയിൽ താഴ്ന്ന കോടതിയായി കരുതപ്പെടുന്നതാകുന്നു.

389. <u>ദുർബലപ്പെടുത്തിയതും അസാധുവായതും ആയ സർട്ടിഫിക്കററുകൾ വിട്ടുകൊടുക്കുന്നത്.</u>—(1) ഈ ഭാഗത്തിൻ കീഴിലെ ഒരു സർട്ടിഫിക്കററ് 386-ാംവകുപ്പിൽ പറഞ്ഞ ഏതെങ്കിലും കാരണങ്ങളാൽ ദുർബലപ്പെടുത്തിയിരിക്കുകയോ അസാധുവായിരിക്കുകയോ ചെയ്യുമ്പോൾ, അതിൻെറ ധാരകൻ, അതു അനുദാനം ചെയ്ത കോടതി ആവശ്യപ്പെടുന്നതിൻമേൽ ആ കോടതിക്ക് അതു വിട്ടുകൊടുക്കേണ്ടതാകുന്നു.

(2) അയാൾ മന:പൂർവ്വമായും, ന്യായമായ കാരണം കൂടാതെയും അതു അപ്രകാരം വിട്ടു കൊടുക്കാതിരിക്കുന്നു എങ്കിൽ, ആയിരം രൂപയോളമാകാവുന്ന പിഴശിക്ഷയോ മൂന്നുമാസത്തോളമാകാവുന്ന കാലത്തേയ്ക്കുള്ള തടവുശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

390. <u>1827-ലെ VIII-ാം നമ്പർ ബാംബെ റെഗുലേഷൻ പ്രകാരമുള്ള സർട്ടിഫിക്കററുകൾ സംബന്ധിച്ച വ്യവസ്ഥകൾ.</u>—1827-ലെ VIII-ാം നമ്പർ ബോംബെ റെഗുലേഷനിൽ എന്തു തന്നെയിരുന്നാലും, ഈ ഭാഗത്തിൽ കീഴിലെ സർട്ടിഫിക്കററുകളും അവയ്ക്കുവേണ്ടിയുള്ള അപേക്ഷകളും സംബന്ധിച്ച്, 370-ാം വകുപ്പിലേയും, 372-ാം വകുപ്പ് (2)-ാം ഉപവകുപ്പിലേയും 372-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ച) ഖണ്ഡത്തിലേയും 374, 375, 376, 377 378, 379, 381, 383, 384, 387, 388, 389 എന്നീ വകുപ്പുകളിലേയും, എക്സിക്യൂട്ടർമാരും അഡ്മിനിസ്ട്രേററർമാരും ഇൻവെൻററികളും കണക്കുകളും പ്രദർശിപ്പിക്കുന്നതു സംബന്ധിച്ച് 317-ാം വകുപ്പിലേയും വ്യവസ്ഥകൾ, അവ ബാധകമാക്കാൻ കഴിയുന്നിടത്തോളം, യഥാക്രമം 1889 മേയ് 1-ാം ദിവസത്തിനുശേഷം ആ റഗുലേഷന് കീഴിൽ അനുദാനം ചെയ്തിട്ടുള്ള സർട്ടിഫിക്കററുകൾക്കും അതിൻകീഴിൽ സർട്ടിഫിക്കററുകൾക്കുവേണ്ടി കൊടുത്തിട്ടുള്ള അപേക്ഷകൾക്കും, അപ്രകാരം അനുദാനം ചെയ്യപ്പെട്ട സർട്ടിഫിക്കററുകളുടെ ധാരകൻമാർ ഇൻവെൻററിയും കണക്കുകളും പ്രദർശിപ്പിക്കുന്നതിനും, ബാധകമാകുന്നതാണ്.

## ഭാഗം XI

## പലവക

391. ഒഴിവാക്കൽ.—VIII-ാം ഭാഗത്തിലോ IX-ാം ഭാഗത്തിലോ X-ാം ഭാഗത്തിലോ ഉള്ള യാതൊന്നും—

(i) ഏതെങ്കിലും മരണശാസന പ്രകാരമുള്ള, മററു വിധത്തിൽ അസാധുവാകുമായിരുന്ന വിനിയോഗത്തെ സാധുവാക്കുകയോ ;

(ii) മററു വിധത്തിൽ സാധുവാകുമായിരുന്ന അങ്ങനെയുള്ള ഏതെങ്കിലും വിനിയോഗത്തെ അസാധുവാക്കുകയോ ;

(iii) ഏതെങ്കിലും സംരക്ഷണാവകാശത്തിന് മററു വിധത്തിൽ തനിക്ക് അവകാശമുണ്ടാകുമായിരുന്ന ഏതെങ്കിലും ആറക്ക് അത് ഇല്ലാതാക്കുകയോ;


(iv) അഡ്മിനിസ്ട്രേററർ ജനറൽ ആക്ററ്, 1913 (1913-ലെ 3) നെ ബാധിക്കുകയോ ചെയ്യുന്നതല്ല.

392. റദ്ദാക്കൽ 1927-ലെ റദ്ദാക്കൽ ആക്ററ്, [(1927-ലെ 12) 2-ാം വകുപ്പിനാലും പട്ടികയാലും റദ്ദാക്കപ്പെട്ടു.]

I-ാം പട്ടിക

(28-ാം വകുപ്പു നോക്കുക)

## രക്തബന്ധത്തിന്റെ പട്ടിക



## II-ാം പട്ടിക

### ഭാഗം I

(54-ാം വകുപ്പ് നോക്കുക)

(1) പിതാവും മാതാവും.

(2) സഹോദരൻമാരും സഹോദരിമാരും (പിതാക്കൾ വ്യത്യസ്തരായ സഹോദരൻമാരും സഹോദരിമാരും അല്ലാത്തവർ) അവരിൽ, മരണശാസനം കൂടാതെ മരിച്ച ആൾക്ക് മുൻപ് മരിച്ചുപോയവരുടെ അവരോഹണ പരമ്പരയിലെ സന്തതികളും.

(3) പിതാമഹനും പിതാമഹിയും.

(4) പിതാമഹൻെറ കുട്ടികളും അവരിൽ, മരണശാസനം കൂടാതെ മരിച്ച ആൾക്ക് മുൻപ് മരിച്ചുപോയവരുടെ അവരോഹണ പരമ്പരയിലെ സന്തതികളും.

(5) പിതാമഹൻെറ പിതാവും മാതാവും.

(6) പിതാമഹൻെറ പിതാവിൻെറ കുട്ടികളും, അവരിൽ, മരണശാസനം കൂടാതെ മരിച്ച ആൾക്ക് മുൻപ് മരിച്ചുപോയവരുടെ അവരോഹണ പരമ്പരയിലെ സന്തതികളും.

### ഭാഗം II

(55-ാം വകുപ്പു നോക്കുക)

(1) പിതാവും മാതാവും.

(2) സഹോദരൻമാരും സഹോദരിമാരും (പിതാക്കൾ വ്യത്യസ്തരായ സഹോദരൻമാരും സഹോദരിമാരും അല്ലാത്തവർ) അവരിൽ മരണശാസനം കൂടാതെ മരിച്ച ആൾക്ക് മുൻപ് മരിച്ചുപോയവരുടെ അവരോഹണ പരമ്പരയിലെ സന്തതികളും.

(3) പിതാമഹനും പിതാമഹിയും.

(4) പിതാമഹൻെറ കുട്ടികളും, അവരിൽ മരണശാസനം കൂടാതെ മരിച്ച ആൾക്ക് മുൻപ് മരിച്ചു പോയവരുടെ അവരോഹണ പരമ്പരയിലെ സന്തതികളും.

(5) പിതാമഹൻെറ പിതാവും മാതാവും.

(6) പിതാമഹൻെറ പിതാവിൻെറ കുട്ടികളും അവരിൽ മരണശാസനം കൂടാതെ മരിച്ച ആൾക്ക് മുൻപ് മരിച്ചു പോയവരുടെ അവരോഹണ പരമ്പരയിലെ സന്തതികളും.

(7) പിതാക്കൾ വ്യത്യസ്തരായ സഹോദരൻമാരും സഹോദരിമാരും, അവരിൽ മരണശാസനം കൂടാതെ മരിച്ച ആൾക്ക് മുൻപ് മരിച്ചു പോയവരുടെ അവരോഹണ പരമ്പരയിലെ സന്തതികളും.

(8) മാതാമഹനും മാതാമഹിയും.

(9) മാതാമഹൻെറ കുട്ടികളും, അവരിൽ മരണശാസനം കൂടാതെ മരിച്ച ആൾക്ക് മുൻപ് മരിച്ചുപോയവരുടെ അവരോഹണ പരമ്പരയിലെ കുട്ടികളും.

(10) സഹോദരൻമാരുടേയോ അർദ്ധസഹോദരൻമാരുടേയോ വിധവകൾ.

(11) പിതാമഹൻെറ പുത്രൻെറ വിധവ.

(12) മാതാമഹൻെറ പുത്രൻെറ വിധവ.

(13) മരണശാസനം കൂടാതെ മരിച്ച ആളുടെ, മരിച്ചുപോയ അവരോഹണ പരമ്പരയിലെ സന്തതികളുടെ വിഭാര്യൻമാരും മരണശാസനം കൂടാതെ മരിച്ച ആളുടെ മരണത്തിനു മുൻപ് പുനർവിവാഹം കഴിക്കാത്ത വരുമായവർ.

(14) മാതാമഹൻെറ പിതാവും മാതാവും.

(15) മാതാമഹൻെറ പിതാവിൻെറ കുട്ടികളും, അവരിൽ, മരണശാസനം കൂടാതെ മരിച്ച ആൾക്കു മുൻപ് മരിച്ചുപോയവരുടെ അവരോഹണ പരമ്പരയിലെ സന്തതികളും.

(16) പിതാമഹിയുടെ കുട്ടികളും അവരിൽ, മരണശാസനം കൂടാതെ മരിച്ച ആൾക്കു മുൻപ് മരിച്ചുപോയവരുടെ അവരോഹണ പരമ്പരയിലെ സന്തതികളും.

(17) പിതാമഹിയുടെ പിതാവും മാതാവും.

(18) പിതാമഹിയുടെ പിതാവിൻെറ കുട്ടികളും അവരിൽ, മരണശാസനം കൂടാതെ മരിച്ച ആൾക്കു മുൻപുമരിച്ചു പോയവരുടെ അവരോഹണ പരമ്പരയിലെ സന്തതികളും.

## III-ാം പട്ടിക

(57-ാം വകുപ്പ് നോക്കുക)

## 57-ാം വകുപ്പിൽ വിവരിക്കുന്ന ചില മരണശാസനങ്ങൾക്കും കോഡിസിലുകൾക്കും ബാധകമാകുന്ന, VI-ാം ഭാഗത്തിലെ വ്യവസ്ഥകൾ

59, 61, 62, 63, 64, 68, 70, 71, 73, 74, 75, 76, 77, 78, 79, 80, 81, 82, 83, 84, 85, 86, 87, 88, 89, 90, 95, 96, 98, 101, 102, 103, 104, 105, 106, 107, 108, 109, 110, 111, 112, 113, 114, 115, 116, 117, 119, 120, 121, 122, 123, 124, 125, 126, 127, 128, 129, 130, 131, 132, 133, 134, 135, 136, 137, 138, 139, 140, 141, 142, 143, 144, 145, 146, 147, 148, 149, 150, 151, 152 153, 154, 155, 156, 157, 158, 159, 160, 161, 162, 163, 164, 165, 166, 167, 168, 169, 170, 171, 172, 173, 174, 175, 176, 177, 178, 179, 180, 181, 182, 183, 184, 185, 186, 187, 188, 189, 190 എന്നീ വകുപ്പുകൾ.

മുൻ പറഞ്ഞ വകുപ്പുകൾ ബാധകമാകുന്നതിലുള്ള പരിമിതികളും രൂപഭേദങ്ങളും.

1. അവയിൽ അടങ്ങിയ യാതൊന്നും ഒരു മരണശാസന കർത്താവിനെ, ജീവിച്ചിരിപ്പുള്ളവർ തമ്മിലുള്ള അന്യാധീനപ്പെടുത്തൽവഴി തനിക്ക് അന്യാധീനപ്പെടുത്താൻ കഴിയാത്ത വസ്തു ഒസ്യത്തു ചെയ്യുവാനോ, ആ വകുപ്പുകൾ ബാധകമാകുന്നില്ലെങ്കിൽ, മരണശാസനത്താൽ തനിക്ക് ഏതെങ്കിലും ആൾക്ക് ഇല്ലാതാക്കുവാൻ കഴിയാത്ത ഏതെങ്കിലും സംരക്ഷണാവകാശം ഇല്ലാതാക്കുവാനോ പ്രാധികാരപ്പെടുത്തുന്നതല്ല.

2. അവയിൽ അടങ്ങിയ യാതൊന്നും ഏതെങ്കിലും ഹിന്ദുവിനേയോ, ബുദ്ധമതക്കാരനേയോ, സിക്കുകാരനേയോ, ജൈനനേയോ തനിക്ക് 1870 സെപ്ററംബർ 1-ാം ദിവസത്തിനുമുൻപ് സൃഷ്ടിക്കുവാൻ കഴിയുമായിരുന്നതല്ലാത്ത ഏതെങ്കിലും അവകാശം സൃഷ്ടിക്കുവാൻ പ്രാധികാരപ്പെടുത്തുന്നതല്ല.

3. അവയിൽ അടങ്ങിയ യാതൊന്നും ദത്തിനേയോ മരണശാസനം കൂടാതെയുള്ളതല്ലാത്ത പിൻതുടർച്ചയേയോ കുറിച്ചുള്ള ഏതെങ്കിലും നിയമത്തെ ബാധിക്കുന്നതല്ല.

4. 70-ാം വകുപ്പ് ബാധകമാക്കുന്നതിൽ, "വിവാഹത്താലോ" എന്ന വാക്ക് വിട്ടുകളയേണ്ടതാണ്.

5. താഴെ പറയുന്ന വകുപ്പുകളിൽ, അതായത്, എഴുപത്തഞ്ച്. എഴുപത്തിയാറ്, നൂററഞ്ച്, നൂററി ഒ.പത്, നൂററിപ്പതിനൊന്ന്, നൂററിപ്പന്ത്രണ്ട്, നൂററിപ്പതിമൂന്ന്, നൂററിപ്പതിനാല്, നൂററിപ്പതിനഞ്ച്, നൂററിപ്പതിനാറ്, എന്നിവയിൽ ഏതെങ്കിലും അങ്ങനെയുള്ള മരണശാസനങ്ങൾക്കും കോഡിസിലുകൾക്കും ബാധകമാക്കുന്നതിൽ, "പുത്രൻ", "പുത്രൻമാർ", "കുട്ടി", "കുട്ടികൾ", എന്നീ വാക്കുകളിൽ ദത്തെടുക്കപ്പെട്ട കുട്ടി ഉൾപ്പെടുന്നതായി കരുതപ്പെടുന്നതും; "പേരക്കുട്ടികൾ" എന്ന വാക്കിൽ ദത്തെടുക്കപ്പെട്ടതോ സ്വാഭാവികമായി ജനിച്ചതോ ആയ ഒരു കുട്ടിയുടെ, ദത്തെടുക്കപ്പെട്ടതോ സ്വാഭാവികമായി ജനിച്ചതോ ആയ കുട്ടികൾ ഉൾപ്പെടുന്നതായി കരുതപ്പെടുന്നതും, "പുത്രൻെറ ഭാര്യ" എന്ന പദത്തിൽ ദത്തെടുക്കപ്പെട്ട പുത്രൻെറ ഭാര്യ ഉൾപ്പെടുന്നതായി കരുതപ്പെടുന്നതും ആണ്.

## IV-ാം പട്ടിക

[274-ാം വകുപ്പിലെ (2)-ാം ഉപവകുപ്പ് നോക്കുക]

### സർട്ടിഫിക്കററിൻെറ ഫാറം

..............................ലെ ഹൈക്കോടതിയിലെ (അല്ലെങ്കിൽ അതതുസംഗതിപോലെ) രജിസ്ട്രാറായ (അല്ലെങ്കിൽ അതതുസംഗതിപോലെ) ക. ഖ; യായ ഞാൻ,..............................ലെ..... .. ....-ാം ദിവസം..... ..............ലെ ഹൈക്കോടതി (അല്ലെങ്കിൽ അതതുസംഗതിപോലെ) മരിച്ചുപോയ ഒടുവിൽ............ ...... ...... ത്തെ ആയിരുന്ന ഗ. ഘ; യുടെ മരണശാസനത്തിൻെറ പ്രൊബേററ് (അല്ലെങ്കിൽ എസ്റേററിൻെറ അഡ്മിനിസ്ട്രേഷൻ പത്രം)...... ത്തെ ങ. ച; യ്ക്കും ..........ത്തെ ഛ. ജ; യ്ക്കും അനുദാനം ചെയ്തു എന്നും അങ്ങനെയുള്ള പ്രൊബേററിന് (അല്ലെങ്കിൽ പത്രത്തിന്) മരിച്ചുപോയ ആളുടെ ഇൻഡ്യയിൽ എല്ലായിടത്തുമുള്ള എല്ലാ വസ്തുവിൻമേലും പ്രഭാവമുണ്ടായിരിക്കുന്നതാണെന്നും, ഇതിനാൽ സർട്ടിഫൈ ചെയ്യുന്നു.

## V-ാം പട്ടിക

[284-ാം വകുപ്പ് (4)-ാം ഉപവകുപ്പ് നോക്കുക]

### കാവിയററിൻെറ ഫാറം

..............................ലെ........................-ാം ദിവസം ......................ത്ത് വച്ച് മരിച്ചുപോയ ഒടുവിൽ......... ത്തെ ആയിരുന്ന ക. ഖ; യുടെ എസ്റേററിൻെറ വിഷയത്തിൽ, ............ത്തെ ഗ. ഘ; യ്ക്കു നോട്ടീസ് കൂടാതെ യാതൊന്നും ചെയ്യപ്പെടാതിരിക്കട്ടെ.

## VI-ാം പട്ടിക

(289-ാം വകുപ്പ് നോക്കുക)

### പ്രൊബേററിൻെറ ഫാറം

.................. ജില്ലയിലെ ജഡ്ജി [അല്ലെങ്കിൽ..............ൽ (ഡെലിഗേററിൻെറ അധികാരിതയുടെ അതിർത്തികൾ ഇവിടെ ചേർക്കുക) പ്രൊബേററോ അഡ്മിനിസ്ട്രേഷൻ പത്രമോ അനുദാനം ചെയ്യാൻ നിയമിക്കപ്പെട്ട ഡെലിഗേററ്] ആയ ഞാൻ .. ........ .. ... .. -ാം വർഷം .. ........-ാം ദിവസം ഇതോടൊപ്പം പകർപ്പ് അനുബന്ധിച്ചിട്ടുള്ള ഒടുവിൽ ...... .. ..... ത്തെയായിരുന്ന .. ൻെറ അവസാനത്തെ മരണശാസനം, എൻെറ മുൻപാകെ തെളിയിക്കുകയും രജിസ്ററർ ചെയ്യുകയും ചെയ്തു എന്നും, മുൻപറഞ്ഞ മരിച്ചുപോയ ആളുടേയും അയാളുടെ മരണശാസനവുമായി ഏതെങ്കിലും വിധത്തിൽ ബന്ധപ്പെട്ടതും ആയ വസ്തുവിൻേറയും കിട്ടാനുള്ള തുകകളുടേയും അഡ്മിനിസ്ട്രേഷൻ മുൻപറഞ്ഞ മരണശാസനത്തിൽ പേർപറഞ്ഞിട്ടുള്ള എക്സിക്യൂട്ടറായ.. .... ..ക്ക്, അയാൾ അത് അഡ്മിനിസ്ററർ ചെയ്യുകയും, മുൻപറഞ്ഞ വസ്തുവിൻേറയും കിട്ടാനുള്ള തുകകളുടേയും പൂർണ്ണമായതും സത്യമായതുമായ ഒരു ഇൻവെൻററി ഉണ്ടാക്കുകയും, അത് ഈ അനുദാനത്തിൻെറ തീയതി മുതൽ ആറു മാസത്തിനുള്ളിലോ, അല്ലെങ്കിൽ കോടതി, അതതുസമയം, നിശ്ചയിക്കുന്ന കൂടുതൽ സമയത്തിനുള്ളിലോ, ഈ കോടതിയിൽ പ്രദർശിപ്പിക്കുകയും, കൂടാതെ, അതേ തീയതി മുതൽ ഒരു വർഷത്തിനുള്ളിലോ അല്ലെങ്കിൽ കോടതി, അതതുസമയം നിശ്ചയിക്കുന്ന കൂടുതൽ സമയത്തിനുള്ളിലോ, മുൻപറഞ്ഞ വസ്തുവിൻേറയും കിട്ടാനുള്ള തുകകളുടേയും സത്യനിഷ്ഠമായ ഒരു കണക്ക് ഈ കോടതിക്ക് ബോധിപ്പിക്കുകയും, ചെയ്യാൻ ഏററിരിക്കുകയാൽ, അനുദാനം ചെയ്തുവെന്നും ഇതിനാൽ അറിയിക്കുന്നു.

## VII-ാം പട്ടിക

(290-ാം വകുപ്പ് നോക്കുക)

### അഡ്മിനിസ്ട്രേഷൻ പത്രത്തിൻെറ ഫാറം

................. ജില്ലയിലെ ജഡ്ജി [അല്ലെങ്കിൽ .............ൽ ഡെലിഗേററിൻെറ അധികാരിതയുടെ അതിർത്തികൾ ഇവിടെ ചേർക്കുക) പ്രൊബേററോ അഡ്മിനിസ്ട്രേഷൻ പത്രമോ അനുദാനം ചെയ്യാൻ നിയമിക്കപ്പെട്ട ഡെലിഗേററ്] ആയ ഞാൻ......... ..ത്തെ ആയിരുന്ന മരിച്ചുപോയ ..... .. .... ൻെറ വസ്തുവിൻേറയും കിട്ടാനുള്ള തുകകളുടേയും അഡ്മിനിസ്ട്രേഷൻ പത്രം (അതതുസംഗതിപോലെ മരണശാസനബദ്ധമോ അല്ലാത്തതോ ആയത്) മരിച്ചുപോയ ആളുടെ പിതാവ്യ (അല്ലെങ്കിൽ അതതുസംഗതിപോലെ) .... .. യ്ക്ക് അയാൾ അത് അഡ്മിനിസ്ററർ ചെയ്യുകയും മുൻപറഞ്ഞ വസ്തുവിൻേറയും കിട്ടാനുള്ള തുകകളുടേയും പൂർണ്ണമായതും സത്യമായതുമായ ഒരു ഇൻവെൻററി ഉണ്ടാക്കുകയും അതു ഈ അനുദാനത്തിൻെറ തീയതി മുതൽ ആറു മാസത്തിനുള്ളിലോ അല്ലെങ്കിൽ കോടതി, അതതുസമയം നിശ്ചയിക്കുന്ന കൂടുതൽ സമയത്തിനുള്ളിലോ ഈ കോടതിയിൽ പ്രദർശിപ്പിക്കുകയും കൂടാതെ അതേ തീയതി മുതൽ ഒരു വർഷത്തിനുള്ളിലോ അല്ലെങ്കിൽ കോടതി അതതുസമയം നിശ്ചയിക്കുന്ന കൂടുതൽ സമയത്തിനുള്ളിലോ മുൻപറഞ്ഞ വസ്തുവിൻേറയും കിട്ടാനുള്ള തുകകളുടേയും സത്യനിഷ്ഠമായ ഒരു കണക്ക് ഈ കോടതിക്ക് ബോധിപ്പിക്കുകയും ചെയ്യാൻ ഏററിരിക്കയാൽ, അനുദാനം ചെയ്തു എന്നും ഇതിനാൽ അറിയിക്കുന്നു.

## VIII-ാം പട്ടിക

(377-ാം വകുപ്പ് നോക്കുക)

## സർട്ടിഫിക്കററിൻേറയും വ്യാപകമാക്കുന്ന സർട്ടിഫിക്കററിൻേറയും ഫാറങ്ങൾ

....................കോടതിയിൽ

ക. ഖ യ്ക്ക്,

നിങ്ങൾ .......................മാസം....................ദിവസം.

താഴെ പറയുന്ന കടങ്ങളും ഈടുപത്രങ്ങളും, അതായത്;

കടങ്ങൾ

| ക്രമ നമ്പർ | അധമർണ്ണൻെറ പേര് | സർട്ടിഫിക്കററിന് അപേക്ഷിച്ച തീയതി പലിശയുംപ്പെടെ കടത്തിൻെറ തുക | കടത്തിന് ഈടു നല്ക്കിയ പ്രമാണം വല്ലതും ഉണ്ടെങ്കിൽ, അതിൻെറ വിവരണവും തീയതിയും. |
|---|---|---|---|
| | | | |

**ഈടുപത്രങ്ങൾ**

| ക്രമ നമ്പർ | വിവരണം | | | സർട്ടിഫിക്കററിന് അപേക്ഷിച്ച തീയതി ഈടു പത്രത്തിന്റെ കമ്പോള വില |
|---|---|---|---|---|
| | ഈടു പത്രത്തിന്റെ തിരിച്ചറിയാനുള്ള നമ്പരോ അക്ഷരമോ | ഈടു പത്രത്തിന്റെ പേരോ ശീർഷകമോ തരമോ | ഈടു പത്രത്തിന്റെ തുകയോ സമാന മൂല്യമോ | |
| | | | | |

എന്നിവ സംബന്ധിച്ച് ഇൻഡ്യൻ പിൻതുടർച്ച ആക്ററ്, 1925-ലെ ഭാഗം X-ന് കീഴിൽ ഒരു സർട്ടിഫിക്കററിന് അപേക്ഷിച്ചിരിക്കുകയാൽ, അതനുസരിച്ച് ഈ സർട്ടിഫിക്കററ് നിങ്ങൾക്ക് അനുദാനം ചെയ്യപ്പെടുകയും, ആ കടങ്ങൾ പിരിക്കുവാൻ [നും] [ആ ഈടുപത്രങ്ങളിൻമേലുള്ള] [പലിശ] [ലാഭവീതങ്ങൾ] [വാങ്ങുന്നതിനും] [ആ ഈടുപത്രങ്ങൾ] [കൈമാറുന്നതിനും] [കൈമാററം ചെയ്യുന്നതിനും] നിങ്ങളെ അധികാരപ്പെടുത്തുകയും ചെയ്യുന്നു.

..........................മാസം.........................തീയതി

ജില്ലാ ജഡ്ജി.

......................കോടതിയിൽ

എനിക്കുതന്ന......................മാസം........ ....-ാം തീയതിയിലെ ക. ഖ യുടെ അപേക്ഷയിൻമേൽ ഞാൻ ഈ സർട്ടിഫിക്കററ് താഴെപ്പറയുന്ന കടങ്ങൾക്കും ഈടുപത്രങ്ങൾക്കും,

അതായത്:—

കടങ്ങൾ

| ക്രമനമ്പർ | അധമർണ്ണന്റെ പേര് | വ്യാപനത്തിന് അപേക്ഷിച്ച തീയതി, പലിശയുംപ്പെടെ കടത്തിന്റെ തുക | കടത്തിന് ഈടു നല്കുന്ന പ്രമാണം വല്ലതും ഉണ്ടെങ്കിൽ അതിന്റെ വിവരണവും തീയതിയും |
|---|---|---|---|
| | | | |

ഈടുപത്രങ്ങൾ

| ക്രമനമ്പർ | വിവരണം | | | വ്യാപനത്തിന് അപേക്ഷിച്ച തീയതി ഈടുപത്രത്തിന്റെ കമ്പോളവില |
|---|---|---|---|---|
| | ഈടു പത്രത്തിന്റെ തിരിച്ചറിയാനുള്ള നമ്പരോ അക്ഷരമോ | ഈടു പത്രത്തിന്റെ പേരോ ശീർഷകമോ തരമോ | ഈടു പത്രത്തിന്റെ തുകയോ സമാനമൂല്യമോ | |
| | | | | |

എന്നിവയ്ക്ക് ഇതിനാൽ വ്യാപകമാക്കുന്നു.

ആ കടങ്ങൾ പിരിക്കുവാൻ [നും] [ആ ഈടുപത്രങ്ങളിൻമേലുള്ള] [പലിശ] [ലാഭവീതങ്ങൾ] [വാങ്ങുന്നതിനും] [ആ ഈടുപത്രങ്ങൾ] [കൈമ റുന്നതിനും] [കൈമാററം ചെയ്യുന്നതിനും] ഈ വ്യാപനം ക. ഖ [illegible] അധികാരപ്പെടുത്തുന്നു.

..........................മാസം..........................തീയതി

ജില്ലാ ജഡ്ജി.

പട്ടിക IX [റദ്ദാക്കപ്പെട്ട അധിനിയമങ്ങൾ] റദ്ദാക്കൽ ആക്ററ്, [illegible] (1927-ലെ 12) 2-ാം വകുപ്പിനാലും പട്ടികയാലും റദ്ദാക്കപ്പെട്ടു.